# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 13, വെള്ളി

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1412/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ.  പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം,  കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം ,സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യം- വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..73

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4747, 760, 3217 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം ..382

**III ശ്രദ്ധ ക്ഷണിക്കൽ**

തെരുവുനായ്ക്കളുടെ സംരക്ഷണം
-ശ്രീ. കോവൂർ കുഞ്ഞുമോൻ ..383

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

**IV സബ്മിഷൻ**

(1) പി. എസ്. സി. റാങ്ക് ലിസ്റ്റ്
- ശ്രീ. എച്ച്. സലാം ..387

(2) പാലം നിർമ്മാണം
- ശ്രീമതി സി. കെ. ആശ ..388

(3) ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മാണം
- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ..389

(4) കുടിവെള്ള പാക്കേജ്
- ശ്രീ. തോമസ് കെ. തോമസ് ..390

(5) കുടിവെള്ളം ലഭ്യമാക്കൽ
- ശ്രീ. പ്രമോദ് നാരായൺ ..390

പേജ്

(6) സാമുദായിക സംവരണം
- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ..391

(7) ട്രൈബൽ ആശുപത്രി
- ശ്രീ. സി. എച്ച്. കുഞ്ഞമ്പു ..392

(8) ഗ്ലോബൽ ആയുർവേദ വില്ലേജ്
- ശ്രീ. വി. ജോയി ..392

(9) ഖാദി മേഖലയിലെ ഉത്സവബത്തയും കുടിശ്ശിക വിതരണവും
- ശ്രീ. ടി. ഐ. മധുസൂദനൻ ..392

(10) ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി പ്രശ്നങ്ങൾ
- ശ്രീ. ജി. സ്റ്റീഫൻ ..393

(11) വിള ഇൻഷ്വറൻസ്
- ശ്രീ. സി. സി. മുകുന്ദൻ ..393

(12) തൊഴിൽ പ്രതിസന്ധി
-ശ്രീ. കെ. ജെ. മാക്സി ..394

(13) മത്സ്യകൃഷി മേഖലയിലെ പ്രശ്നങ്ങൾ
-ശ്രീ. എം. രാജഗോപാലൻ ..394

(14) തെയ്യം കലാ അക്കാഡമി
-ശ്രീ. എ. എൻ. ഷംസീർ ..396

(15) സേവന-വേതന വ്യവസ്ഥകൾ
-ശ്രീ. ഇ. ചന്ദ്രശേഖരൻ ..396

(16) ശമ്പളവും ആനുകൂല്യങ്ങളും
-ശ്രീ. എം. വിജിൻ ..397

(17) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലുൾപ്പെടുത്തൽ
-ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ..398

(18) മുല്ലശ്ശേരി - കാഞ്ഞാണി റോഡ് നിർമ്മാണം
- ശ്രീ. മുരളി പെരുനെല്ലി ..398

*പേജ്*

(19) റെയിൽവേ മേൽപ്പാല നിർമ്മാണം

- ശ്രീ. ജി. എസ്. ജയലാൽ ..399

(20) റോഡ് പുനരുദ്ധാരണം

- ശ്രീ. ആന്റണി ജോൺ ..399

(21) റോഡ് വികസനം

- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ..400

(22) ഡയബറ്റിക് സെന്ററിന്റെ പ്രവർത്തനം

- ശ്രീ. കടകംപള്ളി സുരേന്ദ്രൻ ..401

(23) സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

- ശ്രീ. എം. എസ്. അരുൺ കുമാർ ..402

(24) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനം

- ശ്രീ. കെ. ആൻസലൻ ..403

**V. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ..403

(ii) 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ..436

**VI. അവകാശലംഘന പ്രശ്നം** ..438

**VII. അറിയിപ്പ്**

അഡ്ഹോക് കമ്മിറ്റി രൂപീകരണം

-മി. സ്പീക്കർ ..439

**VIII. പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് ..440

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

**IX അവലോകനം** ..440

**അനുബന്ധം I,II &III** ..445

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 13, വെള്ളി*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 2021 ആഗസ്റ്റ് മാസം 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*481) ........ (ബഹളം)........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നലെ ഈ സഭയിൽ റൂൾ 50 പ്രകാരം കൊണ്ടുവന്ന അടിയന്തരപ്രമേയ നോട്ടീസ് ചർച്ച ചെയ്യാൻ അനുവദിച്ചില്ല. ഇവിടെ നിലനിന്നിരുന്ന എല്ലാ കീഴ്‌വഴക്കങ്ങളേയും ലംഘിച്ചു കൊണ്ടുള്ള ഒരു തീരുമാനമാണത്. സബ്ജുഡീസ് ആണെന്നുള്ള കാരണം പറഞ്ഞ് നിയമസഭയിലെ ചർച്ച നിഷേധിക്കുമ്പോൾ പരിശോധിക്കപ്പെടേണ്ട കാരണങ്ങളെക്കുറിച്ച് കൗൾ ആൻഡ് ശക്ധർ വളരെ കൃത്യമായി വിവരിക്കുന്നുണ്ട്. ഈ രീതിയിൽ പോയാൽ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ കോടതിയുടെ ജഡ്ജ്മെന്റ് വരുന്നതുവരെ കാത്തിരിക്കേണ്ടിവരും. കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിക്കെതിരെ ഗുരുതരമായൊരു ആരോപണമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആ വിഷയം ചർച്ച ചെയ്യാതെ നിയമസഭ സമ്മേളിക്കുന്നതിൽ ധാരാളം അനൗചിത്യങ്ങളുണ്ട്. ....(ബഹളം).... ആരോപണമെന്നാണ് ഞാൻ പറഞ്ഞത്. ആരോപണം ബഹുമാന്യനായ

മുഖ്യമന്ത്രിക്കെതിരായി ഉയർന്നിരിക്കുകയാണ്.... (ബഹളം).....

മി. സ്പീക്കർ: അത് ഇന്നലെ നമ്മൾ ഡിസ്പോസ് ചെയ്ത വിഷയമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ജനാധിപത്യ സംവിധാനത്തിൽ ഇത്തരം കാര്യങ്ങളിൽ ബഹുമാന്യനായ മുഖ്യമന്ത്രി തന്നെയാണ് യഥാർത്ഥത്തിൽ മറുപടി പറയേണ്ടത്. കാരണം ജനങ്ങൾക്കിടയിൽ വലിയ തോതിൽ ഉൽക്കണ്ഠയും ആശങ്കയുമാണ് നിലനിൽക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിക്കെതിരെ ഗുരുതരമായ ആരോപണമുയർന്നിട്ടും അദ്ദേഹം അതിന് മറുപടി പറയാൻ തയ്യാറാകാതെ മൗനം അവലംബിക്കുന്നത് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉൽക്കണ്ഠയുണ്ടാക്കിയിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി മൗനം ഭഞ്ജിച്ചുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ മറുപടി പറയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. .....(മൈക്ക് ഓഫ്)....അദ്ദേഹം അത് വ്യക്തമാക്കണം. .... (ബഹളം).....

മി. സ്പീക്കർ: ഇന്നലെ ഡിസ്പോസ് ചെയ്ത വിഷയമാണിത്. ദയവുചെയ്ത് ചോദ്യോത്തരവേള തടസ്സപ്പെടുത്തരുത്. വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

(ഡോളർ കടത്തുകേസ്സുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി മൗനം വെടിയണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബാനർ ഉയർത്തുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്ത് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**ട്രൈബൽ പ്ലസ് പദ്ധതി**

1 (*481) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിലെ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ട്രൈബൽ പ്ലസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യമിട്ടിരുന്ന പ്രകാരം തൊഴിൽ ദിനങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ജോലി ചെയ്യുന്ന ദിവസം തന്നെ വേതനം ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) ആദിവാസി മേഖലയിലെ ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് പ്രയോജനപ്രദമായ ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഉണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ നൽകുന്നതിനുപുറമെ 100 അധിക തൊഴിൽ ദിനങ്ങൾകൂടി നൽകുവാനായിട്ടാണ് സംസ്ഥാന സർക്കാർ 'കേരള ട്രൈബൽ പ്ലസ്' പദ്ധതി ആവിഷ്കരിച്ചത്. ഇതിലൂടെ കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനും അവരുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2018-19 വർഷം മുതൽ 2020-21 വരെ 50.44 കോടി രൂപ ചെലവഴിച്ച് 29252 കുടുംബങ്ങൾക്ക് 956,123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നുണ്ട്. 2021-22-ൽ മുൻ വർഷത്തെ കുടിശ്ശികയായ 14 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 2020 - 21 വർഷം ട്രൈബൽ പ്ലസ് പദ്ധതിപ്രകാരം 29,252 കുടുംബങ്ങൾക്ക് 9,56,123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2020-21-ൽ പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ നൽകിയതിൽ സംസ്ഥാനം ദേശീയ തലത്തിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ 90.47 ശതമാനമാണ്. ഇത് ദേശീയ തലത്തിൽ 58.99 ശതമാനമാണ്.

(സി) 'ട്രൈബൽ പ്ലസ്' പദ്ധതി നടപ്പിലാക്കുന്നത് സംസ്ഥാന സർക്കാരാണെങ്കിലും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ രീതിയാണ് ഇപ്പോൾ അവലംബിക്കുന്നത്. അതുപ്രകാരം തൊഴിലെടുത്ത് 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനാണ് തൊഴിലാളികൾക്ക് അർഹതയുള്ളത്. നിലവിലെ വ്യവസ്ഥയനുസരിച്ച് തൊഴിലെടുത്തുതുടങ്ങി ഒരാഴ്ചത്തെ മസ്റ്റർറോൾ ക്ലോസ് ചെയ്തതിനുശേഷം മാത്രമേ കൂലി നൽകുന്നതിനായി എം.ഐ.എസ്. (Management Information System)-ൽ എൻട്രി വരുത്താൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാർ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനം നൽകുന്ന രീതിയിൽത്തന്നെ

തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് വേതനം നൽകുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ വേതനം നൽകുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ കാർഡ് ലഭിച്ച എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഈ പദ്ധതിയാനുകൂല്യത്തിന് അർഹതയുണ്ട്. ഈ പദ്ധതി വിപുലീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. .........(ബഹളം)........

മി. സ്പീക്കർ: സഭയിൽ ബാനർ പ്രദർശിപ്പിക്കുന്നത് ചട്ടവിരുദ്ധമാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിലവസരം നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ട്. ഇക്കാര്യം പരിഗണിച്ചുകൊണ്ട് അവസരം നിഷേധിക്കപ്പെടുന്ന ദുർബ്ബല ജനവിഭാഗത്തിനുവേണ്ടി കൂടുതൽ തൊഴിലവസരം ഒരുക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സ്വകാര്യവൽക്കരണത്തോടെ പ്രധാനമായും റിസർവേഷൻ ആനുകൂല്യം കിട്ടുന്നവരുടെ അവസരം നഷ്ടപ്പെടുന്നുണ്ട്. ഇതെല്ലാം കണക്കാക്കിയാണ് സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വിഭാഗത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. സർക്കാരിന്റെ നിലപാട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ആദിവാസി ജനസമൂഹത്തിനു വേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഉൾപ്പെടെ നടപ്പിലാക്കിയ എൽ.ഡി.എഫ്. സർക്കാർ എല്ലാ ആദിവാസി കുടുംബങ്ങൾക്കും തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ സമഗ്ര പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിവിധ ഡിപ്പാർട്ടുമെന്റുകൾ ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ കൊടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അതോടൊപ്പം വരുന്ന അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ ആദിവാസി കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനമുണ്ടാവുന്ന ഒരു തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ദുർബ്ബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയിൽ ചർച്ചചെയ്യുവരുന്ന അവസരത്തിൽ പ്രതിപക്ഷം കാണിക്കുന്ന ഈ സമരാഭാസം നമുക്ക് ഒരു തരത്തിലും

അംഗീകരിക്കാൻ കഴിയില്ല. ആദിവാസി സമൂഹം നമ്മുടെ നാടിന്റെ കരുത്താണ്. അവരെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസം എന്നീ നിലകളിൽ മുഖ്യധാരയിലേയ്ക്കും ഉന്നതിയിലേയ്ക്കും എത്തിക്കേണ്ടതുണ്ട്. അങ്ങ് മന്ത്രിയായിരിക്കുന്ന അവസരത്തിൽ 21 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട് അവരുടെ വിദ്യാഭ്യാസ ഉന്നതിക്കുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ചത് വിപ്ലവകരമായ പ്രവർത്തനമായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അവരുടെ വിദ്യാഭ്യാസകാര്യത്തിലടക്കം പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസപരമായും സാമൂഹ്യമായും അവരെ മുഖ്യധാരയിലേയ്ക്കും ഉന്നതിയിലേയ്ക്കും കൊണ്ടുവരുന്നതിന് പ്രത്യേക പരിപാടികൾ ഗവൺമെന്റ് ആവിഷ്കരിക്കുമോ; അങ്ങ് അതിന് മുൻകയ്യെടുക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, തീർച്ചയായും. ധനാഭ്യർത്ഥന ചർച്ച ചെയ്ത ദിവസംതന്നെ അതുസംബന്ധിച്ച് ഞാൻ പറഞ്ഞതാണ്. നമ്മുടെ സമൂഹത്തിലെ ഏറ്റവും ദുർബ്ബലർ എന്ന് വിശേഷിക്കപ്പെടുന്ന ആദിവാസി വിഭാഗത്തിനുവേണ്ടി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ആ പദ്ധതികളുടെ പ്രയോജനം ആദിവാസി സമൂഹത്തിന് വേണ്ടത്ര ലഭിക്കാത്തതുകൊണ്ടാണ് അഞ്ച് ലക്ഷത്തോളം വരുന്ന സഹോദരങ്ങൾക്ക് സമൂഹത്തിൽ ഉയർന്നുവരാൻ കഴിയാത്തത്. അവരെ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉന്നതിയിലെത്തിക്കാൻ ഒട്ടേറെ നല്ല പദ്ധതികൾ ഇടതുപക്ഷ സർക്കാർ കഴിഞ്ഞ അഞ്ച് വർഷക്കാലം നടപ്പിലാക്കിയിട്ടുണ്ട്. അവയെല്ലാം മുന്നോട്ടുകൊണ്ടു പോകുന്നതോടൊപ്പം തന്നെ പുതിയവകൂടി ആവിഷ്കരിച്ചുകൊണ്ട് ഈ സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ആദിവാസി വിഭാഗത്തിന്റെ എല്ലാ മേഖലകളിലുമുള്ള വളർച്ചയ്ക്കുവേണ്ടി ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്നാണ് അറിയിക്കാനുള്ളത്.

(ശ്രീ. വാഴൂർ സോമൻ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഉറപ്പുവരുത്തിയിട്ടുള്ള 100 തൊഴിൽ ദിനങ്ങൾക്കുപുറമെ 100 അധിക തൊഴിൽ ദിനങ്ങൾകൂടി നൽകുന്ന ഒരു പദ്ധതിയാണ് കേരള ട്രൈബൽ പ്ലസ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വേതനംപോലും കേന്ദ്ര സർക്കാരിൽനിന്നും കൃത്യസമയത്ത് ലഭിക്കാറില്ല. ഇത്തരം സാഹചര്യത്തിലാണ് കേന്ദ്ര സർക്കാരിന്റെ ഫണ്ട് കാത്തിരിക്കാതെ പട്ടികവർഗ്ഗക്കാർക്ക് മുൻകൂറായി കേരള സർക്കാർ പണം നൽകാൻ തീരുമാനിച്ചത്. ഈ പദ്ധതിയുടെ പുരോഗതിയെപ്പറ്റി വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര സർക്കാരാണ് നടപ്പിലാക്കുന്നത്. പലപ്പോഴും അതിന്റെ തുകപോലും കൃത്യസമയത്ത് ലഭിക്കാറില്ല. ആ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് 100 ദിവസംകൂടി കേരളത്തിലെ ആദിവാസികൾക്ക് അധികം ജോലി കിട്ടുന്നതിനുവേണ്ടി ട്രൈബൽ പ്ലസ് പദ്ധതി നടപ്പിലാക്കുന്നത്. ഏകദേശം 28.11 കോടി രൂപയാണ് കഴിഞ്ഞ വർഷം അതിനായി മാറ്റിവച്ചത്. അതിൽ 14 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് സമാനമായിട്ടുമാത്രമേ ട്രൈബൽ പ്ലസ് പദ്ധതിയും നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അല്ലാതെ അഡ്വാൻസായി പണം കൊടുക്കാൻ കഴിയുന്ന സ്ഥിതി ഇപ്പോഴില്ല.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഞാൻ നിയമസഭയിൽ പുതിയതായി വന്ന അംഗമാണ്. രണ്ട് സെഷനിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേളയിൽ പ്രധാന പ്രതിപക്ഷമായ യു.ഡി.എഫ്. സ്വീകരിക്കുന്ന നിലപാട് ഏറെ അപഹാസ്യമാണെന്ന് ആമുഖമായി സൂചിപ്പിക്കുകയാണ്. സംസ്ഥാനത്തെ പാവപ്പെട്ട ഏകദേശം 35 ലക്ഷത്തിലധികം പട്ടികജാതിക്കാരുടെയും രണ്ടരലക്ഷത്തിലധികം പട്ടികവർഗ്ഗക്കാരുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ അതിനെതിരെ മുഖം തിരിഞ്ഞുനിൽക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ട്രൈബൽ പ്ലസ് പദ്ധതിയുമായി ബന്ധപ്പെട്ട് ട്രൈബൽ മേഖലയിലെ സാധാരണ ജനങ്ങളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനായി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടി ഏറെ ശ്ലാഘനീയമാണ്. എന്നാൽ പുതുതായി കേന്ദ്ര ഗവൺമെന്റ് എം.ജി.എൻ.ആർ.ഇ.ജി.എസ്. (Mahatma Gandhi National Rural Employment Guarantee Scheme)-മായി ബന്ധപ്പെട്ട് അവർക്ക് നൽകേണ്ട വേതനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. എന്നാൽ ട്രൈബൽ മേഖലയിൽ കുടിശ്ശിക വരുത്തിയതുമായി ബന്ധപ്പെട്ട് എത്ര തുകയാണ് ലഭിക്കാനുള്ളത് ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി പൂർണ്ണമായി തുക അനുവദിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ആ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ആദിവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവുമുണ്ടാകണമെന്ന കാഴ്ചപ്പാടോടെയാണ് 100 ദിവസംകൂടി അധികമായി തൊഴിൽ നൽകാൻവേണ്ടി ഈ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. M.G.N.R.E.G.S. നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നത്. അല്ലാതെ ഇതൊരു പ്രത്യേക പദ്ധതിയായി നടപ്പിലാക്കുകയല്ല. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നടപ്പിലാക്കുമ്പോൾ നൂറ് ദിവസമാണ് മാക്സിമം തൊഴിൽ നൽകുന്നത്. എന്നാൽ ആദിവാസി ജനവിഭാഗത്തിന് കൂടുതൽ തൊഴിൽ ലഭിക്കാനാണ് നൂറ് ദിവസം അധികമായി കൊടുക്കുന്നത്. അതിൽ കുടിശ്ശിക തുക കൊടുത്തുതീർക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ഈ വർഷം 14 കോടി രൂപ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കുടിശ്ശികകൂടി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലാളികൾക്ക് പലപ്പോഴും കൃത്യമായ വേതനം ലഭിക്കുന്നില്ലെന്നത് വസ്തുതയാണ്. അതുകൊണ്ട് ഇവർക്ക് വേതനം ബാങ്കുകൾവഴി നൽകി മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ അസംഘടിതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നില്ലെന്ന പരാതി അധികമായി ഉയർന്നുവരുന്നില്ല. ഇവിടെ തൊഴിലവകാശം എന്താണെന്നറിയുന്ന തൊഴിലാളികളാണ് ഭൂരിപക്ഷവും. ഏതെങ്കിലും സ്ഥലങ്ങളിൽ വേതനം നൽകാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടാൽ ഗവൺമെന്റ് ഇടപെടുന്നതാണ്. വേതനം ബാങ്കിംഗിലൂടെ നടപ്പിലാക്കുകയെന്നത് ഇപ്പോൾ സാധ്യമായ കാര്യമല്ല; പിന്നീട് പരിശോധിക്കുന്നതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സർക്കാർ ഏറ്റെടുത്തിരിക്കുകയാണ്. അതിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികവർഗ്ഗ കോളനികൾ ഓരോന്നും വികസിപ്പിക്കാനായി ഗവൺമെന്റ് പദ്ധതികളേറ്റെടുത്തിട്ടുണ്ടെങ്കിലും അവ പൂർത്തീകരിച്ചിട്ടില്ല. അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്. സമയബന്ധിതമായി ജോലി പൂർത്തീകരിക്കണമെന്നാണ് കരുതുന്നതെങ്കിലും പല ഏജൻസികളും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് തടസ്സം നിൽക്കുകയാണ്. അടുത്ത ദിവസംതന്നെ ഏജൻസികളുടെ യോഗം വിളിച്ചുകൂട്ടുന്നതാണ്. അതിൽ തടസ്സം നിൽക്കുന്ന ഏജൻസികളെ ഒഴിവാക്കി പകരം നല്ല ഏജൻസികളെ ചുമതലപ്പെടുത്തി ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ത്രിതല പഞ്ചായത്തുകൾക്ക് ടി.എസ്.പി. (Tribal Sub-Plan) ഫണ്ട് പൂർണ്ണമായി ചെലവഴിക്കാതെ ലാപ്സായി പോകുന്ന സ്ഥിതിയുണ്ട്. അതുകൂടിയുൾപ്പെടുത്തി ഈ പദ്ധതിവഴി 50 ദിവസംകൂടി അധികം തൊഴിൽ നൽകാനുള്ള സംവിധാനമുണ്ടായാൽ ട്രൈബൽ മേഖലയിലെ സാധാരണക്കാരുടെ വരുമാനം കുറച്ചുകൂടി വർദ്ധിപ്പിക്കാൻ സാധിക്കും. അതിന് സാദ്ധ്യതയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡായി കൊടുത്ത തുകയിൽനിന്ന് തൊഴിലുറപ്പ് പദ്ധതിക്ക് അധികമായി കൊടുക്കേണ്ട തുക സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഇപ്പോൾ ഇക്കാര്യത്തിൽ സർക്കാർ ഇടപെടേണ്ട കാര്യമില്ല; അത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വതന്ത്രമായി നിശ്ചയിക്കാൻ കഴിയുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പതിനഞ്ചാം കേരള നിയമസഭാ സമ്മേളനം ആരംഭിച്ച നാൾമുതൽ പട്ടികജാതി/പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള അടിസ്ഥാന ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ട ഒരു ചോദ്യംപോലും ഉന്നയിക്കാൻ പ്രതിപക്ഷം അനുവദിക്കാത്ത സാഹചര്യമാണ് കണ്ടുവരുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പട്ടികജാതി വിഭാഗത്തിനുവേണ്ട 16 നിയോജകമണ്ഡലങ്ങളിൽ രണ്ടെണ്ണമൊഴികെ മറ്റെല്ലാം ഇടതുപക്ഷത്തിന് അനുകൂലമായാണ് വിധിയെഴുതിയത്. കേരളത്തിലെ ദുർബ്ബല - അടിസ്ഥാന വിഭാഗങ്ങൾ എൽ.ഡി.എഫ്.-നൊപ്പം അണിചേരുന്നതിലുള്ള ആക്രോശമാണ് കഴിഞ്ഞ ദിവസങ്ങളിലും ഇന്നും നാം കണ്ടുകൊണ്ടിരിക്കുന്നത്. പ്രസ്തുത വിഭാഗങ്ങൾക്കെതിരെ പരസ്യമായ വെല്ലുവിളിയാണ് പ്രതിപക്ഷം ഉയർത്തിക്കൊണ്ടിരിക്കുന്നത്. ഇത് നിയമസഭയിൽ അനുവദിക്കാൻ പാടില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

പട്ടികവർഗ്ഗ വിഭാഗത്തിന് വനാവകാശ നിയമപ്രകാരം അനുവദിക്കുന്ന ഭൂമി പലപ്പോഴും വനത്തിൽ നിന്നും വളരെ അകലെയുള്ള നാട്ടിൻപുറങ്ങളിലെ വനഭൂമിയാണ്. ആവാസവ്യവസ്ഥയുമായി ഒരുതരത്തിലും പൊരുത്തപ്പെടാൻ കഴിയാത്തൊരു അന്തരീക്ഷമാണ് അത്തരം ഭൂമി അനുവദിക്കുന്നതിലൂടെ അവർക്കുണ്ടാകുന്നത്. അതുകൊണ്ട് വനാവകാശ നിയമപ്രകാരം ഭൂമി അനുവദിക്കുന്നത് കേവലം വനം വകുപ്പിന്റെ ഭൂമിയെന്ന അടിസ്ഥാനത്തിലല്ലാതെ അവരുടെ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായത് അനുവദിക്കുന്നതിനുള്ള പരിശ്രമം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ നിന്നുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈയടുത്തദിവസം ബഹുമാന്യരായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഞാനും യോഗം ചേരുകയും ആദിവാസികൾക്കും പാവപ്പെട്ടവർക്കും അനുവദിക്കുന്ന ഭൂമി കൃഷിയോഗ്യവും വാസയോഗ്യവുമായിരിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളിൽ അനുവദിച്ചിരുന്ന ചില ഭൂമി ആവാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്തതാണെന്ന് മനസ്സിലാക്കിയിരുന്നു. അതിനാൽ ഇനി അനുവദിക്കുന്ന ഭൂമി കൃഷിയോഗ്യവും ആവാസയോഗ്യവുമാണെന്ന് തെളിയിച്ചതിനു ശേഷം മാത്രമേ നൽകുകയുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വിഷയങ്ങൾ ചർച്ചചെയ്യുന്ന സന്ദർഭത്തിൽ പ്രതിപക്ഷം എന്തെല്ലാം പ്രശ്നങ്ങളുണ്ടാക്കിയാലും അവരുടെ മുന്നേറ്റത്തിനുവേണ്ടി ഈ ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നതെല്ലാം ചെയ്യുമെന്നുതന്നെയാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഒരു ജീവി തന്റെ ആശ മുഴുവൻ കരഞ്ഞു തീർക്കുമെന്നൊരു ചൊല്ലുണ്ട്. സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളടക്കമുള്ള സമസ്ത ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങൾ പരിരക്ഷിച്ച് മുന്നോട്ടുപോകുന്ന ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഈ ഗവൺമെന്റിന്റെ മുഖ്യമന്ത്രിപദം സ്വപ്നം കാണാൻപോലും കഴിയില്ലെന്നു കണ്ട് അത് സഭയ്ക്ക് പുറത്തുനടത്തി ആശതീർത്ത പ്രതിപക്ഷമാണ് പട്ടികജാതി വിഭാഗങ്ങളുടെ പ്രശ്നപരിഹാരത്തിന്റെ ചോദ്യമുന്നയിക്കുമ്പോൾ ഈ വിധത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നതെന്നുള്ളത് നിരാശാജനകമാണ്. മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ സമഗ്രവികസനം ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ പദ്ധതി പട്ടികഗോത്ര ഊരുകളിൽ പൂർണ്ണമായി നടപ്പാക്കാനും ഈ പദ്ധതി അടിസ്ഥാന വികസനത്തിനുപുറമെ ജീവനോപാധി പ്രവർത്തനങ്ങൾക്കുകൂടി സഹായകരമായ വിധത്തിൽ നടപ്പാക്കാനും കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളിലുണ്ടായ വീഴ്ചകളെപ്പറ്റി നേരത്തെ വ്യക്തമാക്കിയതാണ്. അവ പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് വിവിധ ഇടപെടലുകളാണ് നടത്തുന്നത്. മറ്റ് ചോദ്യങ്ങളുമായി ബന്ധപ്പെട്ട് ഇക്കാര്യം ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. സാദ്ധ്യമായ കാര്യങ്ങളെല്ലാം നിർവ്വഹിക്കാൻ ഇനിയും ശ്രമിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത്രയും ഗുരുതരമായ ഒരു ആരോപണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവരെയും മറുപടി പറയാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ടും ഇവിടെ ഉന്നയിച്ച ഗൗരവമായ വിഷയം സഭയിൽ ചർച്ച ചെയ്യാൻ അനുവദിക്കാത്തതുകൊണ്ടും ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ഡോളർ കടത്ത് കേസുമായി ബന്ധപ്പെട്ട് 12-8-2021-ന് നൽകിയ ചട്ടം 50 പ്രകാരമുള്ള നോട്ടീസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ച് .)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പെട്ടെന്നുണ്ടായ പ്രകോപനത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചതാണെന്ന് കരുതരുത്. സഭ ബഹിഷ്കരിക്കാൻ അവർ നേരത്തെ തീരുമാനിച്ചിരുന്നതാണ്. അതുകൊണ്ടുതന്നെ പ്രതിപക്ഷാംഗങ്ങൾ ഒരു സബ്മിഷൻപോലും ഉന്നയിച്ചിട്ടുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാത്തതിൽ പ്രകോപിതരായല്ല അവർ സഭ ബഹിഷ്കരിച്ചത്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇനി മുഖ്യമന്ത്രിയോ, സ്പീക്കറോ ആകാൻ കഴിയില്ലെന്ന ധാരണയുടെ അടിസ്ഥാനത്തിലായിരിക്കാം ഇന്നലെ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ നിയമസഭയ്ക്കുപുറത്ത് മുഖ്യമന്ത്രിയെയും സ്പീക്കറെയും തെരഞ്ഞെടുത്തതെന്നാണ് അറിയാൻ കഴിഞ്ഞത്. അപ്പോൾ അവർക്കത് ബോദ്ധ്യമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഡൽഹിയിൽ മീറ്റിംഗിൽ പങ്കെടുക്കേണ്ടതുണ്ടെന്നാണ് പത്രങ്ങളിൽ നിന്നും മനസ്സിലാകുന്നത്. അതായിരിക്കാം പ്രതിപക്ഷം സഭ ബഹിഷ്കരിക്കാനുള്ള കാരണം. സഭാ നടപടികളുമായി യോജിക്കുന്നതിനപ്പുറം ഇത്തരം സങ്കീർണ്ണ താൽപ്പര്യങ്ങളാണ് അവർക്കുള്ളതെന്നാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. വനവാസികളെന്ന നിലയിൽ ആദിവാസികളെ കണ്ടുകൊണ്ടുള്ള ഒരു പ്രവർത്തനശൈലിയാണ് സ്വീകരിക്കുന്നത്. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരാത്തിടത്തോളംകാലം മനുഷ്യസമൂഹത്തിൽ വരുന്ന മാറ്റത്തിന്റെ ഭാഗമായി ലോകത്ത് നടക്കുന്ന സാമൂഹ്യമാറ്റത്തിലേയ്ക്ക് നമുക്കവരെ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കില്ല. അതിനനുയോജ്യമായ ഒരു പ്രവർത്തന സമീപനം പട്ടികവർഗ്ഗ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാൻ സ്വീകരിക്കുമോ? കാരണം ആ വകുപ്പിന്റെ ഉദ്യോഗസ്ഥരെ മാത്രമല്ല സാമൂഹ്യ-സാംസ്കാരിക മേഖലകളെയെല്ലാം ഉയർത്തിക്കൊണ്ടുവരാനുള്ള ഒരു പ്രത്യേക പദ്ധതിയാവിഷ്കരിച്ച് അവരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനമാണ് യഥാർത്ഥത്തിൽ വേണ്ടത്. അതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇത് പ്രധാനപ്പെട്ടൊരു ചോദ്യമാണ്. നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ നേട്ടങ്ങളും കോട്ടങ്ങളും പരിശോധിച്ചുകൊണ്ട് തുടർന്ന് നമ്മൾ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ആ വിഭാഗത്തിന്റെ എല്ലാ അർത്ഥത്തിലുമുള്ള വികാസം സാദ്ധ്യമാക്കണം. അതിനായി ഇപ്പോൾ നടത്തുന്ന പ്ലാനിംഗിൽ ചെറിയ

മാറ്റം വരുത്തുമെന്ന് ധനാഭ്യർത്ഥന ചർച്ചയിൽ പറഞ്ഞിട്ടുണ്ട്. ഒരു മൈക്രോ ലെവൽ പ്ലാനിംഗ് നടപ്പിലാക്കി, ഓരോ കുടുംബത്തിനും വ്യക്തിക്കും ആവശ്യമായിട്ടുള്ളവയെന്താണെന്ന് മനസ്സിലാക്കി അതിനനുസരിച്ചുള്ള പദ്ധതികൾ ഭാവിയിൽ നടപ്പിലാക്കാൻ വേണ്ടിയാണ് വകുപ്പ് ശ്രമിക്കുന്നത്. തീർച്ചയായും അക്കാര്യത്തിൽ എല്ലാവരുടെയും സഹായവും സഹകരണവും പിന്തുണയുമുണ്ടാകണം. ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താൽപ്പര്യമുള്ള ഓരോ പ്രദേശത്തെയും സന്നദ്ധ-പുരോഗമന-സാംസ്കാരിക സംഘടനകളെ കോർത്തിണക്കി ത്രിതല പഞ്ചായത്തുകളുടെയും അതുപോലെ മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും സഹകരണത്തോടുകൂടി ഇവരുടെ വികസനം സാദ്ധ്യമാക്കാൻവേണ്ട പദ്ധതിക്കാണ് ഗവൺമെന്റ് രൂപം നൽകാൻ ശ്രമിക്കുന്നത്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഗോത്ര മേഖലയിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലും മദ്യവും മയക്കമരുന്നും സ്വാധീനിക്കുന്ന ഒരു വർത്തമാനകാല സാഹചര്യമാണുള്ളത്. 'ഗദ്ദിക' പോലുള്ള സാംസ്കാരിക പരിപാടികൾ മുമ്പ് വിപുലമായി സംഘടിപ്പിച്ചിരുന്നു. പുതിയ സാദ്ധ്യതകൾ തേടിക്കൊണ്ടോ, ഓൺലൈൻ മുഖാന്തരമോ ഈ മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് ഗദ്ദിക പോലുള്ള സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പ്രധാനപ്പെട്ടൊരു ചോദ്യം തന്നെയാണിത്. ഈ വിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടും അവരുടെ കലാ-സാംസ്കാരിക-കായിക രംഗങ്ങളിലും പ്രോത്സാഹിപ്പിക്കാൻ നമുക്ക് കഴിയണം. അതിനുവേണ്ടിയാണ് അന്തർദ്ദേശീയ ആദിവാസി ദിനമായ ആഗസ്റ്റ് 9 മുതൽ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 വരെ ഗോത്രാരോഗ്യ വാരാചരണമായി ആചരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചത്. എല്ലാ ജനപ്രതിനിധികളും അതിൽ പങ്കാളികളാകുന്നുണ്ട്. കല, സാംസ്കാരിക, കായിക രംഗങ്ങളിൽക്കൂടി അവരെ കൂടുതൽ പുരോഗതിയിലെത്തിക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ട്രൈബൽ പ്ലസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ ദിനം വർദ്ധിക്കുകയും ആദിവാസി മേഖലയിൽ അത് പ്രയോജനകരമാകുകയും ചെയ്യുന്നുണ്ട്. ഈ ആനുകൂല്യം പഞ്ചായത്തുകൾ മുഖാന്തരം അവരുടെ അക്കൗണ്ടുകളിൽ എത്തുന്നുണ്ടെങ്കിലും അത് സമയബന്ധിതമായി കിട്ടുന്നില്ലെന്ന ആക്ഷേപം ഉയരുന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറുപടിയിൽ അതുസംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും കുറേക്കൂടി ത്വരിത നടപടികൾ അക്കാര്യത്തിൽ സ്വീകരിക്കാനാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ വർഷം കൊടുക്കേണ്ട കുടിശ്ശികയിലെ 14 കോടി രൂപ ഈ വർഷം കൊടുത്ത് തീർത്തിട്ടുണ്ടെന്ന് പറഞ്ഞത്. ഇതിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ പണം വകയിരുത്തിയിട്ടില്ല. വിവിധ ഹെഡ്ഡുകളിൽനിന്നാണ് ഈ പണമിപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. തീർച്ചയായും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത മുഴുവൻ ആദിവാസി വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കും പണിയെടുത്ത അത്രയും ദിവസത്തെ പണം കൊടുക്കാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു കുട്ടി ഈയടുത്ത കാലത്ത് പി.എച്ച്.ഡി. നേടിയത് നമ്മളെ സംബന്ധിച്ചിടത്തോളം ഏറെ അഭിമാനമുള്ള കാര്യമാണ്. പഠനത്തിന്റെ കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ സാദ്ധ്യതകളും ഗവേഷണാത്മകമായ പ്രവർത്തനങ്ങൾക്കു മൊക്കെയുള്ള കൂടുതൽ സംവിധാനങ്ങൾ അത്തരം വിഭാഗത്തിൽ വരുന്ന കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസി വിഭാഗമുൾപ്പെടെയുള്ള പാവപ്പെട്ട ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ ഏറ്റവും നല്ല വിജയം നേടിയെടുക്കാൻ കഴിയുന്നത്. എം.ആർ.എസ്.-ൽനിന്ന് വിജയിച്ച കുട്ടികളെ പ്രത്യേകം കണ്ടെത്തി അവരെ വിദ്യാഭ്യാസപരമായി കൂടുതൽ ഉന്നതിയിലെത്തിക്കുന്നതിനുള്ള സഹായം ചെയ്യാൻ നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ എൻട്രൻസ് പരീക്ഷ എഴുതിക്കാൻവേണ്ട തയ്യാറെടുപ്പും റിസർച്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടിയും സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്. മറ്റ് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം അവർക്ക് കൊടുക്കുകയെന്നുള്ള കാഴ്ചപ്പാടോടുകൂടി തന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതുകൊണ്ടാണ് ഡിജിറ്റൽ എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ചർച്ച നടത്തിയപ്പോൾ ആദിവാസി കുട്ടികൾക്ക് ഏറ്റവും കൂടുതൽ പരിഗണന കൊടുക്കണമെന്ന് കരുതിയത്. മുഴുവൻ ആദിവാസി കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. മറ്റ് കുട്ടികളേക്കാൾ മുമ്പേ ഡിജിറ്റൽ പഠനോപകരണങ്ങൾ അവർക്ക് കിട്ടണമെന്നുള്ള കാഴ്ചപ്പാട് ഈ ഗവൺമെന്റിനുണ്ട്. കമ്പ്യൂട്ടർ സാക്ഷരതയില്ലെങ്കിൽ, ഡിജിറ്റൽ ഉപകരണം കൈകാര്യം ചെയ്യാൻ കഴിയുന്നില്ലെങ്കിൽ മുൻകാലത്തെപ്പോലെ അവർ നിരക്ഷരരായി മാറും. ഈ

കാലഘട്ടത്തിൽ അവർ ഒരു കാരണവശാലും നിരക്ഷരരാകാൻ പാടില്ലെന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ ആ രംഗത്ത് കൂടുതൽ ശ്രദ്ധചെലുത്തി മുന്നോട്ടുപോകുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുപുറമെ ആദിവാസികൾക്ക് 100 ദിവസം അധികം ജോലി കൊടുക്കുന്നത് സംബന്ധിച്ചും അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതികളെ സംബന്ധിച്ച് പട്ടികജാതി, പട്ടികവർഗ്ഗം, ജനറൽ എന്നീ രീതിയിൽ പ്രത്യേകം കണക്കുകൾ സൂക്ഷിക്കണമെന്നും പ്രത്യേകമായി ചെയ്യണമെന്നുമുള്ള ഒരു നിർദ്ദേശം കേന്ദ്ര ഗവൺമെന്റിൽനിന്നും ഇപ്പോഴുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേന്ദ്ര ഗവൺമെന്റ് ജാതീയമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ തരംതിരിക്കാനാവശ്യമായ നിലപാട് സ്വീകരിച്ചതിനെതിരായി ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ. ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ജാതീയമായി തിരിക്കുകയെന്നതല്ല ഇടതുപക്ഷ ഗവൺമെന്റിന്റെ നിലപാട്. അത് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടാണ്. ആ നിലപാടിനെതിരായുള്ള നിലപാടാണ് സംസ്ഥാനത്തെ എല്ലാ ആളുകളും സ്വീകരിക്കുന്നത്. ജാതീയമായി തൊഴിൽ വിഭജനം നടത്തുന്നതിനെതിരായ നിലപാട് സ്വീകരിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകും.

(ചോദ്യം നൽകിയ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ *482-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

**വനമേഖലയോട് ചേർന്നുള്ള തോട്ടം ഭൂമി ഏറ്റെടുക്കൽ**

2 (*483) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ കൃഷിഭൂമിയിലിറങ്ങി നാശമുണ്ടാക്കുന്നതും വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിഭൂമിയിലെ മനുഷ്യ സാന്നിധ്യം വന്യജീവികൾക്ക് ഭീഷണിയാകുന്നതും കണക്കിലെടുത്ത് വനമേഖലയോട് ചേർന്നുള്ള തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി നടത്തുന്ന വാണിജ്യാധിഷ്ഠിത വനവൽക്കരണ പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) തടി ആവശ്യത്തിനുള്ള മരങ്ങളും ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള സസ്യങ്ങളും നട്ടുപിടിപ്പിച്ച് വനോൽപ്പന്ന വികസനത്തിനും കാർഷിക വനവൽക്കരണത്തിനുമുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) സ്വീകരിച്ചിട്ടുണ്ട്. വന്യജീവികൾ കൃഷിഭൂമിയിലിറങ്ങി നാശമുണ്ടാക്കുന്നതും വനമേഖലയോട് ചേർന്നുകിടക്കുന്ന കൃഷിഭൂമിയിലെ മനുഷ്യ സാന്നിധ്യം വന്യജീവികൾക്ക് ഭീഷണിയാകുന്നതും കണക്കിലെടുത്ത് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലുൾപ്പെടുത്തി, വനമേഖലയോട് ചേർന്നുള്ള സ്വകാര്യ എസ്റ്റേറ്റുകൾ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. ഇവയുടെ പ്രാഥമിക പരിശോധന നടത്തിവരുന്നു.

(ബി) കേരള വനവികസന കോർപ്പറേഷന്റെ കീഴിൽ 2025 ഹെക്ടർ യൂക്കാലിപ്റ്റസ്, 1674 ഹെക്ടർ അക്കേഷ്യ ഓറുക്കിലീഫോർമിസ് (Acacia auriculiformis) 177 ഹെക്ടർ മാഞ്ചിയം, 40 ഹെക്ടർ Acacia crassicarpa, 48 ഹെക്ടർ കുമ്പിൾ, 9.4 ഹെക്ടർ മഹാഗണി, 1.8 ഹെക്ടർ മട്ടി, 18 ഹെക്ടർ പൈൻ, 1 ഹെക്ടർ അൾനസ്, 63 ഹെക്ടർ ആൽബീസിയ, 18 ഹെക്ടർ ചന്ദനം, 81 ഹെക്ടർ രക്തചന്ദനം, 6 ഹെക്ടർ കാഷ്വറീന (Casuarena), 829 ഹെക്ടർ മുള, 358 ഹെക്ടർ കശുമാവ് എന്നീ തോട്ടങ്ങൾ നിലവിലുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള 2020-21 മുതൽ 2024-25 വരെയുള്ള മാനേജ്മെന്റ് പ്ലാനിന് വിധേയമായി വളർച്ചയെത്തിയ തോട്ടങ്ങൾ മുറിച്ചുമാറ്റി, വിൽപ്പന നടത്തി റീ-പ്ലാന്റിംഗ് നടത്തിവരികയുമാണ്.

(സി) നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ ഫണ്ട് വിനിയോഗിച്ചു കൊണ്ട് വനം വകുപ്പ് സംസ്ഥാനത്ത് ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ ഭാഗമായി കൃഷിഭൂമിയിൽ വൃക്ഷങ്ങൾ ഇടവിളയായി നട്ടു വളർത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി ഹരിത കേരളം പദ്ധതി മുഖേന വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന തൈകളിൽ തടി ഉപയോഗത്തിനുള്ളതും ഔഷധമൂല്യമുള്ളതുമായ തൈകളുമുൾപ്പെടുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> സർ, 'കണ്ടാൽ പഠിച്ചില്ലെങ്കിൽ കൊണ്ടാൽ പഠിക്കും' എന്നൊരു പഴമൊഴിയുണ്ട്. കൊണ്ടാലും പഠിക്കാത്തവരാണ് പ്രതിപക്ഷമെന്ന് തെളിയിക്കുന്ന നടപടിയാണ് അവർ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. മലയോര മേഖലകളിലെ കർഷകരുടെ ജീവൽപ്രശ്നമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. കർഷകർക്കുവേണ്ടി എപ്പോഴും മുതലക്കണ്ണീരൊഴുക്കുന്ന അവരുടെ കാപട്യം കൂടുതൽ വ്യക്തമാകുകയാണ്. വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനു വേണ്ടി ഒട്ടനവധി പദ്ധതികൾ സംസ്ഥാന സർക്കാരും വനം വകുപ്പും സ്വീകരിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. പക്ഷേ അതൊന്നും പ്രശ്നത്തിന് പരിഹാരമായിട്ടില്ലെന്നതാണ് വസ്തുത. വെള്ളത്തിനും ഭക്ഷണത്തിനും വേണ്ടിയാണ് ആനയുൾപ്പെടെയുള്ള വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത്. കാട്ടിനകത്തുതന്നെ വന്യമൃഗങ്ങൾക്കാവശ്യമായ വെള്ളവും ഭക്ഷണവും ലഭ്യമാക്കുന്നതിനുവേണ്ടി പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; അക്കാര്യം വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ വിവരണാതീതമായ തരത്തിലാണ് സംസ്ഥാനത്ത് വന്യമൃഗങ്ങൾ മനുഷ്യജീവനും സ്വത്തിനും ഭീഷണിയായി വരുന്നത്. അതിന് പല കാരണങ്ങളും വിദഗ്ദ്ധർ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ രണ്ട് രീതിയിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നതിനെ തടസ്സപ്പെടുത്തുന്നതിനാവശ്യമായ സംരക്ഷണ വേലികളും മറ്റ് പ്രവർത്തനങ്ങളുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളെ ഇല്ലാതാക്കി അവയെ വനത്തിനകത്തുതന്നെ നിലനിർത്താനാവശ്യമായ നടപടിയെ കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. അതുകൊണ്ടാണ് ഈ ചോദ്യം വളരെ പ്രസക്തമാണെന്ന് ഞാൻ ചൂണ്ടിക്കാണിച്ചത്. വന്യമൃഗങ്ങളുടെ എണ്ണം കഴിഞ്ഞ 5 വർഷത്തിനിടയിൽ 25-30 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. അങ്ങനെ വർദ്ധിക്കുന്നതിനനുസരിച്ച് അവയുടെ ആവാസമേഖലകൾ നഷ്ടപ്പെടുകയും ലഭിച്ചുകൊണ്ടിരുന്ന വനവിഭവങ്ങളിലും ശുദ്ധജലത്തിലും കുറവ് അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ഇത് പരിഗണിച്ചുകൊണ്ടാണ് മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വനത്തിനുള്ളിൽ ചതുപ്പ് നിലമായി കിടക്കുന്ന ഭൂമിയിൽ ജലം സംഭരിച്ചുവയ്ക്കാനുള്ള നിർമ്മിതികൾ ആരംഭിച്ചത്. അതുപോലെ മൃഗങ്ങൾക്ക് ഇഷ്ടപ്പെട്ട ചില പ്രത്യേകതരം മരങ്ങളും വനവിഭവങ്ങളുമുണ്ട്. ഇത്തരത്തിൽ ഒഴിഞ്ഞ് കിടക്കുന്ന പ്രദേശങ്ങളിൽ പുതിയ തരത്തിലുള്ള വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തി അവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം

ശരിയാണ്. പക്ഷേ ഗവൺമെന്റ് മുൻഗണന നൽകി ആ പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. ഞാനും അതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാരോട് രേഖാമൂലം അഭ്യർത്ഥിച്ചിരുന്നു. ഭൂരിപക്ഷം എം.എൽ.എ.-മാരും ഇപ്പോൾത്തന്നെ അഭിപ്രായങ്ങൾ അറിയിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ 14 ജില്ലകളിലും വനമേഖലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ എം.എൽ.എ.-മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സംയുക്തയോഗം വിളിച്ചുചേർത്ത് അഭിപ്രായങ്ങൾ നേരിൽത്തന്നെ ആരായാൻ തീരുമാനിച്ചിട്ടുണ്ട്. വളരെ പ്രാധാന്യത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് ഈ പ്രശ്നം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> സർ, വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശമുണ്ടായിക്കഴിഞ്ഞാൽ ലഭിക്കുന്ന നഷ്ടപരിഹാരത്തുക വളരെ തുച്ഛമാണ്. 25 സെന്റ് കൃഷി നഷ്ടപ്പെട്ട് കഴിഞ്ഞാൽ കപ്പയ്ക്ക് 165 രൂപയാണ് നഷ്ടപരിഹാരം. അതുപോലെ കുലച്ച തെങ്ങിന് 770 രൂപ, കുലയ്ക്കാത്ത തെങ്ങിന് 385 രൂപ, വാഴ കുലച്ചതിന് 110 രൂപ, കുലയ്ക്കാത്തതിന് 83 രൂപ, റബ്ബർ 330 രൂപ, വെട്ടാത്ത റബ്ബറിന് 220 രൂപ, കുരുമുളക് 83 രൂപ, കശുമാവ് 165 രൂപ എന്നിങ്ങനെയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ഇങ്ങനെ ലിസ്റ്റ് പരിശോധിച്ചാൽ വളരെ ദയനീയമായ ചിത്രമാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് ഈ നഷ്ടപരിഹാരത്തുക കാലോചിതമായി പരിഷ്കരിക്കാനും സമയബന്ധിതമായി നൽകാനുമുള്ള നടപടി സ്വീകരിക്കുമോ; അതോടൊപ്പം ന്യായയുക്തമായ നഷ്ടപരിഹാരം കൃഷിക്കാർക്ക് ഉറപ്പുവരുത്തുന്ന രൂപത്തിൽ ഒരു ഇൻഷ്വറൻസ് പദ്ധതിയേർപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ശരിയായ കാര്യമാണ് ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ വനം വകുപ്പല്ല കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തിന്റെ തോത് നിർണ്ണയിക്കുന്നത്. കാർഷികവിളകൾക്ക് നേരിട്ട നഷ്ടങ്ങളുടെ പരിഹാരമായി എത്ര തുക നൽകാമെന്ന് തീരുമാനിക്കുന്നത് കൃഷി വകുപ്പാണ്. 2015-ലാണ് അത് പരിഷ്കരിച്ചത്, അതിനുശേഷം ഒരു പരിഷ്കാരവു മുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ കൃഷിവകുപ്പുമായി ആലോചിച്ച് പരിഷ്കാരം വരുത്തേണ്ടതുണ്ട്. പക്ഷേ അങ്ങനെ വരുമ്പോൾ കർഷകരുടെ മേൽ ഒരു വാൾപോലെ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ വരും, ആ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചാൽ,

ഹതഭാഗ്യരായ കർഷകരെ നമുക്ക് ഒരു കൈത്താങ്ങായി സഹായിക്കാൻ കഴിയില്ലെന്നുള്ളതാണ് വസ്തുത. എന്തായാലും ഒരാക്ഷേപം ഉയർന്നുവന്നിട്ടുള്ളത് കൃഷി വകുപ്പ് നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കുറഞ്ഞ തുകയാണ് വനമേഖലയുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങളുണ്ടാകുമ്പോൾ കർഷകർക്ക് ലഭിച്ചുവരുന്നതെന്നാണ്. അത് പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റൊന്ന്, മുമ്പ് നഷ്ടപരിഹാരം കണക്കാക്കിയിട്ടുള്ള ആളുകൾക്ക് വളരെയധികം തുക ഫണ്ടിന്റെ അപര്യാപ്തതമൂലം കൊടുത്തു തീർക്കാനുണ്ട്. ഇക്കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പരിമിതമായ സാമ്പത്തിക പ്രശ്നങ്ങൾക്കിടയിൽ ഏതളവുവരെ സഹായിക്കാൻ കഴിയുമെന്നത് അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് അദ്ദേഹം അറിയിച്ചിട്ടുള്ളത്. ഏതായാലും യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണേണ്ട പ്രശ്നം തന്നെയാണിതെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. അതിനനുസരിച്ച് സർക്കാർ പ്രവർത്തിക്കുന്നതാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ചുമതല ഏറ്റെടുത്തതിനുശേഷം കെ.എഫ്.ഡി.സി. (Kerala Forest Development Corporation) മേഖലയിലെ തൊഴിലാളികളുടെ പ്രശ്നം മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുംവേണ്ടി അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കുകയും അതിന്റെ ഭാഗമായി പ്രതിസന്ധി അഭിമുഖീകരിക്കുന്ന തൊഴിലാളികൾക്കും കെ.എഫ്.ഡി.സി.-ക്കും 3 കോടി രൂപ കഴിഞ്ഞദിവസം ഗവൺമെന്റിൽനിന്നും അനുവദിക്കുകയുമുണ്ടായി. ഈ നടപടിയെ ഞാൻ അഭിനന്ദിക്കുന്നു. കെ.എഫ്.ഡി.സി.-യിലെ തൊഴിലാളികൾക്ക് മിനിമം കൂലി വ്യവസ്ഥ ചെയ്തുകൊണ്ട് 2016-ലും 2018-ലും ഉത്തരവിറക്കിയിരുന്നു. പക്ഷേ കെ.എഫ്.ഡി.സി.-യുടെ പല തോട്ടങ്ങളിലും ഈ കൂലി യാഥാർത്ഥ്യമായിട്ടില്ല, 290 രൂപയ്ക്കാണ് ഇപ്പോഴും പല സ്ഥലങ്ങളിലും തൊഴിലാളികൾ ജോലി ചെയ്യുന്നത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതോടൊപ്പം ഗവിയുൾപ്പെടെയുള്ള എസ്റ്റേറ്റുകളിൽ നിന്നും നൂറിലധികം താൽക്കാലിക തൊഴിലാളികളെ മാറ്റി നിർത്തപ്പെട്ടിട്ടുണ്ട്. ഇത് ഉൽപ്പാദനം കുറയുന്നതിനും കെ.എഫ്.ഡി.സി. വീണ്ടും നഷ്ടത്തിലേയ്ക്ക് എത്തുന്നതിനും ഇടയാകും. ഇക്കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കേരള വനവികസന കോർപ്പറേഷൻ ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. അതിന് പ്രധാന കാരണം വനമേഖലയുമായി ബന്ധപ്പെട്ട വിപണന സാദ്ധ്യതകൾ വളരെയേറെ മങ്ങിയിരിക്കുന്നുവെന്നതാണ്. തുടർച്ചയായി മൂന്നാം വർഷവും

കോവിഡിന്റെ ആക്രമണംമൂലം സഞ്ചാരികൾ വരികയോ വനവിഭവങ്ങൾ വിൽപ്പന നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽനിന്ന് അവ വാങ്ങുകയോ ചെയ്യുന്നില്ല. ഇതിന്റെ ഫലമായി വലിയ വരുമാനക്കുറവാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ ഗവിയിലെ ഏലം തോട്ടങ്ങളിൽ ഇപ്പോൾ ഹാർവെസ്റ്റിംഗ് നടക്കുന്നില്ല. അത് നടത്താനാവശ്യമായ നിലപാടുകൾ സ്വീകരിച്ചാൽ നമ്മുടെ വരുമാനം വർദ്ധിക്കുകതന്നെ ചെയ്യും. ഒരു ഘട്ടത്തിൽ നല്ലൊരു സംഖ്യ ഗവൺമെന്റിന് തരുന്ന സ്ഥാപനമായിരുന്ന കെ.എഫ്.ഡി.സി. ഈ സ്ഥാപനത്തെ പ്രതിസന്ധി യിലാക്കിയതിന് നിരവധി കാരണങ്ങളുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ അതിനെയെങ്ങനെ ശക്തിപ്പെടുത്താൻ കഴിയുമെന്ന ചർച്ചകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇതിനകം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ധനകാര്യ വകുപ്പ് 3 കോടി രൂപ ഓണവുമായി ബന്ധപ്പെട്ട താൽക്കാലികാവശ്യങ്ങൾ നിർവ്വഹിക്കാൻ വകുപ്പിന് നൽകിയിട്ടുള്ളത്. അതിന് ധനകാര്യ വകുപ്പിനോടുള്ള നന്ദി രേഖപ്പെടുത്താനും ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. നമുക്ക് ഈ സ്ഥാപനം നല്ല രീതിയിൽ കൊണ്ടുപോകണമെന്നതന്നെയാണ് ആഗ്രഹം.

ശ്രീ. ലിന്റോ ജോസഫ്: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ മറുപടിയിൽ കാർഷിക വിളകളുടെ നഷ്ടം കണക്കാക്കുന്നതിന് കൃഷി വകുപ്പിനാണ് ചുമതല വരുന്നത്. പക്ഷേ വന്യമൃഗങ്ങളുടെ കടന്നു കയറ്റത്തിന്റെ ഭാഗമായി കർഷകർക്ക് വിളകൾ നഷ്ടപ്പെടുന്നത് കാറ്റ്, മഴ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ ഭാഗമായി വരുന്ന കാർഷിക വിളകളുടെ നഷ്ടംപോലെയല്ല. ഇവ രണ്ടും കൃഷി വകുപ്പ്, വനം വകുപ്പ് എന്ന നിലയിൽ പ്രത്യേകമായി കണ്ടുകൊണ്ട് ഓരോ വകുപ്പിനും കീഴിൽ വരുന്ന നാശനഷ്ടങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു തെങ്ങ് നഷ്ടപ്പെട്ടാൽ കൊടുക്കുന്ന നഷ്ടപരിഹാരം 770 രൂപയാണ്; ഇത് തീരെ അപര്യാപ്തമാണ്. മലയോര മേഖലയിലെ കർഷകർ വലിയ പ്രതിസന്ധിയിലാണ്, അതുകൊണ്ട് കൃഷിവകുപ്പ് എന്ന നിലയിൽ നഷ്ടം കണക്കാക്കുന്ന സമ്പ്രദായം മാറ്റി പകരം വനംവകുപ്പിനു കീഴിൽ കൊണ്ടുവന്ന് നഷ്ടം കണക്കാക്കാനുള്ള ഉചിതമായ തീരുമാനമെടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നേരത്തേ നൽകിയ ഉത്തരത്തിൽ ഞാൻ ഏറെക്കുറെ പറഞ്ഞിട്ടുണ്ട്. എന്തായാലും അങ്ങ് ഉന്നയിച്ച പ്രശ്നം ഗുരുതരമാണ്. ഇപ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നതിനുള്ള മൂല്യനിർണ്ണയരീതി തെറ്റാണ്. ആ രീതി മാറ്റുന്നതിനായി ഏതൊക്കെ തലങ്ങളിലുള്ള ചർച്ചകളും തീരുമാനങ്ങളുമാണ് വേണ്ടതെന്ന് പരിശോധിച്ച് അവ നിർവ്വഹിക്കാൻ സർക്കാർ ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്.

ശ്രീ. പി. പി. സുമോദ്: സർ, സ്വാഭാവിക വനങ്ങളുടെ നശീകരണം പ്രകൃതി നേരിടുന്ന ഒരു വിപത്താണ്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനും സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനുമായി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനമേഖലയുമായി ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപടി ആരംഭിക്കുന്നുണ്ട്. ആറ് ഡിവിഷനുകളിലായി 27 കേന്ദ്രങ്ങളിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരികയാണ്. കുറച്ച് സ്ഥലംകൂടി ഇനിയും ഏറ്റെടുക്കാനുണ്ട്. അവ ഏറ്റെടുക്കുന്ന മുറയ്ക്ക് വനവിസ്തൃതി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. അതോടൊപ്പം വന്യജീവികളുടെ ആവാസമേഖല സുരക്ഷിതമാക്കാനുള്ള നടപടിയും കൂട്ടിച്ചേർത്തുകൊണ്ടാണ് പരിഹാരം കാണാൻ ശ്രമിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങി കൃഷിക്കും മനുഷ്യജീവനും ഭീഷണി സൃഷ്ടിക്കുന്ന പ്രവണത സംസ്ഥാനാതിർത്തികളിൽ കൂടുതലായി കാണപ്പെടുകയാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് വനഭൂമിയോട് ചേർന്നുകിടക്കുന്ന ആൾപ്പാർപ്പുള്ള സ്ഥലമുൾപ്പെടെ, തോട്ടഭൂമിയടക്കം വനംവകുപ്പുതന്നെ ഏറ്റെടുക്കുന്ന നടപടി ആരംഭിച്ചത്. വനംവകുപ്പ് ഏറ്റെടുത്തിട്ടുള്ള അത്തരം ഭൂമിയുടെ നഷ്ടപരിഹാരം നിശ്ചയിക്കുകയല്ലാതെ എത്ര വർഷങ്ങൾ കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് ആ തുക ലഭിക്കുന്നില്ലെന്ന പരാതി പൊതുവേ നിലനിൽക്കുകയാണ്. പലതും എനിക്ക് നേരിട്ട് അറിയാവുന്നതാണ്. ഏകദേശം എട്ട് വർഷത്തോളമായി അവർക്ക് നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വനമേഖലയോട് ചേർന്ന് കിടക്കുന്ന ഇത്തരം ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം നിശ്ചിത സമയത്തിനുള്ളിൽ നഷ്ടപരിഹാരത്തുക കിട്ടുമെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട കാഞ്ഞങ്ങാട് എം.എൽ.എ. പ്രശ്നം അവതരിപ്പിച്ചിരിക്കുന്നത്. അത് വളരെ ശരിയാണെന്ന് നമുക്കെല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഈ വിഷയത്തിലെ ഒരു പ്രധാനപ്പെട്ട പ്രശ്നം പ്ലാൻ, നോൺ പ്ലാൻ ഫണ്ടിനങ്ങളിലായി നമുക്ക് ലഭ്യമാകുന്ന പണം കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി കുറഞ്ഞു വരുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. തത്ഫലമായി നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. സാമ്പത്തിക പ്രയാസമാണ് അതിന് കാരണം. എന്നാലത് കർഷകരോട് പറയാൻ കഴിയുന്ന ന്യായവുമല്ല. എങ്ങനെ കൂടുതൽ പണം ലഭ്യമാക്കാൻ കഴിയുമെന്ന കാര്യം സർക്കാർ സജീവമായി പരിശോധിക്കുമെന്ന് ഞാൻ ഉറപ്പുതരികയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഐക്യരാഷ്ട്രസഭയുടെ IPCC (Intergovernmental Panel on Climate Change) ഏഴ് വർഷത്തിൽ ഒരിക്കൽ പുറപ്പെടുവിക്കുന്ന റിപ്പോർട്ടുണ്ട്, അതിന്റെ ആറാമത്തെ റിപ്പോർട്ട് ജനീവയിൽവച്ച് ഈയടുത്ത ദിവസം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത് 234 ശാസ്ത്രജ്ഞരാണ്. ഭൂമിയുടെ നിലനിൽപ്പിന് ആപത്കരമായ ചില പ്രവണതകൾ ഉടലെടുത്തതായി ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. പത്ത് വർഷത്തിനിടയിൽ 17 മീറ്റർ കടൽ കരയിലേയ്ക്ക് കയറുമെന്നും സമുദ്രനിരപ്പ് ഒരു മീറ്റർവരെ ഉയരാൻ സാദ്ധ്യതയുണ്ടെന്നും മറ്റുമുള്ള നിരവധി കാര്യങ്ങൾ റിപ്പോർട്ടിലുണ്ട്, ഇതെല്ലാം ആഗോളവിഷയമാണ്. ഇതിനുള്ള ഒരേയൊരു മറുപടി 'മരം' ആണ്. നമ്മുടെ സാമൂഹ്യ വനവത്കരണ പരിപാടികളും മറ്റുരൂപത്തിലുള്ള പരിപാടികളും പലയിടത്തും ഒരു ചടങ്ങ് നിർവ്വഹണമായി മാറുന്നുവോയെന്ന ആശങ്കയുണ്ട്. പ്രത്യേകിച്ചും മേൽസൂചിപ്പിച്ച പശ്ചാത്തലത്തിൽ ഫലപ്രാപ്തി ലക്ഷ്യംവച്ചുകൊണ്ട് വളരെ ഫലപ്രദമായതും ഗൗരവത്തോടെയുമുള്ള ഇടപെടലുകളും പരിശോധനകളും ഏതെല്ലാം തരത്തിൽ വനം വകുപ്പ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഗുരുതരമായ സാഹചര്യം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. വനമാണ് പരിഹാരമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശം എല്ലാവരും അംഗീകരിച്ച കാര്യം തന്നെയാണ്. സംസ്ഥാനത്ത് 29 ശതമാനം ഭൂമിയാണ് വനമേഖലയായി ഇപ്പോൾ അവശേഷിക്കുന്നത്. നാട്ടിൻപുറങ്ങളിൽ ഏതാണ്ട് സാധാരണ ഭൂമിയുടെ ആറിലൊന്ന് ഭാഗവും ജലം മണ്ണിലേയ്ക്കിറങ്ങാത്ത പ്രതലങ്ങളായി മാറിക്കഴിഞ്ഞു. ആകെ കിട്ടുന്ന മഴയുടെ അളവിൽ കുറവില്ലെങ്കിലും ഭൂമിയിലേയ്ക്ക് ജലമിറങ്ങാത്തതിന്റെ ഫലമായും ചുരുങ്ങിയ ദിവസത്തിനകം അത്രയേറെ അളവിൽ മഴ പെയ്യുന്നതുകൊണ്ടും ശക്തിയായി വെള്ളം ഒലിച്ച് പോകുകയാണ്. ഭൂമിയുടെ ജലനിരപ്പ് താഴുകയും സമുദ്രത്തിലെ ജലനിരപ്പ് ഉയരുകയും ചെയ്യുന്നതിന് ഇത് കാരണമാകുന്നുണ്ടെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നത് ക്വാട്ട് ചെയ്യാൻ മാത്രമേ എനിക്ക് സാധിക്കുകയുള്ളൂ. ഈ അവസ്ഥാവിശേഷത്തിന് പരിഹാരമായി നമ്മൾ സ്വീകരിച്ചിട്ടുള്ള വനവത്കരണ പരിപാടിയിലെ നടപടികളിലുള്ള ആശങ്കയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉയർത്തിയത്. ചടങ്ങുകൾ മാത്രമായി കുറേക്കാലം അത്തരത്തിൽ പോയിരുന്നു. ഇതുവരെ വച്ചുപിടിപ്പിച്ച വൃക്ഷത്തൈകളുടെ എണ്ണം കണക്കാക്കിയാൽ നിലവിലുള്ളതിനേക്കാൾ 2 ശതമാനത്തിലധികമെങ്കിലും വനവിസ്തൃതിയുണ്ടാക്കാൻ കഴിയുമായിരുന്നു. ആ യാഥാർത്ഥ്യം മനസ്സിലാക്കി ഉത്തരവാദിത്വം ഏൽപ്പിച്ചുകൊണ്ടുള്ള വനവത്കരണ പരിപാടിയാണ് ഈ വർഷത്തെ പരിസ്ഥിതിദിനത്തോടും വനമഹോത്സവത്തോടും അനുബന്ധിച്ച് നമ്മൾ നടത്തിപ്പോന്നിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രദേശത്തെ,

പ്രസിദ്ധമായ തിരുവല്ലയിലെ കോളേജിൽ ഉത്തരവാദിത്വബോധത്തോടെ സ്ഥാപനവനവത്കരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു സോഷ്യൽ ഓഡിറ്റ് വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്. വിദ്യാവനം, സ്ഥാപന വനവത്കരണവുമായി ബന്ധപ്പെട്ട പരിപാടികൾ എന്നിവ മൂന്ന് വർഷം കൂടുമ്പോൾ പരിശോധിക്കുന്നതിനും നല്ല നിലവാരം പുലർത്തുന്നയാളുകൾക്ക് അവാർഡുകൾ നൽകുന്നതിനുമുള്ള നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എ. രാജ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കടുവയുടെയും പുലിയുടെയും തുടർച്ചയായുള്ള ആക്രമണത്തിൽ പശുക്കളടക്കമുള്ള വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്ന സാഹചര്യമുണ്ട്. കഴിഞ്ഞ ആറു മാസത്തിനുള്ളിൽ നാൽപ്പതോളം പശുക്കളെയാണ് ഇങ്ങനെ ആക്രമിച്ചിട്ടുള്ളത്. ജനവാസകേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം കൂടുതലായി നടന്നുവരുന്നതിനാൽ ഇതിനെ മുൻകൂട്ടി തടയുന്നതിനായി കൂടുകളും നിരീക്ഷണ ക്യാമറകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളെ കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ആ പ്രദേശങ്ങളിലിപ്പോൾ പ്രത്യേക തരത്തിലുള്ള സ്ക്വാഡുകളെ നിയോഗിച്ചുകൊണ്ടുള്ള പരിശോധനയാണ് നടക്കുന്നത്. പഴയ രീതിയിലുള്ള സമ്പ്രദായമാണ് ഏറെക്കുറെ ഇപ്പോഴും അവിടെ നിലനിൽക്കുന്നത്. അവ ഫലപ്രദമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. യഥാസമയം കർഷകർക്ക് വിവരം കൊടുക്കാനുള്ള സൗകര്യങ്ങൾ ഇപ്പോഴും പരിമിതമാണ്. അതുകൊണ്ടുതന്നെ മേൽസൂചിപ്പിച്ച തരത്തിലുള്ള പരിശോധനാ ടീമുകളെ സായുധരാക്കാനും അതിനായി അവരെ സജ്ജമാക്കാനുമുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷംതന്നെ അതുസംബന്ധിച്ച ബൃഹത്തായ പരിപാടികൾ വനം വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്.

## ഗ്രീൻ ക്ലീൻ ഹാർബർ പദ്ധതി

3(*484) ഡോ. സുജിത് വിജയൻപിള്ള :
ഡോ. കെ. ടി. ജലീൽ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കാനുദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നീണ്ടകര ഹാർബർ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി ലോകോത്തര ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബ്ബായി വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) ഹാർബർ പരിസരത്ത് മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഗ്രീൻ ക്ലീൻ ഹാർബർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി എല്ലാ ഹാർബറുകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ഈ സർക്കാരിന്റെ ആദ്യവർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) ഉണ്ട്. നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ അന്താരാഷ്ട്ര തലത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി നബാർഡ് RIDF XXVI-ൽ ഉൾപ്പെടുത്തി 44.50 കോടി രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം നീണ്ടകര, ശക്തികുളങ്ങര, കല്ലുംപുറം ഭാഗത്തായി വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നീണ്ടകര ഹാർബറിന്റെ വികസനത്തിനായി ആധുനിക ടോയ്‌ലെറ്റ് ബ്ലോക്കുകൾ, കോൺഫറൻസ് ഹാൾ, കിയോസ്കുകൾ, കടകൾ, ക്യാന്റീൻ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 4.33 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രസ്തുത പ്രവൃത്തികൾ പുരോഗമിക്കുന്നു. നീണ്ടകര ഫിഷിംഗ് ഹാർബറിലെ കല്ലുംപുറം ഭാഗത്തെ വികസനത്തിന്റെ ഭാഗമായി നീണ്ടകര ഫിഷിംഗ് ഹാർബറിൽ വരുന്ന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിലെ ബോട്ട് ബിൽഡിംഗ് യാർഡിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബോട്ടുകളുടെയും മറ്റ് അനുബന്ധ വസ്തുക്കളുടെയും സർവ്വീസിംഗിനും ഐസ്, ഇന്ധനം എന്നിവ നിറയ്ക്കുന്നതിനുമായി 5.68 കോടി രൂപയുടെ രണ്ട് ഫിംഗർ ജെട്ടികൾ കല്ലുംപുറം ഭാഗത്ത് നിർമ്മിക്കുന്നതിനായി സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. കടലിൽ രൂപപ്പെടുന്ന ശക്തമായ ചുഴലിക്കാറ്റിലും തിരമാലയിലും അകപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി തീരത്തോട് അടുപ്പിക്കുന്നതിനായി 90 മീറ്റർ നീളമുള്ള റെസ്ക്യൂ വാർഫ് പണിയുന്നതിനായി 4.45 കോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കി വരുന്നു. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും കടൽക്ഷോഭംമൂലം കടലിൽ ഒറ്റപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനും അടിയന്തര മീറ്റിംഗ് കൂടുന്നതിനുമുള്ള കെട്ടിടവും ടി കെട്ടിടത്തിന്റെ ചുറ്റുപാടുകൾ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

സംരക്ഷിക്കുന്നതിനുവേണ്ട സംരക്ഷണ ഭിത്തി, കെട്ടിടത്തിലേയ്ക്കുള്ള റോഡ് മുതലായവ നിർമ്മിക്കുന്നതിനായി 14.16 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക്കുകളും മറ്റ് പാഴ് വസ്തുക്കളും കടലിൽനിന്ന് ശേഖരിച്ച് ഹാർബറുകളിൽ എത്തിച്ച് സംസ്കരിക്കുന്നതിനായി 'ശുചിത്വ സാഗരം' പദ്ധതി നീണ്ടകര ഫിഷിംഗ് ഹാർബറിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നടപ്പിലാക്കി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

<u>ഡോ. സുജിത് വിജയൻപിള്ള:</u> സർ, സംസ്ഥാനത്തെ ഹാർബറുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്ന ബഹുമാന്യനായ മത്സ്യബന്ധന വകുപ്പുമന്ത്രിയെയും ഡിപ്പാർട്ടുമെന്റിനെയും മുക്തകണ്ഠം പ്രശംസിക്കുകയാണ്. അതോടൊപ്പം വിവിധ ഹാർബറുകളിലായി 40 വർഷത്തോളമായി ദിവസവേതനാടിസ്ഥാനത്തിൽ ക്ലീനിംഗ് ജോലികൾ ചെയ്തുവരുന്ന നിരവധി തൊഴിലാളികളുണ്ട്. എഴുപത് വയസ്സിന് മുകളിൽ പ്രായമായ ഇവരെ കഴിഞ്ഞ ഒരു വർഷക്കാലമായി കോവിഡിന്റെ കാരണത്താൽ ജോലിയിൽനിന്ന് ഒഴിവാക്കപ്പെട്ടതുമൂലം പലരും വലിയ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. ഇവർക്കെന്തെങ്കിലും സമാശ്വാസ സഹായം നൽകാൻ സർക്കാരിന് കഴിയുമോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, 'ശുചിത്വ സാഗരം' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ 26 സ്ത്രീകളും 2 പുരുഷന്മാരുമുൾപ്പെടെ 28 പേരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയാണ് നടക്കുന്നത്. ഏതാണ്ട് 75 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന് ഉപയോഗിച്ചുവരുന്നു. കടലിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ നേരിട്ട് ശേഖരിച്ച് പുനരുദ്ധരിക്കുന്ന ആദ്യ പദ്ധതിയാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, ഞാൻ അവിടെ പോയിരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവർക്കാവശ്യമായ പരിഗണന നൽകുന്നതാണ്. അതോടൊപ്പം കേരളത്തിന്റെ എല്ലാ കടൽമേഖലകളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പദ്ധതി, കൊല്ലത്ത് നീണ്ടകരയിലെ പദ്ധതിയുടെ സമാനമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ട നടപടികളും ഗവൺമെന്റ് ഇപ്പോൾ ആലോചിക്കുന്നുണ്ട്.

<u>ഡോ. സുജിത് വിജയൻപിള്ള:</u> സർ, ശക്തികുളങ്ങര ഹാർബറിൽ ചെമ്മീൻ പീലിംഗ് വേസ്റ്റുകൾ അലക്ഷ്യമായി തള്ളുന്ന പ്രവണതയുണ്ട്. പ്രത്യേകിച്ച് ഇത് ഹൈവേ സൈഡിലായതുകൊണ്ട് വലിയതോതിൽ ദുർഗന്ധവുമുണ്ടാക്കുന്നുണ്ട്. ശാസ്ത്രീയമായി ഇത് സംസ്കരിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ; അലക്ഷ്യമായി മാലിന്യം തള്ളുന്നത് ഒഴിവാക്കാനായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ:</u> സർ, നീണ്ടകര, ശക്തികുളങ്ങര ഹാർബറുകൾ ഉൾപ്പെടെ അന്താരാഷ്ട്രനിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് 45 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി വേസ്റ്റ് മാനേജ്മെന്റ് കൈകാര്യം ചെയ്യുന്നതിനാവശ്യമായ പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അത് അവിടെ ചെയ്യുന്നതാണ്.

<u>ഡോ. കെ. ടി. ജലീൽ:</u> സർ, ഭാരതപ്പുഴയും തിരൂർ പുഴയും അറബിക്കടലിനോട് ചേരുന്ന സംഗമസ്ഥലമാണ് പടിഞ്ഞാറേക്കര. അവിടെ നിരവധി മത്സ്യത്തൊഴിലാളികളാണ് അവരവരുടെ ബോട്ടുകളിൽ ഓരോ ദിവസവും മത്സ്യബന്ധനത്തിനായി പോകുന്നത്. മത്സ്യബന്ധനത്തിന് ഇപ്പോഴവിടെ യാതൊരു സംവിധാനവും സൗകര്യവുമില്ല. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുപോകാൻ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, 28-ഓളം ഹാർബറുകളുടെ നിർമ്മാണം നടന്നുവരികയാണ്. കേരളത്തിന്റെ കടലോരപ്രദേശങ്ങളിലെല്ലാം കടലിൽ കല്ലിട്ട് പ്രക്ഷുബ്ധമായ സാഹചര്യം സൃഷ്ടിക്കപ്പെടുകയാണ്. അതുകൊണ്ട് ഇത് നിരുത്സാഹപ്പെടുത്തണമെന്ന അഭിപ്രായമാണ് നമുക്കുള്ളത്. സീവാളിന്റെയും ഹാർബറിന്റെയും ബോട്ടുകളുടെയും നിർമ്മാണം വർദ്ധിക്കുന്നതിനനുസരിച്ച് ഇവിടെ ശ്രീ. മാത്യു ടി. തോമസ് ചൂണ്ടിക്കാണിച്ച ലോകത്തിലെ പാരിസ്ഥിതികമായി വളർന്നുവരാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണേണ്ടതാണ്. കടലാക്രമണം കൂടുതൽ ശക്തിപ്പെട്ട് കരയിലേയ്ക്ക് വ്യാപിക്കുന്ന സാഹചര്യം വരികയാണെങ്കിൽ ഹാർബറുകളുടെ എണ്ണം കുറയ്ക്കുകയെന്ന നിലപാടിനെക്കുറിച്ച് ചിന്തിക്കേണ്ടിവരും. എന്നാൽ ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചതുപോലെ അടിയന്തര സാഹചര്യത്തിൽ അവിടെയൊരു ഹാർബറോ, ഫിഷ് ലാൻഡിംഗ് സെന്ററോ ആവശ്യമാണെങ്കിൽ തീർച്ചയായും പരിഗണിച്ച് അതുസംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, കേരളത്തിലെ ഭക്ഷണ വിഭവത്തിന് അനിവാര്യമായിട്ടുള്ള ഒന്നാണ് മത്സ്യം. എന്നാൽ മായം കലർത്താതെ മത്സ്യം ലഭിക്കുകയെന്നുള്ളത് നമ്മുടെയെല്ലാം അവകാശമാണ്. അതിനായി എന്തെല്ലാം നൂതന നടപടിയാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് ഞാനും ഫുഡ് സേഫ്റ്റി കേരളയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം ഫിഷറീസ് ഡയറക്ടറേറ്റ് ഓഫീസിലും മന്ത്രിയുടെ ഓഫീസിലും കൂടുകയും ഇതിനൊരു സെൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. രാസവസ്തു കലർന്ന മത്സ്യം കണ്ടുകിട്ടുകയോ അല്ലെങ്കിൽ അതുസംബന്ധിച്ച് അറിവ് ലഭിക്കുകയോ ചെയ്താൽ അതിനെക്കുറിച്ച് ഇൻഫർമേഷൻ നൽകിയ ഉടൻതന്നെ നടപടി സ്വീകരിക്കുന്ന സംവിധാനം കേരളത്തിൽ എല്ലായിടത്തും ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസിന്റെ സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ സെൽ വന്നതിനുശേഷം ഇപ്പോൾ രാസവസ്തു കലർന്ന മത്സ്യത്തിന്റെ വരവ് കുറഞ്ഞിട്ടുണ്ട്. വിഷം ചേർത്തിട്ടുള്ള ഭക്ഷ്യോത്പന്നങ്ങളോ, മത്സ്യങ്ങളോ വരുമ്പോൾ അത് തടയുന്നതിനുള്ള നടപടിക്രമങ്ങൾ കേരളത്തിൽ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കാസർഗോഡ് ജില്ലയിലെ ഷിറിയ എന്നിവിടങ്ങളിൽ റിവർ ട്രെയിനിംഗ് പ്രവൃത്തികൾ ആരംഭിക്കുമെന്നുള്ളത് നമ്മുടെ വാഗ്ദാനമാണ്. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇക്കാര്യം പരിശോധിച്ചശേഷം മറുപടി പറയാം.

ശ്രീ. എ. എൻ. ഷംസീർ: സർ, തുറമുഖം സംരക്ഷിക്കാൻ അല്ലെങ്കിൽ തുറമുഖ നടത്തിപ്പിനുവേണ്ടി ഹാർബർ മോണിറ്ററിംഗ് കമ്മിറ്റികൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് രൂപീകരിച്ചിരുന്നു. പക്ഷേ തലശ്ശേരിയിലെ തലായി ഉൾപ്പെടുന്ന ചില തുറമുഖങ്ങളുടെ ഹാർബർ മോണിറ്ററിംഗ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇവ ഫലപ്രദമായി പ്രവർത്തിച്ചാൽ മാത്രമേ ഹാർബർ കേന്ദ്രീകരിച്ചുനടക്കുന്ന ചില ഗുണ്ടായിസങ്ങൾ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഹാർബർ മോണിറ്ററിംഗ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും നടപടിയുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിലെ ഹാർബറുകളിലെ പ്രധാനപ്പെട്ട പ്രശ്നം 'സർക്കാർ ഹാർബർ നിർമ്മിക്കും, കയ്യൂക്കുള്ളവൻ ലേലം ചെയ്ത് കാശ് വാങ്ങിക്കും' എന്നതാണ്. അക്കാര്യത്തിൽ ശക്തമായ നടപടിയും നിലപാടും ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി, വിഴിഞ്ഞം തുറമുഖങ്ങളുടെ വിഷയത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. മുതലപ്പൊഴിയിലെ വിഷയവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിരുന്നു. മത്സ്യഫെഡിന്റെ കീഴിലുള്ള സൊസൈറ്റികളെക്കൊണ്ട് ലേലം ചെയ്യിക്കുന്ന നടപടിക്ക് വിരുദ്ധമായിട്ടുള്ള സമീപനമാണ് പലയിടത്തും നടന്നുകൊണ്ടിരിക്കുന്നത്. ഹാർബർ കേന്ദ്രീകരിച്ചുള്ള മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായി കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് എല്ലാ ഹാർബറുകളിലും എം.എൽ.എ.-മാർക്കു കൂടി മുഖ്യപങ്കാളിത്തമുള്ള ഹാർബർ കമ്മിറ്റികൾ ഉടൻതന്നെ രൂപീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമുണ്ടാകും.

ശ്രീ. വി. ജോയി: സർ, ചില ഹാർബറുകൾ അശാസ്ത്രീയമായിട്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നത് സംബന്ധിച്ച് വലിയ പരാതിയുണ്ട്. കഴിഞ്ഞ ദിവസം മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയത്തിൽ മത്സ്യബന്ധനത്തിനുപോയ തൊഴിലാളികൾ മരണപ്പെട്ടത് സംബന്ധിച്ച് ബഹുമാന്യനായ പ്രതിപക്ഷനേതാവ് വലിയ കണക്കുകളാണ് ഉന്നയിച്ചത്. അതിന്റെ നിജസ്ഥിതി എന്താണ്?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചകാര്യം സംബന്ധിച്ച് പിറ്റേദിവസം ഞാൻ മറുപടി പറഞ്ഞിരുന്നു. പച്ചപ്പുല്ലിന് തീ പിടിപ്പിക്കുന്ന പണിയാണ് അദ്ദേഹത്തിന്റെ കയ്യിലിരിക്കുന്നത്. അതിപ്പോഴും ഞാൻ ആവർത്തിക്കുന്നു. താഴംപള്ളി, അഞ്ചുതെങ്ങ്, ഒന്നാംപാലം, മാമ്പള്ളി കടപ്പുറം, മുണ്ടുതുറ കടപ്പുറം, കുരിശ്ശടി, വെട്ടുകട ഷോർ, പൂത്തുറ, വലിയതുറ മുതൽ മുതലപ്പൊഴി വരെയുള്ള ഭാഗത്ത് 2010 മുതൽ 57 ആളുകൾ മരിച്ചിട്ടുണ്ട്. എന്നാൽ മുതലപ്പൊഴിയിൽ 16 ആളുകളേ മരിച്ചിട്ടുള്ളൂ.നിയമസഭയിൽ അദ്ദേഹം അസത്യമാണ് പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ കണക്കും ഞാൻ പരിശോധിച്ചു. 16 ആളുകൾ മാത്രമേ മുതലപ്പൊഴിയിൽ മരിച്ചിട്ടുള്ളൂവെന്ന കാര്യത്തിൽ വീണ്ടും ഞാൻ ഉറച്ചുനിൽക്കുന്നു.

മി. സ്പീക്കർ: ഓർഡർ......... ഓർഡർ......... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോവിഡ് കാരണം പട്ടികവർഗ്ഗ വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ

4 (*482) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡും ലോക്ക്ഡൗണും കാരണം ജീവനോപാധികൾ നഷ്ടപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(സി) കോവിഡ് കാരണം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിതം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കോവിഡ്കാരണം കഷ്ടതയനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് MNREGS (Mahatma Gandhi National Rural Employment Guarantee Scheme), ട്രൈബൽ പ്ലസ് എന്നിവ മുഖേന തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതോടൊപ്പം നിർമ്മാണമേഖലയിൽ പരിശീലനം ലഭിച്ച പട്ടികവർഗ്ഗ സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആയതിന്റെ വിപണനമേഖല കണ്ടെത്തി വരുമാനം ലഭ്യമാക്കുന്നതിന് വനം വകുപ്പിന്റെ സഹായത്തോടുകൂടി നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി "നമത് വെള്ളാമെ", " ഹരിത രശ്മി" എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ലോക്ക്ഡൗൺമൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് "ഫുഡ് സപ്പോർട്ട്" പദ്ധതിയും 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് പോഷകാഹാര പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആവശ്യമായ ചികിത്സാ സൗകര്യങ്ങളും നൽകിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ് മെട്രിക്/പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലോക്ക്ഡൗൺ കാലത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ അവരുടെ മെസ് അലവൻസ് പൂർണ്ണമായും രക്ഷകർത്താക്കളുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകി അവർക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നു.

**മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

5 (*485) ശ്രീ. കെ. ആൻസലൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
2. സമ്പാദ്യ സമാശ്വാസ പദ്ധതി.
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ.
4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.
5. കടൽ സുരക്ഷാ പദ്ധതികൾ.
6. ഓഖി പുനരധിവാസ പദ്ധതികൾ.

7. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

8. സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ബസ് സർവ്വീസ്).

9. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ.

10. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ.

11 മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

12. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ സഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.

13. മത്സ്യത്തൊഴിലാളി പെൻഷൻ.

(ബി) ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വാസയോഗ്യമായ വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടിന്റെ പുനരുദ്ധാരണത്തിന് സഹായം നൽകുന്നതിനോ വീട് നൽകുന്നതിനോ പദ്ധതിയുണ്ടോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിരുന്നു. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു. അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികളുൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കി വരുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ കുടുംബങ്ങളേയും പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം പദ്ധതിയും 50 മീറ്ററിനുപുറത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാവിഭാഗം ജനങ്ങൾക്കും ലൈഫ് പദ്ധതി വഴി ഭവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 2016-17-ൽ ഭവന അറ്റകുറ്റപ്പണിക്ക് 4000 പേർക്ക് ധനസഹായം അനുവദിച്ചതിൽ 3766 പേർ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) ഭൂരഹിതരും ഭവനരഹിതരുമായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വീടനുവദിക്കാൻ ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. ലൈഫ് പദ്ധതിയിലെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്കും ഒരു റേഷൻ കാർഡിലുൾപ്പെട്ട കുടുംബത്തിന് ഒരു വീട്, ഗുണഭോക്താക്കൾക്ക് 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാകരുത് എന്നീ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) എല്ലാ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനായിട്ടുണ്ടോ?

2020-21 വർഷം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ (2,40,211) മത്സ്യത്തൊഴിലാളികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്.

**ഡാം പുനരുദ്ധാരണ വികസന പദ്ധതി**

6 (*486) <u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡാമുകളുടെ സുരക്ഷിതത്വവും ശേഷിയും ഉറപ്പാക്കുന്നതിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ വികസന പദ്ധതി ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതെല്ലാം അണക്കെട്ടുകളിലാണ് നടപ്പാക്കുന്നത്; പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് ഡാമുകളുടെ സുരക്ഷിതത്വവും ശേഷിയും ഉറപ്പാക്കുന്നതിനായി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഡാം പുനരുദ്ധാരണ വികസന പദ്ധതിയിൽ ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 16 ഡാമുകൾ/ ബാരേജുകൾ/റെഗുലേറ്ററുകൾ (മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിണി, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി എന്നീ ഡാമുകൾ, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ) എന്നിവയാണ് ഉൾപ്പെട്ടിട്ടുള്ളത്. ടി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള 16 പ്രവൃത്തികളുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ 13 ഡാമുകളുടെ പണികൾ

പൂർണ്ണമായി പൂർത്തീകരിക്കുകയും ശേഷിക്കുന്ന മൂന്ന് ഡാമുകളുടെ (നെയ്യാർ, കല്ലട, പീച്ചി) പണികൾ കൂടാതെ 16 ഡാമുകളുടെ ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികൾ, തിരുവനന്തപുരം നഗരത്തിലെ ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവ DRIP രണ്ടാം ഘട്ടത്തിൽ പുരോഗമിച്ചുവരുന്നു. DRIP ഒന്നാം ഘട്ട (Phase-I) പദ്ധതിയിൽ അനുമതി ലഭിച്ച 327 കോടി രൂപയിൽ നാളിതുവരെ 274.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടത്തിന് കേന്ദ്ര ജല കമ്മീഷൻ അംഗീകാരം നൽകിയിട്ടുണ്ടോ; രണ്ടാംഘട്ട പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

6 വർഷം കാലാവധിയുള്ള (2020-26) ഡാം പുനരുദ്ധാരണ വികസന പദ്ധതിയുടെ (DRIP- Dam Rehabilitation and Improvement Project) രണ്ടാം ഘട്ടത്തിനായി കേന്ദ്ര ജല കമ്മീഷനിൽനിന്നും 240 കോടി രൂപയ്ക്ക് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 22-7-2020-ലെ സ.ഉ. (സാധാ.) നം.481/2020/ജ.വി.വ. ഉത്തരവും ആയതിന്റെ പുതുക്കിയ 21-8-2020-ലെ സ.ഉ. (സാധാ.) നമ്പർ 539/2020/ജ.വി.വ. ഉത്തരവും പ്രകാരം 240 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീങ്കര, കാഞ്ഞിരപ്പുഴ, മലങ്കര, കല്ലട, പീച്ചി, നെയ്യാർ, വാളയാർ, കുറ്റ്യാടി, കാരാപ്പുഴ, മംഗലം എന്നീ ഡാമുകളും പഴശ്ശി, പമ്പ മണിയാർ, ഭൂതത്താൻകെട്ട് എന്നീ ബാരേജുകളുമാണ് DRIP Phase-II-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര ജല കമ്മീഷന്റെ മേൽനോട്ടത്തിൽ നടത്തുന്ന ടി പദ്ധതിയിൽ ഈ വർഷം (2021-22) നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

കുറ്റ്യാടി ഡാമിന്റെ കോൺക്രീറ്റ് സ്ട്രക്ച്ചറിനെ ബലപ്പെടുത്തുന്ന പ്രവൃത്തികൾ, കാരാപ്പുഴ ഡാമിന്റെ പുനരുദ്ധാരണം, കാഞ്ഞിരപ്പുഴ ഡാമിന്റെ പുനരുദ്ധാരണം, ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സിന്റെ ഇലക്ട്രിക്കൽ പണികൾ എന്നിവയുടെ ടെണ്ടർ നടപടി നടന്നുവരുന്നു. മലങ്കര, കല്ലട എന്നീ ഡാമുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും മണിയാർ ബാരേജിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ DRIP Phase-I-ൽ പൂർത്തിയാക്കാൻ സാധിക്കാത്ത മൂന്ന് ഡാമുകളിലെ (നെയ്യാർ, കല്ലട, പീച്ചി ഡാം) ശേഷിക്കുന്ന പ്രവൃത്തികളും 16 ഡാമുകളുടെ ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികളും തിരുവനന്തപുരം നഗരത്തിലെ ഡാം സേഫ്റ്റി ഹെഡ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്നിവയും ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുരോഗമിച്ചുവരുന്നു. 40 കോടി രൂപയാണ് DRIP Phase-II-ന്റെ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം.

(സി) ആശങ്കാജനകമായ അവസ്ഥയിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിനുപകരം പുതിയ അണ കെട്ടാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തെപ്പറ്റിയുള്ള ആശങ്കകൾ കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി പുതിയ അണക്കെട്ട് പണിയുന്നതിനുള്ള കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടുകൂടി പുതിയ ഡാം നിർമ്മിക്കുവാനുള്ള വിഷയം 7-5-2014-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒ.എസ്. നമ്പർ 3/2006-ലെ വിധിന്യായപ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിൽ ആയതിനാൽ ടി പദ്ധതിക്ക് പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിനായി (Environmental Impact Assessment (EIA) Study) കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2018 സെപ്റ്റംബർ 14-ന് പരിസ്ഥിതി ആഘാത പഠനത്തിനുള്ള Terms of Reference (ToR)-ന് നിബന്ധനകളോടെ അംഗീകാരം നൽകുകയും EIA പഠനം പുരോഗമിച്ച് വരികയും ചെയ്യുന്നു. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ DPR പുതുക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യൂ.-വിന്റെ അദ്ധ്യക്ഷതയിൽ 12-2-2021-ലെ സ.ഉ. (സാ.ധാ) നമ്പർ 102/2021/ജ.വി.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കി വരുന്നത്. പ്രസ്തുത കമ്മിറ്റി, യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടി സ്വീകരിക്കുകയും DPR പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം 2018 നവംബർ 14-ന് ഇറക്കിയ ഉത്തരവ് നമ്പർ J-12011/22/2018-IA-I പ്രകാരം EIA പഠനത്തിനുള്ള ToR അംഗീകാരം നിബന്ധനകളോടെ ലഭിക്കുകയുണ്ടായി. പ്രസ്തുത ToR-ന്റെ കാലാവധി 4 വർഷമാണ്. EIA പഠനം കൺസൾട്ടന്റ് വഴി പുരോഗമിച്ചുവരുന്നു.

## പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ ഉന്നമനം

7 (*487) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനത്തിനായി തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും പിന്നാക്ക വിഭാഗ വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സാമ്പത്തികോന്നമനത്തിനായി തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഓട്ടോമൊബൈൽ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ.ടി.ഐ./ ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയശേഷം പരിശീലനവും തൊഴിലും ഉറപ്പുവരുത്തുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുന്നതിനായി 'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ' എന്ന പദ്ധതിയും തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയിൽ തൊഴിൽ ലഭ്യതയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന 3 ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. മെഡിക്കൽ/എഞ്ചിനീയറിംഗ്, ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/NET/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം.

2. ഒ.ബി.സി. പ്രൊഫഷണൽസിനുള്ള സ്വയംതൊഴിൽ വായ്പ.

3. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയംതൊഴിൽ വായ്പ.

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം മുഖേന 15064 പേർക്കും കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി പ്രകാരം 726 പേർക്കും സഹായം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സമുദായങ്ങളിൽപ്പെട്ട പ്രൊഫഷണലുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ സഹായം നൽകിവരുന്നുണ്ടോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒ.ബി.സി. വിഭാഗങ്ങളിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ സ്വയംതൊഴിൽ വായ്പ അനുവദിച്ചുവരുന്നു. സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതിപ്രകാരം 40 വയസ്സ് വരെ പ്രായപരിധിയുള്ള പ്രൊഫഷണലുകളായ ബിരുദധാരികൾക്ക് 20 ലക്ഷം രൂപ വരെ വായ്പ ലഭ്യമാകും. വായ്പാ തുകയുടെ 20% (പരമാവധി 20 ലക്ഷം) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായും അനുവദിക്കുന്നതാണ്.

(സി) സിവിൽ സർവ്വീസ് ഉൾപ്പെടെ വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും എഞ്ചിനീയറിംഗ് ഉൾപ്പെടെ ഉപരിപഠനത്തിനുള്ള പരീക്ഷകളിൽ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും പരിപാടികളുണ്ടോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന പദ്ധതിയുടെ ഭാഗമായി സിവിൽ സർവ്വീസ് പരീക്ഷ, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് തുടങ്ങിയ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് കൈവരിക്കാനായ പ്രവർത്തനനേട്ടം വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കൈവരിച്ച പ്രവർത്തനനേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൈപ്പുകൾ പൊട്ടുന്നതുമൂലം തകരുന്ന റോഡുകൾ

8 (*488) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

റോഡ് വികസനത്തിന്റെ ഭാഗമായി നടപ്പാതകൾക്ക് മുകളിലൂടെയും മുൻകാലങ്ങളിൽ സ്ഥാപിച്ച പൈപ്പുകൾക്ക് മുകളിലൂടെയും ടാർ ചെയ്ത് വരുന്നതിനാൽ പൈപ്പ് ലൈനുകൾ റോഡിന്റെ മധ്യഭാഗത്തായിട്ടുള്ള സാഹചര്യങ്ങളിൽ ലീക്ക് റെക്റ്റിഫിക്കേഷൻ നടത്തുന്നതിനായി റോഡുകൾ വെട്ടിപ്പൊളിക്കേണ്ടതായി വരുന്നുണ്ട്. അമിതഭാരം കയറ്റിവരുന്ന വാഹനങ്ങളുടെ മർദ്ദവും പൈപ്പ് ലൈനുകൾക്ക് സമീപമുള്ള മറ്റുവികസന പ്രവർത്തനങ്ങളുംമൂലം പൈപ്പ് ലൈനുകൾ പൊട്ടാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി വാങ്ങി ആവശ്യമുള്ള ഭാഗം മാത്രം വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ നന്നാക്കുകയും ബിറ്റുമിൻ റെഡിമിക്സ്/ കോൺക്രീറ്റ് ഉപയോഗിച്ച് റോഡ് നന്നാക്കുകയും ചെയ്തുവരുന്നു.

(സി) കുഴിച്ച റോഡുകളുടെ അറ്റകുറ്റപ്പണികളുടെ ചുമതല ഏത് വകുപ്പിനാണ് എന്ന് വിശദമാക്കാമോ; ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ നൽകാമോ?

അറ്റകുറ്റപ്പണികളുടെ ഭാഗമായി കുഴിക്കുന്ന റോഡുകൾ അറ്റകുറ്റപ്പണികൾക്കുശേഷം അതോറിറ്റി തന്നെ മൂടി ബിറ്റുമിൻ റെഡിമിക്സ്/ കോൺക്രീറ്റ് ഉപയോഗിച്ച് സഞ്ചാരയോഗ്യമാക്കുന്നു. അറ്റകുറ്റപ്പണിക്കായി റോഡ് കുഴിക്കുന്നതിനുമുമ്പ് പുനർനിർമ്മാണത്തിനാവശ്യമായ തുക ഒടുക്കണം എന്ന് പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിക്കുന്ന അവസരങ്ങളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റ് അനുസരിച്ച് റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് പി.ഡബ്ല്യൂ.ഡി.-യിൽ നിക്ഷേപിക്കാറുണ്ട്. പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി റോഡുകളുടെ മെയിന്റനൻസ് പൊതുമരാമത്തുവകുപ്പ് നേരിട്ടുതന്നെ ചെയ്തുവരുന്നുണ്ട്.

## മത്സ്യ സംസ്കരണത്തിന് ശീതീകരണ സംവിധാനം

9 (*489) ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യബന്ധനം വഴി ലഭിക്കുന്ന മത്സ്യത്തിന്റെ അഞ്ചിലൊന്ന് ഭാഗത്തോളം ശീതീകരണ സംഭരണ സംവിധാനത്തിന്റ അപര്യാപ്തതകൊണ്ട് ഉപയോഗശൂന്യമാകുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള പരിഹാരമാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ;

(ബി) മത്സ്യബന്ധനം മുതൽ ഉപഭോക്താക്കളിലെത്തുന്നത് വരെയുള്ള കോൾഡ് ചെയിൻ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ;

&

(സി) കേടാകാത്തതും രാസവസ്തുക്കൾ ചേർക്കാത്തതുമായ ഉയർന്ന ഗുണനിലവാരമുള്ള മത്സ്യോത്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്നതിന് ഹൈജീനിക് റഫ്രിജറേഷൻ മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ-സി) ഉണ്ട്.

(ഡി) മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കാനുള്ള പ്രവർത്തനത്തെ ക്കുറിച്ച് അറിയിക്കാമോ?

മത്സ്യവിപണനരംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് മത്സ്യമാർക്കറ്റുകൾ ആധുനീകരിക്കാനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചുവരുന്നു. ഇതിനോടകം തന്നെ കേന്ദ്ര/സംസ്ഥാന സർക്കാർ ധനസഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ചുകഴിഞ്ഞു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 63.51 കോടി

രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യ ഘട്ടമായി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 26 മത്സ്യമാർക്കറ്റുകൾക്കുകൂടി കിഫ്ബിയുടെ അംഗീകാരം 7-8-2021-ന് ലഭിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖേന ആലപ്പുഴ ജില്ലയിലെ അരൂരിലും കൊല്ലം ജില്ലയിലെ ഓച്ചിറയിലും ആധുനിക മത്സ്യ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**ജനവാസ മേഖലകളിലെ വന്യജീവി ആക്രമണം**

10 (*490) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയോട് ചേർന്ന ജനവാസ മേഖലകളിൽ വന്യജീവികൾ സ്വൈരവിഹാരം നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജനവാസ മേഖലകളിൽ വന്യജീവികൾ വർദ്ധിച്ച തോതിൽ എത്തിച്ചേരുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനത്തോട് ചേർന്നുള്ള ചില ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ എത്തിപ്പെടുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനും ജനങ്ങളുടെ സുസ്ഥിര ജീവിതത്തിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വന്യജീവി ആക്രമണം തടയുന്നതിനായി താഴെ പറയുന്ന പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ

കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പിലെ ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധി പ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ. (സാധാ) നമ്പർ 111/2020/വനം, 11-01-2021 ലെ സ.ഉ.(സാധാ) നമ്പർ 5/2021/വനം, 28-01-2021-ലെ സ.ഉ. (സാധാ) നമ്പർ 25/2021/ വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-05-2021-ലെ സ.ഉ. (സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-05-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ)നം. 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം എന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകിവരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്.

(സി) വന്യജീവി ആക്രമണം ഇല്ലാതാക്കുന്നതിനും നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കി വരുന്നുണ്ട്. ഇതിനായി പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ കരട് തയ്യാറാക്കി ഉദ്യോഗസ്ഥതല ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. കരട് പദ്ധതിയിൽ ബന്ധപ്പെട്ട എല്ലാവരുടെയും അഭിപ്രായത്തിനായി വനം വകുപ്പ് വെബ്സൈറ്റിലും പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രതികരണങ്ങൾ ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ജനപ്രതിനിധികൾ, കർഷക സംഘർഷങ്ങൾ, പ്രകൃതി സംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കൾ, ഇതര സർക്കാർ വകുപ്പുകൾ, ശാസ്ത്രജ്ഞർ മുതലായവരുമായി ചർച്ചചെയ്ത് വിശദമായ, സമഗ്രമായ ഒരു പദ്ധതി രേഖ തയ്യാറാക്കുന്നതാണ്. വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് നിലവിൽ 8-1-2015-ലെ സ.ഉ. (കൈ) 02/2015/വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. മരണം, പരിക്ക്, അംഗവൈകല്യം എന്നിവ സംഭവിച്ചവർക്ക് 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിലും നഷ്ടപരിഹാരം നൽകിവരുന്നു.

**പട്ടികഗോത്രവർഗ്ഗക്കാർക്കായുള്ള പദ്ധതികൾ**

11 (*491) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രങ്ങളിൽപ്പെട്ടവരെ സ്പെഷ്യൽ ഡ്രൈവിലൂടെ പോലീസ്, എക്സൈസ്, വനം തുടങ്ങിയ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ടോ?

നിയമിച്ചിട്ടുണ്ട്. ആദിവാസി മേഖലകളായ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനാതിർത്തിയിലും വനത്തിനുള്ളിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ യോഗ്യരായ യുവജനങ്ങളിൽ നിന്നും മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി രണ്ടുഘട്ടങ്ങളിലായി ആകെ 200 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുള്ളതാണ്.

എക്സൈസ് വകുപ്പിൽ പട്ടിക ഗോത്രങ്ങളിൽപ്പെട്ട 23 സിവിൽ എക്സൈസ് ഓഫീസർമാരെയും 2 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. വനം-വന്യജീവി വകുപ്പിൽ 17-11-2001-ലെ ജി.ഒ. (എം.എസ്.) 68/2001/വനം പ്രകാരം ആദിവാസികളിൽനിന്നും 300 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചിരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 2013-ൽ 700 പേരെ ട്രൈബൽ വാച്ചർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഒരാളെ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി വിഭാഗത്തിൽ നിന്ന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിലേയ്ക്കായി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 12-2-2021-ലെ സ.ഉ.(കൈ)നമ്പർ 3/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ടി തസ്തികകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടന്നുവരുന്നു.

(ബി) ഗോത്രബന്ധു പദ്ധതിയിൽ വയനാടിന് പുറമേ മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിരുന്നോ; എങ്കിൽ ആകെ എത്ര പേരെയെന്ന് അറിയിക്കാമോ?

ഗോത്രബന്ധു പദ്ധതിയിൽ വയനാടിന് പുറമേ പാലക്കാട് ജില്ലയിൽ 46 പേരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. ആകെ നിയമിക്കപ്പെട്ടവരുടെ എണ്ണം 287 ആണ്. മലപ്പുറം ജില്ലയിൽ 29 പേരെയും പാലക്കാട് ജില്ലയിൽ 10 പേരെയും കൂടി നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നൈപുണ്യവികസന പരിശീലനം നൽകിയതിൽ എത്രപേർക്ക് പ്ലേസ്മെന്റ് നൽകാനായിട്ടുണ്ട്; ഇവർക്ക് വിദേശത്ത് ജോലി ലഭ്യമാക്കാൻ സർക്കാർ നടത്തിയ ശ്രമം അറിയിക്കാമോ?

2016 മുതൽ 2019 വരെ 4208 പേർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയതിൽ 2990 പേർക്ക് പ്ലേസ്മെന്റ് നൽകുകയുണ്ടായി. 22 പേർക്ക് വിദേശത്ത് പ്രധാനമായും ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ, oil & rig എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകി UAE-ൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. 22 യുവാക്കൾക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് യാത്രാ ചെലവ്, മെഡിക്കൽ ഫീസ്, മറ്റ് അനുബന്ധ ചെലവുകൾ എല്ലാം സർക്കാർ വഹിച്ചുകൊണ്ടാണ് ജോലി ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഗോത്രജീവിക പദ്ധതിയിൽ കെട്ടിടനിർമ്മാണ പരിശീലനം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

ഗോത്രജീവിക പദ്ധതിയിൽ കെട്ടിട നിർമ്മാണ പരിശീലനം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് അവരുടെ സങ്കേതങ്ങൾക്ക് സമീപത്തുതന്നെ പരിശീലന സൗകര്യമൊരുക്കിയാണ് കെട്ടിടനിർമ്മാണത്തിൽ പരിശീലനം നൽകിയത്. കെട്ടിടത്തിന്റെ അസ്ഥിവാരം മുതൽ കട്ടകെട്ടൽ, കോൺക്രീറ്റ്, പെയിന്റിംഗ്, തടിപ്പണി, വയറിംഗ്, ടൈലിംഗ്, പ്ലംബിംഗ് എന്നിങ്ങനെ ഒരു കെട്ടിടം പൂർണ്ണമായും നിർമ്മിക്കുന്നതിനുള്ള ഒരു സമ്പൂർണ്ണ പരിശീലനമാണ് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം വഴി നൽകിയത്. 2019-20-ൽ 1170 പേർക്ക് പരിശീലനം നൽകി. ഇപ്രകാരം പരിശീലനം നൽകിയവരെ 53 ചെറുസംഘങ്ങളാക്കി മാറ്റി രജിസ്റ്റർ ചെയ്ത് അവർക്ക് തൊഴിൽ ഉപകരണങ്ങൾകൂടി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നു. തുടർന്ന് വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഇവർ മുഖേന പൂർത്തിയാക്കി വരുന്നു. കൂടാതെ 2020-21 വർഷത്തിൽ 1050 പേർക്കുകൂടി ഗോത്ര ജീവിക പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## ജപ്പാൻ കുടിവെള്ള പദ്ധതി

12 (*492) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജിക്ക ധനസഹായത്തോടുകൂടി നടപ്പിലാക്കിയ 5 ശുദ്ധജലവിതരണ പദ്ധതികളിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു. മീനാട്, കോഴിക്കോട് പദ്ധതിയുടെ നിർദ്ദിഷ്ട 2801 കിലോമീറ്റർ വിതരണ ശൃംഖലയിൽ (മീനാട്- 939 കി.മീ., കോഴിക്കോട് - 1862 കി.മീ.), 2415 കിലോമീറ്റർ (മീനാട്- 905 കി.മീ., കോഴിക്കോട്- 1510 കി.മീ.) വിതരണ ശൃംഖലയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ മീനാട് വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജൽജീവൻ മിഷനിലും നിലവിൽ ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പറവൂർ മുനിസിപ്പാലിറ്റിയിലെ പൈപ്പ് ലൈനുകൾ ചാത്തന്നൂർ കുടിവെള്ള പദ്ധതിയിലുള്ള KIIFB-യിലുൾപ്പെടുത്തിയും 2022 ഡിസംബറിനകം പൂർത്തീകരിക്കാനാകുന്നതാണ്. കോഴിക്കോട് ഗ്രാമീണ മേഖലയിലെ ബാക്കിയുള്ള 196 കിലോമീറ്ററിൽ 96 കിലോമീറ്റർ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2021 ഡിസംബറിനകം പൂർത്തിയാക്കുന്നതാണ്. ബാക്കിയുള്ള 100 കിലോമീറ്റർ പൈപ്പിടുന്ന പ്രവൃത്തികൾ ഈ വർഷത്തെ SLSSC (State Level Scheme Sanctioning Committee)-യിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ഗ്രാമീണ മേഖലയിലെ വിതരണ ശൃംഖലയുടെ

ബാക്കിയുള്ള പ്രവൃത്തികൾ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ അർബൻ ജൽജീവൻ മിഷൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി വിജയകരമെങ്കിൽ ഇത്തരം പദ്ധതികൾ കൂടുതലായി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

2036-ൽ 41 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ജിക്ക പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ മുടക്കുമുതൽ താഴെ ചേർക്കുന്നു.

തിരുവനന്തപുരം- 358.49 കോടി

മീനാട് - 261.42 കോടി

ചേർത്തല- 434.63 കോടി

കോഴിക്കോട്- 728.07 കോടി

പട്ടുവം- 339.13 കോടി

പ്രസ്തുത പദ്ധതികളിൽ 3 പദ്ധതികൾ പൂർണ്ണമായും 2 പദ്ധതികളുടെ 90% ഘടകങ്ങളും പ്രവർത്തന സജ്ജമായതിനാൽ പദ്ധതി വിജയകരമാണ്. ടി പദ്ധതികളുടെ 2020-21-ലെ പ്രതിവർഷ വരുമാനം 63.74 കോടി രൂപയാണ്. ധന ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണിക്കാവുന്നതാണ്.

**ക്ഷേത്ര പുനരുദ്ധാരണത്തിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി**

13 (*493) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ?

കേന്ദ്ര പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി അടയാളപ്പെടുത്തിയിട്ടുള്ള ക്ഷേത്രങ്ങൾക്കുമാത്രം പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും കേന്ദ്ര പുരാവസ്തു വകുപ്പിൽനിന്നുള്ള അനുമതി ആവശ്യമാണ്.

(ബി) എങ്കിൽ ഇതിനായി ക്ഷേത്രങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ അനുമതി യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

&

(സി) പുരാവസ്തു വകുപ്പിന്റെ അനുമതി യഥാസമയം ലഭിക്കാത്തതുമൂലം അറ്റകുറ്റപ്പണികൾ നടത്താനാകാതെ പൈതൃകമൂല്യമേറിയ ക്ഷേത്രനിർമ്മിതികൾ സംരക്ഷിക്കാൻ കഴിയാതെ വരുന്ന അവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ബി&സി)പുരാവസ്തു വകുപ്പിന്റെ അനുമതി യഥാസമയം ലഭിക്കാത്തതുമൂലം അറ്റകുറ്റപ്പണികൾ നടത്താനാകാത്ത അവസ്ഥ ചിലയിടങ്ങളിൽ നിലവിലുണ്ട്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിൽനിന്നും അനുമതി ലഭ്യമാകുവാനുള്ള ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പട്ടികജാതി കോളനികളുടെ സമഗ്ര വികസനം**

14 (*494) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) മുപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ വസിക്കുന്ന കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ നടത്തി വന്നിരുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; പദ്ധതിപ്രകാരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്?

പട്ടികജാതി വിഭാഗക്കാർ കൂടുതലായി താമസിച്ചുവരുന്ന പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സമഗ്രമായി വികസിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നതാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി. പ്രസ്തുത പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ ഒരു കോടി രൂപവരെയുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പ്രസ്തുത പദ്ധതി പ്രകാരം ഫീസിബിളായ 447 കോളനികളെ തെരഞ്ഞെടുത്തിരുന്നു. അതിൽ 392 കോളനികളുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. അതിൽ 31-7-2021-ലെ കണക്കുപ്രകാരം 134 കോളനികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിവിധ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കാത്ത 70

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളനികളിലൂൾപ്പെടെ 258 പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്. പ്രസ്തുത പദ്ധതിപ്രകാരം ഫണ്ടിന്റെ ലഭ്യതയും കോളനി നിവാസികളുടെ താൽപ്പര്യവും മുൻനിർത്തി നടപ്പാക്കുന്ന വികസന പദ്ധതികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്*

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കോളനികൾ നവീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

പരിശോധിച്ചുവരുന്നു.

(സി) സമാനമായി പട്ടികഗോത്ര ഊരുകൾ വികസിപ്പിക്കാൻ നടത്തുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വ്യക്തമാക്കാമോ?

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിപ്രകാരം 2017-18 സാമ്പത്തിക വർഷം 94 കോളനികൾ തെരഞ്ഞെടുത്തിരുന്നതിൽ 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളുടെ വികസന പ്രവർത്തനങ്ങൾ 31-3-2022-നകം പൂർത്തീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. തുടർനടപടി സംബന്ധിച്ച് പരിശോധിച്ച് വരികയാണ്. ടി പദ്ധതിപ്രകാരം നടപ്പാക്കുന്ന വികസന പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(ഡി) ഇരു പദ്ധതികളും അടിസ്ഥാനസൗകര്യ വികസനത്തിന് പുറമെ ജീവനോപാധി പ്രവർത്തനങ്ങൾക്കുകൂടി പ്രാധാന്യം നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ?

നൽകുന്നുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡപ്രകാരം വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) എന്നീ ജീവനോപാധി പ്രവർത്തനങ്ങൾക്കുകൂടി പ്രാധാന്യം നൽകുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ജീവനോപാധി പ്രവർത്തനങ്ങൾ ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശുദ്ധജല പദ്ധതികൾ**

15 (*495) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ എല്ലാ ശുദ്ധജല വിതരണ പദ്ധതികളുടെയും പൂർണ്ണ വിനിയോഗം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ എല്ലാ ശുദ്ധജല വിതരണ പദ്ധതികളുടെയും പൂർണ്ണ വിനിയോഗം ഉറപ്പാക്കാൻ കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പുകൾ സ്വീകരിച്ച നടപടി അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാൻ ഫണ്ടുപയോഗിച്ച് ജലനിധി വഴി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള " Sustainability Support to Community Managed Water Supply Scheme" എന്ന പേരിലുള്ള സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി 2019-20, 2020-21 കാലഘട്ടത്തിൽ സംസ്ഥാന പ്ലാൻ ഫണ്ടിൽ 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 21027 ഗുണഭോക്തൃ കുടുംബങ്ങൾക്ക് തടസ്സമില്ലാതെ കുടിവെള്ളം ലഭിക്കുന്ന 369 സ്കീമുകളുടെ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു. സുസ്ഥിരതാ പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ച ബാക്കിയുള്ള 629 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 2021-22-ൽ 339 സ്കീമുകൾക്കുവേണ്ടി 30 കോടി രൂപ കൂടി ബഡ്ജറ്റിലുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ 5139 കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ 2021-22 സാമ്പത്തിക വർഷം 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോവിഡ് ബാധിച്ച് മരിച്ച പട്ടികജാതിയിൽപ്പെട്ടവരുടെ ആശ്രിതർക്കായി വായ്പ പദ്ധതികൾ

16 (*496) ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ച പട്ടികജാതിയിൽപ്പെട്ടവരുടെ ആശ്രിതർക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രത്യേക വായ്പ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോവിഡ് ബാധിച്ച് മരിച്ചതും കുടുംബത്തിന്റെ പ്രധാന വരുമാനദായകനുമായിരുന്ന പട്ടികജാതിയിൽപ്പെട്ട (18-നും 60-നും മധ്യേ പ്രായമുള്ളവരുടെ) കുടുംബത്തിന്റെ പുനർജീവനത്തിനായി SMILE എന്ന പേരിലുള്ള ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചതായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC) വിവിധ സംസ്ഥാനങ്ങളിലെ ചാനലൈസിംഗ് ഏജൻസികളുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത പദ്ധതി നിർദ്ദേശം അന്തിമ അനുമതിക്കായി NSFDC ഭരണസമിതിയുടെ പരിഗണനയിലാണ്. കോവിഡ് ബാധിച്ച് മരിച്ച പട്ടികജാതിയിൽപ്പെട്ട വ്യക്തിയുടെ കുടുംബത്തിലെ ഏറ്റവും അടുത്ത ആശ്രിതന് SMILE പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിനായി പരമാവധി 5 ലക്ഷം രൂപ വരെ വായ്പാ തുക അനുവദിക്കും. അനുവദിക്കുന്ന തുകയുടെ 20% അഥവാ 1 ലക്ഷം രൂപ ഇതിൽ ഏതാണ് കുറവ് അത് സബ്സിഡിയായും അനുവദിക്കുന്നതാണ്.

(ബി) പ്രസ്തുത വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിക്കുന്ന വായ്പയ്ക്ക് സബ്സിഡി ലഭ്യമാണോ; വിശദമാക്കാമോ?

SMILE പദ്ധതിപ്രകാരം ഒരു വ്യക്തിക്ക് അനുവദിക്കുന്ന വായ്പാ തുകയുടെ 20% അഥവാ 1 ലക്ഷം രൂപ ഇതിൽ ഏതാണ് കുറവ് അത് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം മുഖേന NSFDC സബ്സിഡി ആയി അനുവദിക്കുന്നതാണ്.

(സി) വായ്പ പദ്ധതിക്കായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വായ്പാ പദ്ധതിക്കായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷകർ പട്ടികജാതിയിൽപ്പെട്ടവരായിരിക്കണം.

2. അപേക്ഷകൻ കോവിഡ്മൂലം മരിച്ച വ്യക്തിയുടെ ഏറ്റവും അടുത്ത ആശ്രിതൻ ആയിരിക്കണം.

3. കോവിഡ്മൂലം മരിച്ച വ്യക്തിയുടെ പ്രായം 18-നും 60 വയസ്സിനും ഇടയിലായിരുന്നിരിക്കണം.

4. ഒരു കുടുംബത്തിൽ കോവിഡ്മൂലം മരണം സംഭവിച്ച വ്യക്തി ആ കുടുംബത്തിന്റെ പ്രധാന വരുമാന സമ്പാദകനായിരുന്നിരിക്കണം.

5. മരണം സംഭവിച്ചത് കോവിഡ്മൂലമാണെന്ന് തെളിയിക്കുന്നതിന് ആധികാരികമായ രേഖ അപേക്ഷകൻ ഹാജരാക്കേണ്ടതാണ്.

6. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

(ഡി) സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിക്കുന്നതാണ്. വിവിധ ജില്ലകളിൽ കോർപ്പറേഷൻ നടത്തിയ വിപുലമായ സമ്പർക്ക പരിപാടിയിൽ ഗുണഭോക്താക്കളിൽനിന്നും ലഭിച്ച നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് സ്റ്റാർട്ട് അപ് സംരംഭകർക്കായുള്ള വായ്പാ പദ്ധതി, വനിതാ ശാക്തീകരണ പദ്ധതി, ഭവന വായ്പാ പദ്ധതി, ഭവന പുനരുദ്ധാരണ വായ്പാ പദ്ധതി, പ്രവാസി പുനരുദ്ധാരണ വായ്പാ പദ്ധതി എന്നിങ്ങനെ പല പദ്ധതികളും ആവിഷ്കരിച്ച് കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. മാത്രമല്ല കോർപ്പറേഷന് വായ്പ നൽകുന്ന ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനായുള്ള സർക്കാർ ഗ്യാരണ്ടി 30 കോടി രൂപയിൽനിന്നും 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**മത്സ്യബന്ധന മേഖലയുടെ ആധുനീകരണം**

17 (*497) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. മുകേഷ്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യബന്ധന മേഖലയുടെ ആധുനീകരണത്തിലൂടെ മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കി മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കി മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിക്കുകയും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2018 സെപ്റ്റംബർ 1 മുതലാണ് പുതിയ ചട്ടങ്ങൾ ഉത്തരവായിട്ടുള്ളത്. ആയതുപ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. പേഴ്സിൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും 250 എച്ച്.പി. വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത മത്സ്യമേഖലയിലുള്ളവരെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.പുതുക്കിയ കെ.എം.എഫ്.ആർ. ചട്ടം 6 (1) അനുസരിച്ച് നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും ചട്ടം 6 (2) പ്രകാരം തെങ്ങിന്റെ

ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗശൂന്യമായ വല എന്നിവ കൂട്ടികെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യയിനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. കെ.എം.എഫ്.ആർ. ആക്ടിൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി വർദ്ധിച്ച പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും മത്സ്യത്തൊഴിലാളി നേതാക്കളുടെയും പ്രതിനിധികളുടെയും യോഗം വിളിച്ചുചേർത്ത് ഈ വിഷയത്തിൽ ബോധവൽക്കരണം നടത്തിവരുന്നു. മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ജില്ലകളിൽ രൂപീകൃതമായ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ വഴിയും ബോധവൽക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നതുവഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്തുവരുന്നുണ്ട്. മത്സ്യസമ്പത്ത് പരിപാലിക്കുന്നതിന്റെ ഭാഗമായി 2018 മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽനിന്ന് 52 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിച്ച് ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിലൂടെയും ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18-ലെ സമുദ്ര മത്സ്യോല്പാദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കി മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. നീലവിപ്ലവം പദ്ധതിയിലുൾപ്പെട്ട സീകേജ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽനിന്നും 1398 ലക്ഷം രൂപയുടെ അനുമതി ലഭ്യമാകുകയും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ നിലവിൽ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(ബി) മത്സ്യവിഭവ സംരക്ഷണത്തിനും യുക്തിപൂർവ്വമായ മത്സ്യ ബന്ധനത്തിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മത്സ്യവിഭവ സംരക്ഷണത്തിൽ യുക്തിപൂർവ്വമായ മത്സ്യബന്ധനത്തിനായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ ചുവടെപ്പറയുന്ന ഇടപെടലുകൾ നടത്താനുദ്ദേശിക്കുന്നു.

1. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും ഫിഷിംഗ് വില്ലേജ് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സ്യത്തൊഴിലാളികളുടെയും തീരദേശവാസികളുടെയും ഇടയിൽ ബോധവൽക്കരണം നടത്തുക.

2. ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടെയും തീരദേശവാസികളുടെയും ഇടയിലുള്ള പ്രശ്നങ്ങളും സാമൂഹ്യ കലഹങ്ങളും പരിഹരിക്കുക.

3. ഫിഷിംഗ് വില്ലേജിൽ കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക.

4. സംസ്ഥാനത്തിനോ അതിന്റെ ഭാഗത്തിനോ വേണ്ടി മറൈൻ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക.

5. മാരികൾച്ചറിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുക.

6. മാരികൾച്ചർ, സമുദ്ര മത്സ്യസമ്പത്തിന്റെ സംരക്ഷണം, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനം എന്നീ മേഖലകളിൽ പരിശീലന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുക.

(സി) മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനും യാനങ്ങളിൽ മോട്ടോർ ഘടിപ്പിക്കുന്നതിനും സഹായം അനുവദിക്കുന്നുണ്ടോ; മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന ഇന്ധന സബ്സിഡി എത്രയാണെന്ന് അറിയിക്കാമോ?

ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന യാനങ്ങൾക്ക് നോൺ പി.ഡി.എസ്. മണ്ണെണ്ണ വിതരണം (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡ് വഴി ആരംഭിച്ചിട്ടുണ്ട്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലിറ്ററിന് 25 രൂപ സബ്സിഡി ഡി.ബി.റ്റി. ആയി നൽകിവരുന്നു.

**പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ**

18 (*498) ശ്രീ. എം. എം. മണി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ ക്ഷേമത്തിനും പൊതു ഉന്നമനത്തിനുമായി ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പരിപാടികളും പദ്ധതികളും എന്തെല്ലാമെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പരിപാടികളും പദ്ധതികളും ചുവടെ പറയുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

I. വിദ്യാഭ്യാസം.

1. സാമൂഹ്യപഠനമുറി
2. ഗോത്രബന്ധു
3. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ
4. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ
5. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി.
6. ലാപ്ടോപ്പ് വിതരണം
7. വിദേശപഠനത്തിനുള്ള ധനസഹായം

II. തൊഴിലും നൈപുണ്യ പരിശീലനവും.

III. ആരോഗ്യ സംരക്ഷണ പദ്ധതികൾ

1. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
2. അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം
3. ഒ.പി. ക്ലിനിക്കുകളും ആയുർവ്വേദ ഡിസ്പെൻസറികളും
4. ആംബുലൻസ് സേവനം
5. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

IV. <u>പോഷകാഹാര ലഭ്യത ഉറപ്പുവരുത്തൽ</u>

1. മില്ലറ്റ് വില്ലേജ്

2. പട്ടിക വർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം.

V. കിഫ്ബി മുഖേനയുള്ള പദ്ധതികൾ

VI. പി. കെ. കാളൻ കുടുംബ പദ്ധതി

VII. ഗോത്രവാത്സല്യനിധി

VIII. <u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>

a) അടിസ്ഥാനസൗകര്യങ്ങൾ

b) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി.

(ബി) അർഹരായ എല്ലാവർക്കും വികസനക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് എസ്.ടി. പ്രൊമോട്ടർമാരുടെ പ്രവർത്തനം സഹായകമാകുന്നുണ്ടോ; കൂടുതൽ എസ്.ടി. പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉണ്ട്. വകുപ്പിൽ കൂടുതൽ എസ്.ടി. പ്രൊമോട്ടർമാരെ നിയമിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരെ വികസന മുഖ്യധാരയിൽ എത്തിക്കാൻ പ്രത്യേകം പരിപാടിയുണ്ടോ; അറിയിക്കുമോ?

പ്രത്യേക ദുർബ്ബല വിഭാഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. വിദ്യാഭ്യാസ- സാമൂഹ്യവികസനം മുതൽ അവരുടെ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ളവ ലക്ഷ്യംവയ്ക്കുന്നു. വിദ്യാർത്ഥികളുടെ പഠന സൗകര്യത്തിനായി പ്രത്യേക മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രത്യേക ദുർബ്ബല വിഭാഗക്കാർക്കായി വയനാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവേശനത്തിനും ഇവർക്ക് പ്രഥമ പരിഗണന നൽകിവരുന്നു. പ്രത്യേക കേന്ദ്രസഹായ പദ്ധതിയിലുൾപ്പെടുത്തി കോളനികളുടെ അടിസ്ഥാന സൗകര്യവികസനം പ്രത്യേകമായി നടപ്പിലാക്കിയിട്ടുണ്ട്. ഭവന രഹിതരായ എല്ലാ ദുർബ്ബല വിഭാഗക്കാർക്കായി ഭവനങ്ങൾ നിർമ്മിച്ച് നൽകിവരുന്നു. വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കാൻ അർഹതയുള്ളവർക്ക് ഭൂമിയിന്മേലുള്ള അവകാശം നൽകിവരുന്നു. ആരോഗ്യ സംരക്ഷണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കാർഷിക അടിസ്ഥാനത്തിലുള്ള പദ്ധതികൾക്കും ഇവർക്ക് പ്രധാന്യം നൽകിവരുന്നു. നൈപുണ്യ പരിശീലനത്തിനും മറ്റ് തൊഴിലവസരങ്ങൾ നൽകുന്നതിനും പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്. ഈ മേഖലകളിൽ പഠനമുറികൾ ആരംഭിക്കുന്നതിനായി പ്രത്യേക കേന്ദ്രസഹായം ലഭ്യമായിട്ടുണ്ട്.

## പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുന്ന പദ്ധതി

19 (*499) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ ഒരു നിയോജക മണ്ഡലത്തിൽനിന്ന് ഒരു കോളനി വീതം ദത്തെടുത്ത് സമഗ്ര വികസനം യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ;

&

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ വിവിധ നിയോജകമണ്ഡലങ്ങളിൽ പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് കോളനികളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2017-18 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 94 കോളനികളിൽ 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആയത് 31-3-2022-നകം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2020-21 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് ഫയൽ സർക്കാർ പരിഗണനയിലാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനനിർമ്മാണം**

20 (*500) ശ്രീ. റോജി എം. ജോൺ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തിനായി ഈ സർക്കാർ നടപ്പാക്കിയിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വാസയോഗ്യമായ വീട് അനുവദിക്കുന്നത്. കൂടാതെ, ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

2019-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേയുടെയും ഊര് കൂട്ടത്തിന്റെയും കണക്കുകൾപ്രകാരം ഭൂരഹിത ഭവനരഹിതരായി 7930 പേരും ഭൂമിയുള്ള ഭവനരഹിതരായി 16070 പട്ടികവർഗ്ഗക്കാരുമുണ്ടെന്ന് കണ്ടെത്തിയിരുന്നു.

(സി) നിലവിലെ പദ്ധതികൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായുള്ള തുക പര്യാപ്തമല്ല എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ലൈഫ് മിഷൻ പദ്ധതിപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നുണ്ട്. എന്നാൽ, ലൈഫ് മിഷൻ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ നിർമ്മിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന പട്ടിക വർഗ്ഗക്കാരുടെ വീടുകൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി തുകയുടെ 20% വരെ അധികമായി അനുവദിച്ചുവരുന്നുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കറിൽ കുറയാതെയും ഭൂമി കൂടുതലുള്ള സ്ഥലങ്ങളിൽ ലഭ്യത അനുസരിച്ച് അഞ്ചേക്കർ വരെയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സർവ്വതോന്മുഖമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടിയുള്ള നടപടി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിവരുന്നു. വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി കണ്ടെത്തി ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ**

21 (*501) ശ്രീ. എം. മുകേഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലുള്ള എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ, ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുകയെന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്.

(ബി) പദ്ധതി നടത്തിപ്പിനായി സംസ്ഥാന, ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട സമിതികളുടെ ചുമതലകളും പ്രവർത്തനങ്ങളും വിശദമാക്കാമോ; പദ്ധതി നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ചുമതലകൾ വ്യക്തമാക്കാമോ?

പദ്ധതി നടത്തിപ്പിനായി സംസ്ഥാന, ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട സമിതികളുടെ ചുമതലകളും പ്രവർത്തനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ചുമതലകളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ഗ്രാമീണ ഭവനങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സെൻസസ് വിവരങ്ങളിൽ നിന്നും ലഭ്യമായ സംസ്ഥാനത്തെ ഗ്രാമീണ ഭവനങ്ങളുടെ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (IMIS)-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ അനുസരിച്ചാണ് പദ്ധതി ആസൂത്രണം ചെയ്യുന്നത്.

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് ഉപഭോക്തൃ വിഹിതം അടയ്ക്കേണ്ടതുണ്ടോയെന്നും എന്നത്തേയ്ക്ക് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം പദ്ധതിച്ചെലവിന്റെ 10% ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്. ഗുണഭോക്തൃ വിഹിതം പണമായോ, സേവനമായോ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളായോ ലഭ്യമാക്കാവുന്നതാണ്. 2024-ഓടുകൂടി എല്ലാ ഗ്രാമീണ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വനമഹോത്സവം പദ്ധതി

22 (*502) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. എം. മണി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ച് വരുന്നുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.0161 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തോട് ചേർന്നുകിടക്കുന്ന തെരഞ്ഞെടുത്ത സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്. KIIFB-യുടെ കീഴിൽ വനത്തിനുള്ളിൽ ജനവാസമുള്ള സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. മേൽ പ്രസ്താവിച്ച നടപടി വഴി സംസ്ഥാനത്തെ വനവിസ്തൃതി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വന വിസ്തൃതിയിലുണ്ടായ വ്യതിയാനങ്ങൾ ദിനാന്തരീക്ഷ സ്ഥിതിയെയും കാലാവസ്ഥയെയും എങ്ങനെ സ്വാധീനിക്കുമെന്ന് പഠന വിധേയമാക്കിയിരുന്നോ?

വനവിസ്തൃതിയിലുണ്ടായ വ്യതിയാനങ്ങൾ ദിനാന്തരീക്ഷ സ്ഥിതിയെയും കാലാവസ്ഥയെയും എങ്ങനെ സ്വാധീനിക്കുമെന്നത് സംബന്ധിച്ച് വനം വകുപ്പിൽനിന്ന് പഠനം നടത്തിയിട്ടില്ല.

(സി) മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനായി ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി പൊതുസമൂഹത്തിൽനിന്നും നിർദ്ദേശങ്ങൾ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടി പെരിയാർ, പറമ്പിക്കുളം കൺസർവേഷൻ ഫൗണ്ടേഷനുകളെ ചുമതലപ്പെടുത്തുകയുണ്ടായി. പദ്ധതിയുടെ കരട് തയ്യാറാക്കി ഉദ്യോഗസ്ഥതല ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. ടി കരട് പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും അഭിപ്രായത്തിനായി വനം വകുപ്പ് വെബ്സൈറ്റിലും പത്രങ്ങളിലും പരസ്യപ്പെടുത്തിയിട്ടുണ്ട്. ജനപ്രതിനിധികൾ, കർഷക സംഘങ്ങൾ, പ്രകൃതിസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കൾ, ഇതര സർക്കാർ വകുപ്പുകൾ, ശാസ്ത്രജ്ഞർ മുതലായവരുമായി ചർച്ച ചെയ്ത് വിശദവും സമഗ്രവുമായ ഒരു പദ്ധതി രേഖ ആവിഷ്കരിക്കാവുന്നതാണ്.

(ഡി) വന മഹോത്സവം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തെല്ലാമാണെന്നും ഈ പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ?

ഹരിതകവചം വർദ്ധിപ്പിക്കുകയാണ് വനമഹോത്സവത്തിന്റെ ലക്ഷ്യം. വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് വനമഹോത്സവത്തിന്റെ ഭാഗമായി ടെറിട്ടോറിയൽ/ വൈൽഡ് ലൈഫ് വിഭാഗങ്ങൾ മുഖേന വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി VSS/EDC പ്ലാന്റിംഗ്, ട്രൈബൽ കോളനി സെറ്റിൽമെന്റുകളിൽ വനവൽക്കരണം, വന പുനഃസ്ഥാപനം, നഗരവനം, വിദ്യാവനം, പുൽമേട് പുനഃസ്ഥാപനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കയർ ഫൈബർ റൂട്ട് ട്രെയിനർ തയ്യാറാക്കൽ, വനത്തോട് ചേർന്നുകിടക്കുന്ന ഗോത്രവർഗ്ഗ കോളനികളിൽ നിന്നുമുള്ള അധിനിവേശ സസ്യങ്ങളുടെ ഉൻമൂലനം/ നദീതടങ്ങളിൽ ജലത്തെ ആശ്രയിക്കുന്ന ജീവികൾക്കുതകുന്ന രീതിയിലുള്ള തൈ നടീൽ, ദുരന്തനിവാരണ വനവൽക്കരണം/കുറിഞ്ഞിമല സങ്കേതത്തിലെ കുറിഞ്ഞി പ്ലാന്റിംഗ് എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

## മത്സ്യത്തൊഴിലാളി മേഖലയിൽ പ്രത്യേക പാക്കേജ്

23 (*503) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളും കടൽക്ഷോഭവും കൂടിവരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നിരവധി ദിവസങ്ങളിൽ കടലിൽ പോകാൻ സാധിക്കാത്തതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സർക്കാർ മുന്നറിയിപ്പുകാരണം കടലിൽ പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ദിവസവേതനമായി നിശ്ചിത തുക നൽകാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

2020-21-ൽ കോവിഡ്-19, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവയാൽ ജീവനോപാധി നഷ്ടപ്പെട്ട കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര ധനസഹായമായി 2,000 രൂപ വീതവും അനുബന്ധത്തൊഴിലാളികൾക്ക് 1,000 രൂപ വീതവും നൽകുന്നതിനായി 36.126 കോടി രൂപ അനുവദിക്കുകയും ആയത് 207104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ടൗട്ടേ ചുഴലിക്കാറ്റ് മുന്നറിയിപ്പിനെത്തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്ന 6 ദിവസത്തേയ്ക്കുള്ള ധനസഹായം ഒരു കുടുംബത്തിന് 1,200 രൂപ നിരക്കിൽ തിട്ടപ്പെടുത്തി 18.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും 1,000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിതരണം ചെയ്തുവരുന്നു. കോവിഡ്-19-ന്റെ രണ്ടാം തരംഗത്തിന്റെയും ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ പേമാരിയുടെയും പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഭക്ഷ്യ ഇനങ്ങൾ, മാസ്ക്, സാനിട്ടൈസർ എന്നിവ ഉൾപ്പെടുന്ന 20 ഇനങ്ങളുടെ കിറ്റ് സിവിൽ സപ്ലൈസ് മുഖേന റേഷൻ കടകൾ വഴി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ട്. 122377 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ ജനങ്ങൾക്ക് പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേക പാക്കേജ് നിലവിൽ പരിഗണനയിലില്ല.

**വനഭൂമി സംരക്ഷിക്കാൻ നടപടി**

24 (*504) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ വനമേഖലകൾ സംരക്ഷിക്കുവാൻ വനാതിർത്തികളിൽ ജണ്ട കെട്ടി സംരക്ഷിക്കൽ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ച് വനമേഖലയിൽ ശക്തമായ പട്രോളിംഗും നടത്തിവരുന്നുണ്ട്. വനം കുറ്റകൃത്യങ്ങളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോ റെസ്റ്റോറേഷൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്. വനപരിപാലനത്തിനും വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജല സംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തി വരുന്നുണ്ട്.

(ബി) വനഭൂമിയിൽ അവകാശമുന്നയിച്ച് വ്യക്തികൾ കോടതി വ്യവഹാരങ്ങളിലേയ്ക്ക് നീങ്ങുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനഭൂമിയിൽ അവകാശമുന്നയിച്ച് ചില വ്യക്തികൾ കോടതി വ്യവഹാരങ്ങളിലേയ്ക്ക് നീങ്ങുന്നതായി കാണുന്നുണ്ട്.

(സി) എങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയം പൂർത്തിയാക്കി ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതി വ്യവഹാരങ്ങളിൽ വസ്തുതകളും നിയമവശങ്ങളും കോടതിയുടെ മുമ്പാകെ ബോദ്ധ്യപ്പെടുത്തി അനുകൂല വിധികൾ സമ്പാദിക്കുന്നതിന് നടപടി എടുത്തുവരുന്നുണ്ട്. പുതുതായിട്ടുള്ള കയ്യേറ്റ ശ്രമങ്ങൾ തടഞ്ഞ് ഒഴിവാക്കി വരുന്നുണ്ട്. ആയതിന്മേൽ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നു.

**സാമൂഹ്യ വനവൽക്കരണം**

25 (*505) ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിനായി സബ്സിഡി നിരക്കിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ?

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എല്ലാവർഷവും സർക്കാർ ഉത്തരവുപ്രകാരം വനം വകുപ്പ് വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. ഈ വർഷം ജൂൺ 5 പരിസ്ഥിതി ദിനം മുതൽ ജൂലൈ 7 വനമഹോത്സവം സമാപനദിനം വരെ വൃക്ഷത്തൈകൾ 7-5-2021-ലെ സ.ഉ. (സാധാ)നമ്പർ 142/21/വനം പ്രകാരം സൗജന്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകൾ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് വിതരണം ചെയ്തിട്ടുണ്ട്. തുടർന്നുള്ള കാലയളവിൽ 3-5-2021-ലെ സ.ഉ. (സാധാ.) നമ്പർ 139/2021/വനം പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തൈകൾ നൽകിവരുന്നു.

(ബി) എങ്കിൽ പ്രസ്തുത വൃക്ഷത്തൈകളുടെ തുടർപരിപാലനത്തിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

മേൽപ്പറഞ്ഞ പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇതിനായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവനശതമാനം ഉറപ്പിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാവിധേയമാക്കി തുടർനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(സി) സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള സ്വകാര്യ വനവൽക്കരണ പദ്ധതിക്കായി നൽകിവരുന്ന ധനസഹായങ്ങൾ എന്തെല്ലാമാണ്?

സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 29-9-2012-ലെ സ.ഉ. (സാധാ) നമ്പർ 486/12/വനം പ്രകാരം 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിപ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം,

കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 തൈകൾവരെ തൈ ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 തൈകൾവരെ തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(ഡി) സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ പ്രവർത്തന ഫലമായി വനവൽക്കരണ രംഗത്തുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത, ഔഷധ സസ്യങ്ങളുടെ ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ഹരിത കേരളം പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതികൾ എല്ലാംതന്നെ വനേതര പ്രദേശങ്ങളിലും സ്വകാര്യ ഭൂമികളിലും തടി ലഭ്യത വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ വിഭാഗം നടപ്പിലാക്കുന്ന പദ്ധതികൾമൂലം സംസ്ഥാനത്ത് വൃക്ഷസമ്പത്ത് വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ റിസർവ് ഫോറസ്റ്റിന് വെളിയിലുള്ള ട്രീ കവർ (TOF) 37% ആണെന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിസർവ് വനപ്രദേശത്തെ 29.5%-ന് പുറമേയാണ് ഇത്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്.

**അണക്കെട്ടുകളിലെയും പുഴകളിലെയും മണൽ നീക്കാനുള്ള പദ്ധതി**

26 (*506) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിലും പുഴകളിലും വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പുഴകളിലും അഴിമുഖങ്ങളിലും അടിഞ്ഞുകൂടുന്ന മണലും എക്കലുംമൂലം ജലനിർഗ്ഗമനം തടസ്സപ്പെടുന്നതായും പ്രളയ സമാനമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുഴകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും മണലും എക്കലുംമൂലം പല നദികളിലും ജലനിർഗ്ഗമനം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അഴിമുഖങ്ങളിൽ കാലവർഷത്തിന് മുമ്പുതന്നെ ജലസേചനവകുപ്പ് പൊഴിമുറിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്.

(സി) പുഴകളിലെയും ഡാമുകളിലെയും മണൽ ശേഖരിക്കുന്നത് സംബന്ധിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകൾ/വിവിധ നദികളിലെ നിർമ്മിതികളായ റെഗുലേറ്റർ/ചെക്ക് ഡാമുകൾ എന്നിവയിൽ നടത്തുന്ന ഡീസിൽറ്റേഷൻ പ്രവൃത്തികൾക്ക് മുന്നോടിയായി ഡാമുകളിലും റെഗുലേറ്റർ/ ചെക്ക് ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ, ചെളി, എക്കൽ എന്നിവയുടെ അളവ് കണ്ടുപിടിച്ച് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയ ശേഷമാണ് പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നത്. സംസ്ഥാനത്തെ നദികളിൽ ഒഴുക്ക് തടസ്സപ്പെടുത്തുന്ന വിധത്തിൽ മണ്ണും ചെളിയും എക്കലും എവിടെയെല്ലാം അടിഞ്ഞുകൂടിയിട്ടുണ്ട് എന്ന വിവരശേഖരണത്തിന്റെ പ്രാരംഭ നടപടി പുരോഗമിക്കുന്നു. നദികളിലെ ഒഴുക്ക് സുഗമമാക്കുന്നവിധം എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ആവശ്യമായ പഠനം നടത്തി മറ്റ് വകുപ്പുകളുമായി സഹകരിച്ച് പ്രവൃത്തികളേറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

### ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ നടപടി

27 (*507) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ നടപടിക്കെതിരെ സംസ്ഥാനം എന്തെല്ലാം ആശങ്കകളാണ് അറിയിച്ചതെന്ന് വ്യക്തമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ബ്ലൂ ഇക്കോണമി കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങൾ പരിശോധിച്ചുവരുന്നു. സ്റ്റേക്ക്ഹോൾഡേഴ്സുമായി കൂടിക്കാഴ്ച നടത്തി അവരുടെ കാഴ്ചപ്പാടുകളും പരിഗണിച്ച് ഇതുസംബന്ധിച്ച ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

(ബി) ബ്ലൂ ഇക്കോണമി നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സംരക്ഷണമാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

&

(സി) ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതികാഘാതം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി &സി) ടൂറിസം വികസനം നടപ്പാക്കുമ്പോൾ തീരദേശ പരിസ്ഥിതി വികസന സമിതികൾ രൂപീകരിച്ച് മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനോപാധി അവസരമൊരുക്കുന്ന തരത്തിലാവണം; ലോഗ് ഷീറ്റുകൾ വഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും നിർബന്ധിത ഡാറ്റ ശേഖരിക്കുന്നത് അപ്രായോഗികമായതിനാൽ ഇത് നിർബന്ധമാക്കാതിരിക്കുക, ചൂര, കണവ, കൂന്തൽ എന്നീ മീനുകളെ ആഴക്കടലിൽനിന്ന് പിടിച്ചെടുക്കാൻ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് യോജ്യമായ ചൂണ്ട, വല, പ്രത്യേക സംവിധാനങ്ങളുള്ള ബോട്ടുകൾ എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക്/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നൽകുക, മാരിക്കൾച്ചർ അതോറിറ്റി ഓഫ് ഇന്ത്യയുടെ അധികാരപരിധി സംസ്ഥാനത്തിന്റെ territorial waters-ന് പുറത്തായി പരിമിതപ്പെടുത്തുക, മത്സ്യബന്ധന വികസനത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് വളരെയധികം പ്രാധാന്യമുള്ള ബെന്തിക് ജന്തുജാലങ്ങളും സസ്യജാലങ്ങളും നിറഞ്ഞ പ്രദേശങ്ങൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന മേഖലകൾക്കും പുറത്ത് മാത്രമേ എക്സ്പ്ലോറേഷനും ഖനനം പോലുള്ള പ്രവർത്തനങ്ങളും നടപ്പാക്കാവൂ, തീരദേശ സംരക്ഷണത്തിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തിന് മുൻഗണന നൽകുന്നുവെന്ന് ഉറപ്പാക്കുക, മത്സ്യത്തൊഴിലാളി സമൂഹം മത്സ്യബന്ധന വിഭവങ്ങളെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാകയാൽ അതിന്റെ സംരക്ഷണം ഉറപ്പു വരുത്തുന്നതിന് മത്സ്യത്തൊഴിലാളികളുടെ പ്രാതിനിധ്യം എൻ.ബി.ഇ.സി. എന്ന സുപ്രധാന ബോഡിയിൽ ഉറപ്പാക്കുക എന്നീ വ്യവസ്ഥകൾ കരട് നയത്തിൽ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട്, മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണവും പാരിസ്ഥിതികാഘാതം തടയുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**ചെറുകിട ജലസേചന പദ്ധതികൾ**

28 (*508) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള ചെറുകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ജലവിഭവ വകുപ്പിലെ ചെറുകിട ജലസേചന വിഭാഗത്തിനുകീഴിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ നിരവധി പ്രവൃത്തികൾ ആവിഷ്കരിക്കുകയും ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ശേഖരിക്കുകയും വിലയിരുത്തൽ നടത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലുള്ള പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ശേഖരിക്കുകയും വിലയിരുത്തുകയും ചെയ്തുവരുന്നു. മേൽപ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കായി അവലോകന യോഗങ്ങളും സ്ഥലപരിശോധനയും നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

(ബി) മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളിൽ കാലഹരണപ്പെട്ടവയുണ്ടെങ്കിൽ അവ ഒഴിവാക്കി മറ്റുള്ളവ കാലികമായ ആവശ്യകതയ്ക്കനുസരിച്ച് പൂർത്തീകരിച്ച് സമയബന്ധിതമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

മുടങ്ങിക്കിടക്കുന്ന പ്രധാനപ്പെട്ട ജലസേചന പദ്ധതികൾ കാലികമായ ആവശ്യകതയനുസരിച്ച് പുതുക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂപ്രകൃതി അനുസരിച്ച് താഴ്ന്ന മേഖലയിൽ സ്ഥിതിചെയ്യുന്ന കൃഷി പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകളുടെ നിർമ്മാണം, തോടുകളുടെ പുനരുദ്ധാരണം, സംരക്ഷണഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ കർഷകരുടെ ആവശ്യാനുസരണം വിവിധ ചെറുകിട ജലസേചന പദ്ധതികളിൽ മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ജലസേചന വിഭാഗത്തിന് കീഴിൽ നടപ്പിലാക്കി കമ്മീഷൻ ചെയ്യുവാനുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രളയാനന്തര സാഹചര്യത്തിൽ പുതുതായി ചെറുകിട ജലസേചന പദ്ധതികൾ എവിടെയെല്ലാം ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും എന്തെല്ലാം പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ചെറുകിട ജലസേചന വിഭാഗത്തിനുകീഴിൽ വരുന്ന പ്രളയത്തിൽ തകർന്ന നിർമ്മിതികളുടെയും തോടുകളുടെയും അവയുടെ കൈവഴികളുടെയും പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കേന്ദ്രസഹായമായ എസ്.ഡി.ആർ.എഫ്. ഉപയോഗിച്ച് പ്രവൃത്തികൾ നടത്തിവരുന്നു. ബഡ്ജറ്റിൽ വിവിധ പ്ലാൻ ശീർഷകങ്ങളായ എം.ഐ. ക്ലാസ്-1, എം.ഐ. ക്ലാസ്-2, ലിഫ്റ്റ് ഇറിഗേഷൻ സ്കീം, നബാർഡ്, ഹരിത കേരളം പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി തടയണകൾ, വി.സി.ബി.-കൾ, റെഗുലേറ്ററുകൾ, സ്ലൂയിസുകൾ, ലീഡിംഗ് ചാനൽ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവയുടെ നിർമ്മാണ/ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. കൂടാതെ വിവിധ നോൺ പ്ലാൻ സ്കീമുകൾ/നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കായുള്ള പ്ലാൻ ശീർഷകങ്ങൾ എന്നിവയിലുൾപ്പെടുത്തി സ്ട്രക്ചറുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുകയും അതുവഴി ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ ഭൂരിഭാഗവും പൂർത്തീകരിച്ചുകഴിഞ്ഞു. ശേഷിക്കുന്നവ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കടുത്ത വേനലും കനത്ത മഴയും മാറിമാറി വരുന്ന കാലാവസ്ഥയ്ക്കനുസരിച്ച് വൻകിട ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയവും തുടർന്നുണ്ടായ കടുത്ത വേനലും കണക്കിലെടുത്ത് ചാലിയാർ പോലെയുള്ള നദീ തടങ്ങളിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ജലസേചന-കുടിവെള്ള ആവശ്യങ്ങൾക്കും ഫ്ലഡ് കൺട്രോൾ ഡാമുകൾ നിർമ്മിക്കാനുള്ള പ്രാരംഭ പഠനങ്ങൾ നടന്നുവരുന്നു. വിവിധ ജലസേചന പദ്ധതികളെല്ലാംതന്നെ കടുത്ത വേനലിൽ കൃഷി ഭൂമിയിലേയ്ക്ക് ജലസേചനം നടത്തുന്നതിനായി വിഭാവന ചെയ്തിട്ടുള്ളവയാണ്. പുതുതായി പര്യവേക്ഷണത്തിലുള്ള കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ പദ്ധതി ഒരു വിവിധോദ്ദേശ്യ പദ്ധതിയായി വിഭാവന ചെയ്തിട്ടുള്ളതാണ്. കേരളത്തിലെ ഭൂപ്രകൃതിയനുസരിച്ച് കീഴ്ക്കാംതൂക്കായ പ്രദേശങ്ങളും ചരിവുള്ള സ്ഥലങ്ങളും കൂടുതലായതിനാൽ മഴക്കാലത്ത് നല്ല മഴ ലഭിച്ചാലും ഈ മഴ ഒഴുകി നദിയിൽ ചെന്നുചേരുന്നു. അതിനാൽ വേനൽക്കാലത്ത് വരൾച്ച അനുഭവപ്പെടുന്നു. അതിന്റെ ഫലമായി കൃഷിക്കും ഗാർഹിക ആവശ്യങ്ങൾക്കും ജലക്ഷാമം അനുഭവപ്പെടുന്നു. കേരളത്തിലെ ഈ പ്രത്യേക ഭൂപ്രകൃതി കാരണം മഴക്കാലത്ത്

കിട്ടുന്ന ജലം നദിയിലൂടെ ഒഴുകിപ്പോകാതെ കെട്ടി നിർത്തേണ്ടതുണ്ട്. അതിന് storage structures അത്യാവശ്യമാണ്. ഈ ജലം തടഞ്ഞുനിർത്തുന്നതിന് തടയണകളും ആർ.സി.ബി.-കളും മിക്കവാറും എല്ലാ നദികളിലും ജനങ്ങളുടെ ആവശ്യമനുസരിച്ച് പണിതുവരുന്നു. വൻകിട പദ്ധതിയായ വാമനപുരം പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. വൻകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഒരു വലിയ തടസ്സമാണ്. അതോടൊപ്പം പാരിസ്ഥിതിക പഠനവും നടത്തേണ്ടതായിട്ടുണ്ട്.

## കാവേരി ട്രൈബ്യൂണൽ അനുവദിച്ച ജലത്തിന്റെ വിനിയോഗം

29 (*509) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കാവേരി ട്രൈബ്യൂണൽ സംസ്ഥാനത്തിന് അനുവദിച്ച ജലത്തിന്റെ വിനിയോഗം പൂർണ്ണമായ തോതിൽ സാധ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കാവേരി നദീജല തർക്കപരിഹാര ട്രൈബ്യൂണലിന്റെ (CWDT), 2007-ലെ അന്തിമ വിധിയിന്മേലുള്ള, 16-2-2018-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം, കേരളത്തിന് വിവിധ ആവശ്യങ്ങൾക്കായി കാവേരി നദീതടത്തിൽ (ജലസേചനം, ഗാർഹികം, വ്യാവസായികം എന്നിവയ്ക്കായി) ലഭിച്ച 30 ടി.എം.സി. ജലത്തിൽനിന്നും വയനാട്ടിൽ കബനി നദീതടത്തിനായി 21 ടി.എം.സി.-യും പാലക്കാടിൽ ഭവാനി നദീതടത്തിനായി 6 ടി.എം.സി.-യും ഇടുക്കിയിൽ പാമ്പാർ നദീതടത്തിനായി 3 ടി.എം.സി.-യുമാണ് ഉപയോഗത്തിനായി അനുവദിച്ചിട്ടുള്ളത്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) 8721 ഹെക്ടർ പ്രദേശത്തിന്റെ ജലസേചന സാധ്യത കണക്കാക്കി നിർമ്മാണം ആരംഭിച്ച കാരാപ്പുഴ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

8721 ഹെക്ടർ ഭൂമിയിൽ 5600 ഹെക്ടർ കൃഷി സ്ഥലത്ത് ജലസേചനം നടത്തുന്നതിനായി വിഭാവന ചെയ്ത ഒരു ഇടത്തരം ജലസേചന പദ്ധതിയാണ് കാരാപ്പുഴ ജലസേചന പദ്ധതി. കോൺക്രീറ്റ് സ്പിൽവേ ഉൾപ്പെടെ അണക്കെട്ടിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ പൂർത്തീകരിക്കുകയും റിസർവ്വോയറിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു. ഇടതുകര, വലതുകര പ്രധാന കനാലുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നെങ്കിലും 2018-ലെ പ്രളയത്തിൽ ഇടതുകര കനാലിന്റെ 4.800 കിലോമീറ്ററിൽ തകർച്ചയുണ്ടാവുകയും തകർന്ന 96 മീറ്റർ നീളത്തിൽ പുനരുദ്ധാരണ പ്രവൃത്തി നടത്തിവരികയും ചെയ്യുന്നു. 2021 നവംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച് ഇതിലൂടെ ജലസേചനം നടത്താനാകുന്നതോടുകൂടി മെയിൻ കനാലുകൾ പൂർണ്ണമായും ജലസേചന യോഗ്യമാവും. ബ്രാഞ്ച് കനാലുകളുടെ 46.27 ശതമാനവും ഡിസ്ട്രിബ്യൂട്ടറികളുടെ 3.50 ശതമാനവും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 645.47 ഹെക്ടർ സ്ഥലത്ത് നിലവിൽ ജലസേചനം നടത്തിവരുന്നു.

(സി) കബനി ഉപനദീതടത്തിലുള്ള ബാണാസുര സാഗർ ഇടത്തര ജലസേചന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

വയനാട് ജില്ലയിലെ ജലസേചന സൗകര്യം പരിപോഷിപ്പിക്കുന്നതിനായി വിഭാവന ചെയ്ത ഒരു ഇടത്തരം ജലസേചന പദ്ധതിയാണ് ബാണാസുര സാഗർ ജലസേചന പദ്ധതി. കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ആവശ്യാർത്ഥം 1973-ൽ കെ.എസ്.ഇ.ബി.എൽ. ആണ് ബാണാസുര സാഗർ ഡാം നിർമ്മിച്ചത്. ഡാമിൽ സംഭരിക്കപ്പെടുന്ന 6.70 ടി.എം.സി. ജലത്തിൽനിന്നും 1.70 ടി.എം.സി. ജലം ജലസേചനത്തിനായി വിട്ടുതന്നിരുന്നെങ്കിലും കാവേരി വാട്ടർ ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം ടി ജലം 0.84 ടി.എം.സി. ആയി പരിമിതപ്പെടുത്തുകയുണ്ടായി. 1999-ൽ ടി പ്രോജക്ടിനുവേണ്ടി 30-1-1999-ലെ സ.ഉ. (കൈ) നമ്പര് 4/99/ജ.വി.വ. പ്രകാരം 37.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 20-8-2017-ൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിന് നിർദ്ദേശിക്കുകയും ആയത് പ്രകാരമുള്ള 172.77 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടും ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 2020-21 ആക്ഷൻ പ്ലാനിൽ 250 ലക്ഷം രൂപ ഭരണാനുമതിക്കായുള്ള ശിപാർശയും സർക്കാർ പരിശോധിച്ച് വരുന്നു.

(ഡി) കാവേരി നദീജലം ഉപയോഗിക്കാൻ ഉദ്ദേശിച്ചുള്ള ഭവാനി നദീതട പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

കാവേരി ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിലെ ഭവാനി നദീതടത്തിലെ വിവിധ ആവശ്യങ്ങൾക്കായി അനുവദിച്ച 6 ടി.എം.സി. ജലത്തിൽനിന്നും 2.87 ടി.എം.സി. അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കായും 0.57 ടി.എം.സി. അരളി-ഉടുക്കി ജലസേചന പദ്ധതിക്കായും 0.29 ടി.എം.സി. പാന്തൻതോട് ജലസേചന പദ്ധതിക്കായും ശേഷിക്കുന്ന 1.28 ടി.എം.സി. ജലം

ചെറുകിടജലസേചന പദ്ധതികൾക്കായുമാണ് വിനിയോഗിക്കുന്നത്. ഇതിൽ അട്ടപ്പാടി വാലി ജലസേചന പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി, അഗളി വില്ലേജിൽ ചിറ്റൂർ എന്ന സ്ഥലത്ത് കാവേരിയുടെ പോഷക നദിയായ ശിരുവാണി പുഴയ്ക്ക് കുറുകെയായി ഒരു അണക്കെട്ട് നിർമ്മിച്ച് അഗളി, ഷോളയാർ, കോട്ടത്തറ എന്നീ മേഖലകളിലെ 4255 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചന സൗകര്യം ചെയ്യുകയാണ് ഉദ്ദേശ്യലക്ഷ്യം. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം 1970-ൽ ആരംഭിച്ചിട്ടുണ്ട്. പര്യവേക്ഷണം, ജിയോളജിക്കൽ സർവ്വേ തുടങ്ങിയ പ്രാഥമിക ജോലികൾ പൂർത്തിയാക്കുകയും 227.35 ഹെക്ടർ ഭൂമി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി 74.267 ഹെക്ടർ വനഭൂമി ഏറ്റെടുക്കുവാൻ അവശേഷിക്കുന്നു. കൂടാതെ പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR)-ന് അംഗീകാരം നൽകുന്നതിനുവേണ്ടി കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിനോട് (MoEF&CC) നിരവധി തവണ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference -ന്റെ അംഗീകാരം നാളിതുവരെ ലഭ്യമായിട്ടില്ല. കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 96-ാമത് മീറ്റിംഗിൽ അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിന്റെ പരിസ്ഥിതി ആഘാത പഠനത്തിന്റെ ToR അംഗീകരിക്കുന്നതിനായി Expert Appraisal Committee (EAC) ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പഠനം Mantec Consultant Pvt Ltd-നെ 3-2-2016-ലെ സ.ഉ. (കൈ) നമ്പർ 9/2016/ജ.വി.വ. പ്രകാരം ഏൽപ്പിക്കുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനം കൺസൾട്ടന്റ് വഴി പുരോഗമിച്ചുവരുന്നു. തമിഴ്നാട് സർക്കാരിൽനിന്നും കേന്ദ്ര പരിസ്ഥിതി-വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം എന്നിവയിൽനിന്നും DPR അംഗീകാരം നേടുന്നതിലേയ്ക്കായുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സാഗർ മിത്ര പദ്ധതി**

30 (*510) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും സർക്കാരുമായി ബന്ധപ്പെടുന്നതിന് സാഗർ മിത്ര പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) എന്ന പദ്ധതിയുടെ കീഴിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'മൾട്ടിപർപ്പസ് സപ്പോർട്ട് സർവ്വീസസ്- സാഗർ മിത്ര പദ്ധതി. 5 വർഷത്തേയ്ക്കാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന 222 കടൽ മത്സ്യഗ്രാമങ്ങളിലാണ് 2020-21 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ കടൽ മത്സ്യത്തൊഴിലാളികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. സർക്കാരിനും മത്സ്യത്തൊഴിലാളികൾക്കുമിടയിൽ ഒരു ഇന്റർഫേസ് ആയി പ്രവർത്തിക്കുന്നവരാണ് സാഗർ മിത്രകൾ. 2020-21 വർഷം സാഗർ മിത്ര പദ്ധതിക്കായി 6 മാസത്തേയ്ക്ക് 199.8 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത തുകയിൽ 60% (119.88 ലക്ഷം രൂപ) കേന്ദ്ര സർക്കാർ വിഹിതവും 40% (79.92 ലക്ഷം രൂപ) സംസ്ഥാന സർക്കാർ വിഹിതവുമാണ്. പദ്ധതി പ്രകാരം സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 222 മത്സ്യഗ്രാമങ്ങളിലായി യോഗ്യരായ 222 സാഗർ മിത്രകളെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്ത് ആദ്യഘട്ടമായി 6 മാസത്തേയ്ക്ക് നിയമിച്ചു. പ്രസ്തുത കരാർ കാലം 2021 ഏപ്രിൽ മാസത്തിൽ അവസാനിച്ചു. നിലവിലുള്ള സാഗർ മിത്രകളെ തുടരാനും ആയതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ജില്ലകളിൽ ഇപ്പോഴും സാഗർ മിത്രകൾ പ്രവർത്തിക്കുന്നുണ്ട്. സാഗർ മിത്രകൾക്ക് ഓരോ മാസവും 15,000 രൂപ ഇൻസെന്റീവ് നൽകും. സാഗർ മിത്രയുടെ പ്രവൃത്തി ദിനങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത് നൽകുന്നത്. മത്സ്യമേഖലയിലെ വിവിധ പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച് പ്രാദേശിക മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുക, മത്സ്യവിഭവങ്ങളുടെ പങ്കാളിത്ത മാനേജ്മെന്റിനെ പ്രോത്സാഹിപ്പിക്കുക, സർക്കാർ നയങ്ങളെയും നിയന്ത്രണങ്ങളെയും പരിപാടികളെയും കുറിച്ച് പ്രാദേശിക മത്സ്യത്തൊഴിലാളികളെ സംവേദനക്ഷമമാക്കുക, കാലാവസ്ഥാ പ്രവചനങ്ങളും പ്രകൃതിക്ഷോഭങ്ങളെക്കുറിച്ചുമുള്ള അറിയിപ്പുകൾ മത്സ്യ മേഖലയിൽ വ്യാപിപ്പിക്കുക, മത്സ്യത്തൊഴിലാളികളുടെ ഇടയിൽ മത്സ്യങ്ങളുടെ ശുചിത്വപരമായ കൈകാര്യം ചെയ്യൽ, വ്യക്തിഗത ശുചിത്വം, ആരോഗ്യകരമായ ജീവിത തൊഴിൽ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, സുസ്ഥിര മത്സ്യവിഭവ ഉപഭോഗത്തെക്കുറിച്ചും സമുദ്ര തീരദേശ ആവാസ വ്യവസ്ഥകളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം, അശാസ്ത്രീയ മത്സ്യബന്ധനം തടയൽ എന്നിവയെക്കുറിച്ചെല്ലാം മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കൽ, ബദൽ ഉപജീവന മാർഗ്ഗം, മത്സ്യബന്ധനത്തിന് ശേഷമുള്ള വിപണന പ്രവർത്തനങ്ങൾ എന്നിവയിലൂടെ സ്ത്രീ ശാക്തീകരണം പ്രോത്സാഹിപ്പിക്കുക, ദിവസേനയുള്ള മത്സ്യോത്പാദനത്തെക്കുറിച്ചുള്ള വിവരങ്ങൾ, കടലിൽ

മത്സ്യബന്ധനത്തിന് പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെ വിവരങ്ങൾ, മത്സ്യ വില്പന വിപണന വിവരങ്ങൾ എന്നിവ സമാഹരിക്കുകയും ആയത് സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക, പരിശീലനങ്ങൾക്കായി മത്സ്യത്തൊഴിലാളികളെ സജ്ജമാക്കുക, കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചുമതലപ്പെടുത്തുന്ന മറ്റ് പ്രവൃത്തികൾ ചെയ്യുക എന്നിവയാണ് സാഗർ മിത്രയുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും.

(ബി) ഈ മേഖലയിൽ ദുരന്ത നിവാരണത്തിനും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ദുരന്ത നിവാരണത്തിനും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ I.M.D. (The India Meteorological Department), S.D.M.A.(State Disaster Management Authority), INCOIS (Indian National Centre for Ocean Information Services) തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുന്നതിനും ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങളെയെല്ലാം കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെ സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്നതിനും ഇത്തരം പ്രവൃത്തികൾക്കായി ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവയെ ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക VHF റേഡിയോ സംവിധാനം, സാറ്റലൈറ്റ് ഫോൺ, ജി.പി.എസ്., ഹാർബറുകളെയും മത്സ്യബന്ധന യാനങ്ങളെയും നിരീക്ഷിക്കുന്നതിനുള്ള നിരീക്ഷണ സംവിധാനങ്ങൾ എന്നിവയും കൺട്രോൾ റൂമുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതെല്ലാം ദുരന്തനിവാരണത്തിനും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സഹായകമായ സംവിധാനങ്ങളാണ്. കൂടാതെ കടലിൽ അപകടങ്ങളുണ്ടായാൽ രക്ഷാപ്രവർത്തനം വേഗത്തിലാക്കുന്നതിന് സഹായകമാകുംവിധം 3 മറൈൻ ആംബുലൻസുകൾ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, എറണാകുളം ജില്ലയിലെ വൈപ്പിൻ, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നിവിടങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം

1(5448) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് എത്ര വീടുകൾ അനുവദിച്ചെന്നും ഇതിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മാത്രം എത്ര വീടുകൾ അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ ഭരണകാലത്ത് പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾക്ക് ആകെ 64539 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 777 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും ഭവനം നിർമ്മിക്കുന്നതിനും അനുവദിച്ചുവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

### പിറവം നിയോജകമണ്ഡലത്തിലെ എസ്.റ്റി. ഭവനങ്ങൾ

2(5449) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പിറവം നിയോജക മണ്ഡലത്തിൽ അനുവദിച്ച വീടുകളിൽ ഇരുപത്തിരണ്ട് വീടുകൾ നാളിതുവരെയും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിലെ എടക്കാട്ടുവയൽ പാർപ്പാംകോട് കോളനിയിൽ ആദിവാസി പുനരധിവാസ മിഷൻ മുഖേന 6 സെന്റ് വീതം ഭൂമി അനുവദിച്ചവരിൽ 22 ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിച്ച്, ഭവനനിർമ്മാണം ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല.

(ബി) പ്രസ്തുത വീടുകൾ അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

അനുബന്ധമായി* ചേർക്കുന്നു.

(സി) ഭവന നിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കുടുംബശ്രീ മുഖേന നടത്തുന്ന ഭവനനിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ടും വ്യക്തിഗതമായി ഭവനനിർമ്മാണം നടത്തുന്ന ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ചും പരാതികൾ ലഭ്യമായിട്ടുണ്ട്. നിലവിൽ കുടുംബശ്രീ മുഖേന നടത്തുന്ന ഭവനനിർമ്മാണം അവസാന ഘട്ടത്തിലാണ്. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹരിച്ച് ഗുണഭോക്താവിന് അവസാന ഗഡു തുക അനുവദിച്ചിട്ടുണ്ട്.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച ഇരുപത്തിരണ്ട് വീടുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നറിയിക്കാമോ?

ഗുണഭോക്താക്കൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഒന്നാംഗഡു തുക അനുവദിക്കുന്നതും കരാർപ്രകാരം ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകുന്നതുമാണ്. നിർദ്ദിഷ്ട കാലപരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കാതിരുന്നാൽ ടി ഗുണഭോക്താക്കളുടെ പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**അംബേദ്കർ കോളനിയിലെ വീടുകളുടെ നിർമ്മാണം**

3(5450) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ നെഹ്റു ട്രോഫി വാർഡിൽ അംബേദ്കർ കോളനിയിൽ വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം എന്നിവ കാരണം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വീടുകളുടെ നിർമ്മാണത്തിനായി അനുവദിച്ച തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) നിലവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ നെഹ്റു ട്രോഫി വാർഡിലെ അംബേദ്കർ കോളനിയിൽ പട്ടികജാതി വികസന വകുപ്പുവഴി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ നവകേരളം പദ്ധതി പ്രകാരം ചില പദ്ധതികൾ ആലപ്പുഴ നഗരസഭ വഴി നടപ്പാക്കിവരുന്നു.

**പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി**

4(5451) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ?

സ്വന്തമായി ഭവനം ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി അനുവദിക്കുന്നുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലൈഫ് ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് അർഹത പരിശോധിച്ച് മുൻഗണനാടിസ്ഥാനത്തിൽ ധനസഹായം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ മേഖലകളിൽ യഥാക്രമം 3.75 ലക്ഷം/4.5 ലക്ഷം/6 ലക്ഷം എന്നീ നിരക്കിൽ ധനസഹായം നൽകുന്നു. ഗുണഭോക്താക്കൾ സ്വമേധയാ കുടിവെള്ളം, വൈദ്യുതി, സഞ്ചാര യോഗ്യമായ വഴി എന്നിവയുള്ള ഭൂമി കണ്ടെത്തുകയും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടി പൂർത്തീകരിക്കുകയും ചെയ്യുന്നു.

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് ഈ പദ്ധതിപ്രകാരം എത്ര പേർക്ക് എത്ര ഏക്കർ വീതം ഭൂമി വാങ്ങി നൽകിയെന്നും അത് ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് സ്വന്തമായി ഭവനം ഇല്ലെങ്കിൽ ആയത് നിർമ്മിക്കുന്നതിനായി ഭൂമി അനുവദിക്കുന്നു.
2. തെരഞ്ഞെടുക്കപ്പെടുന്ന ഗൃഹനാഥൻ/ഗൃഹനാഥയുടെ കുടുംബത്തിലെ വ്യക്തികളുടെ പേരിൽ ഭൂമി ഉണ്ടാകാൻ പാടില്ല. ആയത് തെളിയിക്കുന്ന സാക്ഷ്യപത്രം വില്ലേജ് അധികൃതരിൽ നിന്നും ഹാജരാക്കണം.
3. വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കണം.
4. ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഗുണഭോക്താക്കളോട് വാസയോഗ്യമായ ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകുകയും ചെയ്യുന്നു.
5. വാസയോഗ്യമായ ഭൂമി കണ്ടെത്തുന്ന ഗുണഭോക്താവിന് ഭൂമി ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകീഴിലാണോ വരുന്നത്, ആയതിനനുസരിച്ച് അനുവദനീയമായ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.
6. ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമി വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് കുടിവെള്ളം, വൈദ്യുതി, സഞ്ചാരയോഗ്യമായ വഴി എന്നിവ ബോദ്ധ്യപ്പെടുന്നപക്ഷം രജിസ്ട്രേഷൻ നടപടി ആരംഭിക്കുകയും ഗുണഭോക്താവിന് ഭൂമി നൽകുന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ ധനസഹായ തുക അനുവദിക്കുകയും ചെയ്യുന്നു.

(ഡി) പദ്ധതിപ്രകാരം ഭൂമി തെരഞ്ഞെടുക്കുന്നതെങ്ങനെയെന്ന് അറിയിക്കാമോ?

ഗുണഭോക്താവ് സ്വന്തം ഇഷ്ടപ്രകാരമാണ് വാസയോഗ്യമായ ഭൂമി തെരഞ്ഞെടുക്കുന്നത്. ധനസഹായമായി അനുവദിക്കുന്ന തുകയ്ക്ക് അനുവദനീയമായ പരമാവധി ഭൂമി വാങ്ങാവുന്നതാണ്. കുടിവെള്ളം, വൈദ്യുതി, സഞ്ചാരയോഗ്യമായ വഴി എന്നിവയുള്ള ഭൂമിയാണ് തെരഞ്ഞെടുക്കേണ്ടത്.

**വയനാട് ജില്ലയിലെ ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ**

5(5452) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഭവനരഹിതരായതും നിലവിൽ ഒരു പദ്ധതി പ്രകാരവും വീട് അനുവദിച്ചിട്ടില്ലാത്തതുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം അറിയിക്കാമോ?

6160 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിന് വീട് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിപ്രകാരം വീട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസനം

6(5453) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ നൽകാമോ?

അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ ഭവനത്തിനായി പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും എത്ര അപേക്ഷകൾ ലഭ്യമായെന്നും ഇതിൽ എത്ര പേർക്ക് ധനസഹായം നൽകിയെന്നും അറിയിക്കുമോ; ഇത് സംബന്ധിച്ച കണക്കുകൾ നൽകാമോ?

പട്ടികജാതി വിഭാഗം ലൈഫ് പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് 2020-ൽ പട്ടികജാതി വിഭാഗത്തിൽനിന്നും ഭവനരഹിതരായ 366 പേരുടെ അപേക്ഷകളും ഭൂരഹിതരായ 239 പേരുടെ അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇവരുടെ അർഹതാ പരിശോധന നടന്നുവരികയാണ്. പട്ടികവർഗ്ഗ വിഭാഗം ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ 5 പേർക്കും ഭൂരഹിത ഭവനരഹിതരായ 3 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 5 ഗുണഭോക്താക്കൾക്ക് പുതിയ വീട് അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നൽകാനും വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പട്ടികജാതി വികസന വകുപ്പ് വിവിധ വകുപ്പുകൾ മുഖേന കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഭവനനിർമ്മാണ ധനസഹായ തുക കൈപ്പറ്റിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ മുഴുവൻ തുകയും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചവരിൽ പണി പൂർത്തീകരിക്കാത്തവർക്കും വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി ഒന്നരലക്ഷം രൂപ വരെ ഭവന പൂർത്തീകരണം പദ്ധതിപ്രകാരം അനുവദിച്ചുനൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന വീടിന്റെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിലെ വീടുകളുടെ നവീകരണത്തിന് ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ചും പരമാവധി ഒന്നര ലക്ഷം രൂപ നിരക്കിൽ ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഭവന പദ്ധതികൾ**

7(5454) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളതെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

&

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പ്രസ്തുത നിയോജക മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

പട്ടികജാതി വിഭാഗക്കാർക്കായി അനുവദിച്ച 312 വീടുകളിൽ 290 എണ്ണം പൂർത്തീകരിച്ചു. പട്ടികവർഗ്ഗക്കാർക്കായി 6 വീടുകൾ അനുവദിച്ചതിൽ 6 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നടപടി**

8(5455) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ;

&

(ബി) അർഹതപ്പെട്ട ഇരുന്നൂറ്റി ഇരുപത്തിരണ്ട് കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നിലവിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 10 പട്ടികവർഗ്ഗ കുടുംബങ്ങളിൽ അർഹരായ കുടുംബങ്ങൾക്ക് എടക്കാട്ടുവയലിൽ ഒഴിവുവരുന്ന പ്ലോട്ടുകളിലോ ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ജില്ലയിൽ കണ്ടെത്തിയ പ്ലോട്ടുകളിലോ ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിലെ മുൻഗണനയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച്, മതിയായ ആധികാരിക രേഖകൾ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളോട് സ്വമേധയാ ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് ഭൂമി നൽകാൻ സാധിക്കുമെന്നറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാക്കി 2022 മാർച്ച് മാസത്തിനകം ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള, പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾ കണ്ടെത്തുന്ന ഭൂമി, വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് വാസയോഗ്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ഭൂമി രജിസ്ട്രേഷനുള്ള നടപടി ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

## മലപ്പുറം നിയോജകമണ്ഡലത്തിലെ ഭവനരഹിതർ

9(5456) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക വിഭാഗ കുടുംബങ്ങളാണുള്ളത്; ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്ര; വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പ്രസ്തുത വിവരം അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ജനറൽ വിഭാഗത്തിൽപ്പെട്ട 54 കുടുംബങ്ങളും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 340 കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി എത്ര എസ്.സി./എസ്.റ്റി., മറ്റു പിന്നാക്ക വിഭാഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുവെന്നുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

പ്രസ്തുത വിവരം അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

10(5457) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ആലത്തൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

### അഴീക്കോട് നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ

11(5458) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി/ പട്ടികവർഗ്ഗ കോളനികളുണ്ടെന്ന് അറിയിക്കാമോ?

59 പട്ടികജാതി കോളനികളുണ്ട്. പട്ടികവർഗ്ഗ കോളനികൾ നിലവിലില്ല.

(ബി) ഓരോ കോളനിയിലും ഏതെല്ലാം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണ് ഉള്ളതെന്നും അവിടങ്ങളിൽ എത്ര കുടുംബങ്ങൾ വീതമുണ്ടെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

### പട്ടികജാതി കോളനികളുടെ പുനരുദ്ധാരണം

12(5459) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഏതൊക്കെ ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കും കോളനിയിലെ സാധ്യതകൾക്കും കോളനി നിവാസികളുടെ താല്പര്യങ്ങൾക്കും വിധേയമായി നടപ്പാക്കുന്നു.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയവിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവുവിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യനിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)
11. സംരക്ഷണഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) കോളനികൾക്കുള്ളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി നടത്താവുന്ന കുടിവെള്ളവിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്നു.

(ബി) വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

വീട് വാസയോഗ്യമാക്കുന്നതിനുള്ള പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഡി.എസ്.ആർ. പ്രകാരമാണോ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കാമോ?

അതെ.

(ഡി) ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമ വികസന പദ്ധതി മാനദണ്ഡപ്രകാരം കോളനിക്കുള്ളിൽ വൈദ്യുതീകരണം, വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവുവിളക്ക് എന്നീ പ്രവൃത്തികൾക്ക് അനുമതി നൽകിവരുന്നു. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള വൈദ്യുതി വിതരണത്തിനായി പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നിവയ്ക്കും അനുമതി നൽകുന്നു.

(ഇ) പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആലോചിച്ചുവരുന്നു.

**വണ്ടിത്തടം ശിവപുരം കോളനി**

13(5460) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ വണ്ടിത്തടം ശിവപുരം കോളനിയിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോവളം നിയോജകമണ്ഡലത്തിലെ വണ്ടിത്തടം ശിവപുരം കോളനിയിൽ 25 വീടുകളുടെ മെയിന്റനൻസ്, ഹൈമാസ്റ്റ് ലൈറ്റ്, 80 മീറ്റർ റോഡ് കോൺക്രീറ്റിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കോളനിയിലെ അപകടകരമായി

സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വീടുകൾക്ക് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും, നടവഴി കോൺക്രീറ്റ്, സോളാർവിളക്ക് സ്ഥാപിക്കൽ, അവശേഷിക്കുന്ന വീടുകളുടെ മെയിന്റനൻസ് എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംരക്ഷണഭിത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളനിയിലെ മൂന്ന് വീടുകൾ വളരെ അപകടാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത കുടുംബങ്ങളെ സംരക്ഷിക്കുന്നതിനായി അവർക്ക് വേറെ വീടും സ്ഥലവും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രദേശം അഗാധ താഴ്ചയിലായതിനാൽ സംരക്ഷണ ഭിത്തി നിർമ്മിക്കുവാൻ കോടികളുടെ ചെലവ് വരുമെന്ന് നിർമ്മിതികേന്ദ്രം അറിയിച്ചിട്ടുണ്ട്. ടി വീട്ടുകാരെ മാറ്റിപ്പാർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

14(5461) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

&

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽപ്പെടുത്തി പുനരുദ്ധരിച്ച കോളനികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ഒ.എൽ.എച്ച് കോളനിയും (പള്ളിപ്പുറം പഞ്ചായത്ത്) ഐ.എച്ച്.ഡി.പി. കോളനിയും (നായരമ്പലം പഞ്ചായത്ത്)

പുനരുദ്ധരിച്ചിട്ടുണ്ട്. ഒ.എൽ.എച്ച്. കോളനിയിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. ഐ.എച്ച്.ഡി.പി. കോളനിയിൽ 65% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2016-2021 കാലഘട്ടത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കായി കോളനികളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും കരാറുകാർ പദ്ധതികൾ ഏറ്റെടുക്കുവാൻ തയ്യാറാകാത്തതുമൂലം റദ്ദ് ചെയ്യുകയുണ്ടായി.

**അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി**

15(5462) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ എടയൂർ പഞ്ചായത്തിലെ പൊറ്റേക്കളംപടി, പൊൻമള പഞ്ചായത്തിലെ തെക്കേക്കര കോളനി, ഇരിമ്പിളിയം പഞ്ചായത്തിലെ പോക്കാട്ടുകുഴി കോളനി എന്നിവയുടെ പ്രവൃത്തി പുരോഗതി അറിയിക്കുമോ?

പൊറ്റേക്കളംപടി കോളനി (2016-17) ഇന്റേണൽ പാത്ത് വേ/ ഫുട്ട്പാത്ത്, സൈഡ് പ്രൊട്ടക്ഷൻ വാൾ, കവാടം, ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി, ഭവന പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് ഫെസിലിറ്റി എന്ന പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. തെക്കേക്കര പട്ടികജാതി കോളനി (2016-17) ഭവന പുനരുദ്ധാരണം നടപ്പാക്കുന്ന 38 വീടുകളിൽ 32 വീടുകൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനും, റീടെയിനിംഗ് വാൾ എന്നീ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഇന്റേണൽ റോഡ്, ഡ്രിങ്കിംഗ് വാട്ടർ ഫെസിലിറ്റി, ഡ്രെയിനേജ് ഫെസിലിറ്റി എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. പോക്കാട്ട്കുഴി പട്ടികജാതി കോളനി (2019-20) നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടന്നുവരുന്നു.

(ബി) പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

16(5463) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പേരും ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണവും ഇനം തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി* ചേർക്കുന്നു.

(ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ഈ കോളനികളിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും കോളനികളും പേര് സഹിതം ഇനം തിരിച്ച് വ്യക്തമാക്കാമോ?

മണ്ണുപുറം കോളനിയിൽ വീട് മെയിന്റനൻസ്, ഇന്റർലോക്ക്, റോഡ് ടാറിംഗ്, സൈഡ് കെട്ട്, സോളാർ ലാമ്പ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കിയത്. ആയതിലേയ്ക്കായി 4055393 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതെല്ലാം; നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നവ ഏതൊക്കെ; നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവ ഏതെല്ലാം; തരം തിരിച്ച് പദ്ധതികളുടെ പേരും തുകയും നിർവ്വഹണം ഏറ്റെടുത്ത ഏജൻസികളുടെ പേര് സഹിതം വ്യക്തമാക്കാമോ?

മണ്ണുപുറം കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഒന്നുംതന്നെ നിലവിലില്ല. നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവയുടെ വിവരങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ

17(5464) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര പട്ടികജാതി കോളനികളുണ്ട്?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിലവിൽ 130 പട്ടികജാതി കോളനികളുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോളനികളിൽ ഓരോന്നിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

18(5465) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

അംബേദ്കർ ഗ്രാമം പദ്ധതി 2019-20-ലുൾപ്പെടുത്തി മുറിക്കല്ലുംപുറം കോളനിയിലെ വികസന പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി മുറിക്കല്ലുംപുറം എസ്.സി. കോളനി റോഡ് പുനരുദ്ധാരണ പദ്ധതി (2446000) നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കാലപ്പഴക്കംചെന്ന എല്ലാ പട്ടികജാതി കോളനികളും നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

## മലപ്പുറം ജില്ലയിലെ അംബേദ്കർ ഗ്രാമം പദ്ധതി

19 (5466) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ ഏറ്റെടുത്തിട്ടുള്ള പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്ന് വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലപ്പുറം ജില്ലയിലെ ഏറനാട് നിയോജകമണ്ഡലത്തിലെ പാറേക്കാട്, ഇടിവണ്ണ പട്ടികവർഗ്ഗ കോളനി, നിലമ്പൂർ നിയോജകമണ്ഡലത്തിലെ കൽക്കുളം, തീക്കടി കോളനി, ഉച്ചക്കളം എന്നീ പട്ടികവർഗ്ഗ കോളനികളെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും നിലമ്പൂർ നിയോജകമണ്ഡലത്തിലെ വലിയ ഭൂമിക്കുത്ത്-ചെറിയ ഭൂമിക്കുത്ത്, ഏറനാട് നിയോജകമണ്ഡലത്തിലെ മൈലാടി, വാളൻതോട്, വണ്ടൂർ നിയോജകമണ്ഡലത്തിലെ പുറ്റള, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഇടിഞ്ഞാടി-ആറാംകുന്ന് എന്നീ പട്ടികവർഗ്ഗ കോളനികളെ 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

20(5467) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനും സമഗ്ര വികസനത്തിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി കോളനികളുടെ നവീകരണവും സമഗ്ര വികസനവും കോർപ്പസ് ഫണ്ട് പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നിവ മുഖേനയും പട്ടികവർഗ്ഗ കോളനികളുടേത് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേനയും നടപ്പിലാക്കിവരുന്നു.

(ബി) ഇതിൽ മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തികവർഷം എത്ര രൂപ അനുവദിച്ചു/ചെലവഴിച്ചു എന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾക്കായി തുക അനുവദിച്ചിട്ടില്ല.

## പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ

21(5468) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ നന്നാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന SCSP ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ

വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ മുഖാന്തരമാണ് നടപ്പാക്കി വരുന്നത്. കൂടാതെ എം.പി./എം.എൽ.എ. ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്.

(ബി) കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാ തലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും ബഡ്ജറ്റിൽ പറയുന്നുണ്ട്. ഇപ്രകാരം ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുള്ള വിശദാംശം ഉൾക്കൊള്ളുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള വിതരണം - പട്ടിക വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗക്കാർക്ക് ഒന്നോ രണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

2. ഗതാഗത സൗകര്യ വികസനം - കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റിഉറപ്പാക്കിമാത്രം നടപ്പിലാക്കുന്നു.

3. വൈദ്യുതി വിതരണം - പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ എന്നിവ മാത്രം

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ DIET-ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്തുന്നു.

5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടകപദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്.

6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ

(സി) കോഴിക്കോട് ജില്ലയിൽ ഓരോ ബ്ലോക്ക് അടിസ്ഥാനത്തിൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽനിന്നും എത്ര തുക വീതമാണ് അനുവദിച്ചിരുന്നതെന്നും വ്യക്തമാക്കാമോ?

| ക്രമ നമ്പർ | വർഷം | ബ്ലോക്ക് | തുക |
|---|---|---|---|
| 1 | 2019-20 | മേലടി | 3079022 |
| 2 | | ചേളന്നൂർ | 4595000 |
| 3 | | പേരാമ്പ്ര | 2505000 |
| 4 | | കോഴിക്കോട് | 3448000 |
| 5 | | ബാലുശ്ശേരി | 4410081 |
| 6 | | കുന്നമ്മൽ | 2000000 |
| 7 | | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 5500000 |
| 8 | | കുന്ദമംഗലം | 1,06,79,000 |
| 9 | | തൂണേരി | 26,75,200 |
| | 2020-21 | | തുക വകയിരുത്തിയിട്ടില്ല. |
| 1 | | മേലടി | 24,20,000 |
| 2 | | കൊടുവള്ളി | 46,75,000 |
| 3 | | ചേളന്നൂർ | 25,00,000 |
| 4 | | ബാലുശ്ശേരി | 10,00,000 |
| 5 | | പന്തലായനി | 12,00,000 |

(ഡി) പ്രസ്തുത വർഷങ്ങളിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് ഇപ്രകാരം അനുവദിച്ചിരുന്നതെന്ന് വിശദമാക്കാമോ?

2019-20-ൽ സ്റ്റേറ്റ് കോർപ്പസ് ഫണ്ട് ഇനത്തിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ അടുവാട് കോട്ടകുന്ന് കുടിവെള്ള പദ്ധതിക്കായി 60,00,000 രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ തുക അനുവദിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

## പട്ടികജാതി കോളനികളുടെ നവീകരണം

22(5469) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മുൻസർക്കാരിന്റെ ഭരണകാലത്ത് വെള്ളുകുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ്, മാന്നില കോളനി റോഡ് കോൺക്രീറ്റിംഗ് സംരക്ഷണഭിത്തി നിർമ്മാണം, മാറാട്ടുകുളം പാലക്കളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാടപ്പള്ളി ബ്ലോക്കിലെ വെള്ളുകുന്ന് കുടിവെള്ള പദ്ധതിക്കായി 52,50,000 രൂപ അനുവദിച്ചിട്ടുണ്ട്, പദ്ധതി പുരോഗമിക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക കോടതികൾ

23(5470) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന പ്രത്യേക കോടതികൾ ഇപ്പോൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം പ്രകാരം നിലവിൽ 4 പ്രത്യേക കോടതികൾ വയനാട് ജില്ലയിൽ മാനന്തവാടി, മലപ്പുറം ജില്ലയിൽ മഞ്ചേരി, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, കൊല്ലം ജില്ലയിൽ കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രസ്തുത കോടതി ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം**

24(5471) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നുള്ള ഗ്രാന്റ് അടക്കമുള്ള സാമ്പത്തിക സഹായങ്ങൾ നിലവിൽ ലഭിക്കുന്നുണ്ടോ?

2-7-2009-ലെ സ.ഉ.(അച്ചടി)നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സംസ്ഥാന യൂണിവേഴ്സിറ്റികളുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടേയും ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് അംഗീകൃത ഫീസാനുകൂല്യം അനുവദിക്കുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സാങ്കേതിക തടസ്സം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

**ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഓൺലൈൻ പഠനസൗകര്യം**

25(5472) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം

ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ അമ്പലക്കുന്ന് കോളനിയിലെ 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പഠിക്കുന്ന 17 വിദ്യാർത്ഥികൾക്ക് ഒരു ഓൺലൈൻ പഠന കേന്ദ്രം സജ്ജീകരിക്കുകയും കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഫെസിലിറ്റേറ്ററെ നിയമിക്കുകയും ചെയ്തു. സന്നദ്ധ സംഘടനയുടെ സഹായത്താൽ ടെലിവിഷൻ സജ്ജീകരിക്കുകയും കോട്ടൂർ ഗ്രാമപഞ്ചായത്തിൽ വകുപ്പിന്റെ സാമൂഹ്യ പഠനകേന്ദ്രം പ്രവർത്തിക്കുന്നുമുണ്ട്. സ്വന്തമായി ഡിവൈസ് ഇല്ലാത്ത കുട്ടികളുടെ വിവരങ്ങൾ സർവ്വേ പ്രകാരം കണ്ടെത്തുകയും ടി കുട്ടികൾക്ക് ഡിവൈസ് ലഭ്യമാക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസലിന്മേലുള്ള നടപടി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത കോളനികളിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഇന്റർനെറ്റ് സൗകര്യം ലഭ്യമാണോ; ആവശ്യത്തിന് ഇന്റർനെറ്റ് ലഭിക്കാത്ത കോളനികളിൽ ആയത് ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ?

അമ്പലക്കുന്ന് കോളനിയിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ല. ഇതുകൂടാതെ ഇന്റർനെറ്റ് ലഭിക്കാത്ത ഒറ്റപ്പെട്ട സ്ഥലങ്ങളുമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിനായി ഇന്റർനെറ്റ് സൗകര്യം നിലവിൽ 4 പട്ടികജാതി കോളനികളിൽ ലഭ്യമല്ല. ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## കോതമംഗലം നിയോജകമണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

26(5473) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസ്തുത സ്കൂളിനുവേണ്ടി നിയോജകമണ്ഡലത്തിൽ എവിടെയെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ബാധകമല്ല.

(ഡി) ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസി കോളനികളുള്ളതും ഇടുക്കി ജില്ലയുമായി അതിർത്തി പങ്കിടുന്നതുമായ കോതമംഗലം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

അനുയോജ്യമായ ഭൂമി ലഭ്യമാകുന്നതിനനുസരിച്ച് ജില്ലയിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠന സഹായം**

27(5474) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതച്ചെലവിലെ വർദ്ധനവിനനുസരിച്ച് പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സഹായങ്ങൾ വർദ്ധിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ പഠനാനുകൂല്യം ഏറ്റവും ഒടുവിലായി വർദ്ധിപ്പിച്ചതെന്നാണ്; വിശദാംശം ലഭ്യമാക്കുമോ;

&

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ പഠനാനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) വിദ്യാർത്ഥികളുടെ പഠനാനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നുണ്ട്. ബാബു വിജയനാഥ് കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്, പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നുണ്ട്. 9-1-2020-ലെ സ.ഉ.(അച്ചടി) നമ്പർ 1/2020/പ.ജ.പ.വ.വി.വ.പ്രകാരം സംസ്ഥാനത്തെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുമ്പുള്ള നിരക്കിനേക്കാൾ 20% വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധം ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

28(5475) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രത്യേക പദ്ധതികൾ ഇല്ലെങ്കിൽ ഇപ്രകാരം പദ്ധതി തയ്യാറാക്കുമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരവും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരവും അനുബന്ധമായി* ചേർക്കുന്നു.

### പഠനമുറി

29(5476) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ പ്രഖ്യാപിച്ച പഠനമുറികൾ ഇതുവരെ എത്ര കുട്ടികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന പഠനമുറി പദ്ധതി പ്രകാരം 24853 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. കുറഞ്ഞത് 20 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം നടത്തുന്ന കോളനികൾ കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സാമൂഹ്യപഠനമുറി എന്ന പദ്ധതിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നത്.

(ബി) ഈ വിഭാഗത്തിൽ ഇനിയും പഠനമുറിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവർക്ക് എപ്പോൾ പഠനമുറി അനുവദിക്കുമെന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നത്. ആയത് പ്രകാരം നടപ്പുവർഷം 5000 പഠനമുറികൾ നിർമ്മിക്കുന്നതിന് ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

30(5477) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നിഷേധിക്കപ്പെടുന്നത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അർഹരായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നിഷേധിക്കുന്നില്ല. എന്നാൽ പോസ്റ്റ്മെട്രിക് ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 2021-22 വർഷം മുതൽ നടപ്പിലാക്കുമ്പോൾ, സംസ്ഥാനത്തെ എല്ലാ അർഹരായ വിദ്യാർത്ഥികൾക്കും തടസ്സമില്ലാതെ സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഉപയോഗിക്കുന്ന ഇ-ഗ്രാന്റ്സ് 3.0 സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. 2-7-2009-ലെ സ.ഉ.(അച്ചടി). നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. ടി ഉത്തരവിന്റെ പരിധിയിൽ വരാത്ത രണ്ടരലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്.

### സാമൂഹ്യ പഠനമുറി പദ്ധതി

31(5478) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന സാമൂഹ്യ പഠനമുറി എന്ന പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു. ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് പ്രധാന ഇടങ്ങളിലുമാണ് സാമൂഹ്യപഠനമുറി സജ്ജീകരിക്കുന്നത്. ഒരു പഠന

കേന്ദ്രത്തിൽ കുറഞ്ഞത് 20 വിദ്യാർത്ഥികൾക്കാണ് പഠന സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. ഊരുകളിലെ അഭ്യസ്തവിദ്യരെയാണ് ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നത്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ തുടങ്ങിയവയും സാമൂഹ്യപഠന മുറികൾ നൽകുന്നുണ്ട്. സാമൂഹ്യ പഠന കേന്ദ്രങ്ങളിൽ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ, ടി.വി, അനുബന്ധ ഉപകരണങ്ങൾ, 15 സ്റ്റഡി ടേബിൾ കം ചെയർ (2 പേർക്ക് വീതം ഇരിക്കാവുന്നത്), പുസ്തകങ്ങൾ, ഇന്റർനെറ്റ് സൗകര്യം എന്നിവ ഒരുക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വിവരശേഖരണ പ്രക്രിയയ്ക്കായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസിയുടെ വിശദാംശങ്ങൾ നൽകാമോ;

&

(സി) ടെണ്ടർ നടപടിക്രമങ്ങൾ അനുവർത്തിച്ചാണോ പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുത്തതെന്ന കാര്യം അറിയിക്കാമോ?

(ബി&സി) സാമൂഹ്യപഠനമുറി എന്ന പദ്ധതിയുടെ വിവരശേഖരണം നടത്തുന്ന പ്രക്രിയയ്ക്കായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല.

## എസ്.സി./ ടി.എസ്.പി. ഫണ്ട്

32(5479) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ച എസ്.സി./ടി.എസ്.പി. ഫണ്ടുകളിൽ എത്ര ശതമാനം തുകയാണ് പ്രതിവർഷം ചെലവാക്കിയിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസനവകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷങ്ങളിലായി വിവിധ പഞ്ചായത്തുകൾക്ക് അനുവദിച്ച എസ്.സി. ഫണ്ടിൽ പ്രതിവർഷം ചെലവാക്കിയിട്ടുള്ള തുക ശതമാനത്തിൽ ജില്ല തിരിച്ച് അനുബന്ധമായി* ചേർക്കുന്നു, പട്ടികവർഗ്ഗ വികസനവകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവർക്കായി പ്രത്യേകഘടക പദ്ധതിയിൽ അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുകയിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ അനുവാദം നൽകുമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ**

33(5480) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ശോചനീയാവസ്ഥയിലുള്ളതല്ല. ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടപ്പിലാക്കുന്നുണ്ട്. ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് എല്ലാ ഹോസ്റ്റലുകളിലും പാർട്ട് ടൈം സ്വീപ്പർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ, വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ, വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൊതുകുവല, ബെഡ്, ബെഡ്കവർ, ബെഡ് ഷീറ്റ് എന്നിവ ആവശ്യാനുസരണം അനുവദിച്ച് നൽകുന്നുണ്ട്. സോളാർ പാനൽ, ഹോസ്റ്റലുകളിൽ പെൺകുട്ടികൾക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ ഹോസ്റ്റലുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

**പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം**

34(5481) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൻ കീഴിലെ ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമായ കെട്ടിടങ്ങൾക്ക് അവ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ഗ്യാസ് കണക്ഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർപ്യൂരിഫയർ ഹോസ്റ്റലുകളിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന്/വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ്കവർ, ബെഡ് ഷീറ്റ് തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ അനുവദിച്ചുനൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി എന്നിവ വാങ്ങി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ സാനിട്ടറി പാഡ് സംസ്കരണ യന്ത്രം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉപയോഗശൂന്യമായ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി നവീകരണ പ്രവൃത്തികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, ആവശ്യമായ ഫർണിച്ചർ ലഭ്യമാക്കുക, ശുചിത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സി.സി.ടി.വി., മിനി മാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ പെൺകുട്ടികളുടെ ഹോസ്റ്റലുകളിലും വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 114 ഹോസ്റ്റലുകളിൽ ബയോ ഹസാർഡ് സ്പിൽകിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാചകം ചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിനുമായി ആദ്യഘട്ടത്തിൽ 30 ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്.

(ബി) നിലവിൽ പ്രസ്തുത ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം എത്ര രൂപയാണ് ധനസഹായം നൽകി വരുന്നത്?

പട്ടികജാതി വികസന വകുപ്പിനുകീഴിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ 2500 രൂപയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 2875 രൂപയും മെസ് ചാർജ്ജായി നൽകിവരുന്നു. കൂടാതെ പോക്കറ്റ് മണിയായി 200 രൂപയും നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നിലവിൽ മെസ് ചാർജ്ജ് ഇനത്തിൽ പ്രീമെട്രിക് തലം വരെ 3,000 രൂപയും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് 3,450 രൂപയും നൽകിവരുന്നു. കൂടാതെ ഭക്ഷണേതര ചെലവുകളും വകുപ്പ് നൽകിവരുന്നു.

(സി) പ്രസ്തുത ധനസഹായം വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ മെസ് ചാർജ്ജ് അവസാനമായി വർദ്ധിപ്പിച്ചിട്ടുള്ളത് 26-8-2017-ലും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മെസ് ചാർജ് അവസാനമായി വർദ്ധിപ്പിച്ചത് 19-8-2017-ലുമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി മെസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

**ഗോത്രബന്ധു പദ്ധതി**

35(5482) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രബന്ധു പദ്ധതിപ്രകാരം എത്ര പേർക്കാണ് ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഗോത്രബന്ധു പദ്ധതിപ്രകാരം 287 പേർക്ക് മെന്റർ ടീച്ചർമാരായി ജോലി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ 241, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ 26, അട്ടപ്പാടി ബ്ലോക്ക് ഒഴികെ ജില്ലയുടെ മറ്റ് ഭാഗങ്ങളിലായി 20 എന്നിങ്ങനെയാണ് നിയമനം നൽകിയിട്ടുള്ളത്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് ഇപ്രകാരം ജോലി അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിൽപ്പെട്ട 12 പേർക്ക് ഗോത്രബന്ധു പദ്ധതിപ്രകാരം നിയമനം നൽകിയിട്ടുണ്ട്. 4 പേർക്ക് നെന്മാറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട 4 സ്കൂളുകളിലും ബാക്കിയുള്ള 8 പേർക്ക് ജില്ലയിലെ മറ്റ് സ്കൂളുകളിലുമാണ് നിയമനം നൽകിയിട്ടുള്ളത്.

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ

36(5483) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നൽകുന്ന തൊഴിൽ ദിവസത്തിനുപുറമേ അധിക തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?;

ട്രൈബൽ പ്ലസ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ലഭിച്ചു കഴിഞ്ഞാൽ 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്ന പദ്ധതിയാണ് ട്രൈബൽ പ്ലസ്. ഈ പദ്ധതിപ്രകാരം 2020-21 വർഷം 29252 കുടുംബങ്ങൾക്ക് 956123 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. 2020-21 വർഷം പട്ടികവർഗ്ഗ വിഭാഗത്തിന് തൊഴിൽ നൽകിയതിൽ സംസ്ഥാനം ദേശീയതലത്തിൽ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ 90.47 ശതമാനമാണ്. ഇത് ദേശീയതലത്തിൽ 58.99 ശതമാനമാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായവർക്ക് വേണ്ടി നാളിതുവരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് 2018-ൽ പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളെ സ്പെഷ്യൽ ഡ്രൈവിലൂടെ പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ട്. വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽനിന്ന് പോലീസ്, എക്സൈസ് വകുപ്പുകളിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ആകെ 100 പേർക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്. വനംവകുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 ട്രൈബൽ ബീറ്റ് ഫോറസ്റ്റ് ആഫീസർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി എന്ന പദ്ധതി**

37(5484) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി എന്ന പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

(എ&ബി) അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ**

38(5485) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് നൈപുണി പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലേസ്‌മെന്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തും പ്ലേസ്‌മെന്റ് ലഭ്യമാക്കുന്നുണ്ട്. വിവര സാങ്കേതികവിദ്യ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഐ.റ്റി.ഐ. എന്നീ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 2019-20 വർഷത്തിൽ 72 കോഴ്സുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5051 പേരുടെ പരിശീലനത്തിന് അനുമതി നൽകുകയും 1786 പേർ നിലവിൽ പരിശീലനം പൂർത്തിയാക്കിയതിൽ 405 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൂതന തൊഴിൽ മേഖലകളിൽ പരിശീലനം നൽകി 2016-17

മുതൽ 2019-20 വരെ 2990 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 22 പേർക്ക് വിദേശ രാജ്യങ്ങളിലാണ് ജോലി ലഭ്യമായിട്ടുള്ളത്. ഇതിനുപുറമെ സ്വകാര്യ തൊഴിൽ മേഖലയിൽ തൊഴിൽദാതാക്കൾക്ക് ആവശ്യമുള്ള രീതിയിൽ പരിശീലനം നൽകി തൊഴിലവസരം ഉറപ്പാക്കാൻ വെർച്വൽ ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഈ പദ്ധതിപ്രകാരം ഓരോ വർഷവും 1000-ത്തോളം പട്ടികജാതി/ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ കോവിഡ് വ്യാപനം പ്രസ്തുത പരിശീലന പദ്ധതികളെ ബാധിച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡുകളിൽ പട്ടികജാതി സംവരണം വർദ്ധിപ്പിക്കുന്നതിന് നടപടി

39(5486) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതി (പി.കെ.എസ്.) ദേവസ്വം ബോർഡുകളിലും ദേവസ്വം വകുപ്പിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; മേൽനിവേദനങ്ങളുടെ തുടർനടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽനിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചട്ടങ്ങൾ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം 50% സംവരണം വ്യവസ്ഥ ചെയ്യുന്നതിൽ 32% സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിവിധ ഹിന്ദു വിഭാഗങ്ങൾക്കും 18% ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്കുമായാണ്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടപ്രകാരം 32% സംവരണം സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന ഹിന്ദു വിഭാഗങ്ങൾക്കായി നൽകുകയും ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങൾക്കുള്ള 18% സംവരണം ഓപ്പൺ കോമ്പറ്റീഷനിലേക്ക് നൽകുകയുമാണ് ചെയ്തിരുന്നത്. പിന്നീട് ഈ 18%-ൽ നിന്നും പട്ടികജാതിക്കാർക്കുള്ള സംവരണത്തിൽ 2% വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയതീരുമാനമെടുക്കുകയും ദേവസ്വം ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലും ലാസ്റ്റ് ഗ്രേഡിതര സർവ്വീസിലും ഹിന്ദു പട്ടികജാതിക്കാർക്കുള്ള സംവരണം 8%-ത്തിൽനിന്നും 10% ആയി വർദ്ധിപ്പിക്കുകയും ഈ വർദ്ധനവ് നടപ്പിലാക്കി 18-11-2019-ലെ സ.ഉ. (അച്ചടി).79/2019/ആർ.ഡി. നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10%-ഉം പട്ടികവർഗ്ഗ വിഭാഗത്തിന് 2%-ഉം സംവരണം നൽകിവരുന്നുണ്ട്.

(ബി) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

&

(സി) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് എസ്.സി./എസ്.റ്റി. എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ 27-2-2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട 3298313/2019/ ആർ.ഇ.വി. നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) എസ്.സി./എസ്.റ്റി. എംപ്ലോയീസ് അസോസിയേഷൻ 27-2-2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട സർക്കാർ ഫയലിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. എസ്.സി./എസ്.റ്റി. എംപ്ലോയീസ് അസോസിയേഷന്റെ അപേക്ഷ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവർഗ്ഗ സംവരണം

40(5487) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിർത്താഡ്സ് നടത്തിയ പഠനപ്രകാരം തിരുവിതാംകൂർ ഭാഗത്തെ വേടൻ, വേട്ടുവൻ, മലവേടൻ എന്നീ വിഭാഗങ്ങൾ ഒരേ വംശീയരാണെന്ന് കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ മലവേടൻ എന്ന വിഭാഗം പട്ടികവർഗ്ഗമായും വേടൻ, വേട്ടുവൻ എന്നീ വിഭാഗങ്ങളെ പട്ടികജാതിയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഒരേ വംശീയരായ ഇവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലവേടൻ വിഭാഗം 1950-ലെ ഭരണഘടന (പട്ടികവർഗ്ഗ) ഉത്തരവിലൂടെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ പട്ടികജാതി പട്ടികയിൽപ്പെട്ട വേടൻ സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന നാല് ശിപാർശകൾ വിവിധ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നിരസിക്കുകയുണ്ടായി. ആയതിനാൽ ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ലാത്തതാകുന്നു.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തിയ പ്രവൃത്തികൾ

41(5488) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസനവകുപ്പ് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടില്ല. 2 ഗുണഭോക്താക്കൾക്ക് മരംമുറി യന്ത്രവും ഒരാൾക്ക് തെങ്ങുകയറ്റ യന്ത്രവും കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നൽകിയിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് അനുവദിച്ച തുക : മരംമുറി യന്ത്രം 2 എണ്ണം - 61,000 രൂപ, തെങ്ങുകയറ്റ യന്ത്രം -(1 )- 3,000 രൂപ. ടി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയുള്ള മാസ്ക് വിതരണം**

42(5489) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാസ്ക് സപ്ലൈ ചെയ്യുന്നതിന് ഏതെങ്കിലും ഏജൻസികളെയോ വ്യക്തികളെയോ ചുമതലപ്പെടുത്തുകയുണ്ടായോ; അറിയിക്കാമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാസ്ക് വിതരണത്തിനായി പട്ടികജാതി വികസന വകുപ്പ് ഏജൻസികളെയോ/ വ്യക്തികളെയോ നാളിതുവരെ ചുമതലപ്പെടുത്തിയിട്ടില്ല. തയ്യൽ അറിയാവുന്ന പട്ടികവർഗ്ഗ വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി കോവിഡ്-19 പശ്ചാത്തലത്തിൽ പുനരുപയോഗിക്കാവുന്ന തുണിമാസ്കുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന പദ്ധതിയിൽ വിവിധ ജില്ലകളിലുള്ള 1100 പട്ടികവർഗ്ഗ വനിതകൾക്ക് മാസ്ക് നിർമ്മിക്കുന്നതിൽ പരിശീലനം നൽകുന്നതിനായി ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഏത് ഏജൻസിയെ/വ്യക്തിയെ ആണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഇ-ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പാലിച്ചിട്ടുണ്ടോയെന്നുമുള്ള കാര്യങ്ങൾ അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശീലനം നൽകുന്നതിനും മാസ്ക് നിർമ്മാണത്തിന് ആവശ്യമായ തുണി, ഇലാസ്റ്റിക്, ലേബൽ എന്നിവ വിതരണം ചെയ്യുന്നതിനുമായി M/s. വില്ലേജ്, റോസ്സ്കോട്ട് ബംഗ്ലാവ്, വഴുതക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള സ്ഥാപനങ്ങളിൽനിന്നും താൽപ്പര്യപത്രം ക്ഷണിച്ച് ഏജൻസികൾ സമർപ്പിച്ച സാമ്പിളുകൾ ഒരു വിദഗ്ദ്ധസമിതി പരിശോധിച്ച് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ അംഗീകരിച്ചതും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതുമായ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്യുകയായിരുന്നു.

(സി) ഇതിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ?

മാസ്ക് നിർമ്മിച്ച പട്ടികവർഗ്ഗക്കാർക്ക് 27,47,675 രൂപ തയ്യൽകൂലി ഇനത്തിൽ ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്. പരിശീലനത്തിനായി 7,73,460 രൂപയും മാസ്ക് നിർമ്മാണത്തിനായി തുണി, ഇലാസ്റ്റിക്, ലേബൽ എന്നിവയുടെ വിലയായി 1,48,54,970 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്കുള്ള ധനസഹായം

43(5490) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസനവകുപ്പ് വഴി നൽകുന്ന ധനസഹായം ഇപ്പോൾ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി വികസന വകുപ്പ് വഴി നിലവിൽ 75,000 രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ഈ ആനുകൂല്യം ലഭിക്കാൻ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും അർഹതാ മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിശ്രവിവാഹ ധനസഹായ ആനുകൂല്യം ലഭ്യമാകുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടിയ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖകൾ, വിവാഹ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് രേഖകൾ, ദമ്പതികളുടെ സഹവാസ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സമർപ്പിക്കേണ്ടതാണ്. പട്ടികജാതിയിൽപ്പെട്ട വ്യക്തി പട്ടികേതര ജാതിയിൽപ്പെട്ടവരെ വിവാഹം കഴിക്കുന്നപക്ഷം വീട്ടുകാരിൽനിന്നും സമൂഹത്തിൽനിന്നും നേരിടുന്ന ഒറ്റപ്പെടലുകൾ ഒഴിവാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മിശ്രവിവാഹ ധനസഹായം അനുവദിച്ചുവരുന്നു.

(സി) ഈ ആനുകൂല്യത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മിശ്രവിവാഹ ധനസഹായത്തിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്നും 108 അപേക്ഷകൾ ലഭിച്ചതിൽ 67 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഏത് തീയതി മുതലുള്ള അപേക്ഷകളിന്മേലാണ് ഇനിയും ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ ?

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്കരണം**

44(5491) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റിൽ വ്യക്തിഗത ആനുകൂല്യം ലഭ്യമാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെയും ആനുകൂല്യം കൈപ്പറ്റിയവരുടെയും പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് മുഖേന വ്യക്തിഗത ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെയും ആനുകൂല്യം കൈപ്പറ്റിയവരുടെയും പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റും ഫേസ് ബുക്ക് പേജും മറ്റ് സാമൂഹ്യ മാധ്യമങ്ങളിലെ അക്കൗണ്ടുകളും കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്;

&

(സി) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റും ഫേസ്ബുക്ക് പേജും മറ്റ് സാമൂഹ മാധ്യമങ്ങളിലെ അക്കൗണ്ടുകളും വഴി പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും ജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, പുതിയ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, അറിയിപ്പുകൾ എന്നിവയെല്ലാം തന്നെ യഥാസമയം ഫേസ്ബുക്ക് മുഖേന അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പുമായി ബന്ധപ്പെടാനുള്ള കോൺടാക്റ്റ് ഡീറ്റെയിൽസ്, വിവിധ പദ്ധതികളുടെ ഓൺലൈൻ അപേക്ഷകൾ എന്നിവ ഉൾപ്പെടെ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**അരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വികസന ഓഫീസുകൾ മുഖേനയുള്ള ചികിത്സാസഹായ പദ്ധതി**

45(5492) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി, പട്ടണക്കാട് പട്ടികജാതി വികസന ഓഫീസുകൾ മുഖേന കഴിഞ്ഞ വർഷം എത്ര പേർ ചികിത്സാസഹായത്തിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21-ൽ അരൂർ നിയോജകമണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 66 അപേക്ഷകളും പട്ടണക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 191 അപേക്ഷകളും ചികിത്സാ ധനസഹായത്തിനായി ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(സി) ഏതെങ്കിലും അപേക്ഷ ഇനിയും തീർപ്പാക്കാനുണ്ടോ; വിശദമാക്കാമോ?

(ബി&സി) തൈക്കാട്ടുശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 7 അപേക്ഷകളും പട്ടണക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും 15 അപേക്ഷകളും തീർപ്പാക്കാനുണ്ട്. ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതാണ് അപേക്ഷകൾ തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണം.

**പരിവർത്തിതരായ മുസ്ലീം വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

46(5493) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും പരിവർത്തിതരായ ക്രൈസ്തവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ, ഇതേ വിഭാഗത്തിൽനിന്നും പരിവർത്തിതരായ മുസ്ലീം വിഭാഗങ്ങൾക്കും ലഭിക്കാൻ അർഹതയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഏത് മതവിഭാഗങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്താലും നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽനിന്നും പരിവർത്തിതരായവർക്ക് പട്ടികജാതിക്ക് സാധാരണഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങളിൽനിന്നും ക്രൈസ്തവരായി മതം മാറിയവർക്ക് മാത്രമാണ് ഇപ്പോൾ ആനുകൂല്യം ലഭിക്കുന്നത് എന്നിരിക്കെ അത് കാലോചിതമായി പരിഷ്കരിച്ച് മുസ്ലീം വിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്ക് കൂടി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഏത് മത വിഭാഗങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്താലും നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്. പട്ടികജാതി വിഭാഗത്തിൽനിന്നും പരിവർത്തിതരായവർക്ക് പട്ടികജാതിക്ക് സാധാരണ ഗതിയിൽ അനുവദനീയമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(സി) മുസ്ലീം വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

മുസ്ലീം വിഭാഗങ്ങൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യം പരിവർത്തിതരായ മുസ്ലീം വിഭാഗങ്ങൾക്കും ലഭിക്കും.

**പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈനിൽ പ്രസിദ്ധീകരിക്കാൻ നടപടി**

47(5494) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റിൽ വ്യക്തിഗത ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെയും ആനുകൂല്യം കൈപ്പറ്റിയവരുടെയും പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന വ്യക്തിഗത ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെയും ആനുകൂല്യം കൈപ്പറ്റിയവരുടെയും പേരുവിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനായി വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റും ഫേസ്ബുക്ക് പേജും സാമൂഹ്യമാധ്യമങ്ങളിലെ അക്കൗണ്ടുകളും കാര്യക്ഷമമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്;

&

(സി) മേൽപ്പറഞ്ഞ വിവിധ മാധ്യമങ്ങൾ വഴി പട്ടികജാതി വികസന വകുപ്പിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) പട്ടികജാതി വികസനവകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, പുതിയ പദ്ധതികളുടെ ഉദ്ഘാടനങ്ങൾ, അറിയിപ്പുകൾ എന്നിവയെല്ലാം തന്നെ യഥാസമയം ഫേസ്ബുക്ക് മുഖേന അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പുമായി ബന്ധപ്പെടാനുള്ള കോൺടാക്ട് ഡീറ്റെയിൽസ്, വിവിധ പദ്ധതികളുടെ ഓൺലൈൻ അപേക്ഷകൾ എന്നിവ ഉൾപ്പെടെ വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ**

48(5495) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശ്രീകണ്ഠാപുരം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1072 എന്ന പേരിൽ ഒരു സഹകരണ സംഘം പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തിക്കാതെ കിടക്കുന്ന സംഘങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

മറ്റു സഹകരണ സംഘങ്ങൾ ഇല്ല.

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിഷ്ക്രിയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 'പുനർജ്ജനി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്.

**പട്ടികജാതി വിഭാഗക്കാർക്ക് പട്ടയം**

49(5496) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസനവകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

1989-90 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതിപ്രകാരം 46 സെന്റ് വസ്തു 4 സെന്റ് വീതം പത്ത് പേർക്ക് നൽകിയിരുന്നു. എന്നാൽ പട്ടയം ലഭിച്ചിരുന്നില്ല. ശേഷം പ്രസ്തുത വസ്തുവിന് പട്ടയം ലഭ്യമാക്കാമെന്ന് വകുപ്പിൽനിന്നും അറിയിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് സാധിച്ചിരുന്നില്ല. 2020-ൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം സന്ദർശിക്കുകയും പ്രദേശത്ത് നിലവിൽ താമസിക്കുന്നവരോട് അവരുടെ വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കേണ്ട ഭൂമിയുടെ രേഖകളും അപേക്ഷയും നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ വകുപ്പ് തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത കാലഘട്ടത്തിൽ ഭൂമിയും വീടും ലഭിച്ചവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ എത്ര പേർ നിലവിൽ ഈ പ്രദേശത്ത് താമസിക്കുന്നുണ്ട്; വിവരം ലഭ്യമാക്കാമോ?

ആകെ 10 പേർക്ക് വസ്തു നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഇവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ ;

&

(ഡി) പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അവിടത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ഈ പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ലൈഫ് പദ്ധതി പ്രകാരമോ മണ്ണും വീടും പദ്ധതി പ്രകാരമോ വീട് നിർമ്മിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കുമോ?

(സി&ഡി) ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം സന്ദർശനം നടത്തുകയും വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കുന്നതിനായി ആവശ്യമായ രേഖകൾ ഉൾപ്പെടെ അപേക്ഷ നൽകുന്നതിന് വസ്തു ഉടമകളോട് നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പട്ടികജാതി സങ്കേതങ്ങൾ**

50(5497) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സങ്കേതങ്ങളാണുള്ളത്; അവ നഗരസഭ, പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

നിയോജകമണ്ഡലത്തിൽ 274 പട്ടികജാതി സങ്കേതങ്ങളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ആയി ചേർത്തിരിക്കുന്നു.

(ബി) ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

**ഹരിപ്പാട് നിയോജകമണ്ഡലത്തിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

51(5498) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസനവകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിന് നിലവിലുള്ള തടസ്സമെന്തെന്ന് അറിയിക്കാമോ;

(ബി) ആലപ്പുഴ ജില്ലാപഞ്ചായത്തും ഹരിപ്പാട് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും സംയുക്ത പ്രോജക്ടായി പള്ളിപ്പാട് പഞ്ചായത്തിൽ ഒരേക്കർ സ്ഥലം വാങ്ങി നൽകിയിട്ടും ഇക്കാര്യത്തിൽ തുടർനടപടി വൈകുന്നതിന്റെ കാരണം അറിയിക്കാമോ;

&

(സി) ആലപ്പുഴ ജില്ലാപഞ്ചായത്ത് നൽകുന്ന ഉപയോഗാനുമതിയുടെ അടിസ്ഥാനത്തിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പ്രസ്തുത സ്ഥലത്ത് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നിർദേശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിൽനിന്നും സ്ഥലം കൈമാറി, പട്ടികജാതി വികസന വകുപ്പിന് ലഭിക്കുന്നതുമായി ബന്ധപ്പെട്ട്, ആലപ്പുഴ ജില്ലാ പഞ്ചായത്തുമായുള്ള കരാർ ഉടമ്പടിയിൽ, കെട്ടിട നിർമ്മാണം പൂർത്തിയായതിനുശേഷം കെട്ടിട നിർമ്മാണത്തിനായി കൈമാറിയ സ്ഥലവും കെട്ടിടവും ജില്ലാ പഞ്ചായത്തിന് തിരികെ ഏൽപ്പിക്കണമെന്ന വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥയിൽ മാറ്റം വരുത്താമെന്ന് ജില്ലാപഞ്ചായത്ത് അറിയിച്ചിട്ടുണ്ടെങ്കിലും പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് മാത്രമേ വകുപ്പിന്റെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ആലപ്പുഴ ജില്ലാ പഞ്ചായത്തിൽനിന്നും സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം ജില്ലാ പഞ്ചായത്തുമായി ചർച്ച ചെയ്തിട്ടുണ്ട്.

## പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ

52(5499) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള പദ്ധതികളുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ വകുപ്പുവഴി നടപ്പിലാക്കിയിട്ടുള്ള എല്ലാ കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കുടിവെള്ള പൈപ്പ്ലൈനുകളെത്താത്ത പട്ടികജാതി കോളനികൾ ഏതെല്ലാമാണെന്നും ഇതിൽ ഏതെല്ലാം കോളനികളിലാണ് ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം കുടിവെള്ളം എത്തിക്കാൻ കഴിയുകയെന്നും അറിയിക്കാമോ?

കുടിവെള്ള പൈപ്പ്ലൈനുകളെത്താത്ത പട്ടികജാതി കോളനികൾ ഒന്നുംതന്നെ ഇല്ല.

## പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകളുടെ പുനരുദ്ധാരണം

53(5500) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി കോളനികളിലേയ്ക്കുള്ള തകർന്നു കിടക്കുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളായവരുടെ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന എസ്.സി.എസ്.പി. ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇതു സംബന്ധിച്ചുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മാർഗ്ഗരേഖയിലെ 6:1(8)-ാം വ്യവസ്ഥപ്രകാരം പട്ടികജാതി കോളനി/സങ്കേതങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ താഴെ വിശദമാക്കുന്ന നിബന്ധനകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ സാധിക്കുന്നതാണ്.

(എ) വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50%-ത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.

(ബി) മുൻഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50%-ൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനതുഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25%-ൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനതുഫണ്ട് തന്നെ വകയിരുത്തണം.

**ആദിവാസി മേഖലയിലെ ആരോഗ്യപരിപാലനം**

54(5501) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ ശിശുമരണം തടയുന്നതിനും ആദിവാസികളായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനത്തിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ?

ഉണ്ട്. ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

ജനനീ-ജന്മരക്ഷാ പദ്ധതി, കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം, ഭക്ഷ്യസഹായ പദ്ധതി, ഓണക്കിറ്റ് വിതരണം എന്നിവ നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. പ്രതിമാസ കുത്തിവയ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ-ക്ഷയരോഗ- അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരക രോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ആശുപത്രിയിൽ നടത്തിവരുന്നു. പോഷകാഹാരക്കുറവുള്ള ഗർഭിണികളെയും കുട്ടികളെയും കണ്ടെത്തുകയും ചികിത്സിക്കുകയും ചെയ്യുന്നു. മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാനും ഗർഭിണികളുടെ രക്തസമ്മർദ്ദം, ഷുഗർ എന്നിവ പരിശോധിക്കുവാനും ഓരോ പഞ്ചായത്തിലും (അഗളി, പുതൂർ, ഷോളയൂർ) ANM/GNM യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതീയുവാക്കളെ ഫീൽഡ് നഴ്സുമാരായി നിയമിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തിവരുന്നു. പദ്ധതി നടത്തിപ്പിന്റെ നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്.

(സി) ഈ പദ്ധതികൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കാനുള്ള വ്യവസ്ഥകൾ ആവിഷ്കരിക്കുമോ?

പ്രസ്തുത പദ്ധതികൾ നിലവിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.

**ശൗചാലയ നിർമ്മാണം**

55(5502) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി ശൗചാലയം നിർമ്മിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷംവരെ മാത്രമേ ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളൂ. ഈ പദ്ധതി നിലവിൽ തുടർന്ന് വരുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഭാഗക്കാർക്ക് വേണ്ടിയുള്ള പ്രസ്തുത പദ്ധതികൾ ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇനിയും എത്ര കുടുംബങ്ങൾക്ക് നിലവിൽ പ്രസ്തുത സൗകര്യം ഇല്ലായെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി വികസന വകുപ്പ് 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം അനുവദിച്ച ടോയ്‌ലെറ്റുകളിൽ സ്പിൽ ഓവറായി അവശേഷിക്കുന്ന ടോയ്‌ലെറ്റുകൾ പൂർത്തീകരിക്കുന്നതിനായി ജില്ലകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതി നടപ്പിലാക്കാത്തതിനാൽ ഇനിയും എത്ര കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് സൗകര്യമില്ലെന്ന വിവരം ലഭ്യമല്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത വിഭാഗക്കാർക്കായുള്ള ഫണ്ടുകൾ യഥാവിധി വിനിയോഗിക്കുന്നുവെന്നും ഫണ്ട് അർഹതയുള്ളവർക്ക് തന്നെയാണ് ലഭിക്കുന്നതെന്നും ഉറപ്പുവരുത്താൻ നിലവിൽ വകുപ്പിനുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ

പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം നടപ്പാക്കുന്ന എല്ലാ ക്ഷേമപദ്ധതികളും വിശദമായി പരിശോധിച്ച് ന്യൂനതപരിഹാര നടപടി നിർദ്ദേശിക്കുകയും ചെയ്യുന്നു. ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ യഥാവിധി തുടർനടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

## ജാതി സർട്ടിഫിക്കറ്റ്

56(5503) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

&

(ബി) പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കാൻ അപേക്ഷകന്റെ രണ്ട് അയൽവാസികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമുമ്പാകെ ഹാജരായി സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയുണ്ടോ എന്ന് അറിയിക്കുമോ?

(എ&ബി) 1996-ലെ കേരള (പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമം, 2002-ലെ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പട്ടികജാതി/ പട്ടികഗോത്രവർഗ്ഗ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നത്. അപേക്ഷകൻ തന്റെ ജാതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ജാതി/മത വിവരങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടും ലാൻഡ് റവന്യൂ മാന്വൽ Vol.6, Para 240 പ്രകാരം അപേക്ഷകന്റെയും മാതാപിതാക്കളുടേയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും ആവശ്യമുള്ളപക്ഷം അവകാശവാദമുന്നയിക്കുന്ന വ്യക്തിയുടെ അതേ ജാതി/മത വിഭാഗത്തിലുൾപ്പെട്ട അയൽസാക്ഷികളിൽ നിന്നുള്ള മൊഴികൾ ശേഖരിച്ചും തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായം

57(5504) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാതെ കിടക്കുന്നുവെന്ന് വിശദമാക്കാമോ?

വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായവുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ തീർപ്പാക്കാനുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകളുടെ വിവരങ്ങളും* പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വിവരങ്ങളും അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത അപേക്ഷകൾ എന്നത്തേക്ക് തീർപ്പുകൽപ്പിച്ച് തുക അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

അപേക്ഷകൾ പരിശോധിച്ച് അർഹമായവയ്ക്ക് ധനസഹായം താമസംവിനാ അനുവദിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുക

58(5505) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകുന്ന ഫണ്ട് അതത് വർഷംതന്നെ ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഓരോ മാസവും പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി സമയബന്ധിതമായി ചെലവഴിക്കുന്നതിലൂടെ അതത് വർഷം 90 ശതമാനത്തോളം ഫണ്ട്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണങ്ങൾക്ക് കണ്ടെത്തുന്ന ഭൂമി കൈമാറുന്നതിനുള്ള കാലതാമസം, ഭൂമി സംബന്ധിച്ച വ്യവഹാരങ്ങൾ എന്നിവ കാരണം പോസ്റ്റ് മെട്രിക്/പ്രീമെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവ ആരംഭിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് യഥാസമയം ചെലവഴിക്കുന്നതിനും കാലതാമസം ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. തടസ്സങ്ങൾ നീക്കി നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്റ്റാർട്ടപ്പ് ഡ്രീം പദ്ധതി

59(5506) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച സ്റ്റാർട്ടപ്പ് ഡ്രീം പദ്ധതിയുടെ പുരോഗതി വിലയിരുത്തിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര സംരംഭകർക്ക് സഹായം നൽകാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും അവ മികച്ച രീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി നൽകിവരുന്നു. നിലവിൽ 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യ ഗഡുവായി പ്രത്യേക സീഡ് ഫണ്ടായി ലഭ്യമാക്കിയിട്ടുണ്ട്. 2016 മുതൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്.

## വിവാഹത്തിന് ധനസഹായം

60(5507) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും നിർദ്ധനരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ കഴിഞ്ഞ

സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഓരോ വർഷവും ഈ ഇനത്തിൽ ചെലവായ തുക എത്ര; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 22-3-2017-ലെ സ.ഉ.(സാധാ)നമ്പർ 21/17/പ.ജ.പ.വ.വി.വ. പ്രകാരം 75,000 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിർദ്ധനരായ പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായമായി 14-3-2018-ലെ സ.ഉ.(സാധാ)നമ്പർ 347/18/പ.ജ.പ.വ.വി.വ. പ്രകാരം 1,00,000 രൂപയും നൽകിവരുന്നു. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുന്ന ഫണ്ട്**

61(5508) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവയ്ക്കുന്ന ഫണ്ട് അർഹർക്ക് തന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ആയത് ഫലപ്രദമായി വിനിയോഗിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ പദ്ധതികളുടെയും സഹായവിതരണം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് എത്തിക്കുന്ന സംവിധാനം (ഡി.ബി.റ്റി.) നിലവിൽ വന്നിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾ നിർദ്ദിഷ്ട ആവശ്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നതെന്ന് പ്രൊമോട്ടർമാർ മുഖേന ഉറപ്പുവരുത്തുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ജനപ്രതിനിധികളും കോളനിവാസികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കിവരുന്നു.

(ബി) ഫണ്ട് വൻതോതിൽ ദുർവ്യയം ചെയ്യപ്പെടുന്ന പ്രവണത ആദിവാസി മേഖലയിൽ കൂടുതലായതിനാൽ ഏതൊക്കെ രീതിയിലാണ് ദുർവ്യയം നടന്നിട്ടുള്ളതെന്നതിന്റെ വിശദവിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഫണ്ട് ദുർവ്യയം ചെയ്യുന്നതായ പരാതികൾ ലഭിച്ചിട്ടില്ല.

(സി) 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗക്ഷേമത്തിന് ജനസംഖ്യാനുപാതികമായി വകയിരുത്തിയ ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന വിഹിതമായി 583.28 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 57.50 കോടി രൂപയും ഉൾപ്പെടെ 640.78 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമഫണ്ട് വിനിയോഗം**

62(5509) ശ്രീ. എ. പി അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും സംസ്ഥാന ബഡ്ജറ്റ്, കേന്ദ്ര വിഹിതം തുടങ്ങി ഏതൊക്കെ മേഖലയിൽ നിന്ന് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇതിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതമാണ് ചെലവഴിച്ചതെന്ന് വർഷാടിസ്ഥാനത്തിൽ വകുപ്പുകൾ തിരിച്ച് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു*. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ

63(5510) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ പട്ടികവർഗ്ഗ/ആദിവാസി വിഭാഗങ്ങളുടെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനായി അനുവദിച്ച പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു പ്രവൃത്തിയും ആരംഭിക്കാത്ത എത്ര സങ്കേതങ്ങളുണ്ടെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം 2017-18 സാമ്പത്തിക വർഷം 94 കോളനികൾ തെരഞ്ഞെടുത്തതിൽ 22 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത തെന്മല പട്ടികവർഗ്ഗ കോളനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ശേഷിക്കുന്ന കോളനികളിലെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആയത് അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### വനസംരക്ഷണം

64(5511) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനസംരക്ഷണം ആദിവാസികളെ ഏല്പിക്കണമെന്ന വനാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം രൂപീകരിച്ച കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരം സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. വനാവകാശ സമിതികൾക്ക് വനസംരക്ഷണം, വനം-വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നീ കാര്യങ്ങളിൽ ഗോത്രഭാഷയിൽ ഉൾപ്പെടെ പരിശീലനം നൽകി പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ട്രൈബൽ വില്ലേജ് മാർക്കറ്റ്

65(5512) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രൈബൽ വില്ലേജ് മാർക്കറ്റ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ബി) എങ്കിൽ എവിടെയെല്ലാമാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് ട്രൈബൽ വില്ലേജ് മാർക്കറ്റ് എന്ന പദ്ധതി തുടങ്ങാൻ പട്ടികവർഗ്ഗ വികസന വകുപ്പ് നിലവിൽ തീരുമാനിച്ചിട്ടില്ല.

## മലപ്പുറം നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

66(5513) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മലപ്പുറം നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) അവയുടെ നിർമ്മാണ പുരോഗതിയും സ്വീകരിച്ചിട്ടുള്ള നടപടികളെയും സംബന്ധിച്ച വിശദവിവരം നൽകാമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം മലപ്പുറം നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പാലമുറ്റം പട്ടികജാതി കോളനിയെയും 2019-20 സാമ്പത്തിക വർഷത്തിൽ ആണ്ടിക്കാട്ടിൽ പട്ടികജാതി കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. പാലമുറ്റം പട്ടികജാതി കോളനിയിൽ 41 വീടുകളുടെ പുനരുദ്ധാരണവും 4 റോഡുകളും ഫുട്ട്പാത്തും പൂർത്തീകരിച്ചിട്ടുണ്ട്. ആണ്ടിക്കാട്ടിൽ പട്ടികജാതി കോളനിയിൽ നടപ്പാക്കേണ്ട നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി 10 ലക്ഷം രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷംതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൂർത്തീകരിച്ചിട്ടില്ലാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

**സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം**

67(5514) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്ന സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തുന്നതിനായി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

നൈപുണ്യ വികസനത്തിനായി സംസ്ഥാന സർക്കാർ അംഗീകാരമുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന്റെയോ, Deen Dayal Upadhyaya Grameen Kaushalya Yojana (DDUGKY), National Skills Qualifications Framework (NSQF), National Skill Development Corporation (NSDC) എന്നിവയുടെ അംഗീകാരമുള്ളതോ ആയ കോഴ്സുകൾ നടത്തുന്നവരിൽ നിന്നാണ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഏജൻസികളെ മത്സരാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് കോഴ്സുകൾ നടത്തുന്നതിന് ചുമതലപ്പെടുത്തുന്നു.

(ബി) പ്രസ്തുത ഏജൻസികൾ കോവിഡ് കാലത്ത് ക്ലാസ്സുകൾ നടത്തിയിട്ടുണ്ടോയെന്ന കാര്യം അറിയിക്കാമോ?

2020-21 വർഷത്തിൽ 6 കോഴ്സുകളിലാണ് നൈപുണ്യപരിശീലനം ആരംഭിച്ചത്. ഇതിൽ Quantity Surveyor കോഴ്സ് കോവിഡ് നിയന്ത്രണ മാർഗ്ഗനിർദ്ദേശങ്ങൾ മുഴുവനായി പാലിച്ച് സർക്കാർ അനുമതിയോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഗാർമെന്റ് ഡിസൈനിംഗ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് മാനുഫാക്ചറിംഗ്, കെട്ടിട നിർമ്മാണ പരിശീലനം (ഗോത്രജീവികഘട്ടം) എന്നിവ കോവിഡ് നിയന്ത്രണത്തോടനുബന്ധിച്ച് നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. നിയന്ത്രണങ്ങൾക്ക് ഇളവ് ലഭിക്കുന്ന മുറയ്ക്ക് ആയവ പുനരാരംഭിക്കുന്നതാണ്.

(സി) എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ ഭാഗമായി പരിശീലനം നൽകിയെന്നും എത്ര രൂപയാണ് ഇതിനായി പ്രസ്തുത ഏജൻസികൾക്ക് നൽകിയിട്ടുള്ളതെന്നുമുള്ള കാര്യങ്ങൾ അറിയിക്കാമോ?

2020-21 വർഷത്തിൽ 1600 പേർക്ക് പരിശീലനം നൽകുന്നതിന് തെരഞ്ഞെടുക്കുകയും ഈ പരിശീലന പരിപാടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിയാതെ വന്നതിനാൽ പരിശീലനം 2021-22 സാമ്പത്തിക വർഷത്തിലും തുടരേണ്ടതുണ്ട്. 2020-21 വർഷം ഈ ആവശ്യത്തിനായി 1482.04 ലക്ഷം രൂപയുടെ പരിശീലന പരിപാടികളാണ് അംഗീകരിച്ചിരുന്നത്. പ്രസ്തുത വർഷം ടി പദ്ധതിപ്രകാരം 788.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഏജൻസികളെ എപ്രകാരമാണ് തെരഞ്ഞെടുത്തതെന്ന കാര്യം അറിയിക്കാമോ?

നൈപുണ്യ പരിശീലനം നൽകുന്നതിനായി കേന്ദ്ര/കേരള സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യപത്രം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷന്റെ പത്രക്കുറിപ്പ് വഴി ക്ഷണിക്കുകയും ആയതനുസരിച്ച് ലഭിക്കുന്ന പ്രൊപ്പോസലുകൾ, സർക്കാരിന്റെ വിവിധ പരിശീലന ഏജൻസികളായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, Additional Skill Acquisition Programme, കുടുംബശ്രീയിൽ നിന്നുള്ള DDUGKY പ്രതിനിധി, വകുപ്പിന്റെ സീനിയർ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട ടെക്നിക്കൽ കമ്മിറ്റി കൂടി സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, പ്ലേയ്സ്മെന്റ് ഉറപ്പ് വരുത്തൽ, അവസാന മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ഹോസ്റ്റൽ സൗകര്യം തുടങ്ങി പരിശീലനത്തിനുവേണ്ട ദേശീയ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സംവിധാനങ്ങൾ എന്നിവ വിലയിരുത്തി പ്രത്യേക നോട്ട് തയ്യാറാക്കി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുമായി പ്രത്യേക ധാരണാപത്രം ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങൾ പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്യുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികൾ**

68(5515) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി വിഭാഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിരുന്നു. ആയത് ഫലപ്രദമാണോയെന്ന വിഷയം പരിശോധിച്ചു വരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും നടപ്പാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

**കലാസമിതികൾക്കും കലാകാരന്മാർക്കും സാമ്പത്തിക സഹായം**

69(5516) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് മുഖേന കലാസമിതികൾക്കോ കലാകാരന്മാർക്കോ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ?

പട്ടികജാതി വികസനവകുപ്പ് മുഖേന കലാസമിതികൾക്കോ കലാകാരൻമാർക്കോ നിലവിൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

70(5517) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ,പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി 2016 മുതൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

KAICO, ജില്ലാ നിർമ്മിതി കേന്ദ്രം എന്നിവയാണ് നിർവ്വഹണ ഏജൻസികൾ .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി വ്യക്തമാക്കുമോ;

&

(ഇ) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ഡി&ഇ) പദ്ധതി മാനദണ്ഡപ്രകാരം ആറുമാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ആലപ്പുഴ ജില്ലയിലെ പ്രളയവും കോവിഡ് സാഹചര്യവുംമൂലം പല പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചില്ല. പല പദ്ധതികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നിട്ടുണ്ട്. പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബ്ലോക്കുതല ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്ന പദ്ധതി

71(5518) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഗോത്രസംരംഭകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ വില്പന ശൃംഖല വഴി ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഓൺലൈൻ വിൽപ്പന ശൃംഖല വഴി വിറ്റഴിക്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടില്ല.

## പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ

72(5519) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഭൗതിക സാഹചര്യങ്ങളൊരുക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) നിലവിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) 2009-10 സാമ്പത്തികവർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും അടിസ്ഥാന വിവരശേഖരണം പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്തമായി നടത്തിയിരുന്നു. ടി സർവ്വേയിലെ അടിസ്ഥാന വിവരങ്ങൾ നിലവിൽ കാലോചിതമായി പുതുക്കേണ്ടതുണ്ട്. ഇതിനായി പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഒരു സമഗ്ര ഡിജിറ്റൽ സർവ്വേയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർവ്വേയുടെ ഭാഗമായി Software Requirement Specification (SRS), Android and Web Application Sample Screen, Hosting of Android & Web Application, സർവ്വേയ്ക്കുള്ള Domain Registration, Pilot Survey, ജില്ലാതല ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശീലനം എന്നിവ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികളും ഡാറ്റാ അപഗ്രഥനവും പൂർത്തീകരിച്ചതിനുശേഷം പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. കോളനികളുടെ സമഗ്ര വികസനത്തിനായി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി എന്ന പേരിൽ നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

### പട്ടികജാതി/പട്ടിക ഗോത്ര വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

73 (5520) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:
<u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടിക ഗോത്രവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്രവികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

| ഗഡു | മാനദണ്ഡങ്ങൾ | പ്രീമിയം തുക |
|---|---|---|
| I) | 1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം<br>2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം | 39,000 |
| I1) | 1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം<br>2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം. | 36,000 |
| III) | അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. | 33,000 |
| IV) | പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി- യത് ഹാജരാക്കണം. | 30,000 |

പട്ടികവർഗ്ഗ വനിതകൾക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല. 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി L.I.C.-യുമായി ചേർന്ന് ഗ്രോത്രവാൽസല്യനിധി പദ്ധതി നടപ്പിലാക്കിവരുന്നു. L.I.C.-യുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതിനെ തുടർന്ന് പദ്ധതി തുടർ അംഗീകാരത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) പട്ടികജാതി/പട്ടികഗോത്രങ്ങളിൽപ്പെട്ട പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് എന്തൊക്കെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഈ വിഭാഗത്തിനുവേണ്ടി പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇവർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി* ചേർക്കുന്നു. പത്താം ക്ലാസ്സിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്തുവരുന്നു. 2-7-2009-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി വിദ്യാഭ്യാസാനുകൂല്യപദ്ധതി നടപ്പിലാക്കിവരുന്നത്. ഈ ഉത്തരവിന്റെ പരിധിയിൽപ്പെടാത്ത 2.5 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുവേണ്ടി പുതിയതായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുൻപുള്ള നിരക്കിനെക്കാൾ 20% വർദ്ധിപ്പിച്ചാണ് നിലവിൽ നൽകിവരുന്നത്. വിദ്യാഭ്യാസ ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മിശ്രവിവാഹ ധനസഹായം

74(5521) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ മിശ്രവിവാഹ ധനസഹായത്തിന്റെ അപേക്ഷയിൽ എന്നുവരെയുള്ളത് തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗക്കാരുടെ മിശ്രവിവാഹ ധനസഹായ അപേക്ഷകളിൽ തീർപ്പാക്കിയവ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽനിന്നും ലഭിച്ച മിശ്രവിവാഹ ധനസഹായത്തിന്റെ അപേക്ഷകൾ തീർപ്പാക്കിയതിന്റെ ഓഫീസ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത മിശ്രവിവാഹ ധനസഹായത്തിന്റെ ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

മിശ്രവിവാഹം ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗ ദമ്പതികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം അനുവദിക്കുന്നതാണ് മിശ്രവിവാഹ ധനസഹായപദ്ധതി. വിവാഹം കഴിഞ്ഞ് 1 വർഷത്തിന് ശേഷവും മൂന്ന് വർഷത്തിനുള്ളിലും ധനസഹായത്തിന് അപേക്ഷ സമർപ്പിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാൾ പട്ടികേതര ജാതിയിൽപ്പെട്ടയാളെ വിവാഹം കഴിക്കുകയാണെങ്കിൽ 75,000 രൂപ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ) താഴെയുള്ള ദമ്പതികൾ ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖകൾ, വിവാഹ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് രേഖകൾ, സഹവാസ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 75,000 രൂപ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ) താഴെയുള്ള ദമ്പതികൾ ജാതി, വരുമാന സർട്ടിഫിക്കറ്റ് എന്നിവയും മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷം ഒന്നിച്ച് താമസിക്കുന്നുവെന്ന ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രവും ടി വിവാഹത്തിന് മറ്റ് ധനസഹായമൊന്നും ലഭിച്ചിട്ടില്ലെന്നതിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി വികസന വകുപ്പ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി നടപ്പാക്കുന്ന പദ്ധതികൾ

75(5522) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്, ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപന്റ്
2. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്
3. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)
4. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
5. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ.
6. ലാപ്ടോപ്പ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.
7. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾ)
8. ആരോഗ്യഹാനിക്കിടയാക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.
9. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
10. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

11. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം

12. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം

13. ബുക്ക് ബാക്ക് സ്കീം

14. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം

15. പഠനമുറി

16. വിദേശപഠന സഹായം

17. ബി.ടെക് റെമഡിയൽ കോച്ചിംഗ് വിവിധ മത്സര പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് വകുപ്പിന് കീഴിൽ 4 പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തിവരുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) മുഖേന ധനസഹായം അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട മറ്റ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 30 പേർക്ക് ധനസഹായം ICSETS മുഖേന അനുവദിച്ചുവരുന്നു.

(ബി) തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കാമോ; സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് വകുപ്പിൽനിന്നും നൽകിവരുന്നത്?

വകുപ്പിന്റെ കീഴിൽ 44 ഐ.റ്റി.ഐ.-കളിലായി 11 ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. ദ്വിവൽസര ട്രേഡുകളായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വേയർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്, മെക്കാനിക്ക്, മെക്കാനിക് മോട്ടോർ വെഹിക്കിൾ, പെയിന്റർ ജനറൽ എന്നീ കോഴ്സുകളിലും ഏകവത്സര കോഴ്സുകളായ പ്ലംബർ, കാർപെന്റർ, വെൽഡർ, സ്വീയിംഗ് ടെക്നോളജി എന്നീ കോഴ്സുകളിലും ആറ് മാസ ട്രേഡ് ആയ ഡ്രൈവർ-കം-മെക്കാനിക് എന്നീ ട്രേഡുകളിൽ പരിശീലനം നൽകിവരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഓരോ പരിശീലനാർത്ഥിക്കും NCVT സർട്ടിഫിക്കറ്റ് ലഭിക്കുന്നു. ഈ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ ഇവർക്ക് സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള സാഹചര്യവുമുണ്ടാകുന്നു. കൂടാതെ പ്രസ്തുത കോഴ്സ് ജയിക്കുന്നവർക്ക് പഠിച്ച ട്രേഡുകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി ടൂൾ കിറ്റിനുള്ള ധനസഹായവും നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട

യുവതീയുവാക്കൾക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വിവിധ സർക്കാരിതര ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന വിവരസാങ്കേതിക കോഴ്സുകൾ, ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് മറ്റ് ഐ.റ്റി.ഐ കോഴ്സുകൾ എന്നിവയിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തുമുള്ള പല വ്യവസായിക സ്ഥാപനങ്ങളിലും തൊഴിൽ ലഭ്യമാകുന്നുണ്ട്. പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സ്വയംതൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ സ്വയംസഹായ സംഘങ്ങൾ, 80 ശതമാനമോ അതിന് മുകളിലോ പട്ടികജാതിക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവയ്ക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

(സി) പ്രൊഫഷണൽ കോഴ്സ് കഴിഞ്ഞ കുട്ടികൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി ചേർന്ന് സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.

### ഗദ്ദിക പ്രദർശന വിപണന മേള

76(5523) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗദ്ദിക പ്രദർശന വിപണനമേള ഏതെല്ലാം ജില്ലകളിൽ സംഘടിപ്പിച്ചിട്ടുണ്ട്; ഓരോ ജില്ലയിലും ചെലവായ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പരമ്പരാഗത ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കിർത്താഡ്സിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ വർഷത്തിൽ 2 സ്ഥലങ്ങളിലായി സംഘടിപ്പിക്കുന്ന ഗദ്ദിക ഉൽപ്പന്ന പ്രദർശന വിപണന മേള കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 8 ജില്ലകളിലാണ് സംഘടിപ്പിച്ചത്. ഓരോ ജില്ലയിലും ചെലവായ തുകയുടെ വിശദവിവരം അനുബന്ധം* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടാമ്പിയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം

77(5524) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പട്ടാമ്പിയിലെ പ്രീ മെട്രിക് ഹോസ്റ്റൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1989 കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തനം ആരംഭിച്ച പട്ടാമ്പി പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിടം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കുട്ടികൾ ഇല്ലാത്തതിനാൽ 2011-ൽ അടച്ചുപൂട്ടുകയാണുണ്ടായത്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പട്ടാമ്പിയിൽ പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നില്ല.

(ബി) പ്രസ്തുത കെട്ടിടത്തിൽ, പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രവർത്തനം നിലച്ച കെട്ടിടം ആയതിനാൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന യോഗ്യമാക്കിയതിനുശേഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്ന തരത്തിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പരിശീലനം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## അംബേദ്കർ ഭവന പദ്ധതിയുടെ പുരോഗതി

78(5525) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ ഭവന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; നാളിതുവരെ എത്ര കുടുംബങ്ങൾക്ക് ഇതിലൂടെ വീട് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

വകുപ്പ് മുഖേന അംബേദ്കർ ഭവന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

## പട്ടികവർഗ്ഗ വനിതകൾക്കായുള്ള വിവാഹ ധനസഹായം

79(5526) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാനപരിധി എന്ന നിബന്ധനയ്ക്ക് പുറമെ മാതാവ്/പിതാവ്/മാതാപിതാക്കൾ മരണപ്പെട്ടവരായിരിക്കണമെന്നും മാതാവിന്/ പിതാവിന് രോഗബാധകൾ കാരണം ജോലി ചെയ്ത് ഉപജീവനം കണ്ടെത്തുവാൻ കഴിയില്ലെന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൂടി ഹാജരാക്കണമെന്നുള്ള അധിക നിബന്ധന കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ അധിക നിബന്ധന ഇല്ലായെന്നിരിക്കെ, ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് ഇപ്രകാരം അധിക നിബന്ധന വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(സി) പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ, അധികവ്യവസ്ഥകൾ ഒഴിവാക്കി നിബന്ധനകൾ ലഘൂകരിച്ച് പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള അതേ വ്യവസ്ഥകൾക്ക് സമാനമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-സി) നിലവിലുള്ള ചട്ടപ്രകാരം പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാന പരിധി എന്ന നിബന്ധനയ്ക്കുപുറമെ മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചുപോവുകയും മറ്റ് ബന്ധുക്കളുടെയോ, രക്ഷിതാക്കളുടെയോ ആശ്രയത്തിൽ കഴിയുന്നവരുമായ അവിവാഹിതകളായ പെൺകുട്ടികൾ/മാതാപിതാക്കളിൽ ആർക്കെങ്കിലുമോ രണ്ടുപേർക്കുമോ തൊഴിൽ ചെയ്ത് ജീവിക്കാൻ സാധിക്കാത്തവിധം അംഗവൈകല്യം സംഭവിച്ചിട്ടുള്ളപക്ഷം അത്തരം ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/അടിമപ്പണിയിൽനിന്നും വിമുക്തരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺമക്കൾ/പട്ടികവർഗ്ഗക്കാരല്ലാത്തവരിൽനിന്നുള്ള അതിക്രമങ്ങൾക്കിരയായ പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ

അവിവാഹിതകളായ പെൺകുട്ടികൾ, അത്തരം അതിക്രമങ്ങൾക്കിരയായ അവിവാഹിതരായ പട്ടികവർഗ്ഗ യുവതികൾ/ഭൂമി അന്യാധീനപ്പെട്ട് നിർദ്ധനരായിപ്പോയ പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹപ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ/പുനർവിവാഹം ചെയ്ത് ജീവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ സമുദായ ഭ്രഷ്ടയാക്കപ്പെട്ട അവിവാഹിതയായ പട്ടികവർഗ്ഗ പെൺകുട്ടി/സമുദായ ഭ്രഷ്ടരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ എന്നിവർക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പുനഃപരിശോധിച്ച് പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിന് സമാനമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് എട്ട് വർഷത്തോളം കാലതാമസം ഉണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച് എട്ട് വർഷത്തിനുശേഷം ആയത് അനുവദിക്കുന്നതിലെ അനൗചിത്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം യഥാസമയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

&

(ഇ) പട്ടികജാതി വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം യഥാസമയം അനുവദിക്കുമ്പോൾ, കൂടുതൽ ദുർബ്ബല വിഭാഗമായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മിശ്ര വിവാഹ ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ, ബന്ധപ്പെട്ട ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തി ഇക്കാര്യത്തിലുള്ള കാത്തിരിപ്പിന് പരിഹാരം കാണുമോ; വ്യക്തമാക്കാമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നോൺ പ്ലാൻ ശീർഷകത്തിൽനിന്നുമാണ് മിശ്രവിവാഹ ധനസഹായം അനുവദിച്ച് നൽകിവരുന്നത്. ഈ ശീർഷകത്തിൽ ലഭിക്കുന്ന ഫണ്ട് പരിമിതമായിരുന്നു. ഈ സാമ്പത്തികവർഷം 25 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. നോൺ പ്ലാൻ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം ഉചിതമായ മറ്റ് ശീർഷകത്തിൽനിന്നുകൂടി മിശ്രവിവാഹ ധനസഹായത്തിനുള്ള ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പിന്നാക്കക്ഷേമ വകുപ്പിന്റെ പദ്ധതികൾ

80(5527) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക ക്ഷേമവകുപ്പ് രൂപീകൃതമായത് എന്നാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പിന്നാക്ക വിഭാഗ വികസന വകുപ്പ് രൂപീകരിച്ച് 16-10-1999-ലെ സ.ഉ.(കൈ) നമ്പർ 93/1999/പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ 19-11-2011-ലെ സ.ഉ.(കൈ)നമ്പർ 116/2011/ പ.ജ.പ.വ.വി.വ. പ്രകാരം ഡയറക്ടർ ഉൾപ്പെട്ട 10 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് 12-11-2011-ലാണ് വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്.

(ബി) പ്രസ്തുത വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ, അപേക്ഷാ ഫാറത്തിന്റെ മാതൃകകൾ, മാനദണ്ഡങ്ങൾ എന്നിവ വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ, അപേക്ഷാ ഫാറത്തിന്റെ മാതൃകകൾ, മാനദണ്ഡങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## അരുവാക്കോട് കുംഭാര കോളനിയിൽ നടപ്പാക്കുന്ന പദ്ധതികൾ

81(5528) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ, അരുവാക്കോട് കുംഭാര കോളനിയിൽ പിന്നോക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇല്ല. എന്നാൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന "കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി" പ്രകാരം 2019-20 വർഷം വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അരുവാക്കോട് കോളനിയുടെ വികസനത്തിനായി നിലമ്പൂർ നഗരസഭ മുഖാന്തരം ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ടി ശിപാർശ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ നടപടികളുടെ പുരോഗതിയും മതിപ്പുതുകയടക്കമുള്ള വിശദാംശങ്ങളും പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

&

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) ബാധകമല്ല.

(ഡി) പദ്ധതിയോടനുബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോയെന്നും പദ്ധതിയുടെ നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം അരുവാക്കോട് കോളനി വികസനത്തിനായി പൊതുസ്ഥലം ലഭ്യമായിരുന്നു. ടി കോളനിയിൽ മൺപാത്ര തൊഴിൽ ചെയ്യുന്ന കുടുംബങ്ങളുടെ എണ്ണം പദ്ധതി മാനദണ്ഡപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതിലും കുറവാണെന്ന കാരണത്താൽ അപേക്ഷ റദ്ദ് ചെയ്തിട്ടുള്ളതാണ്.

(ഇ) പ്രസ്തുത കോളനിയിൽ എത്ര കുടുംബങ്ങളാണുള്ളതെന്നും എത്ര കുടുംബങ്ങൾ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

ടി കോളനിയിൽ ആകെ 131 കുടുംബങ്ങൾ ഉള്ളതിൽ പരമ്പരാഗത മൺപാത്ര തൊഴിൽ ചെയ്തുവരുന്ന 20 കുടുംബങ്ങളാണുള്ളത്.

(എഫ്) മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള കുംഭാരൻമാരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ വിശദമാക്കാമോ?

പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനുള്ള ധനസഹായം, കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ മേഖലയിലുള്ള കളിമൺ പാത്ര നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം/പുതിയ യൂണിറ്റുകളുടെ നിർമ്മാണം/ ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ലക്ഷ്യമാക്കി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മുഖേന കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി, കളിമൺപാത്ര വിപണന വായ്പാ പദ്ധതി എന്നീ രണ്ട് വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

## പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

82(5529) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ പ്രീ-മെട്രിക്/ പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ 2020-ലും ഹോസ്റ്റൽ ഫീസാനുകൂല്യം 2019-ലും കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 2021-ലും വർദ്ധിപ്പിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് വിവിധ കോഴ്സുകളിൽ സീറ്റ് സംവരണവും വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ

83(5530) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടത്തുന്ന വരുമാനദായക, തൊഴിലധിഷ്ഠിത, സാമൂഹ്യക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടത്തുന്ന വരുമാനദായക, തൊഴിലധിഷ്ഠിത, സാമൂഹ്യക്ഷേമ പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പട്ടികജാതി, പട്ടികഗോത്രവിഭാഗങ്ങളിൽപ്പെട്ട വനിതകൾക്കായി സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതാ ശാക്തീകരണത്തിന് പദ്ധതിയുണ്ടോ?

ഉണ്ട്. സംസ്ഥാന കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ട് പട്ടികജാതിയിൽപ്പെട്ട വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽക്കൂട്ടങ്ങൾക്ക്) മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ അനുവദിക്കുന്നു. 10 സംരംഭകർവരെ ഉൾപ്പെടുന്ന യൂണിറ്റിന് പ്രത്യേകിച്ച് ജാമ്യമൊന്നുമില്ലാതെ പരമാവധി 5 ലക്ഷം രൂപവരെ ഈ പദ്ധതിപ്രകാരം വായ്പ അനുവദിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് 1,00,000 രൂപവരെ സബ്സിഡി അനുവദിക്കുന്നു. വായ്പയുടെ പലിശ നിരക്ക് 5%-ഉം തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3,00,000 രൂപയാണ്.

(സി) സാങ്കേതിക പരിജ്ഞാനവും തൊഴിൽ പരിചയവുമുള്ള സംരംഭകരെ വിജയകരമായ സംരംഭങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുന്നതിന് കോർപ്പറേഷന് പദ്ധതിയുണ്ടോ; സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ നൽകിവരുന്ന സഹായം അറിയിക്കാമോ?

ഉണ്ട്. 5 ലക്ഷം രൂപവരെ പദ്ധതി തുകയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. പട്ടികവിഭാഗത്തിൽപ്പെട്ട സ്റ്റാർട്ട് അപ്പ് സംരംഭകർക്കുള്ള വായ്പയും ഇതിൽ ഉൾപ്പെടുന്നു.

(ഡി) കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന കൃഷിഭൂമി വായ്പാപദ്ധതി ലക്ഷ്യം നിറവേറ്റുന്നതിൽ എത്രമാത്രം വിജയിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പദ്ധതിയുടെ ലക്ഷ്യത്തിനായി തന്നെയാണ് ഗുണഭോക്താക്കൾ വായ്പ ഉപയോഗിച്ചിട്ടുള്ളതെന്ന് കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ പദ്ധതിയുടെ വിജയത്തെക്കുറിച്ചുള്ള പ്രത്യേക വിലയിരുത്തൽ നടത്തുവാൻ കഴിഞ്ഞിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്വദേശി പ്രസാദ് പദ്ധതി

84(5531) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല, ഗുരുവായൂർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളുടെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടത്തുന്ന സ്വദേശി പ്രസാദ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ശബരിമല - കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദ് പദ്ധതിപ്രകാരം ശബരിമലയുടെ വികസനത്തിന് ശബരിമല, പമ്പ, ട്രക്കിംഗ് പാത്ത്, സന്നിധാനം എന്നിവിടങ്ങളിൽ 9998.92 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് 19.61 കോടി രൂപ ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ 5.75 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 4 കോടി രൂപയുടെ പദ്ധതികൾ അവസാന ഘട്ടത്തിലാണ്. ശ്രീപത്മനാഭസ്വാമി, ശബരിമല, ആറൻമുള സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി നിലയ്ക്കൽ വെയിറ്റിംഗ് ഹാൾ, ക്ലോക്ക് റൂം, പാർക്കിംഗ് ഗ്രൗണ്ട് തുടങ്ങിയവയുടെ നിർമ്മാണത്തിനായി 216 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കുള്ള ആദ്യ ഗഡുവായി 1.23 കോടി രൂപ കൈമാറിയിട്ടുണ്ട്.

ഗുരുവായൂർ - ഗുരുവായൂർ ദേവസ്വത്തിന്റെ മൾട്ടിലെവൽ കാർ പാർക്കിംഗ് പദ്ധതിക്കുവേണ്ടി 27.05 കോടി രൂപ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതാണ്.

ശ്രീപത്മനാഭസ്വാമി ക്ഷേത്രം - ശ്രീപത്മനാഭസ്വാമി - ആറൻമുള - ശബരിമല സ്പിരിച്വൽ സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി 9244.26 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഈസ്റ്റ്, വെസ്റ്റ്, നോർത്ത്, സൗത്ത് നട എന്നിവിടങ്ങളിൽ ക്ഷേത്രവും സർക്കാരിന്റെ മറ്റ് 17 ഏജൻസികളും മുഖാന്തരം കുടിവെള്ളം, ഇൻഫർമേഷൻ കൗണ്ടറുകൾ, ഫുട്പാത്ത് നിർമ്മാണം, ബയോടോയ്‌ലെറ്റുകൾ തുടങ്ങിയ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിവരുന്നു.

(ബി) ജീർണ്ണാവസ്ഥയിലുള്ള പുരാതന ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതിയുണ്ടോ?

ഉണ്ട്.

(സി) ദേവസ്വം ബോർഡുകളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിനും സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡുകളുടെ ഒരു സംയുക്ത യോഗം ചേർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സുകളടക്കം നിർമ്മിച്ചുകൊണ്ട് വഴിപാടിതര വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്തുവരുന്നുണ്ട്.

(ഡി) അബ്രാഹ്മണ ശാന്തിക്കാർ നേരിടുന്ന ജാത്യാധിക്ഷേപം അവസാനിപ്പിക്കാൻ ശക്തമായ ഇടപെടലുണ്ടാകുമോ; വിശദമാക്കാമോ?

ജാത്യാധിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കും.

**ക്ഷേത്രജീവനക്കാർക്ക് സാമ്പത്തിക സഹായം**

85(5532) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാരണം ക്ഷേത്രങ്ങളിലെ പൂജാരി മുതൽ മറ്റ് അനുബന്ധ ജീവനക്കാർവരെ നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ജീവനക്കാർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ സർക്കാർ മുൻകയ്യെടുക്കുമോ; വിശദമാക്കുമോ?

ഉണ്ട്. കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>തിരുവിതാംകൂർ ദേവസ്വം ബോർഡ്</u>:- 100 കോടി 80 ലക്ഷം രൂപ (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടി രൂപയും 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു).

<u>കൊച്ചിൻ ദേവസ്വം ബോർഡ്</u> :- 25 കോടി രൂപ

<u>മലബാർ ദേവസ്വം ബോർഡ്</u>:- 49.12 കോടി രൂപ (2021-2022 സാമ്പത്തിക വർഷം 11,82,05,500 രൂപ അനുവദിച്ചു).

<u>കൂടൽമാണിക്യം ദേവസ്വം</u> : - 15 ലക്ഷംരൂപ.

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷനോ, വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത BPL, അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000 രൂപ സാമ്പത്തിക സഹായം നൽകാൻ സർക്കാർ പൊതുതീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പാർട്ട്ടൈം അമ്പലങ്ങൾ പുനർവിന്യാസത്തിലൂടെ ഫുൾടൈം ആക്കുന്നതിന് നടപടി

86(5533) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ദേവസ്വങ്ങളിലാണ് ഒരു നേരം മാത്രം പ്രവർത്തിക്കുന്ന പാർട്ട്ടൈം അമ്പലങ്ങൾ നിലവിലുള്ളത്?

തിരുവിതാംകൂർ ദേവസ്വം ബോർഡിനും മലബാർ ദേവസ്വം ബോർഡിനും കീഴിൽ ദിവസം ഒരു നേരം മാത്രം പ്രവർത്തിക്കുന്ന പാർട്ട്ടൈം ക്ഷേത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പാർട്ട്ടൈം അമ്പലങ്ങൾ പുനർവിന്യാസത്തിലൂടെ ഫുൾടൈം ആക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(സി) ഇല്ലെങ്കിൽ അതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കാമോ?

(ബി& സി) ദേവസ്വം പതിവിന്റെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പുനർവിന്യാസ കമ്മിറ്റിയുടെ തീരുമാനപ്രകാരം പാർട്ട്ടൈം ക്ഷേത്രങ്ങൾ ഫുൾടൈം ആക്കുകയും ഫുൾടൈം ക്ഷേത്രങ്ങൾ പാർട്ട്ടൈം ആക്കുകയും ചെയ്യുന്ന നടപടി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടന്നുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിൽ, ദിവസം ഒരു നേരം മാത്രം പൂജയുള്ള ക്ഷേത്രങ്ങളും ആഴ്ചയിലോ മാസത്തിലോ ഒരിക്കൽ മാത്രം പൂജയുള്ള ക്ഷേത്രങ്ങളും ചില വിശേഷ ദിവസങ്ങളിൽ മാത്രം പൂജയുള്ള ക്ഷേത്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഓരോ പ്രദേശത്തെയും ആചാരാനുഷ്ഠാനങ്ങളുടെയും മറ്റും ഭാഗമായി പ്രത്യേക പൂജാ സമ്പ്രദായങ്ങളും പൂജാ സമയങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളാണ് ഇവയിൽ പലതും. ക്ഷേത്രം തന്ത്രിമാർ നിശ്ചയിക്കുന്ന പ്രകാരവും ക്ഷേത്രത്തിലെ ഡിക്കം പ്രകാരവുമാണ് പൂജാ സമയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇത്തരം ക്ഷേത്രങ്ങൾ ദിവസവും രണ്ട് നേരം പൂജയുള്ള ഫുൾടൈം ക്ഷേത്രങ്ങളാക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സ്വീകരിച്ചിട്ടില്ല.

## കോവിഡ്മൂലം വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം

87(5534) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി വിവിധ ദേവസ്വങ്ങൾക്ക് സർക്കാർ എത്ര രൂപ അനുവദിച്ചിട്ടുണ്ട്;

&

(ബി) ദേവസ്വം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

(എ&ബി) കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം രൂപ (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു).

കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ

മലബാർ ദേവസ്വം ബോർഡ് - 49.12 കോടി രൂപ (നടപ്പ് സാമ്പത്തിക വർഷം 11,82,05,500 രൂപ അനുവദിച്ചു).

കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം രൂപ.

**ദേവസ്വം ബോർഡിന് കീഴിലെ കുളങ്ങളുടെ നവീകരണം**

88(5535) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളിൽ പലതും നവീകരിക്കാതെയും സംരക്ഷിക്കപ്പെടാതെയും മാലിന്യക്കൂമ്പാരമായി ശോചനീയമായ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുളങ്ങളിൽ പലതിനും വിസ്തൃതി കുറഞ്ഞുവരുന്നതും കയ്യേറ്റങ്ങൾ നടക്കുന്നതും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

&

(സി) ക്ഷേത്രങ്ങളുടെ ഭാഗം എന്നതിലുപരി ആവാസവ്യവസ്ഥയുടെയും പലതരം ജീവജാലങ്ങളുടേയും നിലനിൽപ്പിന് മുഖ്യ പങ്കുവഹിക്കുന്ന പ്രസ്തുത കുളങ്ങൾ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ-സി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി 2021-22 ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച 9,67,85,000 രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഒന്നാം ഗഡുവായി 73,51,985 രൂപ നൽകിയിട്ടുണ്ട്. കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള 5,12,16,000 രൂപയുടെ

പ്രൊപ്പോസലും ലഭ്യമായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ആയത് പരിഗണിക്കുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ ക്ഷേത്രങ്ങളോട നുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി രൂപപ്പെടുത്തുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പുമായി കൂടിയാലോചന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വനം വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ദേവസ്വം ബോർഡുകൾ എന്നിവയുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് 29-7-2021-ൽ യോഗം ചേർന്ന് തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി.

## സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതി

89(5536) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന പ്രത്യേകമായ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോവിഡ് പ്രതിസന്ധി ക്ഷേത്ര ജീവനക്കാരുടെ വേതനം, പെൻഷൻ എന്നിവയെ ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകമായ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം രൂപ (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടിയും, 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു).

കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ

മലബാർ ദേവസ്വം ബോർഡ് - 49.12 കോടി രൂപ

കൂടൽമാണിക്യം ദേവസ്വം- 15 ലക്ഷം രൂപ.

(സി) ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ദേവസ്വം ബോർഡുകളുടെ സംയുക്ത നിയന്ത്രണത്തിൽ സംസ്ഥാനതലത്തിൽ താന്ത്രികപഠന കേന്ദ്രം സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാതൃക വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സംയുക്ത നിയന്ത്രണത്തിൽ സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന താമസ സൗകര്യത്തോടുകൂടിയ ഒരു താന്ത്രിക പഠന കേന്ദ്രം സ്ഥാപിക്കുന്നതിനും പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേവസ്വം ബോർഡുകളെ സ്വയംപര്യാപ്തമാക്കൽ

90(5537) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം വിവിധ ദേവസ്വം ബോർഡുകൾക്കും ആരാധനാലയങ്ങൾക്കും സാമ്പത്തിക പ്രതിസന്ധിയുണ്ടായതും സർക്കാർ സഹായം കൊണ്ടുമാത്രം ജീവനക്കാർക്ക് ശമ്പളം നൽകുന്നതുൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കി?

(എ&ബി) ഉണ്ട്. കോവിഡുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ ആകെ 175.07 കോടി രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് - 100 കോടി 80 ലക്ഷം രൂപ (കോവിഡ് പാക്കേജ് ഇനത്തിൽ 10 കോടി രൂപയും, 2019-20, 2020-21 വർഷങ്ങളിൽ വാർഷിക വിഹിതം ഇനത്തിൽ കുടിശ്ശികയായ 80 ലക്ഷം രൂപയും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചു.)

കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി രൂപ

മലബാർ ദേവസ്വം ബോർഡ് - 49.12 കോടി രൂപ

കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം രൂപ.

(സി) പ്രസ്തുത പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി ബോർഡുകളുടെ അധീനതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി പുതിയ മാർഗ്ഗങ്ങളവലംബിച്ച് വരുമാനം ഉറപ്പാക്കി ഇവയെ സ്വയംപര്യപ്തമാക്കാമെന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോ;

&

(ഡി) എങ്കിൽ ഇതിനായി ദേവസ്വങ്ങളും സർക്കാരും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ഉണ്ട്. ദേവസ്വം ബോർഡുകളുടെ നിലവിലെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-7-2021-ൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡുകളുടെ പക്കൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ക്ഷേത്ര ആവശ്യങ്ങൾക്കായി വിവാദങ്ങൾക്കിടവരുത്താത്തവിധം പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡുകളുടെ ഭൂമിയിൽ വാണിജ്യ ഉദ്ദേശ്യത്തോടുകൂടിയ കെട്ടിട സമുച്ചയവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ദേവസ്വം ബോർഡുകൾ ആസൂത്രണം ചെയ്തുവരുന്നു.

**ചേരിക്കലം കൊട്ടാരം**

91(5538) <u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വത്തിനുകീഴിൽ നാട്ടിക നിയോജക മണ്ഡലത്തിലെ ചേർപ്പിൽ സ്ഥിതി ചെയ്യുന്ന ചേരിക്കലം കൊട്ടാരം ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ കൊട്ടാരം സംരക്ഷിത സ്മാരക പദവിയിലേക്ക് മാറ്റുന്നതിന് പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

ചേരിക്കലം കൊട്ടാരം സംരക്ഷിത സ്മാരക പദവിയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ഇവിടെ സാംസ്കാരിക വകുപ്പുമായി ചേർന്ന് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ഡി) ടൂറിസം വകുപ്പുമായി ചേർന്ന് ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ചേരിക്കലം കൊട്ടാരത്തിൽ സാംസ്കാരിക വകുപ്പുമായി ചേർന്ന് സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതും ടൂറിസം വകുപ്പുമായി ചേർന്ന് ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതും പരിശോധിക്കാവുന്നതാണ്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾ

92(5539) ശ്രീ. എച്ച് സലാം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ, അനുവദിച്ച തുക സഹിതം വിശദമാക്കാമോ; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സർക്കാർ ഫണ്ടുപയോഗിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2016-2021 കാലയളവിൽ 1,27,74,696 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തിനാലായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) തിരുവിതാംകൂർ ദേവസ്വം ബോർഡ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മലബാർ ദേവസ്വത്തിലെ സാമ്പത്തിക പരാധീനത

93(5540) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ പ്രവർത്തനങ്ങൾക്ക് കടുത്ത സാമ്പത്തിക പരാധീനതകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ഭൂരിഭാഗം ക്ഷേത്രങ്ങളും നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായ ക്ഷേത്രങ്ങളിലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാർക്ക് ശമ്പളവും മറ്റ് ആശ്വാസ ധനസഹായവും നൽകുന്നതിലേയ്ക്ക് വിവിധ ഘട്ടങ്ങളിലായി സർക്കാർ 49,12,13,000 രൂപ അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽനിന്നും നൽകിയ തുകയുടെയും സർക്കാർ ഫണ്ടിൽനിന്നും നൽകിയ തുകയുടെയും പട്ടിക തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങൾ**

94(5541) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡല പരിധിയിൽ മലബാർ ദേവസ്വം ബോർഡിനുകീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് അറിയിക്കുമോ; അവയുടെ പേരുകൾ ഗ്രേഡ് സഹിതം പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ 41 ക്ഷേത്രങ്ങളാണുള്ളത്. ഇവയിൽ ശ്രീ എടവല്ലൂർ ക്ഷേത്രം-എടക്കര, ശ്രീ കോട്ടയിൽ കോവിലകം ക്ഷേത്രം - മുചുകുന്ന്, ശ്രീ മങ്ങാട് കോവിലകം ക്ഷേത്രം-ഇയ്യാട്, ശ്രീ പുതിയതെരു ഗണപതി ക്ഷേത്രം-കൊരയങ്ങാട് എന്നീ നാല് ക്ഷേത്രങ്ങൾ മലബാർ ദേവസ്വം ബോർഡുമായി സഹകരിച്ചുവരുന്നില്ല. ടി നാല് ക്ഷേത്രങ്ങൾ ഒഴികെയുള്ള 37 ക്ഷേത്രങ്ങളുടെ പേരുകൾ ഗ്രേഡ് സഹിതം പട്ടിക രൂപത്തിൽ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി)പ്രസ്തുത ക്ഷേത്രങ്ങളിൽ ഓരോന്നിലും ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് പട്ടികപ്പെടുത്തി നൽകാമോ?

പ്രസ്തുത ക്ഷേത്രങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധം (2)-ൽ* ചേർത്തിട്ടുണ്ട്.

(സി) മലബാർ ദേവസ്വം ബോർഡിൽ ക്ഷേത്രങ്ങൾക്ക് ഗ്രേഡിംഗ് നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന വാർഷിക വരുമാന പരിധി ഓരോ ഗ്രേഡിനും ഏത് വിധമാണെന്ന് വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളെ ഗ്രേഡിംഗ് നടത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള വാർഷിക വരുമാന പരിധി താഴെ പറയും പ്രകാരമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ഗ്രേഡിംഗ് | വാർഷിക വരുമാനപരിധി |
|---|---|
| സ്പെഷ്യൽ ഗ്രേഡ് | 75 ലക്ഷവും അതിന് മുകളിലും |
| എ ഗ്രേഡ് | 25 ലക്ഷം മുതൽ 75 ലക്ഷം വരെ |
| ബി ഗ്രേഡ് | 10 ലക്ഷം മുതൽ 25 ലക്ഷം വരെ |
| സി ഗ്രേഡ് | 3 ലക്ഷം മുതൽ 10 ലക്ഷം വരെ |
| ഡി ഗ്രേഡ് | 3 ലക്ഷം രൂപയിൽ താഴെ |

**മലബാർ ദേവസ്വം ബോർഡിൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക**

95(5542) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിൽ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേയ്ക്ക് പുതിയതായി എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ദേവസ്വം ജീവനക്കാർ എത്ര പേരുണ്ടെന്നറിയിക്കാമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിനുകീഴിൽ, എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനം വഴി (Direct Recruitment) 9 പേർക്കും ക്ഷേത്ര ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് (by transfer) 9 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(സി) ദേവസ്വം ജീവനക്കാരിൽനിന്നും എക്സിക്യൂട്ടീവ് ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയ്ക്ക് കാലതാമസം നേരിട്ടതുകൊണ്ട് അർഹരായവർക്ക് നിയമനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ക്ഷേത്രജീവനക്കാരിൽനിന്നും എക്സിക്യൂട്ടീവ് ഓഫീസറായി നിയമിക്കപ്പെടുന്നതിനുള്ള പ്രക്രിയയ്ക്ക് കാലതാമസം നേരിട്ടത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നിലനിന്നതുകൊണ്ടാണ്. പ്രസ്തുത വ്യവഹാരത്തിൽ തീർപ്പ് കല്പിച്ചതിനുശേഷം കാലതാമസം കൂടാതെ തന്നെ നിയമന പ്രക്രിയ ആരംഭിച്ചിട്ടുണ്ട്.

(ഡി) അർഹരായവർക്ക് നിയമനം ലഭിക്കുന്നതിന് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

96 (5543) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഊട്ടുപുരയിലെ, ദേവസ്വം ബോർഡ് അനുവദിച്ച വിവാഹ ആവശ്യങ്ങൾക്കുള്ള പാചകത്തിന് ആവശ്യമായ പാത്രങ്ങൾ വിതരണം നടത്തുന്നതിലെ കാലതാമസത്തിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഊട്ടുപുരയിലേയ്ക്ക് പാത്രങ്ങൾ സപ്ലൈ ചെയ്യുന്നതിന് 14-11-2018-ലെ ആർ.ഒ.സി.24727/18/എം-1 നമ്പരായി തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഉത്തരവായിരുന്നു. എന്നാൽ 2018-ലെ പ്രളയവും മറ്റുംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണമാണ് ടി പാത്രങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയാതിരുന്നതെന്നും എല്ലാ സബ് ഗ്രൂപ്പ് ഓഫീസുകളിലേയ്ക്കും ദേവസ്വങ്ങളിലേയ്ക്കും ആവശ്യമുള്ള സാധനങ്ങളുടെ ഏകീകൃത ലിസ്റ്റ് തയ്യാറാക്കി നൽകാൻ 9-3-2021-ലെ ആർ.ഒ.സി.5320/19/എച്ച്.സി.എ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പാത്രങ്ങൾ വിതരണം ചെയ്യുന്നതാണെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലേക്ക് ദേവസ്വം ബോർഡ് അനുവദിച്ച കതിർമണ്ഡപം സ്ഥാപിക്കുന്നതിന്റെ കാലതാമസത്തിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; കതിർമണ്ഡപം നിർമ്മിക്കുന്നതിന് അനുമതി നൽകിയത് ഏത് വർഷമാണെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലേയ്ക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുവദിച്ച രണ്ട് കതിർമണ്ഡപങ്ങളിൽ ഒന്ന് 2019-ൽ തന്നെ പണി പൂർത്തിയായിട്ടുള്ളതാണ്. എന്നാൽ തുടർന്നുവന്ന കോവിഡ് മഹാമാരിയും കതിർമണ്ഡപത്തിന്റെ ഫാബ്രിക്കേഷൻ വർക്ക് ചെയ്തിരുന്ന വർക്ക്ഷോപ്പിലുണ്ടായ

ചില നിയമപ്രശ്നങ്ങളും കാരണം രണ്ടാമത്തെ മണ്ഡപത്തിന്റെ പണി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായി. അടിയന്തരമായി കതിർമണ്ഡപം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര നവീകരണം

97(5544) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ടെൻഡർ നടപടി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തികൾക്കും അനുവദിച്ച അടങ്കൽ തുക എത്രയെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ടെൻഡർ നടപടി പൂർത്തീകരിച്ച പ്രവൃത്തികളും അവയുടെ അടങ്കൽ തുകയും ചുവടെ ചേർക്കുന്നു.

ഊട്ടുപുരയുടെ നവീകരണം - 4,63,000

ക്ഷേത്രമതിൽ പുനർനിർമ്മാണം - 22,28,000

(ബി) ടെൻഡർ നടപടി ഏത് വർഷത്തിലാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ?

ഊട്ടുപുര നവീകരണത്തിനായി 2018-ലും ക്ഷേത്രമതിൽ പുനർ നിർമ്മാണത്തിനായി 2016-ലും ടെൻഡർ ക്ഷണിച്ചു.

(സി) ഊട്ടുപുര, നടപ്പന്തൽ, ക്ഷേത്ര മതിൽ എന്നീ പുനർനിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഊട്ടുപുരയുടെ നവീകരണ പ്രവൃത്തിക്കായി 4,63,000 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ ക്ഷണിച്ചപ്പോൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ നിർമ്മാണ സാധനങ്ങളുടെ വിലക്കയറ്റം കാരണം ക്വാട്ട് ചെയ്ത നിരക്കിൽ നിർമ്മാണം നടത്തുവാൻ പിന്നീട് വിസമ്മതിക്കുകയും നിർമ്മാണം നടത്തുവാൻ വിസമ്മതിച്ചത് കാരണം എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു. നടപ്പന്തൽ കിഴക്കുഭാഗം പുനർനിർമ്മാണ പ്രവൃത്തിക്കായി 6,90,300 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടി എസ്റ്റിമേറ്റിന് ബോർഡിന്റെ ഭരണാനുമതി നൽകുന്നതിന് മുന്നോടിയായി എസ്റ്റിമേറ്റ് തുകയുടെ 50% സംഭാവന ഇനത്തിൽ ക്ഷേത്രോപദേശക സമിതിയിൽനിന്നും ബോർഡ്

ആവശ്യപ്പെടുകയും ചെയ്തു. ക്ഷേത്രോപദേശക സമിതി ഇത് നിരസിച്ച സാഹചര്യത്തിൽ മറ്റ് നടപടി പുരോഗമിക്കുന്നു. ക്ഷേത്രമതിൽ പുനർനിർമ്മാണ പ്രവൃത്തിക്കായി ടെൻഡർ നടപടി പൂർത്തികരിച്ച് കരാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെ ബോർഡ് തലത്തിൽ നടപടി നടന്നുവരുന്നു.

**ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് സംവരണം വർദ്ധിപ്പിക്കുന്നതിന് നടപടി**

98(5545) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനു പാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതി (പി.കെ.എസ്.) ദേവസ്വം ബോർഡുകളിലും ദേവസ്വം വകുപ്പിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; പ്രസ്തുത നിവേദനങ്ങളുടെ തുടർനടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനു പാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

&

(സി) ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനു പാതികമായി സംവരണം വർദ്ധിപ്പിച്ചുനൽകണമെന്ന് ആവശ്യപ്പെട്ട് എസ്.സി./ എസ്.റ്റി എംപ്ലോയീസ് അസോസിയേഷൻ 27-02-2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട 3298313/2019/ആർ.ഇ.വി. നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽനിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധം - 1* ആയി ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. കേരള സ്റ്റേറ്റ് &

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം 50% സംവരണം വ്യവസ്ഥ ചെയ്യുന്നതിൽ 32% സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന വിവിധ ഹിന്ദുവിഭാഗങ്ങൾക്കും 18% ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്കുമായാണ്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടപ്രകാരം 32% സംവരണം സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന ഹിന്ദു വിഭാഗങ്ങൾക്കായി നൽകുകയും ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങൾക്കുള്ള 18% സംവരണം ഓപ്പൺ കോമ്പറ്റീഷനിലേക്ക് നൽകുകയുമാണ് ചെയ്തിരുന്നത്. പിന്നീട് ഈ 18%-ൽനിന്നും പട്ടികജാതി വിഭാഗത്തിനുള്ള സംവരണത്തിൽ 2% വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയ തീരുമാനമെടുക്കുകയും ദേവസ്വം ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലും ലാസ്റ്റ് ഗ്രേഡിതര സർവ്വീസിലും ഹിന്ദു പട്ടികജാതിക്കാർക്കുള്ള സംവരണം 8%-ൽനിന്നും 10% ആയി വർദ്ധിപ്പിക്കുകയും ഈ വർദ്ധനവ് നടപ്പിലാക്കി 18-11-2019-ലെ സ.ഉ.(അച്ചടി).79/2019/ആർ.ഡി. നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10%-ഉം പട്ടികവർഗ്ഗ വിഭാഗത്തിന് 2%-ഉം സംവരണം നൽകിവരുന്നുണ്ട്. എസ്.സി./എസ്.റ്റി. എംപ്ലോയീസ് അസോസിയേഷൻ 27-2-2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട സർക്കാർ ഫയലിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷന്റെ അപേക്ഷ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ പരിശോധിച്ചുവരികയാണ്.

## ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ജീവനക്കാരുടെ അഭാവം

99(5546) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിലുള്ള ഒഴിവുകളുടെ വിശദവിവരങ്ങൾ നൽകുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പുനർവിന്യാസ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് തസ്തിക പുനഃക്രമീകരിച്ചശേഷം നിയമനങ്ങൾ നടത്തുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ജീവനക്കാരുടെ അഭാവം കാരണം ഏതെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദവിവരം നൽകുമോ?

ഇല്ല.

## സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം

100(5547) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനം വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന്റെ ഭാഗമായി സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടത്തിവരുന്ന പദ്ധതികളിൽ വനത്തിനകത്തുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പുനരധിവാസത്തിന് സന്നദ്ധമാകുന്ന ആദിവാസി ഇതര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിലുള്ള ആദിവാസി ഇതര വിഭാഗങ്ങളുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം അർഹമായ ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകി നാല് വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് ലക്ഷ്യമാക്കുന്നത്. ഈയിനത്തിൽ ആകെ 291.96 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(സി) ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളും സെറ്റിൽമെന്റുകളും ഏതെല്ലാമാണെന്ന വിവരം അറിയിക്കാമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലെ വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം എന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഡിവിഷനുകളുടെയും സെറ്റിൽമെന്റുകളുടെയും പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഇവയിൽ ഇതുവരെ അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ എംപവേഡ് കമ്മിറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിലെ കട്ടിളപ്പാറ സെറ്റിൽമെന്റിലെ 57 അർഹതപ്പെട്ട കുടുംബങ്ങൾക്കും കാസർഗോഡ് ഡിവിഷനുകീഴിൽ വരുന്ന അട്ടൂർ മുചാംതുള്ളി സെറ്റിൽമെന്റിലെ 14 അർഹതപ്പെട്ട കുടുംബങ്ങൾക്കും ഒറ്റമല സെറ്റിൽമെന്റിലെ 7 അർഹതപ്പെട്ട കുടുംബങ്ങൾക്കും) പുനരധിവാസത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

**ജലാശയങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾമൂലം പരിസ്ഥിതിക്കുള്ള കോട്ടം**

101(5548) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ജലാശയങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കായി ഒരുക്കുന്ന അനുബന്ധ സംവിധാനങ്ങൾ പരിസ്ഥിതിയെയും വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

&

(ബി) പ്രസ്തുത സംവിധാനങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പരിശോധിച്ചിട്ടുണ്ട്. ഇത്തരം സൗരോർജ്ജ പ്ലാന്റുകളുമായി ബന്ധപ്പെട്ട പാനലുകൾ ജലാശയങ്ങളിൽ സൂര്യപ്രകാശം ഒരേ രീതിയിൽ ലഭിക്കുന്നതിന് തടസ്സമാകുകയും ഇതിന്റെ ഫലമായി ജലാശയത്തിലെ ഫോട്ടോസിന്തസിസ് പ്രവർത്തനങ്ങൾ കുറയുകയും മത്സ്യങ്ങളുടെ പ്രധാന ഭക്ഷണമായ phytoplankton വളർച്ച തടസ്സപ്പെടുത്തുന്നതിനും മത്സ്യസമ്പത്ത് നശിച്ചുപോകുന്നതിനും ഇടയാക്കുന്നതാണ്. ഈ പ്രതിഭാസംമൂലം ജലാശയത്തിലെ ഊഷ്മാവ് വർദ്ധിക്കുന്നതിനും വെള്ളത്തിലെ പോഷകഗുണം കുറയുന്നതിനും ആൽഗകൾ ഉണ്ടാകുന്നതിനും ഇടയാകുന്നു. ഇതിന്റെയെല്ലാം ഫലമായി മത്സ്യസമ്പത്തിനെ ആശ്രയിച്ച് കഴിയുന്ന ദേശാടനപക്ഷികളും മറ്റ് ജീവിവിഭാഗങ്ങളും ഭക്ഷണലഭ്യത കൂടുതലുള്ള സ്ഥലങ്ങൾ തേടി പോകുന്നതിനോ നശിച്ചുപോകുന്നതിനോ ഇടയാകുന്നു. ഇങ്ങനെ മത്സ്യ ലഭ്യതയിലുണ്ടാകുന്ന കുറവ് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന തദ്ദേശീയരായ വനവാസികളായവരേയും ബാധിക്കും.

**മരവത്കരണം കർമ്മപദ്ധതി**

102(5549) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവത്കരണം എന്ന കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യഭൂമിയിൽ വനം വകുപ്പ് നേരിട്ട് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ എല്ലാവർഷവും പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിപ്രകാരം വൃക്ഷവൽക്കരണത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യക്തികൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു.

(ബി) പദ്ധതി നടത്തിപ്പിനായി നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 29-9-2012-ലെ സ.ഉ.(സാധാ)നമ്പർ 486/12/വനം പ്രകാരം 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

എല്ലാ വർഷവും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഹരിത കേരളം പദ്ധതിപ്രകാരം വൃക്ഷവൽക്കരണത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമ സ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

103(5550) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കണ്ടൽ വനങ്ങളിൽ എത്ര ശതമാനത്തിന് നിയമാനുസൃത സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റവന്യൂ/പഞ്ചായത്ത് പുറമ്പോക്കുകളിലുള്ള കണ്ടൽ വനങ്ങൾ മുഴുവനും നിയമാനുസൃതമായി സംരക്ഷിക്കപ്പെടുവാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. 1541 ഏക്കർ കണ്ടൽ വനങ്ങൾ റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) നിയമ സംരക്ഷണം ലഭിക്കാത്തതുമൂലം കയ്യേറ്റത്തെ തുടർന്ന് നശോന്മുഖമായിക്കൊണ്ടിരിക്കുന്ന കണ്ടൽക്കാടുകൾ എത്ര ചതുരശ്ര കിലോമീറ്റർ വരുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇപ്രകാരം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കണ്ടൽക്കാടുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. എന്നാൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ പാരിസ്ഥിതിക ദുർബ്ബലപ്രദേശ നിയമം, 2003 സെക്ഷൻ 4 പ്രകാരം നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കണ്ടൽക്കാടുകൾക്ക് നിയമസംരക്ഷണം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

നിലവിലുള്ള സ്വകാര്യ കണ്ടൽക്കാടുകൾ പാരിസ്ഥിതിക ദുർബ്ബലപ്രദേശ നിയമം, 2003 സെക്ഷൻ 4 പ്രകാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി കണ്ടൽക്കാടുകൾ എല്ലാംതന്നെ തീരദേശ സംരക്ഷണ നിയമത്തിൽ ഏറ്റവും സംരക്ഷണം നൽകേണ്ട CRZIA വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1541 ഏക്കർ കണ്ടൽ വനങ്ങൾ റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) വനങ്ങൾ പ്രദാനം ചെയ്യുന്ന ഹൈഡ്രോളജിക്കൽ സർവ്വീസ് കണക്കാക്കുന്നതിന് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് നടത്തിയ സാധ്യതാപഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഇപ്രകാരം റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) കണ്ടൽക്കാടുകളുടെ ഏറ്റെടുക്കലിനും സംരക്ഷണത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ?

നിലവിലുള്ള സ്വകാര്യ കണ്ടൽക്കാടുകൾ പാരിസ്ഥിതിക ദുർബ്ബലപ്രദേശ നിയമം, 2003 സെക്ഷൻ 4 പ്രകാരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1541 ഏക്കർ കണ്ടൽ വനങ്ങൾ റിസർവ്വായി പ്രഖ്യാപിച്ചിട്ടുണ്ട്. ജൈവ വൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം സാമൂഹ്യ വനവൽക്കരണവിഭാഗം വിവിധയിനം കണ്ടൽ ചെടികളും അനുബന്ധ ചെടികളും ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഗാർഹികാവശ്യങ്ങൾക്ക് കണ്ടൽ ചെടികൾ നശിപ്പിക്കപ്പെടാതിരിക്കാൻ തദ്ദേശീയർക്ക് സൗകര്യപ്രദമായ രീതിയിൽ ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 5 ജില്ലകളിൽ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിനുകീഴിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## വനഭൂമിക്കായി രജിസ്റ്റർ ചെയ്തവർക്കുള്ള ആനുകൂല്യം

104(5551) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് പരിവേഷ് പോർട്ടലിൽ വനഭൂമിക്കായി രജിസ്റ്റർ ചെയ്തവർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

1980-ലെ വന സംരക്ഷണ നിയമവും 2003-ലെ വന സംരക്ഷണ ചട്ടങ്ങളും അനുശാസിക്കുംവിധം PARIVESH പോർട്ടലിൽ വനഭൂമിക്കായി രജിസ്റ്റർ ചെയ്ത അപേക്ഷകൾ പരിശോധിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിട്ടുള്ളതും മറ്റ് അപേക്ഷകൾ പരിഗണനയിലുമാണ്.

(ബി) വനാവകാശ നിയമ പ്രകാരം കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ പരിവർത്തിത ഭൂമി റവന്യൂ വകുപ്പ് വനം വകുപ്പിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; ഇപ്രകാരം ഭൂമി ലഭിക്കുന്നവർ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദീകരിക്കാമോ?

കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വനാവകാശ നിയമപ്രകാരം പരിവർത്തിത ഭൂമി റവന്യൂ വകുപ്പ് വനം വകുപ്പിന് കൈമാറിയിട്ടില്ല.

## വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമി

105(5552) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ വനാവകാശ നിയമം കേരളത്തിൽ പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ?

വനാവകാശ നിയമം കേരളത്തിൽ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായുള്ള വ്യക്തിഗത, സാമൂഹ്യ വികസനാവശ്യങ്ങൾക്കുള്ള അവകാശങ്ങൾ ചിലയിടങ്ങളിൽ ഇനിയും പൂർണ്ണതോതിൽ നടപ്പിലാക്കേണ്ടതുണ്ട്.

(ബി) ആദിവാസികൾക്ക് ലഭിച്ച ഭൂമി വനം വകുപ്പ് ഇപ്പോഴും വനഭൂമിയായി കണക്കാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനാവകാശ നിയമ പ്രകാരം വ്യക്തിഗത അവകാശങ്ങൾ കൽപ്പിച്ചുനൽകുന്ന ഭൂമി നിയമപരമായി വനഭൂമിയായിത്തന്നെ തുടരുന്നതാണ്.

(സി) ഇതുമൂലം വീട് വയ്ക്കാനോ വനവിഭവങ്ങൾ ശേഖരിക്കാനോ ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

വനാവകാശ നിയമപ്രകാരം വ്യക്തിഗത അവകാശങ്ങൾ കൽപ്പിച്ചുനൽകുന്ന ഭൂമിയിൽ അവകാശികൾക്ക് വീട് വയ്ക്കുന്നതിനോ കൃഷി മുതലായ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യുന്നതിന് തടസ്സങ്ങൾ ഇല്ലാത്തതാണ്. കൂടാതെ വനാവകാശ നിയമപ്രകാരം സാമൂഹികാവകാശം അനുവദിച്ചിട്ടുള്ള വനപ്രദേശത്തുനിന്നും തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശവും ആദിവാസികളിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ പ്രകാരം വീട് വയ്ക്കാനോ വനവിഭവങ്ങൾ ശേഖരിക്കാനോ ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആദിവാസികളുടെ വനഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമി ക്രയവിക്രയം അടക്കമുള്ള അധികാരം ആദിവാസികൾക്ക് ഉറപ്പ് വരുത്തുന്നതിനുള്ള നിയമനിർമ്മാണത്തിന് വനം വകുപ്പ് മുൻകയ്യെടുക്കുമോ?

ആദിവാസികൾ തലമുറകളായി കൈവശംവച്ച് അനുഭവിച്ചുവരുന്ന വനഭൂമിയിന്മേലാണ് അവകാശികൾക്ക് കൈവശാവകാശ രേഖ നൽകുന്നത്. ഇങ്ങനെ നൽകുന്ന ഭൂമി ഇടനിലക്കാരുടെയും ആദിവാസികളെ ചൂഷണം ചെയ്യുന്നവരുടെയും കൈകളിൽ അന്യായമായി എത്തിച്ചേരുവാനും തുടർന്ന് ടി ഭൂമി അന്യാധീനപ്പെടുന്നതിനും ഇടയാകാതിരിക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച വനാവകാശ നിയമത്തിൽ വ്യക്തിഗത അവകാശം നൽകുന്ന വനഭൂമിക്ക് ക്രയവിക്രയ പദവി നൽകാത്തത്. 2006-ലെ വനാവകാശനിയമം ഒരു കേന്ദ്ര നിയമമായതിനാൽ നിയമത്തിന്റെ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കാര്യമാണ്.

## തുണ്ടം-മലയാറ്റൂർ വനപാത

106(5553) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ മലയാറ്റൂർ ഡിവിഷന്റെ കീഴിൽ തുണ്ടം റേഞ്ചിലെ തുണ്ടം-മലയാറ്റൂർ വനപാത അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മലയാറ്റൂർ ഡിവിഷനിലെ വനമേഖലകളിൽക്കൂടി കടന്നുപോകുന്ന തുണ്ടം-മലയാറ്റൂർ വനപാത പൊതുജന സഞ്ചാരത്തിനായി തുറന്നുനൽകിയിട്ടില്ല. ഈ പാത കടന്നുപോകുന്ന പ്രദേശങ്ങൾ കാട്ടാനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും സാന്നിദ്ധ്യം ഏറ്റവും കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളാണ്. മനുഷ്യ-വന്യജീവി സംഘർഷം വഴി വിലപ്പെട്ട മനുഷ്യജീവൻ നഷ്ടപെടാനുള്ള സാദ്ധ്യത മുൻനിർത്തിയാണ് ടി പാതയിലൂടെ പൊതുജനങ്ങൾക്ക് സഞ്ചാരത്തിന് അനുമതി നൽകാത്തത്.

(ബി) പ്രസ്തുത വനപാത മലയാറ്റൂർ തീർത്ഥാടന കാലങ്ങളിൽ തീർത്ഥാടകർക്കായി തുറന്ന് കൊടുക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മുൻകാലങ്ങളിൽ പ്രസ്തുത വനപാത മലയാറ്റൂർ തീർത്ഥാടന കാലത്ത് തീർത്ഥാടകർക്കായി തുറന്ന് നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ രണ്ട് വർഷക്കാലമായി മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നതിനാൽ ടി പാത തുറന്നുനൽകുന്നത് അഭിലഷണീയമല്ല.

(സി) തുണ്ടം-കരിമ്പാനി-കാടപ്പാറ-മലയാറ്റൂർ വനപാത പകൽ സമയം മാത്രം ഒരു നിശ്ചിത സമയത്തേയ്ക്ക് തുറന്നുകൊടുക്കുന്നതിലൂടെ തീർത്ഥാടകരെയും വിനോദസഞ്ചാരികളെയും ആകർഷിക്കാൻ കഴിയുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(ഡി) എങ്കിൽ ഇങ്ങനെ തുറന്നുകൊടുക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

(സി&ഡി) നിബിഡ വനമേഖലയിൽ കൂടി കടന്നുപോകുന്ന പ്രസ്തുത വനപാത കാട്ടാനയുൾപ്പെടെയുള്ള വന്യജീവികളുടെ സജീവ സാന്നിദ്ധ്യമുള്ള പ്രദേശമാണ്. മലയാറ്റൂർ റിസർവ്വിൽനിന്നും മൃഗങ്ങൾ പുഴയിലേയ്ക്ക് വെള്ളം കുടിക്കുവാൻ

സ്ഥിരമായി പോകുന്ന വഴിയിലാണ് ഈ റോഡുള്ളത്. ആയത് പകൽ സമയത്താണെങ്കിൽക്കൂടി പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുന്നതിനും മനുഷ്യജീവൻ നഷ്ടമാകുന്നതിനും കാരണമായിത്തീരും. കഴിഞ്ഞ വർഷങ്ങളിൽ വനപാലകരുടെ പട്രോളിംഗ് വാഹനങ്ങൾക്കുവരെ കാട്ടാനകളുടെയും മറ്റ് വന്യജീവികളുടെയും ആക്രമണം നേരിടേണ്ടിവന്നിട്ടുണ്ട്. ആയതിനാൽ വന്യജീവികളുടെയും മനുഷ്യരുടെയും ജീവനും സ്വത്തിന്റെയും സുരക്ഷിതത്വം പരിഗണിച്ച് ടി റോഡ് തുറന്നുനൽകാൻ കഴിയില്ല.

### പട്ടാമ്പി നിയോജകമണ്ഡലത്തിലെ വന പ്രദേശങ്ങൾ

107(5554) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) പാലക്കാടിന്റെ റിപ്പോർട്ട് പ്രകാരം പട്ടാമ്പി നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

### മംഗലശ്ശേരി തോട്ടം നിവാസികൾക്ക് ഭൂമി പതിച്ചുനൽകൽ

108(5555) ശ്രീ. ലിന്റോ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് കൈവശഭൂമി പതിച്ച് നൽകുന്നതിനുള്ള വനം വകുപ്പ് നടപടികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റേഞ്ചിൽപ്പെട്ട കോഴിക്കോട് താലൂക്കിൽ താഴെക്കോട് വില്ലേജ് ചേന്ദമംഗലൂർ അംശം ദേശത്തിലെ സർവ്വേ നമ്പർ 91-ൽപ്പെട്ട 18.12 ഏക്കറും റീസർവ്വേ 99-ലെ 7.72 ഏക്കർ ഭൂമിയും (ആകെ 25.84) 1917-ലെ 1163-ാം നമ്പർ ആധാര പ്രകാരം തൃക്കളയൂർ ദേവസ്വത്തിൽനിന്ന് സർക്കാർ വാങ്ങി 1982-ലെ മദ്രാസ് ഫോറസ്റ്റ് ആക്ട് പ്രകാരം റിസർവ് വനമായി വിജ്ഞാപനം ചെയ്ത് 7-9-1926-ലെ സെന്റ് ജോർജ്ജ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഭൂമിയാണ്. 1972-ലെ വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആക്ട് പ്രകാരം ഭൂരഹിതർക്ക് ഭൂമി പതിച്ച് നൽകിയപ്പോൾ സ്വകാര്യവനങ്ങൾ പിടിച്ചെടുത്തവയോടൊപ്പം സർക്കാർ വർഷങ്ങൾക്കുമുമ്പ് വിജ്ഞാപനം ചെയ്തിരുന്ന മംഗലശ്ശേരി തോട്ടം വനഭാഗവും 1981-ൽ പതിച്ച് കൊടുക്കുകയായിരുന്നു. ഇവിടെ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള റിസർവ് വനവും പതിച്ചുകൊടുത്തു. മാത്രമല്ല, ഇത് 1981-ലാണ് നൽകപ്പെടുന്നത്. 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരം ഏത് തരത്തിൽപ്പെട്ട വനഭൂമിയും വനേതര ഉപയോഗത്തിനായി തരം മാറ്റാൻ കേന്ദ്ര സർക്കാർ അനുമതി വാങ്ങേണ്ടതുണ്ടായിരുന്നു. ആയതിനാൽ റവന്യൂ വകുപ്പ് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ നിബന്ധനകൾ അനുസരിച്ച് വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ അനുവാദത്തിനായി അപേക്ഷിക്കേണ്ടതുണ്ട്.

(ബി) സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇതിലെ പ്രധാനപ്പെട്ട സാങ്കേതിക തടസ്സം, 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരം ഫോറസ്റ്റ് ഡൈവേർഷനുവേണ്ടി അപേക്ഷിക്കേണ്ടതുണ്ട് എന്നതാണ്. ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ യോഗങ്ങൾ കൂടിയിട്ടുണ്ട്. അതുപ്രകാരം റവന്യൂ വകുപ്പ് അപേക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത ഭൂമി എപ്പോൾ റവന്യൂ വകുപ്പിന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

1980-ലെ ഫോറസ്റ്റ് കൺസർവേഷൻ നിയമപ്രകാരം റവന്യൂ വകുപ്പ് കേന്ദ്രസർക്കാരിൽ അപേക്ഷ നൽകി തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ ഈ ഭൂമി സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള മരങ്ങൾ**

109(5556) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് ലഭ്യമായ എത്ര അപേക്ഷകളിന്മേൽ ഇനി നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിലെ വ്യവസ്ഥപ്രകാരം അപകടകരമായി നിൽക്കുന്ന വൃക്ഷശാഖകളോ മരം മുഴവനായോ മുറിക്കുന്നതിന് ഉത്തരവ് നൽകുന്നത് ജില്ലാ കളക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന റവന്യൂ ഉദ്യോഗസ്ഥനോ ആണ്. ഈ വിഷയത്തിൽ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതില്ല. മുറിച്ച് മാറ്റിയ മരങ്ങൾ വിൽക്കുന്നതിനാവശ്യമായ വിലനിർണ്ണയം നടത്തുന്നത് അതത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ്. ഇത്തരം അപേക്ഷകൾ വനം വകുപ്പ് മുമ്പാകെ നിലവിൽ പെൻഡിംഗില്ല. എന്നാൽ വികസന പ്രവർത്തനങ്ങൾക്കായി മരം മുറിക്കാൻ അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള ട്രീ കമ്മിറ്റി ആണ്. ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നുള്ള ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നുംതന്നെ ട്രീ കമ്മിറ്റിയിൽ നടപടിയെടുക്കുന്നതിനായി നിലവിലില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ വൈദ്യുതി ലൈനിലേയ്ക്ക് ചരിഞ്ഞ് അപകടാവസ്ഥ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ വൈദ്യുതി ലൈനിലേയ്ക്ക് ചരിഞ്ഞ് അപകടാവസ്ഥ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. അധികൃതർ അപേക്ഷ സമർപ്പിക്കുകയും വാല്യുവേഷൻ നൽകിയിട്ടുള്ളതുമാണ്.

## കണ്ടൽവനങ്ങളുടെ വിസ്തൃതി കൂട്ടാൻ പദ്ധതി

110(5557) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ വനവല്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽവനങ്ങളുടെ വിസ്തൃതി കൂട്ടുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) in Vembanad and Kannur regions എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിക്കുപുറമെ സർക്കാർ അധീനതയിലുള്ള 1541 ഏക്കർ കണ്ടൽ പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്കീമിൽ ഉൾപ്പെടുത്തി

സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിക്കുകയാണ്. കണ്ടൽത്തൈകൾ ഉല്പാദിപ്പിച്ച് പൊതുജനങ്ങൾ വഴിയും സന്നദ്ധ സംഘടനകൾ വഴിയും നട്ടുപിടിപ്പിക്കുകയും ചെയ്തുവരുന്നു. 24-12-16-ലെ സ.ഉ.(സാധാ)നമ്പർ 485/16/വനം പ്രകാരം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

## സാമൂഹ്യ വനവല്ക്കരണ പദ്ധതി

111(5558) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി വച്ചുപിടിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സന്നദ്ധ സംഘടനകൾ, സ്കൂൾ അധികൃതർ, ഫോറസ്ട്രി ക്ലബ്ബുകൾ തുടങ്ങിയവയുടെ സഹകരണം ഉറപ്പുവരുത്തി തൈകൾ പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വിദ്യാവനം തുടങ്ങിയവ വഴി നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനവും അതിജീവനവും വനം വകുപ്പ് നേരിട്ട് പരിശോധിക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് വിതരണം ചെയ്ത തൈകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം പരിപാലനം നടത്തുന്നുണ്ട്. തൈകൾ സ്വീകരിച്ച സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും അവ പരിപാലിക്കുന്നതിനുള്ള നിർദ്ദേശം അതത് സമയത്ത് നൽകിവരാറുണ്ട്.

(ബി) സാമൂഹ്യ വനവല്ക്കരണ പദ്ധതിയുടെ ഭാഗമായി നൽകുന്ന വൃക്ഷത്തൈകൾ യഥാസമയം ജനങ്ങളിൽ എത്തുന്നുണ്ടോയെന്നും വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ നടുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ തൈ വിതരണ രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് സർവ്വേ നടത്തുകയും അതിജീവനനിരക്ക് രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

## ഔഷധ സസ്യങ്ങളുടെ ഉപയോഗവും പരിപാലനവും

112(5559) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി വിഭാഗങ്ങളുടെ വരുമാന സ്രോതസ്സായി വനമേഖലയിലെ ഔഷധസസ്യ കൃഷിയെ വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങളുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയും ലക്ഷ്യമിട്ടാണ് 1988-ലെ വന നയത്തിന്റെ ഭാഗമായി പങ്കാളിത്ത വന പരിപാലന പ്രവർത്തനങ്ങൾ വനം വകുപ്പ് നടപ്പാക്കിവരുന്നത്. ഇത്തരത്തിൽ പങ്കാളിത്ത വന പരിപാലനത്തിൻകീഴിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വന സംരക്ഷണ സമിതികളും ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളും വഴി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിപാടികൾ ചെയ്തിട്ടുണ്ട്. ടി പദ്ധതികളുടെ നടത്തിപ്പിലൂടെ വനാശ്രിതരായ വന സംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനും വരുമാനം ലഭ്യമാക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമായിട്ടുണ്ട്.

(ബി) വനത്തിനുള്ളിലെ തടി ഇതര വിഭവങ്ങളുടെ ശേഖരണം, വിതരണം എന്നിവയ്ക്കായി പുതിയ സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

വനത്തിനുള്ളിലെ തടിയേതര വിഭവങ്ങളുടെ ശേഖരണമാണ് വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രധാന വരുമാന മാർഗ്ഗം. വനത്തിനുള്ളിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ ഇടനിലക്കാരില്ലാതെ ഇതിനായി വനം വകുപ്പ് ഒരുക്കിയിട്ടുള്ള സംരംഭമായ 'വനശ്രീ' എന്ന സംവിധാനത്തിലൂടെ വിപണനം ചെയ്യുന്നു. ഇത് ആദിവാസികൾ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മികച്ച

വിലയും വിപണിയും ഉറപ്പുവരുത്താൻ സഹായിക്കുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന 37 വനശ്രീ യൂണിറ്റുകളിലൂടെ മൂല്യവർദ്ധനവ് വരുത്തിയ വനവിഭവങ്ങൾ വിപണനം ചെയ്തുവരുന്നു. വനശ്രീ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) വനമേഖലയിലെ ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ?

പങ്കാളിത്ത വന പരിപാലനത്തിൻകീഴിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും ഔഷധ സസ്യങ്ങളുടെ നടീൽ, പരിപാലനം എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) വനവിഭവങ്ങൾ കൃത്യമായും കുറ്റമറ്റ രീതിയിലും സൂക്ഷിക്കുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ; ആയത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ വനത്തെയും വനവിഭവങ്ങളെയും കാര്യക്ഷമമായി സംരക്ഷിക്കുന്നതിനായി വന മേഖലയെ സർക്കിൾ, ഡിവിഷൻ, റേഞ്ച്, സ്റ്റേഷൻ, ബീറ്റ് എന്നിങ്ങനെ വിവിധ തലങ്ങളായി വിഭജിച്ച് ഭരണനിർവ്വഹണം നടത്തിവരുന്നു. വനത്തിനുള്ളിലേയ്ക്കുള്ള അനധികൃത പ്രവേശനവും മറ്റ് വിധ്വംസക പ്രവർത്തനങ്ങൾ തടയുന്നതിനുമായി ചെക്ക് പോസ്റ്റുകൾ, മറ്റ് പരിശോധനാ സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. ഫീൽഡുതല ഉദ്യോഗസ്ഥർ നിരന്തരമായി വന മേഖലകളിൽ പട്രോളിംഗ് നടത്തുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. വന്യജീവികളുടെ സംരക്ഷണത്തിനായി പരിസ്ഥിതി പ്രാധാന്യമുള്ളതും അതീവ ലോലവുമായ പ്രദേശങ്ങളെ വന്യജീവി സംരക്ഷിത മേഖലയായി തിരിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. വനഭൂമിക്കും വനവിഭവങ്ങളിന്മേലുള്ള അനധികൃത കയ്യേറ്റം തടയുന്നതിനായി വനാതിർത്തി സർവ്വേയും ജണ്ട നിർമ്മാണവും നടത്തി വനാതിർത്തി തിരിച്ച് സംരക്ഷിക്കുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ തുടങ്ങിയ സ്ഥലങ്ങളും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടി ചെയ്തുവരുന്നു. ഫീൽഡുതല ഉദ്യോഗസ്ഥർക്ക് വന സംരക്ഷണ പ്രവർത്തനങ്ങളിൽ ആവശ്യമായ

പരിശീലനം നൽകുന്നുണ്ട്. വനത്തിനുള്ളിൽ നിരീക്ഷണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിരീക്ഷണ ക്യാമറകളും മറ്റ് ആവശ്യമായ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പങ്കാളിത്ത വന പരിപാലനത്തിലൂടെ വനാശ്രിതരായ ആളുകളെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വനസംരക്ഷണം ജനകീയവും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നു. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രദേശവാസികളെയുംകൂടി പങ്കെടുപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ തടിയേതര വനവിഭവ സംരക്ഷണത്തിനായി പ്രത്യേകം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഇത്തരത്തിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ നടപ്പാക്കിയ വിവിധ പദ്ധതികൾ, ട്രൈഫെഡിന്റെ ധന സഹായത്തോടെ തടിയേതര വന വിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന "Minimum Support Price for Minor Forest Produce (MSP for MFP)" പദ്ധതി എന്നിവയിലൂടെ വിവിധ വന വികാസ ഏജൻസികൾക്കുകീഴിൽ വനവിഭവങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംഭരണ കേന്ദ്രങ്ങളും തേൻ ഉൾപ്പെടെയുള്ള വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തുന്നതിനാവശ്യമായ ആധുനിക ഉപകരണ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സംഭരണ കേന്ദ്രങ്ങളും വനശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള വനശ്രീ യൂണിറ്റുകളുടെ ആധുനികവൽക്കരണവും നടത്തിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വനവിഭവ ശേഖരണം, വിപണനം എന്നിവയ്ക്കായി ധന സഹായം ഉൾപ്പെടെ നൽകുന്ന പ്രധാൻമന്ത്രി വൻ ധൻ വികാസ് യോജന (VDVK) പദ്ധതിയും മേൽ സമിതികൾ വഴി നടപ്പാക്കുന്നുണ്ട്.

**മിയാവാക്കി വനങ്ങൾ**

113(5560) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മിയാവാക്കി രീതിയിൽ പരീക്ഷണാർത്ഥം വനങ്ങൾ നിർമ്മിച്ച നടപടി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി വിജയപ്രദമാണെങ്കിൽ അത്തരത്തിലുള്ള കൂടുതൽ വനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വനം വകുപ്പ് മിയാവാക്കി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ ഇതേ തത്വങ്ങൾ ഉൾക്കൊള്ളിച്ച് അതിസാന്ദ്ര 'നഗരവന'ങ്ങളും വിദ്യാലയങ്ങളിൽ 'വിദ്യാവന' ങ്ങളും നടപ്പിലാക്കിവരുന്നുണ്ട്.

## വന്യജീവിശല്യമുള്ള പ്രദേശങ്ങൾ ഏറ്റെടുക്കൽ

114(5561) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനുള്ള പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ചുവർഷം എത്ര ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്ന വിശദാംശം നൽകുമോ?

വനാതിർത്തിയോട് ചേർന്ന് കിടക്കുന്നതും വന്യജീവിശല്യം അനുഭവപ്പെടുന്നതുമായ സ്ഥലങ്ങൾ ഏറ്റെടുത്ത് വനവിസ്തൃതി കൂട്ടുന്നതിനായി വനംവകുപ്പിനുകീഴിൽ കിഫ്ബി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിൽ ചണ്ണമല ചതുപ്പിലെ 1.3109 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

## വനമേഖലകളിലെ വിനോദസഞ്ചാര സാധ്യത

115(5562) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനമേഖലകളിലെ വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വനത്തെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

വനമേഖലകളിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും വനത്തെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ വനം വകുപ്പിനുകീഴിൽ 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പ്രകൃതിക്ക് അനുയോജ്യമായ തരത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സന്ദർശകരെ ആകർഷിക്കുന്നതിലൂടെ വനമേഖലകളിലെ വിനോദ സഞ്ചാര സാദ്ധ്യതകൾ വർദ്ധിക്കുന്നുണ്ട്. വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികൾ (VSS/EDC) വഴി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ വിവിധ പ്രവർത്തനങ്ങളിൽ വനാശ്രിത ജനവിഭാഗങ്ങളെ നിയോഗിക്കുകയും അവർ ശേഖരിക്കുന്ന വനവിഭവങ്ങൾ വനശ്രീ, ഇക്കോ ഷോപ്പുകൾ വഴി വിൽപ്പന നടത്തിയും കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM), Minimum Support Price for Minor Forest Produce (MSP for MFP), വൻ ധൻ വികാസ് യോജന (VDVY) തുടങ്ങിയ പദ്ധതികളിൽ പങ്കാളികളാക്കുന്നത് വഴിയും വനത്തെ ആശ്രയിച്ചുകഴിയുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ ഉപജീവനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്.

**കാവുകളുടെ സംരക്ഷണം**

116(5563) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷേത്രങ്ങളോട് അനുബന്ധമായി നിലകൊള്ളുന്ന കാവുകൾ സംരക്ഷിച്ച് നിലനിർത്തുന്നതിനായി സംസ്ഥാന വനംവകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

24-12-16-ലെ സ.ഉ.(സാധാ) നമ്പർ.485/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം വിസ്തൃതി, ജൈവവൈവിദ്ധ്യം, സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രത്യേകത എന്നിവ കണക്കാക്കി സംസ്ഥാനതലത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ എല്ലാ വർഷവും തെരഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷംതോറും അപേക്ഷകൾ ക്ഷണിച്ച് സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരുന്നു.

**ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി**

117(5564) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

രാജകീയ വൃക്ഷങ്ങൾ എന്ന് അറിയപ്പെടുന്ന തേക്ക്, ചന്ദനം, ഈട്ടി എന്നിവയുടെ ഒരു വർഷം പ്രായമായ കൂടത്തൈകൾ തയ്യാറാക്കി സ്കൂൾ കുട്ടികൾക്ക് സൗജന്യമായി നൽകാനുദ്ദേശിച്ച് തയ്യാറാക്കിയ പദ്ധതിയാണ് ഗോൾഡൻ ട്രിനിറ്റി. എന്നാൽ ഒരു വർഷം പ്രായമായ കൂടത്തൈകൾ കൊണ്ടുപോകുന്നതിന് കുട്ടികൾക്ക് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകും എന്ന കാരണത്താൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി വിജയകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

## വനഭൂമി സംരക്ഷിക്കുന്നതിന് നടപടി

118(5565) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി സംരക്ഷണത്തിനായി കഴിഞ്ഞ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

വനഭൂമി സംരക്ഷണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വനാതിർത്തി സർവ്വേ നടപടി ത്വരിതപ്പെടുത്തി 2016-17 മുതൽ 2020-21 വരെ ഉദ്ദേശം 3160 കി.മീറ്റർ വനാതിർത്തിയിൽ 70306 സ്ഥിരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പുതുതായി 10 ഫോറസ്റ്റ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ച് വനസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ 3.3853 ഹെക്ടറും കണ്ടൽ വനങ്ങൾ വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ, ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം 135.3356, 3.3853, 20.78, 2.82, 54.6952 ഹെക്ടർ കണ്ടൽ വനങ്ങൾ (ആകെ 217.0161 ഹെക്ടർ) വന നിയമം സെക്ഷൻ 4 പ്രകാരം 'പ്രൊപ്പോസ്ഡ്' റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 28-2-2020 വരെ 211.6223 ഹെക്ടർ (522.9302 ഏക്കർ) വനം കയ്യേറ്റവും ഒഴിപ്പിച്ചിട്ടുണ്ട്.

(ബി) വനഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി കോടതി വിധികളുണ്ടായിട്ടും കയ്യേറിയ വനഭൂമി ഒഴിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ?

കയ്യേറിയ വനഭ്രമി ഒഴിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ട്. പ്രാദേശിക ജനങ്ങളുടെ എതിർപ്പുമൂലവും രാഷ്ട്രീയ സാമൂഹ്യ ഇടപെടലുകൾമൂലവും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. കൂടാതെ കോടതി വിധികളെ തുടർന്നുണ്ടാകുന്ന തുടർവ്യവഹാരങ്ങളും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

(സി) അനധികൃതമായി കയ്യേറിയ വനഭ്രമി തിരിച്ചുപിടിക്കാൻ കഴിഞ്ഞ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

വനം കയ്യേറ്റം കണ്ടെത്തിയാൽ അപ്പോൾ തന്നെ ആയത് ഒഴിപ്പിക്കുകയും നിയമങ്ങൾക്ക് വിധേയമായി കയ്യേറ്റക്കാരുടെ പേരിൽ വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**തർക്ക പരിഹാരത്തിന് റവന്യൂ-വനം സംയുക്ത പരിശോധന**

119(5566) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കാന്തലാട് വില്ലേജുകളിലെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ പരിഹരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോഴിക്കോട് ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ചിലെ വിവിധ ഭാഗങ്ങളിലെ വനഭ്രമിയുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. കൂരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട് (ചക്കിട്ടപ്പാറ) ഭാഗങ്ങളിലെ കൈവശക്കാരുമായി നിലനിൽക്കുന്ന തർക്കങ്ങളാണ് പ്രധാനമായും ഇതിൽ വരുന്നത്. വെസ്റ്റഡ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിട്ടുള്ള വനഭാഗങ്ങളാണ് ചിലർ കൈവശം വച്ചുവരുന്നത്. ഇതിനാൽ അവിടങ്ങളിൽ നികുതി സ്വീകരിക്കാൻ പറ്റുന്നില്ല എന്നതാണ് പരാതി. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ചില സ്ഥലങ്ങൾക്ക് പട്ടയം നൽകപ്പെട്ടതായി കാണുന്നുണ്ട്. 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നതിനും 1-1-1977-ന് ശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനായി 1-1-1977-ന് മുമ്പും ശേഷവുമുള്ള വനം കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്താൻ 31-8-1989-ലെ GO(MS)655/89/RD പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി. ഇതിനനുസരിച്ച് കോഴിക്കോട് ഡിവിഷനിൽ 1991-92 കാലയളവിൽ സംയുക്ത പരിശോധന നടത്തുകയും 626 പേരുടെ അപേക്ഷകളിൽ 527.5527 ഹെക്ടർ സ്ഥലത്ത് സർവ്വേ

നടത്തുകയുമുണ്ടായി. ആയതിൽ 62.041 ഹെക്ടർ 1-1-1977-ന് മുമ്പുള്ള കയ്യേറ്റമായും 125.315 ഹെക്ടർ 1-1-1977-ന് ശേഷമുള്ള കയ്യേറ്റമായും കണ്ടെത്തിയിട്ടുണ്ട്. 1-1-1977-ന് മുമ്പ് സംയുക്ത പരിശോധനയിൽ കണ്ടെത്തിയ വനം കയ്യേറ്റങ്ങൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റെഗുലറൈസ് ചെയ്യുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പെരുവണ്ണാമൂഴി റേഞ്ചിലെ ജോയിന്റ് വെരിഫിക്കേഷൻ റിക്കോർഡ് കോഴിക്കോട് ഡിവിഷൻ ഓഫീസിലോ കളക്ടറേറ്റിലോ റവന്യൂ ഡിവിഷണൽ ഓഫീസിലോ ലഭ്യമല്ല. 1-1-1977-നുശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ 1-1-1977-നുമുമ്പുള്ള വനം കയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. 4-9-2015-ലെ WP(c)18407/02, ഒ.പി-1947/2007 കേസ്സുകളിലെ ഉത്തരവ് പ്രകാരം 1-1-1977-ന് ശേഷമുള്ള എല്ലാ വനം കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഇതുവരെ ഇത്തരത്തിലുള്ള 49.643 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഒഴിപ്പിക്കാൻ ബാക്കിയുള്ള വനം കയ്യേറ്റത്തിന്റെ വിസ്തൃതി 75.672 ഹെക്ടറാണ്. ഇതിൽ കൂരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട് ഭാഗങ്ങളിൽ 60.322 ഹെക്ടർ കയ്യേറ്റമാണ് കണ്ടെത്തിയിട്ടുള്ളത്. 2-7-2021-ന് കോഴിക്കോട് വച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ യോഗത്തിൽ കർഷകർ കൈവശം വച്ചുവരുന്ന ഭൂമിയുടെ അളവ് കണക്കാക്കി അവരുടെ രേഖകൾ പരിശോധിച്ച് നിയമാനുസൃതമായ തീരുമാനമെടുക്കാമെന്ന കാര്യത്തിൽ ധാരണയിലെത്തിയിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. അതുപോലെ 1-1-1977-നു മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിന് ടി യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. ആയതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ട്.

**നിലമ്പൂരിൽ റോഡ് നവീകരണത്തിന് വന ഭൂമി**

120(5567) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഭാഗത്ത് കെ.എൻ.ജി. റോഡിനോട് ചേർന്നുള്ള റോഡ് നവീകരിക്കുന്നതിന് രണ്ട് മീറ്റർ വീതിയിൽ വനം വകുപ്പിന്റെ സ്ഥലം അനുവദിക്കണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിന്റെ മുൻപിലൂടെ പോകുന്ന സി.എൻ.ജി. റോഡിന്റെ വീതി കൂട്ടുന്നതിനായി 0.0322 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 5-2-2018-ൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിൻമേൽ എഫ്.സി. നോഡൽ ഓഫീസർ വിശദീകരണം ചോദിച്ചിട്ടുണ്ട്. ഇക്കാര്യം രേഖപ്പെടുത്തി യൂസർ ഏജൻസിക്ക് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ഓഫീസിൽനിന്നും ഒരു ക്വറി ഓൺലൈനായി നൽകിയിട്ടുണ്ട്. ആയതിന് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് മറുപടി നൽകിയിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ച അപേക്ഷ എന്നാണ് വകുപ്പിൽ ലഭിച്ചതെന്നും ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വിഭാഗം ഓൺലൈൻ അപേക്ഷ സമർപ്പിച്ചത് 5-2-2018-നാണ്. ഇതുസംബന്ധിച്ച് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നൽകിയ ക്വറിക്ക് മറുപടി ലഭിച്ചാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഈ അപേക്ഷ നിലവിൽ യൂസർ ഏജൻസിയായ പൊതുമരാമത്ത് ഓഫീസിൽ പെൻഡിംഗിലാണ്.

(സി) പ്രസ്തുത അപേക്ഷ പ്രകാരം എത്ര ഹെക്ടർ ഭൂമിയാണ് വനം വകുപ്പ് വിട്ടുനൽകേണ്ടിവരികയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് നൽകിയ വനഭൂമിയാണ് വനം വകുപ്പ് വിട്ടുനൽകേണ്ടത്.

(ഡി) ഒരു ഹെക്ടറിൽ താഴെ വനഭൂമി വിട്ടുനൽകുന്നതിന് സംസ്ഥാന തലത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ; ഇപ്രകാരം മറ്റ് വകുപ്പുകൾക്ക് ഭൂമി വിട്ടുനൽകുന്നതിൽ തീരുമാനമെടുക്കേണ്ട സംസ്ഥാനത്തെ വനം വകുപ്പ് ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കാമോ?

ഒരു ഹെക്ടറിൽ താഴെ വനഭൂമി വിട്ടുനൽകുന്നതിന് സംസ്ഥാന സർക്കാരിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തീരുമാനം കൈക്കൊള്ളാവുന്നതാണ്. വനം വകുപ്പിൽ നിലവിൽ ഇതിന്റെ ചുമതല വഹിക്കുന്നത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എൽ.&ആർ.) & നോഡൽ ഓഫീസർ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് & CAMPA തിരുവനന്തപുരമാണ്.

(ഇ) റോഡ് വിപുലീകരണത്തിനായി രണ്ട് മീറ്റർ വീതിയിൽ സ്ഥലം ഒഴിവാക്കിയാണോ ടി ഭൂമി വന ഭൂമിയായി വിജ്ഞാപനം ചെയ്യാൻ അപേക്ഷ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഇപ്രകാരം സ്ഥലം വിട്ടുനൽകുന്നതിന് എന്ത് സാങ്കേതിക തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ?

റിസർവ് വിജ്ഞാപനത്തിനുള്ള പ്രൊപ്പോസലിൽ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട പ്രസ്തുത 0.0322 ഹെക്ടർ വനഭൂമിയും ഉൾപ്പെടുന്നുണ്ട്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയായതിനാൽ വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരമുള്ള അനുമതി ലഭ്യമാക്കേണ്ടതു്.

(എഫ്) ടി ഫയലിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നത് മനുഷ്യാവകാശ ലംഘനമായി കണക്കാക്കപ്പെടും എന്നതുസംബന്ധിച്ച് അഭിപ്രായം അറിയിക്കുമോ?

ഈ ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടായിട്ടില്ല. ഇതിനെ മനുഷ്യാവകാശ ലംഘനമായി കണക്കാക്കാൻ കഴിയില്ല. പ്രസ്തുത 0.0322 ഹെക്ടർ സ്ഥലം വിട്ടുനൽകാത്തതുമൂലം റോഡിലൂടെ യാത്ര ചെയ്യുന്നതിന് ഒരു തടസ്സവുമില്ല. നിലവിലെ റോഡിന് നൂറ്റാണ്ടിന്റെ പഴക്കമുള്ളതാണ്. ഭാവിയിലെ ആവശ്യം മുൻനിർത്തിയാണ് റോഡ് വികസന പ്രക്രിയ നടത്തുന്നത്. ഈ സ്ഥലം ലഭ്യമാകാത്തതുകാരണം റോഡ് വികസന ജോലി നിർത്തിവയ്ക്കേണ്ട സാഹചര്യം ഇതുവരെ ഉണ്ടായിട്ടില്ല. പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്ന സ്ഥലത്ത് വിവിധ ഇനത്തിൽപ്പെട്ട ധാരാളം മരങ്ങൾ വളർന്നു നിൽക്കുന്നുണ്ട്.

**വനാതിർത്തിയിലെ റോഡുകളുടെ പുനരുദ്ധാരണം**

121(5568) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിൽക്കൂടിയുള്ള റോഡുകളിൽ തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ എതിർപ്പുമൂലം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനാതിർത്തിയിൽക്കൂടിയുള്ള റോഡുകളിൽ തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിലവിലുള്ള കേരള വനനിയമം, 1961 പ്രകാരവും 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമപ്രകാരവുമുള്ള വ്യവസ്ഥകൾ പാലിച്ചാണ് നടക്കുന്നതെങ്കിൽ ആയത് വനം വകുപ്പ് തടസ്സപ്പെടുത്തുന്നില്ല.

(ബി) വനം വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത പരിശോധനയിലൂടെ ഓരോ വനം ഡിവിഷനിലും ഇപ്രകാരമുള്ള റോഡുകൾ കണ്ടെത്തി അവയുടെ മെയിന്റനൻസിന് സ്ഥിരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത പരിശോധനയിലൂടെ ഓരോ വനപ്രദേശത്തുകൂടിയും കടന്നുപോകുന്ന തദ്ദേശസ്ഥാപനങ്ങളുടെ റോഡുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുന്നത് പരിഗണിക്കാവുന്നതാണ്. 1980-നുമുമ്പ് നിലവിലുള്ളതും ഭാഗികമായി വനഭൂമിയിലൂടെ കടന്നുപോകുന്നതുമായ റോഡുകൾ പുനരുദ്ധാരണം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അപേക്ഷ നൽകുന്നപക്ഷം ആയത് നിയമാനുസൃതമാണെങ്കിൽ അനുമതി നൽകിവരുന്നുണ്ട്. ഭാഗികമായി വനഭൂമിയിലൂടെ കടന്നുപോകുന്നതും 1980-നുമുമ്പ് നിലവിലില്ലാത്തതുമായ റോഡുകളുടെ പുനരുദ്ധാരണത്തിന് കേന്ദ്രസർക്കാരിന്റെ പരിവേഷ് പോർട്ടൽ വഴി യൂസർ ഏജൻസി 1980-ലെ വനസംരക്ഷണ നിയമപ്രകാരം അനുമതിക്കായി അപേക്ഷിക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ നിയന്ത്രണത്തിലും ഉടമസ്ഥതയിലുമുള്ള റോഡുകൾക്ക് മെയിന്റനൻസ് നടത്തുന്നതിന് മറ്റ് വകുപ്പുകൾക്ക് അനുമതി നൽകാൻ നിയമം അനുവദിക്കുന്നില്ല.

## പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്റർ

122(5569) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്ററിന്റെ ഇപ്പോഴുള്ള അവസ്ഥ വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി റേഞ്ചിലെ പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്ററിന്റെ പ്രവർത്തനം കോവിഡ് മഹാമാരിമൂലം നിർത്തിവച്ചിരുന്നത് 5-8-2021 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കാലപ്പഴക്കംമൂലം ടി കേന്ദ്രത്തിലെ ചുറ്റുമതിലും മറ്റും നശിക്കാറായിട്ടുണ്ട്. അത് നന്നാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിൽ നിലവിൽ അഞ്ച് ഗൈഡുമാരും ഒരു സ്ഥിരം ജീവനക്കാരനുമുണ്ട്.

(സി) പദ്ധതിയോടനുബന്ധിച്ചുള്ള കുട്ടികളുടെ പാർക്ക് ഇപ്പോൾ നിലവിലുണ്ടോ?

നിലവിലുണ്ട്.

(ഡി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് 4406-01-800-91 ഇക്കോ ടൂറിസം (പ്ലാൻ) ബഡ്ജറ്റ് ശീർഷകത്തിൽ 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഇക്കോ ഷോപ്പ്, കഫറ്റീരിയ മുതലായവയുടെ നവീകരണം, ബയോ ടോയ്‌ലെറ്റ്, നിലവിലെ ടോയ്‌ലെറ്റുകളുടെ നവീകരണം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിശ്രമ മുറിയുടെ നവീകരണം, നക്ഷത്രവനം, ബട്ടർഫ്ലൈ പാർക്ക്, ഡിസ്പ്ലേ ബോർഡ് തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

**അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കരട് വിജ്ഞാപനം**

123(5570) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ, കിരംപാറ ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖല ഉൾപ്പെടുന്ന തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ ഒരു കിലോ മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളെ അതിതീവ്ര പരിസ്ഥിതിലോല മേഖലയാക്കി കേന്ദ്രസർക്കാർ പുറത്തിറക്കിയ കരട് വിജ്ഞാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തട്ടേക്കാട് പക്ഷിസങ്കേതത്തിന് ചുറ്റും കുട്ടമ്പുഴ, കിരംപാറ ഗ്രാമപഞ്ചായത്തുകളിലെ സ്ഥലങ്ങൾ ഉൾപ്പെട്ട 1 കി.മീ. വീതിയിൽ ഇക്കോ സെൻസിറ്റീവ് സോണായി MoEF&CC (The Ministry of Environment, Forest and Climate Change) 2020 സെപ്റ്റംബർ 29-ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.

(ബി) ഈ പ്രദേശങ്ങളിലെ ജനവാസമേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള പുതിയ പ്രൊപ്പോസൽ സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

(ബി&സി) സമർപ്പിച്ചിട്ടുണ്ട്. 31-10-2019-ലെ സ.ഉ (കൈ) നമ്പർ 29/2019/ വനം പ്രകാരമാണ് സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പൂജ്യം മുതൽ ഒരു കി.മീ. വരെയുള്ള പ്രദേശത്തെ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനത്തിനുള്ള കരട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി തീരുമാനിച്ചത്. ഇതിനെ തുടർന്ന് തട്ടേക്കാട് പക്ഷി സങ്കേതത്തിന് ചുറ്റുമുള്ള ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കി ഭേദഗതി വരുത്തിയ പ്രൊപ്പോസൽ സർക്കാർ കത്ത് നം. ഡി2/46/2019/വനം പ്രകാരം 16-11-2020-ന് സർക്കാരിൽനിന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പുതുക്കിയ പ്രൊപ്പോസലിൽ വേഗത്തിൽ തീരുമാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സമയാസമയം നടത്തുന്ന വിദഗ്ദ്ധ സമിതിയുടെ (എക്സ്പെർട്ട് കമ്മിറ്റി) യോഗത്തിനുശേഷമാണ് ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. ഈ വിദഗ്ദ്ധ സമിതിയുടെ യോഗം ചേർന്നതിനുശേഷം കേരള സർക്കാർ സമർപ്പിച്ച തട്ടേക്കാടിന്റെ പുതുക്കിയ പ്രൊപ്പോസലിൻമേൽ തീരുമാനം കൈക്കൊള്ളുന്നതും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ്.

## വയനാട് ജില്ലയിലെ താത്കാലിക വാച്ചർമാർ

124(5571) <u>ശ്രീ ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഇരുപത് വർഷത്തോളമായി താത്കാലികാടിസ്ഥാനത്തിൽ വനം വകുപ്പിൽ വാച്ചർമാരായി ജോലി ചെയ്തുവരുന്നവർ എത്ര പേരുണ്ടെന്നും അവരുടെ പേര് വിവരവും ഓരോരുത്തരും എന്നുമുതൽ ഈ വിധം ജോലി ചെയ്തുവരുന്നു എന്നുമുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി) ഇത്തരത്തിൽ ജോലി ചെയ്തിരുന്നവരെമുമ്പ് സ്ഥിരപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ അവസാനമായി സ്ഥിരപ്പെടുത്തിയതെന്നും എത്രപേരെയെന്നും അവരുടെ പേരും സ്ഥിരപ്പെടുത്തിയതിന്റെ മാനദണ്ഡങ്ങളും ലഭ്യമാക്കാമോ?

വനം വകുപ്പിൽ 1-9-2013-ൽ 20 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലിനോക്കിവന്നിരുന്നതും 56 വയസ്സ് കഴിയാത്തവരുമായ ജീവനക്കാരെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നു. ഇതിൽ വയനാട് ജില്ലയിൽ സ്ഥിരപ്പെടുത്തിയവരുടെ വിവരം അനുബന്ധമായി * ചേർക്കുന്നു.

## സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

125(5572) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി വനം വകുപ്പ് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യംവച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം ലക്ഷ്യംവച്ച് റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ വനംവകുപ്പിനുകീഴിൽ വനത്തിനകത്തുള്ള ആദിവാസി ഇതര സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം, സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ, സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകളുടെ ഏറ്റെടുക്കൽ എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം - പുനരധിവാസത്തിന് സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ സംസ്ഥാന ലെവൽ എംപവേഡ് കമ്മിറ്റി (SLEC) 78 അർഹതപ്പെട്ട കുടുംബങ്ങളുടെ (ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ-57, കാസർഗോഡ് ഡിവിഷൻ-21) പുനരധിവാസത്തിന് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ തുടർനടപടി ക്രമങ്ങൾ അതാത് ഡിവിഷനുകീഴിൽ പുരോഗമിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ - വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ 6 ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിവിഷൻ തലത്തിൽ ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പ്രാഥമിക പരിശോധന നടത്തിവരുന്നു.

3. കണ്ടൽ കാടുകളുടെ ഏറ്റെടുക്കലും സംരക്ഷണവും - കേരളത്തിലെ ഏതാണ്ട് 12 ച.കി.മീ. വരുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്ട് 2003, സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമോ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ തൃശ്ശൂർ, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ നാല് ജില്ലകളിലെ കണ്ടൽക്കാടുകൾക്ക് അർഹമായ നഷ്ടപരിഹാരത്തുക നൽകി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) ഇതിനായി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. വനം വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ.

(സി) ഏതെല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ അംഗീകരിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) പ്രകാരം കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്സ്) ആക്ട് 2003, സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമോ തോട്ടം ഭൂമി ഏറ്റെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഏറ്റെടുത്ത എസ്റ്റേറ്റുകളുടെ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആയതിനാൽ നഷ്ടപരിഹാര തുക നിശ്ചയിച്ചിട്ടില്ല.

## വൃക്ഷത്തൈ പരിപാലനം

126(5573) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് നൽകുന്ന വൃക്ഷത്തൈകൾ പരിപാലിക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. സ്ഥാപനങ്ങൾക്ക് നൽകുന്ന തൈകളുടെ പരിപാലനത്തിനായി ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിൻപ്രകാരം തുടർപരിപാലനം അവരിൽത്തന്നെ നിക്ഷിപ്തമാണ്. വനം വകുപ്പ് ഉൽപ്പാദിപ്പിച്ച് പഞ്ചായത്ത് വഴി വിതരണം ചെയ്യുന്ന തൈകളുടെ തുടർ പരിപാലനം തൊഴിലുറപ്പ്/കുടുംബശ്രീ യൂണിറ്റുകൾ വഴി പഞ്ചായത്തുകൾ തന്നെ നടത്തേണ്ടതാണ്. ആയതിലേയ്ക്കായി പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ചിട്ടുണ്ട്. വനമഹോത്സവത്തിന്റെ ഭാഗമായി E.D.C./V.S.S. മുഖേന നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം വനം വകുപ്പ് തന്നെ ചെയ്യുന്നതാണ്.

(ബി) വൃക്ഷത്തൈ വിതരണത്തിനും പരിപാലനത്തിനും നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനാധാരമെന്തെന്ന് വിശദമാക്കാമോ?

നിലവിലുള്ള സംവിധാനം ഫലപ്രദമാണ്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. 2016-17-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017-18 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. 2018-19, 2019-20 വർഷത്തെ സർവ്വേ നടപടികൾ പുരോഗമിക്കുകയാണ്.

(സി) സംവിധാനം ഫലപ്രദമാണെങ്കിൽ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള കണക്ക് പ്രകാരം വൃക്ഷത്തൈകളുടെ അതിജീവന ശതമാനം വർദ്ധിപ്പിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

2018 മുതലുള്ള പ്രകൃതി ദുരന്തങ്ങൾ വൃക്ഷത്തൈകളുടെ അതിജീവന ശതമാനം വർദ്ധിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ മുറിച്ച് മാറ്റേണ്ട മരങ്ങൾ**

127(5574) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളുടെ പരിധിയിൽ റോഡിന്റെ വശങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന മുറിച്ച് മാറ്റേണ്ടതായ മരങ്ങൾ ഏതെങ്കിലും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇപ്പോഴുള്ള വ്യവസ്ഥപ്രകാരം അപകടകരമായി നിൽക്കുന്ന വൃക്ഷശാഖകളോ മരം മുഴുവനായോ മുറിക്കുന്നതിന് ഉത്തരവ് നൽകുന്നത് ജില്ലാ കളക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന റവന്യൂ ഉദ്യോഗസ്ഥനോ ആണ്. ഈ വിഷയത്തിൽ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതില്ല. മുറിച്ച് മാറ്റിയ മരങ്ങൾ വിൽക്കുന്നതിന് ആവശ്യമായ വിലനിർണ്ണയം നടത്തുന്നത് അതത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ്. ഇതിന്റെ വെളിച്ചത്തിൽ ഇത്തരം അപേക്ഷകൾ വനം വകുപ്പ് മുമ്പാകെ നിലവിൽ പെൻഡിംഗില്ല. എന്നാൽ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള മരം മുറിക്കാൻ അനുവദിക്കുന്നത് ജില്ലാതലത്തിലുള്ള ട്രീ കമ്മിറ്റിയാണ്. വാമനപുരം നിയോജകമണ്ഡലത്തിൽ ഇത്തരത്തിലുള്ള അപേക്ഷകൾ ഒന്നുംതന്നെ ട്രീ കമ്മിറ്റിയിൽ നടപടിയെടുക്കുന്നതിനായി നിലവിലില്ല.

(ബി) ഇത്തരം മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി വ്യക്തികളോ സംഘടനകളോ നൽകിയ അപേക്ഷകളിൽ ഏതെങ്കിലും നടപടി സ്വീകരിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവയുടെ വിശദവിവരങ്ങൾ നൽകാമോ?

അപേക്ഷകളൊന്നും പെൻഡിംഗില്ല.

**മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള ഫോറസ്റ്റ് ഡിവിഷനുകൾ**

128(5575) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)വനം വകുപ്പിനുകീഴിലുള്ള ഏതെല്ലാം ഫോറസ്റ്റ് ഡിവിഷനുകളിലാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മാവോയിസ്റ്റ് സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നതിന്റെ വിശദവിവരം നൽകുമോ?

നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, കോഴിക്കോട്, കണ്ണൂർ, സൗത്ത് വയനാട്, നോർത്ത് വയനാട് എന്നീ ഫോറസ്റ്റ് ഡിവിഷനുകളിലാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) മാവോയിസ്റ്റ് സാന്നിധ്യമുള്ള മേഖലകളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് കൂടുതൽ ആയുധങ്ങളും വാഹനങ്ങളും നൽകിയിട്ടുണ്ടോ; ഇതിനായി ജീവനക്കാർക്ക് ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ ജോലി നോക്കുന്ന വനം വകുപ്പ് ജീവനക്കാർക്ക് വനം വകുപ്പിൽ നിലവിലുള്ള എല്ലാ സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ജീവനക്കാർക്ക് റിസ്ക് അലവൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ റിസ്ക് അലവൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കാമോ?

മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ എല്ലാ വനസംരക്ഷണ വിഭാഗം ജീവനക്കാർക്കും നൽകുന്ന റിസ്ക് അലവൻസ് നൽകിവരുന്നു.

(ഡി) ജീവന് ഭീഷണി നേരിടുന്ന ഈ മേഖലയിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മാവോയിസ്റ്റ് മേഖലകളിൽ പട്രോളിംഗിനും ക്യാമ്പിംഗിനും പോകുമ്പോൾ വലിയ സംഘങ്ങളായാണ് പോകുന്നത്, ദ്രുതഗതിയിലുള്ള വാർത്താ വിനിമയത്തിനായി വാക്കിടോക്കികളും അനുവദിച്ചിട്ടുണ്ട്. കൂടാതെ വയർലെസ്സ് സെറ്റുകൾ, പ്രൊട്ടക്ടീവ് ഷീൽഡ്, ഹെൽമറ്റ്, ലാത്തി മുതലായവയും നൽകിയിട്ടുണ്ട്.

## കാട്ടുപന്നി ശല്യം

129(5576) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുപന്നികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് കാട്ടുപന്നികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ വംശവർദ്ധനവ് കർഷകരെ കൂടുതൽ ദുരിതത്തിലാക്കിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇവയുടെ വംശവർദ്ധനവ് കർഷകരെ കൂടുതൽ ദുരിതത്തിലാക്കിയെന്ന വിഷയവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മലയോര ഹൈവേ**

130(5577) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് പാറശാല-കുടപ്പനമൂട്, വാഴിച്ചൽ-കള്ളിക്കാട്, കള്ളിക്കാട്-പരുത്തിപ്പള്ളി എന്നീ മൂന്ന് റീച്ചുകളിലായി എത്ര മരങ്ങളാണ് മുറിച്ചുമാറ്റുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ഇനം തിരിച്ച് റീച്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

&

(ബി) ഇത്തരത്തിൽ മുറിച്ചുമാറ്റാനുദ്ദേശിക്കുന്ന മരങ്ങളുടെ മൂല്യനിർണ്ണയം വനം വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഇനം തിരിച്ച് റീച്ച് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മലയോര ഹൈവേ നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് പാറശാല-കുടപ്പനമൂട് റീച്ചിൽ 98 മരങ്ങൾ, വാഴിച്ചൽ-കള്ളിക്കാട് റീച്ചിൽ 42 മരങ്ങൾ, കള്ളിക്കാട്-ആര്യനാട് റീച്ചിൽ 95 മരങ്ങൾ എന്നിങ്ങനെ മൂന്ന് റീച്ചുകളിലായി 235 മരങ്ങൾ മുറിച്ചുമാറ്റുവാൻ തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മരങ്ങളുടെ മൂല്യനിർണ്ണയം നടത്തി അനുമതി നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു).

(സി) പാതയോരത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ആയതിലേയ്ക്കായി മൂല്യനിർണ്ണയം നടത്തുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; വ്യക്തമാക്കാമോ?

10-02-2010-ലെ ജി.ഒ. (ആർ.റ്റി.) 68/2010/വനം എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുംപ്രകാരം പരിസ്ഥിതി അംഗങ്ങൾ, വനം വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി മരങ്ങൾ പരിശോധിച്ച് 10-09-2015-ലെ ജി.ഒ. (എം. എസ്.) 67/2015/വനം സർക്കാർ ഉത്തരവ് പ്രകാരമുള്ള സീനിയറേജ് റേറ്റ് അനുസരിച്ചാണ് മരങ്ങളുടെ മൂല്യനിർണ്ണയം നടത്തി നൽകുന്നത്.(സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി*വച്ചിട്ടുണ്ട്.)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മുറിക്കുന്ന വൃക്ഷങ്ങളുടെ വില നിർണ്ണയം

131(5578) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കേണ്ടിവരുമ്പോൾ വനം വകുപ്പ് നിർണ്ണയിക്കുന്ന വില അമിതമാകുന്നത് കാരണം വൃക്ഷങ്ങൾ ലേലത്തിൽ പോകാതെ പദ്ധതികൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വികസന പ്രവർത്തനങ്ങൾക്കായി മരം മുറിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പ് വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ഉത്തരവ് പ്രകാരമുള്ള സീനിയറേജ് റേറ്റ് പ്രകാരമാണ്. ഇത്തരത്തിൽ വില നിശ്ചയിച്ച് നൽകിവരുന്ന മരങ്ങൾ ലേലത്തിൽ വിറ്റുപോകാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർച്ചയായ രണ്ട് ലേലം നടത്തിയിട്ടും ലേലം ഉറപ്പിക്കാനാവാത്ത സാഹചര്യത്തിൽ അടുത്ത ലേലത്തിൽ വില നിർണ്ണയം നടത്തിയതിലും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതിന് ലേലം നടത്തുന്ന ഓഫീസറുടെ തൊട്ടുമേലധികാരിക്ക് അധികാരമുണ്ട്.

(ബി) പാഴ്മരങ്ങൾക്ക് വിപണി വിലയേക്കാൾ അധികവില നിശ്ചയിക്കുന്നത് വനം വകുപ്പ് പുനഃപരിശോധിക്കുമോയെന്ന് അറിയിക്കുമോ?

പാഴ്മരങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് വാല്യുവേഷൻ നൽകുന്നത്. വില നിർണ്ണയം നടത്തിയതിലും രണ്ട് ലേലത്തിൽ വിറ്റുപോകാത്ത തടി മൂന്നാമത്തെ ലേലത്തിൽ കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതിന് ലേലം നടത്തുന്ന ഓഫീസറുടെ തൊട്ടുമേലധികാരിക്ക് അധികാരമുണ്ട്. ഇപ്രകാരമാണ് വനം വകുപ്പ് ഡിപ്പോകളിൽ ചെയ്തുവരുന്നത്.

(സി) വില നിർണ്ണയിക്കുമ്പോൾ മരം മുറി കൂലി, ആയതിലെ തടസ്സങ്ങൾ നീക്കുന്നതിന് നൽകേണ്ട ഫീസുകൾ എന്നിവ കൂടി ഉൾപ്പെടുത്തി വില നിർണ്ണയം പ്രായോഗികമാക്കുന്നത് പരിഗണിക്കുമോയെന്ന് വിശദമാക്കാമോ?

സാധാരണയായി വില നിശ്ചയിക്കുന്നതും ലേലം ചെയ്യുന്നതും മരം നിൽക്കുന്ന അവസ്ഥയിലാണ്. വർക്കിംഗ് ചാർജ്ജ് കൂട്ടുമ്പോൾ സീനിയറേജ് നിരക്കിലാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഇത് ആദ്യം നിശ്ചയിച്ചതിനേക്കാൾ ഉയർന്ന വിലയാണ്. അങ്ങനെ നിശ്ചയിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ഗുണമില്ല. വനം വകുപ്പ് നിശ്ചയിക്കുന്ന വില മരം നിൽക്കുന്ന അവസ്ഥയിലാണ്. ആയത് സീനിയറേജ് റേറ്റാണ്. മരം ഡിപ്പാർട്ട്മെന്റലായി മുറിച്ച് ലേലം ചെയ്യുകയാണെങ്കിൽ ആയതിന്റെ വർക്കിംഗ് കോസ്റ്റും ചേർത്തുള്ള സർക്കാർ നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾഡ് റേറ്റാണ് നൽകേണ്ടത്.

**മുണ്ടേരിക്കടവ് പക്ഷിസങ്കേതം**

132(5579) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന മുണ്ടേരിക്കടവ് പക്ഷിസങ്കേതത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

മുണ്ടേരിക്കടവ് പക്ഷിസങ്കേതം നിലവിലില്ല. എന്നാൽ മുണ്ടേരിക്കടവ് എന്ന സ്ഥലം ഉൾപ്പെടുന്ന കാട്ടാമ്പള്ളി പ്രദേശം ദേശാടന പക്ഷികൾ ധാരാളമായി കാണുന്ന സ്ഥലമാണ്. ഈ പ്രദേശം വനപ്രദേശമല്ലാത്തതിനാൽ ആയത് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളൊന്നും നിലവിൽ വനം വകുപ്പ് കൈക്കൊണ്ടിട്ടില്ല.

**വി.എസ്.എസ്., ഇ.ഡി.സി. എന്നിവയുടെ പ്രവർത്തനം**

133(5580) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത വനപരിപാലന പദ്ധതി കേന്ദ്ര സർക്കാർ പിൻവലിച്ചതുമൂലം വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനങ്ങളിൽ മാന്ദ്യം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പങ്കാളിത്ത വനപരിപാലന പദ്ധതി കേന്ദ്ര സർക്കാർ പിൻവലിച്ചതായി സർക്കാരിൽ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ പങ്കാളിത്തത്തോടെ വിവിധ പങ്കാളിത്ത വനപരിപാലന, സംരക്ഷണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ ചെയ്തുവരുന്നു.

(ബി) ആദിവാസി, പിന്നാക്ക ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വി.എസ്.എസ്., ഇ.ഡി.സി. എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനാശ്രിതരായ ആദിവാസി, പിന്നോക്ക ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് 1988-ലെ കേന്ദ്ര വനനയത്തിന്റെ ഭാഗമായി പങ്കാളിത്ത വനപരിപാലനം സംസ്ഥാനത്ത് നടപ്പിലാക്കിത്തുടങ്ങിയത്. വനാശ്രിത സമൂഹങ്ങളെ വനസംരക്ഷണ, വനപരിപാലന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക വഴി അവർക്ക് പുതിയ

തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും അതുവഴി അവരുടെ ജീവിത നിലവാര ഉയർച്ചയും ശാക്തീകരണവുമാണ് പങ്കാളിത്ത വനപരിപാലനത്തിന്റെ പരമലക്ഷ്യം. പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വനാശ്രിത സമൂഹങ്ങളെ അംഗങ്ങളാക്കി വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് വിവിധ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ ടി സമിതികൾ വഴി നടപ്പാക്കിവരുന്നു. നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം (NAP), ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി (GIM), ട്രൈഫെഡിന്റെ ധന സഹായത്തോടെ തടിയേതര വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന "Minimum Support Price for Minor Forest Produce (MSP for MFP)" , പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വന വിഭവ ശേഖരണം, വിപണനം എന്നിവയ്ക്കായി ധന സഹായം ഉൾപ്പെടെ നൽകുന്ന പ്രധാൻമന്ത്രി വൻ ധൻ വികാസ് യോജന (V.D.V.K.) എന്നീ പദ്ധതികളും മേൽ സമിതികൾ വഴി നടപ്പാക്കുന്നുണ്ട്. കൂടാതെ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ഇക്കോ ടൂറിസം, വനശ്രീ തുടങ്ങിയ പദ്ധതികളും വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി ചെയ്തുവരുന്നു. ഇതിലൂടെ വനാശ്രിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അത് അവരുടെ വരുമാന വർദ്ധനവിനും ജീവിത നിലവാര ഉയർച്ചയ്ക്കും സഹായകരമാകുകയും ചെയ്യുന്നു. ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി, ട്രൈഫെഡ് പദ്ധതികളായ 'MSP for MFP', വൻ ധൻ വികാസ് യോജന, ഇക്കോ ടൂറിസം, വനശ്രീ മുതലായവ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഇവ തുടർന്നും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി വനം വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) 2020-21 വർഷത്തിൽ വി.എസ്.എസ്./ഇ.ഡി.സി. മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് പടർന്നുപിടിച്ച കോവിഡ് മഹാമാരിമൂലം വനമേഖലകളിൽ നടപ്പിലാക്കിവന്നിരുന്ന ഇക്കോ ടൂറിസം, വനശ്രീ തുടങ്ങിയ വിവിധ പദ്ധതികൾ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ വരെ നിർത്തിവയ്ക്കേണ്ടിവന്നു. എന്നിരുന്നാലും ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി വിഹിതത്തിൽനിന്നും 197.31 ലക്ഷം രൂപയും MSP for MFP പദ്ധതി വിഹിതത്തിൽനിന്നും 245.63 ലക്ഷം രൂപയും പദ്ധതി നടത്തിപ്പുകൾക്കായി ചെലവഴിക്കുകയും വനാശ്രിതസമൂഹത്തിന് അത് ഗുണകരമായിട്ടുള്ളതുമാണ്.

**വന്യജീവി ആക്രമണത്തിൽ ജീവഹാനി**

134(5581) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര ഏക്കർ വനഭൂമിയുണ്ട്?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ 4890.8997 ഏക്കർ വനഭൂമിയാണുള്ളത്.

(ബി) വേനൽക്കാലത്ത് വന്യജീവികൾ കുടിവെള്ളവും ഭക്ഷണവും തേടി നാട്ടിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

വേനൽക്കാലത്ത് വന്യജീവികൾക്ക് കുടിവെള്ളവും ഭക്ഷണവും ഉറപ്പുവരുത്തുന്നതിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ള ഡാമുകൾ ചെളി നീക്കംചെയ്ത് സംരക്ഷിക്കുകയും ചെയ്തുവരുന്നു. കൂടാതെ വനത്തിനു പുറത്തുള്ള ജനവാസമേഖലകളിലേയ്ക്ക് വന്യമൃഗങ്ങൾ വരുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ എന്നിവ നിർമ്മിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | പാമ്പ് കടിയേറ്റ് മരണപ്പെടുന്നവരുടെ എണ്ണം | മറ്റ് ജീവികളുടെ ആക്രമണത്താൽ മരണപ്പെടുന്നവരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 7 | 4 |
| കൊല്ലം | 7 | 0 |
| പത്തനംതിട്ട | 17 | 4 |

| (1) | (2) | (3) |
|---|---|---|
| ആലപ്പുഴ | 0 | 0 |
| ഇടുക്കി | 5 | 5 |
| എറണാകുളം | 3 | 0 |
| കോട്ടയം | 4 | 1 |
| പാലക്കാട് | 20 | 17 |
| തൃശ്ശൂർ | 22 | 4 |
| മലപ്പുറം | 10 | 4 |
| കോഴിക്കോട് | 1 | 2 |
| കണ്ണൂർ | 19 | 7 |
| വയനാട് | 1 | 10 |
| കാസർഗോഡ് | 20 | 0 |
| ആകെ | 136 | 58 |

**താമരശ്ശേരി ചെറുപ്ലാട് പ്രദേശത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം**

135(5582) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിൽ പുതുപ്പാടി പഞ്ചായത്തിൽ ചെറുപ്ലാട് പ്രദേശത്തെ താമസക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

താമരശ്ശേരി താലൂക്കിൽ ഈങ്ങാപ്പുഴ വില്ലേജിൽ റീസർവ്വേ നമ്പർ 72/1 എ-യിൽപ്പെട്ട 86.86 ഹെക്ടർ വനഭൂമി 1971-ലെ വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് പ്രകാരം പതിച്ച് നൽകുന്നതിനായി റവന്യൂ വകുപ്പിന് കൈമാറിയിരുന്നു. ഇതിൽ താമസയോഗ്യമല്ലാത്ത സ്ഥലങ്ങൾ ഒഴികെ 74 ഹെക്ടർ ഭൂമി 1978-ൽ പതിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള താമസയോഗ്യമല്ലാത്ത ഭൂമിയും പതിച്ച് നൽകപ്പെട്ട ആൾക്കാർ കൈവശമേൽക്കാത്ത ഭൂമിയും വനം വകുപ്പിന് തിരിച്ചുലഭിക്കേണ്ടതുണ്ട്. ഇത്തരം ഭൂമികളിൽ 1982 മുതൽ ആളുകൾ കയ്യേറി താമസിക്കുന്നുണ്ട്. പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി 1980-ലെ കൺസർവേഷൻ ആക്ടിനനുസരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതി വാങ്ങാതെ പതിച്ചുനൽകാൻ സാധിക്കില്ല.

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം വിശദമാക്കുമോ?

ഇത് പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ്, 1980-ലെ കൺസർവേഷൻ ആക്ട് പ്രകാരമുള്ള നടപടി എടുത്തുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 02-07-2021-ന് കോഴിക്കോട് കളക്ടറേറ്റിൽ വച്ച് നടന്ന യോഗത്തിലും ടി നടപടി ത്വരിതപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്.

**കോതമംഗലം നിയോജകമണ്ഡലത്തിലെ കൃഷിനാശത്തിന് നഷ്ടപരിഹാരം**

136(5583) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിലായി ജനവാസ മേഖലകളിൽ ഉൾപ്പെടെ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങൾ നിരന്തരമായി വ്യാപകമായ കൃഷിനാശം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

&

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ ഓരോ വർഷവും എത്ര കർഷകർക്ക് എത്ര തുക വീതം നഷ്ടപരിഹാരം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

(എ-സി) ഉണ്ട്. വന്യമൃഗാക്രമണംമൂലം കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 5 വർഷം വനം വകുപ്പിൽ ലഭ്യമായ അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കോട്ടപ്പടി | 181 |
| 2 | പിണ്ടിമന | 165 |
| 3 | കുട്ടമ്പുഴ | 107 |
| 4 | കവളങ്ങാട് | 0 |
| 5 | കീരമ്പാറ | 0 |
| | ആകെ | 453 |

എല്ലാവർക്കും ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലം മുഴവൻ കർഷകർക്കും നഷ്ടപരിഹാരം നൽകാനായിട്ടില്ല. കഴിഞ്ഞ 5 വർഷം ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാരം അനുവദിച്ചവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | നഷ്ടപരിഹാരം ലഭ്യമാക്കിയവരുടെ എണ്ണം | നഷ്ടപരിഹാരം നൽകിയ തുക |
|---|---|---|---|
| 1 | 2016 | 38 | 617690 |
| 2 | 2017 | 43 | 500305 |
| 3 | 2018 | 79 | 1032135 |
| 4 | 2019 | 95 | 1221024 |
| 5 | 2020 | 71 | 781425 |
| ആകെ | | 326 | 4152579 |

(ഡി) പ്രസ്തുത കർഷകർക്ക് ഇനിയും നഷ്ടപരിഹാര തുക ലഭ്യമാക്കുവാനുണ്ടോ; എങ്കിൽ കണക്ക് വ്യക്തമാക്കാമോ?

ഉണ്ട്. കഴിഞ്ഞ 5 വർഷം ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാരം നൽകുവാനുള്ള അപേക്ഷകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കോട്ടപ്പടി | 38 | 498755 |
| 2 | പിണ്ടിമന | 32 | 401600 |
| 3 | കുട്ടമ്പുഴ | 57 | 812250 |
| 4 | കവളങ്ങാട് | 0 | |
| 5 | കീരമ്പാറ | 0 | |
| ആകെ | | 127 | 1712605 |

(ഇ) അർഹരായവർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഇവർക്ക് വനം വകുപ്പിൽനിന്നും ലഭ്യമാകുന്ന നഷ്ടപരിഹാര തുക എത്രയാണെന്ന് വിളകൾ തിരിച്ച് വ്യക്തമാക്കാമോ; ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വന്യജീവി ആക്രമണംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ) നം.2/2015/വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ടി സർക്കാർ ഉത്തരവിൽ ഓരോ വിളകൾക്കുമുള്ള നഷ്ടപരിഹാര നിരക്ക് പറഞ്ഞിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു.* നഷ്ടപരിഹാര തുക വർദ്ധപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

## വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം

137(5584) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നത് റീബിൽഡ് കേരള, കിഫ്ബി പദ്ധതികൾ മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

അനുമതി നൽകിയിട്ടുണ്ട്. വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് 14-11-2019-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 483/2018/പി.&ഇ.എ. പ്രകാരം റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിലും 23-1-2020-ലെ ജി.ഒ.(എം.എസ്.)നമ്പർ 2/2020/ വനം, 2-8-2021-ലെ ജി.ഒ.(എം.എസ്.)നമ്പർ 12/2021/വനം പ്രകാരം കിഫ്ബി പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 പട്ടികവർഗ്ഗേതര കുടുംബങ്ങളേയും കിഫ്ബി ഫെയ്സ് II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 പട്ടികവർഗ്ഗേതര കുടുംബങ്ങളേയും സ്വയം സന്നദ്ധമാകുന്ന ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നൽകിയാണ് വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നത്. റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്വകാര്യ സെറ്റിൽമെന്റുകളുടെ പട്ടികയും കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന സ്വകാര്യ സെറ്റിൽമെന്റുകളുടെ പട്ടികയും അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാസർഗോഡ് വനം ഡിവിഷന് കീഴിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള എത്ര പ്രൊപ്പോസലുകൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സമിതിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കാസർഗോഡ് വനം ഡിവിഷനിൽനിന്നും 21 അർഹതപ്പെട്ട ആദിവാസി ഇതര കുടുംബങ്ങളുടെ പ്രൊപ്പോസലുകളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടായിരുന്നത്. ഇതിൽ അടൂർ-മുച്ചാംതുള്ളി സെറ്റിൽമെന്റിലെ 14 അർഹമായ കുടുംബങ്ങളും ഒറ്റമല സെറ്റിൽമെന്റിലെ 7 അർഹമായ കുടുംബങ്ങളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രൊപ്പോസലിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ അനുമതി ലഭിച്ചതിനെ തുടർന്ന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിക്ക് (SLEC) മുമ്പാകെ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ വന്യമൃഗശല്യം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ പ്രൊപ്പോസൽ സമർപ്പിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാസഹായം**

138(5585) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഇരിക്കൂർ നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാ സഹായമായി വനം വകുപ്പ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ചികിത്സാ സഹായമായി 8,57,300 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ ഇനിയും എത്ര പേർക്ക് എത്ര രൂപ സഹായധനം നൽകുവാനുണ്ടെന്ന് വിശദമാക്കുമോ?

ഇത്തരത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ 22 പേർക്ക് 8,19,718 രൂപ ധനസഹായം നൽകുവാനുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം

139(5586) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവർക്കും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതർക്കും നിലവിൽ വനം വകുപ്പ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കേൽക്കുന്നവരും ജീവഹാനിയുണ്ടാവുന്നവരുടെ ആശ്രിതരും നഷ്ടപരിഹാരം ലഭിക്കുന്നതിനായി സംഭവം നടന്ന വനം റേഞ്ചിന്റെ റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈനായി ഇ-ഡിസ്ട്രിക്ട് പോർട്ടലിലെ ഇതിനായുള്ള സംവിധാനത്തിലൂടെ നിയമാനുസൃതമായ രേഖകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അതത് സ്ഥലത്തെ അക്ഷയ കേന്ദ്രത്തെ അപേക്ഷകന് സമീപിക്കാവുന്നതാണ്. ഇപ്രകാരം ഓൺലൈനായി ലഭിക്കുന്ന അപേക്ഷയിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തി അപേക്ഷയിലെ വസ്തുതകൾ ശരിയാണെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം അർഹമായ അപേക്ഷകളിൽ അനുവദനീയമായ തുക അടക്കമുള്ള ശിപാർശ സഹിതവും അർഹമല്ലാത്ത അപേക്ഷകളിൽ അപ്രകാരമുള്ള ശിപാർശ സഹിതവും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈനായിത്തന്നെ സമർപ്പിക്കുന്നു. അപേക്ഷയിലെ വസ്തുതകൾ പരിശോധിച്ചശേഷം റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശയുടെകൂടി അടിസ്ഥാനത്തിൽ അപേക്ഷകന് നിയമാനുസൃതം അർഹമായതുക അനുവദിച്ചുകൊണ്ടും അർഹമല്ലാത്ത അപേക്ഷകൾ നിരസിച്ചുകൊണ്ടും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവാകുന്നു. അനുവദിച്ച നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോഴും നഷ്ടപരിഹാരം അനുവദിക്കുമ്പോഴും അപേക്ഷ നിരസിക്കുമ്പോഴും അപേക്ഷകന് എസ്.എം.എസ്. മുഖാന്തരം അറിയിപ്പ് ലഭിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന നമ്പർ ഉപയോഗിച്ച് അപേക്ഷയുടെ സ്ഥിതി അപേക്ഷകന് ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ മുഖാന്തരം അറിയാൻ സാധിക്കുന്നതാണ്.

## കൃഷിനാശത്തിന് നഷ്ടപരിഹാരം

140(5587) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

നിലവിൽ വന്യജീവിമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത് 8-1-2015-ലെ സ.ഉ.(കൈ) നം. 02/2015/വനം പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പുതുക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) പട്ടയം ലഭിക്കാത്ത കർഷകരുടെ കൈവശ ഭൂമിയിലെ കൃഷി നാശങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

വന്യജീവികൾമൂലമുള്ള കൃഷിനാശങ്ങൾക്കാണ് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നത്. പട്ടയമില്ലാത്ത കൃഷിഭൂമികളിൽ സാധാരണ നിലയിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നില്ല.

### കോരുത്തോട് അഞ്ഞൂറ്റിനാലിലെ സോളാർ ഫെൻസിംഗ്

141(5588) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കോരുത്തോട് പഞ്ചായത്തിലെ അഞ്ഞൂറ്റിനാല് പ്രദേശത്തെ കൃഷി ഭൂമിയിൽ സോളാർ ഫെൻസിംഗ് ഇല്ലാത്ത ഭാഗത്തുകൂടി വന്യജീവികൾ കടന്നുവന്ന് കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ അഞ്ഞൂറ്റിനാല് മേഖലയിൽ 3.5 കി.മീ. ദൂരം സോളാർ ഫെൻസിംഗ് ഇല്ലാത്ത ഭാഗത്ത് ആന ഉൾപ്പെടെയുള്ള വന്യജീവികൾ കൃഷിഭൂമിയിൽ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് വനം വകുപ്പിന്റെ പട്രോളിംഗും അഞ്ഞൂറ്റിനാല് എന്ന സ്ഥലത്ത് സ്റ്റാഫിന്റെ ക്യാമ്പും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് ശേഷിക്കുന്ന ഭാഗത്തുകൂടി സോളാർ ഫെൻസിംഗ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അഞ്ഞൂറ്റിനാല് പ്രദേശത്തോട് ചേർന്നുള്ള 116 മുതൽ ആനക്കല്ല് വരെയുള്ള ഭാഗങ്ങളിൽ സൗരോർജ്ജവേലി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുന്നതാണ്.

### ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും

142(5589) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണപരിപാലന പ്രവർത്തനങ്ങൾക്കും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പുവരുത്താനും എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജലസ്രോതസ്സുകളായ പുഴകൾ, തടാകങ്ങൾ, കുളങ്ങൾ, തുടങ്ങിയവയിലെ ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പുമുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നിർവ്വഹിച്ചുവരുന്നു. കുളങ്ങൾ/തോടുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ ചെളി/എക്കൽ/മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുക, നീരൊഴുക്ക് സുഗമമാക്കുക എന്നീ പ്രവൃത്തികളോടൊപ്പം നദികൾക്ക് കുറുകെ ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയുടെ സമീപം അടിഞ്ഞ് കൂടിയ ചെളി/എക്കൽ/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തിയും ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ 41 എഞ്ചിനീയറിംഗ് കോളേജുകളുടെ സഹകരണത്തോടെ നദികളിലെ ജലഗുണ നിലവാര പരിശോധന നിർവ്വഹിക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും സാധ്യമായി. ഗ്രാമപഞ്ചായത്ത് തലത്തിൽ ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കി ജലലഭ്യത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും നിർവ്വഹിച്ചിട്ടുണ്ട്. ഇതുവഴി നദികളിലേയും തോടുകളിലേയും ജലലഭ്യത വർദ്ധിപ്പിക്കാനും മാലിന്യത്തിന്റെ അളവ് ലഘൂകരിക്കാനും സാധിക്കും. ഇതിനുപുറമെ, കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രാബല്യത്തിൽ വരികയും ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശിക്ഷാനടപടി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനും കൂടുതൽ ജനപങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച്, സംരക്ഷിച്ച് ജലഗുണനിലവാരം ഉറപ്പാക്കി പ്രദേശിക ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ ചെറുകിട കുടിവെള്ള പദ്ധതികൾ പരിഷ്കരിക്കാനും പുനരുജ്ജീവിപ്പിക്കാനും നടപടികൾ ഉണ്ടാകുമോ?

സംസ്ഥാനത്തെ ചെറുകിട കുടിവെള്ള പദ്ധതികൾ പരിഷ്കരിക്കാനും പുനരുജ്ജീവിപ്പിക്കാനും കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിക്കാറുണ്ട്. ചെറുകിട കുടിവെള്ള പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കുവാൻ കാലഹരണപ്പെട്ട പൈപ്പുകളും മോട്ടോർ പമ്പ് സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിച്ച് സുഗമമായ ജലവിതരണം നൽകുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ചെറുകിട കുടിവെള്ള വിതരണ ശൃംഖലയിലെ ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങളിൽ തുല്യ ജലലഭ്യത ഉറപ്പാക്കുന്നതിനായി വാൽവുകൾ ഘടിപ്പിച്ച് ക്രമീകരണം നടത്തിയും വിതരണശൃംഖലയിലെ

അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പുകളുടെയും മോട്ടോറുകളുടെയും കപ്പാസിറ്റി വർദ്ധിപ്പിച്ചും പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും വാൽവ് സ്ഥാപിച്ചും കുഴൽക്കിണറുകൾ പദ്ധതികൾ പുനരുദ്ധരിച്ചും തടയണകൾ നിർമ്മിച്ച് സ്രോതസ്സിലെ ജലലഭ്യത ഉയർത്തിയും പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ നടത്തിയും ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികളുടെ പൂർണ്ണശേഷി ഉറപ്പാക്കി ജലവിതരണം സുഗമമായി നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ ഇറിഗേഷൻ, K.S.E.B.L. എന്നിവയുമായി സഹകരിച്ച് സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കിയും വൈദ്യുതി തടസ്സം ഒഴിവാക്കിയും കുടിവെള്ളം തടസ്സം കൂടാതെ നടത്തുവാനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. അമൃത്, കിഫ്ബി, ആർ.കെ.ഐ., സ്റ്റേറ്റ് പ്ലാൻ ജൽജീവൻ മിഷൻ പദ്ധതികൾ, എം.എൽ.എ./എം.പി. ഫണ്ട്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, നബാർഡ് എന്നീ വിവിധ ഫണ്ടുകൾ മുഖേനയും വാട്ടർ അതോറിറ്റി പുനരുജ്ജീവന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

**ജലദൗർലഭ്യം തടയാൻ നടപടികൾ**

143(5590) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലദൗർലഭ്യം തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലദൗർലഭ്യം തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ അരുവികളുടെയും കുളങ്ങളുടേയും മാപ്പിംഗ് നടത്തുന്നുണ്ടോ;

&

(സി) പ്രസ്തുത നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കുളങ്ങളെ യഥാസ്ഥാനപ്പെടുത്താനുള്ള ജിയോടാഗ് ചെയ്യുക, സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുക തുടങ്ങിയവയ്ക്കായി I.D.R.B. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും കുളങ്ങളുടെ ഡാറ്റാ ശേഖരണത്തിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലവിഭവ വകുപ്പിന്റെ ആധുനികവൽക്കരണം

144(5591) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

പൊതുമേഖലാ സ്ഥാപനമായ K.I.I.D.C.-യിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രൈസ് സോഫ്റ്റ്‌വെയർ, കെ.ഐ.ഐ.ഡി.സി. വെബ്സൈറ്റ് വഴി സംസ്ഥാനത്തുടനീളമുള്ള പ്രവൃത്തികളുടെ ദൈനംദിന/പ്രതിവാര നിരീക്ഷണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം വഴി ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യാനും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ദൈനംദിന/പ്രതിവാര നിരീക്ഷണം എന്നിവ വഴി ജീവനക്കാരുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. ബില്ലുകളുടെ കൈകാര്യം സുഗമമാകാൻ വേണ്ടി ഇ-എംബുക്ക് സംവിധാനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗത്തിൽ എസ്റ്റിമേറ്റുകൾ PRICE സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കുന്നത്. കേരള ജലഅതോറിറ്റി, ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയങ്ങൾക്കുകീഴിൽ വിവിധ പദ്ധതികളിലായി നടന്നുവരുന്ന ആധുനികവൽക്കരണ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഭൂജലവകുപ്പിൽ ഉപയോഗിച്ചു വരുന്ന കുഴൽക്കിണർ നിർമ്മാണ മെഷീനറികൾ പഴക്കം ചെന്നവയാണ്. ഇവ മാറ്റി പുതിയതും ആധുനികവുമായ കുഴൽക്കിണർ നിർമ്മാണ മെഷീനറികൾ വാങ്ങുന്നതിനായുള്ള നടപടികൾ, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുവാനുള്ള നടപടികൾ, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഭരണ പരിഷ്കരണത്തിനും നവീകരണത്തിനുമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പൊതുപദ്ധതികളായ e-office, സ്പാർക്ക്, ഇ-ടെൻഡർ, EMLI, BIMS, BAMS, PRISM തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കിയതിനുപുറമെ ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വാർഷിക പദ്ധതി അവലോകനത്തിനുള്ള ഓൺലൈൻ സംവിധാനവും വകുപ്പിന്റെ മറ്റ് പ്രവർത്തനങ്ങളുടെ Web based Monitoring and Dissemination സംവിധാനവും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തി വെബ്സൈറ്റ് പുനർരൂപകല്പന ചെയ്തിട്ടുണ്ട്. e-Monit പ്രോജക്ടുകളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം HR Monitoring- ജീവനക്കാരുടെ വിവരങ്ങൾ ക്രോഡീകരിച്ച് മാനവശേഷിയെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് സഹായകരമാകുന്ന ഓൺലൈൻ സംവിധാനം, നേരിട്ട് നൽകിവരുന്ന സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് NIC-യുടെ സഹായത്തോടെ software എന്നിവ വികസിപ്പിച്ചുവരുന്നു. ഇവയ്ക്കുപുറമെ എഞ്ചിനീയറിംഗ് വകുപ്പുകളുടെ Project Preparation, Estimation, Costing and Evaluation എന്നിവ നിർവഹിക്കുന്നതിനുള്ള PRICE Software നടപ്പിലാക്കിവരുന്നു. COVID വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വകുപ്പിലെ വിവിധ ഓഫീസുകളിൽ IT Infrastructure മെച്ചപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയും Online Virtual Meeting സംവിധാനം നടപ്പിലാക്കുകയും ചെയ്തു.

(ബി) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ജൽജീവൻ മിഷൻ ആരംഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, കെ.ആർ.ഡബ്ല്യു.എസ്.എ, ഭൂജലവകുപ്പ് എന്നീ ഏജൻസികൾ മുഖേനയാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. ടി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കുഴൽക്കിണർ അടിസ്ഥാനത്തിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ജൽജീവൻ പദ്ധതിയിൻകീഴിൽ Functional Household Tap Connection (FHTC) നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തിരക്കേറിയ നഗരങ്ങളിലും പാതയോരങ്ങളിലും ശുദ്ധജലം സൗജന്യമായി എത്തിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ; വ്യക്തമാക്കുമോ?

തിരക്കേറിയ നഗരങ്ങളിലും പാതയോരങ്ങളിലും ശുദ്ധജലം സൗജന്യമായി എത്തിക്കുന്നതിനായി പൊതുടാപ്പുകൾ കേരള ജല അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപന സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ വാട്ടർ കിയോസ്കുകളും ആർ.ഒ. പ്ലാന്റുകളും സ്ഥാപിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുത്തുമാക്കൽപുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതി

145(5592) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച് ആറ് വർഷം കഴിഞ്ഞിട്ടും എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതി അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കുത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതി ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചതുമൂലം സർക്കാരിനും ഈ പദ്ധതിക്കും എന്തെല്ലാം കഷ്ടനഷ്ടങ്ങളാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് തിരിച്ചുപിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ഉണ്ട്. കുത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതിയുടെ കരാറുകാരൻ പ്രാഥമിക ബാധ്യതയായ 92,57,944 രൂപയാണ് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതായിട്ടുള്ളത്. ടിയാൻ ഒടുക്കിയ സെക്യൂരിറ്റി തുകയായ 17,89,600 രൂപ കിഴിച്ച് ബാക്കി തുകയായ 74,78,344 രൂപ കരാറുകാരനിൽനിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ റിടെൻഷൻ തുകയായ 4,88,145 രൂപയും ഈ കരാറുകാരന്റെ തന്നെ മറ്റൊരു പ്രവൃത്തിയുടെ റിടെൻഷൻ തുകയും വിടുതൽ ചെയ്തിട്ടില്ല.

(സി) ഈ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും വേണ്ട രീതിയിലുള്ള മോണിറ്ററിംഗ് ഉദ്യോഗസ്ഥതലത്തിൽ നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ വീഴ്ച വന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

ഉണ്ട്.

(ഡി) ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് റീ-ടെൻഡർ ചെയ്യുന്നതിന് ആവശ്യമായ അധികതുക ആസ്തിവികസന നിധിയിൽനിന്ന് നൽകാമെന്ന് സ്ഥലം എം.എൽ.എ. കത്ത് നൽകിയെങ്കിലും ആസ്തി വികസന നിധി ഒരു കോടി രൂപയായി ചുരുക്കിയതിനാൽ തുക നൽകാൻ സാധിക്കാത്ത അവസ്ഥയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുത്തുമാക്കൽ പുരയ്ക്കൽ ചിറയ്ക്കൽ ചെറുപുഴ പദ്ധതിയുടെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 4.37 കോടി രൂപയ്ക്ക് D.S.R. 2016 പ്രകാരം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്താതെ തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയായ 4.80 കോടി രൂപയിൽ അധികരിക്കാത്തതിനാൽ പ്രവൃത്തി 6-8-2021-ന് റീടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ജൽജീവൻ പദ്ധതി**

146(5593) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്താക്കളും സംയുക്തമായി ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും പ്രത്യേകിച്ച് SC/ST കുടുംബങ്ങൾക്കും മലയോര തീരദേശ മേഖലകളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ഇനിയും പൈപ്പ് വഴി ലഭിക്കാത്ത കുടുംബങ്ങൾക്കും ഏറെ പ്രയോജനം ലഭിക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്ന വിധത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഉദ്ദേശ്യലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

1. ഗ്രാമപഞ്ചായത്തുകളിലെ വീടുകളിൽ പ്രവർത്തനക്ഷമമമായ ടാപ്പ് കണക്ഷനുകൾ 2024-നുള്ളിൽ ലഭ്യമാക്കുക.

2. ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി വരൾച്ച ബാധിക്കുന്ന പ്രദേശങ്ങൾ, ജല ഗുണനിലവാര പ്രശ്നങ്ങൾ നേരിടുന്ന സ്ഥലങ്ങൾ എന്നിവിടങ്ങൾക്ക് പദ്ധതികളിൽ മുൻഗണന നൽകുക.

3. വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ആഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പ് കണക്ഷനുകൾ നൽകുക.

4. പദ്ധതിയിൽ നിർമ്മിക്കുന്ന ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക.

5. പ്രാദേശികമായി കുടിവെള്ള വിതരണത്തിൽ ഉടമസ്ഥതാബോധം ഉറപ്പുവരുത്തുന്നതിനായി പണമായോ, സാധനസാമഗ്രികളായോ അല്ലെങ്കിൽ തൊഴിൽരൂപത്തിലോ ഗ്രാമത്തിലെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

6. കുടിവെള്ള വിതരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്താനും നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ ധന ലഭ്യത ഉറപ്പാക്കാനും വേണ്ട സഹായം നൽകുക.

7. നിർമ്മാണ പ്രവൃത്തികൾ, പ്ലമ്പിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ജല ഗുണനിലവാര പരിപാലനം, ജല ശുദ്ധീകരണം, ജലസ്രോതസ്സുകൾക്ക് ചുറ്റുമുള്ള നീർത്തടത്തിലെ മണ്ണ്, ജല ജൈവ സംരക്ഷണം, പദ്ധതി നടത്തിപ്പ്, പരിപാലനം എന്നിവ തുടർച്ചയായി ഏറ്റെടുക്കാനുള്ള വ്യക്തികളെ കണ്ടെത്തുകയും അവരുടെ ശേഷി കൂട്ടുകയും ചെയ്യുകവഴി ജല വിതരണ മേഖലയെ ശക്തിപ്പെടുത്തുക.

8. കുടിവെള്ളത്തിന്റെ അളവും ഗുണവും സംരക്ഷണവും ഉറപ്പാക്കുന്നതിൽ എല്ലാവർക്കും ചുമതലയും കടമയും ഉത്തരവാദിത്വവും പങ്കും ഉണ്ടെന്ന് വിവിധ ബോധവൽക്കരണ പ്രചാരണ മനോഭാവമാറ്റ പരിപാടികളിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ജലം എല്ലാപേരുടെയും കൂടിയാണെന്ന കാഴ്ചപ്പാടും സമീപനവും വളർത്തിക്കൊണ്ടുവരിക.

(ബി) ജൽജീവൻ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ജൽജീവൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടി വിവിധ തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇതനുസരിച്ച് നിലവിൽ പൂർത്തീകരിച്ച് ജലവിതരണം നടന്നുവരുന്ന പദ്ധതികളിൽ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാണ് ആദ്യഘട്ടത്തിൽ മുൻഗണന നൽകിയിട്ടുള്ളത്. ഇതിനുപുറമെ വിവിധ ശീർഷകങ്ങളിൽ നടന്നുവരുന്ന പദ്ധതികൾ പൂർത്തീകരിച്ച് അതുവഴി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം പൂർത്തീകരിച്ചതും പ്രവൃത്തികൾ പുരോഗമിക്കുന്നതുമായ പദ്ധതികളിലൂടെ പരമാവധി കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ

പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിലും നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം ആവശ്യമായ പ്രദേശങ്ങളിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മേൽ പ്രവർത്തനങ്ങളിലൂടെ 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി ജൽജീവൻ മിഷൻ പദ്ധതിയുടെ സമ്പൂർണ ലക്ഷ്യം കൈവരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ ജല ഗുണനിലവാര പരിശോധന സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ജല വിതരണം, ഗുണനിലവാരം, സംരക്ഷണം തുടങ്ങിയവ സംബന്ധിച്ചുള്ള പരിശീലന-ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയും പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നുണ്ട്. ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും ഇടത്തരം കരാറുകാരെ ഒഴിവാക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; എങ്കിൽ ഏത് തരം കരാറുകാരെയാണ് പ്രവൃത്തി ഏൽപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള 2164801 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളിൽ 2137770 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജൽജീവൻ മിഷൻ പ്രവൃത്തികളുടെ ടെൻഡറിൽ പങ്കെടുക്കുന്നതിൽനിന്നും ഒരു വിഭാഗം കരാറുകാരെയും ഒഴിവാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികളിൽ യോഗ്യരായ എല്ലാ വിഭാഗം കരാറുകാർക്കും പങ്കെടുക്കാവുന്നതാണ്.

**ജൽജീവൻ മിഷൻ പദ്ധതി**

147(5594) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയിൽ തവനൂർ നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

2020-21 വർഷം ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി മംഗലം പഞ്ചായത്തിൽ 80 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 12.04 ലക്ഷം രൂപയുടെ പ്രവൃത്തികൾ ജലനിധി മുഖേന നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം തൃപ്രങ്ങോട്, പുറത്തൂർ, മംഗലം, വെട്ടം, തലക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ വീടുകൾക്ക് ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 316 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിപ്രകാരം തൃപ്രങ്ങോട് പഞ്ചായത്തിൽ 10824 കണക്ഷനുകളും, പുറത്തൂർ പഞ്ചായത്തിൽ 7748 കണക്ഷനുകളും, മംഗലം പഞ്ചായത്തിൽ 4560 കണക്ഷനുകളും നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കുടിവെള്ള പദ്ധതികൾ**

148(5595) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കുടിവെള്ള വിതരണം മുടങ്ങാതെ നടക്കുന്നതിനായി നിലവിലുള്ള പദ്ധതിയിൽ പൂർണ്ണമായ ശേഷി ഉപയോഗപ്പെടുത്തിയും സാധ്യമായ ഇടങ്ങളിൽ പുനരുദ്ധാരണം നടത്തി ശേഷി വർദ്ധിപ്പിച്ചും ജലവിതരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുവാൻ കാലഹരണപ്പെട്ട പൈപ്പുകളും മോട്ടോർ പമ്പ് സെറ്റുകളും അനുബന്ധ ഘടകങ്ങളും മാറ്റി സ്ഥാപിച്ച് സുഗമമായ ജലവിതരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേയ്ക്ക് പുതിയ പദ്ധതികൾ വിഭാവന ചെയ്ത് നടപ്പിലാക്കുന്നുണ്ട്. അമൃത്, കിഫ്ബി, ആർ.കെ.ഐ, സ്റ്റേറ്റ് പ്ലാൻ, ജൽജീവൻ മിഷൻ പദ്ധതികൾ, എം.എൽ.എ/എം.പി. ഫണ്ട്, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി

1 & 2 ഘട്ടം എന്നീ വിവിധ ഫണ്ടുകൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജൽജീവൻ പദ്ധതിയുടെ ലക്ഷ്യമനുസരിച്ച് 2024-ഓടുകൂടിത്തന്നെ സംസ്ഥാനത്ത് എല്ലാവർക്കും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നതിന് എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകാനുള്ള ചിട്ടയായ പ്രവർത്തനം സംസ്ഥാന സർക്കാർ നടത്തിവരികയാണ്. സ്രോതസ്സിൽനിന്നും ശേഖരിക്കുന്ന ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ, വിവിധ തലങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേയ്ക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ജല ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി സാംപിളുകൾ ശേഖരിച്ച് അതോറിറ്റിയുടെ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐ.എസ്.10500:2012 പ്രതിപാദിക്കുന്ന പ്രകാരമാണോയെന്ന് ഉറപ്പാക്കി, പരിശോധനാ ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

&

(സി) ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

(ബി &സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് പ്ലാൻ 1. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- അർബൻ മേഖലയുടെ ശാക്തീകരണം- ഫേസ് II 10 കോടി രൂപയുടെ പ്രവർത്തനം. 2022 ഫെബ്രുവരിയോടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നബാർഡ് പദ്ധതികൾ

1. കൊല്ലം ജില്ലയിലെ മേലില ഗ്രാമ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി 1040.10 ലക്ഷം രൂപ അടങ്കൽ തുകയുടെ പ്രവൃത്തി. 2022 ഡിസംബറോടുകൂടി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. ഇടുക്കി ജില്ലയിലെ മുട്ടം, കരിംകുന്നം, കുടയത്തൂർ (ഭാഗികം) പഞ്ചായത്തുകൾക്ക് 6114 ലക്ഷം രൂപ ഫേസ് 1 പ്രവൃത്തി. 2023 മാർച്ചിന് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിക്ക് ഭരണാനുമതി നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന സുസ്ഥിരതാ പദ്ധതിയുടെ ഭാഗമായി ജലനിധി പദ്ധതികളിൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതികൾ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനുവേണ്ടി Sustainability Support to Community Managed Water Supply Scheme-ൽ ഉൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി 2021-22-ൽ നൽകിയിട്ടുണ്ട്.

## നെയ്തകുടി സ്ലൂയിസ്

149(5596) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെയ്തകുടി സ്ലൂയിസ് എന്ന പ്രവൃത്തിക്ക് 2020-21 ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ നെയ്തകുടി സ്ലൂയിസ് എന്ന പ്രവൃത്തിക്ക് 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം- 2-ൽ പ്രവൃത്തിയുടെ ക്രമനമ്പർ 2195 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുകയായ 300 ലക്ഷം രൂപയുടെ 20 ശതമാനം തുകയായ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണെന്നും അറിയിക്കാമോ?

ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള തുകയും പുതുക്കിയ ഡിസൈൻ പ്രകാരം പദ്ധതി പൂർണ്ണമായും പ്രാവർത്തികമാക്കാൻ ആവശ്യമായ തുകയും ഉൾപ്പെടെ ടി പ്രവൃത്തിക്ക് 10 കോടി രൂപ ആവശ്യമായി വരും. അധിക തുകയായ 7 കോടി രൂപ വകയിരുത്തുന്നതിനും എസ്റ്റിമേറ്റ് തുകയായ 10 കോടി രൂപയുടെ 20%-ൽ കുറയാതെയുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുമായി ടി പ്രവൃത്തിയുടെ പ്രൊപ്പോസലും എസ്റ്റിമേറ്റും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് നടപടി

150(5597) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ കൊല്ലകടവ് പാലത്തിന് കിഴക്ക് ഭാഗത്ത് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിന്റെ മുൻവശത്ത് അച്ചൻ കോവിലാറിന്റെ തീരം തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരയിലെ റോഡ് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) പ്രസ്തുത 500 മീറ്റർ പ്രദേശത്ത് അച്ചൻകോവിലാറിന്റെ തീരം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കടവ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കായലുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ

151(5598) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകളുടെ പുനരുദ്ധാരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുക എന്ന ലക്ഷ്യത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി " സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland

Authority- Kerala- (SWA-K) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പാണ് ഇതിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്. റാംസർ തടാകങ്ങളായി അംഗീകരിക്കപ്പെട്ട വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ട കായൽ എന്നിവയ്ക്കായി സംയോജിത മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ടൂറിസം വകുപ്പിന്റെയും അപേക്ഷകൾ പരിഗണിച്ച് ചെറുതടാകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നുണ്ട്.

(ബി) കായലുകളിലും അനുബന്ധ തോടുകളിലും അടിയുന്ന പോളയും പായലും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

കായലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിലെ ജലത്തിലെ മാലിന്യത്തിന്റെ പ്രത്യേകിച്ച്, കാർഷികാവശ്യത്തിനായി വിനിയോഗിക്കുന്ന രാസവളത്തിന്റെ അവശിഷ്ടം വർദ്ധിക്കുന്നതിനനുസരിച്ച് കുളവാഴ/പോള, പായലുകൾ എന്നിവയുടെ വ്യാപനം വർദ്ധിക്കുന്നതായി കാണുന്നു. പായലും പോളയും നീക്കം ചെയ്യുന്നതിനുള്ള പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ തോടുകൾ/കുളങ്ങൾ എന്നിവ ശുചിയാക്കുന്നതിന്റെ ഭാഗമായി പോള/പായൽ എന്നിവ നീക്കം ചെയ്യാറുണ്ട്. ഇതുകൂടാതെ, ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിലുള്ള " വീഡ് ഹാർവെസ്റ്റർ" " യന്ത്രം ഉപയോഗിച്ച് കായലുകളിലും അനുബന്ധ തോടുകളിലും അടിയുന്ന പോളയും പായലും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

152(5599) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴകളുടെ കുത്തൊഴുക്ക് കാരണം കരയിടിഞ്ഞ് വീടുകൾക്കും കൃഷിക്കും നാശനഷ്ടമുണ്ടാകുന്നത് തടയുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പുഴകളുടെ കുത്തൊഴുക്ക് കാരണം കരയിടിഞ്ഞ് വീടുകൾക്കും കൃഷിക്കും നാശനഷ്ടമുണ്ടാകുന്നത് തടയുന്നതിനായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വെള്ളപ്പൊക്കനിയന്ത്രണം, വെള്ളപ്പൊക്ക കെടുതികൾ, ആർ.എം.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പുഴ സംരക്ഷണ ഭിത്തികൾ നിർമ്മിക്കാനുള്ള

പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളും ജനപ്രതിനിധികളിൽനിന്നും ലഭിക്കുന്ന അഭിപ്രായങ്ങളും ശിപാർശകളും ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ വിദഗ്ദ്ധ സമിതി പരിശോധിക്കുകയും ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിക്കുന്ന പക്ഷം അത്തരം ശിപാർശകൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉന്നതതല സമിതിയിലേയ്ക്ക് അവ ശിപാർശ ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന ഉന്നതതല സമിതിയുടെ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ തുക ശേഷിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ 2,07,67,739 (രണ്ട് കോടി ഏഴ് ലക്ഷത്തി അറുപത്തിഏഴായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊമ്പത്) രൂപ ശേഷിക്കുന്നുണ്ട്.

(സി) ചാത്തമംഗലം പഞ്ചായത്തിൽ ഇരുവഞ്ഞിപ്പുഴയുടെ വലതുകരയിൽ നാരങ്ങാളി പറമ്പിനോട് ചേർന്ന് തീര സംരക്ഷണത്തിനായി മുപ്പത്തി അഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് ആയതിന് ഭരണാനുമതി ലഭ്യമാക്കാമോ?

(സി&ഡി) ചാത്തമംഗലം പഞ്ചായത്തിൽ ഇരുവഞ്ഞിപ്പുഴയുടെ വലതുകരയിൽ നാരങ്ങാളി പറമ്പിനോട് ചേർന്ന് തീരസംരക്ഷണത്തിനായി 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി തയ്യാറാക്കി വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ 2021-22 വർഷത്തെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ കോഴിക്കോട് ജില്ലാ വിദഗ്ദ്ധ സമിതിയിൽ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി 2020 ജൂണിൽ അവസാനിച്ചതിനാലും പുതിയ അംഗങ്ങളെ നിയമിച്ചുകൊണ്ട് ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട് എന്നതിനാലും ആയതിനുശേഷം മാത്രമേ ഭരണാനുമതി നൽകി, ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## വൈപ്പിൻ ദ്വീപിലെ കായലുകളുടെയും തോടുകളുടെയും സംരക്ഷണം

153(5600) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുഴകളും കായലുകളും തോടുകളും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിനുകീഴിലുള്ള പുഴകളുടെയും കായലുകളുടെയും തോടുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുഴ - വീരൻപുഴ
2. കായൽ - വേമ്പനാട്ടു കായൽ, വലിയവട്ടം കായൽ (ഞാറയ്ക്കൽ പഞ്ചായത്ത്) വീരൻപുഴ കായൽ (എടവനക്കാട് പഞ്ചായത്ത്), കൊച്ചി കായൽ (എളങ്കുന്നപ്പുഴ പഞ്ചായത്ത്), നെടുങ്ങാട് കായൽ (നായരമ്പലം പഞ്ചായത്ത്)
3. തോടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കായലുകളിലെയും തോടുകളിലെയും എക്കൽ നീക്കംചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുംവേണ്ടി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മൈനർ ഇറിഗേഷന് കീഴിൽ 2.62 കോടി രൂപയുടെ 152 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2*ആയി ചേർക്കുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിലെ തോടുകളുടെ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ നടന്നിട്ടില്ല. മേജർ ഇറിഗേഷനുകീഴിൽ 5104-ൽ ആവിഷ്കരിച്ച പദ്ധതികൾ - 19 പദ്ധതികൾ ആവിഷ്കരിച്ചതിൽ 16 എണ്ണം പൂർത്തീകരിച്ചതാണ്. ബാക്കിയുള്ളവ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ആയതിന്റെ വിശദാംശം അനുബന്ധം 3* ആയി ചേർക്കുന്നു. കൂടാതെ ടി നിയോജകമണ്ഡലത്തിൽ നിന്നുള്ള 31 പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**നദികളെ വിഷവിമുക്തമാക്കുന്നതിനായി പദ്ധതി**

154(5601) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദികളെ വിഷവിമുക്തമാക്കുന്നതിനായി ജലവിഭവ വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

നദികളിലെത്തിച്ചേരുന്ന വ്യാവസായിക മാലിന്യങ്ങൾ, കാർഷിക മേഖലയിലെ അമിത രാസവള പ്രയോഗം/രാസകീടനാശിനി പ്രയോഗം മൂലമുണ്ടാകുന്ന മലിനീകരണം, മാലിന്യ നിക്ഷേപം തുടങ്ങിയവ നദീജലം വിഷമയമാക്കിത്തീർക്കുന്നു. ഇവ നിയന്ത്രിക്കുന്ന നടപടി സ്വീകരിക്കാൻ കഴിഞ്ഞാൽ നദീജല ഗുണനിലവാരം വർദ്ധിപ്പിക്കാൻ കഴിയും. നദികൾ വിഷവിമുക്തമാക്കുന്നതിന് നദീതടത്തിലാകെ വിവിധ ഇടപെടലുകൾ ആവശ്യമാണ്. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി നദികളിലേയ്ക്ക് ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ ശുചിയാക്കിയിട്ടുണ്ട്. കൂടാതെ ജനപങ്കാളിത്തത്തോടെയും ജലസേചന വകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടിയും ചുവടെ ചേർക്കുന്ന ചെറുനദികൾ ശുചിയാക്കുന്നതിനായി കഴിഞ്ഞിട്ടുണ്ട്.

| നദികൾ | ജില്ല |
|---|---|
| വരട്ടാർ | ആലപ്പുഴ- പത്തനംതിട്ട |
| കാനാമ്പുഴയാർ | കണ്ണൂർ |
| കുട്ടമ്പേരൂർ | ആലപ്പുഴ |
| കിള്ളിയാർ | തിരുവനന്തപുരം |
| പള്ളിക്കലാർ | കൊല്ലം |

കൂടാതെ ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018-മേലുള്ള ഉത്തരവുപ്രകാരം സംസ്ഥാനത്തെ മലിനീകരിക്കപ്പെട്ട 21 നദീഭാഗങ്ങൾ കുറഞ്ഞത് കുളിക്കാനുപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കി ത്തീർക്കേണ്ടതുണ്ട്. ഇതിനായി സംസ്ഥാനതലത്തിൽ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനായുള്ള സാങ്കേതിക സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി 21 നദീഭാഗങ്ങളുടെയും ആക്ഷൻപ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആക്ഷൻപ്ലാൻ അനുസരിച്ചുള്ള DPR സംസ്ഥാനത്തെ 41 എഞ്ചിനീയറിംഗ് കോളേജുകളും ജലസേചന വകുപ്പും ചേർന്ന് തയ്യാറാക്കിക്കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കടമ്പ്രയാറിന്റെ സംരക്ഷണം**

155(5602) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പ്രയാറിന്റെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

&

(ബി) കടമ്പ്രയാറിനെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പരിഗണനയിലുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (National Green Tribunal) OA673/2018-ലെ ഉത്തരവിൽ കടമ്പ്രയാർ ഉൾപ്പെടെയുള്ള കേരളത്തിലെ 21 നദീഭാഗങ്ങൾ മലിനീകരണ മുക്തമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 21 നദീഭാഗങ്ങളുടെയും ആക്ഷൻ പ്ലാൻ ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനും മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർ കൺവീനറുമായ സാങ്കേതിക സമിതി തയ്യാറാക്കുകയും ആയത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത ആക്ഷൻ പ്ലാനുകളുടെ അംഗീകാരത്തിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

**നദികളിലെ ലോഹവിഷ സാന്നിധ്യത്തെക്കുറിച്ചുള്ള പഠനറിപ്പോർട്ട്**

156(5603) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലകമ്മീഷൻ നദികളിലെ ലോഹവിഷ സാന്നിദ്ധ്യത്തെക്കുറിച്ച് തയ്യാറാക്കിയ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇന്ത്യയിലെ വിവിധ നദീജലത്തിലെ ലോഹ/വിഷലോഹ അംശത്തെക്കുറിച്ചുള്ള മൂന്നാമത്തെ പഠന റിപ്പോർട്ട് " സ്റ്റാറ്റസ് ഓഫ് ട്രേസ് ആൻഡ് ടോക്സിക് മെറ്റൽസ് ഇൻ ഇന്ത്യൻ റിവേഴ്സ്" 2019 ആഗസ്റ്റിലാണ് പുറത്തിറക്കിയത്. 2014, 2018 വർഷങ്ങളിലും ഇത്തരം റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാജ്യത്താകെയുള്ള 447 ജലഗുണനിലവാര പരിശോധനാ സ്റ്റേഷനുകളിൽനിന്ന് ശേഖരിച്ച 2959 ജലസാമ്പിളുകൾ പരിശോധനാ

വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഈ റിപ്പോർട്ട്. ആഴ്സനിക്, കാഡ്മിയം, ക്രോമിയം, കോപ്പർ, അയൺ (ഇരുമ്പ്), ലെഡ്, നിക്കൽ, സിങ്ക് എന്നീ ലോഹങ്ങളുടെ സാന്നിദ്ധ്യമാണ് 2019-ലെ റിപ്പോർട്ടിൽ വിശകലനം ചെയ്തിട്ടുള്ളത്. കേരളത്തിലെ 13 നദികളിലായി 21 മോണിറ്ററിംഗ് സ്റ്റേഷനുകളിലെ ജലഗുണനിലവാര പരിശോധനയാണ് നടത്തിയിട്ടുള്ളത്. 2019-ലെ റിപ്പോർട്ട് പ്രകാരം ഇരുമ്പിന്റെ അംശമാണ് പ്രധാനമായും കേരളത്തിലെ നദീജലത്തിലെ ലോഹാംശം (ആറ് നദികളിൽ) നദികളിലെ ജലലഭ്യതയിൽ വരുന്ന മാറ്റത്തിനനുസരിച്ചും നദിയുടെ/പോഷകനദിയുടെ വൃഷ്ടി പ്രദേശത്തുവരുന്ന മാറ്റങ്ങൾക്കനുസരിച്ചും മഴയുടെ ലഭ്യതയിലുണ്ടാകുന്ന വ്യതിയാനത്തിനനുസരിച്ചും രേഖപ്പെടുത്തപ്പെട്ട ലോഹ സാന്നിദ്ധ്യത്തിന്റെ തോതിൽ മാറ്റം വരാമെന്നതും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ജലത്തിലെ ഇരുമ്പിന്റെ സാന്നിദ്ധ്യം സാധാരണയായി ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കാറില്ല. കേരളത്തിലെ മണ്ണിലടങ്ങിയിട്ടുള്ള ഇരുമ്പിന്റെ അംശം ജലസ്രോതസ്സുകൾ, പ്രത്യേകിച്ച് തോടുകൾ വഴി നദികളിലേയ്ക്ക് എത്തിച്ചേരുന്നതുവഴിയാണ് നദീജലത്തിലും ഇരുമ്പിന്റെ സാന്നിദ്ധ്യം കാണുന്നത്. നദികളിലെ പാറകൾ നീരൊഴുക്കിന്റെയും വെയിൽ ഏൽക്കുന്നതിന്റെയും ഫലമായി പൊടിഞ്ഞുചേരുന്നതും ഇരുമ്പിന്റെ സാന്നിദ്ധ്യത്തിന് കാരണമാണ്. നദികളിലെ ജലലഭ്യത വർദ്ധിക്കുന്നതിനനുസരിച്ച് ലോഹസാന്നിദ്ധ്യം കുറയും. ഇത് കണക്കിലെടുത്ത്, ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടങ്ങൾ അടിസ്ഥാനമാക്കി ജലവിഭവ പരിപാലനവും സംരക്ഷണവും ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ചെറുനീർത്തടത്തിലുമുള്ള കുളങ്ങൾ/തോടുകൾ എന്നിവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന നടപടികളും നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്ന പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്.

(ബി) സ്വകാര്യ ജലചൂഷണവും ജലവിൽപ്പനയും തടയാൻ ആവിഷ്കരിച്ച പദ്ധതികൾ പരാജയപ്പെടാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമമനുസരിച്ച് ജലസേചന നിർമ്മിതികൾ/നദികൾ എന്നിവിടങ്ങളിൽനിന്ന് കാർഷിക/ വ്യാവസായിക ആവശ്യങ്ങൾക്കായി എടുക്കുന്ന ജലത്തിന് നിയമാനുസൃതമുള്ള പെർമിറ്റുകൾ ജലസേചന വകുപ്പ് നൽകിവരുന്നു. ഇത്തരത്തിലുള്ള അനുമതി പത്രങ്ങൾ ഉപയോഗിച്ചുള്ള അമിത ജലചൂഷണം/ജലവിൽപ്പന ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

പൊതു/സ്വകാര്യ ഉടമസ്ഥതയിലുള്ളവയാണ് സംസ്ഥാനത്ത് നിലവിലുള്ള ജലസ്രോതസ്സുകൾ. എന്നാൽ, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പുതുതായി ഫാം പോണ്ടുകൾ (ജലസംഭരണികൾ) നിർമ്മിച്ചുവരുന്നു. ഇതുവഴി സംഭരിക്കപ്പെടുന്ന ജലം പ്രാദേശിക കാർഷിക വികസനത്തിനും ഭൂജലപോഷണത്തിനും ഉപകരിക്കുന്നു.

(ഡി) കായൽത്തീരങ്ങൾ കയ്യേറുന്നത് കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനം വിശദമാക്കുമോ; പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള പഞ്ചായത്തീരാജ് നിയമമനുസരിച്ച് കായലുകൾ, പുറമ്പോക്കുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലാണ് വരുന്നത്. കൂടാതെ, കേരളത്തിലെ കായലുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി " സ്റ്റേറ്റ് വെറ്റ്ലാൻഡ് അതോറിറ്റി ഓഫ് കേരള " രൂപീകരിച്ചിട്ടുണ്ട്. കയ്യേറ്റങ്ങൾ സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോഴോ/കയ്യേറ്റം നേരിട്ട് കാണുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ അക്കാര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റവന്യൂ അധികൃതരെ അറിയിക്കാറുണ്ട്. കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സമിതി രൂപീകരിച്ചാൽ ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാകും.

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

157(5604) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കുളങ്ങൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഹരിത കേരളം പദ്ധതി, വിവിധ പ്ലാൻ സ്കീം പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതികളും കുളങ്ങളുടെ സംരക്ഷണ പ്രവൃത്തികളും നടത്തിവരുന്നു.

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ 2016-21 കാലയളവിൽ കുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ?

2016-2021 കാലയളവിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കുളങ്ങളുടെ നവീകരണ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**ചെങ്കൽ വലിയകുളത്തിന്റെ നവീകരണം**

158(5605) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ വലിയകുളത്തിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക ഫണ്ടുപയോഗിച്ച് നടപ്പിൽ വരുത്തുന്ന വികസന പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ " Renovation and beautification of Valiyakulam at Chenkal Panchayath in Neyyattinkara LAC of Thiruvananthapuram District" എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും 04-08-2021-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണം**

159(5606) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കനാലുകളുടെയും ഇടത്തോടുകളുടെയും നവീകരണത്തിനായി നടന്നുവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; മണ്ഡലം തിരിച്ച് വിവരങ്ങൾ നൽകുമോ;

&

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം– 1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ-ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം– 2 എന്നീ രണ്ട് പദ്ധതികൾക്കായി 96.509 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ജലസേചന വകുപ്പിന്റെ പൊതുമേഖല സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. (Kerala Irrigation Infrastructure Development Corporation) മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് 54.15 കോടി രൂപയുടെ ഒന്നാംഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും ആഴം കൂട്ടലും കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണം നടന്നുവരുന്നു. ഇതിൽ പ്രധാന കനാലുകളായ ഉപ്പൂറ്റി കനാൽ, വെസ്റ്റ്ജംഗ്ഷൻ കനാൽ, കൊമേഴ്സ്യൽ കനാൽ, വാടക്കനാൽ, മുറിഞ്ഞപ്പുഴ കനാൽ, കൊട്ടാരം തോട്, അമ്പലപ്പുഴ കനാൽ (പള്ളാത്തുരുത്തി വരെ), ആലപ്പുഴ-ചേർത്തല കനാൽ, ഈസ്റ്റ്ജംഗ്ഷൻ കനാൽ എന്നിവയിൽ അടിഞ്ഞുകൂടിക്കിടക്കുന്ന മാലിന്യങ്ങളും പോളയും നീക്കം ചെയ്ത് പൊളിഞ്ഞുകിടക്കുന്ന പാർശ്വഭിത്തികളുടെ സംരക്ഷണവും ജലയാനങ്ങളുടെ സുഗമമായ സഞ്ചാരത്തിനുതകുംവിധം ആഴം വർദ്ധിപ്പിക്കുകയും ആലപ്പുഴ ചേർത്തല കനാലിലെ 9 പ്രദേശങ്ങളിലെ മണൽ ബണ്ടുമാറ്റി കോൺക്രീറ്റ് കലുങ്കുകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതി പ്രവൃത്തികൾ. ഇതിൽ 92 ശതമാനത്തോളം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചുകഴിഞ്ഞു. ആകെ 23.86 കി.മീറ്റർ നീളമുള്ള കനാലിലെ 20.38 കി.മീറ്റർ നീളത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. ഇവ കൂടാതെ പ്രധാനപ്പെട്ട 2 ചെറുകനാലുകളായ കാവിൽത്തോട്, ഷഡാമണിത്തോട് എന്നിവയും ഈ പദ്ധതിയിൽപ്പെടുത്തി നവീകരിച്ചുവരുന്നു. കൂടാതെ രണ്ടാംഘട്ടത്തിലെ പ്രവൃത്തികളിൽപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും ആലപ്പുഴ-ചേർത്തല കനാലിലെ 3 കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം ഉൾപ്പടെ 42 കോടി രൂപയുടെള്ള ദർഘാസ് ക്ഷണിക്കുകയും കരാർ നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആലപ്പുഴ ജില്ലയിലെ തോടുകളുടെ നവീകരണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മീനച്ചിലാറിന്റെ കൈവഴികൾ സംരക്ഷിക്കുന്നതിന് നടപടി

160(5607) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികൾ രേഖകളിലെ അളവുകൾ പ്രകാരം വീതിയും ആഴവും കൂട്ടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാലാ നിയോജകമണ്ഡലത്തിലെ മീനച്ചിലാറ്റിലേയ്ക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളായ മീനച്ചിൽ വലിയതോട്, കൊല്ലപ്പള്ളിത്തോട്, പൊന്നൊഴുകും തോട്, ളാലം തോട്, പുലിയന്നൂർ തോട് തുടങ്ങിയവയിൽ ആഴം കൂട്ടുന്നതിനുള്ള പ്രവൃത്തികൾ എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നടന്നുവരുന്നു. ഇവയിൽ കൊല്ലപ്പള്ളിത്തോട്, പൊന്നൊഴുകും തോട്, പുലിയന്നൂർ തോടിന്റെ ഒരു റീച്ച് എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പുലിയന്നൂർ തോടിന്റെ മറ്റൊരു റീച്ചിന്റെയും മീനച്ചിൽ വലിയ തോടിന്റെ ഒരു റീച്ചിന്റെയും പ്രവൃത്തിയുടെ കരാറിലേർപ്പെട്ടിട്ടുണ്ട്. മീനച്ചിൽ വലിയ തോടിന്റെ മറ്റൊരു റീച്ചിന്റെയും ളാലം തോടിന്റെയും പ്രവൃത്തിയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

## കുട്ടനാട്ടിലെ മടവീഴ്ച

161(5608) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മംഗലം മാണിക്കമംഗലം കായൽ പാടശേഖരത്തിൽ രണ്ടാമതും മട വീണതുമൂലം കൃഷിയിറക്കാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മടകുത്തുവാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 13-5-2021-ലാണ് കുട്ടനാട്ടിലെ മംഗലം മാണിക്കമംഗലം കായൽ പാടശേഖരത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അവസാനമായി മടവീഴ്ച ഉണ്ടായത്. മടവീഴ്ച ഉണ്ടായ ഭാഗത്ത് 50 മീറ്റർ നീളത്തിൽ താല്ക്കാലികമായി ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആലപ്പുഴ ജില്ലാ കളക്ടറിൽനിന്നും തുക അനുവദിച്ചുകിട്ടുന്നതിനായി 24-06-2021-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡി.ഡിവിഷൻ, മങ്കൊമ്പ് സമർപ്പിച്ചെങ്കിലും എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ സാധിക്കില്ലെന്നും,

താല്ക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള തുക അതത് വകുപ്പിൽനിന്നും തന്നെ കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് 23-07-2021-ൽ ജില്ലാ കളക്ടർ എസ്റ്റിമേറ്റ് തിരികെ നൽകുകയുണ്ടായി. അടിയന്തരമായി മടവീഴ്ച ഉണ്ടായ സ്ഥലത്ത് മടകുത്തി താല്ക്കാലിക ബണ്ട് നിർമ്മിക്കണമെന്നും അല്ലെങ്കിൽ കൃഷി ആരംഭിക്കാൻ സാധിക്കുകയില്ലെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ കുട്ടനാട് പാക്കേജിനെ അറിയിക്കുകയുണ്ടായി. അതിനെ തുടർന്ന് 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പാടശേഖരങ്ങളിൽ മടവീഴ്ച തടയുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

കുട്ടനാട്ടിലെ മടവീഴ്ച സാദ്ധ്യത കൂടുതലുള്ള പാടശേഖരങ്ങൾ കണ്ടെത്തി ആയവയുടെ പുറം ബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പ്ലാൻ പദ്ധതി, എസ്.ഡി.ആർ.എഫ്, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ പുറം ബണ്ടുകളുടെ സംരക്ഷണത്തിനായി പദ്ധതി നടപ്പിലാക്കിവരുന്നു.

**കുട്ടനാട്ടിലെ മടവീഴ്ച**

162(5609) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ മടവീഴ്ചമൂലം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ അടിയന്തരമായി മടകുത്തി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ മടവീഴ്ചമൂലം കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തരനടപടി എന്ന പദ്ധതിപ്രകാരം മടവീഴ്ചമൂലം നശിച്ച ബണ്ടുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും നിലവിലുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ഇതിനായി ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അതത് പ്രിൻസിപ്പൽ കൃഷി ഓഫീസർ നൽകുന്ന

ശിപാർശയിന്മേൽ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കൃഷി ഡയറക്ടർ ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്.

(ബി) മടകുത്തുന്നതിന്റെ പണം യഥാസമയം ലഭിക്കാതെ വരുന്നതുമൂലം പാടശേഖരസമിതികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 2020 ആഗസ്റ്റ് മാസത്തിനുശേഷമുണ്ടായ മടവീഴ്ചകളുമായി ബന്ധപ്പെട്ട് 57 പാടശേഖരങ്ങൾക്ക് മട പുനർനിർമ്മാണത്തിനും ബണ്ട് ഉയർത്തുന്നതിനും വേണ്ടി 120 ലക്ഷം രൂപ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം ബ്രാഞ്ച് ചാനലിന്റെ കട്ട്&കവറിന്റെ ഇൻലെറ്റ്&ഔട്ട് ലെറ്റ് നീളം കൂട്ടൽ**

163(5610) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവളം നിയോജകമണ്ഡലത്തിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ വിഴിഞ്ഞം ബ്രാഞ്ച് ചാനലിന്റെ 7100 ചെയ്നേജിലുള്ള കട്ട് & കവറിൽ ഇരുവശത്തേയും മണ്ണിടിഞ്ഞുവീണ് കനാൽ ബണ്ട് റോഡ് അപകടാവസ്ഥയിലായതിനാലും ചാനലിൽനിന്നും വളരെ ഉയരത്തിലാണ് കനാൽ ബണ്ട് റോഡ് സ്ഥിതി ചെയ്യുന്നത് എന്നതിനാലും വാഹനങ്ങൾ കനാലിലേയ്ക്ക് വീഴുന്നതിനും യാത്രക്കാർക്കും പ്രദേശവാസികൾക്കും അപകടം ഉണ്ടാകുന്നതിനുമുള്ള സാധ്യത പരിഗണിച്ച് ഈ കട്ട് & കവറിന്റെ ഇൻലെറ്റ് & ഔട്ട്ലെറ്റ് നീളം കൂട്ടി കനാലും റോഡും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിലുള്ള കട്ട് & കവർ രണ്ടുവശത്തേയ്ക്കും നീട്ടുന്നതിന് ഏകദേശം 1 കോടി രൂപ ചെലവുവരും. കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്ക് നൽകുന്ന ഫണ്ടിൽനിന്നും ഇതിലേയ്ക്കായി തുക മാറ്റിവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. ആയതിനാൽ ഇതിനായി പ്രത്യേക ഫണ്ട് കണ്ടെത്തിയാൽ മാത്രമേ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂവെന്നതിനാൽ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി സബ്കനാൽ പൂർത്തീകരിക്കാൻ നടപടി

164(5611) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ മുടങ്ങിക്കിടക്കുന്ന കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സബ്കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ മുടങ്ങിക്കിടക്കുന്ന നാല് റീച്ചുകളുടെ പണികൾ പൂർത്തീകരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സാങ്കേതിക തടസ്സങ്ങൾ നീക്കിക്കൊണ്ടിരിക്കുന്നു. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ടാമത്തെയും അഞ്ചാമത്തെയും റീച്ചുകളുടെ നിലവിലെ കരാറുകാരന്റെ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനായിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. മൂന്നാമത്തെ റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും നിലവിലുള്ള കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആറാമത്തെ റീച്ചിന്റെ കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പൂർത്തീകരിക്കാനുള്ള നാല് റീച്ചുകൾ ഒറ്റപ്രവൃത്തിയായി പൂർത്തീകരിക്കാനുള്ള സാധ്യതയും പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി മന്ത്രിതല യോഗത്തിന്റെ തീരുമാനപ്രകാരം ആവശ്യമായ ഡി.പി.ആർ., എം.വി.ഐ.പി. സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

&

(സി) 2011-12 കാലഘട്ടത്തിൽ എഗ്രിമെന്റ് വച്ച ആറ് റീച്ചുകളുടെയും നിർമ്മാണ പുരോഗതി വിവരിക്കാമോ; ഇപ്പോൾ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി&സി) ഫയൽ പരിശോധനയിൽ മന്ത്രിതലയോഗം കൂടിയിട്ടുള്ളതായി കാണുന്നില്ല. ആറ് റീച്ചുകളിൽ ഒന്നാമത്തെയും നാലാമത്തെയും റീച്ചുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 2, 5 എന്നീ റീച്ചുകളുടെ കരാറുകാർ ചെയ്ത പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. മൂന്നാമത്തെ

റീച്ചിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും നിലവിലുള്ള കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ അല്ലാതെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആറാമത്തെ റീച്ചിന്റെ കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇനിയും പൂർത്തീകരിക്കാത്ത 4 റീച്ചുകളിലെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചതിനുശേഷം ഓരോ റീച്ചിലേയും അത്യാവശ്യമായി ചെയ്യേണ്ടതായ പണികളെല്ലാം ഉൾപ്പെടുത്തി, നിലവിലെ നിരക്ക് (ഡി.എസ്.ആർ. -2016) പ്രകാരം സിംഗിൾ വർക്കായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ 29-04-2020-ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ തീരുമാനിച്ചു.

(ഡി) മുളക്കുളം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതി പണികൾ കാരണം ജനങ്ങൾ ദുരിതത്തിലായിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ; കനാൽ മുറിച്ചിട്ടിരിക്കുന്നതുമൂലം വിവിധ സ്ഥലങ്ങളിൽ അപകടാവസ്ഥ നിലനിൽക്കുന്ന സാഹചര്യം പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുളക്കുളം പഞ്ചായത്തിൽ മുടങ്ങിക്കിടക്കുന്ന കനാലിന്റെ അപകടാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) നവീന സാങ്കേതിക രീതി ഉപയോഗിച്ച് കാരിക്കോട് ഉപകനാൽ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകുമോ?

മുൻഗണന നൽകുന്നതാണ്.

(എഫ്) കനാൽ ബണ്ട് റോഡുകൾ പലഭാഗത്തും തകർന്ന് കിടക്കുന്നത് നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ; വിവിധ സ്ഥലങ്ങളിൽ പരിഗണിക്കാനുള്ള മിസ്സിംഗ് ലിങ്കിന്റെ ഭാഗങ്ങളിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മിസ്സിംഗ് ലിങ്ക് ഉൾപ്പെടെ തകർന്നുകിടക്കുന്ന കനാൽ ബണ്ട് റോഡുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ സംരക്ഷണം

165(5612) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൃഷിക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ സംരക്ഷണത്തിനായി പ്ലാൻ/നോൺ പ്ലാൻ ഫണ്ട്, എസ്.ഡി.ആർ.എഫ്. ആർ.കെ.ഐ. എന്നീ

പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോവർഷവും എത്ര രൂപ വീതം അനുവദിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*

(ബി) 603 കി.മീ. ദൈർഘ്യം വരുന്ന കനാൽ ശൃംഖലകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് ഈ തുക മതിയാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല. കാലപ്പഴക്കവും ക്ഷുദ്രജീവികളുടെ ആക്രമണവുംമൂലം നിലവിലുള്ള മൺകനാലുകൾക്കും കനാൽ സ്ട്രക്ചറുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിലവിൽ അനുവദിക്കുന്ന തുക ഉപയോഗപ്പെടുത്തി അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ മുൻഗണനാക്രമത്തിൽ നടത്തിവരുന്നുണ്ട്.

(സി) നിലവിൽ വകയിരുത്തുന്ന തുക മതിയാവുന്നില്ലെങ്കിൽ ആവശ്യമായ തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**വടകര-മാഹി കനാൽ അപ്രോച്ച് റോഡ് നിർമ്മാണം**

166(5613) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ ആദ്യ റീച്ചിലെ മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പ്രവൃത്തിയുടെ ടെണ്ടറിന് അംഗീകാരം നൽകിയിട്ടുണ്ടോ; ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ നൽകാമോ?

ഇല്ല. ഈ പ്രവൃത്തിക്കായി 2 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിനേക്കാൾ 13.50 ശതമാനം അധികരിച്ച തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ കാലയളവ് എത്രയാണെന്നും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി എന്നാണെന്നും അറിയിക്കുമോ?

പ്രവൃത്തിക്കായുള്ള കരാർ ഒപ്പുവച്ചുകഴിഞ്ഞാൽ 18 മാസത്തെ സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നീളവും വീതിയും എത്രയെന്ന് അറിയിക്കാമോ?

ഇടതുകരയിൽ മണിയൂർ ഭാഗത്ത് റോഡിന് 90 മീറ്ററും വലതുകരയിൽ തിരുവള്ളൂർ ഭാഗത്ത് 120 മീറ്ററുമാണ് അപ്രോച്ച് റോഡിന്റെ നീളം. റോഡിന്റെ വീതി 11.5 മീറ്റർ.

## പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം

167(5614) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനം പ്രയോജനപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

&

(ബി) കേന്ദ്രം ഇതിനായി അനുവദിച്ച ഫണ്ടുപയോഗിച്ച് <u>കൂത്തു</u>പറമ്പ് നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളിൽ പൂർത്തിയാകാത്തവയുണ്ടോ; ഉണ്ടെങ്കിൽ അവ ഏതാണെന്നും എന്താണ് കാരണമെന്നും വ്യക്തമാക്കാമോ?

(എ&ബി) ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള ജൽജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ സ്രോതസ്സുകളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കിയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. എന്നാൽ ജൽജീവൻ പദ്ധതിയിലും ജലസേചന വകുപ്പ് മുഖേനയുള്ള മറ്റുപദ്ധതികളിലും പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി പ്രത്യേക കേന്ദ്ര വിഹിതം ലഭ്യമല്ല.

(സി) തോടുകളുടെയും കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണം ഉറപ്പാക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

തോടുകൾ, കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണവും പുനരുദ്ധാരണവും വിവിധ പ്ലാൻ, നോൺപ്ലാൻ ഹെഡ് ഓഫ് അക്കൗണ്ടിൽ

അനുവദിച്ചു കിട്ടുന്ന സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. മൈനർ ഇറിഗേഷൻ ക്ലാസ് I, മൈനർ ഇറിഗേഷൻ ക്ലാസ് II, മൈനർ ഇറിഗേഷൻ പ്രോജക്ട്സ് ഇൻ കാവേരി ബേസിൻ, ഭവാനി ബേസിൻ എന്നീ പ്ലാൻ ഫണ്ടുകളും പ്രോജക്ട് മെയിന്റനൻസ്, ഫ്ലഡ് ഡാമേജ് എന്നീ നോൺ പ്ലാൻ ഫണ്ടുകളും ഉപയോഗിച്ചാണ് നിലവിൽ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. കൂടാതെ ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി" -യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച ഹരിതകേരളം മിഷൻ Class I, Class II, കുളങ്ങളുടെയും ടാങ്കുകളുടെയും പുനരുദ്ധാരണം എന്നീ ഫണ്ടുകൾ ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ജലത്തിന്റെ കൃത്യവും കാര്യക്ഷമവുമായ ഉപയോഗത്തിലൂടെ സൂക്ഷ്മ ജലസേചനം (മൈക്രോ ഇറിഗേഷൻ) നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ജലസ്രോതസ്സുകളുടെ സംരക്ഷണവും ഉറപ്പാക്കാൻ കഴിയും.

(ഡി) നീർത്തടങ്ങൾ നിരവധിയുള്ളതും കാർഷിക മേഖലയുമായ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കാർഷിക മുന്നേറ്റങ്ങൾക്ക് സ്ഥായിയായ സഹായമായി പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുമോ; എങ്കിൽ വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

**ചിമ്മിനി ഡാമിലെ അറ്റകുറ്റപ്പണികൾ**

168(5615) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാമിൽ നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് നടക്കുന്നതെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

1) 2018-ലെ പ്രളയത്തിൽ തകർന്ന ചിമ്മിനി ഡാമിന്റെ downstream apron-ന്റെ പുനരുദ്ധാരണ പ്രവൃത്തികൾ റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവിൽ

(RKI) ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി 25-09-2021-നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2) ഡാമിന്റെ എമർജൻസി ഷട്ടറിന്റെ അടിയന്തര അറ്റകുറ്റപണികൾ, ഗ്രൂവിന്റെ അണ്ടർവാട്ടർ ഇൻസ്പെക്ഷൻ, ഡിസ്പെർസീവ് വാൽവിന്റെ അറ്റകുറ്റപണികൾ എന്നീ മെക്കാനിക്കൽ പ്രവൃത്തികളും നിലവിൽ നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തികൾ 03-09-2021-നുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

169(5616) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

&

(സി) പെരിയാർ കടുവ സങ്കേതത്തിന്റെ പരിധിയിലാണോ നിർദ്ദിഷ്ട പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്രാനുമതികൾ ലഭ്യമാകുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തെപ്പറ്റിയുള്ള ആശങ്കകൾ കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി പുതിയ അണക്കെട്ട് പണിയുന്നതിനുള്ള കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടുകൂടി പുതിയ ഡാം നിർമ്മിക്കാനുള്ള ഉത്തരവ് 07-05-2014 -ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒ.എസ്.നം.3/2006-ലെ വിധിന്യായ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിൽ ആയതിനാൽ ടി പദ്ധതിക്ക് പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിനായി (Environmental Impact Assessment (EIA) Study) കേന്ദ്ര

പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം 2018 സെപ്റ്റംബർ 14-ന് പരിസ്ഥിതി ആഘാത പഠന (EIA)-ത്തിനുള്ള Terms of Reference (ToR)-ന് നിബന്ധനകളോടെ അംഗീകാരം നൽകുകയും EIA പഠനം പുരോഗമിച്ച് വരികയും ചെയ്യുന്നു. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്രജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ DPR പുതുക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ഐ.എസ്.ഡബ്ല്യു.-ന്റെ അദ്ധ്യക്ഷതയിൽ 12-2-2021-ലെ സ.ഉ(സാധാ) നമ്പർ 102/2021/ജ.വി.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള DPR തയ്യാറാക്കിവരുന്നത്. പ്രസ്തുത കമ്മിറ്റി, യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കാനുള്ള നടപടി സ്വീകരിക്കുകയും DPR പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) പുതിയ ഡാം നിലവിൽ വരുമ്പോൾ അയൽ സംസ്ഥാനങ്ങളുമായി ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് നിലവിലുള്ള കരാറുകളിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടാവുകയെന്നും ഇതിൽ സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്നും വ്യക്തമാക്കുമോ?

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തെപ്പറ്റിയുള്ള ആശങ്കകൾ കണക്കിലെടുത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി പുതിയ അണക്കെട്ട് പണിയുന്നതിനുള്ള കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടുകൂടി പുതിയ ഡാം നിർമ്മിക്കാനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച 7-5-2014-ലെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പുതിയ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാടിന്റെ അനുമതി ലഭ്യമാക്കുന്നതിനായി വരുന്ന സെക്രട്ടറിതല ചർച്ചകളിലും മുഖ്യമന്ത്രിതല ചർച്ചകളിലും ടി വിഷയം ഉൾപ്പെടുത്തുന്നതിനും തുടർന്ന് കരാറുകൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**കടൽഭിത്തി നിർമ്മാണംമൂലമുണ്ടായ തീരശോഷണം**

170(5617) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തി നിർമ്മിച്ചിടത്തെല്ലാം തീരശോഷണം സംഭവിച്ചുവെന്ന വിദഗ്ദ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) തീരശോഷണം തടയാൻ ഒരേ രീതിയിലുള്ള പരിഹാരങ്ങൾക്ക് പകരം ശോഷണത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത മേഖലകളായി തിരിച്ച് അനുയോജ്യമായ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കടലാക്രമണം ചെറുക്കുന്നതിന് കരിങ്കൽ ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തികളാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോ ബാഗിൽ മണൽ നിറച്ച് തീരത്തെ അടിയന്തരമായി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട്. കരിങ്കല്ലും ജിയോബാഗും ഉപയോഗിച്ചുള്ള സംരക്ഷണഭിത്തികൾ ഒരുപരിധിവരെ പ്രയോജനകരമായിട്ടുണ്ട്. എന്നാൽ കാലാവസ്ഥാവ്യതിയാനവും മറ്റുംമൂലം തീരത്തിന്റെ ഘടനയ്ക്ക് മാറ്റം സംഭവിക്കുകയും ചില പ്രദേശങ്ങളിൽ കടൽ ഭിത്തിയുണ്ടെങ്കിലും തീരശോഷണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലം ഉണ്ടാകുന്ന കടലാക്രമണവും കടൽകയറ്റവും തീരത്ത് വൻനാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. കാലാവസ്ഥാവ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ മറ്റ് സുസ്ഥിരമായ നൂതന പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. 2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് 29-7-2021-ലെ G.O.(Rt)No.395/2021/WRD നമ്പർ പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. രൂക്ഷമായ കടലാക്രമണം നേരിടുന്ന മറ്റുപ്രദേശങ്ങളായ കൊല്ലംകോട്, ശംഖുംമുഖം, ആലപ്പാട്, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നിവിടങ്ങളിൽ NCCR എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ തീരത്തിന്റെ ഘടനയ്ക്ക് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കയ്പമംഗലം നിയോജകമണ്ഡലത്തിലെ പുലിമുട്ട് നിർമ്മാണം

171(5618) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കടലാക്രമണത്തിന് വിധേയമാകുന്ന ഏതെല്ലാം ഭാഗത്താണ് പുതുതായി പുലിമുട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇതിന്റെ തുടർനടപടികൾ ഏതുഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ്, എസ്.എൻ.പുരം മതിലകം, പെരിഞ്ഞനം, കയ്പമംഗലം എന്നീ പഞ്ചായത്തുകൾ അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നവയാണ്. കടൽത്തീരത്തിന്റെ പ്രത്യേകതയനുസരിച്ച്, ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, ഇടവിലങ്ങ് പഞ്ചായത്തുകൾ ഉൾപ്പെട്ടുവരുന്ന കൊടുങ്ങല്ലൂർ പ്രദേശവും ഉൾപ്പെടുന്നു. ആയത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള തുടർനടപടികൾ പുരോഗമിക്കുന്നു.

## ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ

172(5619) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ളപ്രതിരോധ റെഗുലേറ്റർ നിർമ്മാണം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്ററിന്റെ മുകൾ ഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്ററിന്റെ നിർമ്മാണം നടപ്പിലാക്കുമെന്ന് 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടില്ല. എന്നാൽ ഈ പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

(ബി&സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിയുടെ അംഗീകരിച്ച ഡിസൈൻ പ്രകാരമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉത്തരമേഖല (കോഴിക്കോട്) ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

(ഡി) പ്രസ്തുത ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ കിഫ്ബിക്ക് സമർപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(ഇ) വർഷങ്ങളായി ആവശ്യപ്പെടുന്ന പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ഡി&ഇ) ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ആയകെട്ടും കാർഷികവിളകളുടെ വിശദാംശങ്ങളും മറ്റുവകുപ്പുകളിൽ (കൃഷി ഓഫീസർ, വില്ലേജ് അധികാരികൾ) നിന്നും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈൻ പ്രകാരമുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

### ചാലക്കുടി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ്

173(5620) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അന്നമനട ഗ്രാമ പഞ്ചായത്തിൽ ചാലക്കുടിപ്പുഴയ്ക്ക് കുറുകെ പാലുപുഴക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

(എ&ബി) തൃശ്ശൂർ ജില്ലയിലെ അന്നമനട പഞ്ചായത്തിൽ ചാലക്കുടിപ്പുഴയ്ക്ക് കുറുകെ പാലപുഴക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും പര്യവേക്ഷണവും രൂപകല്പനയും വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും രൂപകല്പന ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 4000 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നുവെങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ അനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികളുടെ പട്ടികയിൽ ഈ പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഭരണാനുമതിക്കായി ഡി.പി.ആർ. പുനഃസമർപ്പിക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തികൾ

174(5621) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുമ്പള കഞ്ചിക്കട്ട റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ്, കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്നീ പദ്ധതികളുടെ ഡി.പി.ആർ. നബാർഡ് ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണെന്നും പദ്ധതിയുടെ വിശദാംശങ്ങളും അറിയിക്കുമോ; പദ്ധതി യാഥാർത്ഥ്യമായാൽ ലഭിക്കുന്ന ഗുണഫലങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കുമ്പള പഞ്ചായത്തിൽ ഷിറിയ പുഴയ്ക്ക് കുറുകെയുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് ബൊാംബ്രാണയിൽ ഷിറിയ പുഴയ്ക്ക് കുറുകെ നിലവിലുള്ള കാലഹരണപ്പെട്ട ബൊാംബ്രാണ അണക്കെട്ടിന് മുകൾവശത്തായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 118 മീറ്റർ നീളമുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ മംഗൽപാടി, കുമ്പള എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു. അറബിക്കടലിൽ നിന്നുള്ള ഉപ്പുവെള്ളം പ്രതിരോധിക്കാനും അപ്രകാരം കുമ്പള, മംഗൽപാടി പഞ്ചായത്തുകളിലെ 999 ഹെക്ടർ കൃഷി ഭൂമി പരിപാലിക്കാനും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുവഴി പരിസര പ്രദേശങ്ങളുടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും സഹായകരമാകുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 30.60 കോടി രൂപയാണ്. കഞ്ചിക്കട്ട ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ-കം-ബ്രിഡ്ജ് കഞ്ചിക്കട്ടയിൽ കുമ്പള പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 72 മീറ്റർ നീളമുള്ള ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ കൊടിയമ്മ, കുമ്പള എന്നീ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു. അറബിക്കടലിൽനിന്നുള്ള ഉപ്പുവെള്ളം പ്രതിരോധിക്കാനും അപ്രകാരം കുമ്പള പുഴയുടെ പരിസരത്തുള്ള 320 ഹെക്ടർ കൃഷി ഭൂമി പരിപാലിക്കാനും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. ഇതുവഴി പരിസര പ്രദേശങ്ങളുടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും സഹായകരമാകുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 18.00 കോടി രൂപയാണ്.

(സി) പ്രസ്തുത പ്രവൃത്തികൾക്ക് നടപ്പുവർഷം ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തി നടപ്പുസാമ്പത്തികവർഷം നബാർഡ് ആർ.ഐ.ഡി.എഫ്. XXVII-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി നബാർഡിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നബാർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

### ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ്

175(5622) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പാർശ്വഭിത്തി സംരക്ഷണത്തിന് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര കോടിയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

(എ-സി) 20-3-2020-ലെ സ.ഉ.(സാധാ)നമ്പർ 252/2020/ജ.വി.വ. പ്രകാരം ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പാർശ്വസംരക്ഷണഭിത്തിയുടെ അറ്റകുറ്റപ്പണി കൾക്കായി 1.5 കോടി രൂപയ്ക്ക് 5475-00-115-94-Flood Projects Under RKI (P) എന്ന ശീർഷകത്തിൽ ഭരണാനുമതി നല്കി ഉത്തരവായിരുന്നു. അപ്രകാരം പ്രസ്തുത റെഗുലേറ്ററിന്റെ പാർശ്വഭിത്തിയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനായുള്ള ഡിസൈൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. ഡിസൈൻ തയ്യാറാക്കി അംഗീകരിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതിയോടുകൂടി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## തോട്ടക്കടവ് ആർ.സി.ബി. നവീകരണം

176(5623) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ നിർമ്മിച്ച തോട്ടക്കടവ് ആർ.സി.ബി. പ്രവർത്തനക്ഷമമല്ലാത്തതിന്റെ കാരണം വിശദമാക്കുമോ;

&

(ബി) പ്രദേശത്ത് ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത ആർ.സി.ബി. നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ കാരശ്ശേരി പഞ്ചായത്തിൽ മുക്കം ചെറുപുഴയ്ക്ക് കുറുകെ നിർമ്മിച്ച തോട്ടക്കടവ് ആർ.സി.ബി.-യുടെ മരപ്പലക ഉപയോഗിച്ചുള്ള ഷട്ടറുകൾ നശിച്ചുപോയതാണ് ആർ.സി.ബി. പ്രവർത്തനക്ഷമമല്ലാത്തതിന് കാരണം. പ്രസ്തുത ആർ.സി.ബി.-യിൽ അറ്റകുറ്റപ്പണികൾ നടത്തി പുതിയ ഷട്ടറുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നത് പരിശോധിക്കുന്നതാണ്.

## സെക്കൻഡ് ഗ്രേഡ് ഓവർസിയർ തസ്തിക

177(5624) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സെക്കൻഡ് ഗ്രേഡ് ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിൽനിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക്

പ്രൊമോഷൻ ലഭിച്ച് വരുമ്പോൾത്തന്നെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ ഡിപ്ലോമ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് പരിഗണിക്കാറുണ്ടോ; ഏത് റൂൾ പ്രകാരമാണ് അവരെ പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. രണ്ടാം തരം ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിൽനിന്ന് ഒന്നാംതരം ഓവർസിയർ (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുമ്പോൾ ഡിപ്ലോമ/സർട്ടിഫിക്കറ്റ് യോഗ്യതയുള്ള രണ്ടാംതരം ഓവർസിയർമാരെയാണ് പരിഗണിക്കുന്നത്. രണ്ടാംതരം ഓവർസിയർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ക്വാട്ട തിരിച്ച് സർട്ടിഫിക്കറ്റ്/ഡിപ്ലോമ യോഗ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കുകയും അതനുസരിച്ച് ഉയർന്ന തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണിക്കുകയാണ് ചെയ്തുവരുന്നത്. 22-11-1978-ലെ സ.ഉ.(പി)149/78/PW&E നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് - മെക്കാനിക്കൽ ബ്രാഞ്ച് - സ്പെഷ്യൽ റൂൾസ് ആണ് ഇക്കാര്യത്തിൽ ബാധകമായിട്ടുള്ളത്.

(ബി) പ്രസ്തുത നിയമം സിവിൽ വിഭാഗത്തിനും ബാധകമാണോ; അല്ലെങ്കിൽ ബാധകമാകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

അല്ല. Kerala Irrigation Subordinate Service Rules G.O.(Ms)1390 dated 20-11-1958 ആണ് സിവിൽ വിഭാഗത്തിന് ബാധകമായത്.

## ഡിപ്ലോമ ക്വാട്ടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ

178(5625) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ സെക്കൻഡ് ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽനിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾത്തന്നെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് പരിഗണിക്കാറുണ്ടോ; എങ്കിൽ ഏത് തീയതിവരെ ഇത്തരത്തിൽ പ്രൊമോഷൻ നല്കിയെന്നും ആയതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേനയും തസ്തികമാറ്റ നിയമനം മുഖേനയും 6:4 എന്ന അനുപാതത്തിൽ നികത്താനാണ് കേരള ഇറിഗേഷൻ എഞ്ചിനീയറിംഗ്

സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നേടിയ ഡിപ്ലോമാക്കാരെയും ഒന്നാംതരം ഓവർസിയർ തസ്തികയിൽ പ്രവേശിച്ച ശേഷം പിന്നീട് ഡിപ്ലോമ നേടിയവരെയും ഉൾപ്പെടുത്തി തയ്യാറാക്കിയ ഡിപ്ലോമ ക്വാട്ടയിലുള്ള ഒന്നാം ഗ്രേഡ് ഓവർസിയർമാരിൽനിന്നും സർട്ടിഫിക്കറ്റ് യോഗ്യതയുള്ള ഒന്നാംതരം ഓവർസിയർമാരിൽനിന്നും 3:1 എന്ന അനുപാതത്തിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുകൾ നികത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന സീനിയോറിറ്റി ലിസ്റ്റിൽനിന്നും 3:1 എന്ന അനുപാതത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് പ്രകാരം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി പ്രൊമോഷൻ നൽകിവരുന്നു. 29-05-2021-ലെ എ 3/5000/2020 നമ്പർ ഉത്തരവുപ്രകാരം ഡിപ്ലോമ കാറ്റഗറിയിൽനിന്നും 41 ഒന്നാംതരം ഓവർസിയർമാർക്കും സർട്ടിഫിക്കറ്റ് കാറ്റഗറിയിൽനിന്നും 28 ഓവർസിയർമാർക്കും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള പ്രസ്തുത ജീവനക്കാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ഇപ്രകാരം ഒഴിവാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് അധികാരം നൽകുന്ന സർക്കാർ ഉത്തരവോ കത്തോ കോടതി ഉത്തരവോ മറ്റേതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഡിപ്ലോമ യോഗ്യത നേടിയവരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനിൽനിന്നും ഒഴിവാക്കിയിട്ടില്ല. പി.എസ്.സി. മുഖാന്തരം നേരിട്ട് നിയമനം ലഭിച്ച ഒന്നാം ഗ്രേഡ് ഓവർസിയർമാർ, ഒന്നാംതരം ഓവർസിയർമാരായതിനുശേഷം ഡിപ്ലോമ യോഗ്യത നേടിയവർ എന്നിവരെ കേരള ഇറിഗേഷൻ എഞ്ചിനീയറിംഗ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2010-ലെ മാനദണ്ഡങ്ങൾ പ്രകാരം ഡിപ്ലോമ ക്വാട്ടയിൽ പരിഗണിച്ച് ഡി.പി.സി.-യുടെ തീരുമാനപ്രകാരമുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സർക്കാർ ഉത്തരവോ കത്തോ കോടതി ഉത്തരവോ മറ്റേതെങ്കിലും നിർദ്ദേശങ്ങളോ ഉത്തരവുകളോ ഇല്ലാതെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നൽകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ ഒഴിവാക്കിയെന്ന കണക്ക് നൽകാമോ?

പി.എസ്.സി. മുഖാന്തരം നേരിട്ട് നിയമനം ലഭിച്ച ഒന്നാം ഗ്രേഡ് ഓവർസിയർമാർ (directees) ഒന്നാംതരം ഓവർസിയർമാരായതിനുശേഷം ഡിപ്ലോമ യോഗ്യത നേടിയവർ എന്നിവരിൽനിന്നും ആരെയും ഒഴിവാക്കിയിട്ടില്ല. G.O(Ms)No.1390-ലെ മാനദണ്ഡങ്ങൾ പ്രകാരം ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II തസ്തികയിൽനിന്നും ഒന്നാം ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നു.

(ഡി) ഇപ്രകാരം ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരെ ഡിപ്ലോമ ക്വാട്ടയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനിൽനിന്നും ഒഴിവാക്കാമെന്നത് സംബന്ധിച്ച് ഇറിഗേഷൻ ലോ ഓഫീസറുടെയോ നിയമ വകുപ്പിന്റെയോ ഉപദേശം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ പ്രസ്തുത നിയമോപദേശത്തിന്റെ/ ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഡിപ്ലോമ ക്വാട്ട വഴി പ്രവേശിച്ച ഡിപ്ലോമ യോഗ്യത നേടിയ ഒന്നാംതരം ഓവർസിയർമാരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽനിന്നും ഒഴിവാക്കാമെന്നത് സംബന്ധിച്ച് ഇറിഗേഷൻ ലോ ഓഫീസറുടെയോ നിയമ വകുപ്പിന്റെയോ ഉപദേശം ലഭിച്ചിട്ടില്ല.

**വാട്ടർ അതോറിറ്റിയിൽ ജി-സ്പാർക്കിൽ ഉൾപ്പെടുത്തി സ്ഥലംമാറ്റം**

179(5626) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ ജി-സ്പാർക്കിൽ ഉൾപ്പെടുത്തി സ്ഥലംമാറ്റം നടപ്പിലാക്കുമ്പോൾ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കാൻ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ?

പൂർത്തിയാക്കിയിട്ടില്ല. എന്നാൽ കരട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരിൽ പരാതികൾ ഉള്ളവരിൽനിന്നുള്ള അപ്പീൽ അപേക്ഷകൾ കൂടി പരിഗണിച്ചശേഷമാണ് അന്തിമ പട്ടിക തയ്യാറാക്കുന്നത്. ഇത്തരത്തിലുള്ള അപ്പീൽ അപേക്ഷകളിലൂടെ ജീവനക്കാരുടെ ആശങ്കകൾ ഒരുപരിധിവരെ പരിഹരിച്ചുവരുന്നു.

## വയനാട് ജില്ലയിൽ പുതിയ ഇറിഗേഷൻ സബ്ഡിവിഷൻ

180(5627) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ജലസേചന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ സബ്ഡിവിഷനുകൾ ആരംഭിക്കണമെന്ന് ഏതെങ്കിലും സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ ജലസേചന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വർഷങ്ങളായി പൂർത്തീകരിക്കാതെ കിടക്കുന്ന വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി 2018 ആഗസ്റ്റിൽ സമർപ്പിച്ച റിപ്പോർട്ടിലെ അദ്ധ്യായം-6 പൊതുനിർദ്ദേശങ്ങളിൽ ഖണ്ഡിക-6-ൽ ഇടത്തരം ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സബ്ഡിവിഷൻ ഓഫീസുകളുടെ കുറവുമൂലം പദ്ധതി പൂർത്തീകരണത്തിൽ നേരിടുന്ന കാലതാമസം ചൂണ്ടിക്കാണിക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ സബ്ഡിവിഷനുകൾ ആരംഭിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതിയിൽനിന്നും ഇതുസംബന്ധിച്ച് ശിപാർശകൾ ഒന്നുംതന്നെയില്ല.

(ബി) കാരാപ്പുഴ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ടൂറിസം പദ്ധതിയുടെ ചുമതല നിർവ്വഹിക്കുന്നതിനായി ഒരു സബ്ഡിവിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാരാപ്പുഴ ഡാമിനോട് ചേർന്നുവരുന്ന പ്രദേശത്ത് "കാരാപ്പുഴ മെഗാടൂറിസം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി 2017 മേയ് മാസം മുതൽ സന്ദർശകരെ പ്രവേശിപ്പിച്ചുവരുന്നു. നാളിതുവരെ 8.77 ലക്ഷം പേർ ഇവിടെ സന്ദർശിച്ചിട്ടുണ്ട്. മൂന്നാംഘട്ട പ്രവൃത്തികൾ 2021 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തിരുന്നുവെങ്കിലും Kerala Irrigation Infrastructure Development Corporation (KIIDC) മുഖേന നടപ്പിലാക്കിയ പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന് കൈമാറുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നതേയുള്ളൂ. ടൂറിസം ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ചുമതല നിർവ്വഹിക്കുന്നതിനായി പുതിയൊരു സബ്ഡിവിഷൻ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## കാലഹരണപ്പെട്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

181(5628) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്കവും കാലപ്പഴക്കവുംമൂലം കേടുപാടുകൾ വന്ന വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം നൽകുമോ;

&

(ബി) അവ പുന:സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) മലപ്പുറം നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്കവും കാലപ്പഴക്കവുംമൂലം കേടുപാടുകൾ വന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലില്ല.

## കെ.എസ്.ഇ.ബി.-ക്ക് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എൻ.ഒ.സി.

182(5629) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 77-ൽ ഐ.പി.229 സർവ്വേ നമ്പറിലെ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള ഏകദേശം 18 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ നടപടികൾ ഏത് ഘട്ടത്തിലാണ്;

&

(ബി) ഇതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കടമ്പഴിപ്പുറം വില്ലേജിൽ ബ്ലോക്ക് നമ്പർ 77-ൽ ഐ.പി.229 സർവ്വേ നമ്പറിലെ കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കൈവശമുള്ള ഏകദേശം 18 സെന്റ് സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്തിന്റെ കമ്പോളവില എത്രയെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. അതിനുശേഷം മാത്രമേ പ്രസ്തുത പ്രോജക്ടിന് N.O.C. നൽകുന്നതുമായി ബന്ധപ്പെട്ടുള്ള തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കുട്ടനാട് പാക്കേജ് പ്രകാരമുള്ള പദ്ധതികൾ**

183(5630) ശ്രീ. പി. ടി. തോമസ്:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പ്രകാരം ജലവിഭവ വകുപ്പുവഴി എന്തൊക്കെ പദ്ധതികളാണ് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

ജലസേചന വകുപ്പിനുകീഴിൽ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷന്റെ നിർദ്ദേശമനുസരിച്ച് കുട്ടനാട് മേഖലയിലെ വെള്ളപ്പൊക്കനിയന്ത്രണ പദ്ധതികൾ 2010-2011 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവന്ന കെ.ഇ.എൽ.-2, കെ.ഇ.എൽ.-3, കെ.ഇ.എൽ.-4 എന്നീ പദ്ധതികളും കുട്ടനാട് താലൂക്കിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണവും അനുബന്ധ പ്രവൃത്തികളും, തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ നവീകരണ പ്രവൃത്തികളുമാണ് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കി പൂർത്തീകരിച്ചത്. കൂടാതെ 2018-19 കാലയളവിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് നാശോന്മുഖമായ ബണ്ടുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികളും തോടുകളിൽനിന്ന് എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികളും SDRF ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ 2019-2020 കാലയളവിൽ ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 32 കോടി രൂപയുടെയും 2020-2021 കാലയളവിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 17.40 കോടി രൂപയുടെയും NABARD സ്കീമിലുൾപ്പെടുത്തി 29.10 കോടി രൂപയുടെയും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച് നടപ്പിലാക്കിവരുന്നു. കുട്ടനാടിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി രണ്ട് പ്രധാന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

1) ഘട്ടം-1-13-ാം ധനകാര്യകമ്മീഷനിൽ 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയിൽ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ

രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പള്ളിക്കൂട്ടുമ്മ മുതൽ കാവാലം വരെ സ്ഥാപിച്ചിട്ടുള്ള 315 എം.എം., 225 എം.എം. പൈപ്പ് ലൈനുകൾ ട്രയൽ റൺ നടത്തിയിട്ടുണ്ട്. കിടങ്ങറയിൽനിന്നും നീലംപേരൂർ വരെ 500 എം.എം., 200 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ് ലൈനുകളും എടത്വായിൽനിന്ന് വീയപുരം വരെ 355 എം.എം, 200 എം.എം. എന്നീ പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുള്ളതാണ്. 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും തകഴി 62 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച്, പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തകഴി, നീലംപേരൂർ, എടത്വാ, വെളിയനാട്, മുട്ടാർ, തലവടി എന്നീ പഞ്ചായത്തുകൾക്കായി 46 കി.മീറ്റർ വിതരണശൃംഖല സ്ഥാപിക്കേണ്ടതിൽ 36 കി.മീറ്റർ സ്ഥാപിച്ച് ശേഷിക്കുന്നവ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയോടുകൂടി ആഗസ്റ്റ് 15-നുശേഷം ആരംഭിച്ച് നവംബറിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2) ഘട്ടം-2-കിഫ്ബി ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി. കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-6-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാനദി സ്രോതസ്സായുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. പ്രസ്തുത പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ആലപ്പുഴ, LAO ആയി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ തുടർനടപടികളായ സോഷ്യൽ ഇംപാക്റ്റ് അസസ്മെന്റ് പഠനം നടത്തുകയും എക്സ്പർട്ട് കമ്മിറ്റിയുടെ യോഗം 6-8-2021-ൽ ചേരുകയും ചെയ്തു. പദ്ധതിയുടെ എസ്റ്റിമേറ്റുകളെല്ലാം തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് പണികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കുട്ടനാട്ടിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പ്രസ്തുത പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

13-ാം ധനകാര്യകമ്മീഷനിൽ സ്ഥാപിച്ച നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം. എച്ച്.ഡി.പി.ഇ. (High-density polyethylene) പൈപ്പ് ലൈൻ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലായി ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. തകഴിയിൽ നിർമ്മിച്ചിരിക്കുന്ന 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജലലഭ്യത കുറവായതിനാലും വിതരണശൃംഖല ഇല്ലാത്തതിനാലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി പൂർത്തിയായാൽ മാത്രമേ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂ.

(സി) പാടശേഖരത്തിലെ പുറംബണ്ട് സംരക്ഷണം, ഓണാട്ടുകര നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണം, തണ്ണീർമുക്കം ബണ്ട് നവീകരണം, തോട്ടപ്പള്ളി സ്പിൽവേ നവീകരണം എന്നിവയ്ക്കായി കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2018-19 കാലയളവിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് നാശോന്മുഖമായ ബണ്ടുകളുടെയും അനുബന്ധ നിർമ്മിതികളുടെയും പുനരുദ്ധാരണ പ്രവൃത്തികളും തോടുകളിൽനിന്ന് എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികളും S.D.R.F. (The State Disaster Response Fund) ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ 2019-20 കാലയളവിൽ ബഡ്ജറ്റിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 32 കോടി രൂപയുടെയും 2020-21 കാലയളവിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 17.40 കോടി രൂപയുടെയും NABARD സ്കീമിലുൾപ്പെടുത്തി 29.10 കോടി രൂപയുടെയും വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച് നടപ്പിലാക്കിവരുന്നു. ഓണാട്ടുകര നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണം കുട്ടനാട് പാക്കേജ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി 2013-14-ൽ തുടങ്ങുകയും കേന്ദ്രാവിഷ്കൃത പദ്ധതിയായ കെ.ഇ.എൽ.4-ൽ നടപ്പിലാക്കി വരികയും പ്രസ്തുത പദ്ധതി 31-12-2019-ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 5 നീർത്തടങ്ങളിലായി 21 പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയത്. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണത്തിനായി കേന്ദ്രഗവൺമെന്റിൽനിന്നും തുക ലഭിച്ചിട്ടില്ലെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പ്രാധാന്യം ഉൾക്കൊണ്ട് സ്റ്റേറ്റ് ഫണ്ടുപയോഗിച്ച് തണ്ണീർമുക്കം ബാരേജ് മൂന്നാംഘട്ട നിർമ്മാണം നടപ്പിലാക്കി ഗതാഗതത്തിന് തുറന്ന്

കൊടുക്കുവാനും സാധിച്ചിട്ടുണ്ട്. 2018-ലെ പ്രളയാനന്തരം കേരള സർക്കാർ ആവിഷ്കരിച്ച റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി 'റൂം ഫോർ റിവർ ' പദ്ധതിയിൽ തോട്ടപ്പള്ളി സ്പിൽവേ ലീഡിംഗ് ചാനൽ നവീകരണം, എ.സി. കനാലിന്റെ 2-ഉം 3-ഉം റീച്ചുകളുടെ നവീകരണം എന്നിവയും കുട്ടനാട് പാക്കേജ് രണ്ടാംഘട്ടത്തിലുൾപ്പെടുത്തി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി വിശദമായ ഹൈഡ്രോ ഡൈനാമിക് പഠനം ആവശ്യമായിട്ടുണ്ട്. ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരിൽനിന്നും വിശദമായ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### മാനന്തവാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ നടത്തുന്ന പദ്ധതികൾ

184(5631) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം നടത്തുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

&

(ബി) ഏതെങ്കിലും പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നുണ്ടോ എന്നുമുണ്ടെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ?

(എ&ബി) സുൽത്താൻ ബത്തേരി ഡിവിഷനുകീഴിലെ മാനന്തവാടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗം നടത്തുന്ന വിവിധ പദ്ധതികളും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

### ജലസ്രോതസ്സുകൾ

185(5632) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ജലസംഭരണശേഷി നഷ്ടപ്പെട്ട കുളങ്ങളുടെയും ടാങ്കുകളുടെയും വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രത്യേക വിവരശേഖരണം നടത്തിയിട്ടില്ല. സംസ്ഥാനത്തെ ജലവിഭവ ആസൂത്രണം കൂടുതൽ കാര്യക്ഷമവും സംയോജിതവുമായി മാറ്റുന്നതിന്റെ ഭാഗമായി ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ രേഖയിൽ ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള കുളങ്ങൾ, തോടുകൾ എന്നിവയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആറാമത് മൈനർ ഇറിഗേഷൻ സെൻസസിന്റെ ഭാഗമായും ജലസ്രോതസ്സുകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്.

(ബി) കൊച്ചിൻ ഷിപ്പ്യാർഡിന്റെ സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ ഏതെല്ലാം ജലസ്രോതസ്സുകളാണ് നവീകരിച്ചതെന്ന് വിശദമാക്കുമോ?

എറണാകുളം ജില്ലയിൽ പിറവം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊച്ചിൻ ഷിപ്പ്യാർഡിന്റെ സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ നവീകരിച്ച ജലസ്രോതസ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഭൂജല വകുപ്പിന്റെ ഭൂജലസംപോഷണവും സംരക്ഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 0.1 ഹെക്ടറിന് താഴെ വിസ്തൃതിയുള്ള എത്ര കുളങ്ങൾ പ്രസ്തുത നിയോജകമണ്ഡലത്തിൽ നവീകരിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം നവീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

ഭൂജല വകുപ്പിന്റെ ഭൂജലസംപോഷണവും സംരക്ഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 0.1 ഹെക്ടറിന് താഴെ വിസ്തൃതിയുള്ള കുളങ്ങൾ ഒന്നുംതന്നെ പിറവം നിയോജകമണ്ഡലത്തിൽ നവീകരിച്ചിട്ടില്ല. പ്രസ്തുത നിയോജകമണ്ഡലത്തിൽ കുളങ്ങൾ നവീകരിക്കാനുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

**പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

186(5633) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2018 മുതൽ 2021 വരെ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അവയുടെ നിലവിലെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ്-II), ചീഫ് എഞ്ചിനീയർ (IDRB) എന്നീ കാര്യാലയങ്ങളുടെ കീഴിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ 2018 മുതൽ 2021 വരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മുഖാന്തരം സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മഴവെള്ള സംഭരണം - ഭൂജല പരിപോഷണം പദ്ധതിയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആര്യങ്കോട്, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളെ 2019-20, 2020-21 കാലയളവിൽ ഉൾപ്പെടുത്തിയിരുന്നു. ആര്യങ്കോട് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന 175 കുടുംബങ്ങൾക്കും കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ 150 കുടുംബങ്ങൾക്കും മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് സഹായകമായ മഴവെള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച് നൽകുന്നതാണ് പദ്ധതി. ടി പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചു. കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ 150 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചെങ്കിലും പഞ്ചായത്തിന് പിന്നീട് അനുവദിച്ച ജൽജീവൻ പദ്ധതിയുടെ പശ്ചാത്തലത്തിൽ മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിന് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ മൂവേരിക്കര തോടിന് സമീപത്തെ സംരക്ഷണഭിത്തി കാലഹരണപ്പെട്ട് സമീപത്തെ വീടുകളുടെ നിലനിൽപ്പ് അപകടാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര അറവിളാകം പാലത്തിന് സമീപം തോടിന്റെ ബണ്ട് ഇടിഞ്ഞ് അപകടാവസ്ഥയിൽ ആയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനായി മൈനർ ഇറിഗേഷൻ വിഭാഗം സമർപ്പിച്ച എസ്റ്റിമേറ്റിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; എസ്റ്റിമേറ്റിന്റെ വിശദാംശം അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ കാലങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിൽ തോടിന്റെ കൂടുതൽ ഭാഗങ്ങൾ ഇടിഞ്ഞുപോയിട്ടുള്ളതിനാൽ 2021-22 വർഷത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി " Urgent repairs to the damaged bund of Mooverikkara thodu in the downstream of Aravilakom bridge in Kunnathukal Panchayath" പ്രവൃത്തിക്ക് 11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്

(ഡി) സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്ന പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ നിർവഹിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും പ്രവൃത്തിയുടെ പ്രാധാന്യവും പരിഗണിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## ഭൂഗർഭജലനിരപ്പിലെ വ്യതിയാനം

187(5634) ശ്രീ എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. നന്ദകുമാർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പിലുണ്ടായിട്ടുള്ള വ്യതിയാനത്തെ സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ?

പ്രളയാനന്തരം ഭൂഗർഭജലത്തിന്റെ നിരപ്പിലുണ്ടായ വ്യതിയാനം സംബന്ധിച്ച് ഭൂജല വകുപ്പ് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം ശേഖരിച്ച് പഠനം നടത്തി, ഇടക്കാല റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) വൻകിട കുടിവെള്ള കമ്പനികൾ ഭൂഗർഭജലം അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭൂജലാധിഷ്ഠിത വ്യാവസായിക പദ്ധതികൾക്ക് NOC അനുവദിക്കുന്നതും പുതുക്കിനൽകുന്നതും സംസ്ഥാന ഭൂജല അതോറിറ്റി അംഗീകരിച്ച ഭൂജല ഉപഭോഗത്തിനുള്ള മാർഗ്ഗരേഖയ്ക്ക് അനുസൃതമായിട്ടാണ്. തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 12-3-2018-ലെ ആർ.സി. 4/244/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ പരിപത്രമനുസരിച്ച് ഭൂഗർഭജലം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കുപ്പിവെള്ള യൂണിറ്റുകൾക്ക് ലൈസൻസ്

അനുവദിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതികളാണ് ഇത്തരം സംരംഭങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുന്നത്. സംസ്ഥാന ഭൂജല അതോറിറ്റി അന്തിമമായി അനുമതി നൽകിവരുന്നു. ഇത്തരം നടപടിക്രമങ്ങളിലൂടെ വൻകിട കുടിവെള്ള കമ്പനികൾ ഭൂഗർഭജലം അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ഭൂഗർഭജലനിരപ്പ് താഴുന്നത് ജലസേചനത്തിനും കുടിവെള്ളത്തിനും ക്ഷാമവും മറ്റ് പരിസ്ഥിതികാഘാതങ്ങളും സൃഷ്ടിക്കുന്ന ഗൗരവതരമായ അവസ്ഥ മനസ്സിലാക്കി എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

ഭൂജല വകുപ്പ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും ഭൂഗർഭ ജലനിരപ്പിന്റെ സുസ്ഥിര പരിപാലനത്തിനായി ഭൂജല പരിപോഷണ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ ഭൂജലം ഉപയോഗിച്ചുള്ള ജലസേചനത്തിന് ചെറുകിട കർഷകർക്ക് കുഴൽക്കിണർ നിർമ്മാണത്തിന് ഡ്രില്ലിംഗ് ചാർജ്ജിന്റെ 50% സബ്സിഡി നൽകുന്നതിനോടൊപ്പം ആവശ്യാനുസരണം ജലക്ഷമതാ പരിശോധന നടത്തി സുരക്ഷിത ജലലഭ്യത ഉറപ്പുവരുത്തുന്നു. ഭൂഗർഭ ജലനിരപ്പ് താഴുന്നത് ജലസേചനത്തിനും കുടിവെള്ളത്തിനും ക്ഷാമവും മറ്റ് പരിസ്ഥിതി ആഘാതങ്ങളും സൃഷ്ടിക്കുന്ന ഗൗരവതരമായ അവസ്ഥ മനസ്സിലാക്കിയിട്ടുണ്ട്. ഈ അവസ്ഥ മറികടക്കുന്നതിനുവേണ്ടി K.R.W.S.A.(Kerala Rural Water Supply and Sanitation Agency)-യുടെ കീഴിൽ വിവിധ ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലനിധിയുടെ രണ്ടാം ഘട്ടപദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിൽ സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ഈ രൂപ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. ജലസംരക്ഷണത്തിനായി ജലനിധി സ്രോതസ്സുകളുടെ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), അടിയണകൾ, VCB (Vented Cross Bar), മൺഭിത്തി സംരക്ഷണം എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ KRWSA-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ, തുറന്ന കിണർ റീചാർജ്ജ് സംവിധാനങ്ങൾ എന്നിവ നിർമ്മിച്ച് നൽകിവരുന്നു. ജലസംഭരണത്തിനും സംരക്ഷണത്തിനുമായി ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്ന പ്രവർത്തനങ്ങളായ കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക നദികളിൽ തടയണ/റെഗുലേറ്ററുകൾ/വി.സി.ബി.-കൾ എന്നിവ നിർമ്മിക്കുക തുടങ്ങിയവ ഭൂജലവിതാനം ഉയർത്തുന്നതിന് സഹായകമാകുന്നു.

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് ഭൂഗർഭജലവിതാനത്തിൽ കുറവ് കണ്ടുവരുന്നതെന്നും ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും അറിയിക്കാമോ?

ഭൂഗർഭജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ കണ്ടെത്തുന്നതിന് വകുപ്പ് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ ജലവിതാനം സംബന്ധിക്കുന്ന ഡാറ്റാ അതത് മാസം ശേഖരിച്ച് വിശകലനം നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. സംസ്ഥാനത്തെ ജില്ലകളിൽ പൂർണ്ണമായും ഭൂജലവിതാനത്തിൽ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില പ്രദേശങ്ങളിൽ ഭൂഘടന, മഴയുടെ അളവ് എന്നിവയ്ക്കനുസൃതമായി നേരിയ തോതിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂഗർഭജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ കണ്ടെത്തുന്നതിന് വകുപ്പ് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിലെ (756 എണ്ണം) ജലവിതാനം സംബന്ധിക്കുന്ന ഡാറ്റാ അതത് മാസം ശേഖരിച്ച് വിശകലനം നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ 150 നിരീക്ഷണ കിണറുകളിൽ ആധുനിക ടെലിമെട്രി സംവിധാനം ബ്ലോക്ക് അടിസ്ഥാനത്തിൽ ഏർപ്പെടുത്തി വരികയാണ്. അതിനോടൊപ്പം കൂടുതൽ നിരീക്ഷണ ശൃംഖലകൾ (650 എണ്ണം) പുതുതായി നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തെ നിരീക്ഷണ കിണറുകളിലെ 2021 ഏപ്രിൽ മാസത്തെ ജലവിതാനം ദശാബ്ദ ശരാശരിയുമായി (2011-2021) താരതമ്യം ചെയ്തതിൽനിന്നും ജലവിതാനത്തിലുള്ള ഏറ്റക്കുറച്ചിലുകൾ അനുബന്ധമായി ചേർക്കുന്നു.*

## ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

188(5635) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ വിനിയോഗ നിയന്ത്രണത്തിനും പരിപോഷണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ജലവിഭവ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഭൂജലവകുപ്പ് ഭൂഗർഭജലത്തിന്റെ വിനിയോഗ നിയന്ത്രണത്തിനായി 'ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയും ഭൂജല പരിപോഷണത്തിനായി ' ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ഭൂജലവികസനം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പൊതുതാല്പര്യം മുൻനിർത്തി കേരള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്റ്റ് 2002, 16-12-2003 മുതൽ നിലവിലുണ്ട്. പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. " ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" പദ്ധതിയിൻ കീഴിൽ ബോധവത്കരണ സെമിനാറുകൾ, സംസ്ഥാന ഭൂജല അതോറിറ്റി യോഗങ്ങൾ എന്നിവ വകുപ്പ് പ്രധാനമായും സംഘടിപ്പിച്ചുവരുന്നു. ഭൂജല പരിപോഷണത്തിനായി തുറന്ന കിണർ, റീചാർജ്ജ് പിറ്റ്, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ, എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ ' ഭൂജല സംരക്ഷണവും സംപോഷണവും' പദ്ധതിയിൻ കീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. KRWSA, ജലനിധി പദ്ധതിയിൽ ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുമുഖേന ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാനും ജലനിധി സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്തുവാനും സാധിച്ചിട്ടുണ്ട്. ജലനിധി രണ്ടാംഘട്ട പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ജലലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിരുന്നു. ജല സംരക്ഷണത്തിനായി കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof Water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar) എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജലപരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗം, സംരക്ഷണം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും മറ്റ് വിഭാഗങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

ഭൂജലവകുപ്പ് ജില്ലാ ഓഫീസുകൾ മുഖേന ജനപ്രതിനിധികൾ, പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്കായി ഭൂജല വിനിയോഗം, സംരക്ഷണം എന്നീ വിഷയങ്ങളിൽ ബോധവൽകരണ സെമിനാറുകൾ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടും വിഷയ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയും പ്രധാനമായും നടപ്പിലാക്കിവരുന്നു. കൂടാതെ ബോധവൽകരണ സെമിനാറുകളുടെ ഭാഗമായി ഭൂജല സംരക്ഷണത്തെക്കുറിച്ചുള്ള ലഘുലേഖകളും ഡോക്യുമെന്ററികളും വകുപ്പ് തയ്യാറാക്കുന്നുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിൽ 163 എണ്ണം ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ അമിതചൂഷിത ബ്ലോക്കായ ചിറ്റൂർ, ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി, ഗുരുതര ബ്ലോക്കുകളായ മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകളിൽ പൊതുജനങ്ങൾക്ക് ഭൂജല സംരക്ഷണത്തെക്കുറിച്ച്

അവബോധസന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി 10,000 എണ്ണം പാസ് ബുക്കുകളിൽ സന്ദേശം അച്ചടിച്ച് നൽകുന്നതിന് പോസ്റ്റൽ വകുപ്പുമായി സഹകരിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം 70 എണ്ണം ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുള്ള സാങ്കേതികാനുമതി ജില്ലകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗം, സംരക്ഷണം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും മറ്റ് വിഭാഗങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിയി കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന അവബോധ പരിപാടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തുകളിൽ കുടിവെള്ള ഗുണഭോക്തൃ സമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവൽകരണ-പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു.

2. ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉണ്ടാക്കുന്നതിനായി പഞ്ചായത്തുകളിൽ വിദ്യാർത്ഥികളെയും കുടുംബശ്രീ അംഗങ്ങളെയും പങ്കെടുപ്പിച്ച് ജലസാക്ഷരതാ റാലികൾ, വിദ്യാർഥികൾക്കായി മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

3. സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ജലശ്രീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി മാർഗ്ഗരേഖ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

4. വിവിധ മാധ്യമങ്ങളിലൂടെ (റേഡിയോ, ടി.വി.) ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി സന്ദേശങ്ങൾ പ്രചരിപ്പിക്കാനുദ്ദേശിക്കുന്നു.

5. ലോകജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽകൊടുത്തുകൊണ്ട് സെമിനാറുകൾ, ജലനിധി പഞ്ചായത്തുതല പ്രവർത്തനങ്ങൾ എന്നിവ നടത്താനുദ്ദേശിക്കുന്നുണ്ട്.

6. സാമൂഹ്യ കുടിവെള്ള പദ്ധതികളിൽ പൈപ്പ് ലൈനുകളിൽ ലീക്കില്ലായെന്ന് ഉറപ്പുവരുത്താൻ ബോധവൽകരണ പരിപാടികൾ നടത്തുന്നു, വാട്ടർ മീറ്ററുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നു,

7. ജല ദുരുപയോഗത്തിന്റെ അനന്തര ഫലങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വാട്ടർ ഓഡിറ്റിംഗിന് ഗുണഭോക്ത സമിതികളെ സജ്ജരാക്കുന്നു.

(സി) സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയില്ലാത്ത സ്ഥലങ്ങളിൽ ' ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി' നടപ്പിലാക്കിവരുന്നുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, കൈപമ്പ് പദ്ധതികൾ, കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവയാണ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ. പ്രസ്തുത പദ്ധതിക്കായ് നടപ്പുസാമ്പത്തികവർഷം 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 266 പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 51 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധി പദ്ധതികൾ നടപ്പിലാക്കിയത് കൂടുതലും ഭൂഗർഭ ജലസ്രോതസ്സുകൾ ഉപയോഗിച്ചാണ്. ജലനിധി ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പാക്കിയ 5883 പദ്ധതികളിൽ 2912-ന്റെയും സ്രോതസ്സ് ഭൂഗർഭജലമാണ്.

(ഡി) ജല ഗുണനിലവാരം നിർണ്ണയിക്കുന്നതിനും സമൂഹത്തിൽ ഇത് സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ജല ഗുണനിലവാരം നിർണ്ണയിക്കുന്നതിനായി ഭൂജല വകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ജല ഗുണനിലവാര പരിശോധന ലാബുകൾ വീതമുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭ്യമാകുന്ന ജല സാമ്പിളുകളിൽ ജലഗുണനിലവാര പരിശോധന നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചുവരുന്നു. കൂടാതെ വകുപ്പ് സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള ജലത്തിന്റെ ഗുണനിലവാര പരിശോധന നിർദ്ദിഷ്ട കാലയളവുകളിൽ നടത്തി പഠനറിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. " ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാരത്തെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ജൽജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാ കുടിവെള്ള സ്രോതസ്സുകളിലെയും കുടിവെള്ള സാമ്പിളുകൾ ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് വർഷത്തിൽ രണ്ടുതവണ സൗജന്യമായി പരിശോധിച്ച് ടെസ്റ്റ് റിസൾട്ട് വിതരണം ചെയ്യുന്നതിന് റിസോഴ്സ് പേഴ്സണുകളെ പഞ്ചായത്തുകളുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ തെരഞ്ഞെടുത്ത് പരിശീലിപ്പിച്ചുവരുന്നു. കോവിഡ്-19 വ്യാപനം കുറവുള്ള പഞ്ചായത്തുകളിൽ വാട്ടർ ക്വാളിറ്റി ടെസ്റ്റ് ഉടൻ ആരംഭിക്കുന്നതാണ്.

**ജപ്പാൻ കുടിവെള്ള പദ്ധതി**

189(5636) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഏതെല്ലാം മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിയ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർത്തിയാക്കി ജലവിതരണം പൂർണ്ണതോതിൽ നടത്തിവരുന്നു. മീനാട്, കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെട്ട 386 കി.മീ. വിതരണ ശൃംഖല [മീനാട് - 34 കി.മീ., കോഴിക്കോട് (നഗരമേഖല) - 156 കി.മീ., കോഴിക്കോട് (ഗ്രാമീണ മേഖല)- 196 കി.മീ.] ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം, ചേർത്തല, മീനാട് പദ്ധതികളിൽ പദ്ധതി വിഭാവന ചെയ്തപ്പോൾ ഉൾപ്പെടുത്തിയിരുന്ന പ്രദേശത്താണ് നിലവിൽ ജലവിതരണം നടത്തിവരുന്നത്. കൂടുതൽ പഠനം നടത്തിയതിനുശേഷം മാത്രമേ ഇത് മറ്റ് മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. കോഴിക്കോട് പദ്ധതി വിഭാവന ചെയ്യുമ്പോൾ ഉൾപ്പെടാത്ത കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയിൽ പദ്ധതി വ്യാപിപ്പിച്ച് ജലവിതരണം നടത്തിവരുന്നുണ്ട്. കൂടാതെ, പദ്ധതിയിൽ ഉൾപ്പെടാത്ത കൊയിലാണ്ടി മുനിസിപ്പാലിറ്റി, കോട്ടൂർ, നടുവണ്ണൂർ, ഉറയൂർ എന്നീ പഞ്ചായത്തുകൾ, പയ്യോളി മുനിസിപ്പാലിറ്റിയിലെ തീരദേശ വാർഡുകൾ എന്നീ സ്ഥലങ്ങളിലേയ്ക്ക് താൽക്കാലികമായി ഈ പദ്ധതിയിൽനിന്നും ജലവിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. പനങ്ങാട് പഞ്ചായത്തിലെ 13 വാർഡുകളിലേക്കും നന്മണ്ട പഞ്ചായത്തിലേക്കും ജലവിതരണം നടത്തുവാൻ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രൊപ്പോസൽ മൂന്നാമത് S.L.S.S.C. മീറ്റിംഗിൽ സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ജല ലഭ്യതയ്ക്കനുസരിച്ച് മാത്രമേ മറ്റ് മേഖലകളിലേയ്ക്ക് ടി പദ്ധതി വ്യാപിപ്പിക്കുവാൻ നിർവ്വാഹമുള്ളൂ. പട്ടുവം പദ്ധതി വിഭാവന ചെയ്തതിനുപുറമേ 4 പഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും ജല വിതരണം നടത്തുന്നുണ്ട്. കൂടാതെ ജൽജീവൻ മിഷൻ 2020-21-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചെങ്ങളായി പഞ്ചായത്തിലേയ്ക്കും പട്ടുവം പദ്ധതിയിൽനിന്നാണ് ജലം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്. ചെങ്ങളായി പഞ്ചായത്തിൽ ജൽജീവൻ മിഷൻ മുഖേന 7805 F.H.T.C. (Functional Household Tap Connection) നൽകുന്നതിനുള്ള പ്രൊപ്പോസൽ മൂന്നാം S.L.S.S.C. മീറ്റിംഗിൽ സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ പ്രസ്തുത പദ്ധതിയുടെ വ്യാപനം ജലലഭ്യതയ്ക്കനുസരിച്ച് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഭൂഗർഭ ജലവകുപ്പിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

ഭൂഗർഭ ജലവകുപ്പിനെ ആധുനികവൽകരിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1) ഭൂജലവകുപ്പിൽ കുഴൽക്കിണർ നിർമ്മാണം നടത്തിവരുന്ന റിഗ്ഗുകൾ കാലപ്പഴക്കം കാരണം പ്രവർത്തനരഹിതമാകുന്നതുമൂലം നിർമ്മാണ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുന്നത് കണക്കിലെടുത്ത് ആധുനിക രീതിയിലുള്ള മൂന്ന് പുതിയ റിഗ്ഗുകൾ വാങ്ങുന്നതിന് " ഭൂജലത്തിന്റെ അന്വേഷണവും വികസനവും" എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നരക്കോടി രൂപ അധികമായി വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

2) ഭൂജലവകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി NIC (service plus) - യുമായി ചേർന്ന് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വ്യവസായത്തിന് നൽകുന്ന സേവനങ്ങളിൽ രണ്ടെണ്ണം K-SWIFT മുഖാന്തരം ഓൺലൈൻ ആക്കിയിട്ടുണ്ട്.

3) ഭൂജലവകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ Infrastructure Gap Analysis - ഐ. ടി. മിഷന്റെ നേതൃത്വത്തിൽ പൂർത്തിയാക്കുകയും അധികമായി വേണ്ടുന്ന കമ്പ്യൂട്ടറുകളും, അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുവേണ്ട നടപടി പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭൂജലവകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കുഴൽക്കിണറുകൾ**

190(5637) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉപയോഗശൂന്യവും അപകട കരവുമായ അവസ്ഥയിലുള്ള കുഴൽക്കിണറുകളുണ്ടോയെന്ന് വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ അപകടകരമായ അവസ്ഥയിലുള്ള കുഴൽക്കിണറുകൾ ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പഞ്ചായത്തുകളിൽനിന്ന് അറിയിപ്പുകളൊന്നും വകുപ്പിന് ലഭിച്ചിട്ടില്ല. എന്നാൽ ഉപയോഗശൂന്യമായ 70 എണ്ണം കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രൊപ്പോസലുകൾ വിവിധ പഞ്ചായത്ത് മുഖേന ലഭിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ?

കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആനാട് ഗ്രാമപഞ്ചായത്ത് - 27 എണ്ണം

2. നന്ദിയോട് ഗ്രാമപഞ്ചായത്ത് - 18 എണ്ണം

3. പനവൂർ ഗ്രാമപഞ്ചായത്ത് - 25 എണ്ണം

(സി) ഇവ ഉപയോഗപ്രദമാക്കി സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ലഭ്യമായ പ്രൊപ്പോസലുകളിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

**ഭൂഗർഭ ജലനിരപ്പ്**

191(5638) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് സന്തുലനാവസ്ഥയിൽ എത്തിച്ച് ജലസംരക്ഷണവും പരിസ്ഥിതി സന്തുലനാവസ്ഥയും ഉറപ്പുവരുത്താനും അതിലൂടെ അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കാതെ സംരക്ഷിക്കാനുമായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് സന്തുലനാവസ്ഥയിൽ എത്തിക്കുന്നതിന്റെ ഭാഗമായി സുസ്ഥിര ഭൂജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ഭൂജല സംരക്ഷണവും സംപോഷണവുമെന്ന പ്ലാൻ പദ്ധതി ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ, എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻകീഴിൽ വകുപ്പ് അവലംബിച്ചുവരുന്നു. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം വ്യക്തിഗത കുടുംബങ്ങളുടെ തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ള സംഭരണം വഴി റീചാർജ് ചെയ്ത് കിണറുകളുടെ സുസ്ഥിരത ഉറപ്പുവരുത്താനും അതുവഴി ഒരുപരിധി വരെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്. മേൽക്കൂരയിൽ പതിക്കുന്ന വെള്ളം പൈപ്പുകളിലൂടെ ശേഖരിച്ച് ഫിൽറ്റർ സംവിധാനത്തിലൂടെ ശുദ്ധീകരിച്ച് തുറന്ന കിണറുകളിലേയ്ക്ക് കടത്തിവിടുന്നു. ഇപ്രകാരം ദീർഘകാലം ചെയ്യുന്നതിലൂടെ കിണറുകളിലെ ജലവിതാനം ക്രമേണ ഉയരുകയും

സ്രോതസ്സുകളിൽനിന്നും ജലം സ്ഥായിയായി ലഭിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച 15 ഗ്രാമപഞ്ചായത്തുകളിലെ 7594 കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്ന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ നടപ്പുസാമ്പത്തിക വർഷം 5 ഗ്രാമപഞ്ചായത്തുകളിലെ 1000 കുടുംബങ്ങളിലെ തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവർത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള ചെറിയ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാൻ KRWSA-യുടെ മഴകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ സഹായകരമാകുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ജില്ലയിലെ ഭൂഗർഭ ജലനിരപ്പ് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തികവർഷം (2021-22) ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 38 എണ്ണം റീചാർജ്ജ് പിറ്റ് പദ്ധതികൾ വഴിയുള്ള തുറന്ന കിണർ പരിപോഷണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 30 എണ്ണം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഭൂജലവകുപ്പ് എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 63 എണ്ണം നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള (38 തുറന്ന കിണറുകൾ, 25 കുഴൽക്കിണർ) ജലനിരപ്പ് മാസംതോറും ശേഖരിച്ച് പഠന വിധേയമാക്കിവരുന്നു. ഏപ്രിൽ 2021-ലെ ജലവിതാനം ദശാബ്ദ ശരാശരിയുമായി (2011-2021) താരതമ്യം ചെയ്തതിൽനിന്നും 30% കുഴൽക്കിണറുകളിലും 18% തുറന്ന കിണറുകളിലും മാത്രമാണ് ഭൂജല വിതാനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പരിപാടിയിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് സഹായകരമായ കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ 850 കുടുംബങ്ങളിലെ തുറന്ന കിണർ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പാത്തി, പൈപ്പ് ഉപയോഗിച്ച് ശേഖരിക്കുകയും ഫിൽറ്റർ സംവിധാനത്തിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് റീചാർജ്ജ് ചെയ്യുന്നതുമായ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതി ദീർഘകാലം നടപ്പിലാക്കുന്നതിലൂടെ കിണറുകളുടെ ജലവിതാനം ഉയർത്തുന്നതിനും സ്ഥായിയായി ജലം ലഭിക്കുന്നതിനും സഹായകരമാകുന്നു. ഈ പദ്ധതി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഏറെ പ്രയോജനം ചെയ്യുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

**വെള്ളക്കരം**

192(5639) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളക്കരം എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം 10-2-2021-ലെ സർക്കാർ ഉത്തരവ് G.O.(Ms)No.9/2021/WRD പ്രകാരം നിലവിലുള്ള വാട്ടർ ചാർജിനോടൊപ്പം 5% വർദ്ധനവ് 1-4-2021 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(ബി) ഓരോ സ്ലാബിന്റെയും നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും സംബന്ധിച്ച വിശദാംശം നൽകുമോ?

ഓരോ സ്ലാബിന്റെയും നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും അനുബന്ധമായി ചേർക്കുന്നു.*

**ഷെഡ്യൂൾ റേറ്റ് ഏകീകരിക്കുവാൻ നടപടി**

193(5640) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഷെഡ്യൂൾ റേറ്റ് തമ്മിൽ വ്യത്യാസമുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR 2016) ആണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുവേണ്ടി ഉപയോഗിച്ചുവരുന്നത്.

(ബി) പൊതുമരാമത്ത് റോഡിൽ കട്ടിംഗിനും മറ്റ് പ്രവൃത്തികൾക്കും അനുവാദം എടുക്കുമ്പോൾ ഈ റേറ്റ് വ്യത്യാസം ഒരു സാങ്കേതിക പ്രശ്നമായി മാറുന്നുണ്ടോയെന്ന് അറിയിക്കുമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി)എങ്കിൽ പ്രസ്തുത റേറ്റ് ഏകീകരിച്ച് കാലങ്ങളായുള്ള തർക്കത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(ബി&സി) റോഡ് കട്ടിംഗിന് അനുവാദം എടുക്കുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ നിരക്കുകൾ തന്നെയാണ് കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് കണക്കാക്കുന്നതിനായി ഉപയോഗിച്ചുവരുന്നത്. ഇക്കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പും തമ്മിൽ നിലവിൽ തർക്കങ്ങളൊന്നുമില്ല.

**ചെറുതാഴം-കുഞ്ഞിമംഗലം കുടിവെള്ള പദ്ധതി**

194(5641) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് കിഫ്ബിയിൽനിന്നും എത്ര രൂപയുടെ ധനകാര്യ അനുമതിയാണ് ലഭിച്ചതെന്ന് അറിയിക്കുമോ; വിശദമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് കിഫ്ബിയിലുൾപ്പെടുത്തി 5689 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്ക് ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെ എത്ര രൂപ ബാക്കിയുണ്ട് എന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിക്ക് ടെണ്ടർ സേവിംഗ്സ് 459.34 ലക്ഷം രൂപയാണ്.

(സി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഭൂരിഭാഗം ഗ്രാമീണ റോഡുകളും പൈപ്പ് ഇട്ടതിനാൽ തകർന്നുകിടക്കുന്നത് പരിഗണിച്ച് ബാക്കിയുള്ള തുക ഉപയോഗിച്ച് തകർന്നുകിടക്കുന്ന റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് റോഡ് പുനർനിർമ്മാണ പ്രവൃത്തികൾകൂടി പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുമ്പോൾ തകരുന്ന റോഡുകളുടെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തിയാണ് ദർഘാസ് ക്ഷണിക്കുന്നത്.

## മൂന്നിയൂർ പഞ്ചായത്തിലെ ജലനിധി പദ്ധതി

195(5642) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ പഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളിൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ പുഴയിലേയ്ക്കുള്ള റോഡ് അഞ്ച് മീറ്റർ വീതിയിൽ നിർമ്മിക്കണമെന്നുള്ള വ്യവസ്ഥയുണ്ടായിരുന്നതിനാൽ നേരത്തെ നിർമ്മിച്ച കിണറിന്റെ പകുതി ഭാഗം കോൺക്രീറ്റ് ചെയ്ത് റോഡ് സൗകര്യമൊരുക്കുന്നതിന് നിലവിലെ ഡി.പി.ആർ.-ൽ ഭേദഗതി വരുത്തണമെന്നുള്ള നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ പഴയ കാവിന്റെ ഭാഗമായ കണ്ടൻകടവ് എന്ന സ്ഥലത്ത് പുഴയിലേയ്ക്ക് ഇറങ്ങുന്ന റോഡ് അവസാനിക്കുന്ന ഭാഗത്ത്, പുഴയുടെ ഓരത്തായാണ് 6 മീറ്റർ വ്യാസമുള്ള കിണർ നിർമ്മിച്ചിരിക്കുന്നത്. മലപ്പുറം ജില്ലാ കളക്ടറുടെ 5-1-2021-ലെ ഉത്തരവിൽ കടവിലേയ്ക്ക് ഫയർ എഞ്ചിൻ കടന്നുപോകാൻ സൗകര്യപ്രദമായ രീതിയിൽ വഴി സൗകര്യം മൂന്നിയൂർ പഞ്ചായത്ത് അധികൃതരും ജലനിധി അധികൃതരും ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഫയർഎഞ്ചിന് പുഴയുടെ സമീപത്തേയ്ക്ക് എത്തുന്നതിന് കിണർ ഒരു തടസ്സമല്ല, എന്നാൽ കിണറിന്റെ പകുതിഭാഗം കോൺക്രീറ്റ് ചെയ്ത് അടച്ചാൽ കുടിവെള്ള പദ്ധതിക്കാവശ്യമായ പമ്പ് സെറ്റുകൾ, പാനൽ ബോർഡ്, വാൽവുകൾ, പൈപ്പ് മാനിഫോൾഡ് മറ്റ് അനുബന്ധ ഉപകരണങ്ങൾ ഇവയൊന്നും സ്ഥാപിക്കാൻ കഴിയില്ല. കിണറിന്റെ പകുതി ഭാഗം കോൺക്രീറ്റ് ചെയ്ത് റോഡ് തുടങ്ങുന്ന ഭാഗത്തുനിന്നും അപ്രോച്ച് റോഡ് നിർമ്മിച്ചാൽ പുഴയുടെ തീരത്തുനിന്നും വെള്ളിന്റെ മുകളിൽ 3½m ഉയരത്തിലാണെത്തുക. ഇത് തികച്ചും പ്രയോജനരഹിതവും അപ്രായോഗികവുമായ നിർദ്ദേശമാണ്. ഫയർഎഞ്ചിനുകൾക്ക് വെള്ളം ശേഖരിക്കാനും പൊതുജനങ്ങൾക്ക് ആവശ്യമെങ്കിൽ പുഴയിലേയ്ക്ക് ഇറങ്ങുന്നതിനും ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന കിണർ ഒരുതടസ്സമല്ല. ഈ വസ്തുതകൾ സ്കീം ലെവൽ കമ്മറ്റി ഭാരവാഹികളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

196(5643) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട്, ലോക ബാങ്ക് ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് സർക്കാർ ഫണ്ടുകൾ എന്നിവയുപയോഗിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഇവയിൽ ഏതെങ്കിലും പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ട ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജലനിധി സുസ്ഥിര നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 44 പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. ഭൂദാനം, കുടിവെള്ള പദ്ധതി, ഞണ്ണമല, എസ്.ടി. കോളനി കുടിവെള്ള പദ്ധതി നവീകരണം, മാപ്പിനി നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി നവീകരണം, പൂാരി പൊതുകിണർ എന്നീ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതാണ്. ആലക്കോട് ഗ്രാമപഞ്ചായത്തിലെ രയരോം, കരുവഞ്ചാൽ, ചെറുപാറ എന്നീ പദ്ധതികൾ സുസ്ഥിര വികസന പദ്ധതിയിലുൾപ്പെടുത്തി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**ജൽജീവൻ മിഷൻ**

197(5644) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുടിവെള്ള വിതരണ മേഖലയിൽ എത്ര പുതിയ പൈപ്പ് കണക്ഷൻ നൽകിയിരുന്നുവെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുടിവെള്ള വിതരണ മേഖലയിൽ കേരള വാട്ടർ അതോറിറ്റി മുഖേന 13,61,314 പൈപ്പ് കണക്ഷനുകളും ജലനിധി രണ്ടാം ഘട്ട പദ്ധതി വഴി 1.76 ലക്ഷം കുടുംബങ്ങൾക്കും പൈപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ജൽജീവൻ മിഷൻ പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതുവരെയായി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 24.01

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ എത്ര ശതമാനം വീതമാണെന്ന് അറിയിക്കാമോ?

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള ജൽജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് പദ്ധതി ചെലവ് വഹിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ 50%-ത്തിൽ 25% സംസ്ഥാന സർക്കാരും 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്തൃ വിഹിതവുമായാണ് വഹിക്കേണ്ടത്.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കുടിവെള്ള കണക്ഷൻ നൽകുന്നതിന് പരമാവധി എത്ര രൂപ ചെലവഴിക്കാനാകും; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം നിലവിൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ള പദ്ധതികളിൽനിന്നും ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി കണക്ഷൻ നൽകുന്നതിന് മാത്രമായി പ്രതികണക്ഷന് 7500 രൂപയും ഒറ്റ വില്ലേജിനുവേണ്ടി ഭൂഗർഭ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കിയുള്ളതും മറ്റ് ശുദ്ധീകരണം ആവശ്യമില്ലാത്തതുമായ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 15,000 രൂപയും ഒറ്റ വില്ലേജിനുവേണ്ടി ഭൂഗർഭ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി ജലശുദ്ധീകരണ ഘടകങ്ങളുൾപ്പെടെ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 25,000 രൂപയും ഒന്നിൽ കൂടുതൽ വില്ലേജുകൾക്ക് വേണ്ടിയുള്ള വൻകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 47,000 രൂപയുമാണ് അനുവദനീയമായ ശരാശരി ചെലവായി നിഷ്കർഷിച്ചിട്ടുള്ളത്. ഇതിനുപുറമെ ആദിവാസിമേഖലയുൾപ്പെടെയുള്ള ഒറ്റപ്പെട്ട പ്രദേശങ്ങൾക്കുവേണ്ടി സൗരോർജ്ജം അടിസ്ഥാനമാക്കിയുള്ള ചെറുകിട പദ്ധതികൾക്കായി പ്രതിപദ്ധതി 7 ലക്ഷം രൂപയും അനുവദനീയമായ ചെലവായി കേന്ദ്ര മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോഴിക്കോട് നഗരത്തിലെ ജെ.ബി.ഐ.സി. കുടിവെള്ള പദ്ധതി**

198(5645) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോഴിക്കോട് നഗരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയാണ് ജൈക്ക സഹായത്തോടുകൂടി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഇൻടേക്ക് വെൽ, ജല ശുദ്ധീകരണ ശാല, വിവിധ ട്രാൻസ്മിഷൻ മെയിനുകൾ, വിവിധ ജല സംഭരണികൾ എന്നിവ പൂർത്തീകരിച്ച് 2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. കോഴിക്കോട് കോർപ്പറേഷനിലെ നിലവിലുണ്ടായിരുന്ന ജലവിതരണ ശൃംഖലകളിൽ ജല വിതരണം നടത്തിയാണ് ഭാഗികമായി കമ്മീഷൻ ചെയ്തത്. ഈ പദ്ധതിക്ക് കീഴിൽ 1853.53 കി.മീ. വിതരണ ശൃംഖലയാണ് സ്ഥാപിക്കേണ്ടിയിരുന്നത്. അതിൽ 1513.92 കി.മീ. വിതരണ ശൃംഖല സ്ഥാപിച്ചുകഴിഞ്ഞു. കോഴിക്കോട് നഗരപരിധിയിൽ 605.30 കി.മീ. വിതരണ ശൃംഖലയാണ് സ്ഥാപിക്കേണ്ടത്. അതിൽ 449.69 കി.മീ. വിതരണ ശൃംഖല സ്ഥാപിച്ചുകഴിഞ്ഞു. വിതരണ ശൃംഖല സ്ഥാപിക്കേണ്ട കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 31-3-2020 -ന് പ്രവൃത്തിയുടെ കരാർ റദ്ദാക്കുകയുണ്ടായി.

(ബി) നിലവിൽ വിതരണ മേഖലയിലേയ്ക്ക് പൂർണ്ണമായി പ്രസ്തുത പദ്ധതി വഴിയുള്ള ജലവിതരണം കണക്ട് ചെയ്ത് കഴിഞ്ഞിട്ടുണ്ടോ?

ഇല്ല. നഗരപരിധിയിലെ എലത്തൂർ മേഖലയിൽ സ്ഥാപിച്ച വിതരണ ശൃംഖല വഴി ജലവിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എലത്തൂർ മേഖലയിലേയ്ക്ക് ജലവിതരണം നടക്കേണ്ട തലക്കുളത്തൂർ സ്റ്റീഫൻ കുന്ന് ടാങ്കിൽനിന്നുള്ള പ്രധാന ജലവിതരണ കുഴൽ സ്ഥാപിക്കുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്. സ്വകാര്യ വ്യക്തിയുമായുള്ള തർക്കം കാരണം പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് കോടതി തടഞ്ഞതിനാൽ പ്രസ്തുത ടാങ്കിൽ നിന്ന് എലത്തൂർ മേഖലയിലേയ്ക്ക് ജലവിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തടസ്സം നീക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗ്രാമീണ മേഖലകളിൽ ബാക്കിയുള്ള വിതരണ ശൃംഖല ജൽജീവൻ മിഷൻ പദ്ധതികളിലുൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള നടപടി നടന്നുവരുന്നു. ഇത് 2022 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ അർബൻ ജൽജീവൻ മിഷൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ അധീനതയിൽ ഉള്ള ഭൂമി

199(5646) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ കൈവശം 2211.5067 ഹെക്ടർ ഭൂമി നിലവിലുണ്ട്.

(ബി) ഭൂമിയുടെ അതിരുകൾ വ്യക്തമായി അടയാളപ്പെടുത്തി വയ്ക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്നറിയിക്കാമോ;

&

(സി) പ്രസ്തുത ഭൂമിയോട് ചേർന്ന് താമസിക്കുന്നവരുടെ അതിർത്തി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) കുറ്റ്യാടി ജലസേചന പദ്ധതി 1973-ൽ ഭാഗികമായും 1993-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തതാണ്. റിസർവോയറിനും കനാലിനും ആവശ്യമായ ഭൂരിഭാഗം സ്ഥലങ്ങളും 1960-1970 കാലഘട്ടത്തിലാണ് അക്വയർ ചെയ്തത്. ഏകദേശം 50 വർഷങ്ങൾക്ക് മുമ്പായി അക്വയർ ചെയ്തതിനാൽ പലഭാഗത്തും അതിർത്തിക്കല്ലുകൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ അതിർത്തി പുനർനിർണ്ണയിക്കേണ്ടി വരുമ്പോൾ റവന്യൂ വിഭാഗവുമായി ബന്ധപ്പെട്ട തഹസിൽദാർക്കോ/ താലൂക്ക് സർവ്വേയർക്കോ അപേക്ഷ നൽകി അതിർത്തി പുനർനിർണ്ണയിക്കുകയാണ് ചെയ്തുവരുന്നത്. ഇതല്ലാതെ ഇറിഗേഷൻ വിഭാഗത്തിന് സ്വന്തമായി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ നിലവിലില്ല.

(ഡി) ഭൂമി കയ്യേറ്റങ്ങൾ ബോദ്ധ്യപ്പെടുന്നപക്ഷം ആയത് കൈകാര്യം ചെയ്യുന്നതിന് ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; മുൻകാല ഭൂമി കയ്യേറ്റങ്ങൾക്ക് നിലവിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളാകുമോ എന്നറിയിക്കാമോ?

ഭൂമി കയ്യേറ്റങ്ങൾ ബോദ്ധ്യപ്പെടുന്നപക്ഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ തഹസിൽദാർ/ താലൂക്ക് സർവ്വേയർ എന്നിവർക്ക് കത്തുനൽകി അതിർത്തി

പുനർനിർണ്ണയിച്ചുതരുന്ന മുറയ്ക്ക് കയ്യേറ്റത്തിനെതിരെ നടപടി സ്വീകരിക്കുന്നു. ഓഫീസുകളിൽ സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർക്ക് പകരംവരുന്ന ഉദ്യോഗസ്ഥർ മൂന്നുമാസത്തിനകം അവരുടെ അധികാരപരിധിയിൽ വരുന്ന കയ്യേറ്റങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിലവിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളാകുന്നതാണ്.

(ഇ) ഇത്തരത്തിൽ ഏതെങ്കിലും ഭൂമി കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയെന്നും തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കെ.വൈ.ഐ.പി.-യുടെ ഭാഗമായ ഉള്ള്യേരി ഫീൽഡ് ബൂത്തിയുടെ പാലോറ മുതൽ പുളിക്കൽതാഴവരെ സർവ്വേ ചെയ്തതിൽ 22 കയ്യേറ്റങ്ങളുടെ സ്കെച്ച് തഹസിൽദാർ, കൊയിലാണ്ടി താലൂക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിരുന്നു. ഇതിൽ 20 കയ്യേറ്റങ്ങളുടെ മഹസ്സറും ഫോറം എ-യുമാണുണ്ടായിരുന്നത്. ഈ 20 കയ്യേറ്റങ്ങളിൽ 7 എണ്ണം ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 13 കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് അത്തോളി പോലീസ് സ്റ്റേഷനിൽ ക്രിമിനൽ കേസ് ഫയൽ ചെയ്യാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരാതി നൽകിയിട്ടുണ്ട്. 11 കയ്യേറ്റങ്ങൾ നടത്തിയ 9 വ്യക്തികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്.

**കാസർഗോഡ് ജില്ലയിലെ ജൽജീവൻ മിഷൻ**

200(5647) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജൽജീവൻ മിഷൻ ഗ്രാമീണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ജൽജീവൻ പദ്ധതിയിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെയും 2021-22-ൽ ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിച്ചുവരുന്ന പ്രവൃത്തികളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ യഥാക്രമം അനുബന്ധം 1- ഉം 2- ഉം ആയി ചേർത്തിരിക്കുന്നു*.

(ബി) പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും കുടിവെള്ള സൗകര്യം എത്രപേർക്കാണ് നൽകാനുദ്ദേശിക്കുന്നതെന്നും പദ്ധതി നടപ്പിലാക്കുന്നത് എപ്രകാരമാണെന്നും വിശദീകരിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിലൂടെ 1,80,671 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ കഴിയും. ജൽജീവൻ മിഷൻ പദ്ധതി കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. മാർഗ്ഗരേഖപ്രകാരം ഗ്രാമപഞ്ചായത്തുകൾക്കാണ് പദ്ധതി നടത്തിപ്പിന്റെ ചുമതല. പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് എന്നിവയാണ്. നിലവിലുള്ള കുടിവെള്ള പദ്ധതികൾ പര്യാപ്തമായ സ്ഥലങ്ങളിൽ പ്രസ്തുത പദ്ധതികളിൽനിന്നും പരമാവധി കുടിവെള്ള കണക്ഷനുകൾ നൽകുന്നുണ്ട്. ഇതുകൂടാതെ പദ്ധതികളുടെ വിപുലീകരണത്തിലൂടെ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്ന സ്ഥലങ്ങളിൽ അപ്രകാരവും പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ പദ്ധതികളൊന്നും ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് കണക്ഷനുകൾ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## രാമൻകുളം വാട്ടർ സപ്ലൈ സ്കീം

201(5648) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ.-യുടെ ആസ്തി വികസന നിധിയിൽനിന്നും ഫണ്ട് അനുവദിച്ച് നിർമ്മാണം ആരംഭിച്ച പദ്ധതിയായ രാമൻകുളം വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം വാട്ടർ സപ്ലൈ സ്കീമിന് 11-09-2018-ൽ 72 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി 24-7-2019-നാണ് ദർഘാസ് ക്ഷണിച്ച് കരാറുകാരന് പ്രവൃത്തി നൽകിയത്. 25-2-2020-ൽ കരാറിന്റെ കാലാവധി അവസാനിച്ചിരുന്നു. എന്നാൽ 22-1-2021-ൽ മാത്രമാണ് പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. സമയപരിധി കഴിഞ്ഞതിനാൽ പലതവണ ആവശ്യപ്പെട്ടിട്ടും കരാറുകാരൻ പണി തുടങ്ങാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ കരാറുകാരനുമായി ചർച്ച ചെയ്ത് പണികൾ തീർക്കാനായി തീരുമാനിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം പുതിയ ടെൻഡർ വിളിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു.

(സി) നിർമ്മാണം ഏറ്റെടുത്ത് പാതിവഴിയിൽ ഉപേക്ഷിച്ചുപോകുന്ന ഇത്തരം പദ്ധതികളുടെ കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയുടെ കരാർ കാലാവധി 25-2-2020-ൽ അവസാനിച്ചതിനുശേഷം 22-1-2021-ൽ മാത്രമാണ് പദ്ധതിക്കുള്ള സ്ഥലം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയത്. പ്രവൃത്തി നടക്കാതെ പോയത് കരാറുകാരന്റെ കാരണത്താൽ അല്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. കരാർ കാലാവധിക്കുള്ളിൽ പണികൾ ഉപേക്ഷിച്ചുപോകുന്ന കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുകയും ടി ജോലികൾ റിസ്ക് & കോസ്റ്റിൽ പുനഃക്രമീകരണം നടത്തുകയും ചെയ്യാറുണ്ട്.

**സ്വീവറേജ് പദ്ധതി**

202(5649) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാൻ ലക്ഷ്യംവച്ച് ആരംഭിച്ചിട്ടുള്ള സ്വീവറേജ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന സ്വിവറേജ് പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

അമൃത് പദ്ധതിയിൽ കേരള ജല അതോറിറ്റി ചെയ്യുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 5 MLD ശേഷിയുള്ള സ്വീവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചു (ഭരണാനുമതി 19.16 കോടി രൂപ). ഈ മാസം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 MLD ശേഷിയുള്ള സ്വീവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണമാണ് കേരള ജല അതോറിറ്റി ചെയ്യുന്നത് (ഭരണാനുമതി-31.92 കോടിരൂപ). STP-ക്കായുള്ള സ്ഥലമെടുപ്പ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കുന്നതിനുള്ള കാലതാമസമാണ് നിർമ്മാണം ആരംഭിക്കാൻ വൈകിയത്. അമൃത് പദ്ധതിയിൽ കൊച്ചിയിൽ എളംകുളത്ത് സ്ഥാപിക്കുന്ന 5 MLD STP-യുടെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്ക് 1-1-2018-ൽ 13.70 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും (പുതുക്കിയ ഭരണാനുമതി 25-1-2020-ൽ 16.52 കോടി രൂപ) 8-2-2018-ൽ സാങ്കേതികാനുമതി നൽകുകയും 8-2-2018-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ഇതിൽ പങ്കെടുത്ത കരാറുകാർ സാങ്കേതിക രേഖകൾ സമർപ്പിക്കാതിരുന്നതിനാൽ ദർഘാസ് റദ്ദാക്കി. 3-12-2018-ൽ പുനർദർഘാസ് ക്ഷണിക്കുകയും അതിൽ പ്രീക്വാളിഫൈ ചെയ്ത സ്ഥാപനത്തിന് 31-12-2019-ൽ ദർഘാസ് അനുമതി നല്കുകയും ചെയ്തു. 14-1-2020-ൽ വർക്ക് ഓർഡർ നൽകി. എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ പേര് മാറ്റുന്നത് സംബന്ധിച്ചും പ്രവൃത്തിയുടെ സെക്യൂരിറ്റി തുക KWA-യുടെ മറ്റ് പെൻഡിംഗ് ബില്ലുകളിൽനിന്നും അഡ്ജസ്റ്റ് ചെയ്യുന്നതിനെ സംബന്ധിച്ചും കോടതി വ്യവഹാരം നിലനിന്നിരുന്നതിനാൽ നിർമ്മാണം വൈകി.

(സി) സംസ്ഥാനത്ത് ഏതെല്ലാം ഭാഗങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്; കൂടുതൽ നഗരപ്രദേശങ്ങളെ ഉൾപ്പെടുത്തുവാനും ഗാർഹിക സ്വീവറേജ് മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുവാനും സത്വരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 5 MLD സ്വീവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഈ മാസം കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അമൃത് പദ്ധതിയിൽ കൊച്ചി ഏളംകുളത്ത് സ്ഥാപിക്കുന്ന 5 MLD സ്വീവേറേജ് പ്ലാന്റിന്റെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പ്രവൃത്തി 43% പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലത്തെ 12 MLD സ്വീവറേജ് ശുദ്ധീകരണശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടി കേരള ജല അതോറിറ്റി തുടർന്നുവരുന്നു. കൂടുതൽ നഗരപ്രദേശങ്ങളെ ഉൾപ്പെടുത്താനും ഗാർഹിക സ്വീവറേജ് മാലിന്യപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാനും വേണ്ടി 28 ULB-കൾക്ക് വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

## ആദിവാസി ഊരുകളിലെ കുടിവെള്ള വിതരണ പദ്ധതി

203(5650) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റിയുടെ ദക്ഷിണ മേഖലയിലെ തിരുവനന്തപുരം സർക്കിളിനുകീഴിൽ അരുവിക്കര ഡിവിഷനിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിതുര പഞ്ചായത്തിലും പെരിങ്ങമല പഞ്ചായത്തിലുമുള്ള ആദിവാസി ഊരുകൾക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

2. നെയ്യാറ്റിൻകര ഡിവിഷനുകീഴിൽ അമ്പൂരി പഞ്ചായത്തിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കാനും കുടിവെള്ള വിതരണം ലഭ്യമാക്കാനുമുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

3. മദ്ധ്യമേഖലയുടെ കീഴിൽ തൃശ്ശൂർ, അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി ഊരുകളിൽ ജൽജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള വിതരണത്തിനായി പദ്ധതി തയ്യാറാക്കിവരുന്നു.

**കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതി**

204(5651) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ജനങ്ങൾ നേരിടുന്ന കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മുൻസർക്കാർ പ്രഖ്യാപിച്ച സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ?

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം പഞ്ചായത്തുകൾക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-6-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാകാത്തതിനാൽ ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടില്ല. പമ്പാനദി സ്രോതസ്സായുള്ള ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോവാട്ടർ പമ്പിംഗ് മെയിൻ, 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദന ക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ്. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത്

ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള ജലഅതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോടുചേർന്ന് 125 സെന്റ് സ്ഥലം ആവശ്യമായിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലമേറ്റെടുക്കൽ നടപടികൾക്കാവശ്യമായ രേഖകൾ തഹസിൽദാർ, കിഫ്ബി, ലാൻഡ് അക്വിസിഷൻ, കായംകുളത്തിന് 2021 ജനുവരിയിൽ സമർപ്പിച്ചിട്ടുണ്ട്. Social Impact Study Report തയ്യാറാക്കിയിട്ടുണ്ട്. Expert Committee Meetin 6-8-2021-ൽ നടന്നിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാൻഡ് കൺവേർഷന് അനുമതി ലഭ്യമാകേണ്ടതിനുള്ള അപേക്ഷകളും രേഖകളും 6-12-2019-ൽ കൃഷി ഭവനിൽ സമർപ്പിച്ചിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ വെറ്റ് ലാൻഡ് കൺവേർഷന് വേണ്ടിയുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് 21-6-2021-ലും പുളിങ്കുന്ന് പഞ്ചായത്തിലെ വെറ്റ് ലാൻഡ് കൺവേർഷന് വേണ്ടിയുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് 22-8-2020-ലും സംസ്ഥാനതല നിരീക്ഷണ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. കൈനകരി, നെടുമുടി, വീയപുരം എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ അധീനതയിലുള്ള 20 സെന്റ് വീതം സ്ഥലവും ചമ്പക്കുളം പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായിട്ടുള്ള ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള 20 സെന്റ് സ്ഥലവും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനായുള്ള കത്തുകളും നൽകിയിട്ടുണ്ടെങ്കിലും സ്ഥലം ഏറ്റെടുക്കൽ നടപടികൾക്ക് താമസം നേരിടുന്നതിനാൽ സ്ഥല ഉടമകളുമായി എഗ്രിമെന്റ് വച്ച് അഡ്വാൻസ് പൊസിഷനിൽ സ്ഥലം ലഭ്യമാക്കി ടെണ്ടർ നടപടി ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിന് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗ് അനുവാദത്തിനായി Right of Way Portal-ൽ 1-5-2021, 3-5-2021, 6-5-2021 എന്നീ തീയതികളിൽ 31.35 കി.മീ റോഡിന്റെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 12.01 കി.മീ റോഡിന്റെ ജോയിന്റ് ഇൻസ്പെക്ഷൻ 25-5-2021, 28-5-2021 എന്നീ തീയതികളിലായി നടന്നിട്ടുണ്ട്. മറ്റ് റോഡുകളിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുട്ടനാട് കിഫ്ബി പദ്ധതി ഉൾപ്പെടെ ആലപ്പുഴ ജില്ലയിലെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി 29-09-2020 മുതൽ ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആലപ്പുഴ പഴവങ്ങാടിയിൽ പ്രവർത്തിച്ചുവരുന്നു. സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആലപ്പുഴ

ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മാസത്തിൽ രണ്ടുതവണ മീറ്റിംഗുകൾ നടത്തുന്നുണ്ട്. മീറ്റിംഗുകളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരേയും പങ്കെടുപ്പിക്കാറുണ്ട്. കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം 6 പാക്കേജുകളിലായി സ്പ്ലിറ്റ് ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായാൽ ഉടൻതന്നെ ആ പാക്കേജിന്റെ ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. മറ്റ് ഘടകങ്ങൾക്കുള്ള സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. അവ കിട്ടുന്ന മുറയ്ക്കും റോഡ് കട്ടിങ്ങിനുള്ള അനുമതി വിവിധ ഏജൻസികളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കും ബാക്കി പാക്കേജുകൾ ക്രമീകരിച്ച് ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടത്തിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കാവാലത്തെ ഉന്നതതല ജലസംഭരണി (8 ലക്ഷം ലിറ്റർ) 2023 ഡിസംബറിൽ പൂർത്തിയാക്കുന്നതോടെ മൂന്ന് പഞ്ചായത്തുകളിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാംഘട്ടത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നീരേറ്റുപുറത്ത് 30 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ട്രാൻസ്മിഷൻ ലൈനുകളും സ്ഥാപിക്കുന്നതോടെ തലവടി, മുട്ടാർ, നീലംപേരൂർ പഞ്ചായത്തുകളിൽ സ്ഥാപിച്ച ലൈനുകൾ ചാർജ്ജ് ചെയ്യാൻ ആവശ്യമായ ശുദ്ധജലം ലഭിക്കുന്നതാണ്.

**കടൽ ജലം ശുദ്ധീകരിച്ച് വേർതിരിക്കാൻ നടപടി**

205(5652) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽ ജലം ശുദ്ധീകരിച്ച് വേർതിരിക്കാനും ശുദ്ധജല ലഭ്യത ഉറപ്പാക്കാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

&

(ബി) ഇതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

(എ&ബി) കടൽജലം ശുദ്ധീകരിച്ച് ശുദ്ധജലം ലഭ്യമാക്കുവാൻ കേരള ജല അതോറിറ്റി പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. മിക്ക ബദൽ ജലസ്രോതസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഡീസലൈനേഷൻ നിലവിൽ ചെലവേറിയതാണ്. ഏകദേശം 600 കി.മീറ്ററോളം തീരദേശമുള്ള ഒരു സംസ്ഥാനമെന്ന നിലയിൽ ഡീസലൈനേഷൻ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള വിതരണം തീരപ്രദേശങ്ങളിൽ ഒരു ബദൽ

സംവിധാനമായി ആവിഷ്കരിക്കാവുന്നതാണ്. ഡീസലൈനേഷൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ പ്ലാന്റിന്റെ ശേഷി, വൈദ്യുതി ഉപയോഗക്ഷമത, ഊർജ്ജസ്രോതസ്സുകൾ, ജലസ്രോതസ്സുകളുടെ സാമീപ്യം, അന്തിമ ഉപയോക്താക്കൾ എന്നിവയുൾപ്പെടെ നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ് കുടിവെള്ളം ഉൽപാദിപ്പിക്കുന്നതിനുള്ള ചെലവ് എന്നതിനാൽ ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ചില പഠനങ്ങളും ആയതിനുശേഷം പൈലറ്റ് വിന്യാസവും ആവശ്യമുണ്ട്. ഇതിനായുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി, സമുദ്ര വിഭവങ്ങൾ ഉപയോഗപ്പെടുത്തി ശുദ്ധജലത്തിനും പാരമ്പര്യേതര ഊർജ്ജത്തിനും ബദൽ സാങ്കേതികവിദ്യകൾ കണ്ടെത്തുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT)-യുമായി സഹകരിച്ച് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ശുദ്ധജലക്ഷാമം നേരിടുന്ന മത്സ്യബന്ധനമേഖലകളിലും അനുബന്ധ സ്ഥലങ്ങളിലും ഡീസലൈനേഷൻ സാങ്കേതികവിദ്യ അടിസ്ഥാന മാക്കിയുള്ള കുടിവെള്ള വിതരണ പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ഡീസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി NIOT അധികൃതരുമായി അനുയോജ്യമായ ഡീസലൈനേഷൻ സാങ്കേതിക വിദ്യ തിരഞ്ഞെടുക്കുന്നതിനുള്ള വിവരശേഖരണം നടത്തിവരുന്നു.

(സി) സംസ്ഥാനത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ജൽജീവൻ മിഷൻ പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയെന്നത് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

2020-21 കാലയളവിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ. വഴി ജൽജീവൻ മിഷൻ പദ്ധതിപ്രകാരം 37096 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ആയതിൽ 9-8-2021 വരെ 9505 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി പൂർത്തിയാക്കിവരുന്നു. ജലജീവൻ മിഷൻ മുഖേന നൽകിയ കുടിവെള്ള വിതരണ കണക്ഷനുകളുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതി

206(5653) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ മിഷന്റെ സഹായത്തോടെ മലങ്കര ഡാമിൽനിന്നുള്ള ജലം ഉപയോഗപ്പെടുത്തി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനായി മലങ്കര ഡാം സ്രോതസ്സായി സമഗ്രശുദ്ധജല വിതരണ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ, പൂഞ്ഞാർ-തെക്കേക്കര, തീക്കോയി, തിടനാട് എന്നീ പഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭിക്കത്തക്കവിധത്തിലാണ് പദ്ധതി വിഭാവന ചെയ്യുന്നത്. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## ജൽജീവൻ മിഷൻ പദ്ധതി

207(5654) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് വാട്ടർ അതോറിറ്റി എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാൻ ആലോചിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ബാലുശ്ശേരി, കോട്ടൂർ, നടുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് 2020-21-ൽ അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള പഞ്ചായത്തുകളിൽ പൂർണ്ണമായും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് 2021-22-ൽ അംഗീകാരം നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിയുടെ ആകെ ചെലവിന്റെ പതിനഞ്ച് ശതമാനം പഞ്ചായത്തുകൾ വഹിക്കണമെന്ന നിബന്ധന, താരതമ്യേന വരുമാനം കുറഞ്ഞ ചെറിയ പഞ്ചായത്തുകൾക്ക് സാമ്പത്തികമായി വലിയ പ്രയാസമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ?

പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ പതിനഞ്ച് ശതമാനം വിഹിതം പഞ്ചായത്തുകൾ വഹിക്കേണ്ടതുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജലനിധി രണ്ടാം ഘട്ടം**

208(5655) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അവലോകനം ചെയ്തിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോട്ടത്തറ, പൊഴുതന, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. ഇതിൽ കോട്ടത്തറ, പൊഴുതന എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് യഥാക്രമം 15-7-2021, 7-5-2021 എന്നീ തീയതികളിൽ ഗ്രാമപഞ്ചായത്തുതലത്തിൽ വിട്ടുതൽ ചെയ്തിട്ടുണ്ട്. കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചു. ഗ്രാമപഞ്ചായത്തുതല വിട്ടുതൽ നടപടി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇതുവരെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

1. കോട്ടത്തറ ഗ്രാമപഞ്ചായത്ത്-7,97,81,961 രൂപ

2. പൊഴുതന ഗ്രാമപഞ്ചായത്ത്-4,30,33,073 രൂപ

3. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്-5,37,27,533 രൂപ

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതികളെല്ലാംതന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

**ജൽജീവൻ മിഷൻ**

209(5656) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ മുഖേന എത്ര കുടിവെള്ള കണക്ഷനുകളാണ് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നല്കാനുദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്നും പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

(എ&ബി) കുറ്റിയാടി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ നല്കാനുദ്ദേശിക്കുന്ന കണക്ഷനുകളുടെ എണ്ണവും പദ്ധതിയുടെ നിലവിലെ അവസ്ഥയും സംബന്ധിച്ചുള്ള പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത കണക്ഷന് ഗുണഭോക്താവ് അടയ്ക്കേണ്ട തുക എത്രയെന്ന് അറിയിക്കാമോ?

പദ്ധതി തുകയുടെ 10 ശതമാനമാണ് ഗുണഭോക്താവ് അടയ്ക്കേണ്ടത്.

(ഡി) പദ്ധതിയുടെ മെയിന്റനൻസ് ഏതുതരത്തിലാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ചുള്ള തീരുമാനങ്ങൾ അറിയിക്കാമോ?

ജൽജീവൻ മിഷൻ മാർഗ്ഗരേഖപ്രകാരം പദ്ധതികളുടെ തുടർ നടത്തിപ്പ്, അറ്റകുറ്റപ്പണികൾക്കാവശ്യമായ കാര്യങ്ങൾ എന്നിവ ഗ്രാമപഞ്ചായത്ത് ജലശുചിത്വ സമിതിയുടെ ചുമതലയും ഉത്തരവാദിത്വവുമാണ്. മാർഗ്ഗരേഖ പ്രകാരം സർക്കാർ നൽകുന്ന കരുതൽ ധനവും ധനകാര്യ കമ്മീഷന്റെ പണവും ഇക്കാര്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

(ഇ) നിലവിലെ കുടിവെള്ള പദ്ധതികൾ ജൽജീവൻ മിഷനുമായി ബന്ധപ്പെടുത്തുന്നതിന് പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിലെ പദ്ധതികളിൽനിന്നും സമ്പൂർണ്ണമായി കുടിവെള്ള കണക്ഷൻ നൽകുവാൻ കഴിയുന്ന സ്ഥലങ്ങളിൽ ഈ പദ്ധതിയിൽനിന്നും ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകിവരുന്നു. നിലവിലെ പദ്ധതികളിൽനിന്നും സമ്പൂർണ്ണമായി കുടിവെള്ള കണക്ഷൻ നൽകുവാൻ കഴിയാത്ത സ്ഥലങ്ങളിലും പദ്ധതികളില്ലാത്ത സ്ഥലങ്ങളിലും പദ്ധതികൾ വിപുലീകരിച്ചോ പുതിയ പദ്ധതികൾ നടപ്പിലാക്കിയോ ജൽജീവൻ മിഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം**

210(5657) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ തീരദേശ മേഖലകളിലെ ജനങ്ങൾ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല എത്തിച്ചേരാത്ത പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം പഞ്ചായത്തിലെ തീരദേശമേഖല ഉൾപ്പെടെയുള്ള മുഴുവൻ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന 2020-21-ൽ അംഗീകാരം ലഭിച്ച 1090 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ 4400 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. 2021-22 വർഷം 1311 ലക്ഷം രൂപ ചെലവിൽ 2586 കുടുംബങ്ങൾക്ക് കുടിവെള്ളകണക്ഷൻ നൽകുന്നതിനായുള്ള പദ്ധതി ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാകും.

**ജൽജീവൻ മിഷൻ നടപ്പിലാക്കുമ്പോഴുള്ള പോരായ്മകൾ**

211(5658) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ നടപ്പിലാക്കുമ്പോൾ നിലവിലുള്ള അടിസ്ഥാന സംവിധാനങ്ങളുടെ പോരായ്മ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ജീവനക്കാരുടെ ലഭ്യത, പുനർവിന്യാസം, ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത തുടങ്ങിയവ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിച്ച് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജൽജീവൻ പദ്ധതിയുടെ ഭാഗമായുള്ള സപ്പോർട്ട് ആക്ടിവിറ്റീസ് എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നിർവ്വഹണതലത്തിൽ ആവശ്യമുള്ള വോളണ്ടിയർമാരെ താൽക്കാലികമായി നിയമിച്ചും പദ്ധതിനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ ഓഫീസുകളിലെ അത്യാവശ്യം വേണ്ട കമ്പ്യൂട്ടറും അനുബന്ധഘടകങ്ങളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നവീകരിക്കുന്നതിനും സപ്പോർട്ട് ആക്ടിവിറ്റീസിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ജൽജീവൻ മിഷൻ നടപ്പിലാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുന്ന ബാദ്ധ്യതകളെക്കുറിച്ചുള്ള ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി, പദ്ധതിയുടെ മിഷൻ ഡയറക്ടർ ആയ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറുമായി ചർച്ചകൾ നടത്തുകയുണ്ടായി. പദ്ധതിയുടെ മാർഗ്ഗരേഖ ഉൾപ്പെടുത്തിയ കൈപുസ്തകം എല്ലാ പഞ്ചായത്തുകളിലും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ആശങ്കകൾ പരിഹരിക്കുന്നതിനായി, പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ കേരള വാട്ടർ അതോറിറ്റി ട്രെയിനിംഗ് സെന്റർ, ജലനിധി, കില തുടങ്ങിയ സ്ഥാപനങ്ങൾ വഴി തുടർന്നും നടത്തിവരുന്നു. കൂടാതെ പദ്ധതി നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുവാനായി നിർവ്വഹണ സഹായ ഏജൻസികളെയും തെരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്.

**പട്ടാമ്പി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതികൾ**

212(5659) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ മുഖേന പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ മുഖേന പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വിശദീകരിക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 18953 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. പട്ടാമ്പി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 18161 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ കുളക്കല്ലൂർ പഞ്ചായത്തിൽ 2370 കണക്ഷനുകൾകൂടി നൽകുന്നതിനായി 792 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; ആയതിന്റെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാ പഞ്ചായത്തുകളിലും 100% കുടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നത്.

**ഭാരതപ്പുഴയെ മാലിന്യവിമുക്തമാക്കാൻ നടപടി**

213(5660) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി കുടിവെള്ള പദ്ധതികളുള്ള ഭാരതപ്പുഴ മലീമസമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുഴയെ മാലിന്യ മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാരതപ്പുഴ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് ജലത്തിന്റെ നിലവാരക്കുറവാണ്. കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന രാസകീടനാശിനികൾ, വളങ്ങൾ, റോഡിനോട് ചേർന്ന ഓടകളിൽ നിന്നെത്തുന്ന മാലിന്യങ്ങൾ എന്നിവയാണ് ഇതിന് പ്രധാന കാരണം. നദിയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും റെഗുലേറ്ററുകളും ജലസേചന വകുപ്പ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിച്ചിട്ടുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയത്തെത്തുടർന്ന് ജലസേചന നിർമ്മിതികളായ തടയണ/റെഗുലേറ്ററുകൾക്ക് സമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണ്ണ്/മണൽ/മാലിന്യം എന്നിവ നീക്കംചെയ്യുന്ന പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. ഇവ പുരോഗമിച്ചുവരുന്നു. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജല സമൃദ്ധിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി സമീപനത്തോടെ കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം (സാമ്പത്തിക ലഭ്യത അനുസരിച്ച്) ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് ഭാരതപ്പുഴയിലെ നീരൊഴുക്കിന് തടസ്സമായിരുന്ന തവനൂർ ബ്രഹ്മക്ഷേത്രത്തിനും തൃക്കണ്ണാപുരം പമ്പ് ഹൗസിനും ഇടയിലുള്ള പ്രദേശത്തെ ചെളിയും മറ്റ് പാഴ്‌വസ്തുക്കളും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ നിർദ്ദേശമനുസരിച്ച് നദിയുടെ പട്ടാമ്പി ഭാഗത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് പ്രസ്തുത പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. നദിയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണൽ, ചെളി മാലിന്യങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവര ശേഖരണം നടത്തുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്കൊപ്പം ജനപങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിളാനദിയെ വീണ്ടെടുക്കാനും നീരൊഴുക്ക് വർദ്ധിപ്പിക്കാനും ജലഗുണനിലവാരം വർദ്ധിപ്പിക്കാനും സാധിക്കും.

(ബി) ഭാരതപ്പുഴയിൽനിന്ന് കുടിവെള്ള വിതരണത്തിനായി ശേഖരിക്കുന്ന ജലം ശുദ്ധീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭാരതപ്പുഴ സ്രോതസ്സായുള്ള വൻകിട ജലവിതരണ പദ്ധതികളിലെല്ലാം ജല ശുദ്ധീകരണശാലകൾ നിലവിലുണ്ട്. സ്രോതസിൽനിന്നും ശേഖരിക്കുന്ന ജലം വിശദമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ശുദ്ധീകരണ പ്രക്രിയകൾ (എയ്റേഷൻ, സെഡിമെന്റേഷൻ, ഫിൽട്രേഷൻ, ഡിസ്ഇൻഫെക്ഷൻ മുതലായവ) നടത്തി അണുവിമുക്തമാക്കിയാണ് വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ പ്രാഥമിക ഗുണനിലവാരം അളക്കുന്നതിനായി പ്ലാന്റുകളിൽത്തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ശുദ്ധീകരണ ശാലകളില്ലാത്ത പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ഫിൽട്ടർ ചെയ്ത് ലഭിക്കുന്ന ജലം ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കി

അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്. ഇതോടൊപ്പം വിതരണ ശൃംഖലയിലെ പൈപ്പുകൾ സ്കവർ ചെയ്ത് ചെളി നീക്കം ചെയ്യുകയും മഴക്കാലങ്ങളിൽ വിതരണം നടത്തുന്ന കുടിവെള്ളം സൂപ്പർ ക്ലോറിനേഷൻ ചെയ്യുകയും ചെയ്യുന്നു. കൂടാതെ വിതരണം ചെയ്യുന്ന കുടിവെള്ളം വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധനനടത്തി ഗുണനിലവാരം ഉറപ്പാക്കുന്നുമുണ്ട്.

**ജൽജീവൻ മിഷൻ**

214(5661) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവനങ്ങളിൽ പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

&

(ബി) ഓരോ പഞ്ചായത്തിലും നഗരസഭയിലും എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്; അവ ഏതെല്ലാമെന്ന് അറിയിക്കുമോ?

(എ&ബി) ജൽജീവൻ മിഷൻ പദ്ധതിയിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. ജൽജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ വീടുകൾക്ക് കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ നഗര പ്രദേശങ്ങൾ ഉൾപ്പെടുന്നില്ല.

**പട്ടികവിഭാഗ കോളനികളിലെ കുടിവെള്ള സംവിധാനം**

215(5662) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളമെത്തിക്കാൻ എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ടിൽനിന്ന് 2016 മുതൽ 2020 വരെ എത്രകോടി രൂപ ജലവിഭവ വകുപ്പിന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ എത്രകോടി രൂപ ചെലവഴിച്ചു; പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കോളനികളുടെ പേരും അവയ്ക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ കുടിവെള്ളമെത്തിക്കാൻ എസ്.സി./എസ്.ടി. കോർപ്പസ് ഫണ്ടിൽനിന്ന് 2016 മുതൽ 2020 വരെ 28.11 കോടി രൂപ ജലവിഭവ വകുപ്പിന് അനുവദിക്കുകയും അതിൽ 14.63 കോടി രൂപ ചെലവഴിച്ചിട്ടുമുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കോളനികളുടെ പേരും അവയ്ക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പൈപ്പ് പൊട്ടൽ

216(5663) ശ്രീ. പി. കെ. ബഷീർ:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ് പൊട്ടി വൻതോതിൽ ശുദ്ധജലം പാഴായിപ്പോകുന്നത് തടയാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

പൈപ്പ് പൊട്ടി ലീക്കുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കുതന്നെ അടിയന്തരമായും സമയബന്ധിതമായും ചോർച്ച പരിഹരിച്ച് കുടിവെള്ളം പാഴാകുന്നത് പരിഹരിച്ചുവരുന്നു. ആയതിന് റണ്ണിംഗ് കോൺട്രാക്ടർ, ബ്ലൂ ബ്രിഗേഡ് എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നു. കാലപ്പഴക്കവും അമിതഭാരം കയറ്റി വരുന്ന വാഹനങ്ങളുടെ നിരന്തര യാത്രകൊണ്ടുണ്ടാകുന്ന ബാഹ്യമർദ്ദവും പൈപ്പ് ലൈനുകൾക്ക് സമീപമുള്ള മറ്റ് വികസന പ്രവർത്തനങ്ങൾമൂലവും പൈപ്പ് ലൈനുകൾ പൊട്ടുന്നുണ്ട്. കാലപ്പഴക്കംമൂലം പൈപ്പ് നിരന്തരമായി ലീക്ക് ചെയ്യുന്ന സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഴയ പൈപ്പുകൾ മാറ്റിയിടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പൈപ്പ് പൊട്ടൽമൂലം റോഡുകൾക്കുണ്ടാക്കുന്ന തകരാറുകൾ പരിഹരിക്കുന്നതിനെന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്?

പൈപ്പ് പൊട്ടുന്നതുമൂലം റോഡ് തകരാറിലാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ പൊതുവെ Utility Duct നിർമ്മിക്കുക എന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രീതി കണ്ടുവരുന്നില്ല. പഴയകാലത്ത് റോഡിന്റെ വക്കിലൂടെ ഇട്ടിരുന്ന പൈപ്പുകൾ കാലാന്തരത്തിൽ റോഡ് വികസനത്തിന്റെ ഭാഗമായി ടാർ ചെയ്ത റോഡിന്റെ അടിയിലാകുന്ന സ്ഥിതിയാണ് പൊതുവെ കണ്ടുവരുന്നത്. പൈപ്പ് ലൈനിനായി പ്രത്യേകം സ്ഥലം അല്ലെങ്കിൽ പാതയെന്ന രീതി നടപ്പിലാക്കേണ്ടതുണ്ട്. പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾക്കുശേഷം തകരാറിലായ റോഡ് ബിറ്റുമിൻ റെഡി മിക്സ്/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് അടിയന്തരമായി പുനഃസ്ഥാപിക്കാറുണ്ട്. ഈയിനത്തിൽ ഭീമമായ തുക ജല അതോറിറ്റി PWD/KRFB/NH വകുപ്പുകൾക്ക് നൽകേണ്ടതായിവരുന്നു. റോഡിലുണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി സംസാരിച്ചും കത്തിടപാടുകൾ നടത്തിയും അനുമതി ലഭ്യമാക്കി പൈപ്പ് ലൈനിലെ ചോർച്ച പരിഹരിക്കുകയും അതിനുശേഷം പ്രസ്തുത റോഡ് പ്രതലം വർക്ക് ഏറ്റെടുത്ത കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിലും ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും ബിറ്റുമിൻ റെഡിമിക്സ്, കോൺക്രീറ്റ്, ഇന്റർലോക്ക് എന്നിവ ഉപയോഗിച്ച് പുനഃസ്ഥാപിക്കാറുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുമ്പോൾ, റോഡ് പുതുക്കി പണിയുന്നതിനുള്ള പണം എസ്റ്റിമേറ്റ് പ്രകാരം മുൻകൂർ അടച്ചാണ് പണികൾ ചെയ്യുന്നത്. ഇങ്ങനെ പുനഃസ്ഥാപിക്കുന്നതിന് അതോറിറ്റി ടെക്നിക്കൽ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്.

(സി) പൈപ്പ് പൊട്ടൽമൂലം മാലിന്യങ്ങൾ വെള്ളത്തിൽ കലരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പൈപ്പ് പൊട്ടുന്നത് അടിയന്തരമായി നന്നാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കുടിവെള്ള പൈപ്പ് ലൈനുകൾ പൊട്ടിയ വിവരം ലഭ്യമായാൽ ഉടൻതന്നെ വിതരണ പൈപ്പിലെ വാൽവുകൾ പൂട്ടി ജലചോർച്ച തടയുകയാണ് ആദ്യത്തെ നടപടി. പിന്നീട് വിതരണ കുഴലിലെ ജലം സ്കവർ തുറന്ന് പൂർണ്ണമായും ഒഴിവാക്കിയാണ് ലീക് റെസ്റ്റൊറേഷൻ പണികൾ ആരംഭിക്കുന്നത്. ലീക് പരിഹരിച്ചതിനുശേഷം വിതരണ പൈപ്പിലെ വാൽവ് തുറന്നതിനുശേഷം സ്കവർ വാൽവ് വഴി ജലം ഒഴുക്കി മാലിന്യമൊന്നും വന്നുചേർന്നിട്ടില്ലെന്ന് ഉറപ്പാക്കിയതിനുശേഷമാണ് വിതരണ പൈപ്പിലേയ്ക്ക് ജലം തുറന്നുവിടുന്നത്. കൂടാതെ ആവശ്യമായ പക്ഷം അധിക ബ്ലീച്ചിംഗ് പൗഡർ ലായനി ഉപയോഗിച്ച് പൈപ്പ് ലൈൻ ഫ്ലഷ് ചെയ്യാറുമുണ്ട്. ജനനിബിഡമായ സ്ഥലങ്ങളിൽ സ്കവർ വാൽവ് ഉപയോഗിക്കാൻ സാധിക്കാതെവന്നാൽ പമ്പുപയോഗിച്ച് പൈപ്പ് ലൈനിലെ ജലം വറ്റിച്ചാണ് ലീക് റെക്ടിഫിക്കേഷൻ പണി നടത്തുന്നത്. ആയതിനാൽ മലിനജലം വിതരണ പൈപ്പിൽ എത്തുവാനുള്ള സാദ്ധ്യത ഇല്ലാത്തതാണ്.

## പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി

217(5664) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ജല വിതരണത്തിനായുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകൾ, MLA-SDF, MP-LAD, ജൽജീവൻ മിഷൻ എന്നിവ മുഖേന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് 1127.19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 144.76 കോടി രൂപയുടെ പ്രവൃത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ച് അതുവഴി ജലചോർച്ച ഒഴിവാക്കാൻ വേണ്ടിയുള്ളതാണ്. ഇതിൽ 113.76 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി 31 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 11 പ്രവൃത്തികൾക്ക് 407.62 കോടി രൂപയുടെ ധനസഹായ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 50.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റുന്നതിന് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2016 മുതൽ 319.44 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 109.48 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും ഇതിൽ എന്തൊക്കെ കൈവരിക്കാൻ സാധിച്ചുവെന്നും വിശദമാക്കാമോ?

പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുക വഴി പൈപ്പ്ലൈൻ ലീക്കിലൂടെ കുടിവെള്ളം നഷ്ടപ്പെടുന്നത് പരമാവധി ഒഴിവാക്കുന്നതിനും റോഡുകൾക്കുണ്ടാകുന്ന തകർച്ച ഒഴിവാക്കുന്നതിനും വിതരണ ശൃംഖലകളിലെ അറ്റകുറ്റപ്പണികൾ മൂലമുണ്ടാകുന്ന സാമ്പത്തികനഷ്ടം ഒഴിവാക്കുന്നതിനും പൂർണതോതിൽ ശുദ്ധജലലഭ്യത ഉറപ്പുവരുത്തുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പൂർത്തിയായ പദ്ധതികളിൽ മേല്പറഞ്ഞ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു; വിശദമാക്കാമോ?

പഴയ പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി മുതലായ അനുബന്ധ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നു. വിവിധ അവലോകനയോഗങ്ങൾ നടത്തി പദ്ധതിയിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കി പദ്ധതി പുരോഗതി കൈവരിക്കുവാൻ കഴിയുന്നു. വിവിധതലങ്ങളിൽ പ്രവൃത്തിയുടെ വിവിധ ഘടകങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വിവിധ വകുപ്പുമായി ചേർന്ന് വേണ്ട ഏകോപനം നടത്തുകയും ചെയ്യുന്നു. ഇതുവഴി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനോപകാരപ്രദമാക്കുവാൻ സാധിക്കുന്നുണ്ട്.

## പൊതുകിണറുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് നടപടി

218(5665) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുകിണറുകൾ മലിനമാക്കപ്പെട്ട് നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ മാലിന്യമുക്തമാക്കി സംരംക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പൊതുകിണറുകൾ മലിനമാക്കപ്പെട്ട് നാശോന്മുഖമായിരിക്കുന്നത് സംബന്ധിച്ച് ഭൂജലവകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ വകുപ്പ് പൊതുസ്ഥാപനങ്ങളിലെ ഭൂജല സ്രോതസ്സുകളുടെ പരിപോഷണം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഇതിലൂടെ

ജലസ്രോതസ്സുകളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായുള്ള കിണറുകൾ കമ്പിവേലി കെട്ടിയും മാലിന്യ നിക്ഷേപം ശിക്ഷാർഹമാണെന്ന് പരസ്യ ബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്നുണ്ട്.

(ബി) പൊതുകിണറുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇല്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പക്ഷം കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായ വിതരണശൃംഖല എത്തിച്ചേരാത്ത സ്ഥലങ്ങളിൽ ഇത്തരം പൊതുകിണറുകളുടെ ശേഷി പരിശോധിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് ചെറുകിട കുടിവെള്ള പദ്ധതികൾ ആരംഭിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാവുന്നതാണ്.

### പമ്പിംഗ് സ്റ്റേഷനുകളുടെ നവീകരണം

219(5666) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജല അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പമ്പിംഗ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കേരള ജല അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകൾ നവീകരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കാലപ്പഴക്കം ചെന്ന പമ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, പമ്പ് ഹൗസുകളുടെ ഓട്ടോമേഷൻ, നൂതന മോട്ടോറുകൾ, സ്റ്റാർട്ടറുകൾ പവർ കപ്പാസിറ്ററുകൾ എന്നിവ സ്ഥാപിക്കൽ മുതലായ പ്രവൃത്തികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. നിലവിൽ ജല അതോറ്റിയിൽ 439 പമ്പിംഗ് സ്റ്റേഷനുകൾ നവീകരിച്ച് ഓട്ടോമേഷൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) ഉപഭോക്താക്കൾക്ക് തടസ്സരഹിതമായി കുടിവെള്ളം ലഭിക്കുന്ന തരത്തിൽ പമ്പിംഗ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കാര്യക്ഷമത കുറഞ്ഞതും വൈദ്യുതി ഉപഭോഗം കൂടുതൽ വേണ്ടിവരുന്നതുമായ മോട്ടോറുകൾ മാറ്റി ഉയർന്ന കാര്യക്ഷമതയുള്ള പമ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വീകരിക്കും. കാര്യക്ഷമത കുറഞ്ഞതും വൈദ്യുതി ഉപഭോഗം കൂടുതൽ വേണ്ടിവരുന്നതുമായ മോട്ടോറുകൾ മാറ്റി ഉയർന്ന കാര്യക്ഷമതയുള്ള മോട്ടോറുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജല അതോറിറ്റി പുറത്തിറക്കിയിട്ടുണ്ട്. ഉയർന്ന പ്രവർത്തന ക്ഷമതയുള്ള IE2/IE3 മോട്ടോറുകൾ, നൂതന സർക്യൂട്ട് ബ്രേക്കറുകൾ, ഒട്ടോമാറ്റിക് പവർ ഫാക്ടർ കൺട്രോളർ കപ്പാസിറ്ററുകൾ, പമ്പിംഗ് സ്റ്റേഷനുകളുടെ ഓട്ടോമേഷൻ, പ്രൊട്ടക്ഷൻ റിലേകൾ, പമ്പിംഗ് സ്റ്റേഷനുകളുടെ സ്റ്റാൻഡേർഡൈസേഷൻ മുതലായവയാണ് പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ.

## പാലക്കാട് ജില്ലയിലെ ജലവിതരണ പദ്ധതികൾ

220(5667) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിശ്ചയിച്ച ജലവിതരണ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

&

(ബി) ഇവയിൽ കിഫ്ബി അനുമതി നൽകി പ്രവർത്തനം ആരംഭിച്ചതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിവരുന്ന പൂർത്തീകരിച്ചതും പുരോഗമിച്ചുവരുന്നതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച എല്ലാ പദ്ധതികളുടെയും പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൾട്ടി പർപ്പസ് ഡാമുകൾ

221(5668) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ എത്ര മൾട്ടി പർപ്പസ് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രളയ സാധ്യത ഒഴിവാക്കുന്നതിന് ഇത്തരം ഡാമുകൾ എത്രമാത്രം പ്രയോജനകരമാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ 18 മൾട്ടി പർപ്പസ് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. Dynamic flood cushion ഏർപ്പെടുത്തിയും അലെർട്ട് ലെവലുകളനുസരിച്ച് ജലനിരപ്പ് സൂക്ഷിച്ചും അതിതീവ്രമഴയുടെ അവസരത്തിൽ ഡാമിന്റെ ഫ്ലഡ് സോൺ ഉപയോഗപ്പെടുത്തുന്നതിലൂടെയും പ്രളയസാധ്യത ഒഴിവാക്കുന്നതിന് വലിയൊരളവിൽ ഇത്തരം ഡാമുകൾ പ്രയോജനപ്രദമായിട്ടുണ്ട്.

## നദി പുനരുജ്ജീവന പദ്ധതി

222(5669) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദി പുനരുജ്ജീവന പദ്ധതിപ്രകാരം ഏതൊക്കെ നദികളിലാണ് പ്രവൃത്തികൾ നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ ജലലഭ്യത പ്രധാനമായും മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം പ്രാദേശികാവശ്യങ്ങൾക്ക് എത്തിക്കുന്നതിലും വെള്ളക്കെട്ട്/ പ്രളയം ഒഴിവാക്കുന്നതിലും ഗ്രാമീണ/നഗര കുടിവെള്ള പദ്ധതികൾക്ക് ജലം ലഭ്യമാക്കുന്നതിലും നദികൾ പ്രധാന പങ്കുവഹിക്കുന്നു. കൂടാതെ പാരിസ്ഥിതിക സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, കാർഷിക വ്യവസ്ഥ എന്നിവ നിലനിർത്തുന്നതിലും സ്ഥായിയാക്കുന്നതിലും പുഴകളുടെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഇതുകണക്കിലെടുത്ത് പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കുന്നതിന്റെ ഭാഗമായി വരട്ടാർനദി പുനരുജ്ജീവനം, കുട്ടമ്പേരൂർ പുഴ, കാനാമ്പുഴ, കോലറയാർ, മുട്ടംപറപ്പതോട്, കടമ്പ്രയാർ, പെരുംതോട്, പുന്നൂർപ്പുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട്, കിള്ളിയാർ എന്നിവ ശുദ്ധീകരിച്ച് നീരൊഴുക്ക് സാദ്ധ്യമാകുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി"-യുടെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർപ്ലാനുകളിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുള്ള പ്രവർത്തനമാണ് മേൽപ്പറഞ്ഞ പുഴകളിൽ നിർവ്വഹിക്കപ്പെട്ടത്. കൂടാതെ മീനച്ചിൽ-മീനന്തറയാർ-കൊടൂരാർ പുന:സംയോജന പ്രവൃത്തി ജനപങ്കാളിത്തത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജലസേചനവകുപ്പിന്റെ സങ്കേതിക-സാമ്പത്തിക സഹായത്തോടെയും പുനരുജ്ജീവനം നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിലെ കാലോചിത പരിഷ്കരണം

223(5670) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളിൽ പ്രവൃത്തി ആരംഭിച്ച് പത്ത് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത എത്ര പദ്ധതികളുണ്ട്; ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

ഏഴ് എണ്ണം. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനെടുക്കുന്ന അസാധാരണ കാലതാമസം പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ വൻവർദ്ധനവുണ്ടാക്കുകയും പ്രവൃത്തി നടപ്പിലാക്കാനാവാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിലെ സമയപരിധി ഉറപ്പാക്കാൻ ഈ സർക്കാർ എന്ത് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്?

ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യാറുണ്ട്. എന്നാൽ വിവിധ പദ്ധതികളിലെ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം, പൊതുമരാമത്ത്/ എൻ.എച്ച്. തുടങ്ങിയ വകുപ്പുകളുടെ അനുമതി കിട്ടാനുള്ള താമസം, മഴക്കാലവും മറ്റുകാരണങ്ങളാലും റോഡ് മുറിക്കുന്നതിനുള്ള അനുമതിക്ക് നിരോധനം ഏർപ്പെടുത്തുന്നതുമൂലമുള്ള കാലതാമസം, പ്രതികൂല കാലാവസ്ഥയും രൂക്ഷമായ വരൾച്ചയുംമൂലമുള്ള കാലതാമസം തുടങ്ങിയവ വിവിധ പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കാറുണ്ട്. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതും അറ്റകുറ്റപ്പണി സംബന്ധമായ കാര്യങ്ങളും ഒന്നിച്ച് കൊണ്ടുപോകേണ്ടിവരുന്നത് കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ചില അവസരങ്ങളിൽ കാലതാമസമുണ്ടാക്കുന്നുണ്ട്. കാലതാമസമുണ്ടാകുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കേണ്ടതായും വരും. മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പഴയ ലൈനുകൾ മാറ്റുന്ന പ്രവൃത്തിയും ലൈനുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ വിതരണക്കുഴൽ ഇടുന്ന പ്രവൃത്തികളും നടന്നുവരുന്നു. ടാർ കട്ടിംഗ് അനുമതി ലഭിക്കാത്തതും പി.വി.സി. പൈപ്പിന്റെ വിലവർദ്ധനയും പ്രവൃത്തികളെ ഗുരുതരമായി ബാധിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വാട്ടർ അതോറിറ്റിയിൽ കാലോചിതമായി എന്തെല്ലാം പരിഷ്കരണം അത്യാവശ്യമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ കാലോചിതമായി മാറ്റങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ജലഅതോറിറ്റിയുടെ നഷ്ടം ഒഴിവാക്കുന്നതിന് നടപടി**

224(5671) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിതരണ ശൃംഖലയിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ സമയബന്ധിതമായി മാറ്റാത്തതുമൂലമുണ്ടാകുന്ന ചോർച്ചയിലൂടെ ജല അതോറിറ്റിക്ക് ഉണ്ടാകുന്ന വൻനഷ്ടം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. പൈപ്പുകളിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി ചോർച്ചയുള്ള പൈപ്പ് ലൈനിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും നടത്തിവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി അമൃത്, കിഫ്ബി, ജൽജീവൻ മിഷൻ, എ.ഡി.ബി., സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി പഞ്ചായത്ത് ഫണ്ടുകൾ തുടങ്ങിയവയിലൂടെ പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. ഇതുവഴി ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. ജല അതോറിറ്റിയുടെ പരിധിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻവേണ്ടി പ്രത്യേക നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനായി പൈപ്പുകളുടെ Pre delivery, Post delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ C.I.P.E.T. - യെ നിലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിൽ നിന്ന് വായ്പ**

225(5672) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് വാട്ടർ അതോറിറ്റിയിൽ നിന്ന് വായ്പ നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ എത്ര ശതമാനം പലിശനിരക്കിലാണ് വായ്പ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) പലിശ മുൻകൂറായി വാങ്ങാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) വാട്ടർ അതോറിറ്റിയിൽനിന്ന് കരാറുകാർക്ക് വായ്പ നൽകാറില്ല. എന്നാൽ 30-07-2015-ൽ നടന്ന കേരള വാട്ടർ അതോറിറ്റിയുടെ 379-ാമത് ബോർഡ് യോഗത്തിലെ 10144-ാമത് തീരുമാനം അനുസരിച്ച് കരാറുകാരുടെ ബില്ലുകൾ പ്രകാരം നല്കുന്നതിനുള്ള തുക, ബഡ്ജറ്റ് വിഹിതത്തിൽനിന്നും ലഭ്യമാകുന്നതുവരെയുള്ള കാലയളവിലേയ്ക്ക് പ്രസ്തുത ബില്ലുകൾ SBI-യിൽ നിന്നും എടുത്ത ഓവർഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നൽകിയിരുന്നു. അതത് കാലത്ത് അതോറിറ്റിയിൽ നിന്നും ബാങ്ക് ഈടാക്കുന്ന പലിശയ്ക്ക് തുല്യമായ തുക കരാറുകാരിൽനിന്നും ഈടാക്കുന്നുണ്ട്. തുക നൽകുമ്പോൾ ടി തുകയുടെ ഒരു വർഷത്തെ പലിശയ്ക്ക് തുല്യമായ തുക മുൻകൂറായി ബില്ലിൽനിന്നും കുറവുവരുത്തുന്നുണ്ട്.

(ഡി) വായ്പത്തുകയും പലിശയും തിരിച്ചടയ്ക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

&

(ഇ) ബിൽ നൽകുമ്പോൾ പലിശ അടക്കം വായ്പത്തുക കട്ട് ചെയ്യാറാണോ പതിവെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) സർക്കാരിൽനിന്നും ബഡ്ജറ്റ് വിഹിതം കിട്ടുന്ന മുറയ്ക്ക് ഈ ബില്ലുകൾ ഓവർ ഡ്രാഫ്റ്റിൽ അടയ്ക്കുമെന്നും അതുവരെയുള്ള ബാങ്ക് പലിശയ്ക്ക് തുല്യമായ തുക കോൺട്രാക്ടർ വഹിച്ചോളാമെന്നുമുള്ള ഒരു ഉടമ്പടി പ്രകാരമാണ് പ്രസ്തുത ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം അനുവദിച്ചുനൽകിയത്. ഓവർ ഡ്രാഫ്റ്റിൽനിന്നും തുക നൽകി ഒരു വർഷത്തിനകം ബിൽ സെറ്റിൽ ആവുകയാണെങ്കിൽ മിച്ചം വരുന്ന കാലയളവിലേയ്ക്കുള്ള പലിശയ്ക്ക് തുല്യമായ തുക കരാറുകാർക്ക് തിരിച്ചുനൽകുകയും അല്ലാത്തപക്ഷം അധികമായി വരുന്ന കാലയളവിലേയ്ക്കുള്ള പലിശയ്ക്ക് തുല്യമായ തുക കരാറുകാർ വഹിക്കേണ്ടതുമാണ്.

(എഫ്) രണ്ട് വർഷമായിട്ടും കരാറുകാർക്ക് ബിൽ തുക നൽകാതെ പലിശയടയ്ക്കാൻ ആവശ്യപ്പെടുന്നതുമൂലം കരാറുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടും മാനസിക പ്രയാസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോൺട്രാക്ടർമാർക്ക് ഒരു ഇടക്കാല ആശ്വാസം എന്ന രീതിയിലാണ് ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം അനുവദിച്ചത്. 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ സ്റ്റേറ്റ് പ്ലാൻ സ്കീമുകൾക്ക് സർക്കാരിൽനിന്നും അനുവദിച്ചുനൽകിയ തുക കുറവായിരുന്നതിനാൽ ബില്ലുകൾ അതാത് വർഷം സെറ്റിൽ ചെയ്യാൻ സാധിച്ചില്ല. 2020-21 സാമ്പത്തിക വർഷം കൂടുതൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചത് വഴി 262.53 കോടി രൂപയുടെ കുടിശിക ബില്ലുകൾ കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്.

## വാട്ടർ അതോറിറ്റിയിലെ വെള്ളക്കര കുടിശ്ശിക

226(5673) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വെള്ളക്കരയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഏതൊക്കെ കണക്ഷനുകളാണ് വാട്ടർ അതോറിറ്റി ഇതുവരെ വിച്ഛേദിച്ചിട്ടുള്ളത്; വിച്ഛേദിച്ചിട്ടില്ലാത്ത മറ്റുകണക്ഷനുകളിൽ മേൽനടപടി എടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വാട്ടർ ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള 75937 കണക്ഷനുകൾ വിച്ഛേദിച്ചിട്ടുണ്ട്. കുടിശ്ശിക തുക അടയ്ക്കാത്ത എല്ലാ ഉപഭോക്താക്കളുടെയും കണക്ഷനുകൾ യഥാസമയം വിച്ഛേദിക്കുന്നതിനുള്ള മനുഷ്യവിഭവശേഷി നിലവിൽ വാട്ടർ അതോറിറ്റിക്കില്ല എന്നിരുന്നാലും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള ഗാർഹികേതര വിഭാഗത്തിൽപ്പെട്ട കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് മുൻഗണന നൽകിവരുന്നു. കുടിശ്ശിക തുക അടയ്ക്കണമെന്ന സന്ദേശം ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുവേണ്ടി ഓരോ പ്രദേശത്തും കുടിശ്ശിക വരുത്തിയ കണക്ഷനുകളിൽ മുൻഗണനാക്രമത്തിൽ വിച്ഛേദന നടപടി നടത്താറുണ്ട്. ഒരു കണക്ഷനിൽ താൽക്കാലിക വിച്ഛേദനം നടത്തുമ്പോൾപോലും ധാരാളം സമയവും മനുഷ്യശേഷിയും ചിലവഴിക്കേണ്ടതുണ്ട്. കോവിഡ് വ്യാപനം രൂക്ഷമായ സമയങ്ങളിൽ വിച്ഛേദനം നിർത്തി വയ്ക്കുകയുണ്ടായി. വിച്ഛേദിക്കുന്ന കണക്ഷനുകളിൽ കുടിശ്ശിക അടയ്ക്കുന്ന മുറയ്ക്ക് ഉടൻ റീ-കണക്ഷനുകളും നൽകിവരുന്നുണ്ട്.

(ബി) ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളും സർക്കാർ ഉദ്യോഗസ്ഥരും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമാണ് വെള്ളക്കരയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളത്; ഓരോരുത്തരും വരുത്തിയിട്ടുള്ള കുടിശ്ശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവിധ സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക ഇനത്തിൽ 31-07-2021 വരെ 451.04 കോടി രൂപ അതോറിറ്റിക്ക് ലഭിക്കാനുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കെട്ടിടങ്ങളുടെ ഉടമസ്ഥർ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് വാട്ടർ കണക്ഷനുകൾ നൽകിവരുന്നത്. അതിൽ കെട്ടിടത്തിന്റെ മേൽവിലാസവും ഫോൺ നമ്പറും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപഭോക്താക്കളുടെ ജോലി സംബന്ധമായ വിവരങ്ങളൊന്നുംതന്നെ ലെഡ്ജറിലോ ഇ-അബാക്കസ് സോഫ്റ്റ്വെയറിലോ രേഖപ്പെടുത്താറില്ല. ആയതിനാൽ ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) പ്രസ്തുത കാലയളവിലെ വാട്ടർ അതോറിറ്റിയുടെ ആകെ കടവും വാർഷിക നഷ്ടവും എത്രയാണെന്ന് അറിയിക്കുമോ?

വിശദവിവരം അനുബന്ധമായി ചേർക്കുന്നു*

(ഡി) കുടിശ്ശിക തുക മുഴുവൻ ഉടനടി പിരിച്ചെടുത്താൽ നിർദ്ദിഷ്ട വെള്ളക്കര വർദ്ധനവ് കൂടാതെ അതോറിറ്റിക്ക് ലാഭകരമായി പ്രവർത്തിക്കാനാകുമെന്ന് കരുതുന്നുണ്ടോ?

1000 ലിറ്റർ ജലത്തിന്റെ ശരാശരി ഉൽപ്പാദന ചെലവ് 23.89 രൂപയും അതിൽ നിന്ന് ലഭിക്കുന്ന വരുമാനം 10.48 രൂപയുമാണ്. അതായത് 1000 ലിറ്റർ വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുമ്പോൾ അതോറിറ്റിക്ക് 13.41 രൂപയുടെ നഷ്ടമാണുണ്ടാകുന്നത്. നിരക്ക് വർദ്ധനവ് നടപ്പിലാക്കാതെ കേരള വാട്ടർ അതോറിറ്റിക്ക് നഷ്ടം കുറയ്ക്കാൻ സാദ്ധ്യമല്ല. കുടിശ്ശികയായുള്ള തുക പിരിച്ചെടുക്കുന്നതുവഴി അതോറിറ്റി നിലവിൽ കൊടുത്ത് തീർക്കുവാനുള്ള കടവും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ഒരുപരിധിവരെ കൊടുത്ത് തീർക്കാൻ സാധിക്കും.

**ജൽജീവൻ പദ്ധതി**

227(5674) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ കരാറുകാർക്കുള്ള തുക വർദ്ധിപ്പിച്ചുകൊണ്ടും പൈപ്പുകൾക്ക് പൊതുവിപണിയിലുള്ളതിനേക്കാൾ അറുപത് ശതമാനം കൂടുതൽ വിലയിട്ടുകൊണ്ടും വാട്ടർ അതോറിറ്റി ഉത്തരവിറക്കുകയുണ്ടായോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഈ നിരക്ക് വർദ്ധനവ് വാട്ടർ അതോറിറ്റി സർക്കാരിനെ അറിയിച്ചിരുന്നോ?

(എ&ബി)ഇല്ല. എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള മാർക്കറ്റ് റേറ്റുകൾ പുതുക്കി 2021 ഏപ്രിൽ മാസത്തിൽ വാട്ടർ അതോറിറ്റി ഉത്തരവ് ഇറക്കിയിട്ടുണ്ട്. നിലവിലെ വിപണി വിലയെ അടിസ്ഥാനമാക്കിയാണ് ടി നിരക്കുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്, ആയത് അറിയിച്ചിട്ടുമുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനമായ വാട്ടർ അതോറിറ്റിക്കുവേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തി സർക്കാർ നടപ്പാക്കുന്ന പദ്ധതിയായതിനാൽ നിരക്ക് വർദ്ധനവ് സംബന്ധിച്ച കാര്യങ്ങളിൽ അനുമതി വാങ്ങേണ്ടതാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

നോൺ ഷെഡ്യൂൾ വകകൾക്ക് വാട്ടർ അതോറിറ്റിക്ക് സ്വന്തമായി മാർക്കറ്റ് നിരക്കുകൾ പ്രസിദ്ധീകരിക്കുനതിന് 13-03-2020-ലെ G.O.(Rt.) No. 310/2020/PWD പ്രകാരം അധികാരം നൽകിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന്റെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമാണോ ഈ വർദ്ധനവ് അനുവദിച്ചിട്ടുള്ളത്; ഇത് കേരള പി.ഡബ്ല്യൂ.ഡി. റേറ്റിനേക്കാൾ കൂടുതലാണോ; അറിയിക്കുമോ?

സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിന്റെ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് ആണ് കേരള പി. ഡബ്ല്യൂ. ഡി.-യും കേരള വാട്ടർ അതോറിറ്റിയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഉപയോഗിച്ചുവരുന്നത്. എന്നാൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സില്ലാത്ത ഇനങ്ങൾക്ക് സ്വന്തമായി റേറ്റ് പ്രസിദ്ധീകരിക്കുന്നതിന് മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവ് വാട്ടർ അതോറിറ്റിക്ക് അധികാരം നൽകുന്നു. ഇത്തരത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട ഇനങ്ങൾക്കാണ് വാട്ടർ അതോറിറ്റി ഇപ്പോൾ നിരക്കുകൾ പ്രസിദ്ധീകരിച്ചത്.

(ഇ) എങ്കിൽ കേരള പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ റേറ്റ് സ്വീകരിക്കാതെയും സർക്കാർ അനുമതി കൂടാതെയും കരാർ തുക വർദ്ധിപ്പിച്ച് സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷൻ പദ്ധതിക്ക് ഉപയോഗിക്കുന്നതും കേരള പി.ഡബ്ല്യു.ഡി. പ്രസിദ്ധീകരിക്കാത്തതുമായ ഇനങ്ങളുടെ മാർക്കറ്റ് നിരക്കുകൾ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി പ്രസിദ്ധീകരിക്കുകയാണുണ്ടായത് എന്നതിനാലും 2021 ഏപ്രിൽ മാസത്തിലെ വിപണിവിലയെ അടിസ്ഥാനമാക്കിയാണ് നിരക്കുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്നതിനാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ട ആവശ്യകത ഉണ്ടാകുന്നില്ല.

**മുക്കം നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി**

228(5675) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം നഗരസഭയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

മുക്കം മുനിസിപ്പാലിറ്റിയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി മുക്കം, കൊടുവള്ളി മുനിസിപ്പാലിറ്റി, സമീപ പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുത്തി അർബൻ ജൽജീവൻ മിഷനിൽ പദ്ധതി നടപ്പിലാക്കുവാൻവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടിയിൽ നിർമ്മിച്ച ഓഫീസ്-കം-വാട്ടർടാങ്ക് കെട്ടിടം**

229(5676) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭാ പരിധിയിൽ കിഫ്ബി കുടിവെള്ള പദ്ധതിയുടെ ഭാഗമായി സിവിൽസ്റ്റേഷന് സമീപം നിർമ്മിച്ച ഓഫീസ്-കം-വാട്ടർടാങ്ക് കെട്ടിടത്തിൽ ഓഫീസ് സൗകര്യത്തിന് ഉപയോഗിക്കാവുന്ന എത്ര സ്ക്വയർ ഫീറ്റ് സ്ഥലമുണ്ടെന്ന് വിശദമാക്കാമോ?

8500 സ്ക്വയർ ഫീറ്റ്.

(ബി) വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം ഓഫീസുകളാണ് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറുവാൻ പോകുന്നതെന്ന് അറിയിക്കാമോ?

കൊയിലാണ്ടി സബ്ഡിവിഷൻ ഉൾപ്പെടെ രണ്ട് സെക്ഷൻ ഓഫീസുകളും ക്വാളിറ്റി കൺട്രോൾ ഓഫീസുമാണ് പ്രസ്തുത കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത്.

(സി) മറ്റേതെങ്കിലും സർക്കാർ വകുപ്പുകളുടെ ഭാഗത്തുനിന്നും പ്രസ്തുത സ്ഥലം ഓഫീസിനായി അനുവദിക്കണമെന്ന അപേക്ഷ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഇല്ല.

(ഡി) പ്രസ്തുത കെട്ടിടത്തിലേയ്ക്ക് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട ഓഫീസുകൾ മാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ?

ഓഫീസ് പ്രവർത്തിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## ആസ്ബസ്റ്റോസ് സിമന്റ് പൈപ്പ്ലൈനുകളുടെ അവസ്ഥ

230(5677) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ആസ്ബസ്റ്റോസ് സിമന്റ് പൈപ്പ്ലൈനുകൾ ഏതൊക്കെയെന്ന് പ്രദേശം, നീളം എന്നിവ സഹിതം അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള എ.സി. പൈപ്പുകളുടെ പ്രദേശം, നീളം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ആസ്ബസ്റ്റോസ് സിമന്റ് കുടിവെള്ള പൈപ്പ്ലൈനുകൾ പൊട്ടി റോഡ് തകരാറിലാകുന്നതും കുടിവെള്ള ലഭ്യതയ്ക്ക് തടസ്സമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പൈപ്പ്ലൈൻ പൊട്ടി കുടിവെള്ളം പാഴാകുന്ന സ്ഥിതി അടിയന്തരമായി പരിഹരിക്കുന്നതിന് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ എന്തൊക്കെ സംവിധാനങ്ങൾ ആണ് നിലവിലുള്ളത്;

&

(ഡി) ഇത്തരം അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനാവശ്യമായ ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി-ഡി) ഉണ്ട്. നിലവിൽ എ.സി. പൈപ്പുകൾ റിപ്പയർ ചെയ്ത് പ്രശ്നം പരിഹരിക്കുകയാണ് ചെയ്യുന്നത്. ശ്വാശ്വത പരിഹാരമായി വേളം കുടിവെള്ള പദ്ധതിയിലെ എ.സി.പൈപ്പ് മാറ്റുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 1.795 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് പി.ഡബ്ല്യു.ഡി.- യിൽനിന്ന് റോഡ് കട്ടിംഗ് അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മറ്റ് പഞ്ചായത്തുകളിലെ എ.സി. പൈപ്പുകൾ ജൽജീവൻ മിഷൻ പദ്ധതികൾ പൂർത്തിയാക്കുന്നതോടുകൂടി മാറ്റപ്പെടുന്നതാണ്. പ്രസ്തുത പദ്ധതികൾ നടപ്പിലാകുന്നതോടുകൂടി എ.സി. പൈപ്പുകൾ പൊട്ടുന്ന പ്രശ്നത്തിന് പരിഹാരമാവുന്നതാണ്. പൈപ്പ് ലൈൻ പൊട്ടി കുടിവെള്ളം പാഴാവുന്ന സ്ഥിതിക്ക് അടിയന്തര പരിഹാരമായി അംഗീകൃത മെയിന്റനൻസ് കരാറുകാർ മുഖേന പൈപ്പ്ലൈൻ റിപ്പയർ ചെയ്ത് പ്രശ്നം പരിഹരിക്കുന്നുണ്ട്. ഇത്തരം അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനാവശ്യമായ ഉദ്യോഗസ്ഥ സംവിധാനം നിലവിലുണ്ട്.

**കുട്ടനാട്ടിൽ കുടിവെള്ള വിതരണം സുഗമമാക്കാൻ നടപടി**

231(5678) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കുടിവെള്ള വിതരണത്തിൽ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി തകരാർ, AC റോഡിൽ നടന്നുവരുന്ന റോഡ് നവീകരണ പ്രവൃത്തികൾ, കുടിവെള്ള പൈപ്പ്ലൈനുകൾ പൊട്ടൽ എന്നിവ കാരണം കുട്ടനാട്ടിൽ കുടിവെള്ള വിതരണത്തിൽ തടസ്സമുണ്ടാകാറുണ്ട്. ജലവിതരണ പൈപ്പുകളിലെ ചോർച്ച യഥാസമയം പരിഹരിച്ചും മറ്റുതടസ്സങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ തലത്തിൽ ചർച്ചകൾ നടത്തി പരിഹരിച്ചും ജലവിതരണം സുഗമമാക്കാൻ ശ്രമിച്ചുവരുന്നു. കൂടാതെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് KRFB-ക്ക് സമർപ്പിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ KRFB പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരമെന്ന നിലയിൽ കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം മുഖാന്തരം സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പദ്ധതി ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശങ്ങളിൽ ഉൾപ്പെടുന്ന രാമങ്കരി, നീലംപേരൂർ, എടത്വാ, കാവാലം, പുളിങ്കുന്ന് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാലത്ത് മഴവെള്ളം യഥേഷ്ടം

സംഭരിച്ച് ഉപയോഗിക്കുന്നതിനും വേനൽമാസങ്ങളിൽ സംഭരിച്ച് സൂക്ഷിച്ച മഴവെള്ളം ചിട്ടയോടെ ഉപയോഗിക്കുന്നതിനും സാധിക്കുംവിധമാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(ബി) കുടിവെള്ള വിതരണത്തിനുവേണ്ടി ആവശ്യത്തിന് പമ്പ് ഓപ്പറേറ്റേഴ്സും മറ്റുസൗകര്യങ്ങളും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

ജലശുദ്ധീകരണശാല ഒഴികെയുള്ള മറ്റെല്ലാ ഗ്രാമീണ കുടിവെള്ള പദ്ധതികളിലും കേരള വാട്ടർ അതോറിറ്റി ഓട്ടോമേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇവിടങ്ങളിൽ ഓപ്പറേറ്റർമാരുടെ ആവശ്യമില്ല. മറ്റിടങ്ങളിൽ ആവശ്യത്തിന് ജീവനക്കാർ നിലവിലുണ്ട്. നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽ ദിവസം 3 ഷിഫ്റ്റിംഗ് വീതം നടത്തി വരുന്നു. ഒരു ഷിഫ്റ്റിൽ 3 ഓപ്പറേറ്റർ വീതം ആകെ 9 ഓപ്പറേറ്റർമാരുണ്ട്. എടത്വ സബ്ഡിവിഷന്റെ കീഴിൽ നിലവിൽ 27 ട്യൂബ് വെല്ലുകൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഒരെണ്ണം ഒഴികെ ബാക്കിയെല്ലാം ഓട്ടോമേറ്റഡ് ആണ്.

(സി) നിലവിൽ പൂർത്തിയായിട്ടുള്ള പൈപ്പ് ലൈനുകൾ കണക്റ്റ് ചെയ്ത് പരമാവധി പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

13-ാം ധനകാര്യകമ്മീഷന്റെ സഹായത്താൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഭാഗമായി നീരേറ്റുപുറത്തെ 14 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയിൽനിന്നും മാമ്പുഴക്കരി വരെ 12328 മീറ്റർ നീളത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലെ 2000 കുടുംബങ്ങൾക്ക് ആഗസ്റ്റ് 2019 മുതൽ ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ചമ്പക്കുളം, രാമങ്കരി, പുളിങ്കുന്ന് (ഭാഗികം) എന്നീ പഞ്ചായത്തുകളിലേയ്ക്ക് ജല വിതരണത്തിനായി പള്ളിക്കൂട്ടുമ്മ മുതൽ കാവാലം വരെ 5580 മീറ്റർ നീളത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. കിടങ്ങറയിൽനിന്നും നീലംപേരൂർ വരെ 11400 മീറ്റർ പൈപ്പ് ലൈനുകളും എടത്വയിൽനിന്നും വീയപുരംവരെ 6500 മീറ്റർ പൈപ്പ്ലൈനുകളും 2019 സെപ്റ്റംബറിൽ സ്ഥാപിച്ചിട്ടുണ്ട്. തകഴി പഞ്ചായത്തിൽ 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുകയും തകഴി 62 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച്, പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി 2020 നവംബറിൽ കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തകഴി, എടത്വ, വെളിയനാട്, തലവടി, മുട്ടാർ, നീലംപേരൂർ എന്നീ പഞ്ചായത്തുകളിലായി 46 കി.മി. വിതരണ ശൃംഖല

സ്ഥാപിക്കേണ്ടതിൽ 36 കി.മി. 2021 മാർച്ചിൽ പൂർത്തീകരിച്ചു. ജലലഭ്യത കുറവായതിനാലും വിതരണശൃംഖല പഴക്കം ചെന്നതിനാലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി പൂർത്തിയായാൽ മാത്രമേ ഒന്നാം ഘട്ടത്തിൽ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂ.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

232(5679) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2017 സാമ്പത്തിക വർഷം മുതൽ ഇതുവരെ കിഫ്ബിയിൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും പൂർത്തിയാക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ ഒന്നുംതന്നെയില്ല. പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കാലയളവിൽ സ്റ്റേറ്റ് പ്ലാനിൽ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച സ്കീമുകളിൽ 10 സ്കീമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 2019-20-ൽ അനുമതി ലഭിച്ചിരുന്നു. ഇതിൽ തുടർനടത്തിപ്പ് മാർഗ്ഗനിർദ്ദേശം അംഗീകരിച്ച ഊരക്കാട്, സ്നേഹ എന്നീ പദ്ധതികളിൽ അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇവ സംബന്ധിച്ചുള്ള സമിതികളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.* ജലസേചനവും ഭരണവും കാര്യാലയത്തിനുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായും ഭൂജല വകുപ്പിനുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായും ജലഅതോറിറ്റി മുഖേനയുള്ള പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. 2020-21 സാമ്പത്തിക വർഷം ഊരക്കാട് പദ്ധതിക്ക് അഡീഷണൽ സ്രോതസ്സ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 9 ലക്ഷം രൂപയുടെ പദ്ധതിക്കും സാഗര എന്ന സമിതിയുടെ സ്കീമിനുവേണ്ടി 4 ലക്ഷം രൂപയുടെ പദ്ധതിക്കും അനുമതി നൽകിയിരുന്നുവെങ്കിലും പഞ്ചായത്ത് വിഹിതം ലഭ്യമാക്കാത്തതിനാൽ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടില്ല,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ കാലയളവിൽ ജൽജീവൻ മിഷൻ അനുമതി ലഭിച്ച് പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21-ൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അടാട്ട്, ആവനൂർ, കോലാഴി, മുളംകുന്നത്തുകാവ്, തോളൂർ, തെക്കുംകര എന്നീ പഞ്ചായത്തുകൾക്കായി 4100 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 672.38 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടന്നുവരുന്നു. ഇതിൽ തോളൂർ പഞ്ചായത്തിലെ പണി പൂർത്തിയായിട്ടുണ്ട്. ഇതുവരെ 1961 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**കരുനൃകയം കുടിവെള്ള പദ്ധതി**

233(5680) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ കരുനൃകയം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2017-18 സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച കരിനൃകയം ശുദ്ധജലവിതരണ പദ്ധതിക്ക് 31-3-2018-ൽ ഭരണാനുമതിയും 19-11-2018-ൽ കിഫ്ബിയിൽനിന്നും 68.64 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പഞ്ചായത്തുകൾക്കായുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണമാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്നത്. 6 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാല, പനച്ചേപ്പള്ളി, തമ്പലക്കാട് എന്നിവിടങ്ങളിൽ ജലസംഭരണികൾ, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പുസെറ്റുകൾ, പമ്പിംഗ് മെയിനുകൾ, കാഞ്ഞിരപ്പള്ളി, എലിക്കുളം, ചിറക്കടവ് പഞ്ചായത്തുകളിലെ വിതരണശൃംഖല തുടങ്ങിയവ ഉൾപ്പെടുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി കാഞ്ഞിരപ്പള്ളി താലൂക്കിലെ കൂവപ്പള്ളി വില്ലേജിൽ ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി 50 സെന്റ്, പനച്ചേപ്പള്ളി ജലസംഭരണിക്കായി 10 സെന്റ്, കാഞ്ഞിരപ്പള്ളി താലൂക്കിലെ കാഞ്ഞിരപ്പള്ളി വില്ലേജിൽ തമ്പലക്കാട് ജലസംഭരണിക്കായി 8 സെന്റ് എന്നിങ്ങനെ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുടർനടപടി പുരോഗമിക്കുന്നു. ഇപ്പോൾ സാമൂഹികാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുമെന്നതിനാൽ ഈ പദ്ധതി മൂന്ന് പാക്കേജുകളിലായി പുനർവിന്യാസം ചെയ്ത് നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. പുനർവിന്യാസം ചെയ്ത പാക്കേജ് വിവരങ്ങൾ (അംഗീകൃത ഡി.ഇ.ആർ. പ്രകാരമുള്ള തുക) അനുബന്ധമായി ചേർക്കുന്നു*. ജലശുദ്ധീകരണശാലയും ജലസംഭരണികളും ഉൾപ്പെടെ സ്ഥലമേറ്റെടുക്കേണ്ട നിർമ്മാണ ഘടകങ്ങളും പമ്പുസെറ്റുകൾ ഉൾപ്പെടെയുള്ള ഉൽപ്പാദക ഘടകങ്ങളും കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ വിതരണ ശൃംഖലയും ഒന്നാം പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്ഥലമേറ്റെടുത്താൽ സാങ്കേതികാനുമതി നൽകാവുന്ന തരത്തിൽ ഒന്നാം പാക്കേജിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള ഘടകങ്ങളിൽനിന്നും ജലവിതരണം സാധ്യമാക്കാവുന്ന തരത്തിൽ പുനർവിന്യാസം ചെയ്ത രണ്ടുമൂന്ന് പാക്കേജുകൾക്ക് സാങ്കേതികാനുമതി നൽകി. പാലാ നിയോജകമണ്ഡലത്തിലെ എലിക്കുളം പഞ്ചായത്തിലെ വിതരണ ശൃംഖല ഉൾപ്പെടുന്ന മൂന്നാം പാക്കേജിന് 28-6-2021-ൽ 25.47 കോടി രൂപയ്ക്ക് 12 മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാർ ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. ചിറക്കടവ് പഞ്ചായത്തിലെ വിതരണശൃംഖലയും പൊൻകുന്നം, തമ്പലക്കാട് എന്നിവിടങ്ങളിലേയ്ക്കുള്ള പമ്പിംഗ് മെയിനുകളും ഉൾപ്പെട്ടിട്ടുള്ള രണ്ടാം പാക്കേജിൽ 13.87 കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെൻഡറുകൾ ക്ഷണിച്ചെങ്കിലും കരാറുകാർ പങ്കെടുക്കാത്തതിനാൽ ഈ പ്രവൃത്തി റീ-ടെൻഡർ ചെയ്തിരിക്കുകയാണ്.

## കേരള വാട്ടർ അതോറിറ്റിയിൽ പ്ലംബിംഗ് ഇൻസ്പെക്ടർ/പ്ലംബർ തസ്തിക

234(5681) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ പ്ലംബിംഗ് ഇൻസ്പെക്ടർ/പ്ലംബർ തസ്തികയുടെ ഡ്യൂട്ടിയിൽ വ്യക്തത വരുത്തി 17-7-2021-ൽ മാനേജ്മെന്റ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ആക്ട്, റഗുലേഷൻ എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്ലംബർ/പ്ലംബിംഗ് ഇൻസ്പെക്ടർ എന്നിവർക്ക് ഡ്യൂട്ടി നൽകണമെന്ന് നിഷ്കർഷിക്കുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർദ്ദേശം എത്ര ദിവസത്തിനുള്ളിൽ നടപ്പിൽ വരുത്താൻ കഴിയുമെന്ന് അറിയിക്കാമോ?

നിലവിലുള്ള ആക്ട്, റെഗുലേഷൻസ് എന്നിവയിലെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുവാനുള്ളതായതിനാൽ ഇത് നടപ്പിൽവരുത്താൻ പ്രത്യേക സമയപരിധി ആവശ്യമില്ല.

**ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ**

235(5682) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡാക്കിന്റെ എറണാകുളം റീജിയണൽ ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരവെ 16-4-2017-ന് മരണപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ കരയിൽ പുത്തൻകാട് വീട്ടിൽ പി. കെ. ദിനേശന്റെ മകൻ രജിഷ് പി. ആർ. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ;

&

(ബി) 24-5-2017-ന് സമർപ്പിച്ച അപേക്ഷയിൽ നിയമനം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; ആശ്രിത നിയമനം എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) അഡാക്കിൽ ആശ്രിതനിയമനം നൽകണമെന്നാവശ്യപ്പെട്ട് 24-5-2017-ന് ശ്രീ. രജീഷ് പി. ആർ. സമർപ്പിച്ച അപേക്ഷ ടി സ്ഥാപനത്തിൽ ആശ്രിതനിയമനം നൽകുന്നതിനുള്ള വ്യവസ്ഥകളോ ചട്ടങ്ങളോ നിലവിലില്ലാത്തതിനാൽ മാനുഷിക പരിഗണന നൽകി അഡാക്ക് ഗവേണിംഗ് ബോഡി പരിഗണിക്കുകയും ടി-യാന് അഡാക്ക് എറണാകുളം റീജിയണൽ എക്സിക്യൂട്ടീവ് ഓഫീസിൽ വാച്ച്മാൻ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീ. രജീഷ് പി.ആർ., നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 12-2-2021-ലാണ്. പ്രസ്തുത അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## സഹകരണസംഘങ്ങളിൽ നിന്നെടുത്ത വായ്പ

236(5683) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾ സഹകരണസംഘങ്ങളിൽ നിന്നെടുത്ത വായ്പകളിലെ ജപ്തി നടപടികളിൽ ഏർപ്പെടുത്തിയിരുന്ന മൊറട്ടോറിയം പിൻവലിച്ചിട്ടുണ്ടോ; ഈ പ്രതിസന്ധി രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ മൊറട്ടോറിയം ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ 31-12-2008 വരെ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടിയുൾപ്പടെയുള്ള റിക്കവറി നടപടികളിൽ നിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് മൊറട്ടോറിയത്തിന്റെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

## ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശരഹിത വായ്പ

237(5684) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശ രഹിത വായ്പ നൽകി വള്ളവും വലയും വാങ്ങുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവ വാങ്ങുന്നതിന് പലിശ രഹിത വായ്പ 2018-19 വർഷം മുതൽ മത്സ്യഫെഡ് മുഖേന നൽകിവരുന്നു. എന്നാൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചല്ല ഈ വായ്പകൾ നൽകുന്നത്.

(ബി) ഈ പദ്ധതിയിൽ മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലയളവിലും എത്രപേർക്ക് ആനുകൂല്യം നൽകിയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാന ഫിഷറീസ് നയം

238(5685) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ലക്ഷ്യമിട്ടാണ് നിലവിലെ സംസ്ഥാന ഫിഷറീസ് നയം രൂപീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാന മത്സ്യമേഖലയിൽ കടലിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യസമ്പത്തിന്റെ സംരക്ഷണവും വികസനവും വിനിയോഗവും പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കി മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക, മത്സ്യകൃഷിയിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, മൂല്യ വർദ്ധനവ് നടത്തി വിളവിന് പരമാവധി വില ലഭ്യമാക്കുക, മത്സ്യകർഷകരുടെ ആളോഹരി വരുമാനം ഇരട്ടിയാക്കുക, സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തി മത്സ്യത്തൊഴിലാളികളുടെ ശരാശരി ആളോഹരി വരുമാനം പൊതുസമൂഹത്തിന്റെ വരുമാനത്തിന് തുല്യമായി ഉയർത്തിക്കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായാണ് നിലവിലെ സംസ്ഥാന ഫിഷറീസ് നയം 2019 രൂപീകരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാന ഫിഷറീസ് നയത്തിൽ കാലികമായ മാറ്റംവരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ മത്സ്യബന്ധനനയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മത്സ്യബന്ധനാവകാശം മത്സ്യത്തൊഴിലാളികൾക്ക് എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി, മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ ഊന്നിക്കൊണ്ട് ഒരു കരട് നയത്തിന് രൂപം നൽകുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) പുതിയ നയത്തിന്റെ കരട് രൂപീകരണത്തിന് എന്തൊക്കെ വിഷയങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയ നയത്തിന്റെ കരട് രൂപീകരണത്തിന് പരിഗണിക്കുന്ന വിഷയങ്ങൾ താഴെ ചേർക്കുന്നു.

1. സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര വികസനം.

2. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ സുസ്ഥിര വികസനം.

3. സമുദ്ര ഉൾനാടൻ വിഭവങ്ങളുടെ പങ്കാളിത്ത സംരക്ഷണവും പരിപാലനവും.

4. ഉൽപ്പാദനത്തിലും മത്സ്യബന്ധന/മത്സ്യ കൃഷിയിലുമുള്ള സാങ്കേതിക വിദ്യയുടെ ഇടപെടൽമൂലം മത്സ്യത്തൊഴിലാളികളുടെയും മത്സ്യ കർഷകരുടെയും വൈദഗ്ദ്ധ്യവും വരുമാനവും വർദ്ധിപ്പിക്കൽ.

5. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, വിദ്യാഭ്യാസം, പരിശീലനം.

6. മത്സ്യകൃഷി വികസനം, ജലവിഭവങ്ങളുടെ കൃത്യമായ ഉപയോഗം, മത്സ്യയിനങ്ങളുടെ വൈവിദ്ധ്യവത്കരണം, സംയോജിത മത്സ്യകൃഷി, പരിസ്ഥിതി സൗഹൃദ മത്സ്യകൃഷി രീതി, നാടൻ മത്സ്യയിനങ്ങളുടെ ഉപയോഗം, അലങ്കാര മത്സ്യം, രോഗങ്ങളെ തടയലും നിരീക്ഷണവും, നൂതന സാങ്കേതിക വിദ്യകൾ, മത്സ്യകൃഷിയിലെ പങ്കാളിത്ത ഇടപെടലുകൾ.

7. വിപണനം, വാല്യൂ അഡിഷൻ, മത്സ്യങ്ങളുടെയും മത്സ്യ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പിക്കൽ.

8. സമുദ്ര, ഉൾനാടൻ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം.

9. തീരദേശ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം.

10. മത്സ്യ-തീരദേശ ടൂറിസവും അതിന്റെ വികസനത്തിനുള്ള സാധ്യതകളും.

11. ഇതര ഉപജീവനവും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും.

12. സ്ത്രീ ശാക്തീകരണം.

13. ദുരന്ത നിവാരണം.

14 .ഫിഷറീസ് സഹകരണ മേഖലയെ ശക്തിപ്പെടുത്തുക.

15. ഫിഷറീസ് മേഖലയിലെ നിയമവും നിയന്ത്രണങ്ങളും.

**സജീവ മത്സ്യത്തൊഴിലാളികളുടെ കണക്ക്**

239(5686) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സജീവ മത്സ്യത്തൊഴിലാളികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2020 വർഷത്തെ) അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

240(5687) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതിയിലുൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി എത്ര മത്സ്യകൃഷി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങൾ വഴി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ മത്സ്യകൃഷി പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## മത്സ്യഫെഡിന്റെ ഔട്ട്‌ലെറ്റ്

241(5688) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യഫെഡിന്റെ ഒരു ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് 9-2-2019-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ആധുനിക മത്സ്യമാർക്കറ്റുകൾ

242(5689) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യമാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മാർക്കറ്റുകൾക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾ ആധുനിക മത്സ്യമാർക്കറ്റുകളായി ഉയർത്തുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

**മത്സ്യത്തിന്റെ ആദ്യ വില്പനാവകാശം**

243(5690) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീമതി കെ.കെ.രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽനിന്നും പിടിക്കുന്ന മത്സ്യത്തിന്റെ ന്യായവില ഉറപ്പാക്കാൻ ആദ്യ വില്പനാവകാശം തങ്ങൾക്ക് നൽകണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിക്കുമോ?

പരിഗണനയിലാണ്.

(ബി) പ്രസ്തുത അവകാശം നിലവിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് ആണോയെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത അധികാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് നൽകാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ?

(ബി&സി) അടിസ്ഥാനസൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മെച്ചപ്പെട്ട പരിപാലനം ഉറപ്പുവരുത്തുന്നതിനുമായി 19 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറിനുള്ളിലെ മത്സ്യലേലത്തിലും വില്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് അർഹമായ വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യവില്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയ ചുമതലകളും കർത്തവ്യങ്ങളുമാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയിൽ നിക്ഷിപ്തമായിട്ടുള്ളത്.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം

244(5691) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി സംസ്ഥാനത്ത് സർക്കാർ അംഗീകരിച്ച എത്ര സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

താല്പര്യപത്രം ക്ഷണിച്ചാണ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് നൽകുന്നതിന് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ ബ്രില്യൻസ് സ്റ്റഡി സെന്റർ പാലാ, ആൽഫാ അക്കാഡമി ആലപ്പുഴ, പ്രൊഫ. പി. സി. തോമസ് ക്ലാസസ്സ്, തൃശ്ശൂർ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകിയത്. ഈ വർഷം കോച്ചിംഗ് നൽകുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

(ബി) ഇവിടെ 2016 മുതൽ 2021 നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കാണ് പരിശീലനം നൽകി വരുന്നത്; വ്യക്തമാക്കാമോ?

2016-17-ൽ 33 വിദ്യാർത്ഥികൾക്കും 2017-18-ൽ 50 വിദ്യാർത്ഥികൾക്കും 2018-19-ൽ 56 വിദ്യാർത്ഥികൾക്കും 2019-20-ൽ 84 വിദ്യാർത്ഥികൾക്കും 2020-21-ൽ 61 വിദ്യാർത്ഥികൾക്കും ഉൾപ്പെടെ ആകെ 284 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) 2016-21 കാലയളവിൽ പ്രസ്തുത പരിശീലനത്തിനായി എത്ര തുകയാണ് സർക്കാർ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

2016-17 മുതൽ 2020-21 വരെ പ്രസ്തുത പരിശീലനത്തിനായി ഒരു വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, മെസ്സ് അലവൻസ്, പുസ്തകങ്ങൾ ഉൾപ്പെടെ 1,30,000 രൂപ നിരക്കിൽ 284 വിദ്യാർത്ഥികൾക്ക് 3.692 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതി

245(5692) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി ഓരോ ഗുണഭോക്താവിനും പത്ത് ലക്ഷം രൂപ സഹായമാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഭൂമിവിലയും ഭവന നിർമ്മാണത്തിനുള്ള ധനസഹായവും ഉൾപ്പെടെ പരമാവധി 10 ലക്ഷം രൂപ വരെയാണ് അനുവദിക്കുന്നത്.

(ബി) ഉപ്പുകലർന്ന കടൽക്കാറ്റിലും മറ്റ് പ്രതികൂല സാഹചര്യത്തിലും മത്സ്യത്തൊഴിലാളി മേഖലയിലെ വീടുകൾക്ക് സംഭവിക്കുന്ന കേടുപാടുകൾ പരിഹരിക്കാൻ അറ്റകുറ്റ പണിയ്ക്കുള്ള ഫണ്ട് ലഭ്യമാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണം നടപ്പിലാക്കുന്നില്ല. അർഹരായ എല്ലാവർക്കും സമ്പൂർണ പാർപ്പിടം ലക്ഷ്യമിട്ട് ലൈഫ് മിഷൻ പദ്ധതി വഴിയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാവർക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കുന്നത്. തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. നിലവിൽ ഭവന പുനരുദ്ധാരണ പദ്ധതികൾ പരിഗണനയിലില്ല. 2016-17-ൽ ഭവന അറ്റകുറ്റപ്പണിക്ക് 4,000 പേർക്ക് ധനസഹായം അനുവദിച്ചതിൽ 3,766 പേർ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

## ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിവാങ്ങുന്ന പദ്ധതി

246(5693) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ എത്ര കുടുംബങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് ജില്ലതിരിച്ച് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതിപ്രകാരം 736 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

**മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി**

247(5694) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമുദ്ര തീരത്തിന്റെ അമ്പത് മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ സാധിച്ചിട്ടുണ്ട്; ഈ പദ്ധതി നടപ്പാക്കുന്നതിൽ പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വേലിയേറ്റരേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതിൽ മാറിത്താമസിക്കാൻ തയ്യാറായ 7,692 കുടുംബങ്ങളിൽ 10-08-2021 വരെ പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2,275 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 1,634 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1156 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 428 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1,174 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് തീരദേശത്തുനിന്ന് മാറി താമസിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിലുള്ള കാലതാമസവും തീരദേശ മേഖലയിൽ വലിയ ഭവനമുള്ളവരും 5 സെന്ററിൽ കൂടുതൽ ഭൂമിയുള്ളവരും മാറാൻ വിമുഖത കാണിക്കുന്നതും പദ്ധതി നടപ്പാക്കുന്നതിൽ നേരിടുന്ന പ്രായോഗിക വൈഷമ്യങ്ങളാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

248(5695) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതികൾക്ക് തൊഴിൽ പ്രാവീണ്യം നേടിയെടുക്കുന്നതിന് പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) അമിത പലിശക്കാരിൽ നിന്ന് സ്ത്രീകളായ മത്സ്യവിപണന തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ച് നടത്തിയ പ്രവർത്തനത്തിന്റെ ഫലമറിയിക്കാമോ?

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് പോകുന്നതിനാവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ആശ്രയിക്കുന്ന പ്രവണതയിൽനിന്ന് ഒഴിവാക്കുന്നതിനും അവരെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്നും മുക്തരാക്കുന്നതിനും വേണ്ടിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ളത്. തലച്ചുമടായി മത്സ്യം വിൽക്കുന്ന സ്ത്രീകൾ, പീലിംഗ്, മത്സ്യാനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് 5 പേരടങ്ങുന്ന 350 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി 3R Project (3R Package For Ensuring Sustainable Livelihoods of Fisher women in Kerala (Rebuilding, Revival, Reforms)), JLG Project (JLG Project for Ensuring Livelihood Security of Fisher women in Kerala 2020-21) എന്നീ പദ്ധതികളിലൂടെ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 504 JLG-കൾക്കായി 252 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചുകഴിഞ്ഞു. ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രവർത്തന മൂലധനമായി ഒരംഗത്തിന് 10,000 രൂപ വീതം ഒരു ഗ്രൂപ്പിന് 50,000 രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന JLG പദ്ധതിയിലൂടെ 1500 ഗുണഭോക്താക്കളടങ്ങുന്ന 300 JLG-കൾ

ആരംഭിക്കുക വഴി 150 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്യാൻ സാധിക്കും. റിവോൾവിംഗ് ഫണ്ടായി അനുവദിച്ചിരിക്കുന്ന ഗ്രൂപ്പുകൾ തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് അടുത്ത ഘട്ടം റിവോൾവിംഗ് ഫണ്ടായി അനുവദിക്കുകയും ചെയ്യുന്നു.

(സി) തീരമൈത്രി യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ശാക്തീകരിക്കാനും നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നു; വിശദീകരിക്കുമോ?

തീരമൈത്രി യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കാനും ശാക്തീകരിക്കാനും നടത്തിയ ഇടപെടലുകൾ താഴെചേർക്കുന്നു.

a) പലിശ രഹിത ചാക്രീകമൂലധന സഹായം (Interest free Working Capital Revolving Fund).

b) സാങ്കേതികവിദ്യാ നവീകരണ പദ്ധതി (Technology Improvement).

c) കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme).

d) യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ.

e) ബ്രാൻഡിംഗ് & മാർക്കറ്റിംഗ് (Branding and Marketing,) Hygienic Refrigerated Mobile Fish Vending KIOSK, കേരള ബാങ്ക് മുഖേന ദീർഘകാല വായ്പാ പദ്ധതി, കിസാൻ ക്രെഡിറ്റ്കാർഡ് വായ്പാ പദ്ധതി, K.S.W.D.C. മുഖേനയുള്ള NMDFC വായ്പാ പദ്ധതി.

**പുനർഗേഹം പദ്ധതി**

249(5696) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനർഗേഹം പദ്ധതിയിലൂടെ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് വീട് നൽകാൻ സാധിച്ചിട്ടുണ്ട്; ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പുനർഗേഹം പദ്ധതിപ്രകാരം മാറി താമസിക്കാൻ തയ്യാറായ 7692 കുടുംബങ്ങളിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2275 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി

അംഗീകരിക്കുകയും ആയതിൽ 1634 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1156 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 428 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1174 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി 9 തീരദേശ ജില്ലകളിൽ 9 കോ-ഓർഡിനേറ്റർമാരെയും 80 മോട്ടിവേറ്റർമാരെയും താൽക്കാലികമായി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജില്ലാ ഫിഷറീസ് ഓഫീസർ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാനതല കോ-ഓർഡിനേറ്ററുമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ കൂടുകയും ബന്ധപ്പെട്ട തലങ്ങളിൽ കൃത്യമായ അവലോകനങ്ങൾ നടത്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ

250(5697) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിൽ മേഖലയിലും അനുബന്ധ മേഖലയിലും പണിയെടുക്കുന്ന സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ;

&

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അവർക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്?

(എ&ബി) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാഫ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ:

(a) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ്.

(b) മത്സ്യബന്ധന സമയംതൊട്ടോ പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം.

(c) വിവാഹ ധനസഹായ പദ്ധതി

(d) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

(e) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായ പദ്ധതി.

(f) കുടുംബ ധനസഹായ പദ്ധതി.

(g) മാരകരോഗ ചികിത്സാ പദ്ധതി.

(h) ചെയർമാൻ റിലീഫ് ഫണ്ട്.

(i) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

(j) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

2. സാഫ് നടപ്പിലാക്കുന്ന പദ്ധതികൾ: മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിച്ചു. കൂടാതെ തീരമൈത്രി സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ബാങ്കുകൾ വഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ സബ്സിഡി സാഫിൽനിന്നും അനുവദിക്കുന്നു. തീരമൈത്രി യൂണിറ്റുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായി സാഫ് സഹായം നൽകുന്നു. അഷ്ടമുടി ഫേസ് II പദ്ധതിപ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ കൊല്ലം കുണ്ടറയിൽ അപ്പാരൽ പാർക്ക് ആരംഭിച്ചു. ഇതുവഴി ഇവർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പുവരുത്തുന്നു. 3R Package For Ensuring Sustainable Livelihoods

of Fisherwomen in Kerala (Rebuilding, Revival, Reforms) പദ്ധതിയുടെ ഭാഗമായി ആലപ്പുഴ, കൊല്ലം ജില്ലകളിലും JLG Project for Ensuring Livelihood Security of Fisherwomen in Kerala 2020-21 പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലുമായി 350 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഒരു ജെ.എൽ.ജി. യൂണിറ്റിന് 50,000 രൂപ വച്ച് പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്യുന്നു. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് 2020-21 പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി തീരമൈത്രി 46 സീഫുഡ് റസ്റ്റോറന്റുകൾ രൂപീകരിച്ചുവരുന്നു.

(സി) രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന കയറ്റുമതി സ്ഥാപനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന ഈ തൊഴിലാളികൾ അനാരോഗ്യകരമായ പശ്ചാത്തലത്തിൽ യാതൊരുവിധ സുരക്ഷാ സൗകര്യങ്ങളുമില്ലാതെയാണ് തൊഴിലെടുക്കുന്നതെന്നകാര്യം പരിശോധിക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ അരൂർ നിയോജകമണ്ഡലത്തിൽ മാത്രം നൂറിലധികം പീലിംഗ് ഷെഡ്ഡുകളും അവിടങ്ങളിൽ അരലക്ഷത്തിലധികം സ്ത്രീതൊഴിലാളികളും തൊഴിലെടുത്തുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഇ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പീലിംഗ് ഷെഡിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

(സി-ഇ) ജില്ലകളിലെ പീലിംഗ് ഷെഡ്ഡുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ബ്ലൂ റെവല്യൂഷൻ പദ്ധതി**

251(5698) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യമേഖലയ്ക്കായുള്ള വികസന പദ്ധതി

252(5699) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. എം. വിൻസെന്റ്
ശ്രീ. റോജി എം. ജോൺ
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തോടനുബന്ധിച്ച് മത്സ്യമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് ആയിരത്തി എൺപത്തിയാറ് കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിനുശേഷം 1086 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഓഖിദുരന്തത്തിൽ മരണമടഞ്ഞവരുടെയും നാശനഷ്ടം സംഭവിച്ചവരുടെയും കുടുംബങ്ങൾക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് നാളിതുവരെ നൽകിയതെന്ന് വ്യക്തമാക്കാമോ?

ഓഖിദുരന്തത്തിൽ മരണമടഞ്ഞതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം സംസ്ഥാന ധനസഹായമായി നൽകുകയും ടി ദുരന്തത്തിൽ മത്സ്യബന്ധനയാനങ്ങൾക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരവും നൽകിയിട്ടുണ്ട്. ഓഖിദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചവയിൽ ലൈസൻസും രജിസ്ട്രേഷനുമില്ലാത്ത യാനങ്ങളേയുംകൂടി ഉൾപ്പെടുത്തി 6 ഘട്ടങ്ങളിലായി 481 പേർക്ക് 7.13 കോടി രൂപ മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഖിദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2018-19-ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.075 ലക്ഷം രൂപയും 2019-20-ൽ 152 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി 55 ലക്ഷം രൂപയും 2020-21-ൽ 131 വിദ്യാർത്ഥികൾക്ക് 45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22-ൽ പദ്ധതിക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓഖിയിൽ പൂർണ്ണമായും വീട്

നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറി താമസിക്കാൻ സന്നദ്ധരായ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ അനുവദിച്ചു. 6 പേരിൽ 2 പേർ ഭവനനിർമ്മാണം പൂർത്തികരിച്ചു. 32 പേരിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും അതിൽ 11 പേർ ഭവനനിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഓഖിയിൽ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 FRP ബോട്ട് വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. 93 ബോട്ടുകൾ വിതരണം ചെയ്തു. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള ഫാക്ടറിയിൽ ജോലി നൽകി. 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കായുള്ള പാക്കേജ്**

253(5700) <u>ശ്രീ. ഷാഫി പറമ്പിൽ:</u>

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u>

<u>ശ്രീ. അൻവർ സാദത്ത്:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ മത്സ്യത്തൊഴിലാളികൾക്കായി വിവിധ ബഡ്ജറ്റുകളിൽ അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നാളിതുവരെ പൂർത്തിയായിയെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാർ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷംവരെ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് തീരദേശ വികസനത്തിനായി നടപ്പാക്കുന്ന വിവിധ പദ്ധതികളിലുൾപ്പെടുത്തി ആകെ 1321.21 കോടി രൂപ വകയിരുത്തുകയും 1258.52 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2018-ലുണ്ടായ ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച രണ്ടായിരം കോടിരൂപയുടെ പാക്കേജ് നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടോ;

&

(സി) ഇത് നടപ്പിലാക്കുന്നതിനായി നിയമിച്ച റിട്ടയേർഡ് ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദ് ചെയർമാനായ എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ?

(ബി&സി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ദ്ധ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡുതല വിവരങ്ങൾ ശേഖരിക്കേണ്ടതും അനിവാര്യമായിരുന്നു. ഇതിലേയ്ക്കായി ജീവനോപാധി സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിന് I.R.M.A.-യെയും Basic human needs, Central Infrastructure, Human Development, Social Service, Self Help Group, Disaster Management എന്നിവ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് T.I.S.S.-നെയും ചുമതലപ്പെടുത്തുകയും പഠനങ്ങൾക്കായി 2 കോടിരൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. T.I.S.S.-ഉം ആയുള്ള MoU ഒപ്പുവയ്ക്കുകയും ഫീൽഡുതല പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. I.R.M.A.-യുമായി ധാരണാപത്രം ഒപ്പുവച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. Detailed Project Report മൂന്ന് ഘട്ടങ്ങളായി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും ആവശ്യമായ Expression of Interest ലഭിച്ചിരുന്നില്ല. ആയതിനാൽ ജീവനോപാധി പദ്ധതികൾക്ക് മാത്രമായി Expression of Interest പിന്നീട് ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ളവ ലഭ്യമായിരുന്നില്ല. പ്രസ്തുത പാക്കേജിന്റെ കാര്യക്ഷമവും സമയബന്ധിതവുമായ തുടർപ്രവർത്തനത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. I.R.M.A.-യുടെ പഠനം പൂർത്തീകരിക്കുന്നതിനുള്ള നടപടികളും D.P.R. തയ്യാറാക്കുന്നതിന് അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി E.O.I. ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ പദ്ധതി**

254(5701) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സം ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

| വർഷം | ചെലവഴിച്ച തുക (തുക കോടിയിൽ) |
|---|---|
| 2016-17 | 19.99 |
| 2017-18 | 25.40 |
| 2018-19 | 28.57 |
| 2019-20 | 29.78 |
| 2020-21 | 32.51 |
| ആകെ | 136.25 കോടി രൂപ |

ആകെ 136.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുവേണ്ടി പ്രഖ്യാപിച്ച വിദ്യാഭ്യാസ പദ്ധതിക്കായി എന്ത് തുകയാണ് ചെലവഴിക്കുന്നത്; ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2018-19-ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.75 ലക്ഷം രൂപയും 2019-20-ൽ 152 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി 55.1 ലക്ഷം രൂപയും 2020-21-ൽ വിദ്യാർത്ഥികൾക്കായി 45 ലക്ഷം രൂപയും 2021-22-ൽ 25 പേർക്ക് 6.7 ലക്ഷംരൂപയും ഉൾപ്പെടെ 160.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## പുനർഗേഹം പദ്ധതി

255(5702) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലോരത്ത് നിന്ന് 50 മീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര പേർ അർഹരായിട്ടുണ്ട്; വ്യക്തമാക്കാമോ?

പുനർഗേഹം പദ്ധതിപ്രകാരം പുറത്തൂർ പഞ്ചായത്തിലെ 64 പേരെയും മംഗലം പഞ്ചായത്തിലെ 86 പേരെയുമാണ് തീരദേശ വേലിയേറ്റരേഖയ്ക്ക് 50 മീറ്ററിനുള്ളിൽനിന്നും മാറ്റിത്താമസിപ്പിക്കേണ്ടതായിട്ടുള്ളത്. നിലവിലെ തീരദേശ വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന പുറത്തൂർ പഞ്ചായത്തിലെ 43 ഗുണഭോക്താക്കളെയും മംഗലം പഞ്ചായത്തിലെ 8 ഗുണഭോക്താക്കളെയും ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

(ബി) ഇതിൽ എത്ര പേർക്ക് സ്ഥലം വാങ്ങാനുള്ള തുക നൽകിയെന്നും എത്ര പേർക്ക് വീട് നിർമ്മാണത്തിനായി തുക നൽകിയെന്നും വിശദമാക്കാമോ?

തീരദേശേ വേലിയേറ്റരേഖയിൽനിന്നും മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളവരിൽ പുറത്തൂർ പഞ്ചായത്തിലെ 14 പേർ ഭൂമി വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിൽ രണ്ടുപേർ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മംഗലം പഞ്ചായത്തിലെ ആരും തന്നെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി രേഖകൾ സമർപ്പിച്ചിട്ടില്ല.

(സി) ഇനി എത്ര പേർക്ക് ഈ ആനുകൂല്യം നൽകാനുണ്ടെന്നും അത് എന്നത്തേയ്ക്ക് നൽകാനാകുമെന്നും താമസം നേരിടുന്നുണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

തീരദേശ വേലിയേറ്റരേഖയിൽനിന്നും മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ള പുറത്തൂർ പഞ്ചായത്തിലെ 43 പേരിൽ 29 പേരും മംഗലം പഞ്ചായത്തിലെ 8 പേരും കൂടി ഭൂമി വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. പുറത്തൂർ, മംഗലം വില്ലേജുകളിലെ ഭൂരിഭാഗം സ്ഥലങ്ങളും കടലിനും കായലിനും സമാന്തരമായി കിടക്കുന്നതിനാൽ തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളാണ്. അത്തരം സ്ഥലങ്ങളിൽ ഭവനനിർമ്മാണം

സാധിക്കുന്നതല്ല. തീരദേശ ഹൈവേയുടെയും മറ്റ് പ്രധാന റോഡുകളുടെയും സമീപത്തുള്ള സ്ഥലങ്ങൾക്ക് വില കൂടുതലാണ്. ഇത്തരം പ്രശ്നങ്ങൾ പുറത്തൂർ, മംഗലം വില്ലേജുകളിൽ ഭൂമി കണ്ടെത്തുന്നതിന് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങളാണ്. ഫിഷറീസ് വകുപ്പും ഗുണഭോക്താക്കളും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി പരിശ്രമിക്കുന്നുണ്ട്. ഭൂമി ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

256(5703) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി മുഖേന നിയോജകമണ്ഡലത്തിലെ എത്ര പേർക്കാണ് വീടുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുള്ളത്?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തീരദേശ വേലിയേറ്റ രേഖയ്ക്ക് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 193 പേരെയാണ് മാറ്റിപ്പാർപ്പിക്കേണ്ടതായുള്ളത്. ആയവരിൽ മാറിത്താമസിക്കാൻ സമ്മതമറിയിച്ച 74 പേരെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 10 പേർ ഭൂമി വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 6 പേർ ഭവനനിർമ്മാണത്തിന്റെ മൂന്ന് ഘട്ടവും പൂർത്തിയാക്കി ധനസഹായം കൈപ്പറ്റിയിട്ടുണ്ട്.

(സി) പദ്ധതിക്കായി നിലവിൽ അനുവദിക്കുന്ന തുക പരിമിതമാണോ; അത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗുണഭോക്താവ് കണ്ടെത്തുന്ന ഭൂമിയുടെ അനുയോജ്യത ഐ.ഡി.റ്റി. പരിശോധിച്ച് ഡി.എൽ.പി.സി. വിലനിർണ്ണയം നടത്തി ഡി.എൽ.എം.സി.-യുടെ അംഗീകാരത്തോടെ മാത്രമാണ് നിലവിൽ ഭൂമി വാങ്ങുന്നത്. അപ്രകാരം വില നിശ്ചയിക്കപ്പെടുന്ന ഭൂമി വാങ്ങാനും ഭവന നിർമ്മാണത്തിനും കൂടി പരമാവധി 10 ലക്ഷം രൂപയുടെ സഹായമാണ് നൽകുന്നത്. ഭൂമി വില, രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവ ഉൾപ്പെടെ 6 ലക്ഷം രൂപയും ഭവന

നിർമ്മാണത്തിനായി 4 ലക്ഷം രൂപയുമടക്കം പരമാവധി 10 ലക്ഷം രൂപ അനുവദിക്കാമെന്നിരുന്നാലും സ്ഥലം വാങ്ങലിനും രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തുകൂലി എന്നിവയ്ക്ക് 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോട് ചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. നിലവിലെ പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം അനുവദിക്കുന്ന യൂണിറ്റ് കോസ്റ്റ് 10 ലക്ഷം രൂപയാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം വീട് ലഭിച്ചവർ ഉപേക്ഷിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശം അവരിൽത്തന്നെ നിക്ഷിപ്തമാക്കുമോ; വ്യക്തമാക്കാമോ?

പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഗുണഭോക്താക്കൾ നിലവിലെ കെട്ടിടം പൊളിച്ചുമാറ്റേണ്ടതും വസ്തു റിലിങ്ക്വിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ അഞ്ച് സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കുന്നതല്ല. ഗുണഭോക്താക്കൾ റിലിങ്ക്വിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വച്ച് പിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ജൈവ കവചമാക്കി നിലനിർത്തുന്നതാണ്.

## ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

257(5704) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം നൽകി വരുന്നു.

- സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ 4500 രൂപയുടെ ധനസഹായം.

- കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം.

- കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പെൻഷണർമാർ വിധവാ പെൻഷണർമാർ എന്നിവർക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ.

- മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 50,000 രൂപയുടെ ധനസഹായം.

- മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000 രൂപയുടെ ധനസഹായം

- ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ.

- മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് 600 രൂപയുടെ ധനസഹായം.

- എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത വികസന പദ്ധതി മുഖേന മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനം വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പാ സഹായം.

- നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 ഹോഴ്സ് പവർ_താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് പരമാവധി 30,000 രൂപയുടെ സബ്സിഡി.

- മത്സ്യത്തൊഴിലാളി ക്ഷേമനിധി ഉപയോഗിച്ച് മത്സ്യബന്ധന സമയത്ത് ഹൃദ്രോഗമോ മസ്തിഷ്കാഘാതമോമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം.

- വിദ്യാഭ്യാസ രംഗത്ത് മത്സ്യത്തൊഴിലാളി മേഖലയിലെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ ഉന്നതവിജയം നേടുന്ന മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങളായ വിദ്യാർത്ഥികൾക്ക് കാഷ് അവാർഡ്.

(ബി) മത്സ്യപ്രജനന സമയത്ത് ഉൾനാടൻ ജലാശയങ്ങളിലെ മണലൂറ്റ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മത്സ്യപ്രജനനത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ജലാശയങ്ങളിൽ മണലൂറ്റുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിഷയം ശ്രദ്ധയിൽപ്പെടുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണ്.

**ഫിഷറീസ് കോളനിയിലെ നിർമ്മാണ പദ്ധതികൾ**

258(5705) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭയിലെ ഫിഷറീസ് കോളനിയിൽ അങ്കണവാടി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത കോളനിയിലെ കാലപ്പഴക്കം വന്ന് കേടുപാടുകൾ സംഭവിച്ച വീടുകളുടെ പുനരുദ്ധാരണത്തിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ധനസഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 2011-12 വർഷം മോഡൽ ഫിഷിംഗ് വില്ലേജിനായി അനുവദിച്ച തുകയിൽനിന്നും ഫിഷർമെൻ കോളനിയിലെ കാലപ്പഴക്കം സംഭവിച്ച 7 വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

**വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനം**

259(5706) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള അപ്രോച്ച് റോഡിന്റെയും പാർക്കിംഗ് ഏരിയയുടെയും നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ;

&

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിനായി 46x6 മീറ്റർ വാർഫ്, 15x5 മീറ്റർ അപ്രോച്ച് ജെട്ടി, 24x8 മീറ്റർ ലേലപ്പുര, 42x6 മീറ്റർ ഡ്രെയിൻ ആന്റ് പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിച്ചിട്ടുള്ളതാണ്. ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെയും പാർക്കിംഗ് ഏരിയയുടെയും നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസ നിലവാരം**

260(5708) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സാധിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'വിദ്യാതീരം' എന്ന തുടർപദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകിവരുന്നു. മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നു. വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ

കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം. റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2019-20 വർഷം വിദ്യാഭ്യാസ പരിശീലന പരിപാടികൾക്കായി 1,340 ലക്ഷം രൂപയും 2020-21-ൽ 13 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലും വിദ്യാതീരം പദ്ധതിക്കായി 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും 49 പേർക്ക് എം.ബി.ബി.എസ്.-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. ഇതുവഴി ടി വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. തീരപ്രദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടി സ്വീകരിക്കുകയും കൂടാതെ തീരദേശത്തെ സ്കൂളുകളിൽ കായിക പ്രോത്സാഹന പദ്ധതികളും നടപ്പാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി.പ്രോജക്ടർ എന്നീ ആധുനിക പഠന സഹായ സൗകര്യങ്ങൾ നൽകുന്നതിന് 'പ്രതിഭാതീരം' പദ്ധതി നടപ്പിലാക്കിവരുന്നു. ഇവയെല്ലാം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകമായിട്ടുണ്ട്.

**മത്സ്യത്തിലെ മായം**

261(5709) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് മത്സ്യത്തിൽ മായം ചേർത്തതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേരെ ശിക്ഷയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഗുണനിലവാരമില്ലാത്ത മത്സ്യം വിതരണം ചെയ്ത വകയിൽ 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ ഒരു കേസ് കോടതി വെറുതെ വിടുകയും 16 കേസുകളിൽനിന്ന് ആകെ 1,09,000 (ഒരു ലക്ഷത്തി ഒൻപതിനായിരം രൂപ) രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും മത്സ്യ മാർക്കറ്റുകളിലല്ലാതെ മറ്റ് വില്പന കേന്ദ്രങ്ങളിലും പരിശോധന നടത്താറുണ്ടോയെന്നും വെളിപ്പെടുത്തുമോ?

മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന സ്പോട്ടിൽ വച്ചുതന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) -മായി ചേർന്ന് പേപ്പർ സ്ട്രിപ്പ് സംവിധാനം രൂപപ്പെടുത്തി, വ്യാവസായികമായി ഉൽപ്പാദിപ്പിച്ച് പൊതുജനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (1800 4253 183).

(സി) മത്സ്യ വിപണന കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ ചെലവ് ചെയ്ത തുക എത്രയെന്നും ഏതെല്ലാം കേന്ദ്രങ്ങൾ പൂർണ്ണതോതിൽ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും ഏതെല്ലാം കേന്ദ്രങ്ങൾ ഭാഗികമായി പ്രവൃത്തി പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യത്തിന്റെ ഗുണനിലവാര പരിശോധന

262(5710) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കുമോ.

&

(ബി) പൊതുമാർക്കറ്റുകളിൽ വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) മത്സ്യത്തിൽ മായംചേർക്കുന്നതും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്ക് തന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്.

## തീരദേശ പരിപാലന പദ്ധതി

263(5711) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന പദ്ധതി പ്രാബല്യത്തി ലാകാത്തതുകാരണം സംസ്ഥാനത്ത് പത്ത് ജില്ലകളിലെ ഭവന നിർമ്മാണം

പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഘട്ടമായ പൊതു അദാലത്ത് മുടങ്ങിയതുകാരണം പദ്ധതി വൈകുന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ?

(എ&ബി) 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18-01-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവുപ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം.

3. ഇതുസംബന്ധിച്ച മുമ്പത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവകൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ.

വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ആവശ്യമുള്ള ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമായിട്ടുണ്ട്. തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കി സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ കഴിയുന്നത്ര വേഗം തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

(സി) 2011-ലെ തീരദേശമേഖല ചട്ടം ലംഘിച്ചുള്ള നിർമ്മാണത്തിന്റെ പേരിൽ നടപടി നേരിടുന്ന നിരവധി പേർക്ക് 2019-ലെ കേന്ദ്ര വിജ്ഞാപനമനുസരിച്ച് കേരളം തയ്യാറാക്കുന്ന തീരമേഖല പരിപാലന (സി.ആർ.ഇസഡ്.) പദ്ധതി നടപ്പിലാക്കിയാൽ ആശ്വാസം ലഭിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഒരു നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്ന സമയത്ത് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകളും പ്രസ്തുത തീരദേശ പരിപാലന പ്ലാനുമാണ് ടി നിർമ്മാണ പ്രവർത്തനത്തിന് ബാധകമായിട്ടുള്ളത്. 2011-ലെ തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകളും ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാനും സംസ്ഥാനത്ത് നിലവിലുള്ളപ്പോൾ, തീരദേശ മേഖല ചട്ടം ലംഘിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് 2019-ലെ തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാൻ സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകൾക്ക് അർഹത ലഭിക്കുകയില്ല.

## ഇതര ഉപജീവനമാർഗ്ഗങ്ങൾ

264(5712) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അശാസ്ത്രീയമായ മത്സ്യബന്ധനവും കാലാവസ്ഥാ വ്യതിയാനവും മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുന്നതുമൂലം മത്സ്യബന്ധന മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഇതര ഉപജീവനമാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ ഏജൻസികളായ സാഫും മത്സ്യഫെഡും മത്സ്യബന്ധന മേഖലയിൽ ഇതര ഉപജീവന മാർഗ്ഗങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി 2010 മുതൽ സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നു. കൂടാതെ തീരമൈത്രി സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ബാങ്കുകൾ വഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ സബ്സിഡി, മാർക്കറ്റിംഗ് സഹായങ്ങൾ എന്നിവ സാഫിൽനിന്നും അനുവദിക്കുന്നു. തീരമൈത്രി യൂണിറ്റുകൾക്കാവശ്യമായ പരിശീലനങ്ങളും സാങ്കേതികവിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായുള്ള സാമ്പത്തിക സഹായവും സാഫിൽനിന്നും നൽകുന്നുണ്ട്. അഷ്ടമുടി ഫേസ് II പദ്ധതിപ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിലുൾപ്പെടുത്തി കൊല്ലം കുണ്ടറയിൽ അപ്പാരൽ പാർക്ക് ആരംഭിച്ചിട്ടുണ്ട്. അതുവഴി ഇവർക്ക് സുസ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നു. 3R Package for Ensuring Sustainable Livelihood of Fisher women in Kerala (Rebuilding, Revival, Reforms) പദ്ധതിയുടെ ഭാഗമായി ആലപ്പുഴ കൊല്ലം ജില്ലകളിലും JLG Project for Ensuring Livelihood Security of Fisher women in Kerala 2020-21 പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ മത്സ്യം തലച്ചുമടായി വിൽപ്പന നടത്തുന്നതും അനുബന്ധ മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതുമായ സ്ത്രീകൾക്കായി 2520 ഗുണഭോക്താക്കളടങ്ങിയ 504 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 50,000 രൂപ 6 മാസം കൊണ്ട് തിരിച്ചടയ്ക്കാവുന്ന പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്യുന്നു. തീരമൈത്രി സീ ഫുഡ് റെസ്റ്റോറന്റ് 2020-21 പദ്ധതിപ്രകാരം 230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി 46 തീരമൈത്രി സീഫുഡ് റെസ്റ്റോറന്റുകൾ രൂപീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സുരക്ഷയും സ്ഥിരവരുമാനവും ഉറപ്പുവരുത്താൻ സാധിക്കുന്നു. ഗുണമേന്മയുള്ളതും വൃത്തിയുള്ളതും വിഷരഹിതവുമായ മത്സ്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് CIFT-മായി ചേർന്ന് നിർമ്മിച്ച 20 ഹൈജീനിക് മൊബൈൽ റഫ്രിജെറേറ്റഡ് ഫിഷ് വെൻഡിംഗ്

കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ നൽകി കഴിഞ്ഞു. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് CIFT മുഖേന ഈ സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ വീതം അടങ്ങുന്ന 26 ഗ്രൂപ്പുകൾക്ക് ഹൈജീനിക് റഫ്രിജെറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ വിതരണം ചെയ്യുന്നു. ഈ പദ്ധതികളിൽ കൂടിയെല്ലാം മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ടതും സ്ഥിരമായതുമായ ഒരു തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതിനും അവരുടെ വരുമാനം ഉയർത്തുന്നതിനും സാധിക്കുന്നു. മത്സ്യഫെഡിന്റെ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് പലിശരഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തുവരുന്നു. ആദ്യ വായ്പയായ 10,000 രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20,000 രൂപ എന്നിങ്ങനെ വിതരണം ചെയ്തുവരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി Term വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തുവരുന്നു. M.P.E.D.A.-യുടെ കീഴിലുള്ള NETFISH എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കോട്ടയം ജില്ലയിലെ SC/ST വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്ക് 50 ലക്ഷം രൂപയും വനിതകളുടെ 5 സ്വയംസഹായ ഗ്രൂപ്പുകൾക്ക് സോളാർ ഫിഷ് ഡ്രയറുകൾ നൽകുന്നതിന് 20 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു

**വംശനാശ ഭീഷണി നേരിടുന്ന മത്സ്യവർഗ്ഗങ്ങളുടെ സംരക്ഷണം**

265(5713) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന മത്സ്യവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വംശനാശഭീഷണി നേരിടുന്ന മത്സ്യവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി

2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽ കുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നതുൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic catfish, കുയിൽ മത്സ്യം, വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനുമായി പട്രോളിംഗ് ഊർജ്ജിത പ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ഫിഷറീസ് വകുപ്പിന്റെ ഹാച്ചറികളിൽ വംശനാശ ഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കുയിൽ മത്സ്യം, ചെങ്കണിയാൻ, നാടൻമുഷി, ൂളി, തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

266(5714) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1958-ലെ കേരള മണി ലെൻഡേഴ്സ് നിയമത്തിലെ 18 (D) (7) വകുപ്പ് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന പലിശ നിരക്കിനേക്കാൾ അധികം പലിശ ഈടാക്കിയതായി ബോധ്യം വന്നാൽ ടി നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടർക്കോ ലൈസൻസിംഗ് അതോറിറ്റിക്കോ മണി ലെൻഡർക്കെതിരെ പിഴ ചുമത്തുന്നതിനും അധികമായി ഈടാക്കിയ പലിശ കണ്ടുകെട്ടുന്നതിനും വ്യവസ്ഥയുണ്ട്. ടി നിയമത്തിലെ വകുപ്പ് 9 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള മണി ലെൻഡേഴ്സിന്റെ കണക്കുകളും വാർഷിക ആഡിറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ച് അമിതമായ പലിശ ഈടാക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ 'ഓപ്പറേഷൻ കുബേര'

പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായി അമിത പലിശയ്ക്ക് പണമിടപാടുകൾ നടത്തുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകൾ ബന്തവസ്സിലെടുത്ത് കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരവും നിയമനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷിക്കായി നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

സ്വകാര്യ പണമിടപാടുകാരെ സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ കേരള മണി ലെൻഡേഴ്സ് ആക്ട് 1958 പ്രകാരം അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടറിലും ലൈസൻസിംഗ് അധികാരിയിലും നിക്ഷിപ്തമാണ്. ടി ഉത്തരവ് പാലിക്കാത്ത സാഹചര്യത്തിൽ ലൈസൻസ് റദ്ദാക്കുക, സെക്യൂരിറ്റി തുക കണ്ടുകെട്ടുക എന്നീ നടപടികൾ കൈക്കൊള്ളുവാനും അധികാരികൾക്ക് സാധിക്കും. എന്നാൽ കൂടുതൽ ഗുരുതരമായ കുറ്റങ്ങളായ പണയം തിരികെ കൊടുക്കാതിരിക്കുക, നിയമവിധേയമല്ലാത്ത പണയ മുതൽ വിറ്റഴിക്കുക എന്നീ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ആറ് മാസം വരെ തടവ് ശിക്ഷ നൽകുന്നതിനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. സ്വകാര്യ പണമിടപാടുകാർക്കെതിരെ വരുന്ന പരാതികൾ ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരം നിയമനടപടി സ്വികരിച്ചുവരുന്നുണ്ട്.

(സി) ഉൾനാടൻ മത്സ്യക്കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ മണി ലെൻഡിംഗിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കും കേരള മണിലെൻഡേഴ്സ് ആക്ട് 1958 വകുപ്പ് 3 പ്രകാരം രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11237 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## മത്സ്യ വിത്തുല്പാദനത്തിൽ സ്വയം പര്യാപ്തത

267(5715) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കാമോ?

മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ നിലവിലുള്ള സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ മുതലായവയുടെ നടത്തിപ്പ്, സംരക്ഷണം, ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ, പ്രജനന മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം, പ്രവർത്തന ചെലവ് എന്നിവയ്ക്കായി 900 ലക്ഷം രൂപയും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നഴ്സറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 700 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികളിലായി 7 കോടി മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് 1580 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനും ഇടുക്കി ജില്ലയിലെ ചെങ്കുളത്തും കോട്ടയം ജില്ലയിലെ പള്ളത്തും 1490.00 ലക്ഷം രൂപ അടങ്കൽ തുക

വരുന്ന രണ്ട് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ ഓടയത്തും കണ്ണൂർ ജില്ലയിലെ മാപ്പിള ബേയിലുമായി രണ്ട് സമുദ്രമത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് 2041.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതികളും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സർക്കാർ ഉടമസ്ഥതയിൽ എത്ര ഹാച്ചറികളാണ് നിലവിലുള്ളത്; അവയുടെ കഴിഞ്ഞ പത്ത് വർഷത്തെ സ്ഥാപിത ശേഷി, ഉല്പാദനം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

സർക്കാർ ഉടമസ്ഥതയിൽ നിലവിൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 20 ഹാച്ചറി/ഫിഷ് സീഡ് ഫാമുകൾ, അഡാക്ക്/ മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ള 11 ഹാച്ചറി/ഫിഷ് സീഡ് ഫാമുകൾ എന്നിങ്ങനെ ആകെ 31 ഹാച്ചറി/ഫിഷ് സീഡ് ഫാമുകളാണുള്ളത്. അവയുടെ കഴിഞ്ഞ പത്ത് വർഷത്തെ സ്ഥാപിത ശേഷി, ഉൽപ്പാദനം എന്നിവയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) അത്യുല്പാദനശേഷിയുള്ള ഗിഫ്റ്റ് മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ ആവശ്യാനുസരണം കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; 2016 മുതൽ നാളിതുവരെ എത്ര ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളെ കേരളത്തിലെ പൊതുമേഖലാ ഹാച്ചറികൾ വഴി ഉല്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഗുണമേന്മയുള്ള നല്ലയിനം ഗിഫ്റ്റ് മത്സ്യവിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉൽപ്പാദനശേഷിയുള്ള ഗിഫ്റ്റ് ഹാച്ചറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാർഡാം ഗിഫ്റ്റ് ഹാച്ചറിയിൽ ജൂലൈ മാസം മുതൽ മത്സ്യവിത്തുൽപ്പാദനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പന്നിവേലിച്ചിറ ഗിഫ്റ്റ് ഹാച്ചറിയിൽ മത്സ്യവിത്തുല്പാദനം ഡിസംബർ മാസത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിൽ ഒരു കോടി ഉൽപ്പാദനശേഷിയുള്ളതും പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 50 ലക്ഷം ഉൽപ്പാദനശേഷിയുള്ളതുമായ ഗിഫ്റ്റ് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കി പ്രാരംഭനടപടി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ഒരു കോടി ഉൽപ്പാദനശേഷിയുള്ള നൈൽ തിലാപ്പിയ ഹാച്ചറി കോഴിക്കോട് ജില്ലയിലെ കല്ലാനോട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. 2016 മുതൽ നാളിതുവരെ 50000 ഗിഫ്റ്റ് മത്സ്യക്കുഞ്ഞുങ്ങളെ നെയ്യാർഡാം ഗിഫ്റ്റ് ഹാച്ചറി വഴി ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രസർക്കാർ സ്ഥാപനമായ ആർ.ജി.സി.എ., അഡാക് എന്നിവിടങ്ങളിൽനിന്നും ഗിഫ്റ്റിന്റെ "ഫ്രൈ" വലുപ്പത്തിലുള്ളവയെ വാങ്ങി ഫിങ്കർലിങ്ക്സ് വലിപ്പത്തിലാക്കി വളർത്തി കർഷകർക്ക് വിതരണം ചെയ്തുവരുന്നു. 2016 മുതൽ നാളിതുവരെ 114.86 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ പരിപാലനം നടത്തി കർഷകർക്ക് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഗിഫ്റ്റ് ഹാച്ചറികൾ ആരംഭിക്കുന്നതിന് യഥാസമയം ലൈസൻസ് അനുവദിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗിഫ്റ്റ് ഹാച്ചറികൾ ആരംഭിക്കുന്നതിന് യഥാസമയം ലൈസൻസ് കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നവർക്ക് അനുവദിക്കുന്നില്ലെന്ന തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സ്ഥാപിക്കുന്ന ഗിഫ്റ്റ് ഹാച്ചറികൾക്ക് താമസംവിനാ ലൈസൻസ് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**സുഭിക്ഷ കേരളം പദ്ധതി വഴി മത്സ്യകൃഷി പ്രോത്സാഹനം**

268(5716) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുഭിക്ഷ കേരളം പദ്ധതി വഴിയും അല്ലാതെയും മത്സ്യകൃഷി ചെയ്യുന്നവർക്ക് സർക്കാർ നൽകിവരുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെട്ട പദ്ധതികളിൽ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളായ മത്സ്യകർഷകർക്ക് പുതിയ യൂണിറ്റുകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% ധനസഹായവും മുൻവർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷണൽ കോസ്റ്റിന്റെ 20% തുകയും ധനസഹായമായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന'യിൽ ഉൾപ്പെട്ട പദ്ധതികളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളായ ജനറൽ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്ക് യൂണിറ്റ് കോസ്റ്റിന്റെ 40% ധനസഹായവും വനിതകൾക്കും SC/ST വിഭാഗത്തിൽപ്പെട്ട മത്സ്യകർഷകർക്കും യൂണിറ്റ് കോസ്റ്റിന്റെ 60% ധനസഹായമായി നൽകിവരുന്നു.

(ബി) ഇത്തരം ധനസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത് തലത്തിൽ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ അക്വാകൾച്ചർ പ്രൊമോട്ടർമാരെ പദ്ധതിയുടെ ഭാഗമായി നിയമിച്ചിട്ടുണ്ട്. ഇവർ മുഖേന മത്സ്യകർഷകരുടെ ബില്ലുകൾ യഥാസമയം ശേഖരിക്കുകയും ബന്ധപ്പെട്ട മത്സ്യഭവനുകളിൽനിന്നും അതത് ജില്ലാ ആഫീസുകളിൽ സമർപ്പിച്ച് ധനസഹായം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. മുഖേന യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വിപണി കണ്ടെത്താനാവാത്തതും അകാരണമായി മത്സ്യങ്ങൾ ചത്തുപോകുന്നതുംമൂലം വീടുകളിലും മറ്റും ശുദ്ധജല മത്സ്യകൃഷി നടത്തുന്നവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യവിത്തിന്റെ ഗുണമേന്മയിലുള്ള കുറവുകാരണം മത്സ്യങ്ങൾ ചത്തു പോകുന്നത് ചില സ്ഥലത്ത് ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി മത്സ്യവിത്തുകളുടെ വിവിധ ഘട്ടങ്ങളിലുണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ (Tilapia lake virus) സാന്നിദ്ധ്യം ഉണ്ടോയെന്ന് പി.സി.ആർ. ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ കൃഷിസ്ഥലത്തെ വെള്ളത്തിന്റെ രാസഭൗതീക പരിശോധന കർഷകർ നടത്തുന്നുണ്ടെന്ന് ഫീൽഡുതല ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമേ മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേന്മയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള കേരള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം കൊല്ലം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട പരിശോധനാ രീതികൾ അവലംബിക്കുന്നതിന് സംസ്ഥാനത്ത് ആദ്യമായി അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിളവെടുക്കുന്ന മത്സ്യം സർക്കാർ തലത്തിൽ ശേഖരിച്ച് വിപണനം ചെയ്ത് കർഷകർക്ക് ആശ്വാസം പകരുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

വിളവെടുക്കുന്ന മത്സ്യം സർക്കാർ തലത്തിൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ഉൾനാടൻ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്‌ലെറ്റുകൾ നടപ്പുസാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യ വിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലത്തിലായി 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നു.

(ഇ) ഫിഷറീസ് വകുപ്പ് ഓരുജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?

നടപ്പിലാക്കുന്നുണ്ട്.

(എഫ്) ആയതിന് ധനസഹായം അനുവദിക്കുന്നുണ്ടോയെന്നും എങ്കിൽ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഓരു മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ ധനസഹായവും അനുബന്ധമായി ചേർക്കുന്നു*.

(ജി) കോവിഡ് കാലത്ത് തൊഴിൽരഹിതരായ യുവാക്കളെയും പ്രവാസികളെയും സഹായിക്കുന്നതിനും ഈ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മയ്യഴി പുഴയോരത്ത് ഓരുജല മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സഹകരണ ബാങ്കുകൾ വഴി ലോൺ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ ഫിഷറീസ് വകുപ്പ് ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല പ്രദേശങ്ങളിൽ ചെമ്മീൻ കൃഷി, ഓരുജല മത്സ്യകൃഷി എന്നിവ നടപ്പിലാക്കി യൂണിറ്റ് കോസ്റ്റിന്റെ 40% നിരക്കിൽ സബ്സിഡി നൽകി വരുന്നുണ്ട്. നിലവിൽ പദ്ധതി ഗുണഭോക്താക്കൾക്ക് മാനദണ്ഡപ്രകാരം പ്രവർത്തന ചെലവ് കണക്കാക്കി ആയതിന് ആനുപാതികമായി ബാങ്ക് മുഖേന കെ.സി.സി. ലോൺ ലഭ്യമാക്കുന്നുണ്ട്.

**ജലസംഭരണികളിലെ മത്സ്യകൃഷി**

269(5717) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംഭരണികളിലെ മത്സ്യകൃഷിയുടെ സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ ജലസംഭരണികളെ പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജലസംഭരണികളിൽ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിലുൾപ്പെടുത്തി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic catfish, കയിൽ മത്സ്യം, വരാൽ, കരിമീൻ, കറൂപ്പ് തുടങ്ങിയ വിഭാഗത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 150 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ 8 റിസർവോയറുകളിലായി മേൽപ്പറഞ്ഞ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 2745230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനാണ് പദ്ധതിയിടുന്നത്. കൂടാതെ PMMSY പദ്ധതിയിലുൾപ്പെടുത്തി ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി

റിസർവോയറുകളിൽ 16.4 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള "കൂടിലെ മത്സ്യകൃഷി" പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ RKI പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിൽ 320 ലക്ഷം രൂപ അടങ്കൽ വരുന്ന കൂട് കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

(സി) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ ജലസംഭരണികളിലെ മത്സ്യകൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ ജലസംഭരണികളിലെ മത്സ്യകൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് (KRFDP)-ന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം വന്യജീവി സങ്കേതങ്ങൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന തൃശ്ശൂർ ജില്ലയിലെ പീച്ചി, വാഴാനി, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, ഭൂതത്താൻകെട്ട്, ഇടുക്കി, തെൻമല തുടങ്ങിയ റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെടുന്ന 2745230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ**

270(5718) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് വാമനപുരം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എന്തെല്ലാം പദ്ധതികൾ നടപ്പായിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉൾനാടൻ മത്സ്യക്യഷിയുമായി ബന്ധപ്പെട്ട് വാമനപുരം നിയോജക മണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് നടപ്പിലാക്കുന്ന സുഭിക്ഷ കേരളം പദ്ധതി, കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന 'പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന' (PMMSY) പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളുടെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ ഘടകപദ്ധതികളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുതുതായി എന്തെല്ലാം പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ ഘടകപദ്ധതികളുടെ പഞ്ചായത്ത് തലത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

- <u>അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി</u>
    1. നന്ദിയോട് - 100 സെന്റ്
    2. പെരിങ്ങമല - 75 സെന്റ്
    3. നെല്ലനാട് - 40 സെന്റ്
    4. പാങ്ങോട് - 20 സെന്റ്
    5. ആനാട് - 75 സെന്റ്
    6. പനവൂർ - 20 സെന്റ്
    7. പുല്ലമ്പാറ - 130 സെന്റ്
    8. കല്ലറ - 10 സെന്റ്
    9. വാമനപുരം - 10 സെന്റ്
- <u>ബയോഫ്ളോക് ടാങ്കിലെ കൃഷി</u>
    1. പുല്ലമ്പാറ - 1 യൂണിറ്റ്
    2. നന്ദിയോട് - 1 യൂണിറ്റ്
    3. നെല്ലനാട് - 4 യൂണിറ്റ്
    4. വാമനപുരം - 5 യൂണിറ്റ്
- <u>റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം</u>
    1. നന്ദിയോട് - 1 യൂണിറ്റ്
    2. വാമനപുരം - 1 യൂണിറ്റ്
- <u>കരിമീൻ വിത്തുല്പാദന യൂണിറ്റ്</u>
    1. ആനാട് - 1 യൂണിറ്റ്
    2. നെല്ലനാട് - 1 യൂണിറ്റ്

- <u>പൊതുകുളങ്ങളിലെ വിശാല മത്സ്യ കൃഷി</u>

  1. ആനാട് - 0.02 ഹെക്ടർ
  2. പനവൂർ - 0.42 ഹെക്ടർ
  3. പെരിങ്ങമല- - 0.3 ഹെക്ടർ
  4. നെല്ലനാട് - 0.46 ഹെക്ടർ
  5. വാമനപുരം - 0.1 ഹെക്ടർ
  6. പാങ്ങോട് - 1.14 ഹെക്ടർ
  7. പുല്ലമ്പാറ - 0.38 ഹെക്ടർ

- <u>പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുൽപ്പാദനം</u>

  നെല്ലനാട് - 1 യൂണിറ്റ്

- <u>പടുതാക്കുളത്തിലെ ഊർജ്ജിത മത്സ്യകൃഷി</u>

  1. ആനാട് - 11 യൂണിറ്റ്
  2. പനവൂർ - 6 യൂണിറ്റ്
  3. നന്ദിയോട് - 15 യൂണിറ്റ്
  4. പെരിങ്ങമല -10 യൂണിറ്റ്

**മത്സ്യവിത്ത് ലഭ്യമാക്കാൻ നടപടി**

271(5719) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി മേഖലയിൽ മത്സ്യവിത്തിന്റെ അഭാവം നിമിത്തം മത്സ്യകൃഷിക്കാർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ;

&

(ബി) നിലവിലുള്ള ഹാച്ചറികൾ ശക്തിപ്പെടുത്തിയും ഫാമുകളിലൂടെയും മറ്റും മത്സ്യവിത്ത് ലഭ്യമാക്കാനും നടപടികൾ ഉണ്ടാകുമോയെന്ന് അറിയിക്കുമോ?

(എ&ബി) നിലവിലുള്ള സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ, മുതലായവയുടെ നടത്തിപ്പ്, സംരക്ഷണം, ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കൽ, പ്രജനന മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം എന്നിവയ്ക്കായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നഴ്സറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിന് നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും കൂടുതൽ മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കാനും നടപടി സ്വീകരിച്ചുവരുന്നു.

**ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മത്സ്യസംസ്കരണ യൂണിറ്റ്**

272(5720) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങ് കഠിനംകുളം കേന്ദ്രീകരിച്ച് ഒരു മത്സ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതാണെന്ന് 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തികരിക്കാനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ?

(എ&ബി) ബഡ്ജറ്റ് പ്രസംഗത്തിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കഠിനംകുളം കേന്ദ്രീകരിച്ച് സ്ഥാപിക്കുമെന്ന പരാമർശം ഉണ്ടായിരുന്നില്ല. 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള മത്സ്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**പെരുമാൾപ്പടി ഫിഷറീസ് കോളനി**

273(5721) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ മാലിപ്പുറം ചാപ്പ കടപ്പുറത്തുനിന്ന് കടലാക്രമണ ഭീഷണിയെത്തുടർന്ന്

പുനരധിവസിപ്പിക്കപ്പെട്ട 76 കുടുംബങ്ങൾ താമസിക്കുന്ന പെരുമാൾപ്പടി ഫിഷറീസ് കോളനിയിൽ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ ഇവിടെ താമസിക്കുന്ന കുടുംബങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് ഈ കോളനിയിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഫിഷറീസ് വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടില്ല. കോളനിയിലെ വെള്ളക്കെട്ട് പരിഹരിക്കേണ്ട നടപടി സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പും ഇറിഗേഷൻ വകുപ്പുമാണ്. എന്നാൽ കോളനിയിലെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രശ്നം പരിഹരിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കുന്നപക്ഷം അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## പൊഴിയൂർ തീരമേഖലയിലെ പ്രവൃത്തികൾ

274(5722) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പൊഴിയൂർ തീരദേശ മേഖലയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

&

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പൊഴിയൂർ തീരദേശ മേഖലയിലെ കാരോട് എന്ന സ്ഥലത്ത് വ്യക്തിഗത ഫ്ലാറ്റ് ഒന്നിന് 10 ലക്ഷം രൂപ നിരക്കിൽ 24 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 2.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 11 റോഡ് പ്രവൃത്തികൾക്കായി 191.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു*. 2021-22 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ നടപടി**

275(5723) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി സ്വീകരിച്ച പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇനിയെത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുണ്ടെന്നും ഇവരുടെ പുനരധിവാസം വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

വിഴിഞ്ഞം തുറമുഖ പദ്ധതി നിലവിൽ വരുന്നതോടെ തീരശോഷണം ഉണ്ടാകുമെന്ന് ആദ്യഘട്ടത്തിൽ ആശങ്കകളുയർന്ന പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പുമൂലം ഭാവിയിൽ ഏതെങ്കിലും വിധത്തിലുള്ള തീരശോഷണമുണ്ടായാൽ ബാധിക്കപ്പെടുന്നവരുടെ പുനരധിവാസത്തിനുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. എന്നാൽ തീരദേശത്ത് വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിക്കുന്ന പുനർഗേഹം പദ്ധതി നിലവിൽ വന്നതിനാൽ ടി മേഖലയിൽ താമസിക്കുന്ന 1615 കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയവരുടെ പുനരധിവാസം പുനർഗേഹം പദ്ധതിയിലൂടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ വീടുകൾ സംരക്ഷിക്കാൻ നടപടി**

276(5724) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല ചിലക്കൂർ പൊഴിയിൽ വേലിയേറ്റ സമയങ്ങളിൽ മണ്ണ് അടിഞ്ഞ് പൊഴി അടയുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ വീടിന് ചുറ്റും വെള്ളംകെട്ടുകയും വീടുകൾ നശിച്ചുപോകുകയും പകർച്ചവ്യാധികൾക്ക് ഇടവരുത്തുകയും ചെയ്യുന്നത് ഒഴിവാക്കുന്നതിനുള്ള ശാശ്വത നടപടി സ്വീകരിക്കുമോ?

ടി പ്രദേശത്ത് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന 3 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## തീരദേശ റോഡുകൾ

277(5725) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തീരദേശ റോഡുകൾക്ക് എത്ര രൂപ വീതം ഫണ്ടനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിലെ രണ്ട് റോഡുകൾക്ക് 141.50 ലക്ഷം രൂപയും എറണാകുളം ജില്ലയിലെ ഒരു റോഡിന് 96.00 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിലെ ഒരു റോഡിന് 7.90 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 245.40 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയവ എത്രയാണെന്നും ഭരണാനുമതി എപ്പോൾ നൽകുമെന്നും റോഡിന്റെ പേരുസഹിതം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചുവരുന്നു.

(സി) തീരദേശ റോഡായി കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത മാനദണ്ഡങ്ങളനുസരിച്ച് ഇനി എത്ര റോഡുകൾ പുനരുദ്ധരിക്കാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച 15-2-2019-ലെ സ.ഉ.(സാധാ)നമ്പർ 127/2019/മ.ഇ.വ. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. ധനലഭ്യതകൂടി പരിഗണിച്ചാണ് റോഡ് പുനരുദ്ധാരണം നടത്തുന്നത്.

## തവനൂർ നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

278(5726) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിൽ 2019-20, 2020-21 വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്* .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഇനിയും പൂർത്തീകരിക്കാത്തവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്നും താമസം നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കാമോ?

കോവിഡ്-19 വ്യാപനം തടയുന്നതിന് പ്രഖ്യാപിച്ച ലോക്ഡൗൺ കാരണം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ടാറിംഗ് നടത്തേണ്ട പ്രവൃത്തികൾ മഴക്കാലം കഴിഞ്ഞാൽ മാത്രമേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ.

**തവനൂർ നിയോജകമണ്ഡലത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം**

279(5727) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ കൂട്ടായിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(ബി) എങ്കിൽ അത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ; ഇതിന്റെ നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) നിലവിൽ കൂട്ടായിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലില്ല.

**കേരളത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ**

280(5728) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എത്ര സാംസ്കാരിക കേന്ദ്രങ്ങളാണുള്ളത്; വിശദവിവരം നൽകാമോ?

ഗ്രാൻഡ് ലഭിക്കുന്ന 27-ഉം ആവർത്തന ഗ്രാൻഡ് ലഭിക്കുന്ന 38-ഉം ആയി ആകെ 65 സ്ഥാപനങ്ങൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് കാലത്ത് ഈ സാംസ്കാരിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധപ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക എന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ഇതിലൂടെ കുറച്ച് കലാകാരന്മാർക്ക് ചെറിയ ധനസഹായം ലഭിക്കുന്നുണ്ട്. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ്

ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കലാകാരന്മാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോയെന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**മോയിൻകുട്ടി വൈദ്യർ അക്കാദമി**

281(5729) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ അക്കാദമിയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

മാപ്പിളകലകൾ, മാപ്പിളപ്പാട്ട് എന്നിവയെ പരിപോഷിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതാണ് വൈദ്യർ അക്കാദമിയുടെ പ്രധാന പ്രവർത്തനം. വൈദ്യർ അക്കാദമിക്ക് കീഴിലുള്ള പ്രധാന പ്രവർത്തനങ്ങൾ:- മാപ്പിളപ്പാട്ട് (3 വർഷകോഴ്സ്, ഒരു വർഷ കോഴ്സ്) മാപ്പിളകലകൾ (ഒരു വർഷ കോഴ്സ്) അറബിമലയാളം റിസർച്ച് ആന്റ് റഫറൻസ് ലൈബ്രറി, ചരിത്ര സാംസ്കാരിക മ്യൂസിയം, 1921-ലെ മലബാർ സമരം ഫോട്ടോ ഗാലറി, കൊണ്ടോട്ടി നേർച്ച ഫോട്ടോ ഗാലറി, പുരാരേഖ ഗാലറി, ഓഡിയോ വിഷ്വൽ തിയേറ്റർ, റിക്കാർഡിംഗ് തിയേറ്റർ, മുപ്പതിനായിരത്തോളം മാപ്പിളപ്പാട്ടുകളുടെ ശേഖരമുള്ള മ്യൂസിക്കൽ ആർക്കൈവ്സ്, പുസ്തകപ്രസാധനം, പുസ്തക വില്പനശാല, ഇൻഡോർ, ഓപ്പൺ ഓഡിറ്റോറിയങ്ങൾ, മാനവീയം വേദി, മാനവീയം മക്കാനി തുടങ്ങിയവ വൈദ്യർ അക്കാദമിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. സാഹിത്യ ഗവേഷകർക്ക് പ്രയോജനപ്പെടുത്താവുന്ന യു.ജി.സി. കെയർ ലിസ്റ്റിലുള്ള ഇശൽപൈതൃകം ത്രൈമാസിക അക്കാദമി

പ്രസിദ്ധീകരിക്കുന്നുണ്ട്. അക്കാദമി വാർത്താപത്രികയും അക്കാദമിയുടെ യുട്യൂബ് ചാനൽ - വൈദ്യർ ടി.വി.-യും സോഷ്യൽ മീഡിയ തത്സമയ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. വൈദ്യർ അക്കാദമിയുടെ വാർഷികാഘോഷമായ വൈദ്യർ മഹോത്സവം മാപ്പിളകലകളുമായി ബന്ധപ്പെട്ട കലാകാരന്മാരെ വൈദ്യർ അക്കാദമിയിലേയ്ക്ക് ആകർഷിക്കുന്ന പരിപാടിയാണ്. സമകാലീന വിഷയത്തിൽ ഊന്നിയുള്ള വൈദ്യർ സ്മാരക പ്രഭാഷണം, മൺമറഞ്ഞ പ്രതിഭകളുടെ ചിത്രം അനാച്ഛാദനം, മാപ്പിളകലകളുടെ അവതരണം, മാപ്പിളപ്പാട്ട് കവിയരങ്ങ്, കലാകാര സംഗമം എന്നിവയും പ്രതിവർഷം സംഘടിപ്പിക്കുന്നു.

(ബി) അക്കാദമിക്ക് മറ്റ് ജില്ലകളിൽ കേന്ദ്രങ്ങളുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നും അവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും വ്യക്തമാക്കുമോ?

അക്കാദമിയ്ക്ക് കോഴിക്കോട് നാദാപുരത്ത് ഒരു ഉപകേന്ദ്രമുണ്ട്. പ്രസ്തുത ഉപകേന്ദ്രത്തിൽ മാപ്പിളപ്പാട്ട് പരിശീലനം (3 വർഷ കോഴ്സ്), വിവിധ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

(സി) അക്കാദമിയുടെ പ്രവർത്തനം കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അക്കാദമിക്ക് കീഴിലുള്ള " സ്കൂൾ ഓഫ് മാപ്പിള ആർട്സ്" അക്കാദമിയുടെ പ്രവർത്തനം കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് പുറമേ 12 ജില്ലകളിലും തുടർന്ന് വിവിധ ഘട്ടങ്ങളിലായി 140 നിയോജകമണ്ഡലങ്ങളിലും ബഹുജന സഹകരണത്തോടെയും ഓരോ പ്രദേശത്തെയും കലാകൂട്ടായ്മകളുടെ സഹായത്തോടെയും " സ്കൂൾ ഓഫ് മാപ്പിള ആർട്സ്" ശാഖകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി അക്കാദമി തയ്യാറാക്കിയിട്ടുണ്ട്.

**കലാകാരന്മാർക്ക് സർക്കാർ സഹായം**

282(5730) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക എന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യുട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ഇതിലൂടെ കലാകാരന്മാർക്ക് ചെറിയ തോതിൽ ധനസഹായം ലഭിക്കുന്നുണ്ട്. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഉത്സവങ്ങൾ ഒഴിവാക്കിയതിനാൽ കലാരംഗത്ത് പ്രവർത്തിച്ച് വന്നിരുന്ന കലാകാരന്മാരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി ' സർഗ്ഗഭൂമിക' എന്ന

ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

**സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ഫണ്ട്**

283(5731) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വിവിധ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഓരോ സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ;

&

(സി) ഓരോ സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അതിൽ ഏതിനെല്ലാം അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-സി) മലപ്പുറം ജില്ലയിലെ രശ്മി ഫിലിം സൊസൈറ്റി എന്ന സംഘടനയ്ക്ക് 2017-18 ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനാവർത്തന ഗ്രാന്റായി 2 ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്. സിനിമ എന്ന മാധ്യമത്തിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘടനയ്ക്ക് ഗ്രാന്റ് അനുവദിച്ചത്.

## സാംസ്കാരിക വകുപ്പിന്റെ പദ്ധതികൾ

284(5732) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

സാംസ്കാരിക വകുപ്പിനുകീഴിൽ നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) വജ്രജൂബിലി ഫെലോഷിപ്പ്

2) നാട്ടരങ്ങ്

3) കേരള സംസ്കാര മ്യൂസിയം

4) കേരള സംസ്കാര വ്യാപനം

5) കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത

6) ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ്

7) കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി

8) അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തിര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി.

9) പ്രമുഖരായ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും ആശ്രിതർക്ക് നൽകുന്ന ധനസഹായം.

10) സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന/അനാവർത്തന ഗ്രാന്റ്.

എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളാണ് പദ്ധതി ലക്ഷ്യമിട്ടത്. മൂന്ന് ജില്ലകളിൽ കാസർഗോഡ്, കൊല്ലം, പാലക്കാട് സമുച്ചയത്തിന്റെ പ്രധാന ഭാഗമായ ഒന്നാംഘട്ടം പൂർത്തിയാവുകയും കാസർഗോഡ് ജില്ലയിലെ സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലത്ത് ഫെബ്രുവരി 25-നും പാലക്കാട് മാർച്ച് അവസാന വാരത്തിലും ഉദ്ഘാടനം നടക്കും. മലപ്പുറം ജില്ലയിലെ സമുച്ചയ നിർമ്മാണത്തിനുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുകയും കണ്ണൂർ, കോഴിക്കോട്, കോട്ടയം ജില്ലകളിൽ

ഭൂമിയേറ്റെടുക്കലിനായി കിഫ്ബി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമഘട്ടത്തിലാണ്. പത്തനംതിട്ട, വയനാട്, ഇടുക്കി, എറണാകുളം ജില്ലകളിൽ കണ്ടെത്തിയ ഭൂമിയുടെ അനുയോജ്യത പരിശോധിച്ചുവരുന്നു. സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മലയാളം മിഷൻ - മലയാള ഭാഷയെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനുള്ള മികവിന് മലയാളം മിഷൻ മലയാള ഭാഷാ പ്രതിഭാ പുരസ്കാരം നൽകിവരുന്നു. 50,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മലയാള ഭാഷാ പ്രചരണത്തിനും പാഠ്യപദ്ധതിയുടെ പിന്തുണയ്ക്കായും ഇന്റർനെറ്റ് വഴി പ്രവർത്തിക്കുന്ന ' റേഡിയോ മലയാളം' മലയാളം മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഭാഷാപ്രചരണത്തിനായി സാമ്പ്രദായിക മാർഗ്ഗങ്ങൾക്കപ്പുറം ഭാഷയെ സ്വജീവിതത്തിന്റെയും വ്യക്തിത്വത്തിന്റെയും വേഷവിധാനത്തിന്റെയും ഭാഗമാക്കി മാറ്റിക്കൊണ്ട് ഭാഷയിലൂടെ ഒരു സംസ്കാരം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച സുവനീർ ഷോപ്പിലൂടെ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും മുദ്രകൾ ആലേഖനം ചെയ്ത പല തരത്തിലുള്ള കപ്പുകൾ, ടീ ഷർട്ടുകൾ, സഞ്ചി, മാസ്ക്കുകൾ, ബാഗുകൾ, സാരികൾ മുതലായവ വിൽപ്പന നടത്തിവരുന്നു. മലയാളഭാഷയുടെ അടിസ്ഥാനപാഠങ്ങൾ ശാസ്ത്രീയമായി തയ്യാറാക്കി പൂർണ്ണമായും ഇന്റർനെറ്റ് വഴി പഠിപ്പിക്കുന്ന പദ്ധതിയാണ് ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ്.

ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീപുരുഷ തുല്യത സമസ്ത നിയോജകമണ്ഡലങ്ങളിലും വിശേഷിച്ച് ആശയാവിഷ്കാരങ്ങളിൽ നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് സമം. മലയാളം മിഷനൊപ്പം ഭാരത് ഭവൻ, ചലച്ചിത്ര അക്കാദമി, കെ.എസ്.എഫ്.ഡി.സി., ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങളും " സമം" പദ്ധതിയുടെ പ്രധാന പങ്കാളികളാണ്.

വാസ്തുവിദ്യാ ഗുരുകുലം - സംരക്ഷിത സ്മാരകങ്ങൾ പ്രധാനപ്പെട്ട കൊട്ടാരങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷൻ, ചെലവ് ചുരുങ്ങിയതും പരിസ്ഥിതി സൗഹാർദ്ദവുമായ മണ്ണ് നിർമ്മാണത്തിന്റെ (സുസ്ഥിര നിർമ്മാണ സങ്കേതങ്ങളുടെ) പ്രചാരണവും പാരമ്പര്യ മണ്ണ് വീട് നിർമ്മിതികളുടെ ഗ്രാഫിക്കൽ ഡോക്യുമെന്റേഷനും പാരമ്പര്യ നിർമ്മിതികളുടെ ഡിജിറ്റൽ ഡോക്യുമെന്റേഷനും ഡാറ്റാ ശേഖരണവും.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

- ജാപ്പനീസ് - മലയാളം പഠന സഹായി പ്രസിദ്ധീകരിച്ചു.
- ശബ്ദാവലികളുടെ നിർമ്മാണം പുരോഗമിക്കുന്നു.
- തുടങ്ങിവച്ച പുസ്തക പരിഭാഷകളുടെ പൂർത്തീകരണവും പുതിയ പുസ്തകങ്ങളും പരിഭാഷാ രീതിയും പുരോഗമിക്കുന്നു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

അന്താരാഷ്ട്ര ചലച്ചിത്രമേള.

അന്താരാഷ്ട്ര ഡോക്യുമെന്ററി ഹ്രസ്വചലച്ചിത്രമേള .

ദേശീയ ചലച്ചിത്രമേള.

പ്രാദേശിക ചലച്ചിത്രമേളകൾ.

കേരള സംസ്ഥാന ടെലിവിഷൻ അവാർഡ്.

ടെലിവിഷൻ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്.

കേരള സംസ്ഥാന ചലച്ചിത്ര അവാർഡ്.

ജെ.സി.ഡാനിയേൽ അവാർഡ്.

ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ.

ചലച്ചിത്ര ഗവേഷണത്തിനായുള്ള ഫെലോഷിപ്പ്.

മലയാള സിനിമകളുടെ ഡിജിറ്റലൈസേഷൻ ആൻഡ് ആർക്കൈവിംഗ്.

ചലച്ചിത്ര സമീക്ഷ എന്ന ദ്വിഭാഷ മുഖമാസിക.

ചലച്ചിത്ര സംബന്ധിയായ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം.

ചലച്ചിത്ര സംബന്ധിയായ ശില്പശാലകളും സെമിനാറുകളും.

ടൂറിംഗ് ടാക്കീസ്.

സിനി കലാകാരന്മാർക്കുള്ള പെൻഷനും ചികിത്സാ ധനസഹായവും

ഭാരത് ഭവൻ-

കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി -' മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ആഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെന്റേഴ്സ്, അന്ധ-ബധിര-മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380- ഓളം സംഘങ്ങളിലായി 3500-ൽപ്പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകാൻ ഇതുവഴി സാധിക്കും.

കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്- 2021-ൽ വായന പക്ഷാചരണത്തോടനുബന്ധിച്ച് ജൂൺ 19 മുതൽ ജൂലൈ 19 വരെ 1000 രൂപയ്ക്ക് 1555 രൂപയുടെ പുസ്തകങ്ങൾ എന്ന പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് പുസ്തകം ലഘുതവണ വ്യവസ്ഥയിൽ, വീടുകളിൽ ഒരു ലൈബ്രറി സെറ്റ് ചെയ്യുന്നതിനുവേണ്ടി കോഴിക്കോട് ഒരു സഹകരണ സൊസൈറ്റിയുമായി ചേർന്നുകൊണ്ട് അലമാരയും പുസ്തകവും നൽകാനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. ഓരോ വീടുകളിലും അത്യാവശ്യം ഉണ്ടാകേണ്ട പുസ്തകങ്ങൾ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ബുക്ക്മാർക്ക് ഉദ്ദേശിക്കുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് 10,000 രൂപയ്ക്ക് 15,000 രൂപയുടെ പുസ്തകങ്ങൾ നൽകും. മലയാളത്തിലേയും വിശ്വസാഹിത്യത്തിലേയും ഒരു വീട്ടിൽ അവശ്യം വേണമെന്ന് കരുതുന്ന പുസ്തകങ്ങൾ ഈ പദ്ധതിയിലൂടെ വീടുകളിൽ എത്തിക്കാനാണ് ആലോചിക്കുന്നത്. വിദഗ്ദ്ധ സമിതി നിശ്ചയിക്കുന്ന പുസ്തകമാണ് നൽകുക.

(ബി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള വിവിധ കേന്ദ്രങ്ങൾ ഏതൊക്കെയെന്നും അവയിലെ സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് അവയുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുയോജ്യമായിട്ടുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) സാംസ്കാരിക വകുപ്പ് ആർക്കൊക്കെ ധനസഹായം നൽകുന്നുണ്ടെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

സാംസ്കാരിക വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള സംസ്ഥാന കലാകാര പെൻഷൻ പദ്ധതി.

2) അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്ക് അടിയന്തര ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി.

3) പ്രമുഖരായ സാഹിത്യകാരന്മാരുടേയും കലാകാരന്മാരുടേയും ആശ്രിതർക്ക് നൽകുന്ന ധനസഹായം.

4) സാംസ്കാരിക സ്ഥാപനങ്ങൾക്കും സംഘടനകൾക്കും നൽകുന്ന ആവർത്തന/അനാവർത്തന ഗ്രാന്റ്.

ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*. സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചലച്ചിത്ര രംഗത്തെ അവശകലാകാരന്മാർക്ക് 1000 രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു. കൂടാതെ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ പരമാവധി 25,000 രൂപ വരെ ചികിത്സാ ധനസഹായവും നൽകുന്നു. 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000 രൂപയിൽ കവിയാത്തവരുമായ ചലച്ചിത്രകാരന്മാർക്ക് പെൻഷനായി അപേക്ഷിക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷിക്കേണ്ട രീതി- ആധാറിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ഫോട്ടോ, ചലച്ചിത്ര സംഘടനയുടെ/സംവിധായകന്റെ സാക്ഷ്യപത്രം എന്നിവ സഹിതമുള്ള അപേക്ഷ ചലച്ചിത്ര അക്കാദമി സെക്രട്ടറിക്ക് നൽകിയാൽ മതിയാകും. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ ധനസഹായ പദ്ധതികളും അർഹതാ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(ഡി) കഴിഞ്ഞ അഞ്ചുവർഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടത്തിയ പരിപാടികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

**സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്ക് പെൻഷൻ**

285(5733) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് മുഖേന കലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ ഇത് ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡം വിശദമാക്കാമോ?

കലാകാരപെൻഷൻ അനുവദിച്ച് വരുന്നത് 11-8-2017-ലെ സ.ഉ. (കൈ) 21/2017/സാം.കാ.വ. പ്രകാരമുള്ള മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. അമ്പത് വയസ്സ് പൂർത്തീകരിക്കുകയും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ളവരുമായ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാരപെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയും വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശ ചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് നൽകുന്നമുറയ്ക്ക് ആയതിൽ ന്യൂനതകളുള്ള അപേക്ഷകരെ മാറ്റിനിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് നൽകുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽ നിന്നുള്ള ക്ഷേമ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്. കലാകാരപെൻഷൻ മുടങ്ങാതെ തുടർന്നും ലഭിക്കുന്നതിന് കലാകാര പെൻഷൻ ഗുണഭോക്താക്കൾ ആറ് മാസത്തിലൊരിക്കൽ ലൈഫ് സർട്ടിഫിക്കറ്റും മൂന്ന് വർഷത്തിലൊരിക്കൽ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്. ക്ഷേമനിധിയിൽ 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക സാഹിത്യ മേഖലയിലുള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും ഫീസും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതും അപേക്ഷകൾ പരിശോധിച്ച് അപേക്ഷകർക്ക് ക്ഷേമനിധി അംഗീകാരം നൽകിയ അക്കാദമികളോ സ്ഥാപനങ്ങളോ സംഘടനകളിൽനിന്നോ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം നൽകുന്നതുമാണ്. അംഗത്വം ലഭിച്ച് അംശദായം അടച്ച ഒരു അംഗത്തിന് 60 വയസ്സ് തികയുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതാണ്. സൂപ്പറാന്വേഷൻ പെൻഷനുവേണ്ടി ക്ഷേമനിധി പദ്ധതി പ്രകാരമുള്ള 5-ാം നമ്പർ ഫാറം പൂരിപ്പിച്ച് നൽകേണ്ടതാണ്. കൂടാതെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽനിന്നും അവശസിനിമാ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകിവരുന്നത് 31-12-2003-ലെ സ.ഉ.(സാധാ)നമ്പർ 530/2003/സി.എ.ഡി. പ്രകാരമുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇത് പ്രകാരം 50 വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷ വരുമാനം 12,000 രൂപയിൽ കവിയാത്തവരുമായ സിനിമാ കലാകാരന്മാർക്ക് പെൻഷന് അപേക്ഷിക്കാവുന്നതാണ്. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ജനന തീയതി തെളിയിക്കുന്ന രേഖ ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(ബി) എത്ര രൂപ വീതമാണ് ഈ ഇനത്തിൽ മാസംതോറും പെൻഷനായി നൽകി വരുന്നത്?

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന ഒരാൾക്ക് പ്രതിമാസം 1600 രൂപ കലാകാര പെൻഷനായി നൽകി വരുന്നു. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും പ്രതിമാസം 4000 രൂപ ക്ഷേമനിധി പെൻഷൻ നൽകുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി വഴി അവശത അനുഭവിക്കുന്ന സിനിമാ കലാകാരന്മാർക്ക് മാസംതോറും 1,000 രൂപ വീതം പെൻഷൻ നൽകിവരുന്നു.

## പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ക്ഷേമനിധി

286(5734) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാദേശിക മാധ്യമപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട്/ചട്ടങ്ങൾ പ്രകാരം പ്രാദേശിക മാധ്യമ പ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയില്ല.

## കേരള നവോത്ഥാനത്തെക്കുറിച്ച് സമഗ്ര പഠന മ്യൂസിയം

287(5735) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നവോത്ഥാനത്തെക്കുറിച്ച് ഒരു സമഗ്ര പഠന മ്യൂസിയം സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി എന്ത് തുക വകയിരുത്തിയെന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

&

(സി) ഇതോടൊപ്പം സ്ഥാപിക്കുന്ന സ്മാരക മതിലിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എന്ത് തുകയുടെ പദ്ധതിയാണ് സർക്കാർ തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ നവോത്ഥാന മ്യൂസിയം സ്ഥാപിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും തുടർന്ന് പ്രാരംഭ നടപടികൾക്കായി ഒരുകോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. എന്നാൽ തിരുവനന്തപുരം ജില്ലയിൽ നവോത്ഥാന മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമായിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ പ്രസ്തുത മ്യൂസിയത്തിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കായി സ്ഥലം ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് സാംസ്കാരിക സമുച്ചയം

288(5736) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ടി. ഭട്ടതിരിപ്പാടിന്റെ പേരിലുള്ള പാലക്കാട്ടെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വി. ടി. ഭട്ടതിരിപ്പാടിന്റെ പേരിലുള്ള പാലക്കാട്ടെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരികയാണ്. പെർഫോർമൻസ് ബ്ലോക്കിന്റെ താഴത്തെ നിലയുടെ ജോലികളും പ്ലാസ്റ്ററിംഗ് വർക്കും എക്സിബിഷൻ ബ്ലോക്കിന്റെ താഴത്തെ നിലയുടെ കോൺക്രീറ്റ് തൂണുകളുടെ ജോലികളും ഓപ്പൺ എയർ തിയേറ്ററിന്റെ ഗാലറിയുടെ തട്ട് കോൺക്രീറ്റ് ജോലികളും പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത സമുച്ചയത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2022 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## വയനാട് ജില്ലയിലെ സാംസ്കാരിക സമുച്ചയം പദ്ധതി

289(5737) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയിൽ ഒരു സാംസ്കാരിക സമുച്ചയം എന്ന പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സാംസ്കാരിക വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

&

(ബി) പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇനി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്നും ഇതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും അറിയിക്കാമോ?

(എ&ബി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കിഫ്ബി പദ്ധതിപ്രകാരം വയനാട് ജില്ലയിൽ എടച്ചേന

കുങ്കന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ നോഡൽ ഓഫീസറായി സാംസ്കാരിക വകുപ്പ് സെക്രട്ടറിയേയും സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിനേയും സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിളായി (എസ്.പി.വി.) കേരള സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷനേയും നിയോഗിച്ചിട്ടുണ്ട്.

**പാർത്ഥി സുബ്ബാ കലാക്ഷേത്രത്തിന്റെ നിർമ്മാണ പ്രവൃത്തി**

290(5738) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ യക്ഷഗാന കുലപതി പാർത്ഥി സുബ്ബയുടെ പേരിലുള്ള പാർത്ഥി സുബ്ബ കലാക്ഷേത്രത്തിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ യക്ഷഗാന കുലപതി പാർത്ഥി സുബ്ബയുടെ പേരിലുള്ള പാർത്ഥി സുബ്ബ കലാക്ഷേത്രത്തിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടില്ല. 2009-2010-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ യക്ഷഗാന കുലപതി പാർത്ഥി സുബ്ബയുടെ പേരിലുള്ള പാർത്ഥി സുബ്ബ കലാക്ഷേത്രത്തിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് സർക്കാരിലെ സാംസ്കാരികകാര്യ വകുപ്പിൽ നിന്ന് 23-12-2009-ലെ സ.ഉ.(സാധാ.) നമ്പർ. 558/2009/സാം.കാ.വ., 24-3-2010-ലെ സ. ഉ. (സാധാ) നമ്പർ. 187/2010/സാം.കാ.വ. എന്നിവ പ്രകാരം 20,00,000 രൂപയും 13-3-2014-ലെ സ. ഉ. (സാധാ) നമ്പർ 153/2014/ സാം.കാ.വ. പ്രകാരം 10,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലാ കളക്ടറുടെ 24-3-2010-ൽ ആർ.ഡി.3/501/10 നമ്പർ. നടപടി കുറിപ്പ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം എം.എൽ.എ.-യുടെ (ശ്രീ. സി. എച്ച്. കുഞ്ഞമ്പു) പേരിലുള്ള പ്രത്യേക വികസന നിധി/ഫണ്ടിൽനിന്ന് 15,00,000 രൂപയും എറണാകുളം ജില്ലയിൽ നിന്നുള്ള നോമിനേറ്റഡ് എം.എൽ.എ.ആയ ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സിന്റെ പേരിലുള്ള പ്രത്യേക വികസന നിധി/ഫണ്ടിൽനിന്ന് 10,00,000

രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത നടപടിക്കുറിപ്പിൽ നിർമ്മാണ പ്രവൃത്തിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായി കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിട്ടുമുണ്ട്.

(സി) പണി പൂർത്തിയാക്കാതെ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയ പ്രസ്തുത കെട്ടിടത്തിന്റെ ഇന്നത്തെ പരിതാപകരമായ സ്ഥിതി മാറ്റിയെടുക്കാൻ തുടർനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഈ കലാക്ഷേത്രത്തിന് സർക്കാർതല കമ്മിറ്റി ഉണ്ടായിരുന്നോ; ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കുമ്പളയിൽ പ്രവർത്തിക്കുന്ന പാർത്ഥി സുബ്ബ യക്ഷഗാന കലാക്ഷേത്ര എന്ന സംഘടനയുടെ ഭരണസമിതി 17-4-2020-ലെ സ. ഉ. (സാധാ) നമ്പർ. 194/2020/സാം.കാ.വ. പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ഇ) പ്രസ്തുത കലാക്ഷേത്രം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ഇതിന്റെ കമ്മിറ്റിയും പുനസംഘടിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇപ്പോൾ പ്രസക്തമല്ല.

## ആറാലുംമൂട്ടിലെ സിനിമാ തിയേറ്റർ നിർമ്മാണം

291(5739) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറാലുംമൂട്ടിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ തിയേറ്റർ നിർമ്മാണം സംബന്ധിച്ച ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി 16.37 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തിയേറ്റർ നിർമ്മാണത്തിന് കിഫ്ബി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഡി. പി. ആർ. കിഫ്ബി അംഗീകരിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് പുതിയതായി ഏതൊക്കെ സ്ഥലങ്ങളിലാണ് തിയേറ്റർ നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

കായംകുളം, അളഗപ്പനഗർ, പയ്യന്നൂർ എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മാണം പുരോഗമിച്ചുവരുന്നു. പേരാമ്പ്ര, കാക്കനാട്, വൈക്കം, പായം, താനൂർ എന്നിവിടങ്ങളിൽ തിയേറ്റർ നിർമ്മാണത്തിന് പുതിയതായി കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

**കെ.ജി. സത്താറെന്ന അബുസത്താർ ബാവയ്ക്ക് സ്മാരകം**

292(5740) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തോളം മാപ്പിളപ്പാട്ടുകളും നിരവധി ലളിതഗാനങ്ങളും നാടകഗാനങ്ങളും എഴുതി, ചിട്ടപ്പെടുത്തി, പാടിയിട്ടുള്ള തൃശ്ശൂർ എളവള്ളി പഞ്ചായത്തിലെ പൂവത്തൂർ സ്വദേശി കെ. ജി. സത്താറെന്ന അബുസത്താർ ബാവയ്ക്ക് ഉചിതമായ ഒരു സ്മാരകം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിരവധി പുരസ്കാരങ്ങളും പ്രശംസാ പത്രങ്ങളും നേടിയ കെ.ജി. സത്താറിന്റെ ഓർമ്മ നിലനിർത്തുന്നതിന് സമുചിതമായ ഒരു സാംസ്കാരിക കേന്ദ്രം മണലൂർ നിയോജകമണ്ഡലത്തിലെ പൂവത്തൂർ കേന്ദ്രമാക്കി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക മ്യൂസിയം**

293(5741) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ?

ജില്ലാ തലത്തിലുള്ള പദ്ധതികളാണ് സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതിയുടെ ഭാഗമായി ചലച്ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) നിയോജകമണ്ഡലത്തിൽ ഒരു സാംസ്കാരിക മ്യൂസിയം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സ്റ്റേജ് കലാകാരന്മാർക്കുള്ള സഹായ പദ്ധതി**

294(5742) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിമൂലം കലാപരിപാടികൾ അവതരിപ്പിക്കാൻ കഴിയാത്ത സ്റ്റേജ് കലാകാരന്മാരെ സഹായിക്കുന്നതിനായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000 രൂപ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത്

കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്നത് കൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറ് കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി ' മഴമിഴി ' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

**മാതൃഭാഷാപഠന പദ്ധതി**

295(5743) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. വിജിൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിനായി മലയാളം മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദേശരാജ്യങ്ങളിൽ വർഷങ്ങളായി കുടിയേറിയിട്ടുള്ളതും അവിടെ ജനിച്ച് വളർന്നിട്ടുള്ളവരുമായ പ്രവാസി മലയാളികൾക്കായി അവരുടെ പ്രത്യേക സാഹചര്യങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കി തയ്യാറാക്കിയ

പാഠ്യപദ്ധതിയാണ് പഠനപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ളത്. പത്ത് വർഷം കൊണ്ട് പൂർത്തിയാകുന്ന നാല് കോഴ്സുകളാണുള്ളത്. നാല് കോഴ്സുകളും പൂർത്തിയാകുന്നതോടെ മലയാളത്തിൽ കേരളത്തിലെ പത്താം തരം തുല്യതയ്ക്ക് യോഗ്യത നേടുന്ന വിധമാണ് പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(ബി) മലയാളം മിഷൻ പദ്ധതിയനുസരിച്ച് നടത്തുന്ന കോഴ്സുകൾ, അവയുടെ കരിക്കുലം, ബോധന തന്ത്രം, വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന- 2 വർഷം), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി- 2 വർഷം), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ- 3 വർഷം), സീനിയർ ഹയർ ഡിപ്ലോമ (നീലക്കുറിഞ്ഞി- 3 വർഷം) എന്നിങ്ങനെ ആകെ 10 വർഷം കൊണ്ട് പൂർത്തിയാകുന്ന പാഠ്യപദ്ധതിയാണ് മിഷൻ തയ്യാറാക്കിയിട്ടുള്ളത്. ശിശു മനഃശാസ്ത്രത്തെ അടിസ്ഥാനമാക്കിയും സാമൂഹ്യ ജ്ഞാന നിർമ്മിതി വാദത്തിന്റെ തത്വങ്ങളിലൂന്നിയുമാണ് ബോധന തന്ത്രം തയ്യാറാക്കിയിട്ടുള്ളത്. ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമായി നിലവിൽ ആകെ 50000-ത്തോളം വിദ്യാർഥികൾ പഠനം നടത്തുന്നു.

(സി) സംസ്ഥാനത്തിന് പുറത്ത് ഏതൊക്കെ പ്രദേശങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും മിഷൻ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്?

ഇന്ത്യയ്ക്കകത്ത് 22 സംസ്ഥാനങ്ങളിലും 40 വിദേശരാജ്യങ്ങളിലുമായി മലയാളം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*).

(ഡി) മാതൃഭാഷ പഠനത്തോടൊപ്പം എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം എന്ന മുദ്രാവാക്യം ലോക മലയാളികളിൽ ഐക്യവും കൂട്ടായ്മയും ഉണ്ടാക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പ്രവാസി മലയാളികളിലേക്കിറങ്ങിച്ചെന്ന് അവരിൽ ഭാഷാസ്നേഹവും കേരള സംസ്കാരത്തിലുള്ള അഭിമാനവും ഉണർത്താനുള്ള മലയാളം മിഷന്റെയും കേരള സർക്കാരിന്റെയും ശ്രമങ്ങൾ തന്നെ അവരിൽ ആവേശമുളവാക്കുന്നുണ്ട്. ഭാഷാടിസ്ഥാനത്തിൽ കൂട്ടായ്മകൾ രൂപപ്പെട്ടുവരാനും മലയാളം പഠിക്കാനും കേരളത്തെ കൂടുതൽ അറിയാനും തങ്ങളുടെ പുതുതലമുറയെ അതിലേയ്ക്ക് കൊണ്ടുവരാനും പ്രവാസി മലയാളികൾ കാണിക്കുന്ന താല്പര്യം കൂടുതൽ മേഖലകളിലേയ്ക്ക് മലയാളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് ഊർജ്ജം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകരുന്നതാണ്. ഓരോ രാജ്യത്തും വിവിധ സംഘടനകളുടെ കൂട്ടായ്മകളുണ്ടാക്കി അവരെ ഒറ്റക്കുടക്കീഴിൽ കൊണ്ടുവരുന്നതിനും മലയാളം മിഷൻ ഒരു നിമിത്തമാകുന്നുവെന്നതും അഭിമാനകരമാണ്.

**വരുമാനമാർഗ്ഗമില്ലാത്ത കലാകാരന്മാർക്ക് സാമ്പത്തിക സഹായം**

296(5744) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാരണം വരുമാനമാർഗ്ഗമില്ലാതായ കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് കാലത്ത് കലാ-സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്നത് കൂടി ലക്ഷ്യം വച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക

അക്കാദമി ‘ സർഗ്ഗഭൂമിക’ എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി 'മഴമിഴി ' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അനുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ‘ നിറകേരളം ’ ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

**ഗ്രാമീണ കലാകാരന്മാരുടെ സംരക്ഷണം**

297(5745) ശ്രീ. വി. ജോയി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം.വിജിൻ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയവയുടെ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. സംസ്ഥാനത്തെ 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണ

കരകൗശല കലാകാരന്മാർക്ക് നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കിവരുന്നു. ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന നാട്ടരങ്ങ് പദ്ധതിയും സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ വിഭാഗം കലാകാരന്മാർക്കും ക്ഷേമനിധി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ഗ്രാമീണ കലാകാരന്മാരെ സംരക്ഷിക്കുന്നതിന് ഇത്തരം പദ്ധതികളിലൂടെ സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഡി.സി.-ക്ക് ഗ്രാമപ്രദേശങ്ങളിൽ തിയേറ്റർ ശൃംഖല സ്ഥാപിക്കാൻ പദ്ധതിയുണ്ടോ?

സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം അനുവദിക്കുന്ന, തിയേറ്ററിന് അനുയോജ്യമെന്ന് കണ്ടെത്തുന്ന സ്ഥലങ്ങളിൽ, തിയേറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

**ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് തനത് കലകളുടെ പ്രചാരണം**

298(5746) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ സംസ്ഥാനത്തിന്റെ അനന്തമായ സാധ്യതകൾ പരിഗണിച്ച് വിദേശ രാജ്യങ്ങളിൽ കേരളത്തിന്റെ തനത് കലകളുടെ പ്രചാരണത്തിന് പ്രത്യേക പരിഗണന നൽകുമോ; എങ്കിൽ ആയതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് കലകളുടെ പ്രചരണത്തിനായി വിദേശ രാജ്യങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2021 നവംബർ 14 മുതൽ 20 വരെ കേന്ദ്ര സാംസ്കാരിക വകുപ്പ്, സൗത്ത്സോൺ കൾച്ചറൽ

സെന്ററിന്റെ നേതൃത്വത്തിൽ ഒരുക്കുന്ന ദുബായ് എക്സ്പോ 2021-ലേക്ക് കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ Tolerance and Inclusivity (സഹിഷ്ണുതയും ഉൾച്ചേരലും) എന്ന വിഷയം പ്രമേയമാക്കി തയ്യാറാക്കിയ 'ബഹബക്ക്' മൾട്ടിമീഡിയ ദൃശ്യാവിഷ്കാരത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളീയകലകളുടെ തനിമ നിലനിർത്തിക്കൊണ്ടുള്ള മൾട്ടിമീഡിയ ദൃശ്യാവിഷ്കാരത്തിന്റെ രൂപകൽപ്പന ഭാരത് ഭവൻ തയ്യാറാക്കിയിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള കേരള ലളിതകലാ അക്കാദമി കളമെഴുത്തിനെക്കുറിച്ച് സമഗ്രമായ ഒരു ഗ്രന്ഥം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കോവിഡ് പ്രതിസന്ധി ഒഴിവാകുന്ന മുറയ്ക്ക് വിദേശ രാജ്യങ്ങളുമായി ബന്ധപ്പെട്ട് അക്കാദമി കലാ ക്യാമ്പുകളും സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിക്കുന്നതാണ്. കേരള ഫോക്‌ലോർ അക്കാദമി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ മുഖേന വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ മാപ്പിളപ്പാട്ട്, മാപ്പിള കലാരൂപങ്ങൾ തുടങ്ങിയ തനത് കലാരൂപങ്ങൾ വിദേശ രാജ്യങ്ങളിൽ അവതരിപ്പിക്കുന്നതിന് ആലോചിക്കുന്നതാണ്. കേരള കലാമണ്ഡലം വിദേശരാജ്യങ്ങളിലെ കലാ സാംസ്കാരികോൽസവങ്ങളിൽ പരിപാടികൾ അവതരിപ്പിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിരമായ കലാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിരമായ കലാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി വിനോദസഞ്ചാര വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വേളി ടൂറിസ്റ്റ് വില്ലേജിൽ 9.50 കോടി രൂപ ചെലവഴിച്ച് ആർട്ട് കഫെ നിർമ്മിച്ചിട്ടുണ്ട്. വേളി ടൂറിസ്റ്റ് വില്ലേജിൽ സ്ഥിരം വേദിയായി ഫ്ലോട്ടിംഗ് പ്ലാറ്റ്ഫോം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 2 കോടി രൂപയുടെ, പാലക്കാട് വെള്ളിനേഴി കലാഗ്രാമം എന്ന പദ്ധതി പൂർത്തീകരിച്ചു. മുസിരീസ് ഹെറിറ്റേജ് പ്രോജക്റ്റിനോടനുബന്ധിച്ച് തനത് കലകളുടെ പ്രോത്സാഹനത്തിനായി കോട്ടപ്പുറത്ത് ഒരു ആംഫി തിയേറ്ററും ഗോതുരുത്തിൽ സെന്റ് സെബാസ്റ്റ്യൻ ചർച്ചിനോടനുബന്ധിച്ച് പെർഫോമൻസ് സെന്ററും ചേന്ദമംഗലത്ത് പാലിയം ഊട്ടുപുര പുനരുദ്ധീകരിച്ച് ഒരു കലാപ്രദർശന ഹാളും നിർമ്മിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള ലളിതകലാ അക്കാദമിയുടെ എറണാകുളം ദർബാർ ഹാൾ കലാകേന്ദ്രം കണ്ണൂർ ജില്ലയിലെ കാക്കണ്ണൻപാറയിലുള്ള കെ. ജി. സുബ്രഹ്മണ്യൻ കലാഗ്രാമം എന്നിവ സ്ഥിരം കലാ കേന്ദ്രങ്ങളാണ്. യശഃശരീരനായ ശങ്കറിന്റെ നാമധേയത്തിൽ കായംകുളത്തെ

കൃഷ്ണപുരത്തുള്ള കാർട്ടൂൺ മ്യൂസിയത്തിൽ അദ്ദേഹത്തിന്റെ സമഗ്ര കാർട്ടൂണുകൾ അടങ്ങിയ ഗാലറിയടക്കം പ്രശസ്തരായ മറ്റ് കാർട്ടൂണിസ്റ്റുകളുടെ കാർട്ടൂണുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. രാജാ രവിവർമ്മയുടെ ജന്മദേശമായ കിളിമാനൂരിൽ ആർട്ടിസ്റ്റ്സ് സ്റ്റുഡിയോ റസിഡൻസിയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

### പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് സാംസ്കാരിക ക്ഷേമനിധി

299(5747) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാദേശിക മാധ്യമ പ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട്/ചട്ടങ്ങൾ പ്രകാരം പ്രാദേശിക മാധ്യമ പ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയില്ല.

(ബി) ഇല്ലെങ്കിൽ ആയതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

### തൊഴിൽരഹിതരായ കലാകാരന്മാരുടെ വിവരശേഖരണം

300(5748) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം തൊഴിൽരഹിതരായ കലാകാരന്മാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ?

കോവിഡ് മഹാമാരിമൂലം തൊഴിൽരഹിതരായ കലാകാരന്മാരുടെ വിവരം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം ശേഖരിച്ചിട്ടുണ്ട്.

(ബി) ഇവർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000 രൂപ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് കാലത്ത് കലാ-സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്നതുകൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ഇതിലൂടെ കുറച്ച് കലാകാരന്മാർക്ക് ചെറിയ ധനസഹായം ലഭിക്കുന്നുണ്ട്. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത

നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാകുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി ' മഴമിഴി ' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

(സി) കേരളോത്സവം പോലുള്ള പദ്ധതികൾക്കായി ചെലവുകൾ ഇല്ലാത്ത സാഹചര്യത്തിൽ കലാകായിക രംഗത്തുള്ളവർക്കായി ഈ ഫണ്ട് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ വിഷയം ഇപ്പോൾ ആലോചിച്ചിട്ടില്ല.

### തുളു അക്കാദമിയുടെ പ്രവർത്തനം

301(5749) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തുളു അക്കാദമി നിലവിൽ വന്നത് ഏത് വർഷമാണ്; ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

തുളു ഭാഷ, ലിപി, സാഹിത്യം, കല, നാടൻകലകൾ എന്നിവയ്ക്ക് ഉത്തേജനം നൽകിക്കൊണ്ട് തുളു സംസ്കാരത്തിന്റെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായാണ് 2007-ൽ കേരള തുളു അക്കാദമി രൂപീകരിച്ചത്. വിവിധ തുളു സാംസ്കാരിക പരിപാടികളും അനുബന്ധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതാണ് അക്കാദമിയുടെ പ്രധാന പ്രവർത്തനം. തുളു വികസന പ്രവർത്തകർ, കലാകാരൻമാർ, എഴുത്തുകാർ എന്നിവരെ ആദരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക, തുളു പുസ്തകങ്ങൾ, ആനുകാലികങ്ങൾ, 'തെമ്പേരെ' എന്ന തുളു ത്രൈമാസിക പ്രസിദ്ധീകരിക്കുക, മാസംതോറും തുളു സംസ്കാരവുമായി

ബന്ധപ്പെട്ട വിവിധ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക, തുളു ഭാഷാതല്പരർക്കായി തുളു ലിപി ക്ലാസ്സുകൾ നടത്തുക, യക്ഷഗാനം, തുളുനാടകം, തുളു ദൈവാരാധനയും നാഗാരാധനയും എന്നിവ പ്രോത്സാഹിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുക തുടങ്ങിയവ അക്കാദമിയുടെ പ്രവർത്തനങ്ങളുടെ ഭാഗമാണ്.

(ബി) ഇതിന് 2011-2016 വർഷം ഗ്രാന്റായി എന്ത് തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; 2016-2021 വർഷം അക്കാദമിക്ക് എന്തൊക്കെ സാമ്പത്തിക ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

2011-16 വർഷം തുളു ഭവന നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിനായി 25 ലക്ഷം രൂപയും 2016-2021 വർഷം, ഫർണിച്ചർ, കമ്പ്യൂട്ടർ, മറ്റ് സ്റ്റേഷനറി സാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) 2021-22 വർഷം തുളു അക്കാദമിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുളു ഭവന നിർമ്മാണത്തിന്റെ 2-ാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി മഞ്ചേശ്വരം എം.എൽ.എ.-യുടെ ആസ്ഥിവികസന ഫണ്ടിൽനിന്നും 45 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് തുളു അക്കാദമി സമർപ്പിച്ച 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) തുളു അക്കാദമിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തുളു ഭവന നിർമ്മാണത്തിന്റെ 2-ാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്കായി മഞ്ചേശ്വരം എം.എൽ.എ.- യുടെ ആസ്ഥിവികസന ഫണ്ടിൽനിന്നും 45 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് തുളു അക്കാദമി സമർപ്പിച്ച 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## സാംസ്കാരിക വകുപ്പിലെ പദ്ധതികൾ

302(5750) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സാംസ്കാരിക വകുപ്പിൽ നടപ്പിലാക്കപ്പെട്ട പ്രധാന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് പ്രസ്തുത വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*

## നാടൻ കലാകാരന്മാർക്ക് ധനസഹായം

303(5751) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം കാരണം നാടൻ കലാകാരന്മാർക്ക് അവരുടെ പരിപാടികൾ അവതരിപ്പിക്കാൻ ഉത്സവങ്ങളോ മറ്റ് പരിപാടികളോ ഇല്ലാത്തതുകൊണ്ട് ജീവിക്കാൻ കഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ ഇത്തരം ഗ്രാമീണ കലാകാരന്മാരെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ ധനസഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പഞ്ചായത്ത് തലത്തിൽ ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട, കേരളത്തിൽ സ്ഥിരതാമസമാക്കിയവരും കുറഞ്ഞത് 10 വർഷം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ച് പ്രതിമാസം 1000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബ പെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്നത് കൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യൂട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. കോവിഡ് മഹാമാരിമൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ ഭരണകാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000 രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക്ക്ഡൗൺമൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിന് വേണ്ടി 'മഴമിഴി' എന്ന പേരിൽ ആകെ 99,75,000 രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അതുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000 രൂപ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

**വൈക്കം നിയോജകമണ്ഡലത്തിലെ സിനിമാ തിയേറ്ററിന്റെ നിർമ്മാണം**

304(5752) <u>ശ്രീമതി സി. കെ. ആശ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈക്കം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച സിനിമാ തിയേറ്ററിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം അറിയിക്കുമോ?

കിഫ്ബി പദ്ധയിൽ ഉൾപ്പെടുത്തി, വൈക്കം നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച സിനിമാ തിയേറ്ററിന്റെ നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ച് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ സാങ്കേതികാനുമതി ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**യുവജന ക്ഷേമബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ**

305(5753) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2016-2021) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ യുവജന ക്ഷേമബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ യുവജന ക്ഷേമവുമായി ബന്ധപ്പെട്ട് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാ യുവജന കേന്ദ്രങ്ങൾ വഴിയുമാണ് നടപ്പിലാക്കി വരുന്നത്. നിയോജകമണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ബോർഡ് പ്രത്യേകം പദ്ധതികൾ/ പരിപാടികൾ നടപ്പിലാക്കുന്നില്ല.

**യുവജനക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

306(5754) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന്, മദ്യം എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കാൻ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ ജില്ലാ യുവജന കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ "മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും, റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ച് കോളേജ്, പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന പദ്ധതി" പ്രകാരം യുവാക്കളിൽ വർദ്ധിച്ചുവരുന്ന മദ്യം-മയക്കുമരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ പ്രചരണ പരിപാടികളും വിദഗ്ധരുടെ നേതൃത്വത്തിൽ ബോധവത്ക്കരണ പരിപാടികളും സംസ്ഥാനത്തെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ നടത്തുന്നുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5707-ന്റെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M]

## II തിരുത്തിയ ഉത്തരം

### 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4747-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4747-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4747-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

### 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത 760-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 760-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട പൊതുമാരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 760-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

### 4-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 3217-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 4-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3217-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്):സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 4-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3217-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## III ശ്രദ്ധ ക്ഷണിക്കൽ

### തെരുവുനായ്ക്കളുടെ സംരക്ഷണം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ജനങ്ങൾക്കേറെ ഭീഷണിയുയർത്തുന്ന ഒന്നാണ് തെരുവുനായ്ക്കൾ. ഇവയുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. സംസ്ഥാനത്ത് 941 ഗ്രാമ പഞ്ചായത്തുകളുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ മിനിമം രണ്ടായിരം തെരുവുനായ്ക്കളുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. അങ്ങനെവരുമ്പോൾ ആകെ 1882000 തെരുവുനായ്ക്കളാണ് ഇന്ന് കേരളത്തിലുള്ളത്. വർഷത്തിൽ രണ്ട് തവണ ഇവ പ്രസവിക്കുന്നതു കൊണ്ടാണ് ഈ വർദ്ധനവ് വരുന്നത്. ഒരു പ്രസവത്തിൽത്തന്നെ ആറും ഏഴും കുട്ടികളാണുണ്ടാവുന്നത്. അവയെല്ലാം ഭക്ഷണം കിട്ടാതെ തെരുവിലേയ്ക്കിറങ്ങുകയാണ്. പല നായ്ക്കളും എല്ലും തോലുമായി അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. ആഹാരം കിട്ടാതെ വരുമ്പോൾ അവ മനുഷ്യനെ ആക്രമിക്കുകയാണ്. കഴിഞ്ഞ ആഴ്ച തിരുവനന്തപുരത്തും കൊല്ലം ജില്ലയിലെ കൊട്ടിയത്തും തെരുവുനായ്ക്കൾ ഓരോരുത്തരെ കടിച്ചുകൊല്ലുകയുണ്ടായി. ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് അനുദിനമുണ്ടാകുകയാണ്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറോടൊപ്പം എന്റെ നിയോജകമണ്ഡലത്തിലെ ഒരു പരിപാടിക്ക് പോയപ്പോൾ അദ്ദേഹത്തിന്റെ വാഹനത്തിൽ അഞ്ച് തവണയാണ് നായ്ക്കൾ വന്നിടിച്ചത്. ഞാൻ ആ വണ്ടിയിൽ കയറിയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നുപറഞ്ഞ് അദ്ദേഹം എന്നെ കളിയാക്കുകയും ചെയ്തു. സംസ്ഥാനത്ത് അനുദിനം കണ്ടുവരുന്ന ഒരു കാഴ്ചയാണിതെന്ന് ഞാൻ വളരെ ഗൗരവത്തോടുകൂടി പറയുകയാണ്. ഇരുചക്ര വാഹന യാത്രക്കാർക്കാണ് ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാവുന്നത്. ബൈക്കിൽ സഞ്ചരിക്കുമ്പോൾ പട്ടി കുറുകെ ചാടി പെട്ടെന്ന് ബ്രേക്ക് പിടിക്കുമ്പോൾ ബൈക്ക് മറിഞ്ഞ് പല അപകടങ്ങളുമുണ്ടാകുന്നു. തന്മൂലം എഴുന്നേറ്റ് നിൽക്കാൻപോലും കഴിയാത്ത നൂറുകണക്കിനാളുകൾ ഇന്നും കേരളത്തിലുണ്ട്, നിരവധി മരണവുമുണ്ടായിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് 6 മാസത്തിനുള്ളിൽ ലൈസൻസെടുക്കേണ്ടതുണ്ടെങ്കിലും ഇപ്പോൾ അതിനാരും മെനക്കെടുന്നില്ല. ബെൽറ്റ് കെട്ടിയ നായ്ക്കളുമങ്ങനെ തെരുവിലിറങ്ങുകയാണ്. അതോടെ തെരുവുനായ്ക്കളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചുവരികയാണ്. വളർത്തുനായ്ക്കൾക്ക് ലൈസൻസെടുക്കാത്തതുകൊണ്ട് ആളുകൾ തെരുവിലേയ്ക്ക് നായ്ക്കളെ അഴിച്ചുവിടുന്നതും കുറേയേറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. ഭൂമിയുടെ

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

അവകാശം മനുഷ്യന് മാത്രമല്ല, സകല ജീവജാലങ്ങൾക്കുമുള്ളതാണ്. അതുകൊണ്ട് അവയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. അക്കാര്യത്തിൽ ഒരു നിയമനിർമ്മാണം നടത്തണമെന്നതാണ് എന്റെ പ്രധാനപ്പെട്ട ആവശ്യം. വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തണം. പാതിവഴിയിൽ നിലച്ചുപോയ അനിമൽ ബർത്ത് കൺട്രോൾ പദ്ധതി എല്ലാ ജില്ലകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ഇവിടെയുണ്ട്. അക്കാര്യത്തിൽ എല്ലാ ജില്ലകൾക്കും അദ്ദേഹം ഒരു ഇന്റിമേഷൻ നൽകിയാൽ അതിനാവശ്യമായ ക്രമീകരണമുണ്ടാകും. ഓരോ പഞ്ചായത്തിലും ഒരു ഇംപ്ലിമെന്റിംഗ് ഓഫീസറുണ്ട്. ആ ഓഫീസർ ആരാണെന്നോ അവരുടെ ജോലിയെന്താണെന്നോ ആർക്കും മനസ്സിലാക്കാൻ കഴിയുന്നില്ല. വെറ്ററിനറി ഡോക്ടറായിരിക്കും ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നാണ് എനിക്ക് തോന്നുന്നത്. പക്ഷെ തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്താൻ കഴിയുന്നില്ല; അഥവാ വന്ധ്യംകരണം നടത്തിയാൽത്തന്നെ അവ ചോരയുമൊലിപ്പിച്ച് മുറിവുമായി തെരുവിലി റങ്ങുകയാണ്. ഇത് വലിയ അപകടസ്ഥിതിയാണ്. കേരളത്തിന്റെ ഒരു പൊതുസ്ഥിതി അതാണ്. ഇങ്ങനെ പുഴുവും ചോരയുമൊലിപ്പിച്ച് റോഡിലൂടെ പോകുമ്പോൾ ഇത് കണ്ടുകൊണ്ട് ഭക്ഷണം കഴിക്കാൻപോലും തോന്നുകയില്ല. അങ്ങനെയുള്ള സ്ഥിതിയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കൊല്ലം ജില്ലയിൽ വന്ധ്യംകരണ പദ്ധതി തൊണ്ണൂറ്റിയഞ്ച് ശതമാനവും നടപ്പിലാക്കിയത് പന്മന ഗ്രാമപഞ്ചായത്ത് മാത്രമാണെന്നാണ് എനിക്ക് തോന്നുന്നത്. ആ പഞ്ചായത്ത് ആവശ്യമായ വന്ധ്യംകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി അവിടെ കുറെ നായ്ക്കളെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ താലൂക്കുകളും ജില്ലകളും കേന്ദ്രീകരിച്ച് നായ്ക്കൾക്കാവശ്യമായ സുരക്ഷിതത്വം ഒരുക്കുന്നതിന് ഷെൽട്ടറുകൾ സ്ഥാപിക്കണം. മൃഗസംരക്ഷണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ മുൻകയ്യെടുത്തുകൊണ്ട് ഷെൽട്ടറുകൾ സ്ഥാപിച്ചെങ്കിൽ മാത്രമേ നമുക്കിതിന് ശാശ്വതമായ പരിഹാരം കാണാൻ കഴിയുകയുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്..... പ്ലീസ്.....

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. അതുകൊണ്ട് ഇതിനാവശ്യമായ ക്രമീകരണമുണ്ടാകണം. നായ്ക്കൾ റോഡിന് കുറുകെ ചാടുമ്പോൾ ധാരാളം അപകടങ്ങളുണ്ടാകുന്നതിന്റെ ഫലമായി പലർക്കും എഴുന്നേറ്റ് നിൽക്കാൻപോലും കഴിയാത്ത അവസ്ഥയുണ്ടാവുകയാണ്. നേരത്തേ ഞാൻ സൂചിപ്പിച്ച കണക്കുപ്രകാരം 1882000 തെരുവ് നായ്ക്കൾ കേരളത്തിൽ അലഞ്ഞുതിരിഞ്ഞ് നടക്കുകയാണ്. അതുകൊണ്ട് ഈ വിഷയം ഗൗരവത്തിലെടുത്ത്, അവയെ പാർപ്പിക്കുന്നതിനാവശ്യമായ ക്രമീകരണം ഒരുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, വളരെ ശ്രദ്ധേയമായൊരു വിഷയമാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് അവയുടെ വംശവർദ്ധനവ് തടയുകയാണ് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം. ഇതിന് സംസ്ഥാനത്ത് തെരുവുനായ്ക്കളിൽ എ.ബി.സി. (Animal Birth Control) പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. 2019-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 2.89 ലക്ഷം തെരുവുനായ്ക്കളാണുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. 2017 മുതൽ സംസ്ഥാനത്ത് കുടുംബശ്രീയെയാണ് പദ്ധതിനിർവ്വഹണത്തിനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റുകൾ നായ്ക്കളെ പിടികൂടി എ.ബി.സി. സെന്ററുകളിൽ എത്തിക്കുകയും വന്ധ്യംകരണവും തുടർന്നുള്ള ശസ്ത്രക്രിയയ്ക്കുശേഷമുള്ള പരിപാലനവും നടത്തിയശേഷം അവയെ എവിടെനിന്നാണോ പിടികൂടിയത് അതേ സ്ഥലത്തുതന്നെ തിരികെ വിടുകയുമാണ് ചെയ്യുന്നത്. കേന്ദ്ര നിയമമായ The Animal Birth Control (Dogs) Rules, 2001 ആണ് ഇതിന് അടിസ്ഥാനം. ശസ്ത്രക്രിയയ്ക്കുശേഷം നായ്ക്കളെ പാർപ്പിച്ച് അവയുടെ ജീവിതാവസാനംവരെ സംരക്ഷിക്കാൻ വകുപ്പുതലത്തിൽ സംവിധാനങ്ങളില്ല. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിയുന്നതാണ്. നിലവിൽ ചില സന്നദ്ധ സംഘടനകൾ ഷെൽട്ടറുകളിൽ നായ്ക്കളെ പാർപ്പിക്കുന്നുണ്ട്. ഈ മാതൃക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുകരിക്കാൻ കഴിയുന്നതാണ്. ഹൈക്കോടതിയിൽ നിലവിലുള്ള 13204/2001-ാം നമ്പർ കേസ്സിലെ 19-7-2021-ലെ ഇടക്കാല ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പദ്ധതിക്കുവേണ്ടി കുടുംബശ്രീക്ക് വിഹിതം കൈമാറുന്നത് ഇന്ന് തടഞ്ഞിരിക്കുകയാണ്. ഈ വിഷയത്തിൽ കോടതിയുടെ തുടർനിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ സംസ്ഥാനത്ത് എ.ബി.സി. പദ്ധതി വീണ്ടും നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്തതാണ് എ.ബി.സി. പദ്ധതി. ഇത് നടപ്പിലാക്കിയ പ്രധാന നഗരങ്ങളിലൊക്കെയും വിജയമാണെന്നതിനാൽ കേന്ദ്രസർക്കാർ എല്ലാ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിലും മൃഗസംരക്ഷണ സംഘടനകളോടൊപ്പം ചേർന്നുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. The Animal Birth Control (Dogs) Rules, 2001 സെക്ഷൻ 5 പ്രകാരം എ.ബി.സി. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാക്കിയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ തെരുവുനായ്ക്കളെ അധിവസിപ്പിക്കൽ, അവയുടെ ആവാസ കേന്ദ്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയവ ഉൾപ്പെടുന്നുണ്ട്. നിലവിൽ പാലാ നഗരസഭയിൽ തെരുവുനായ്ക്കളെ അധിവസിപ്പിക്കുന്ന ഷെൽട്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്.

സമീപകാലത്ത് തെരുവുകളിലും പൊതുനിരത്തുകളിലും വൻതോതിൽ ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയുന്ന പ്രവണത വർദ്ധിച്ചു വരുന്നത് ഒരു വസ്തുതയാണ്. രാത്രികാലങ്ങളിൽ ഇത്തരം പ്രദേശങ്ങളിൽ തെരുവുനായ്ക്കൾ താവളമടിക്കുകയും രാത്രിയാത്രക്കാരെ കൂട്ടംചേർന്ന് ആക്രമിക്കുകയും ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളെ ആൾപ്പാർപ്പില്ലാത്ത സ്ഥലം കണ്ടെത്തി അവിടേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നത് സംബന്ധിച്ച് നിലവിലെ നിയമത്തിൽ വിശദമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഭേദഗതി വരുത്തേണ്ടതുണ്ട്. കൂടാതെ തെരുവുനായ്ക്കളെ മാറ്റിപ്പാർപ്പിക്കാൻ പര്യാപ്തമായ സ്ഥലം കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ നിലവിൽ അവയെ എവിടെനിന്നാണോ പിടികൂടുന്നത് അതേ സ്ഥലത്തുതന്നെ വാക്സിനേഷനുശേഷം തിരികെ എത്തിക്കുകയാണ് ചെയ്തുവരുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവുപ്രകാരം നിയമിച്ച റിട്ട. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കണമെന്നുള്ളത് കേരള മുനിസിപ്പാലിറ്റി ആക്ടിലും 1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പ് 8-8-2021-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ തെരുവുനായ്ക്കളെയും വളർത്തുനായ്ക്കളെയും തമ്മിൽ തിരിച്ചറിയാനുള്ള സംവിധാനമേർപ്പെടുത്തേണ്ടത് പരിഗണിക്കേണ്ട വിഷയമാണ്. തെരുവുനായ്ക്കളുടെ പുനരധിവാസ പദ്ധതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽത്തന്നെ നടപ്പിലാക്കുന്നതിനോ മറ്റ് പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനോ ആവശ്യമായ നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, അനിമൽ വെൽഫെയർ ബോർഡ്, അംഗീകൃത ഏജൻസികൾ എന്നിവ സംയുക്തമായി തീരുമാനമെടുക്കേണ്ടതാണ്. അതോടൊപ്പം നിലവിലെ അനിമൽ വെൽഫെയർ ബോർഡിന്റെ മാനദണ്ഡങ്ങളനുസരിച്ച് ഷെൽട്ടർ ഹോമുകൾ നടത്താൻ സാധിക്കുന്ന സ്ഥലങ്ങളിൽ മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കൂടാതെ തെരുവുനായ്ക്കളെ സംരക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-8-2021-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനിമൽ വെൽഫെയർ ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മളെല്ലാവരും താമസിക്കുന്ന എം.എൽ.എ. ഹോസ്റ്റലിന്റെ മുകളിൽ നായ്ക്കൾ ഓരോ മുറികളിലും ചാടിക്കയറുകയാണ്. ആ സ്ഥിതി വന്നപ്പോഴാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഈ വിഷയം സഭയിൽ ഉന്നയിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ദയവായി ചോദ്യം ചോദിക്കൂ.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വന്ധ്യംകരണം നടത്തുന്നതിനാവശ്യമായ ഓപ്പറേഷൻ തീയേറ്ററുകളും അതുപോലെ ഷെൽട്ടറുകളും എല്ലാ താലൂക്കുകളിലും ജില്ലകളിലും സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് മാത്രമേ ഉചിതമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇന്ന് ആകെ 30 സബ്മിഷനാണുള്ളത്. അതിന്റെ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ തയ്യാറായാൽ സഭ 12.30-ന് അവസാനിപ്പിക്കാൻ സാധിക്കും. പ്രാസംഗികർ അതിനനുസരിച്ച് സമയം കുറച്ച് സംസാരിക്കണം. അത്തരത്തിലൊരു സംവിധാനമുണ്ടാക്കുന്നത് നന്നായിരിക്കും. സബ്മിഷനുശേഷം രണ്ട് ബില്ലുകളാണ് പരിഗണിക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗങ്ങൾ സബ്മിഷന്റെ വിഷയം വളരെ ചുരുക്കി അവതരിപ്പിക്കേണ്ടതാണ്. വിശാലമായ പ്രസംഗം വേണ്ട. നിങ്ങൾ സഭയുടെ ശ്രദ്ധയിൽ എന്താണോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ആ പ്രശ്നം മാത്രം ഉന്നയിക്കുക. ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ ഒരു വാക്ക് പറഞ്ഞ് ബാക്കി ഭാഗം മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

## IV സബ്മിഷൻ

### (1) പി.എസ്.സി. റാങ്ക് ലിസ്റ്റ്

ശ്രീ. എച്ച്. സലാം: സർ, പി.എസ്.സി. നിയമനങ്ങളും റാങ്ക് ലിസ്റ്റുകളുമായി ബന്ധപ്പെട്ട് നാം നേരിടുന്ന രണ്ട് പ്രശ്നങ്ങളാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഒന്ന്, ഒഴിവുകളുടെ എണ്ണം കുറവാണെങ്കിലും റാങ്ക് ലിസ്റ്റിൽ പേരുള്ള അവസാന ഉദ്യോഗാർത്ഥിക്കും ജോലി ലഭിക്കുമെന്നൊരു പ്രതീക്ഷ നൽകുന്ന സാഹചര്യം ഇന്ന് നിലവിലുണ്ട്. രണ്ടാമതായി, ഒറ്റപ്പെട്ടതാണെങ്കിലും ചില വകുപ്പ് മേലധികാരികൾ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ, ഗവൺമെന്റ് സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ട്. ഇത്തരം സാഹചര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് ഈ രണ്ട് കാര്യങ്ങളും

പരിഹരിക്കാൻ സാധിക്കുന്ന ഒരു ഓൺലൈൻ പോർട്ടൽ സംവിധാനം രൂപപ്പെടുത്തുക എന്നതാണ്. ഇന്ന് കേരളത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും ജനന തീയതി, പെൻഷൻ തീയതി ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ സ്പാർക്കിൽ ലഭ്യമാണ്. അത്തരത്തിൽ ഓരോ വകുപ്പിലും ആരെല്ലാം എപ്പോൾ വിരമിക്കുമെന്നും തന്റെ റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനം ലഭിക്കുമോയെന്നും ഉദ്യോഗാർത്ഥിക്കുതന്നെ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ സുതാര്യമായൊരു സിസ്റ്റം തയ്യാറാക്കപ്പെട്ടാൽ അത് അവർക്ക് വളരെ ഉപകാരപ്രദമാകും. അതുവഴി ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുകയും ഉദ്യോഗാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവണത ഇല്ലാതാകുകയും ചെയ്യുന്നതാണ്. അത്തരത്തിലൊരു പോർട്ടൽ സംവിധാനം ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രതീക്ഷിത ഒഴിവുകളേക്കാൾ വളരെയധികം ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് ചില പ്രശ്നങ്ങൾക്കും അനഭിലഷണീയമായ ചില പ്രവണതകൾക്കും വഴിവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച് ഒഴിവിന് ആനുപാതികമായി സംവരണതത്വങ്ങൾ പാലിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ ശിപാർശ സമർപ്പിക്കാൻ ജസ്റ്റിസ് ദിനേശൻ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.*

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ 12.30-ന് അവസാനിപ്പിക്കണമെന്നുള്ളതുകൊണ്ട് അംഗങ്ങൾ പോയിന്റ്സ് മാത്രം സൂചിപ്പിക്കുക. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി മേശപ്പുറത്ത് വയ്ക്കുക.

(2) പാലം നിർമ്മാണം

ശ്രീമതി സി. കെ. ആശ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടാർ എന്ന പ്രദേശത്ത് അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിച്ച പാലത്തിന്റെ പ്രവൃത്തി ഇന്ന് സ്തംഭനാവസ്ഥയിലാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യമായ എല്ലാ രേഖകളും വാങ്ങിയതിനുശേഷമാണ് 2017-ൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത്. എന്നാൽ 2019-ലുണ്ടായ ചില നിയമങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇതിന് സ്റ്റോപ്പ് മെമ്മോ നൽകിയിരിക്കുകയാണ്. നിരവധി ചർച്ചകൾ നടത്തിയെങ്കിലും നാളിതുവരെ അതിന്റെ പുനർനിർമ്മാണം തുടങ്ങാൻ സാധിച്ചിട്ടില്ല. മാത്രമല്ല ആദ്യഘട്ടം 30 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി അനുവദിച്ചത്. രണ്ടാംഘട്ടത്തിൽ ബാക്കി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ 30 ലക്ഷം രൂപയുടെ ബിൽ തുക നാളിതുവരെ കോൺട്രാക്ടർക്ക്

* അനുബന്ധമായി ചേർത്തിരിക്കുന്നു.

മാറിക്കൊടുക്കാതെ ഡിപ്പാർട്ടുമെന്റ് തടസ്സവാദം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് പാലം നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നം ഗുരുതരമായ സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. അവിടെ തൂണുകൾ തമ്മിൽ 4 മീറ്റർ വീതിയേയുള്ളൂവെന്നതിനാൽ കരിയാർ പുഴയിലൂടെയുള്ള ജലഗതാഗതത്തെ ബാധിക്കുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സ്റ്റോപ്പ് മെമ്മോ കൊടുത്തത്. ഇപ്പോൾ നാല് വർഷമായി ആ പാലം നിർമ്മാണം എവിടെയുമെത്താതെ നിൽക്കുകയാണ്. 30-1-2021-ന് പഞ്ചായത്ത് ഡയറക്ടർതന്നെ നേരിട്ട് വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനമനുസരിച്ച് ചീഫ് എഞ്ചിനീയർ 30-1-2021-ന് സ്ഥലപരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനിർദ്ദേശം വകുപ്പിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി ഏറ്റവും വേഗത്തിൽ സ്വീകരിക്കാവുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(3) ചെക്ക്ഡാം- കം -ബ്രിഡ്ജ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ കോടങ്കയത്ത് മണിമലയാറിന് കുറുകെ ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നാണ് ഉന്നയിക്കാനുള്ളത്. ഇവിടെയുള്ള നൂറോളം കുടുംബങ്ങൾക്ക് കുടിവെള്ള പദ്ധതിയെന്ന നിലയിൽ കോടങ്കയം കുടിവെള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല കോടങ്കയം മുതൽ ഇളങ്കാവ് കരിമ്പുകയം ചെക്ക്ഡാമിന്റെ ഭാഗത്തേയ്ക്ക് പുഴയോര പാതയെന്ന നിലയിൽ രാവിലെ ആളുകൾക്ക് നടക്കാനുള്ള സംവിധാനവും പ്രാദേശികമായ പ്രവർത്തനം ഇവിടെ ആരംഭിക്കാൻവേണ്ട നടപടിയും സ്വീകരിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേജർ ഇറിഗേഷൻ വകുപ്പിലുൾപ്പെടുത്തി ചെക്ക്ഡാം-കം-ബ്രിഡ്ജ് അനുവദിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ കോടങ്കയത്ത് മണിമലയാറിന് കുറുകെ ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്നാണ് ബഹുമാന്യനായ അംഗം ആവശ്യപ്പെട്ടിരിക്കുന്നത്. കുടിവെള്ള പദ്ധതിക്കുകൂടി ഉപകാരപ്രദമാകുന്ന തരത്തിലാണ് അത് ഡിസൈൻ ചെയ്തിട്ടുള്ളത്. അതോടൊപ്പം പുഴയോര പാതയും നിർമ്മിച്ചുവരുന്നുണ്ട്. അതുകൊണ്ട് തീർച്ചയായും കോടങ്കയത്ത് ഒരു ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(4) കുടിവെള്ള പാക്കേജ്

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാടിന്റെ സമഗ്ര കുടിവെള്ള പദ്ധതിയെക്കുറിച്ചാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുമായി നല്ല രീതിയിലുള്ള ഡിസ്കഷൻ നടത്തിയിട്ടുണ്ട്. കൃത്യമായ മോണിറ്ററിംഗ് വേണമെന്ന കാര്യം മാത്രമേ മുന്നോട്ടുവയ്ക്കാനുള്ളൂ. ആ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും അതിനനുയോജ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. 290 കോടി രൂപയുടെ പദ്ധതികൂടി അവിടെയിപ്പോൾ on going ആയി വരുന്നുണ്ട്. 70 കോടി രൂപയുടെ പദ്ധതിയാണ് ആദ്യ ഫേസിൽ ഉൾപ്പെടുത്തിയിരുന്നത്. രണ്ടാം ഫേസുകൂടി പൂർത്തിയായാൽ മാത്രമേ അതിന് ഗുണകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുകയുള്ളൂ. കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിൽ ഓവർഹെഡ് ടാങ്കുകൾ നിർമ്മിച്ച് ഡിസ്ട്രിബ്യൂഷൻ ലൈൻ കൊടുത്ത്, ലൈനുകളെല്ലാം മാറ്റി പുതിയ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള നീരേറ്റുപുറത്തെ ടാങ്കിന്റെ സംഭരണശേഷി 14 mld (millions of liter per day)-യിൽ 30 mld കൂടി വർദ്ധിപ്പിച്ച് 44 mld വെള്ളം ഡിസ്ട്രിബ്യൂഷന് തയ്യാറാക്കി കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള എല്ലാ നീക്കങ്ങളും ഉടൻ തന്നെ നടത്തുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(5) കുടിവെള്ളം ലഭ്യമാക്കൽ

ശ്രീ. പ്രമോദ് നാരായൺ: സർ, ശബരിമലയിലെ ഭക്തജനങ്ങൾ അനുഭവിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച അഭിമാന പദ്ധതിയാണ് 129 കോടി രൂപയുടെ നിലയ്ക്കൽ കുടിവെള്ള പദ്ധതി. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിനുണ്ടാകുന്ന കാലതാമസം ഞാനും കോന്നി എം.എൽ.എ. ശ്രീ. കെ. യു. ജനീഷ് കുമാറും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം സ്ഥലം നേരിട്ട് സന്ദർശിക്കുകയും ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്തിട്ടുണ്ട്. റാന്നി നിയോജകമണ്ഡലത്തിലെ പെരിനാട്, കോന്നി, സീതത്തോട് എന്നീ പഞ്ചായത്തുകളിൽ ജലമെത്തിക്കാൻ കഴിയുന്ന ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടിയുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 129 കോടി രൂപയാണ് അതിനുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ സൂചിപ്പിച്ചതുപോലെ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രിയുടെ ആവശ്യമനുസരിച്ച് ഒരു മീറ്റിംഗ് കൂടി പ്രാഥമിക ചർച്ച നടത്തിയിരുന്നു. അതോടൊപ്പം പ്രിയപ്പെട്ട എം.എൽ.എ.-മാരായ ശ്രീ. പ്രമോദ് നാരായണും ശ്രീ. കെ. യു. ജനീഷ് കുമാറും ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ സംഭവസ്ഥലവും സന്ദർശിച്ചിരുന്നു. ടി പദ്ധതി വളരെ വേഗത്തിലാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി നിലയ്ക്കൽ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(6) സാമുദായിക സംവരണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പരമ്പരാഗതമായി കളിമൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള എട്ട് ലക്ഷത്തോളം പേർ ഇന്ന് കേരളത്തിലുണ്ട്. ഇവർ കുശവൻ, കുംഭാരൻ, കുലാല, ആന്ധ്ര നായർ, വേളൻ, ഓടൻ, ആന്ത്ര നായർ എന്നീ വ്യത്യസ്ത സമുദായങ്ങളിൽപ്പെടുന്നു. ആന്ത്ര നായർ 1980 വരെ പട്ടികജാതി പട്ടികയിലുൾപ്പെട്ടതായിരുന്നു. മാത്തൂർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അതിൽനിന്നും അവരെ ഒഴിവാക്കിയത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹ്യമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്നാണ് പ്രധാനമായും അഭ്യർത്ഥിക്കാനുള്ളത്. ഇവർക്ക് ചെമ്മണ്ണും കളിമണ്ണും മണലും ഇടനിലക്കാരില്ലാതെ എത്തിക്കാനും നിലവിലുള്ള ക്ഷേമ കോർപ്പറേഷൻ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച സബ്മിഷന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(7) ട്രൈബൽ ആശുപത്രി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആദിവാസി സമൂഹമുള്ള രണ്ടാമത്തെ ജില്ലയായ കാസർഗോഡ് ഈ വിഭാഗത്തിനുവേണ്ടി ഒരു ട്രൈബൽ ആശുപത്രി ആരംഭിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സി. എച്ച്. കുഞ്ഞമ്പു ഇവിടെ ഉന്നയിച്ച സബ്മിഷന്റെ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(8) ഗ്ലോബൽ ആയുർവേദ വില്ലേജ്

ശ്രീ. വി. ജോയി: സർ, വർക്കല അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിക്കുന്നത്. ധാരാളം ആളുകൾക്ക് ജോലികിട്ടാൻ സാദ്ധ്യതയുള്ളൊരു സ്ഥാപനമാണ്. അടിയന്തരമായി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഒന്നാം ഘട്ട പ്രവൃത്തിയുടെ ലീസിന് വച്ചിട്ടുണ്ട്; രണ്ടാം ഘട്ടത്തിന്റെ സംയുക്ത പങ്കാളിയെ തെരഞ്ഞെടുത്തു കഴിഞ്ഞിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(9) ഖാദി മേഖലയിലെ ഉത്സവബത്തയും കുടിശ്ശിക വിതരണവും

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പതിനാലായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഖാദി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം വഴി കിട്ടേണ്ട കൂലിയുടെ കുടിശ്ശിക ഏഴ് മാസമായി ബാക്കിയാണ്. അത് കൊടുത്തുതീർക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? ഓണക്കാലത്ത് പല മേഖലയിലും ഉത്സവബത്ത പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ വിശേഷിച്ചും ഖാദി രംഗത്ത് ഉത്സവബത്ത കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഖാദി മേഖലയിൽ റിബേറ്റ് ഇനത്തിൽ പത്ത് കോടി രൂപ ഓണത്തിനുമുമ്പ് വിതരണം ചെയ്യുന്നതാണ്. ഫെസ്റ്റിവൽ അലവൻസ് കഴിഞ്ഞ കൊല്ലത്തെ പോലെ കൊടുക്കുന്നതാണ്. ഇൻകം സപ്പോർട്ട് സ്കീമിൽ എട്ട് കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു*.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

## (10) ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി പ്രശ്നങ്ങൾ

ശ്രീ. ജി. സ്റ്റീഫൻ: സർ, ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ആവശ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. അവിടെ 463 സ്ഥിരം തൊഴിലാളികളും 138 താൽക്കാലിക തൊഴിലാളികളും അവരെ ആശ്രയിച്ചുകഴിയുന്ന രണ്ടായിരത്തോളം കുടുംബാംഗങ്ങളുമുണ്ട്. ഇവർക്ക് 1999 മുതൽ കൂലി കുടിശ്ശികയായി 1,37,00,000 രൂപയും ഗ്രാറ്റിവിറ്റിയായി 4,37,00,000 രൂപയും കിട്ടാനുണ്ട്. പി.എഫ്. ഇനത്തിൽ 1,05,00,000 രൂപയും കിട്ടാനുണ്ട്. ഇത് പലിശയടക്കം മൂന്നരക്കോടി രൂപയായിട്ടുണ്ട്. ബോണക്കാട് എസ്റ്റേറ്റ് അടക്കമുള്ളവ പണയം വച്ച് ഉടമ 500 കോടി രൂപയോളം വായ്പയെടുത്തതാണ് പ്രശ്നമുണ്ടാകാൻ കാരണം. അവിടത്തെ തൊഴിലാളികളുടെ ജീവിതം നരകതുല്യമായതിനാൽ അത് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## (11) വിള ഇൻഷ്വറൻസ്

ശ്രീ. സി. സി. മുകുന്ദൻ: സർ, നെൽകൃഷി ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച കാര്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതിയാനുകൂല്യം പൂർണ്ണമായി കൃഷിക്കാർക്ക് ലഭിച്ചിട്ടില്ല. 2019-20 വർഷത്തെ ഇൻഷ്വറൻസ് ലഭിക്കാനുണ്ട്. അത് ലഭിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ആ തുക കൊടുക്കുന്നതിന് IFSC കോഡും കർഷകരുടെ അക്കൗണ്ടും തമ്മിൽ ചേർച്ചയില്ല എന്നതായിരുന്നു പ്രശ്നം. ഈ വിഷയം ഞങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ മാസംതന്നെ പണം കൊടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനമുണ്ടാകുമെന്നാണ് ഇന്നലെ കഴിഞ്ഞ യോഗത്തിൽ നിന്നും അറിയാൻ സാധിച്ചത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(12) തൊഴിൽ പ്രതിസന്ധി

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി തുറമുഖത്തിന്റെ അധീനതയിലുള്ള കൊച്ചി തോപ്പുംപടിയിലെ ഫിഷിംഗ് ഹാർബറിന്റെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഇത് ഉന്നയിക്കുന്നത്. ഏതാണ്ട് പതിനയ്യായിരത്തോളം തൊഴിലാളികളാണ് അവിടെ പണിയെടുക്കുന്നത്. ആഴക്കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന ഗില്ലെറ്റ് ബോട്ടുകൾ, ചൂണ്ട ബോട്ടുകൾ, ട്രോളിംഗ് ബോട്ടുകൾ, വള്ളങ്ങളിലെ തൊഴിലാളികൾ, ഹാർബറിലെ മീൻ ഇറക്ക് തൊഴിലാളികൾ, പായ്ക്കിംഗ് തൊഴിലാളികൾ, ഐസ് തൊഴിലാളികൾ, ലോഡിംഗ് തൊഴിലാളികൾ, കൂടാതെ കച്ചവടക്കാർ, ബയ്യിംഗ് ഏജന്റുമാർ, ചരക്ക് വാഹനങ്ങളിലെ ഡ്രൈവർമാർ ഇവരൊക്കെയാണ് ഇവിടെ പണിയെടുക്കുന്നത്. ബോട്ടുകൾ ഇറക്കുന്നതിനും തൊഴിലാളികൾ കയറുന്നതിനും ചരക്കുവാഹനങ്ങൾ കയറ്റുന്നതിനും കൊച്ചി തുറമുഖം പിരിച്ചിരുന്ന ഫീസ് സ്വകാര്യ മേഖലയെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. ഡ്രഡ്ജിംഗും ക്ലീനിംഗും നടത്തുന്നില്ല. കുടിവെള്ളം കിട്ടുന്നില്ല. മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (എം.പി.ഇ.ഡി.എ.) ഒരു വികസന പ്രോജക്ട് കൊണ്ടുവന്നിട്ട് അത് നടക്കുന്നില്ല. ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാനിത് അവതരിപ്പിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കൊച്ചി തുറമുഖ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി കൊച്ചിൻ പോർട്ട് ട്രസ്റ്റ് മുഖേനയാണ് നടപ്പാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഹാർബറിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ തൊഴിൽ വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. മറുപടിയുടെ ബാക്കി ഭാഗം മേശപ്പുറത്ത് വയ്ക്കുന്നു*.

(13) മത്സ്യകൃഷി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എം. രാജഗോപാലൻ: സർ, കേരളത്തിൽ ശുദ്ധവും ആരോഗ്യപ്രദവുമായ മത്സ്യം ഉല്പാദിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ 'സുഭിക്ഷ കേരളം' പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള മത്സ്യകൃഷിയിൽ ആയിരക്കണക്കിന് ആളുകളാണ് ഏർപ്പെട്ടിട്ടുള്ളത്. ഇതിൽ സംസ്ഥാനത്തെ 'ബയോഫ്ലോക്' രീതിയിലുള്ള മത്സ്യകൃഷി നടത്തുന്നവർ കൂടുതൽ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

1. മത്സ്യകൃഷി നടത്തുന്നവരുടെ കാത്തിരിപ്പ് ഒഴിവാക്കി ഗുണനിലവാരമുള്ള മത്സ്യവിത്ത് യഥാസമയം ലഭ്യമാക്കണം.

2. സംസ്ഥാനത്ത് സുലഭമായി മത്സ്യവിത്ത് ഉല്പാദിപ്പിക്കാനും വിതരണത്തിനും നടപടി സ്വീകരിക്കണം.

3. ഗുണനിലവാരമില്ലാത്തതും അസുഖം ബാധിച്ചതുമായ മത്സ്യവിത്തുകൾ വിതരണം ചെയ്യുന്നത് തടയണം.

4. ഗിഫ്റ്റ് തിലാപ്പിയ ഉൾപ്പെടെയുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ഒറിജിനലാണ് ലഭ്യമാക്കുന്നതെന്ന് ഉറപ്പുവരുത്തണം.

5. വിത്ത്, തീറ്റകൾ, വലകൾ, പമ്പ്, ജനറേറ്ററുൾപ്പെടെ മത്സ്യ കൃഷിക്കാവശ്യമായ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ഓരോ ജില്ലയിലും മത്സ്യ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നടപടി സ്വീകരിക്കണം.

6. കർഷകർക്കാവശ്യമായ ഫ്ലോക് ഉണ്ടാക്കുന്നതിനുവേണ്ട അനുബന്ധ ഘടകങ്ങൾ (മൊളാസ്സസ്) വാങ്ങാനോ സൂക്ഷിക്കാനോ ഉപയോഗിക്കാനോ നിലവിൽ കൃഷിക്കാർക്ക് കഴിയുന്നില്ല. കാരണം അത് എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട ഒരു നിയമമാണ്. അത് ഭേദഗതി ചെയ്യാനുള്ള നടപടിയുൾപ്പെടെ ശക്തമായ ഇടപെടലുകൾ ഇക്കാര്യങ്ങളിൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, വളരെ ഗൗരവമായ സബ്മിഷനാണ് ബഹുമാനപ്പെട്ട എം. രാജഗോപാലൻ എം.എൽ.എ. ഉന്നയിച്ചിരിക്കുന്നത്. 2020-21 വർഷം 2457 ബയോഫ്ലോക് യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് വളരെയേറെ ലാഭകരമായൊരു കൃഷി രീതിയായതിനാൽ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അതിന്റെ ഭാഗമായി വിവിധ മാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കപ്പെട്ട മത്സ്യത്തിന് വിപണി ഉറപ്പാക്കുന്നതിന് ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ ഈ സാമ്പത്തികവർഷത്തിൽ ആരംഭിക്കുന്നതാണ്. അതുപോലെ സർവ്വീസ് സഹകരണ ബാങ്കുകളുമായി ബന്ധപ്പെട്ട് 53 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 100 എണ്ണം ആരംഭിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ഗൗരവമുള്ളതാണ്. അവ ഗവൺമെന്റ് പരിശോധിക്കും. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു. *

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(14) തെയ്യം കലാ അക്കാഡമി

ശ്രീ. എ. എൻ. ഷംസീർ: സർ, 2018-19-ലെ ബഡ്ജറ്റിൽ തലശ്ശേരിയിൽ അനുവദിച്ച തെയ്യം കലാ അക്കാഡമി ചൊക്ലി നിടുമ്പ്രം മുത്തപ്പൻ ക്ഷേത്രം കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ തെയ്യം കലാ അക്കാഡമി നടത്തേണ്ട പ്രവർത്തനങ്ങൾ ചില സ്വകാര്യ സംവിധാനങ്ങൾ സർക്കാർ ഫണ്ട് ഉപയോഗിച്ച് നടത്തുന്നുണ്ട്. അത് അവസാനിപ്പിച്ച് തെയ്യം കലാ അക്കാഡമിയിലൂടെ പ്രവർത്തനം വിപുലപ്പെടുത്തണം. അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, 2018-19 വർഷത്തെ ബഡ്ജറ്റിലാണ് തെയ്യം കലാ അക്കാഡമി സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തിയിരുന്നത്. ചൊക്ലി ഗ്രാമപഞ്ചായത്തിനാണ് അതിന്റെ നിർവ്വഹണ ചുമതല ഏൽപ്പിച്ചിരുന്നത്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ദേശത്ത് ചന്തപ്പുരയിൽ ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദൈവ വിശ്വാസത്തിന്റെ ഭാഗമായ അനുഷ്ഠാന കലയാണ് തെയ്യം എന്നതിനാൽ വളരെ ശ്രദ്ധിച്ചും സൂക്ഷിച്ചും മാത്രമേ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭിപ്രായം പരിഗണിച്ച് ഇക്കാര്യം പരമാവധി പരിഗണിക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

(15) സേവന - വേതന വ്യവസ്ഥകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ പ്രയാസം നേരിടുന്ന ജൂനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പാൾ പ്രൊമോഷനും സ്ഥലംമാറ്റങ്ങൾക്കും ജൂനിയർ സർവ്വീസ് കാലയളവ് പരിഗണിക്കപ്പെടുന്നില്ല. ഒരേ യോഗ്യതയുള്ള, പലപ്പോഴും ഒരേ ലിസ്റ്റിൽ നിന്നും റിക്രൂട്ട് ചെയ്യപ്പെടുന്ന, ഒരേ തീയതിയിൽ സേവനം ആരംഭിച്ച എച്ച്.എസ്.എസ്.ടി. ജൂനിയറും സീനിയറും തമ്മിൽ ശമ്പളത്തിലും വലിയ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയതിനാൽ ജൂനിയർ അദ്ധ്യാപകരുടെ സർവ്വീസ് മേഖലയിലെ പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഒരേ യോഗ്യതയുള്ള വരാണെങ്കിലും പീരീഡ് കുറഞ്ഞുവെന്നതിന്റെ പേരിലാണ് ജൂനിയർ അദ്ധ്യാപകരെന്ന രീതിയിൽ മാറ്റി നിർത്തപ്പെടുന്നത്. ബോട്ടണി, സുവോളജി, കന്നട, ഹിന്ദി തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് അവരുടെ സർവ്വീസ് മുഴുവനും ജൂനിയറായി തുടരേണ്ടിവരുന്നു. അവർക്കൊരിക്കലും സീനിയർ എന്ന പരിഗണന

+ അനുബന്ധമായി ചേർക്കുന്നു.

ലഭിക്കുന്നില്ല. ഇവരുടെ കൂട്ടത്തിൽത്തന്നെ നിയമനം ലഭിക്കുന്ന ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ വരെയാകാം. ഇത് വലിയൊരു അന്തരമാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 16-4-2021-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 അനുപാതത്തിൽ എച്ച്.എസ്.എസ്.ടി.-യിൽനിന്നും എച്ച്.എം.ൽനിന്നും യോഗ്യതയുള്ളവരെയാണ് നിയമിക്കുന്നത്. മിനിമം 12 വർഷത്തെ അദ്ധ്യയന പരിചയമാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

## (16) ശമ്പളവും ആനുകൂല്യങ്ങളും

ശ്രീ. എം. വിജിൻ: സർ, '2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) നിയമം' പ്രകാരം പരിയാരം മെഡിക്കൽ കോളേജും ആറ് സ്ഥാപനങ്ങളും ആരോഗ്യ വകുപ്പും പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പും ഏറ്റെടുത്തിരുന്നു. ആരോഗ്യ വകുപ്പ് ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ശമ്പളമുൾപ്പെടെ അക്കാലംമുതൽ ലഭിക്കുന്നുണ്ട്. എന്നാൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിലെ അദ്ധ്യാപകർക്ക് 28 മാസമായി ശമ്പളം ലഭിക്കുന്നില്ല. അവിടെ 628 കുട്ടികൾ പത്താം ക്ലാസ്സുവരെ പഠിക്കുന്നുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ആ കുട്ടികൾക്ക് ലഭിക്കുന്നില്ല. അതിന്റെ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുമ്പോൾ ഗവൺമെന്റ് സ്വീകരിച്ച നിലപാടിൽത്തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിൽ പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിൽ കേസ്സുള്ളതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പ് അത് എത്രയുംവേഗം മറികടക്കുന്നതിനുള്ള പരിശ്രമത്തിലാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(17) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുണ്ടേരിക്കടവ് പ്രദേശം ഇന്ത്യയിലെ ഐ.ബി.എ. (Important Bird Areas) പട്ടികയിലുള്ളതാണ്. അവിടെ 224 ഇനം പക്ഷികളുണ്ട്. അതിൽ അറുപത് ശതമാനവും ദേശാടന പക്ഷികളാണ്. യൂറോപ്പിൽ നിന്നുവരുന്ന ആറായിരത്തോളം വാലൻ എരണ്ടകൾ, നാലായിരത്തോളം വരി എരണ്ടകൾ കൂടാതെ പന്ത്രണ്ടിനം വംശനാശം സംഭവിച്ച പക്ഷികളുൾപ്പെടെയുള്ള ഏറ്റവും ശ്രദ്ധേയമായ പ്രദേശമാണത്. കാട്ടാമ്പള്ളി തണ്ണീർത്തടത്തിൽ വന്യജീവി ഗവേഷകനായ ശ്രീ. റോഷ്നാഥ് രമേശ് നടത്തിയ പഠനത്തിൽ പറയുന്നത് 69 ഇനം പൂമ്പാറ്റകൾ, 55 ഇനം തുമ്പികൾ, 75 ഇനം മത്സ്യങ്ങൾ, 8 ഇനം തവളകൾ, 32 ഇനം ഉരഗങ്ങൾ, 27 ഇനം സസ്തനികൾ തുടങ്ങിയ നിരവധി വന്യജീവികളുണ്ട് എന്നാണ്. അദ്ദേഹത്തിന്റെ പഠനത്തിൽ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കണം. അദ്ദേഹത്തിന് ഇന്നലെ ഈ വിഷയത്തിൽ ഡോക്ടറേറ്റ് ബിരുദം ലഭിച്ച കാര്യംകൂടി സന്തോഷപൂർവ്വം അറിയിച്ചുകൊണ്ട് ഐ.ബി.എ. പട്ടികയിലുള്ള മുണ്ടേരിക്കടവ്-കാട്ടാമ്പള്ളി തണ്ണീർത്തട പ്രദേശത്തെ നിർദ്ദേശിക്കപ്പെട്ട നിലയിലുള്ള കേന്ദ്രമാക്കി മാറ്റുന്നതിന് സഹായിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി തന്നെ മുൻകയ്യെടുത്ത് മുണ്ടേരി ഗ്രാമപഞ്ചായത്തിൽ രൂപം നൽകിയതാണ് മുണ്ടേരി ഇക്കോ ടൂറിസം പദ്ധതി. അത് വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു*.

(18) മുല്ലശ്ശേരി- കാഞ്ഞാണി റോഡ് നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, മുല്ലശ്ശേരി - കാഞ്ഞാണി റോഡിന് 2017-ൽ മൂന്നര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ച സമയത്താണ് 'അമൃത് കുടിവെള്ള' പദ്ധതി പ്രാബല്യത്തിൽ വന്നത്. അതിന്റെ ഭാഗമായി മുല്ലശ്ശേരി - കാഞ്ഞാണി റോഡിന്റെ നിർമ്മാണം തടസ്സപ്പെടുകയുണ്ടായി. ഈ റോഡിന്റെ ഭരണാനുമതി കാലാവധി കഴിഞ്ഞിരിക്കുകയാണ്. അടിയന്തരമായി ഭരണാനുമതി പുതുക്കി നൽകി ഈ B.M.&B.C. (Bituminous Macadam and Bituminous Concrete) റോഡ് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. മുരളി പെരുനെല്ലി പറഞ്ഞ വിഷയത്തിന്റെ പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തര നടപടി കൈക്കൊള്ളും. അതോടൊപ്പം അതിന്റെ പ്രവൃത്തി വേഗത്തിൽത്തന്നെ നടത്തുവാനുള്ള ശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

(19) റെയിൽവേ മേൽപ്പാല നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡാണ് പാരിപ്പള്ളി-പരവൂർ റോഡ്. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്കുള്ള പ്രധാനപ്പെട്ട പാത കൂടിയാണിത്. അവിടെ പരവൂർ റെയിൽവേ മേൽപ്പാലം നിർമ്മിക്കാനുള്ള ആവശ്യത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനം കിഫ്ബിയിൽ ഉൾപ്പെടുത്തി 36.75 കോടി രൂപയുടെ ഭരണാനുമതി നൽകി, കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനെ അതിന്റെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഒന്നര വർഷമായിട്ടും അതിന്റെ നടപടികൾ ആരംഭിച്ചിട്ടില്ല. എത്രയുംവേഗം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. എസ്. ജയലാൽ ഉന്നയിച്ച വിഷയത്തിൽ, പരവൂർ റെയിൽവേ മേൽപ്പാല നിർമ്മാണം റെയിൽവേയുടെ വർക്ക് പ്ലാനിൽനിന്നും ഒഴിവാക്കിയതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. അതിനാൽ 2021-22-ലെ വർക്ക് പ്ലാനിൽ ഈ പദ്ധതി ഉൾപ്പെടുത്തണമെന്ന് റെയിൽവേയോട് വീണ്ടും ആവശ്യപ്പെടുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

(20) റോഡ് പുനരുദ്ധാരണം

ശ്രീ. ആന്റണി ജോൺ: സർ, മൂന്നാർ രാജപാതയായ പഴയ ആലുവ-മൂന്നാർ റോഡിന്റെ പുനരുദ്ധാരണം അടിയന്തരമായി നടപ്പാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. വിശദമായ കാര്യങ്ങൾ സൂചിപ്പിക്കാനുണ്ടെങ്കിലും സമയക്കുറവുമൂലം അതിലേയ്ക്ക് കടക്കുന്നില്ല. വളരെ പ്രാധാന്യമുള്ള ഈ റോഡ് 1924-ലെ വെള്ളപ്പൊക്കത്തെ തുടർന്നാണ് ഭാഗികമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായത്. ഈറ്റ കയറ്റിയ ലോറിയുൾപ്പെടെയുള്ള

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

വാഹനങ്ങൾ അടുത്ത കാലത്തുവരെ അതിലൂടെ കടന്നുപോയിരുന്നെങ്കിലും ഇപ്പോൾ പൂയംകുട്ടി പ്രദേശത്ത് ആ റോഡ് വനം വകുപ്പ് ബ്ലോക്ക് ചെയ്തിരിക്കുകയാണ്. കോതമംഗലം - മൂന്നാറിലേയ്ക്ക് ഏതാണ്ട് 60 കിലോമീറ്റർ ദൂരമാണ് ദൈർഘ്യം വരുന്നത്. ഈ റോഡ് പുനരുദ്ധരിച്ചാൽ അത് 20 കിലോമീറ്ററായി കുറയുകയും ടൂറിസം രംഗത്തുൾപ്പെടെ വലിയ സാദ്ധ്യതയുണ്ടാകുകയും ചെയ്യുമായിരുന്നു. കൊടുംവളവോ വലിയ കയറ്റങ്ങളോ ഒന്നുമില്ലാത്ത ഈ റോഡ് സഞ്ചാരയോഗ്യമാക്കിയാൽ ആദിവാസി സമൂഹമുൾപ്പെടെയുള്ള ആയിരക്കണക്കിന് ആളുകൾക്ക് പ്രത്യേകിച്ച് കുട്ടമ്പുഴ, മാങ്കുളം പഞ്ചായത്തുകളിലെയും കേരളത്തിലെ ഏക ആദിവാസി പഞ്ചായത്തായ ഇടമലക്കുടിയുൾപ്പെടെയുമുള്ള ആദിവാസി സമൂഹത്തിന് പ്രയോജനം ലഭിക്കുന്നതാണ്. അതോടൊപ്പം, ടൂറിസം രംഗത്തും വലിയ വികസന സാദ്ധ്യതയുള്ള ഈ റോഡ് അടിയന്തരമായും പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ആന്റണി ജോൺ ഉന്നയിച്ച വിഷയം വനവുമായി ബന്ധപ്പെട്ട പ്രശ്നമായതിനാൽ വനം വകുപ്പുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതിന്റെ വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

## (21) <u>റോഡ് വികസനം</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാന പാത - 69 വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലൂടെ 11 കിലോമീറ്റർ ദൂരമാണ് കടന്നുപോകുന്നത്. ഇതിൽ 9 കിലോമീറ്റർ ദൂരവും നാലുവരി പാതയായി. മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള രണ്ട് കിലോമീറ്റർ ഭാഗം നാലുവരി പാതയാക്കാനായിട്ടില്ല. ഇതിന്റെ ഭാഗമായി അവിടെ കുപ്പിക്കഴുത്ത് രൂപപ്പെട്ടിരിക്കുന്നുവെന്നാണ് പറയുന്നത്. ശബരിമല തീർത്ഥാടനകാലം ഉൾപ്പെടെ ഗുരുവായൂർ അമ്പലത്തിലേയ്ക്കുള്ള തീർത്ഥാടകരെല്ലാം പോകുന്ന പ്രധാനപ്പെട്ട വഴിയാണിത്. അതിന്റെ പ്രത്യേകതകൾ സമയക്കുറവുമൂലം ഞാൻ വിശദീകരിക്കുന്നില്ല. The Kerala Land Acquisition Act, 1961 പ്രകാരം ഏറ്റെടുക്കപ്പെട്ട ഭൂമിപോലും പൊതുമരാമത്ത് വകുപ്പ് പൂർണ്ണമായും ഏറ്റെടുത്തിട്ടില്ല. ചില വ്യവഹാരങ്ങളുടെ പേരിൽ വ്യവഹാരങ്ങളില്ലാത്ത ഭൂമിയും ഏറ്റെടുക്കാതിരിക്കുകയാണ്. ആയതിനാൽ അവിടെ ഓൾഡ് സർവ്വേ അനുസരിച്ച് അളവ് പൂർത്തിയാക്കി പുറംപോക്ക് ഭൂമി അടിയന്തരമായി ഏറ്റെടുക്കുകയും റീ-ബിൽഡ് കേരളയുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളോടൊപ്പം

---

\+ അനുബന്ധമായി ചേർക്കുന്നു.

മുണ്ടൂർ-പുറ്റേക്കര വരെയുള്ള റോഡിന്റെ വികസനപ്രവർത്തനം നടത്തുകയും ചെയ്യണം. അങ്ങനെവരുമ്പോൾ പിന്നീട് നാലുവരി പാതയാക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റിൽ കുറച്ച് ഭൂമി മാത്രമേ ഏറ്റെടുക്കേണ്ടതായി വരികയുള്ളൂ. ഈ പ്രവർത്തനം സാധ്യമാക്കാൻ പ്രത്യേക സർവ്വേ ടീമിനെ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ ചില കയ്യേറ്റങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.8 കിലോമീറ്റർ റോഡിലെ കുപ്പിക്കഴുത്ത് സൃഷ്ടിക്കുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കുമ്പോൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി അളക്കുകയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. 1961-ലെ അക്വിസിഷൻ പ്രകാരം അളന്നുതിട്ടപ്പെടുത്തിയ ഭൂമിയിൽ കയ്യേറ്റം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് സർക്കാർ ഭൂമി മുഴുവനായും വീണ്ടെടുക്കുന്ന കാര്യം റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്ത് സ്ഥലം ഉടൻതന്നെ സന്ദർശിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

### (22) ഡയബറ്റിക് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ആരോഗ്യമേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം കണ്ണഞ്ചിപ്പിക്കുന്ന വളർച്ചയുണ്ടായ സംസ്ഥാനമാണ് കേരളം. ആ വളർച്ചയുണ്ടായപ്പോഴും സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന പ്രധാനപ്പെട്ട സ്ഥാപനം ശ്രദ്ധിക്കപ്പെടാതെ പോയിയെന്നുള്ളതാണ് യാഥാർത്ഥ്യം. ടി സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ട് 21 വർഷത്തോളമായെങ്കിലും അവിടെ ഒരാളെയെങ്കിലും സ്ഥിരം നിയമനം നടത്താനോ, അതിന് തസ്തികകൾ സൃഷ്ടിക്കാനോ ഇതുവരെ സാധിച്ചിട്ടില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനം കോവിഡും മറ്റും നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ സ്ഥാപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സർക്കാരിന് ഉണ്ടാകുന്ന ധാരണയ്ക്കനുസരിച്ച് ഇതിനെ വലിയ ഗവേഷണ കേന്ദ്രമാക്കി വളർത്തിക്കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോടും ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. രാജ്യത്ത് പ്രമേഹരോഗികളുടെ എണ്ണം കണക്കാക്കുമ്പോൾ ഒന്നാം നിരയിലാണ് കേരളത്തിന്റെ സ്ഥാനം. പ്രമേഹ സംബന്ധമായ ഗവേഷണങ്ങൾക്കും ബോധവത്കരണങ്ങൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കേണ്ട സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്. ഇതിൽ ഗൗരവത്തോടും പ്രാധാന്യത്തോടുംകൂടി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

## (23) സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ആശുപത്രി നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 40.30 കോടി രൂപ അനുവദിക്കുകയും 22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫീമെയിൽ വാർഡും മെയിൽ വാർഡുമാണ് ഒന്നാംഘട്ടത്തിൽ പൂർത്തിയാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നടത്തി നിർമ്മാണമാരംഭിച്ച ഈ ആശുപത്രി കെട്ടിടത്തിന്റെ രണ്ടാം ഘട്ടത്തിനാവശ്യമായ 18 കോടിയുടെ നിർമ്മാണാനുമതിയും ഫിനാൻഷ്യൽ സാംഗ്ഷനും ആരോഗ്യ വകുപ്പിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. രണ്ട് വർഷമായി ഇതുസംബന്ധിച്ച ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലുമായിരിക്കുകയാണ്. ഒരു മാസം 25000-ത്തോളം ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. ഇതിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി ജില്ലാ മെഡിക്കൽ ഓഫീസിൽനിന്ന് തയ്യാറാക്കി നൽകിയ പ്ലാനിന് പൂർണ്ണതയില്ലാത്തതിനാൽ അതിലെ അപാകതകൾ പരിഹരിക്കാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

(24) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ഒന്നേകാൽ നൂറ്റാണ്ടിന്റെ പാരമ്പര്യമാണുള്ളത്. തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ഒ.പി. രോഗികൾ എത്തുന്ന ആശുപത്രിയാണത്. അവിടെ ഡോക്ടർമാരുടെ കുറവാണ് ഏറ്റവും വലിയ പ്രശ്നം. ഇന്ന് സർക്കാർ ആശുപത്രിയിൽ, സ്പെഷ്യാലിറ്റി കേഡറിൽ ഏറ്റവും കൂടുതൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന ആശുപത്രിയാണ്. നെഫ്രോളജി ഡോക്ടറുടെയും കുറവുണ്ട്. പോസ്റ്റുമോർട്ടം നടപടികൾക്ക് പോലീസ് സർജൻമാരുടെ കുറവുണ്ട്. കാർഡിയോളജി വിഭാഗമടക്കമുള്ള സ്പെഷ്യൽ കേഡർ ഡോക്ടർമാരുടെ കുറവ് പരിഹരിക്കണം. സംസ്ഥാനത്തെ പല ആശുപത്രികളിലും സ്പെഷ്യൽ കേഡർ ഡോക്ടർമാരുടെ പോസ്റ്റിംഗ് അധികമായി നിൽക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് അടിയന്തരമായി പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, സാധാരണക്കാരായ ആയിരക്കണക്കിന് രോഗികൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അധിക സേവനം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളും അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യവും ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്ന നടപടിയൊന്നും ആരംഭിച്ചിട്ടില്ല. ഇതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് പരിഗണിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## V നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും:

(i) 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ധനാഭ്യർത്ഥനകൾ മുഴുവൻ വിശദമായി ചർച്ച ചെയ്ത് പാസ്സാക്കിയിട്ടുള്ളതാണ്. സഭ പൊതുവിൽ യോജിക്കുകയാണെങ്കിൽ ചർച്ച കൂടാതെ നമുക്ക് ഈ ധനവിനിയോഗ ബിൽ പാസ്സാക്കാവുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സഭയിലുള്ള ഓരോ കക്ഷിയിൽനിന്നും ഓരോ അംഗം വീതം വളരെകുറച്ച് സമയമെടുത്ത് സംസാരിച്ച് ധനവിനിയോഗ ബിൽ പാസ്സാക്കാവുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ അഭിമാനത്തോടുകൂടി ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വളരെ ഗുരുതരമായ സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വളരെ കരുതലോടും ജനങ്ങൾക്ക് ബുദ്ധിമുട്ടുകളുടെ പൊള്ളലേൽക്കരുതെന്ന ധാരണയോടും കൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചതും അതിന്റെ തുടർച്ചയായി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച് ധനാഭ്യർത്ഥനകൾ നടത്തിയതും. സാമ്പത്തിക രംഗത്ത് എല്ലാം മന്ദീഭവിച്ച് പോകുന്ന സാഹചര്യമാണ് ലോകമാകെ കാണുന്നത്. ലോകരാജ്യങ്ങളുടെ സാമ്പത്തിക വളർച്ചതന്നെ വളരെയേറെ ചുരുങ്ങിപ്പോയിരിക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ചൈന ഒഴികെ മറ്റെല്ലാ ലോകരാജ്യങ്ങളുടെയും ജി.ഡി.പി. (Gross Domestic Product)-യിൽ വൻതോതിലുള്ള കുറവുണ്ടാകുന്നുവെന്നാണ് ഐ.എം.എഫ്. (International Monetary Fund)-ന്റെയും വേൾഡ് ബാങ്കിന്റെയും പരിശോധനയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. നമ്മുടെ രാജ്യത്ത് ജി.ഡി.പി.-യിൽ എട്ട് ശതമാനത്തിന്റെ കുറവ് കാണിക്കുമ്പോൾ –ചൈന മാത്രമാണ് 2.3 ശതമാനം വളർച്ച കാണിക്കുന്നത്. ലോക രാജ്യങ്ങളാകെ പരിശോധിച്ചാൽ 3.3 ശതമാനത്തിന്റെ വളർച്ചയിലെ ചുരുക്കം ചില സാമ്പത്തിക മേഖലയിലുണ്ട്. ഇതെല്ലാം കേരളത്തിന്റെ സാമ്പത്തികവ്യവസ്ഥയെയും ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻഗണന നിശ്ചയിച്ച് ജനങ്ങൾക്കാവശ്യമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയാണ് സാമ്പത്തിക ചെലവുകൾ നിർവ്വഹിക്കുന്നതെന്ന് കാണാൻ സാധിക്കും. 5,650 കോടി രൂപയുടെ ക്ഷേമപദ്ധതികൾക്കുള്ള പാക്കേജ് പ്രഖ്യാപിച്ചുകൊണ്ടാണ് ഈ

ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്ര ഗവൺമെന്റ് 2020-21-ലെ ബഡ്ജറ്റ് നിരാശാജനകമായ രീതിയിലാണ് അവതരിപ്പിച്ചത്. അതിൽ വൻകിട കോർപ്പറേറ്റുകളെ സഹായിക്കുന്ന ധാരാളം പദ്ധതികളുണ്ടെങ്കിലും സാധാരണക്കാർക്ക് അനുകൂലമായവ ഒന്നുംതന്നെ കാണാൻ സാധിക്കുന്നില്ല. ഫെഡറൽ ഭരണ ഘടനയനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നയം സംസ്ഥാന ഗവൺമെന്റിനെ, പ്രത്യേകിച്ച് സാമ്പത്തിക രംഗത്തെയാണ് ബാധിക്കുക. എന്നാൽ, ആ സഹായമൊന്നുമില്ലാതെതന്നെ എങ്ങനെയാണ് ഇവിടെ സാധാരണക്കാർക്ക് വേണ്ടി ബഡ്ജറ്റ് ക്രമീകരിക്കുകയെന്നതാണ് പ്രധാനമായും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പരിശോധിച്ചിട്ടുള്ളതും ഇവിടെ സംസാരിക്കുമ്പോഴെല്ലാം സൂചിപ്പിച്ചിട്ടുള്ളതും.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി)

ഇത് ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ ദിനത്തിന്റെ നാളുകൾ കൂടിയാണ്. 74 വർഷം പിന്നിട്ട സ്വാതന്ത്ര്യത്തിന് അഭിമാനത്തോടുകൂടി തലയുയർത്തി നിൽക്കാനുള്ള, ഇന്ത്യൻ പൗരന്മാരുടെ അവകാശം സംരക്ഷിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് നാം കാണേണ്ടത്. കേരളത്തിൽ സ്വാതന്ത്ര്യത്തിന്റെ "ആസാദീ കാ അമൃത് മഹോത്സവ് (ഇന്ത്യ @ 75)" നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിയമസഭയിൽ അതിന്റെ ഉദ്ഘാടനം നടക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രവീന്ദ്രനാഥ് ടാഗോറിന്റെ വരികൾ ഓർമ്മിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. 'എവിടെ ശിരസ്സ് ഉയർന്നും മനസ് നിർഭയവുമായി നിൽക്കുന്നുവോ, എവിടെ ഇടുങ്ങിയ ചിന്തകളുടെ വേലിക്കെട്ടുകൾ മനുഷ്യരെ പരസ്പരം വേർതിരിക്കാതിരിക്കുന്നുവോ, ആ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേയ്ക്ക് പ്രഭോ എന്റെ രാജ്യത്തെ ഉയർത്തേണമേ' എന്നാണ് സ്വാതന്ത്ര്യ സമരത്തിന്റെ നാളിൽ രവീന്ദ്രനാഥ് ടാഗോർ പറഞ്ഞത്. എന്നാൽ ഏതു സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗത്തിലേയ്ക്കാണ് ഈ രാജ്യം ഉയർത്തപ്പെട്ടതെന്ന് ഖേദകരമായി നമുക്ക് നോക്കിക്കാണേണ്ടിയിരിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ പട്ടിണി പെരുകി വരികയാണ്. കോവിഡ് മഹാമാരി ലോകത്താകെ പട്ടിണി വർദ്ധിപ്പിച്ചിട്ടുണ്ട്. കോവിഡ് മഹാമാരി വന്നയുടനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചതിന്റെ ഭാഗമായാണ് പട്ടിണിയുടെ വർദ്ധനവ് വലിയൊരു അളവുവരെ പിടിച്ചുനിർത്താനായത്. ധനകാര്യ വകുപ്പും ആ രീതിയിൽത്തന്നെ അത് കൈകാര്യം ചെയ്തിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ പൊതുവെ 30 ശതമാനത്തിലേറെപ്പേർ പുതിയതായി പട്ടിണിക്കാരുടെ ഇടയിലേയ്ക്ക് വന്നിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമുക്ക് അഭിമാനത്തോടുകൂടി തലയുയർത്തിപ്പിടിച്ച് നിൽക്കാൻ കഴിയുന്നില്ല. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി

സംസ്ഥാനത്തെ പ്രതിപക്ഷത്തിന് യാതൊരു സംശയവുമില്ല. അവർ അതിനെതിരായി യാതൊരു അഭിപ്രായപ്രകടനവും നടത്തുന്നില്ല. ഉത്തർപ്രദേശാണ് ഏറ്റവും നല്ല സംസ്ഥാനമെന്നും എല്ലാ തരത്തിലുമുള്ള വളർച്ചയും ആധാരമായ സംസ്ഥാനമെന്നുമാണ് ഇന്ത്യയുടെ പ്രധാനമന്ത്രി ബഹുമാന്യനായ നരേന്ദ്ര മോദി കഴിഞ്ഞദിവസം പറഞ്ഞത്. കോവിഡ് പ്രതിരോധത്തിൽ ഉത്തർപ്രദേശ് മുന്നിൽ നിൽക്കുന്നുവെന്ന് യാതൊരു മടിയുമില്ലാതെ ഇന്ത്യൻ പ്രധാനമന്ത്രി പറയുമ്പോൾ, ഉത്തർപ്രദേശ് പതിനായിരക്കണക്കിന് ആളുകളുടെ മരണംപോലും റിപ്പോർട്ട് ചെയ്യാത്ത സംസ്ഥാനമാണ്. ഗംഗയിൽ ശവശരീരങ്ങൾ ഒഴുകി നടന്നത് പലരും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. "ഗംഗ സത്യം വെളിപ്പെടുത്തി" എന്നാണ് വാരണാസി ക്ഷേത്രത്തിലെ പ്രമുഖ പൂജാരി പറഞ്ഞത്. ഗംഗയിൽ ഒഴുക്കിയില്ലായിരുന്നുവെങ്കിൽ ചിലപ്പോൾ ആരും അറിയുമായിരുന്നില്ല. ഈ പതിനായിരങ്ങളെ എവിടെയെങ്കിലും കാട്ടിൽ കുഴിച്ചുമൂടി അതിന്റെ ദുഃഖം സ്വയംപേറി ഇന്ത്യൻ പൗരന്മാർ ഒടുങ്ങിപ്പോകുമായിരുന്നു. എല്ലാം ഭൂസ്വാമിമാരുടെയും വലിയ ഭൂവുടമകളുടെയും ഭൂമിയാണ്. അവിടെയൊന്നും കൊണ്ടുപോയി ദളിതന്റെ മൃതദേഹം മറവുചെയ്യാൻ പാടില്ലാത്തതു കൊണ്ടാണ് ഗംഗയിൽ ഒഴുക്കിവിടുന്നതെന്നുള്ളതാണ് വസ്തുത. അതിനാലാണ് ഗംഗാമാതാവ് സത്യം വെളിപ്പെടുത്തിയെന്ന് പൂജാരി പറഞ്ഞത്. ആ ഉത്തർപ്രദേശിനെക്കുറിച്ചാണ് ഏറ്റവും നല്ല രീതിയിൽ കോവിഡിനെ പ്രതിരോധിച്ചുവെന്നു ബഹുമാന്യനായ പ്രധാനമന്ത്രി പറയുന്നത്. നിയമസഭാതലത്തിൽ ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയുമെല്ലാം കോവിഡ് പ്രതിരോധത്തെക്കുറിച്ചൊക്കെ ഒരുപാട് പ്രസംഗിച്ചിട്ടുണ്ട്. വളരെ ശാസ്ത്രീയമായ രീതിയിൽ ഈ മഹാമാരിയെ പ്രതിരോധിക്കാൻ പരിശ്രമിച്ചതിന്റെ നേട്ടം കേരളത്തിന് അനുഭവിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. ഇക്കാര്യങ്ങളെല്ലാം സഭാതലത്തിൽ പലതവണ പ്രതിഫലിച്ചിട്ടുള്ളതാണ്. സർക്കാർ ഒരുപാട് ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നു. ഈ സാമ്പത്തിക ദുരിതങ്ങൾക്കിടയിലും വരാനിരിക്കുന്ന നാളുകളിൽ മനുഷ്യരെ രക്ഷിക്കുന്നതിനായി കേരളത്തെ ഒരു വിജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും പുതിയ രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. 3650 കോടി രൂപ ജനങ്ങൾക്കിടയിൽ ഇടപെടാൻ പ്രഖ്യാപിച്ചതിൽ 2000 കോടി രൂപ താഴെത്തട്ടിലുള്ള സാധാരണ ആളുകൾക്ക് വായ്പ കൊടുക്കുന്നതിനാണ് ഉപയോഗിക്കുന്നത്. ഒരു സമൂഹത്തിന്റെ സാമ്പത്തിക മേഖലയിൽ ചലനാത്മകത സൃഷ്ടിച്ചു കൊണ്ടുമാത്രമേ പ്രതിസന്ധികളെ മറികടക്കാൻ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ എല്ലാംതന്നെ തണുത്തുറഞ്ഞ് ഒന്നും നടക്കാത്തൊരു സമൂഹമായി മാറിപ്പോകും. അതുകൊണ്ട് കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖേന വായ്പ

കൊടുക്കുന്നതിനും ചെറുകിട വായ്പകൾക്ക് പലിശ കുറച്ചുകൊടുത്തുമാണ് വലിയ തോതിൽ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ഇടയിൽ ജീവനോപാധി യുണ്ടാക്കിയെടുക്കുന്നതിനുള്ള പരിശ്രമം ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അത് ലോകത്തിനുതന്നെ മാതൃകയാണ്. കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണവും ശാസ്ത്രീയ ഇടപെടലുകളും ഇന്നല്ലെങ്കിൽ നാളെ പ്രകീർത്തിക്കപ്പെടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കാരണം ഈ കടുത്ത പ്രതിസന്ധി മറികടക്കാൻ മറ്റ് ശാസ്ത്രീയ മാർഗ്ഗങ്ങളില്ല. കിഫ്ബി വഴി മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിന് നമ്മൾ ശ്രമിച്ചിട്ടുണ്ട്. കിഫ്ബി വഴി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനും മറ്റ് ആധുനികവത്കരണത്തിനും കോടിക്കണക്കിന് രൂപ ചെലവഴിച്ചപ്പോൾ സമൂഹത്തിലാകെ അതിന്റെ ചലനാത്മകതയുണ്ടായിയെന്നുള്ളത് വസ്തുതയാണ്. ധാരാളം തൊഴിലവസരങ്ങൾ, പണത്തിന്റെ ക്രയവിക്രയം ഇതെല്ലാം സമൂഹത്തിൽ വന്നതുകൊണ്ടാണ് വലിയ തോതിൽ തണുത്തുറഞ്ഞു പോകുന്ന ഒരവസ്ഥ കേരളത്തിലുണ്ടാകാതെയിരുന്നത്. അതിപ്പോഴും തുടരുകയാണ്. കിഫ്ബിയുടെ മിക്കവാറും പ്രവൃത്തികൾ ഭരണാനുമതി നേടിയശേഷം ടെൻഡർ നടപടിയിലെത്തിയിരിക്കുകയാണ്. ടെൻഡർ കഴിഞ്ഞ് ഈ പ്രവൃത്തികളെല്ലാം വരുന്ന അഞ്ച് വർഷം സംസ്ഥാനത്ത് നടപ്പാകുമ്പോൾ സാമ്പത്തിക മേഖലയ്ക്ക് പുതിയ ഉണർവ്വും ചലനവുമുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഇത്തരം പ്രവർത്തനങ്ങളിലൂടെ ഈ പ്രതിസന്ധികളെ മറികടക്കാൻ നമുക്ക് കഴിയുമെന്നുള്ളതും ഉറപ്പാണ്. യു.ഡി.എഫ്. അംഗങ്ങൾ ഇപ്പോൾ സഭ ബഹിഷ്കരിച്ചിരിക്കുകയാണ്. എന്തിനാണ് സഭ ബഹിഷ്കരിച്ചിരിക്കുന്നത്? കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിക്കെതിരെ അധിക്ഷേപ വർഷങ്ങൾ ചൊരിഞ്ഞിരിക്കുകയാണ്. ഉത്തരവാദിത്വമുള്ളൊരു പ്രതിപക്ഷം പെരുമാറുന്നതു പോലെയാണോ അവർ പെരുമാറുന്നത്; ബഹുമാന്യനായ മുഖ്യമന്ത്രി സ്വർണ്ണം കടത്തിയെന്ന് ആക്ഷേപിച്ചുകൊണ്ട് വളരെ മോശമായ മുദ്രാവാക്യങ്ങളടക്കം വിളിച്ചുകൊണ്ട് കേരളത്തിലെ പ്രതിപക്ഷം ഇത്തരത്തിലുള്ള ഗോഷ്ടി കാണിക്കുന്നത് എന്തിന്റെ പേരിലാണ്? ഉത്തരവാദിത്വമുള്ള, അന്തസ്സുറ്റ ഒരു പ്രതിപക്ഷം വ്യക്തമായൊരു തെളിവുമില്ലാതെ ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്തിരിക്കുന്ന ഒരാൾക്കെതിരെ ഇതുപോലുള്ള ആക്ഷേപം സാധാരണഗതിയിൽ ഉന്നയിക്കാറില്ല. സാധാരണ ഒരു തമാശയല്ല ഈ പറയുന്നത്. കേസ്സിലെ പ്രതികൾ എവിടെയോ എന്തോ പറഞ്ഞുവെന്ന് അനുമാനിച്ചുകൊണ്ട് അതിന്റെ യാതൊരു തെളിവുമില്ലാതെ കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയെ പരിഹസിക്കാൻ പുറപ്പെടുകയാണവർ. ഈ നാട് ഇതെല്ലാം നോക്കിക്കാണുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം കടുത്ത ജീവിത പ്രതിസന്ധികൾക്കിടയിൽ, ധാരാളം പ്രകൃതിദുരന്തങ്ങളും അതുപോലുള്ള ബുദ്ധിമുട്ടുകളും വന്നുചേർന്ന അവസരത്തിൽ പതറാതെ കേരളത്തെ

മുന്നോട്ടുനയിച്ച ബഹുമാന്യനായ മുഖ്യമന്ത്രിയുടെ കരുത്തുറ്റ തീരുമാനത്തിന്റെ ഭാഗമായാണ് ജനങ്ങൾ 99 സീറ്റ് നൽകി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലെത്തിച്ചത്. നാട്ടിലെ ജനങ്ങൾക്കെല്ലാം അക്കാര്യത്തിൽ നല്ല ധാരണയുണ്ട്. അങ്ങനെയുള്ള ബഹുമാന്യനായ മുഖ്യമന്ത്രിക്കും ഗവൺമെന്റിനുമെതിരെ ഇതുപോലെ പ്രഹസനം നടത്തിയാൽ അതൊന്നും ജനങ്ങൾ വിശ്വസിക്കാൻ പോകുന്നില്ലെന്നുള്ളതാണ് വസ്തുത. ഈ പ്രതിസന്ധിഘട്ടത്തിൽ നടത്തേണ്ട കൂട്ടായ ഉത്തരവാദിത്വത്തിൽനിന്നും മാറി പ്രതിപക്ഷം സഭ ബഹിഷ്കരിച്ച് പോയിരിക്കുകയാണ്. പക്ഷേ ഇതൊന്നും നമ്മുടെ നാട്ടിൽ ഏശില്ല. തെരഞ്ഞെടുപ്പിന്റെ സമയത്ത് മുഴുവൻ കിറ്റും സഹായങ്ങളും പെൻഷനും കൊടുത്തതിനെപ്പറ്റി പ്രതിപക്ഷം കളിയാക്കി പ്രസംഗിച്ചു. കിറ്റ് വാങ്ങി ഉപയോഗിക്കുന്ന, അതുപോലെ പെൻഷൻ കിട്ടിയതിലാശ്വസിക്കുന്ന ജനങ്ങളുടെ മുഖത്തുനോക്കിയാണ് അവർ അങ്ങനെയുള്ള പ്രസംഗം നടത്തിയത്. അതുകൊണ്ടുതന്നെ ജനങ്ങൾ അത് നന്നായി മനസ്സിലാക്കിയിട്ടുണ്ട്. കിറ്റ് കൊടുക്കുകയെന്നുള്ളത് ശാശ്വതമായൊരു പരിഹാരമല്ല. അതിനുപകരം ഒരുപാട് കാര്യങ്ങൾ ചെയ്യാനുള്ള തീരുമാനം എടുത്തുകൊണ്ടാണ് ധനവിനിയോഗത്തിന് ആവശ്യമായ അഭ്യർത്ഥന വച്ചത്. എന്നാൽ വലിയ ബുദ്ധിമുട്ട് വരുന്ന കാലത്ത് ഭക്ഷ്യക്കിറ്റ് വളരെ ഗുണകരമായിരുന്നുവെന്ന് തെളിഞ്ഞിട്ടുണ്ട്. ഭക്ഷ്യക്കിറ്റ്, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങിയവയുടെ ഇടപെടലിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ പട്ടിണി വർദ്ധിക്കാതിരുന്നത്. അതിനെയാണ് പ്രതിപക്ഷം പരിഹസിക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ പ്രതിപക്ഷം ദുർബ്ബലമാണ്. ഇങ്ങനെയുള്ള പ്രതിപക്ഷത്തിന് ജനാധിപത്യ പ്രക്രിയയിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. വളരെ ശക്തവും ക്രിയാത്മകവുമായ വിമർശനങ്ങൾ ഉന്നയിച്ചും ഇടപെടൽ നടത്തിയും മാത്രമേ പ്രതിപക്ഷത്തിന് ജനാധിപത്യ പ്രക്രിയയെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. എന്നാൽ കേരളത്തിലെ പ്രതിപക്ഷം ജനാധിപത്യ പ്രക്രിയയ്ക്ക് യാതൊരു സംഭാവനയും ചെയ്യുന്നില്ല. ഇവിടെ പ്രതിപക്ഷമായിരിക്കുന്നത് കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ആണ്. അവരുടെ ഭരണകാലത്ത് നടത്തിയ അഴിമതിക്കഥകളെല്ലാം വീണ്ടും ഈ നിയമസഭാ തലത്തിൽ അഴിച്ചു വയ്ക്കേണ്ടതായിട്ടില്ല. എങ്കിലും ദേശീയ ഗെയിംസ് നടത്തിയതിന്റെ പേരിൽ, അവിടെ ഉപയോഗിക്കാനാവശ്യമായ 500 എയർകണ്ടീഷനുകൾ അടിച്ചുമാറ്റിയ ഒരവസ്ഥ അന്നുണ്ടായിരുന്നു. ഗ്രൗണ്ടുണ്ടാക്കിയതിലും വാട്ടർബോട്ടിൽ, ജെഴ്സി എന്നിവ വാങ്ങിയതിലുമൊക്കെ അഴിമതി കാണിച്ചിരുന്നു. ഇങ്ങനെ വൃത്തികെട്ട രീതിയിൽ ഒരു സംസ്ഥാനത്തിന്റെ സമ്പത്ത് മുഴുവൻ ഊറ്റിയെടുത്തുകൊണ്ടു പോകുന്ന അഴിമതി നടത്തിയവരാണ് ഇവിടെയിപ്പോൾ അഴിമതിയെക്കുറിച്ച് പ്രസംഗിക്കുന്നത്. ഒരു ഉത്തരവാദിത്വ ബോധവുമില്ലാതെ വായിൽതോന്നിയതെല്ലാം വിളിച്ചു പറയുന്നൊരു

പ്രതിപക്ഷം ജനാധിപത്യത്തിന് മുതൽക്കൂട്ടല്ല. ഇത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികത്തിന്റെ നാളാണ്. ഈ നാളിൽ നാമെല്ലാവരും ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കേണ്ടത് നമ്മുടെ സ്വാതന്ത്ര്യം, ജനാധിപത്യം, സെക്കുലറിസം, സോഷ്യലിസം അതെല്ലാം സംരക്ഷിക്കുന്നതിനാണ്. കേരളം ഇക്കാര്യത്തിലെല്ലാം എപ്പോഴും മാതൃകയാണ്. ഇവിടെ സമാധാനത്തോടെ ജനങ്ങൾക്ക് ജീവിക്കാം. ഏത് ജാതി-മത വിഭാഗത്തിൽപ്പെട്ടവരായാലും പഴയ ഫ്യൂഡൽ രീതിയുടെ ചില മനോഭാവങ്ങൾ ചിലരിലുണ്ടെന്നുള്ളത് വസ്തുതയാണ്. പക്ഷേ അതെല്ലാം മേൽക്കയ്യിലേയ്ക്ക് വരാതെ യഥാർത്ഥത്തിൽ ഒരു സെക്കുലർ മനോഭാവം കേരളത്തിലുടനീളം പടരുന്നതിന് ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയും നല്ല യുക്തിബോധമുള്ള നമ്മുടെ നാട്ടിലെ മനുഷ്യരും കൂട്ടുനിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് ഈ നാട്ടിലെ മഹാഭൂരിപക്ഷം ആളുകളും ഇടതുപക്ഷത്തോട് ചേർന്നുനിൽക്കുന്നത്. അത് തുടരണം. ഈ രാജ്യത്തിന് ചൂണ്ടിക്കാണിക്കാൻ ഒരു ജനാധിപത്യത്തിന്റെ, മതേതരബോധത്തിന്റെ ഒരു തുരുത്തെങ്കിലുമുണ്ടാകണം. ഭരണഘടനാപരമായ വാഗ്ദാനങ്ങൾ പാലിക്കുന്ന ഒരിടമാണ് കേരളം എന്നാണ് സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ കേരളത്തിന് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തെ നോക്കൂ; ഇവിടെ നാനാ ജാതി-മതസ്ഥരായ ആളുകൾ സൗഹാർദ്ദത്തോടെ ജീവിക്കുന്നു. ഇവിടെ ജാതിപരമായ ഉച്ചനീചത്വങ്ങൾക്കതീതമായി മനുഷ്യന്റെ കഴിവും ഇടപെടലും ഞങ്ങൾ പ്രധാനമായിട്ടെടുക്കുന്നു. ജനാധിപത്യത്തിന്റെ മൂലക്കല്ല് അതാണ്. മനുഷ്യരുടെ കഴിവ് ഉപയോഗപ്പെടുത്തുക; എല്ലാവർക്കും അവസരസമത്വം പ്രദാനം ചെയ്യുക; അതിൽ ജാതിഭേദമോ മറ്റേതെങ്കിലും തരത്തിലുള്ള ഉച്ചനീചത്വമോ ഇല്ലാതാക്കുക; നമ്മൾ പരിശ്രമിക്കുന്നത് ഇന്ത്യൻ ഭരണഘടനയിൽ എഴുതിച്ചേർത്ത യഥാർത്ഥ ജനാധിപത്യം ജനങ്ങൾക്ക് പകർന്നു നൽകാനാണ്; മതേതരത്വ സമൂഹമായി ഈ സമൂഹത്തെ നിലനിർത്താനാണ്. അതിന് കേരളത്തെ ഒരു മാതൃകയാക്കി വീണ്ടും മുന്നോട്ടു നയിക്കാൻ നമുക്കു കഴിയണം. അതിന് കഴിയുന്ന രീതിയിലാണ് നമ്മുടെ ഈ ബഡ്ജറ്റും മറ്റുമെല്ലാം ക്രമീകരിച്ചിട്ടുള്ളത്; അതിന് എല്ലാ ജനങ്ങളുടെയും പിന്തുണ ആവശ്യമാണ്. അതിനെ ഇല്ലാതാക്കാൻ നടത്തുന്ന ഈ കോപ്രായങ്ങൾ അവസാനിപ്പിക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറായി ഭരണപക്ഷത്തോടുകൂടി ഈ പ്രവർത്തനങ്ങളിൽ സഹകരിക്കണം. വിമർശനങ്ങളാവാം, പക്ഷേ ഒരു വലിയ പ്രതിസന്ധിയുടെ നാളിൽ ഒരു പ്രതിപക്ഷവും ചെയ്യാൻ പാടില്ലാത്തതാണിത്. ഇപ്പോൾ അനുഭവിക്കുന്ന കോവിഡ് മഹാമാരിയുടെ ദുരന്തങ്ങളിൽനിന്നും കരകയറാൻ ഗവൺമെന്റിന്റെ കൂടെനിന്ന് പ്രവർത്തിക്കേണ്ട പ്രതിപക്ഷം സഭ അവസാനിപ്പിക്കാൻ പോലും കാത്തുനിൽക്കാതെ, ഈ സഭയുടെ അവസാനത്തെ

ദിവസമായ ഇന്ന് തീരുമാനങ്ങളെടുത്ത് പിരിയുന്നതിനുപോലും കാത്തുനിൽക്കാതെ ഇറങ്ങിപ്പോയത് ജനാധിപത്യ ബോധമില്ലായ്മ കൊണ്ടുതന്നെയാണ്. ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളും ഈ നാട്ടിലെ ജനങ്ങൾക്കു വേണ്ടിയാണ്. അവർ അത് രണ്ടു കയ്യും നീട്ടി സ്വീകരിക്കും. പോരായ്മകൾ ഉണ്ടാകും; അത് അവർക്ക് മനസ്സിലാക്കാൻ സാധിക്കും. കാരണം ഈ മഹാമാരി വിതച്ചിട്ടുള്ളത് അത്രയും വലിയ ദുരന്തങ്ങളാണ്. നമുക്കതിൽനിന്നും കരകയറിയേ മതിയാകൂ. ജനങ്ങളുടെ ശക്തിയിൽ വിശ്വസിച്ചുകൊണ്ട്, അവരെ കൂട്ടുപിടിച്ചുകൊണ്ട് നാം മുന്നോട്ടു പോകും. നമ്മുടെ ഗവൺമെന്റിനും ബഹുമാന്യനായ മുഖ്യമന്ത്രിക്കുമെതിരെ എത്രതന്നെ അട്ടഹസിച്ചാലും സത്യസന്ധമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ തകർക്കാനോ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മനോബലം തകർക്കാനോ പ്രതിപക്ഷത്തിന് സാധിക്കില്ല. ഏത് പ്രതിസന്ധിഘട്ടത്തിലും വളരെ ധീരമായി കേരളത്തെ മുന്നോട്ടുനയിക്കാൻ കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും നിയമസഭയിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അംഗങ്ങളും ഈ നാട്ടിലെ ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

11.00 A.M]

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കോവിഡ് പ്രതിസന്ധിയുടെ മുമ്പിൽ നിൽക്കുന്ന കേരളത്തെ കരകയറ്റാനുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചെയ്യുന്നത്. രണ്ടാം തരംഗത്തെ കാര്യക്ഷമമായി നേരിടാനും മൂന്നാംതരംഗത്തെ പരമാവധി വൈകിപ്പിച്ച് അതിനെ പ്രതിരോധിക്കാൻവേണ്ട equipments ആരോഗ്യമേഖലയിൽ നേടാനുമുള്ള ശ്രമമാണ് നടന്നു കൊണ്ടിരിക്കുന്നത്. ഈ ധനവിനിയോഗ ബിൽ പാസ്സാകുകയെന്നതാണ് അതിലേറ്റവും പ്രധാനപ്പെട്ടത്. കോവിഡ് മഹാമാരിയുടെ മുമ്പിൽ പ്രതിരോധം തീർക്കേണ്ട സമയത്ത് അത് ചർച്ച ചെയ്യാൻ തയ്യാറാകാതെ സഭ ബഹിഷ്കരിച്ചുപോയ പ്രതിപക്ഷത്തെ നാളെ ചരിത്രം വിലയിരുത്തുന്നത് 'നിരുത്തരവാദപരമായി നാടിനെ പിന്നിൽനിന്ന് കുത്തിയവർ' എന്നായിരിക്കുമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ മഹാമാരിയിൽ ലോകമാകെ സാമ്പത്തിക മാന്ദ്യം പടർന്നുപിടിക്കുകയാണ്. വികസിത രാജ്യങ്ങൾപോലും പത്ത് വർഷം പിറകിലേയ്ക്ക് പോകുമെന്ന് കണക്കുകൾ പറയുകയാണ്. നമ്മുടെ രാജ്യവും വലിയ സാമ്പത്തിക

പ്രതിസന്ധിയിലേയ്ക്ക് പോകുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സമയക്കുറവ് കാരണം ഞാനതൊന്നും വിശദമായി പറയുന്നില്ല. പല സർക്കാരുകളും അസ്ഥിരമായിക്കൊണ്ടിരിക്കുന്നു. പല ഭരണാധികാരികളും രാജിവച്ചു പോയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പ്രതിസന്ധിക്കിടയിലും ജനങ്ങളോടൊപ്പംനിന്ന് അതിശക്തമായി പ്രതിരോധ പ്രവർത്തനങ്ങൾ തീർക്കുന്ന, ഏറ്റവും ഉറപ്പുള്ളൊരു ഗവൺമെന്റാണെന്ന് അറിഞ്ഞതുകൊണ്ട് തെരഞ്ഞെടുപ്പിലൂടെ വീണ്ടും ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുവന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാതെയാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. കിഫ്ബി 64,000 കോടി രൂപയുടെ വൻകിട വികസന പദ്ധതികൾ നടപ്പിലാക്കുന്നു. മഹാത്മാ ഗാന്ധിയുടെ 'സർവോദയ ത്രൂ അന്ത്യോദയ' എന്ന സങ്കല്പം നടപ്പിലാക്കാനും അതിദാരിദ്ര്യം കേരളത്തിന്റെ മണ്ണിൽനിന്ന് തുടച്ചുനീക്കാനുമുള്ള പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ച് വർഷം കൊണ്ട് 6,000 മുതൽ 7000 കോടി രൂപ വരെയുള്ള വിവിധ പദ്ധതികളാവിഷ്കരിച്ചും മൈക്രോ പ്ലാനുകൾ നടത്തിയും അതിദാരിദ്ര്യം ഇല്ലാതാക്കിയതോടൊപ്പം ദുരിതകാലത്ത് ജനങ്ങളിലേയ്ക്കിറങ്ങിച്ചെന്ന് അവരുടെ കൈകളിൽ പണം എത്തിക്കുകയും ചെയ്തൊരു സർക്കാരാണിത്. പ്രതിപക്ഷം 'ന്യായ്' പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 'ന്യായ്' പദ്ധതി ഇന്ത്യയിൽ ഒരിടത്തുമില്ല. കോവിഡ് പ്രതിസന്ധി ഘട്ടത്തിലും ഈ ഓണക്കാലത്ത് 2752919 കുട്ടികൾക്ക് കേരള സർക്കാർ ഭക്ഷ്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കുട്ടികളുടെ ബ്രേക്ക് ഫാസ്റ്റിനുള്ള 4000 കോടി രൂപ അനുവദിക്കാതിരുന്ന സമയത്താണ് സംസ്ഥാന ഗവൺമെന്റ് ഇത്തരത്തിൽ നമ്മുടെ കുട്ടികളെ കരുതലോടെ കണ്ടത്. രണ്ട് മാസത്തെ ക്ഷേമപെൻഷനായി ഇതിനോടകം 1700 കോടി രൂപ കൊടുത്തുകഴിഞ്ഞു. 2000 കോടി രൂപയുടെ വായ്പാ പദ്ധതികളും മറ്റ് പദ്ധതികളുമായി ഈ ഓണക്കാലത്ത് മാത്രമായി 5500 കോടി രൂപ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും കോവിഡ് ചികിത്സ പരമാവധി സൗജന്യമാക്കിക്കൊടുക്കുകയും ചെയ്ത ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. കേന്ദ്ര ഗവൺമെന്റ് ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കി കോവിഡ് വാക്സിൻ പ്രൈവറ്റൈസ് ചെയ്തു. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതുമുതൽ ഏതാണ്ട് 65 ദിവസം വരെ പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ വർദ്ധനവുണ്ടായില്ല; ശേഷം അവയുടെ വില സെഞ്ച്വറിയടിച്ച് അതിന്റെ മുകളിലേയ്ക്ക് പോകുകയാണ്. പാചകവാതകത്തിന്റെയും വില വർദ്ധിക്കുകയാണ്. ഇത്തരത്തിൽ കേന്ദ്ര സർക്കാർ മഹാമാരിക്കാലത്തും ജനങ്ങളെ ദുരിതത്തിലാക്കുമ്പോൾ അതിൽനിന്നും വ്യത്യസ്തമായൊരു നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഗവൺമെന്റിന്റെ വ്യത്യസ്തമായ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനും ലോകത്തിനുംതന്നെ മാതൃകയായിരിക്കുകയാണ്.

കോവിഡിന്റെ കാര്യങ്ങളിലേയ്ക്കൊന്നും വിശദമായി കടക്കുന്നില്ല. എന്നാലും ഒരുകാര്യം പറയാതെ പോകാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ജയിലിൽ കിടക്കുന്ന ഒരു പ്രതി മൊഴി നൽകിയെന്നു പറഞ്ഞുകൊണ്ടാണ് പ്രതിപക്ഷം രണ്ട് ദിവസമായി നിയമസഭയിൽ നടക്കുന്ന പ്രധാനപ്പെട്ട ചർച്ചകളിൽ പങ്കെടുക്കാതെ പുറത്തുപോകുന്നത്. ജനകീയ കോടതികളിൽ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് ജനങ്ങൾ തിരസ്കരിച്ച ആരോപണങ്ങളുമായി വീണ്ടും പ്രതിപക്ഷം വരികയാണ്. ഇന്നലെ ഒരു പ്രതീകാത്മക നിയമസഭ, നിയമസഭയുടെ പുറത്തുപോയി നടത്തുകയുണ്ടായി. നിയമസഭയിൽ കോവിഡ് കാര്യങ്ങൾ ചർച്ചചെയ്താൽ, അത് പാസ്സായാൽ, ഈ നാട്ടിലെ സാധാരണക്കാർക്കാണ് അവ ഗുണകരമാകുന്നത്. ഇന്നലെയും ഇന്നും ഞാൻ ശ്രദ്ധിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും മറ്റ് അധഃസ്ഥിത വർഗ്ഗങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചർച്ചകൾ നടക്കുമ്പോഴാണ് പ്രതിപക്ഷം ബഹളംവച്ച് അത് നടത്താൻ സമ്മതിക്കാതിരുന്നതെന്നുകൂടി ആലോചിക്കണം. ഒരു കാര്യത്തിൽ സന്തോഷമുണ്ട്. മുഖ്യമന്ത്രി ആരാകുമെന്നുള്ളതിൽ വലിയ തർക്കങ്ങൾ നിലനിൽക്കുന്നൊരു സാഹചര്യമുണ്ടായിരുന്നു. തർക്കം ഉണ്ടാകാത്തതുകൊണ്ടാണോ, ഉണ്ടായതുകൊണ്ടാണോ എന്നറിയില്ല. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. വി. ഡി. സതീശനും മുഖ്യമന്ത്രിയായില്ല; തർക്കം കൊണ്ടായിരിക്കാം ആകാതിരുന്നത്. ഡോ. എം. കെ. മുനീറും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ആയില്ല. അവസാനം ശ്രീ. പി. കെ. ബഷീറിനെയാണ് പ്രതീകാത്മക മുഖ്യമന്ത്രിയാക്കിയത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പാർലമെന്റ് അംഗത്വം രാജിവച്ച് ഇവിടെ വന്നിട്ടൊരു പ്രതീകാത്മകമായ മുഖ്യമന്ത്രിയെങ്കിലുമാക്കി അദ്ദേഹത്തിന്റെ ആഗ്രഹം നിങ്ങൾക്ക് സാധിച്ചുകൊടുക്കാമായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. പ്രധാനമായും പ്രതീകാത്മക മുഖ്യമന്ത്രിയായ ശ്രീ. പി. കെ. ബഷീർ സാഹിബിന്റെ ഉപ്പ സീതി ഹാജി അടക്കമുള്ളവർ ചന്ദ്രിക ദിനപ്പത്രത്തിൽ നടത്തിയ പ്രവർത്തനങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മുസ്ലീം ലീഗ് സ്ഥാപിതമാകുന്നതിനുമുമ്പ് 1934-ലാണ് ചന്ദ്രിക ദിനപത്രം സ്ഥാപിച്ചത്. 1948-ലാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സ്ഥാപിതമായത്. ചന്ദ്രിക ദിനപത്രത്തിൽ നല്ല പ്രവർത്തനങ്ങൾ മുസ്ലീം ലീഗിന്റെ നേതാക്കൾ നടത്തിയിട്ടുണ്ട്. ഇവിടെ പ്രതീകാത്മകമായ മുഖ്യമന്ത്രിയായി 'പിണ്ണാക്കിന് വില കൂട്ടില്ലെന്നും കുറയ്ക്കുമെന്നും, നടത്താനുദ്ദേശ്യമില്ലെന്നെല്ലാം' പറഞ്ഞ് കോമഡി നടത്തിയ ശ്രീ. പി. കെ. ബഷീറിനോടും മുസ്ലീം ലീഗിന്റെ നേതാക്കളോടും ചോദിക്കാൻ ഒറ്റക്കാര്യമേയുള്ളൂ, ഈ കാപട്യം എന്തിനാണ് നിങ്ങൾ കാണിക്കുന്നത്? ചന്ദ്രിക ദിനപത്രത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാവപ്പെട്ട തൊഴിലാളികളുടെ ആനുകൂല്യം

കൊടുത്തതിനുശേഷം പോരെ ഇത്തരത്തിലുള്ളൊരു പ്രതീകാത്മകമായ മുഖ്യമന്ത്രിയുടെ സംസാരം. ചന്ദ്രിക ദിനപത്രം ഇത്രത്തോളം പ്രശസ്തി നേടിയതിന് മികവാർന്ന പ്രവർത്തനങ്ങൾ നടത്തിയ ആളാണ് സി. എച്ച്. മുഹമ്മദ് കോയയുടെ മകനായ ഡോ. എം. കെ. മുനീർ. 2016-17-ൽ പിരിച്ച ചന്ദ്രിക ദിനപ്പത്രത്തിന്റെ 16 കോടി രൂപ എവിടെപ്പോയെന്ന് അറിയില്ല. തൊഴിലാളികളുടെ പി.എഫ്.-ൽ നിന്നും പിരിച്ച പണവും കമ്പ്യൂട്ടർവൽക്കരിക്കാൻ വേണ്ടി KMCC (Kerala Muslim Cultural Centre) കൊടുത്ത 4 കോടി രൂപയും എവിടെപ്പോയെന്നറിയില്ല. ഇത് ഞങ്ങൾ പറഞ്ഞതല്ല; ജയിലിൽ കിടക്കുന്ന ഏതെങ്കിലുമൊരു പ്രതി രക്ഷപ്പെടാൻവേണ്ടി മൊഴികൊടുത്തതുമല്ല; മുസ്ലീം ലീഗിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ ചന്ദ്രികയിലെ പ്രശ്നം പരിഹരിക്കാൻ ചുമതലപ്പെടുത്തിയ തങ്ങളുടെ മകൻ ശ്രീ. മൊയിൻ അലി തങ്ങൾ ആണ് പരസ്യമായി പറഞ്ഞത്. അദ്ദേഹത്തിന്റെ ബാപ്പയ്ക്കെതിരായി ഇ.ഡി. അന്വേഷണം വന്നതിന്റെ ഉത്തരവാദിയും ബാപ്പയെ രോഗിയാക്കിയതും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ആണെന്ന് ശ്രീ. മൊയിൻ അലി തങ്ങൾ പരസ്യമായി പറയുകയാണ്. പാണക്കാട് തങ്ങൾമാർ ഇത്രയും പരസ്യമായി ഇതിനുമുമ്പ് വന്നിട്ടില്ല. പാണക്കാട് തങ്ങളെ ഇ.ഡി. അന്വേഷിക്കുന്ന തരത്തിലേയ്ക്ക് അതുമാറി. ഇത്രയും വലിയ കള്ളപ്പണവും കള്ളപ്പണം വെളിപ്പിക്കലുമുണ്ടായിട്ട് ചന്ദ്രിക ദിനപ്പത്രമടക്കം നടത്തുന്ന പാർട്ടിയുടെ നേതാക്കൾ പ്രതീകാത്മകമായി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിക്കെതിരായിട്ടുള്ള വലിയ സമരത്തിന്റെ ഭാഗമാണെന്നുപറഞ്ഞ് മുഖ്യമന്ത്രിയായി അവിടെ അവരോധിച്ചുകൊണ്ട് സംസാരിച്ചു. എന്നാൽ ഒരു കാര്യം പറയട്ടെ, എന്തെല്ലാം ആരോപണങ്ങൾ വന്നു; എന്തൊക്കെയാണ് കള്ളപ്പണത്തിന്റെയും സ്വർണ്ണക്കടത്തിന്റെയും കാര്യമായി പറഞ്ഞത്. എന്നിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ സഖാവ് കെ. ടി. ജലീലിനോ എതിരെ ഒരു അറസ്റ്റും നടന്നിട്ടില്ല, ഒരു തെളിവുമുണ്ടായിട്ടില്ല. എന്നിട്ടും വ്യക്തമായ തെളിവുള്ള കാര്യങ്ങളിലെടുക്കുന്ന ഇരട്ടത്താപ്പ്; ഇതാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയം. ഈ രാഷ്ട്രീയം ചർച്ച ചെയ്യുമെന്നുള്ളതു കൊണ്ടാണ്, അതുപോലെ 'നടക്കാത്ത മോഹം കരഞ്ഞു തീർക്കുന്നതുപോലെ' പ്രതീകാത്മകമായി നിയമസഭയുടെ പുറത്ത് തീർത്തതെന്ന് പറയാനാഗ്രഹിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ജനങ്ങൾക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട, ജനകീയാംഗീകാരം നേടിയൊരു സർക്കാർ ജനങ്ങൾക്കുവേണ്ടി നിയമസഭയിൽ നിയമനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിൽ ഭാഗമാകാതെ അത് ബഹിഷ്കരിച്ച് ഈ നിയമസഭയുടെ പരിസരത്ത് വച്ചുതന്നെ ഒരു സമാന്തര നിയമസഭാ പ്രകടനം നടത്തിയത് ക്രമവിരുദ്ധമല്ലേ; ജനാധിപത്യവിരുദ്ധമല്ലേ; അവർക്കെതിരെ യഥാർത്ഥത്തിൽ നടപടി സ്വീകരിക്കേണ്ടതല്ലേ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, സത്യം പറഞ്ഞാൽ അതാണ് ശരി. മലർന്നുകിടന്ന് തുപ്പുകയാണ്. കള്ളപ്പണത്തിനും അഴിമതിക്കുമെതിരെ നിയമസഭയിൽ പരസ്യമായി പറയാനും കോവിഡ് പ്രതിരോധത്തിന്റെ കാര്യത്തിൽ സംസാരിക്കാനുമുള്ള ധൈര്യമില്ലാത്തതുകൊണ്ടും എതിർശബ്ദങ്ങൾ കേൾക്കാതെ മാധ്യമങ്ങൾ തങ്ങൾക്ക് വേണ്ടത്ര പ്രചരണം തരുമെന്നുള്ളതു കൊണ്ടുമാണ് പുറത്തുപോയി ചർച്ച ചെയ്യുന്നത്. നിയമസഭയിലാണ് തീരുമാനങ്ങളെടുക്കുന്നത്. അവിടെ ചർച്ചചെയ്യാൻ പ്രതിപക്ഷം തയ്യാറായിട്ടില്ലെന്നുള്ളതാണ് വസ്തുത. ഡോ. കെ. ടി. ജലീലിനെതിരെ വധഭീഷണി വന്നിട്ടുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഞങ്ങളുടെ പാർട്ടിയുടെ മുഖപത്രമാണ് ജനയുഗം. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാത്തതിന്റെയും ജനയുഗത്തിന്റെയും പേരിൽ ഒരു വ്യാജവാർത്ത മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറി ഉന്നയിക്കുകയുണ്ടായി. തൊഴിലാളികൾക്ക് ശമ്പളമടക്കമുള്ള ആനുകൂല്യങ്ങൾ കൊടുക്കുകയും വേജ് ബോർഡ് നടപ്പിലാക്കുകയും ചെയ്ത പത്രമാണ് 'ജനയുഗം'. അത്തരത്തിലുള്ള വ്യാജവാർത്തകൾ, നുണകൾ എന്നിവമാത്രം പറയുകയും എന്നാൽ ഈ നാടിന്റെ ഏറ്റവും വലിയ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാതിരിക്കുകയും ചെയ്യുക എന്നതാണ് പ്രതിപക്ഷ നിലപാട്. ഇവിടെ കള്ളപ്പണത്തിന്റെ കാര്യം പറയുമ്പോൾ, മലപ്പുറത്തെ സഹകരണ ബാങ്കിൽ എൻ.ആർ.ഐ. അക്കൗണ്ടിൽ കോടിക്കണക്കിന് രൂപ വന്നുവെന്ന് പ്രതിപക്ഷ ഉപനേതാവിന്റെ മകനെതിരെ ആരോപണം വന്നപ്പോൾ ആദ്യം അത് എൻ.ആർ.ഐ. അക്കൗണ്ടാണെന്നും പിന്നീട് എൻ.ആർ.ഇ. അക്കൗണ്ടാണെന്നും പറയുകയുണ്ടായി. അതിൽ തർക്കിക്കാനൊന്നും നമ്മൾ പോകുന്നില്ല. കള്ളപ്പണമാണോ നല്ല പണമാണോ എന്നൊന്നും നോക്കേണ്ട കാര്യമില്ല. നാഷണലൈസ്ഡ് ബാങ്കിൽനിന്നും കോ-ഓപ്പറേറ്റീവ് ബാങ്കിലേയ്ക്ക് അത് മാറ്റിയത് പലിശ കൂടുതൽ കിട്ടുമെന്നതിനാലാണ്. മുസ്ലീം ലീഗിന് അപ്പോൾ പലിശ 'ഹറാമല്ല'. പരമാവധി പലിശ വാങ്ങുക അതാണ് ലക്ഷ്യം. അപ്പോൾ അത്തരത്തിൽ ഈ അക്കൗണ്ടുകൾ മാറ്റി പണമുണ്ടാക്കുക; ഏതു ഫണ്ടും വകമാറ്റുക; തട്ടിപ്പ് നടത്തുക ഇതാണ് ലക്ഷ്യം. കത്വാ കേസ്സിനെപ്പറ്റി നമുക്കെല്ലാം അറിയാവുന്നതാണല്ലോ. ആ പാവപ്പെട്ട പെൺകുട്ടി എത്ര ഭീകരമായാണ് ബലാത്സംഗം ചെയ്ത് കൊല ചെയ്യപ്പെട്ടത്. ഇരയാക്കപ്പെട്ട കുട്ടിയുടെ കണ്ണുനീർ വിറ്റ് കോടിക്കണക്കിന് രൂപ പിരിച്ചശേഷം തുക കൈമാറാതെ വകമാറ്റി മറ്റുകാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചതിന്റെ പേരിൽ ഇപ്പോൾ Enforcement Directorate (E.D.) എല്ലാ തെളിവും കയ്യിലുള്ള ആളെ അന്വേഷിക്കുകയാണ്. ഡോ. കെ. ടി. ജലീലിനെതിരെ വലിയ രീതിയിൽ അഞ്ച് വർഷം തെളിവുകളുമായി നടന്നു. അവസാനം ഇ.ഡി. തെളിവ് ചോദിച്ചുകൊണ്ടുവരുന്നു. ഇതല്ലേ സാഹചര്യം? ഇതുമാത്രമാണോ ഡോ. കെ. ടി. ജലീലിനെതിരെയുള്ള സമരം? ആ സമരം നടക്കുന്ന സമയത്ത് ഈ നാട്ടിലെ കോവിഡ് പ്രതിരോധത്തെ ഇല്ലായ്മ ചെയ്യാനുള്ള

പ്രവർത്തനമായിരുന്നു വാളയാറിൽ ആദ്യം നടത്തിയത്. വളരെ കൃത്യമായി സർവ്വൈയലൻസ് ചെയ്ത് ട്രാക്കിംഗും ട്രേസിംഗും ടെസ്റ്റിംഗുമൊക്കെ നടത്തി ക്വാറന്റൈൻ ചെയ്യുന്ന സംവിധാനങ്ങൾ, അതിർത്തിയിൽനിന്നും വരുന്നവർക്ക് കൃത്യമായി ഇ-പാസ് നൽകി സിസ്റ്റമാറ്റിക്കായി പോകുമ്പോൾ അത് തകർക്കാൻ ആദ്യം വാളയാറിൽ ശ്രമം നടന്നു. എം.പി.-യും എം.എൽ.എ.-യും അടക്കമുള്ളവർ ചെന്നാണ് വാളയാറിലെ സിസ്റ്റം തകർക്കാൻ ശ്രമിച്ചത്. കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ കൃത്യമായ സർക്കാർ സംവിധാനത്തിലൂടെ ആളുകളെ ട്രേസ് ചെയ്തുവരുന്നത് തകർക്കാനും ഈ സിസ്റ്റത്തെ പൊളിക്കാനും വേണ്ടി ഇടയ്ക്ക് ട്രെയിൻ തടഞ്ഞ് ആളുകളെ ഇറക്കി വിടുന്ന സാഹചര്യവുമുണ്ടായി. ഇങ്ങനെ ഓരോ മേഖലയിലുമുണ്ടായി. അവസാനം 'ആ 500-ൽ ഞങ്ങളില്ല', എന്നുപറഞ്ഞു. 'കാപട്യമേ നിന്റെ പേരാണ് യു.ഡി.എഫ്'. എന്തായിരുന്നു പ്രചരണം? ഈ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്യുന്ന സമയത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാതൃകാപരമായാണ് പ്രവർത്തിച്ചത്. 'എന്നാൽ ആ 500-ൽ ഞങ്ങളില്ല' എന്നുപറഞ്ഞ് പ്രതിപക്ഷം വലിയ മുദ്രാവാക്യം വിളിക്കുമ്പോൾ ഒരുപക്ഷേ നാട്ടുകാർ തെറ്റിദ്ധരിച്ചിട്ടുണ്ടാകാം. ഈ സർക്കാരിനെതിരെ ദിനപ്പത്രങ്ങൾ ഉറഞ്ഞുതുള്ളി. അതുകഴിഞ്ഞ് പുതിയ കെ.പി.സി.സി. പ്രസിഡന്റിന്റെ സ്ഥാനാരോഹണത്തിന് സാമൂഹ്യ അകലം പാലിക്കാതെ 5000-ലധികം ആളുകൾ പങ്കെടുത്തപ്പോൾ ഈ ആത്മാർത്ഥത കോവിഡ് പ്രതിരോധത്തിൽ പ്രതിപക്ഷത്തിനില്ലെന്ന് തെളിഞ്ഞില്ലേ? അതാണ് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയം. ഒരു മാലയിൽ മണിമുത്തുകൾ കോർത്തതുപോലെ എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട്, ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രിയടക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മെച്ചപ്പെട്ട രീതിയിലുള്ള കോവിഡ് പ്രതിരോധമല്ലേ ഈ കേരളത്തിൽ നടത്തിയത്? ഇതുപോലെ ഇന്ത്യയിൽ ഏതു സംസ്ഥാനത്താണുള്ളത്? Seroprevalence Survey-യെ കുറിച്ചൊന്നും ഞാൻ പറയുന്നില്ല. Unreported ആയ മരണനിരക്കുകൾ ഒന്നേമുക്കാൽ ലക്ഷവും രണ്ടുലക്ഷവും വരെ ഇതര സംസ്ഥാനങ്ങളിലുണ്ടാകുമ്പോൾ കേരളത്തിൽ മരണനിരക്ക് ഇന്നും കുറഞ്ഞു നിൽക്കുകയാണ്. കോവിഡിതര മരണങ്ങൾ വളരെയേറെ കുറഞ്ഞുവെന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോഴും കോവിഡ് മരണം കേരളത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാഴ്ചപ്പാടില്ലാത്ത, കാപട്യമുള്ള പ്രതിപക്ഷനയം തുറന്നുകാട്ടാൻ ഒരുകാര്യം മാത്രം മനസ്സിലാക്കിയാൽ മതിയാകും. അടുത്തകാലത്ത് ഒരു പരസ്യം കാണുകയുണ്ടായി. HDFC-യുടെ പരസ്യമാണ്. 'ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട് എന്നാണ് പരസ്യം. '2020-ൽ കോവിഡ് കാലത്ത് പാസൗട്ടായ ആളുകളെ വേണ്ട, അവർ അപേക്ഷിക്കേണ്ടതില്ല' എന്ന് ബ്രായ്ക്കറ്റിൽ എഴുതിയിരിക്കുകയാണ്, ഞാൻ അത്ഭുതപ്പെട്ടുപോയി. വരാനിരിക്കുന്ന,

നമ്മുടെ യൂത്ത് അനുഭവിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണിത്. എന്നാൽ സി.ബി.എസ്.ഇ. അടക്കമുള്ളവ പരീക്ഷ നടത്തി കുട്ടികൾക്ക് പാസ്സാകാനുള്ള സാഹചര്യമൊരുക്കിയിരുന്നില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും ഒരുക്കിയില്ല. എന്നാൽ സംസ്ഥാനത്തെ ഈ ഗവൺമെന്റിന്റെ കരുതൽ നമ്മൾ മനസ്സിലാക്കണം. ഭാവിയിൽ വരാനിരിക്കുന്ന പ്രതിസന്ധി മുന്നിൽ കണ്ടുകൊണ്ട് കുട്ടികൾക്ക് പരീക്ഷയെഴുതാനുള്ള സൗകര്യമൊരുക്കുകയുണ്ടായി. അങ്ങനെ സൗകര്യമൊരുക്കിയ ഈ ഗവൺമെന്റിനെയും ബഹുമാന്യനായ മുഖ്യമന്ത്രിയെയും കുറിച്ച് ഇന്നത്തെ കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞതെന്താണ്; 'വട്ടല്ലേ മുഖ്യമന്ത്രിക്ക് എന്ന്. ആർക്കാണ് വട്ട്? ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, ഈ രാജ്യത്ത് പരീക്ഷയെഴുതി പാസ്സായിട്ടുള്ളത് കേരളത്തിലെ കുട്ടികളാണെന്ന് അഭിമാനത്തോടെ നമുക്ക് പറയാൻ കഴിയും. പരീക്ഷയെഴുതാതെ മാർക്ക് കിട്ടിയ കുട്ടികളെ രണ്ടാം നമ്പരായി കാണണമെന്നു ഞങ്ങൾ പറയുന്നില്ല. പക്ഷേ, അങ്ങനെ കാണുന്നൊരു സാഹചര്യം ഭാവിയിൽ വരുമ്പോൾ അഭിമാനത്തോടുകൂടി നമ്മുടെ കുട്ടികൾക്ക് പറയാൻ കഴിയും, സഖാവ് പിണറായി വിജയൻ നയിക്കുന്ന ഗവൺമെന്റിന്റെ ഭരണകാലത്ത് പരീക്ഷയെഴുതി പാസ്സായ കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ നിന്നും വന്നവരാണ് തങ്ങളെന്ന്. ഇക്കാര്യം അഭിമാനത്തോടുകൂടിത്തന്നെ ചരിത്രം വിലയിരുത്തുന്നതാണ്. ഈ സർക്കാർ അത്തരമൊരു സാഹചര്യമൊരുക്കിക്കൊടുത്തില്ലേ; ഇങ്ങനെ മാതൃകയായ ഗവൺമെന്റ് ഇന്ത്യയിൽ എവിടെയാണുള്ളത്; ഇത് നമുക്ക് അംഗീകരിക്കാതിരിക്കാൻ സാധിക്കുമോ? കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, സാമ്പത്തികമായി ഏറ്റവും വലിയ തകർച്ചയെ നേരിടുമ്പോൾ അതിൽനിന്നും മുന്നോട്ടുകുതിക്കാനുള്ള നിരവധി പ്രവർത്തനങ്ങൾകൊണ്ട് മെച്ചപ്പെട്ട രീതിയിലുള്ള ധനകാര്യ മാനേജ്മെന്റാണ് നമ്മുടെ ഗവൺമെന്റ് നടത്തുന്നത്. അതിന് ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. കള്ളപ്പണക്കാരും തട്ടിപ്പുകാരും വെട്ടിപ്പുകാരുമൊക്കെ അപ്പുറത്താണുള്ളത്.

സ്കൂളുകളിലുണ്ടായിരിക്കുന്ന മാറ്റം ഇപ്പോൾ നമുക്കറിയാം. മലബാർ മേഖലയിൽ കുട്ടികൾക്ക് സ്കൂളുകളിൽ സീറ്റ് വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്രകാലമാണ് മുസ്ലീം ലീഗ് ഭരിച്ചത്; സീറ്റ് വർദ്ധിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഞാനാലോചിച്ചു നോക്കി, സീറ്റ് വർദ്ധിപ്പിക്കുകയല്ല ചെയ്തിരുന്നത്. അന്ന് സ്കൂളുകളിൽ അധിക ബാച്ചാണെങ്കിലും കൂടുതൽ സ്കൂളുകളിൽ പ്ലസ് ടു ആണെങ്കിലും സീറ്റ് അനുവദിക്കുന്നത് കുട്ടികളുടെ എണ്ണമോ, സാഹചര്യമോ നോക്കിയല്ല, കോഴ കൊടുക്കുന്നത് നോക്കിയാണ്. മുൻ എം.എൽ.എ. അടക്കമുള്ളവർ അതിൽ ആരോപണവിധേയരല്ലേ; കേസ് നടന്നുകൊണ്ടിരിക്കുകയല്ലേ? കോഴ കൊടുക്കുന്നവർക്കും പണത്തിനും ബിരിയാണിക്കുംവേണ്ടി പാർലമെന്റിൽ യോഗത്തിനുപോകാതെ ഇന്ത്യയിൽ

ഏറ്റവും പ്രധാനപ്പെട്ട വിഭജനത്തിന്റെ രാഷ്ട്രീയം നടപ്പിലാക്കിയവരാണ്, അവർക്ക് ഫണ്ടാണ് വലുത്; അല്ലാതെ നാട്ടിലെ പ്രശ്നമല്ല; ഈ രാഷ്ട്രീയം നമ്മൾ തിരിച്ചറിയണം. ജനങ്ങളെ ഏറ്റവും കൂടുതൽ പരിഗണിക്കുന്ന ഈ ഗവൺമെന്റ് ഇപ്രാവശ്യം സീറ്റ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. അത്തരം പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും പട്ടാമ്പിയിൽ പ്ലസ് ടു-വിന് കൂടുതൽ സീറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും അറിയിച്ചുകൊള്ളുന്നു. ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേയ്ക്ക് പ്രതിപക്ഷം പോകുമെന്ന് ഉറപ്പാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് സർക്കാരിന് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. മുന്നിൽ വന്ന ഒരാളിനോട് നാട്ടുവാഴുന്ന അധികാരി ചോദിച്ചു, നിങ്ങളുടെ പേരെന്താണ്? അയാളുടെ ഉത്തരം 'നാരായണൻ' എന്നായിരുന്നു. ചോദ്യം ആവർത്തിക്കപ്പെട്ടു, 'ജാതിയിൽ ആരാണ്? അയാൾ പറഞ്ഞു 'കണ്ടാൽ അറിഞ്ഞുകൂടേ'? അപ്പോൾ 'അറിഞ്ഞുകൂടാ'യെന്ന് അധികാരി പറഞ്ഞു. 'കണ്ടാൽ അറിഞ്ഞുകൂടെങ്കിൽ പിന്നെ കേട്ടാൽ അറിയുന്നത് എങ്ങനെ'യെന്ന് അയാൾ ചോദിച്ചു. 'കണ്ടാലും കേട്ടാലും ഒക്കെ അറിയേണ്ടത് എല്ലാവരിലും കടലിന്റെ ഉപ്പുപോലെ നിറയുന്ന മനുഷ്യനെയാണ് ' എന്നുപറഞ്ഞ് ചോദ്യം ചോദിച്ച ആളിന്റെയും പിന്നീട് കേരളത്തിന്റെയും കണ്ണുതുറപ്പിച്ച ആ മഹാവിപ്ലവകാരിയുടെ പേര് 'ശ്രീനാരായണഗുരുദേവൻ' എന്നായിരുന്നു. ജാതീയമായ അസമത്വങ്ങൾക്കെതിരെ, ശ്രീനാരായണഗുരുദേവനെപ്പോലുള്ള ആളുകൾ ചിന്തിച്ചിരുന്നു. ആ ഒരു ചിന്തയെ എങ്ങനെയാണ് ഇന്നുകാണുന്ന കേരളത്തിന്റെ സാമൂഹ്യ അവസ്ഥയായി പരിവർത്തനം ചെയ്തതെന്ന് ചോദിച്ചാൽ 'മുന്തിരിയിൽനിന്ന് വീഞ്ഞ് ഉണ്ടാകുന്നതുപോലെ, കൽക്കരിയിൽനിന്ന് തീയുണ്ടാകുന്നതുപോലെ, വെള്ളത്തിൽനിന്ന് വെളിച്ചം ഉണ്ടാകുന്നതുപോലെ' ആ ചിന്തയിൽനിന്ന് ആധുനിക കേരളത്തെ രൂപപ്പെടുത്തിയത് ഇടതുപക്ഷമാണെന്ന് പറയുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണം മുതലുള്ള എല്ലാ പരിഷ്കരണങ്ങളും വിപ്ലവാത്മകവും പുരോഗമനാത്മകവുമായ നടപടികളാണ്. അതിലേറെ ഓർത്തുവയ്ക്കേണ്ട ഒന്നാണ് 1981-ൽ ഇന്ത്യയിലാദ്യമായി നടപ്പിലാക്കിയ കർഷകത്തൊഴിലാളി പെൻഷൻ. ഇന്ത്യയിലാദ്യമായി നമ്മുടെ പാടത്ത് പണിയെടുക്കുന്ന സാധാരണ മനുഷ്യർക്കുവേണ്ടി കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കുമ്പോൾ അന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നത് സഖാവ് ഇ. കെ. നായനാരും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയും ആയിരുന്നു. ആ ഇടതുപക്ഷത്തിന്റെ പ്രവർത്തനധാരയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ കേരള കോൺഗ്രസ് അഭിമാനിക്കുകതന്നെയാണ് ചെയ്തിട്ടുള്ളത്. ജാതീയ അസമത്വങ്ങൾ

പരിഹരിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം സാമ്പത്തിക അസമത്വം ഇല്ലാതാക്കുകയാണെന്ന വീക്ഷണം ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞുവെന്നതാണ് കേരള വികസന മാതൃകയുടെ ഏറ്റവും വലിയ പ്രത്യേകത. നമുക്ക് ഇന്ത്യയിലേയ്ക്ക് പോകാം. നാം ഒരു സ്വാതന്ത്ര്യദിനംകൂടി ആഘോഷിക്കുമ്പോൾ ഇന്ത്യയെ കണ്ടെത്താനായി ഇന്ത്യ മുഴുവൻ യാത്ര നടത്തുകയും 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകം എഴുതുകയും ചെയ്ത ആളുടെ പാർട്ടിയിൽപ്പെട്ടവരോട് ഒരു ചോദ്യമുണ്ട്. നിങ്ങൾക്ക് ഇന്ത്യയിലെവിടെയെങ്കിലും നാം സ്വപ്നംകണ്ട ഒരു ഇന്ത്യയെ കണ്ടെത്താനാകുമോ? എല്ലാ മനുഷ്യരും ഒരുപോലെ ജീവിക്കുന്ന, എല്ലാവർക്കും നീതി ലഭിക്കുന്ന, എല്ലാവരിലേയ്ക്കും വിഭവങ്ങൾ ചെന്നെത്തുന്ന, എല്ലാവരുടേയും ജീവിത നിലവാരത്തിൽ അർത്ഥവത്തായ മാറ്റമുണ്ടാക്കാൻ കഴിയുന്ന ഒരു ഇന്ത്യയെ കണ്ടെത്താൻ ഇന്ത്യയിൽ പലയിടത്തും കഴിയുന്നില്ല. എന്നാൽ ഈ കേരളത്തിൽ ഒരു ഇന്ത്യ പുലരുന്നുണ്ട്. അത്തരമൊരു ഇന്ത്യയെ കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നതാണ് ഇടതുപക്ഷത്തിന്റെ നേട്ടം. കേരളത്തിൽ ഇന്ന് അധികാരത്തിൽ ഇരിക്കുന്നതും കഴിഞ്ഞ അഞ്ച് വർഷം അധികാരത്തിൽ ഇരുന്നതുമായ ഗവൺമെന്റ് അത്തരമൊരു കാഴ്ചപ്പാടാണ് സ്വീകരിച്ചത്. അത്തരമൊരു വികസന പരിപ്രേക്ഷ്യമാണ് മുന്നോട്ടുവച്ചത്. അതിനെതിരായിട്ടാണ് പ്രതിപക്ഷം പ്രവർത്തിക്കുന്നത്. പ്രതിപക്ഷമെന്നുപറയുമ്പോൾ, യു.ഡി.എഫ്. എന്ന് പറയാൻ കഴിയില്ല; 40 വർഷം ഒപ്പംനിന്ന കേരള കോൺഗ്രസുകൂടി ഇല്ലാതായതോടുകൂടി ആ യു.ഡി.എഫ്.-നെ അവശിഷ്ട യു.ഡി.എഫ്. എന്ന് വിശേഷിപ്പിക്കാൻ ഞങ്ങളാഗ്രഹിക്കുകയാണ്. ആ അവശിഷ്ട യു.ഡി.എഫ്.-ൽ ശിഷ്ടമുള്ള ആളുകളുടെ നിരാശയാണ് ഇത്തരം ബഹിഷ്കരണങ്ങളിലൂടെ പ്രതിഫലിക്കപ്പെടുന്നത്. ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രിയെ പ്രതിപക്ഷം അധിക്ഷേപിക്കുന്നത് കേട്ടു. അദ്ദേഹത്തെ അധിക്ഷേപിക്കുമ്പോൾ മറുവശത്തൊരു ചോദ്യവുമുയരുന്നുണ്ട്. ആ അധിക്ഷേപങ്ങൾ ആരെയാണ് രാഷ്ട്രീയമായി സഹായിക്കുന്നത്? എത്രയോ ആളുകളുടെ നെഞ്ചുരഞ്ഞ, എത്രയോ ആളുകളുടെ ചോരപൊടിഞ്ഞ, ഇന്ത്യയിലാകെ ആളിപ്പടർന്ന വർഗ്ഗീയതയെ ഈ കൊച്ചുകേരളത്തിന്റെ അതിർത്തിക്ക് ഇപ്പുറത്തേയ്ക്ക് കടക്കാൻ കഴിയാത്ത തരത്തിൽ ഉറച്ച ശബ്ദത്തോടെ, വലിയ കരുതലോടെ, മതേതരത്വത്തെ തകർക്കാതെ കാത്തുസൂക്ഷിച്ച നേതാവാണ് സഖാവ് പിണറായി വിജയൻ. അദ്ദേഹത്തെ അധിക്ഷേപിക്കുന്നതിലൂടെ 'വർഗ്ഗീയശക്തികളെ സഹായിക്കുക' എന്ന അജണ്ടയാണ് ഈ ബഹിഷ്കരണത്തിലുൾപ്പെടെ പ്രതിഫലിക്കപ്പെടുന്നത് എന്നുപറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്.

നമ്മുടെ കേരളം ഫിസ്കൽ ഫെഡറലിസത്തെ സംരക്ഷിക്കാൻ നടത്തുന്ന പോരാട്ടങ്ങൾ യഥാർത്ഥത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയാണ്. ഫെഡറലിസത്തിന്റെ അടിസ്ഥാനമായ ധാരണയാണ് ഫിസ്കൽ ഫെഡറലിസം. സംസ്ഥാനങ്ങളെ കീഴടക്കാൻ ആയുധങ്ങളെയല്ല നിയമ നിർമ്മാണങ്ങളേയും ഖജനാവിനേയും എങ്ങനെ ഉപയോഗിക്കാമെന്നാണ് മോദി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിദ്യാഭ്യാസ രംഗത്ത് ദേശീയ വിദ്യാഭ്യാസനയം കൊണ്ടുവരുന്നു; കാർഷിക മേഖലയിൽ ബില്ലുകൾ കൊണ്ടുവരുന്നു; വൈദ്യുതോല്പാദനരംഗത്ത് സ്വകാര്യവൽക്കരണം വരുന്നു. സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ എല്ലാ അവകാശങ്ങളെയും നിയമസഭകളുടെ നിയമ നിർമ്മാണ അവകാശങ്ങളെയും ഒരു വഴിയിലൂടെ കവർന്നെടുക്കുകയും മറ്റൊരു വഴിയിലൂടെ തെറ്റായ തരത്തിൽ നടപ്പിലാക്കിയിട്ടുള്ള ജി.എസ്.ടി. പരിഷ്കാരങ്ങളിലൂടെ സംസ്ഥാനങ്ങൾക്ക് പണം നൽകേണ്ടത് തങ്ങളുടെ ഔദാര്യമാണെന്ന തരത്തിലുള്ള സമീപനത്തിലൂടെ ഫിസ്കൽ ഫെഡറലിസത്തിന്റെ അടിവേരറുക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ ഉയരുന്ന ശബ്ദം കേരളത്തിന്റേതാണെന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാവുന്നതാണ്. ആ പോരാട്ടം തുടരാൻ കഴിയണം. കോവിഡിന്റെ കാലത്ത് കേരളത്തെ മുമ്പോട്ട് നയിക്കാൻ കഴിയുന്ന വളരെ വിപുലമായ പദ്ധതികളാണ് അവതരിപ്പിച്ചത്. അതിൽ പ്രധാനപ്പെട്ട രണ്ട് നിർദ്ദേശങ്ങൾ കൂടി വയ്ക്കുകയാണ്. ഒന്ന്, കേരളത്തിലേയ്ക്ക് തിരികെവന്നിട്ടുള്ള പ്രവാസികളുടെ ക്ഷേമത്തിനായി നാം പദ്ധതികൾ ആവിഷ്കരിക്കുന്നു; ലോകത്തെല്ലായിടത്തും പോയി ജോലിചെയ്ത് വിസ്മയങ്ങൾ തീർത്ത പ്രവാസികളുടെ വൈഭവത്തെ, നാടിന്റെ പുരോഗതിക്കായി ഉപയോഗിക്കാൻ കഴിയുന്ന ആശയങ്ങൾ എല്ലാ ജില്ലകളിലുമുണ്ടാകണം. 'വർക്ക് ഫ്രം ഹോം' എന്നത് ശീലമാകുമ്പോൾ അതിന് കഴിയുന്ന പ്രവാസികൾക്കും മറ്റ് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾക്കുമായിട്ടുള്ള പ്രത്യേക പ്ലാറ്റ്ഫോമുകൾ എല്ലാ ജില്ലകളിലും സൃഷ്ടിക്കാൻ കഴിയണം. കോവിഡിന്റെ കാലത്ത് വരുമാനം നഷ്ടപ്പെടാതിരുന്ന ആളുകൾ അവരുടെ കയ്യിലുള്ള പണം നാടിനുവേണ്ടി ചെലവഴിക്കണം. അങ്ങനെ ചെലവഴിക്കപ്പെടുന്നത് ബ്രാൻഡഡ് ഉല്പന്നങ്ങൾക്കും വലിയ തരത്തിലുള്ള കുത്തക കമ്പനികളുടെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്കും വേണ്ടി മാത്രമാകാൻ പാടില്ല. നമ്മുടെ നാട്ടിലെ സാധാരണക്കാർക്കുവേണ്ടിയും അടച്ചുപൂട്ടപ്പെടുന്ന സൂക്ഷ്മസംരംഭങ്ങൾ-നടത്തുന്നവരുടെ ഉല്പന്നങ്ങൾ കൂടി വാങ്ങാൻ കഴിയുന്ന തരത്തിലുള്ള കാമ്പയിൻ ആവിഷ്കരിക്കാൻ കഴിയണം. നാടിന്റെ വികസനത്തിനുവേണ്ടി രോഗികളെയും പ്രയാസമനുഭവിക്കുന്നവരെയും സഹായിക്കാൻ കഴിയുന്ന ക്രൗഡ് ഫണ്ടിംഗ് എന്ന ആശയത്തെ എങ്ങനെ ഉപയോഗിക്കാമെന്നുകൂടി സംസ്ഥാന സർക്കാർ ആലോചിക്കണമെന്നു പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. പി. മോഹനൻ: സർ, 2020-21-ലെ സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. അധികാരത്തുടർച്ച അസാധാരണമായ ജനവിധിയെന്നാണ് ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിലൂടെ ഇവിടെ അവതരിപ്പിച്ചത്. എങ്ങനെയാണ് ഈ അസാധാരണ വിധിയുണ്ടായത്; കൃത്യമായ ധനവിനിയോഗവും അതിന്റെ

നടത്തിപ്പും വകുപ്പുകളുടെ ഏകോപനവും നിരവധി പ്രതിസന്ധികളുണ്ടായിട്ടും ജനത്തെ നെഞ്ചോട്ടുചേർത്ത് അതിനെ തരണം ചെയ്ത് മുന്നോട്ടുപോയ സർക്കാർ, നിപ, ഓഖി, രണ്ട് പ്രളയം, കോവിഡ് തുടങ്ങിയ ദുരിതങ്ങൾ കടന്നാക്രമിച്ചപ്പോഴും ജനങ്ങൾക്കാശ്വാസവും അതിജീവനത്തിനുള്ള പുത്തൻ ആവേശവും പകർന്നുനൽകി നെഞ്ചോട്ട ചേർത്തുപിടിച്ച നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതോടൊപ്പം നിന്ന എൽ.ഡി.എഫ്. സർക്കാരും ജനക്ഷേമ പ്രവർത്തനങ്ങൾക്ക് അനുകൂലമായ വിധിയെഴുത്താണുണ്ടാക്കിയത്. 2021-ൽ എൽ.ഡി.എഫ്. ഭരണം വീണ്ടും ഉറപ്പാണെന്ന് നമ്മൾ പറഞ്ഞത് വീണ്ടും ഉറപ്പായി വന്നിരിക്കുന്നു, കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കണം. ഒരുപാട് വികസനങ്ങൾ ഓരോ നിയോജകമണ്ഡലങ്ങളിലും കഴിഞ്ഞ ഭരണകാലങ്ങളിൽ നടന്നിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും അത് പൂർത്തീകരിക്കുന്നതിനും വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തണം. പാനൂരിലെ ഗവൺമെന്റ് ആശുപത്രിക്ക് ഭൂമി വാങ്ങാനും കെട്ടിടം നിർമ്മിക്കാനും വേണ്ടി അന്നത്തെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, എന്റെ നിയോജകമണ്ഡലത്തിലെ എം.എൽ.എ. കൂടിയായിരുന്ന ശ്രീമതി കെ.കെ. ശൈലജ ടീച്ചർ 89 കോടി രൂപ അനുവദിച്ചിരുന്നു. ഇന്നും അതിന്റെ സ്ഥലമെടുപ്പ് നടപടി ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതിന്റെ പ്രധാനപ്പെട്ട കാരണങ്ങൾ ഞാൻ വ്യക്തമാക്കുന്നില്ല. ഫയലുകളും അതുമായി ബന്ധപ്പെടുന്ന കാര്യങ്ങളുമൊക്കെ മെല്ലെപ്പോക്കിലാണ്. അതിന് അന്ത്യം ഉണ്ടാക്കാൻ സാധിക്കണം. റവന്യൂ, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളുടെയും കിഫ്ബിയുടെയും പ്രവർത്തനം ഏകോപിപ്പിക്കണം. ബഹുമാന്യയായ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ഒരു യോഗത്തിൽ കോ-ഓർഡിനേഷനെക്കുറിച്ചും മറ്റും ചർച്ച ചെയ്തപ്പോൾ ഐ.എച്ച്.ആർ.ഡി. കോളേജിനെ കൂടുതൽ ശക്തിപ്പെടുത്താമെന്ന് പറഞ്ഞിരുന്നു. എന്നാലും കാര്യങ്ങൾ പുരോഗതിയിലാക്കി മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. നിയോജകമണ്ഡലങ്ങളുടെ വികസന കാര്യങ്ങളിൽ കൂടുതൽ ഇടപെട്ടുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമേ ഇത്തരം പദ്ധതികളൊക്കെ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മുപ്പത് ലക്ഷത്തിലധികം വരുന്ന പ്രവാസികളുടെ വരുമാനമാണ് കേരളത്തെ താങ്ങി നിർത്തുന്നത്. നമ്മുടെ ആഭ്യന്തര വരുമാനം തന്നെ പ്രവാസികളെ ആശ്രയിച്ചാണ് നിൽക്കുന്നത്. ഇന്ന് സംസ്ഥാനത്തെ പതിനഞ്ച് ലക്ഷത്തോളം പ്രവാസികൾ തിരിച്ചുപോകാൻ കഴിയാതെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഇവർക്ക് സാമ്പത്തിക സഹായത്തേക്കാളുപരി തൊഴിൽ സംരംഭങ്ങൾക്കാവശ്യമായ സഹായം നൽകാൻ ഉദാരമായ സമീപനം സ്വീകരിക്കണം. സംസ്ഥാന സർക്കാർ അനുവദിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ചെലവഴിച്ച തുക ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിനുകാരണം സർക്കാരല്ല, ഫയൽ നടപടികളിൽ കാണിക്കുന്ന മെല്ലെപ്പോക്ക് നയമാണ്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

കേരളം മനുഷ്യവിഭവങ്ങളുടെ സമന്വയമാണ്, കലവറയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നൂതന സാങ്കേതികവിദ്യകളും സാമ്പത്തിക സ്രോതസ്സുകളും കൈവരിച്ച വിദഗ്ദ്ധരുടെ സമ്പത്ത് നമുക്കുണ്ട്. ഇവരെ നാടിന്റെ സമ്പദ്‌വ്യവസ്ഥയെ വളർത്തുന്നതിനുവേണ്ടി പ്രയോജനപ്പെടുത്താൻ സാധിക്കണം. ഉദാഹരണമായി കാർഷിക മേഖലയിൽ ഓരോ സീസണിലുമുണ്ടാകുന്ന ധാരാളം ഉല്പന്നങ്ങളുണ്ട്. പഴം, പച്ചക്കറി, നാളികേരം തുടങ്ങിയവയിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ സൗകര്യവും സാമ്പത്തികസഹായവും ഉദാര സമീപനവും ആവശ്യമാണ്. ആഭ്യന്തര വിനോദസഞ്ചാര മേഖലയെ കൊറോണ സാരമായി ബാധിച്ചിട്ടുണ്ട്. ഇത് പുനഃസംഘടിപ്പിക്കാനും കൂടുതൽ ആകർഷകമാക്കാനുമുള്ള സംവിധാനങ്ങൾക്ക് ധനകാര്യ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പ്രളയവും ദുരന്തവും രോഗവും കാരണം ആകെ തകർന്നുപോയ പല രാജ്യങ്ങളും ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയരുന്ന കാഴ്ച ലോകത്ത് പല സ്ഥലത്തുമുണ്ടായിട്ടുണ്ട്. നമ്മുടെ കേരളവും ഇത് മാതൃകയാക്കാനുള്ള സമീപനവും കാഴ്ചപ്പാടും സ്വീകരിക്കണം. ഇതെല്ലാം സംസ്ഥാനത്തിന് ആവശ്യമായതിനാൽ എല്ലാ വിഭാഗം ജനങ്ങളുടേയും കൂട്ടായ്മ ഇതിനുണ്ടാകണം. പക്ഷേ, പ്രതിപക്ഷം എന്തുകൊണ്ടാണ് ഇത്തരത്തിലൊരു നീക്കം നടത്തുന്നതെന്ന് അറിയില്ല. ശക്തമായ ചുവടുവയ്പ്പുമായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളും പ്രസംഗങ്ങളും കാണാനും കേൾക്കാനും സാധിക്കാത്തതുകൊണ്ടാണ് അവർ സഭ വിട്ടെറിഞ്ഞ് പോയത്. ഇടതുപക്ഷ സർക്കാർ ജനങ്ങളോടൊപ്പമാണ്. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അവ നിർവ്വഹിച്ചുകൊടുക്കാൻ സാധിക്കണമെന്ന അഭ്യർത്ഥനയാണുള്ളത്. ബില്ലിന് എന്റെ എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇനിയും ഒരു ബില്ലുകൂടി പരിഗണിക്കാനുള്ളതിനാൽ ഞാൻ വളരെ ചുരുക്കി സംസാരിക്കാം. ഈ സെഷനിൽത്തന്നെ ദീർഘമായി ഓരോ വകുപ്പിലെയും വിഷയങ്ങളെപ്പറ്റി വിശദമായ ചർച്ച നടത്തിക്കഴിഞ്ഞതാണ്. അത് ഒരുമിച്ച് ധനകാര്യ ബില്ലിന്റെ രൂപത്തിൽ അംഗീകരിക്കുന്ന നടപടിയാണിത്. 2,15,813.79 കോടി രൂപയുടെ ധനവിനിയോഗ ബില്ലാണ് വരുന്നത്. പ്രസ്തുത തുക ബഡ്ജറ്റിൽ ആകെയുള്ള തുകയേക്കാൾ അധികമാണ്. വേയ്സ് ആൻഡ് മീൻസ് എന്നാൽ ലോൺ എടുത്ത് തിരിച്ചടയ്ക്കുന്ന പണവും ഓവർ ഡ്രാഫ്റ്റ് എടുത്ത് തിരിച്ചടയ്ക്കുന്ന പണവുംകൂടി ചേർത്ത് വരുന്നതാണ്. അല്ലെങ്കിൽ 2,15,813.79 കോടി രൂപ എവിടെ നിന്നാണെന്നുള്ള സംശയം സാധാരണഗതിയിലുണ്ടാകാം. 74,356 കോടി രൂപ പൊതുകടവും ഓവർഡ്രാഫ്റ്റും മറ്റ് അഡ്ജസ്റ്റ്മെന്റുകളുംകൂടി വരുന്നതാണ്. നമ്മൾ വിശദമായി

ചർച്ച ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ ഇതിനെ നിയമമാക്കി അംഗീകരിക്കണമെന്നുള്ളതാണ് അഭ്യർത്ഥന. ലോകത്തിന്റെയും രാജ്യത്തിന്റെയും ചരിത്രത്തിലെ ഏറ്റവും ദുർഘടമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇങ്ങനെയൊരു ഘട്ടത്തിൽ ലോകത്തിനുതന്നെ മാതൃകാപരമായ പല കാര്യങ്ങളും ചെയ്യുന്ന ഒരു ചെറിയ സംസ്ഥാനമാണ് കേരളം. പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ, നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ പ്രക്രിയയിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കുന്ന ചരിത്രപരമായ ഉത്തരവാദിത്വം ഏറ്റെടുക്കാതെ, അർത്ഥമില്ലാത്തതും അടിസ്ഥാനമില്ലാത്തതും ജനങ്ങൾ തള്ളിക്കളഞ്ഞതുമായ ഒരു കാര്യത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ പ്രക്രിയയിൽ പങ്കെടുക്കാതെ പ്രതിപക്ഷം പുറത്തുപോയത് ചരിത്രത്തിൽ അവരുടെ പ്രവർത്തനത്തിനുനേരെയുള്ള കറുത്ത പുള്ളിയായി വരുമെന്നതിന് യാതൊരു സംശയവുമില്ല. സാധാരണ ഒരു ഘട്ടത്തിലൂടെയല്ല നമ്മൾ കടന്നുപോകുന്നത്. ലോകത്തെ പ്രശസ്തരായ പണ്ഡിതരെല്ലാം ഇക്കാലത്തെയും ആഗോളവൽക്കരണ കാലത്തെയും കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരു നൂറ്റാണ്ടിലെ ഏറ്റവും മോശമായ സാമ്പത്തിക അസമത്വമാണ് ആഗോളവൽക്കരണ കാലഘട്ടം സമ്മാനിച്ചതെന്നാണ് പ്രശസ്ത ഫ്രഞ്ച് സാമ്പത്തിക ശാസ്ത്രജ്ഞൻ 'തോമസ് പിക്കറ്റി' യുടെ പഠനങ്ങൾ കാണിക്കുന്നത്. ആ ഘട്ടത്തിൽനിന്ന് വീണ്ടും മുന്നോട്ട് പോയതിനുശേഷം ഇന്നിപ്പോൾ കാലാവസ്ഥാവ്യതിയാനവും സാമ്പത്തികമാന്ദ്യവും അതിനൊപ്പംവന്ന ആരോഗ്യ പ്രതിസന്ധിയും ലോകത്ത് വലിയ ബുദ്ധിമുട്ടുകളും സമ്പദ്‌വ്യവസ്ഥയിൽ വലിയ ആഘാതങ്ങളുമുണ്ടാക്കുന്നു. അങ്ങനെയൊരു ഘട്ടത്തിലും കോവിഡിന്റെ മൂന്നാം തരംഗം നമ്മുടെ രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ആരംഭിച്ചുകഴിഞ്ഞെന്ന വാർത്തകൾ ആധികാരികമായിട്ടല്ലെങ്കിലും വരുന്നത് വീണ്ടും ആശങ്കയുണ്ടാക്കുന്നതാണ്. നമ്മൾ മനസ്സിലാക്കുന്നൊരു കാര്യമുണ്ട്. മറ്റ് അസുഖങ്ങളൊന്നുമില്ലാത്ത 27 മുതൽ 30 വരെ പ്രായമുള്ള നിരവധി ചെറുപ്പക്കാരെ കോവിഡ് ഗുരുതരമായി ബാധിച്ച്, പരിചയമുള്ളവരിൽ പലരും വിടപറയുകയും ചിലർ ഗുരുതരമായി കിടക്കുകയും ചെയ്യുന്ന സ്ഥിതി നമ്മുടെ നാട്ടിലുണ്ടാകുന്നു. എത്ര നിയന്ത്രിച്ചിട്ടും ഇത്തരം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന ഒരു ഘട്ടത്തിൽ സാധാരണഗതിയിലുള്ള സാമ്പത്തികനയമല്ല സ്വീകരിക്കേണ്ടതെന്നുള്ളതിന് യാതൊരു സംശയവുമില്ല. കൊച്ചു സംസ്ഥാനമായ കേരളത്തിന്റെ തീരദേശമേഖലകളിൽ ഒന്നര മീറ്റർ ജലം അടുത്ത അമ്പതോ നൂറോ വർഷം കൊണ്ട് ഉയർന്നുവന്നാൽ, ഇവിടെ നിരന്തരം കുട്ടനാടിനെക്കുറിച്ച് പരാമർശിക്കുന്ന ബഹുമാനപ്പെട്ട ജനപ്രതിനിധികളടക്കമുള്ളവർക്കും വരുംതലമുറയ്ക്കും കുട്ടനാടിനെക്കുറിച്ച് പറയാൻ കഴിയുമോയെന്നുള്ള സംശയമാണുണ്ടാകുന്നത്. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളമുണ്ടായത് എന്നുപറയുന്ന കഥയും

ഐതിഹ്യവുമൊക്കെ നിലനിൽക്കുമ്പോഴും കേരളത്തിന്റെ തീരദേശമേഖലകൾ പലതും കടലിൽനിന്നും കായലാവുകയും പിന്നീട് ഉയർന്നുവന്ന് സ്വരൂപിച്ചെടുത്തതുമാണെന്ന് നമുക്കറിയാം. അത്തരം സ്ഥലങ്ങളിൽ നേരിടുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രശ്നങ്ങളടക്കം നമ്മുടെ നാട്ടിലേയ്ക്ക് വരികയാണ്. അതിനെയെല്ലാം നേരിട്ടുകൊണ്ട് പോകേണ്ട ഒരു ഘട്ടത്തിലാണ് കോവിഡിന്റെ ആഘാതം വന്നിരിക്കുന്നത്. ഇത് ലോകത്താകെയുണ്ടായ ആഘാതമാണ്. കേരളത്തിൽ സംസ്ഥാന ആസൂത്രണ ബോർഡും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടും ധനകാര്യ വകുപ്പും മൂന്നു വ്യത്യസ്ത തലങ്ങളിൽ നടത്തിയ കോവിഡ് ആഘാത പഠനങ്ങൾ സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ 1.35 ലക്ഷം കോടി രൂപയുടെ കുറവും സർക്കാർ വരുമാനത്തിൽ ഏകദേശം 33,000 കോടി രൂപയുടെ നഷ്ടവുമുണ്ടാകുന്നുവെന്നാണ്. ഇത് കോവിഡിന്റെ രണ്ടാംതരംഗത്തിനുമുമ്പുള്ള കണക്കാണ്. ഇപ്പോൾ അതിനേക്കാളും വലിയ തോതിലാണ് വരുമാന നഷ്ടമാണുണ്ടായിരിക്കുന്നത്. ഇതിന്റെ ഭാഗമായി ജനങ്ങളുടെയും സർക്കാരിന്റെയും വരുമാനം കുറഞ്ഞിട്ടുണ്ട്. ഇതിന് പരിഹാരമായി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് സഹായമുണ്ടാകുന്നില്ല. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. പ്രമോദ് നാരായൺ പറഞ്ഞതുപോലെ ഫിസ്കൽ ഫെഡറലിസത്തിന്റെ പ്രശ്നമുണ്ട്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ശ്രീ. മുഹമ്മദ് മുഹസിൻ, ശ്രീ. കെ. പി. മോഹനൻ തുടങ്ങി ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും സംസാരിച്ച കേന്ദ്ര-സംസ്ഥാന നയങ്ങൾ തമ്മിലുള്ള വ്യത്യാസം നമുക്കെല്ലാം വളരെ വിശദമായി അറിയാവുന്നതാണ്. സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ സഹായിക്കാൻവേണ്ടി ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുന്നു. സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കാനായി ജനങ്ങളുടെ വാങ്ങൽശേഷി വർദ്ധിപ്പിക്കണമെന്ന നിലയിൽത്തന്നെയാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രതിസന്ധിയെ നേരിടാൻ ജനങ്ങളിൽ ഇക്കാര്യങ്ങൾ എങ്ങനെയാണ് എത്തിക്കുക? ജനങ്ങൾക്കായി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ മൂന്ന് തരത്തിൽ ചെയ്യാവുന്നതാണ്. ജനങ്ങളിൽ നേരിട്ട് ക്യാഷ് ആയോ അല്ലെങ്കിൽ ഉൽപ്പന്നങ്ങളായോ എത്തിക്കാം; അതുപോലെ Revenue foregone എന്നുപറയുന്ന സർക്കാരിന് അടയ്ക്കേണ്ട നികുതികളും മറ്റും തൽക്കാലത്തേയ്ക്ക് മാറ്റിക്കൊടുക്കാം. ഇങ്ങനെ മൂന്നുതരത്തിലാണ് ജനങ്ങളെ സഹായിക്കാൻ കഴിയുന്നത്. പരിമിതമായ റിസോഴ്സുള്ള ഒരു സംസ്ഥാനത്ത് പണം, സാധനങ്ങൾ എന്നിവ എത്തിക്കാനും ടാക്സ് ഒഴിവാക്കാനുമൊക്കെ ശ്രമിക്കുമ്പോൾ സർക്കാർ വലിയതോതിൽ പ്രതിസന്ധി നേരിടേണ്ടിവരും. എന്നാലും, ജനങ്ങളെ സഹായിക്കാൻ അത്തരം കാര്യങ്ങളാണ് ഈ ഘട്ടത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ ഒരു പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടായ അസിം പ്രേംജി യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ സസ്റ്റെയിനബിൾ എംപ്ലോയ്മെന്റിന്റെ സർവ്വേ പ്രകാരമുള്ള

പഠനത്തിൽ 2020 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിലെ 60 ശതമാനം കുടുംബങ്ങളിലും ഭക്ഷണലഭ്യത കുറഞ്ഞുവെന്നാണ് കാണിക്കുന്നത്. എന്നാൽ, ലോക്ക്ഡൗൺ കാലത്ത് ഇന്ത്യയിലെ കുടുംബങ്ങളിലെ ഭക്ഷണലഭ്യത 77 ശതമാനമായിട്ടാണ് കുറഞ്ഞത്. ഇവിടെയാണ് കേരളം ലോകത്തിന് മാതൃകയാകുന്നത്. കിറ്റ് എന്തിനാണ്; തെരഞ്ഞെടുപ്പ് വരെ പോരെ ഈ കിറ്റ്? എന്നുചോദിക്കുന്ന ആളുകളുണ്ട്. ഇപ്പോൾ അതിവിടെ കേൾക്കാനില്ല. ഇന്ത്യയിലെ സാധാരണക്കാർക്ക് കിട്ടേണ്ട ഭക്ഷണ സാധനങ്ങളിൽ 77 ശതമാനം കുറവ് വന്നെന്ന് ദേശീയതലത്തിൽ അംഗീകാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠന റിപ്പോർട്ട് വരുമ്പോഴും കേരളത്തിൽ എല്ലാ വീടുകളിലും ആവശ്യത്തിന് ഭക്ഷണമെത്തിക്കാനുള്ള നയപരിപാടി നടത്തുന്ന ഒരു സർക്കാരാണ് ഈ എൽ.ഡി.എഫ്. സർക്കാർ എന്നാണ് ചരിത്രത്തിൽ രേഖപ്പെടുത്തുന്നത്. Revenue foregone-ന്റെയും ടാക്സ് അടയ്ക്കുന്നതിന്റെയും കാര്യത്തിൽ ചില നടപടികൾ സർക്കാർ എടുത്തിട്ടുണ്ട്. ഞാൻ അത് വിശദീകരിക്കുന്നില്ല. റൂൾ 300 പ്രകാരം കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചതാണ്; അത്തരം കാര്യങ്ങളിലെല്ലാം ഓരോ വകുപ്പിൽനിന്നും ചെയ്തതിന്റെ കണക്കുകളുണ്ട്. ഓരോ മേഖലയിലും നമുക്ക് ചെയ്യാനാവുന്ന കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. തോമസ് കെ. തോമസ്:</u> സർ, കഴിഞ്ഞ ദിവസം, 'ഞങ്ങളാരും വെള്ളത്തിലല്ല; ഞങ്ങളെ സഹായിക്കാനൊരു സർക്കാരുണ്ട്' എന്നുപറഞ്ഞത് വലിയൊരു വിവാദമാക്കിയിട്ടുണ്ട്. അതുകൊണ്ട് കുട്ടനാടിനെ അങ്ങ് പ്രത്യേകമായി പരിഗണിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, കുട്ടനാടിന് പ്രത്യേക പരിഗണന കൊടുക്കുന്നുണ്ട്. അവിടത്തെ ഓരോ കാര്യങ്ങളും ഞാൻ എടുത്തുപറയുന്നില്ല. കുട്ടനാടിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലായിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ കാര്യത്തിൽ മുമ്പുണ്ടായ തർക്കത്തെപ്പറ്റി അദ്ദേഹം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. കുട്ടനാടിന്റെ കാര്യത്തിൽ കിഫ്ബിയിലുൾപ്പെടുത്തിയ ഏറ്റവും മേജറായ പല പദ്ധതികളുമില്ലേ? ചങ്ങനാശ്ശേരി - ആലപ്പുഴ റോഡിൽ കേരളത്തിലെ ഏറ്റവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് എലിവേറ്റഡ് ഹൈവേയുൾപ്പെടെ പണിയുന്നതിനാവശ്യമായ തുക വകയിരുത്തിയതിനെക്കുറിച്ച് അങ്ങേയ്ക്ക് അറിയാവുന്നതാണ്. കഴിഞ്ഞ പ്രളയത്തിൽ ഏറ്റവും വലിയ പ്രശ്നമുണ്ടായതിലൊന്ന് തണ്ണീർമുക്കം ബണ്ടിന്റെ ഭാഗത്തേതാണ്. അതുപോലെ കാർത്തികപ്പള്ളിയുടെ ഭാഗത്ത് കടലിലേയ്ക്ക് തുറക്കുന്ന ഷീപ്പിന്റെ ഒരു പ്രശ്നമായിരുന്നു. വളരെ വലിയ റിസ്ക് എടുത്താണ് അത് തുറന്നത്. ഇപ്പോൾ അവിടെനിന്നും വെള്ളം ഒഴുക്കിവിടുന്നുണ്ട്. ആ ഭാഗം കുറച്ചു നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയും തുറന്നിട്ടുണ്ട്. ബാക്കി നിർമ്മാണ

പ്രവൃത്തികളെല്ലാം ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ ബഹുമാന്യനായ മെമ്പറുടെ ആശങ്ക അസ്ഥാനത്താണ്. കുട്ടനാട്ടിലെ ജനങ്ങൾക്ക് ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്തൊരു ഗവൺമെന്റാണിതെന്ന് അദ്ദേഹം അനുഭവത്തിൽനിന്നും പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. കേരളത്തിലെ നെല്ലറകളിലൊന്നായ കുട്ടനാടിനെ സഹായിക്കാൻ കൂടുതൽ നടപടി സ്വീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഴയ ബഡ്ജറ്റിനൊപ്പം കൂട്ടിച്ചേർത്തുകൊണ്ട് ഞാൻ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ ഒന്നാമത് പറഞ്ഞത് ആരോഗ്യ അടിയന്തരാവസ്ഥയെപ്പറ്റിയാണ്. അതുസംബന്ധിച്ച് നമ്മൾ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ളതിന്റെ കണക്കുകൾ വരുന്നുണ്ടല്ലോ? ഏറ്റവുമൊടുവിൽ കോവിഡ് വാക്സിൻ എല്ലാവർക്കും എത്തിച്ചുതരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. അവർക്ക് എത്തിച്ചുതരാനുള്ള ബുദ്ധിമുട്ടുകൊണ്ട് ചെയ്യുന്നില്ല. അപ്പോൾ തീരുമാനിച്ചു, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 120 കോടി രൂപ ഗവൺമെന്റ് അനുവദിച്ചു; 20 ലക്ഷം ഡോസ് വാക്സിൻ വാങ്ങുന്നതിനായി ഓർഡർ കൊടുത്തിട്ടുണ്ട്. അത് നമ്മുടെ നാട്ടിലെ സ്വകാര്യ ആശുപത്രികൾവഴി കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. വാണിജ്യാടിസ്ഥാനത്തിൽ മാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. പക്ഷെ, അതിന് വേറെ ചാർജ്ജൊന്നും ഗവൺമെന്റ് ഈടാക്കുന്നില്ല. അതിലെ ഗുണമെന്താണ്? ഇന്ന് വലിയ തോതിൽ വാക്സിൻ വാങ്ങുന്ന ആശുപത്രികൾക്കുമാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. തിരുവനന്തപുരം ജില്ലയെടുത്താൽ അഞ്ചോ, ആറോ പ്രധാനപ്പെട്ട ആശുപത്രികളേയുള്ളൂ. അവർ വലിയ തുക മുടക്കിയാലേ ലൈസൻസ് എടുക്കാൻ പറ്റുകയുള്ളൂ. ഇപ്രകാരം വാങ്ങിക്കഴിഞ്ഞാൽ നമ്മുടെ ചെറിയ ഗ്രാമങ്ങളിലുള്ള ആശുപത്രികളിൽ വാക്സിനെടുക്കാൻ പോകുന്ന നൂറോ, ഇരുനൂറോ പേർക്ക് കൊടുക്കാൻ സാധിക്കും. എന്റെ വീടിനടുത്ത്, പത്തനാപുരത്തെ ആശുപത്രിയിൽനിന്നും വാക്സിൻ കിട്ടുകയാണെങ്കിൽ ഞാൻ അവിടേയ്ക്ക് പോകും. അല്ലെങ്കിൽ കൊട്ടാരക്കര ആശുപത്രിയിൽ നിന്ന് കിട്ടിയാൽ അവിടേയ്ക്ക് പോകും. കൊട്ടാരക്കരയിൽനിന്നും കൊല്ലം ടൗണിലേയ്ക്ക് പോകേണ്ടയാൾ കൊട്ടാരക്കര ആശുപത്രിയിൽനിന്നും വാക്സിൻ ലഭിക്കുകയാണെങ്കിൽ അവിടെപ്പോയി ആ വാക്സിനെടുക്കും. തൃത്താലയിൽ വാക്സിൻ ലഭിക്കുകയാണെങ്കിൽ അവിടെയുള്ളയാൾക്ക് അത് സൗകര്യമാകും, പാലക്കാടേയ്ക്ക് പോകേണ്ടിവരില്ല. പരമാവധിയാളുകൾ അങ്ങനെ വാക്സിൻ എടുക്കും. അങ്ങനെയൊരു നയമാണ് സ്വീകരിക്കുന്നത്. 20 ലക്ഷം ഡോസ് വാക്സിനായി ഓർഡർ നൽകിയിട്ടുണ്ട്. അത് വന്നശേഷം ഉപയോഗിച്ച് കഴിഞ്ഞാൽ വീണ്ടും വാങ്ങി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി തന്നെ കൊടുക്കുന്നതാണ്. അത് വാക്സിന്റെ ലഭ്യത വർദ്ധിപ്പിക്കുന്ന ഒരു കാര്യമാണ്. ഇന്ത്യയിൽ ഒരു സംസ്ഥാന ഗവൺമെന്റ് ഇത്തരമൊരു ഇടപെടൽ നടത്തുന്നത് ഇതാദ്യമാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, വാക്സിൻ സാർവ്വത്രികമാക്കുന്നുണ്ടല്ലോ? ഇവിടെ തെരുവിൽ അന്തിയുറങ്ങുന്ന ഒരുപാട് മനുഷ്യരുണ്ട്. അവരുടെ പ്രശ്നങ്ങൾ ഇപ്പോൾ

നമ്മുടെ അടുത്തേയ്ക്കും വരുന്നുണ്ട്. അവർക്ക് വാക്സിൻ എങ്ങനെ നല്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാമോ? അതുപോലെ കൂട്ടമായി ജോലി ചെയ്യുന്ന കശുവണ്ടി ഫാക്ടറി, ചെമ്മീൻ പീലിംഗ് ഷെഡ്ഡ് എന്നിവിടങ്ങളിലെ തൊഴിലാളികളെ കേന്ദ്രീകരിച്ചുകൊണ്ട് വാക്സിൻ നൽകുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> സർ, പല സഹകരണ ബാങ്കുകളും അവരുടെ പൊതുനന്മ ഫണ്ടിൽനിന്നും വാങ്ങി ഉപയോഗിച്ചോട്ടെയെന്ന് ഇപ്പോൾ ചോദിക്കുന്നുണ്ട്. അങ്ങനെ വല്ലതും ചെയ്യാൻ പറ്റുമോ; സാങ്കേതികമായ തകരാർ അതിലുണ്ടോ?

<u>ശ്രീ. പി. എസ്. സുപാൽ:</u> സർ, തോട്ടം മേഖലയിലെ തൊഴിലാളികളുടെ വിഷയം നമ്മൾ വളരെ സജീവമായി ഉന്നയിച്ചിട്ടുണ്ട്. അവർ വളരെ റിമോട്ട് ആയിട്ടുള്ള ഏരിയയിലാണ് താമസിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് വന്ന് വാക്സിനെടുക്കാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. അങ്ങനെയുള്ള ഒരു പ്രശ്നം നേരിടുകയാണ്. അതുകൊണ്ട് ലയങ്ങളിൽ വലിയതോതിൽ കോവിഡ് വ്യാപനമുണ്ടാകുന്നു. അവർക്കുകൂടി ഇത്തരത്തിൽ സ്പോട്ടിൽ വാക്സിൻ കൊടുക്കാനുള്ള സംവിധാനം ഒരുക്കാൻ കഴിയുമോ?

<u>ശ്രീ. എ. പ്രഭാകരൻ:</u> സർ, വ്യവസായ മേഖലയിലെ പല സ്ഥാപനങ്ങളും വാക്സിന്റെ ചെലവ് വഹിക്കാൻ തയ്യാറാണ്. അപ്രകാരം വാക്സിനേഷൻ നടത്തുന്നതിൽ വല്ല തകരാറുമുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന് തോട്ടം മേഖലയിൽ അടുത്തടുത്ത് താമസിക്കുന്നവർക്കും കശുവണ്ടി, കയർ മേഖലകളിൽ ജോലി ചെയ്യുന്നവർക്കും തെരുവുകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന അശരണരായവർക്കും വിവിധ പദ്ധതികൾവഴി വാക്സിൻ കൊടുക്കുന്നതിന് ചില കാര്യങ്ങൾ ഗവൺമെന്റ് തയ്യാറാക്കുന്നുണ്ട്. അതിൽ കുറച്ച് സപ്പോർട്ട് നമുക്ക് കൊടുക്കാൻ കഴിയും. രണ്ടാമത്, 20 ലക്ഷം ഡോസ് വാക്സിൻ വാങ്ങിയതുമായി ബന്ധപ്പെട്ട കാര്യമാണ്. നമ്മുടെ പല സ്ഥാപനങ്ങളും നേരത്തെ ചോദിക്കുന്നുണ്ടായിരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും വാക്സിൻ കിട്ടാൻവേണ്ടി പരമാവധി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിൽനിന്നും കിട്ടുന്നതിന്റെ അളവിൽ കുറവുണ്ട്. എന്നാൽ സ്വകാര്യ മേഖലയ്ക്ക് 600 രൂപയ്ക്ക് കൊടുക്കുന്ന 25 ശതമാനം കോവിഷീൽഡ് വാക്സിൻ അവയിലബിളാണെന്നുള്ള വിവരവുമുണ്ട്. അതുകൊണ്ടാണ് ഗവൺമെന്റ് പണം കൊടുത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം വഴി വാക്സിൻ വാങ്ങി സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളായാലും സ്വകാര്യ സ്ഥാപനങ്ങളായാലും കഞ്ചിക്കോടോ, പാലക്കാടോ, മലമ്പുഴയോ ഉള്ള ആശുപത്രി അവർ സെലക്ട് ചെയ്തശേഷം അവിടേയ്ക്ക് പോയി വാക്സിനെടുക്കുന്നതിന് ഒരു തടസ്സവുമില്ല. അതിനാവശ്യമായവ

എത്തിച്ച കൊടുക്കാൻ നമുക്ക് കഴിയുന്നതാണ്. അതോടൊപ്പം കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്ത് സി.എസ്.ആർ. (Corporate Social Responsibility) ഫണ്ടുപയോഗിച്ച് ഞങ്ങൾ കുറേ വാക്സിനെത്തിക്കാമെന്ന് പറഞ്ഞ അനുഭവങ്ങളുണ്ട്. അത്തരം കാര്യങ്ങൾ നമുക്ക് സ്വാഗതം ചെയ്യാവുന്നതാണ്. 50 ശതമാനത്തിൽ താഴെ ആളുകൾക്കുമാത്രമേ വാക്സിൻ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പരമാവധി ആളുകൾക്ക് വാക്സിൻ എത്തിക്കുന്നതിനുള്ള സഹായം സ്വീകരിച്ച് കാര്യങ്ങൾ ചെയ്യാവുന്നതാണ്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, പ്രവാസികളുടെ കാര്യത്തിൽ വാക്സിൻ സർട്ടിഫിക്കറ്റ് കിട്ടണമെന്നുള്ളത് വലിയൊരു ആവശ്യമാണ്. അതൊന്ന് പരിഗണിക്കേണ്ടതാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, പ്രവാസികൾക്ക് വാക്സിൻ സർട്ടിഫിക്കറ്റ് കിട്ടുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ ഇവിടെ നടന്നിരുന്നു. അതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയുണ്ട്. ഇപ്പോൾത്തന്നെ വിദേശത്തേയ്ക്ക് പോകണമെന്നുള്ളവർക്ക് വിസയും പാസ്പോർട്ടുമൊക്കെ ബന്ധപ്പെടുത്തി അല്പം നേരത്തെ വാക്സിൻ നൽകുന്നതിന് പ്രിഫറൻസ് കൊടുക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിലെ പ്രവാസികൾക്കായി ഒരു സ്കീം ഇപ്പോൾ തയ്യാറാക്കിയതായി അറിയില്ല. ഈ സാഹചര്യത്തിൽ പുതിയൊരു ഇന്റർവെൻഷൻ വരുന്നതോടുകൂടി ആ മേഖലയിൽ നല്ല മാറ്റമുണ്ടാകും. 20 ലക്ഷം ഡോസ് വാക്സിനെത്തിക്കഴിഞ്ഞാൽ അത് ഉപയോഗിച്ചശേഷം വളരെ പെട്ടെന്നുതന്നെ വീണ്ടും വാക്സിൻ എത്തിക്കാൻ സാധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്ക് കുറച്ചുകൂടി ഇക്കാര്യത്തിൽ അഡ്വാൻസ് ചെയ്യാൻ സാധിക്കും. ഈ പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വാക്സിന്റെ കാര്യത്തിൽ മാത്രമല്ല, കഴിഞ്ഞ ബഡ്ജറ്റിൽ നമ്മൾ പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്തൊക്കെ ചെയ്തുവെന്നാണ് ഇടയ്ക്കിടയ്ക്ക് പ്രതിപക്ഷം ചോദിക്കുന്നത്. ഇപ്പോൾ എല്ലാ നിയോജകമണ്ഡലങ്ങളിലും 10 ബെഡ്ഡുകൾ വീതമുള്ള പ്രത്യേക ഹോസ്പിറ്റൽ വാർഡ് പണിയാനുള്ള പ്രവർത്തനങ്ങളായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതാണ്. കോൺട്രാക്ടർമാർക്ക് പൈസ കൊടുക്കുന്നത് സംബന്ധിച്ച് ഇവിടെ നേരത്തെ സൂചിപ്പിച്ചിരുന്നു. അന്ന് പ്രഖ്യാപിച്ച ഓരോ കാര്യങ്ങളും ഞാൻ എടുത്തുപറയുന്നില്ല. ആശുപത്രിയുൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തനം നടത്തിയതിന്റെ കണക്കുണ്ട്. ഭക്ഷ്യകിറ്റ് നേരത്തെ കൊടുത്തതുകൂടാതെ ഓണക്കിറ്റ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. വെൽഫെയർ ഫണ്ട് 1100 കോടി രൂപ അന്ന് കൊടുക്കുമെന്ന് പറഞ്ഞത് മിക്കവാറും കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതുപോലെ ബി.പി.എൽ. ലിസ്റ്റിൽ വരാത്ത ആളുകൾക്കുള്ള പണം മിക്കവാറും കൊടുത്തുകഴിഞ്ഞിട്ടുണ്ട്. കോൺട്രാക്ടർമാർക്ക് 1700 കോടി രൂപ അഡ്വാൻസ് ചെയ്ത് കൊടുക്കുമെന്ന് പറഞ്ഞതിൽ 1448 കോടി രൂപ ഇപ്പോൾത്തന്നെ

കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ബാക്കി കൊടുത്തുകൊണ്ടിരിക്കുകയാണ്. ലോൺ കൊടുക്കുന്ന വിവിധ പദ്ധതികൾ, വ്യാപാരികൾ ഉൾപ്പെടെയുള്ളവർക്കുള്ള പദ്ധതികളെല്ലാം നമ്മൾ പ്രഖ്യാപിച്ചു. ആത്മാർത്ഥമായി അക്കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുകയാണ്. മാത്രമല്ല, നമ്മുടെ നാട്ടിലെ ഉല്പാദനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ഓണക്കിറ്റിൽ ഏലയ്ക്കയും കശുവണ്ടിപ്പരിപ്പും നെയ്യുംകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ മൂന്ന് സാധനങ്ങളുടെയും വില കൂടുതലാണ്. കൊല്ലത്തുനിന്നും ആവശ്യത്തിന് കശുവണ്ടിപ്പരിപ്പ് കിട്ടിയില്ല. സർക്കാർ ഇങ്ങനെയൊരു കാര്യം പ്രഖ്യാപിച്ചിട്ട് നിങ്ങൾ ആവശ്യത്തിന് കശുവണ്ടിപ്പരിപ്പ് കൊടുക്കാത്തത് കഷ്ടമാണെന്ന് ഞങ്ങൾ അവരോട് പറഞ്ഞിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വില കിലോഗ്രാമിന് നൂറ് രൂപയോളം വർദ്ധിച്ചു. എന്തായാലും ഡിമാന്റ് വർദ്ധിച്ചത് വ്യവസായത്തിന് ഗുണമായിട്ടുണ്ട്. ഒരു കിലോഗ്രാം ഏലക്കായ്ക്ക് 150 രൂപ മുതൽ 300 രൂപ വരെ വർദ്ധിച്ചു. അതിലൂടെ കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് നല്ല വില കിട്ടുകയുണ്ടായി. നെയ്യുടെ കാര്യത്തിലും ഇതാണ് സ്ഥിതി. കൊടുക്കുന്ന എല്ലാ ഉല്പന്നങ്ങൾക്കും മാർക്കറ്റ് ഇന്റർവെൻഷൻ വഴിയുണ്ടായ ഗുണത്തിന്റെ അനുഭവമാണിത്. കശുവണ്ടി മേഖലയിൽ വലിയ ബുദ്ധിമുട്ടുകളുണ്ട്. ഇപ്രാവശ്യം കശുവണ്ടിമേഖലയിലെ പ്രതിനിധികളുമായി നടന്ന ചർച്ച കുറേദിവസം നീണ്ടുപോയിട്ടുണ്ട്. കഴിഞ്ഞ തവണ ഐ.ആർ.സി. (Industrial Relations Committee) മീറ്റിംഗിൽ അവർ ഒപ്പിടാതെയാണ് പോയത്. ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും പങ്കെടുത്ത യോഗത്തിൽ കഴിഞ്ഞ തവണ കൊടുത്ത ആനുകൂല്യങ്ങളും ബോണസുമുൾപ്പെടെ ഇപ്രാവശ്യവും കൊടുക്കാമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ചർച്ച ഒത്തുതീർപ്പായി. ഈ പ്രതിസന്ധി ഘട്ടത്തിൽ ഒരു മേഖലയിൽ മാത്രമല്ല, മിക്കവാറും എല്ലാ മേഖലയിലും ഇക്കാര്യങ്ങൾ നടക്കുന്നുണ്ട്. അപ്പോൾ ഗവൺമെന്റ് ആളുകളിലേയ്ക്ക് കാര്യങ്ങൾ എത്തിക്കാൻവേണ്ടി ചെയ്യുന്നതിന്റെ ഗുണമുണ്ട്. നമ്മുടെ നാട്ടിലെ സർക്കാരുദ്യോഗസ്ഥരടക്കമുള്ള ആളുകൾക്ക് ആനുകൂല്യം നൽകുമെന്ന് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. അതിൽ ഏറ്റവും താഴ്ന്ന വരുമാനക്കാരായ മുപ്പതിനായിരത്തോളം ആളുകൾക്ക് മാത്രമാണ് ബോണസ് ലഭിക്കുന്നത്. മറ്റുള്ളവർക്ക് ഫെസ്റ്റിവൽ അലവൻസാണ് ലഭിക്കുക. അക്കൂട്ടത്തിൽ ആശാവർക്കർ, അങ്കണവാടി ജീവനക്കാർ, പാചകത്തൊഴിലാളികളടക്കമുള്ള വിവിധ മേഖലകളിലെ ജീവനക്കാരും ഉൾപ്പെടുന്നുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന 13 ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്കെല്ലാം ആനുകൂല്യം കൊടുക്കുന്നതാണ്. കശുവണ്ടി തൊഴിലാളികളുടെ ആനുകൂല്യം മാത്രമല്ല അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കും ആനുകൂല്യം നൽകാൻ ഇന്നലെ തീരുമാനിച്ചിട്ടുണ്ട്.

(സഭ ബഹിഷ്കരിച്ചുപോയ പ്രതിപക്ഷാംഗം ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സഭയിൽ പ്രവേശിക്കുകയും അൽപ്പസമയത്തിനകം പുറത്തുപോകുകയും ചെയ്തു.)

ശ്രീ. പി. എസ്. സുപാൽ: സർ, സഭ ബഹിഷ്കരിച്ച് പോയവർക്കും സർക്കാരിനെ വേണമെന്നുള്ളതിന്റെ തെളിവല്ലേ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നിവേദനവുമായി ഇവിടെ വന്നിട്ടുള്ളത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങനെ വരാൻ അവകാശമുണ്ടോ?

മി. സ്പീക്കർ: സഭാംഗങ്ങൾക്ക് സഭയിൽ വരാനുള്ള അവകാശമുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കോവിഡ് സാഹചര്യത്തിൽ ഇവിടെ ചർച്ച നടത്തുമ്പോൾ ബോണസിന്റെയും മറ്റും കാര്യത്തിൽ ആശങ്കയുണ്ടായിരുന്നു. ഗവൺമെന്റ് മേഖലയിൽ കൊടുക്കുന്നത് മാത്രമല്ല, സ്വകാര്യ മേഖലയിലെ ആളുകളെയും വളരെ പോസിറ്റീവായി കാര്യങ്ങൾ കാണുന്നുവെന്ന നിലയിലാണ് കശുവണ്ടി തൊഴിലാളികളുടെ കാര്യം ഉദാഹരണമായി പറഞ്ഞത്. തോട്ടം മേഖലയിലും മറ്റും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി സഹായിച്ച് മുന്നോട്ടുപോകുന്ന പ്രവർത്തനമാണ് നടക്കുന്നത്.

ശ്രീ. എൻ. കെ. അക്ബർ: സർ, കശുവണ്ടി, കയർ മേഖലയിലെ തൊഴിലാളികൾക്ക് കൊടുക്കുന്നതുപോലെ ബീഡി തൊഴിലാളികൾക്കും പ്രത്യേക സഹായം അനുവദിക്കുമോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കൊല്ലം ജില്ലയിൽ പല സ്വകാര്യ ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. അത്തരം ഫാക്ടറികളിലെ തൊഴിലാളികൾക്ക് അങ്ങ് പറഞ്ഞ ആനുകൂല്യം നൽകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ഇരുപത്തിയെട്ടായിരത്തോളം തൊഴിലാളികൾക്ക് 2000 രൂപയും 25 രൂപ നിരക്കിൽ 10 കിലോഗ്രാം അരിയും കൊടുക്കാൻ ഇന്നലെ തീരുമാനിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ഇതുപോലെയാണ്. കയർ, പ്ലാന്റേഷൻ, ലോട്ടറി തുടങ്ങി മറ്റെല്ലാ മേഖലയിലുമുള്ള തൊഴിലാളികൾക്കും നൽകുന്ന ആനുകൂല്യത്തെ സംബന്ധിച്ച് തീരുമാനിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ മാത്രമല്ല, ഇത്തരത്തിൽ ബീഡി തൊഴിലാളികൾ ഉൾപ്പെടെയുള്ള മറ്റ് മേഖലകളിലും കൊടുക്കുന്ന ചില പദ്ധതികളുണ്ട്. ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിൽനിന്നൊക്കെ വരുന്ന ഫയലുകൾ കൈകാര്യം ചെയ്യുന്നുണ്ട്. ഇന്നും നാളെയുമായി അതിന് തീരുമാനമാകുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, രണ്ട് കാര്യങ്ങളാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തൊഴിലാളി മേഖലയിലെ ലയങ്ങൾ നവീകരിക്കുന്നതിനുവേണ്ടി

അങ്ങ് ബഡ്ജറ്റിൽ ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. അതിന് അടിയന്തരമായി പണം നൽകുമോ? പ്രത്യേകിച്ച്, പൊതുമേഖലാ സ്ഥാപനങ്ങളായ എസ്.എഫ്.സി.കെ. (State Farming Corporation of Kerala), പുനലൂർ നിയോജകമണ്ഡലത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്നിവയുടെ ലയങ്ങളെല്ലാം തകർന്ന നിലയിലാണ്. ഇരുപത് വർഷത്തോളമായി തൊഴിലാളികൾ അവിടെ കഴിയുകയാണ്. ലൈഫ് പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലയങ്ങൾകൂടി നവീകരിക്കാനുള്ള സംവിധാനം ചെയ്യുമോ? സ്വകാര്യ ആളുകളെക്കൊണ്ട് ചെയ്യിക്കുന്നതും നല്ലതുതന്നെയാണ്. പെട്ടിമുടി ദുരന്തത്തിൽ അവിടത്തെ ക്വാർട്ടേഴ്സുകളുടെ സ്ഥിതി വളരെ ദയനീയമാണെന്ന് നമ്മൾ കണ്ടതാണ്. അവർ പ്ലാസ്റ്റിക് പടുതയിട്ടാണ് കിടക്കുന്നത്. ഇതൊക്കെ മാറ്റുന്നതിനുള്ള പദ്ധതി പെട്ടെന്നുതന്നെ നടപ്പിലാക്കുമോ? അതുപോലെ, ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ അവതരിപ്പിച്ച കിഫ്ബി പദ്ധതികൾ നടക്കാതെയും പോകുന്നുണ്ട്. ബഡ്ജറ്റിൽ വന്ന ഒരു ഡോക്യുമെന്റ് എന്ന നിലയിൽ സഭയ്ക്ക് നൽകിയൊരു ഉറപ്പാണ്. അത് പരിഗണിച്ച് ആ പദ്ധതികൾ കിഫ്ബിയിൽ ചെയ്യാൻ ബുദ്ധിമുട്ടാണെങ്കിൽ പകരം എം.എൽ.എ.-മാർക്ക് പി.ഡബ്ല്യു.ഡി.-യിൽത്തന്നെ എ.എസ്. നൽകി പൂർത്തിയാക്കാൻ സൗകര്യം ചെയ്യുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അടച്ചിട്ട കശുവണ്ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുൾപ്പെടെ 2000 രൂപ ആനുകൂല്യം പ്രഖ്യാപിച്ചുവെന്ന് പറയുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് കഴിഞ്ഞ 5 വർഷക്കാലവും സാമൂഹ്യസുരക്ഷാ വകുപ്പ് ഓണക്കാലത്ത് 1000 രൂപ പ്രത്യേകമായി അനുവദിച്ചിരുന്നു. അത്തരം ആനുകൂല്യം ഈ വർഷവും നൽകുമോ?

ശ്രീമതി സി. കെ. ആശ: സർ, ഇരട്ട വീടുകളുള്ള ഒട്ടേറെ കോളനികളുണ്ട്. അതുപോലെ, നാല് സെന്റ് കോളനി, രാജീവ് ഗാന്ധി കോളനി എന്നിവിടങ്ങളിലെ ജീർണ്ണാവസ്ഥയിലായതും കാലപ്പഴക്കം ചെന്നതുമായ നിരവധി വീടുകളുടെ നവീകരണത്തിനായി ഒരു പദ്ധതികൂടി ഈ സർക്കാരിന്റെ കാലഘട്ടത്തിലുണ്ടാകുമോ? ലൈഫ് പദ്ധതിയിൽ അവർക്കെല്ലാം വീട് കിട്ടാനുള്ള സാഹചര്യമുണ്ടായിട്ടില്ല. അതിൽ ഏറ്റവും പ്രധാനമായി ഇരട്ട വീടുകളെ ഒറ്റവീടുകളാക്കുന്ന പദ്ധതി നടപ്പാക്കുമോ?

ശ്രീ. വാഴൂർ സോമൻ: സർ, സ്കൂൾ പാചക തൊഴിലാളികൾക്കുള്ള കുടിശ്ശികയും ഓണത്തോടനുബന്ധിച്ചുള്ള ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. നന്ദകുമാർ: സർ, പാവപ്പെട്ടവർക്കുവേണ്ടി പല ആനുകൂല്യങ്ങളും അങ്ങ് പ്രഖ്യാപിച്ചിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ എൻ.ടി.സി.എൽ. (നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്) മില്ലുകൾ ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അവിടെയുള്ള തൊഴിലാളികൾ പട്ടിണിയിലാണ്. കേന്ദ്ര സർക്കാർ ഒരു സഹായവും ചെയ്യുന്നില്ല. അവിടെയുമില്ല ഇവിടെയുമില്ലാത്ത അവസ്ഥയിലുള്ള ആയിരക്കണക്കിന് തൊഴിലാളികൾ കേരളത്തിലുണ്ട്. അവർക്ക് 1000 രൂപ വീതം നൽകാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ചർച്ച ഒഴിവാക്കിയതുകൊണ്ടാണ് കുറച്ച് ഉദാരമായ സമീപനമെടുത്തത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ലയങ്ങളുടെ കാര്യം നേരത്തെ പറഞ്ഞതുപോലെ തുടരുന്നതിന് ഒരു തടസ്സവുമില്ല. എങ്ങനെയാണെന്നുള്ളത് പ്രായോഗികമായി പരിശോധിക്കുന്നതാണ്. ലയങ്ങളുടെ കാര്യത്തിൽ സർക്കാർ ഒരു കാഴ്ചപ്പാട് വച്ചിട്ടുണ്ട്. അത് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യുന്നതാണ്. സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ടാണെങ്കിലും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഒരു കുറവും വരുത്തുകയില്ല. കഴിഞ്ഞ പ്രാവശ്യം കൊടുത്തതുപോലെ ധനസഹായം ഇപ്രാവശ്യവും കൊടുക്കുന്നതാണ്. ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് വകുപ്പും പട്ടികജാതി വകുപ്പും ചേർന്ന് ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനുമായി ഞാൻ സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പരിഗണിച്ച് നടപടി സ്വീകരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇരട്ട വീടുകൾ പട്ടികജാതി മേഖലയിൽ മാത്രമല്ല ലക്ഷം വീട് കോളനികളിലുമുണ്ട്. അത് ഒറ്റ വീടാക്കുന്ന പദ്ധതി സംസ്ഥാന സർക്കാർ ആലോചിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്ന പദ്ധതി ലോക്കൽ അഡ്മിനിസ്ട്രേഷന്റെ കീഴിൽ വരുന്നതാണ്. അത് സ്പീഡ് അപ് ചെയ്യുമോ എന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ മുൻകാലത്തുണ്ടായിരുന്ന ലക്ഷംവീട് കോളനി ഉൾപ്പെടെയുള്ളവ ഇരട്ട വീടുകളായിരുന്നു. രണ്ട് കുടുംബം ഒരു വീട് എന്ന രീതിയിൽ പാർട്ടീഷൻ ചെയ്താണ് ജീവിച്ചിരുന്നത്. അതെല്ലാം ഒറ്റ വീടാക്കി മാറ്റുന്നതിനുള്ള പദ്ധതി കുറേ വർഷമായി നടന്നുവരികയാണ്. അപൂർവ്വം പഞ്ചായത്തുകളിൽ മാത്രമാണ് ഇപ്പോഴും ഇരട്ട വീടുകളുള്ളത്. അത് മാറ്റാനുള്ള ഫലപ്രദമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

12.00 Noon]

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പാചകത്തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യം തുടരുന്നതാണ്. ബുദ്ധിമുട്ടുകൾക്കിടയിലും സർക്കാരിന് വലിയ ബാദ്ധ്യത വന്നാലും നമ്മൾ ചെയ്യുമെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ശ്രീ. പി. നന്ദകുമാർ ഉന്നയിച്ച എൻ.ടി.സി. മില്ലിന്റെ കാര്യത്തിൽ നിലവിലെ സ്ഥിതിയെന്താണെന്ന് പരിശോധിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. വിഷയം പുതിയതാണെങ്കിൽ ആലോചിക്കേണ്ടിവരും. ഓണക്കാലമായതുകൊണ്ട് കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ എല്ലാവർക്കും കൊടുക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. കോവിഡുമായി ബന്ധപ്പെട്ട് ഗവേഷണ പ്രവർത്തനങ്ങൾ നടത്താനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രത്യേകയോഗം ചേർന്നിരുന്നു. കോവിഡ് വാക്സിൻ ഉല്പാദിപ്പിക്കുന്ന കമ്പനി പ്രതിനിധികളുമായി ഇടപെട്ട് ആദ്യഘട്ടം എന്ന നിലയിൽ ബോട്ടിൽ ഫിൽ ചെയ്യാനും മാർക്കറ്റിംഗ് അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കാനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൊട്ടിഘോഷിച്ച് പറഞ്ഞിട്ട് റിസർച്ചിന്റെയും ഉൽപ്പാദനത്തിന്റെയും കാര്യങ്ങളിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ച് കഴിഞ്ഞ ദിവസം ഒരു ചർച്ച നടന്നിരുന്നു. സർക്കാർ അക്കാര്യങ്ങളൊക്കെ തുടങ്ങിവച്ചിട്ടുണ്ട്. അതിനായി പ്രത്യേക സ്ഥലമുൾപ്പെടെ അലോട്ട് ചെയ്ത് കാര്യങ്ങളുമായി മുന്നോട്ടു പോകുകയാണ്.

തൊഴിലുറപ്പ് പദ്ധതിയെപ്പറ്റി കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതാണ്. 100 ദിവസം തൊഴിൽ പൂർത്തിയാക്കിയ തൊഴിലാളികൾക്കാണ് 1000 രൂപ വച്ച് ഓണത്തിന് കൊടുക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ ഒരു കാര്യം പറഞ്ഞിരുന്നു. ഇപ്പോൾ കോവിഡിന്റെ പ്രത്യേക സാഹചര്യമായതുകൊണ്ട് അവർക്ക് അത്രയും ദിവസം തൊഴിലെടുക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ പ്രാവശ്യത്തേതുപോലെ ഇപ്രാവശ്യവും കൊടുക്കാനാണ് ജനറൽ ഓർഡർ വന്നിട്ടുള്ളത്. എന്നാൽ ഇപ്രാവശ്യത്തെ പ്രത്യേക സാഹചര്യത്തിൽ 75 ദിവസം പണിയെടുത്തിട്ടുള്ള തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആയിരം രൂപവച്ച് കൊടുക്കുന്നതാണ്.

മോട്ടോർ വാഹനമേഖലയും സാമ്പത്തികമായി വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ മേഖലയിൽ വില കൂടിയ ടൂറിസ്റ്റ് ബസ്സുകളും കോൺട്രാക്ട് ക്യാരേജുകളുമൊക്കെ ഓടാതെ കിടക്കുകയാണ്. സ്റ്റേജ് ക്യാരേജ് എന്നുപറയുന്നത് പ്രൈവറ്റ് ബസ്സുകളാണ്. ഇതുസംബന്ധിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റുമായി ഞാൻ സംസാരിച്ചിരുന്നു. സ്റ്റേജ് ക്യാരേജിൽ 40000

വണ്ടികൾ വരെ ഓടുന്നുണ്ടായിരുന്നു. ഇപ്പോൾ പ്രൈവറ്റ് ബസ്സുകളുടെ എണ്ണം 14000 ആയി കുറഞ്ഞിരിക്കുകയാണ്. അതിൽ 12000 വണ്ടികൾക്കുമാത്രമാണ് ടാക്സ് അടയ്ക്കുന്നത്. ടൂറിസ്റ്റ് ബസ്സുകളുടെ കാര്യത്തിലും പ്രശ്നമുണ്ട്. മൊത്തം 40000 പേരുള്ളതിൽ 10000-ത്തോളം വരുന്നവർ സി-ഫോം കൊടുത്ത് വണ്ടി ഓടിക്കുന്നില്ലെന്ന് പറഞ്ഞ് ഇപ്പോൾ ടാക്സും കൊടുക്കുന്നില്ല. ആ മേഖലയിൽ ഏപ്രിൽ, മേയ്, ജൂൺ മാസംവരെയുള്ള ഒരു ക്വാർട്ടറിൽ അവരുടെ നികുതി ഒഴിവാക്കിക്കൊടുക്കുകയാണ്. അവരുടെ വണ്ടി ഓടാതെ കിടക്കുന്നത് വലിയൊരു ബാദ്ധ്യതയാണ് സർക്കാരിന് വരുത്തുന്നത്. ഓട്ടോറിക്ഷയ്ക്കും ടാക്സിക്കും ക്വാർട്ടർ ബേസ്ഡ് ടാക്സ് അല്ല വരുന്നത്. അവരുടെ കാര്യത്തിൽ ഇതിന് ആനുപാതികമായി എങ്ങനെ സഹായിക്കാമെന്നുള്ളത് ആലോചിക്കേണ്ടതായി വരും. വലിയ തുക ഇല്ലെങ്കിലും അവർ ഒരു വർഷത്തേയ്ക്ക് ഒരുമിച്ചാണ് ടാക്സ് അടയ്ക്കുന്നത്. ആ മേഖലയിലെ മറ്റൊരു കാര്യംകൂടി ഇവിടെ പറയേണ്ടതുണ്ടെന്ന് കരുതുകയാണ്. വണ്ടി ഓടാത്തതുകൊണ്ട് ടയറും മറ്റും കേടായിക്കിടക്കുകയാണ്. അവർക്ക് വണ്ടി ഓടിച്ചു തുടങ്ങണമെങ്കിൽ അതിനൊരു വർക്കിംഗ് ക്യാപ്പിറ്റൽ ആവശ്യമാണ്. മുമ്പ് വ്യാപാരികൾക്കുവേണ്ടി പ്രഖ്യാപിച്ച സ്കീം അനുസരിച്ച് 2 ലക്ഷം രൂപ വരെയുള്ള ലോണിന് 4 ശതമാനം പലിശ സബ്സിഡി കൊടുക്കുന്ന സംവിധാനം ഈ മേഖലയിലും ബാധകമാക്കുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇപ്പോൾ പല പാക്കേജുകളും സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങളും പ്രഖ്യാപിച്ചു. അതിലൊന്നും ഉൾപ്പെടാത്ത ഒരു വിഭാഗമാണ് ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ജോലി ചെയ്യുന്ന ജീവനക്കാർ. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിൽ വരുന്ന ഷോപ്പുകളെല്ലാം അടച്ചിട്ടിരിക്കുകയാണ്. ഹോട്ടലിലാണെങ്കിൽ ഡൈനിംഗ് സൗകര്യവുമില്ല. പല സ്ഥാപനങ്ങളിലെയും തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. അതിനാൽ ഹോട്ടലുകളിലും കടകളിലും വർക്ക് ചെയ്യുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങനെയുള്ള മേഖലകളിൽ ക്ഷേമനിധി മുഖേനയാണ് സഹായം എത്തിക്കാൻ സാധിക്കുന്നത്. വ്യാപാരികൾക്കും മറ്റും കൊടുക്കുന്നതുപോലൊരു വർക്കിംഗ് ക്യാപ്പിറ്റൽ ചില കോച്ചിംഗ് സെന്ററുകളും പാരലൽ കോളേജുകളും ആവശ്യപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച് ചർച്ച ചെയ്യാവുന്നതാണ്. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന് കീഴിലുള്ള കടകളിലെ പോലെയും നിർമ്മാണത്തൊഴിലാളികളെപ്പോലെയും ഓരോ മേഖലയിലും ആനുകൂല്യങ്ങൾ

കൊടുക്കുന്നതിന് ഒരു സംവിധാനമുണ്ടെങ്കിൽ മാത്രമേ സഹായിക്കാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക ബുദ്ധിമുട്ടിനിടയിൽ വലിയ തോതിലുള്ള ക്യാഷ് ഫ്ലോ വരുന്നത് ഓണം വരുന്ന ഈ മാസത്തിലാണ്. സ്വാഭാവികമായും നമ്മുടെ കയ്യിൽ അത്രയും തുകയുണ്ടാകില്ല. കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് 33,000 കോടി രൂപയാണ് ഗവൺമെന്റിന്റെ ഒരു വർഷത്തെ വരുമാനത്തിൽ കുറവുവന്നത്. ഈ വർഷം അതിനും മുകളിലായിരിക്കും വരുന്നത്. ഇപ്പോഴത്തെ സ്ഥിതിയിൽ കടകമ്പോളങ്ങൾ തുറക്കുന്നത് സംബന്ധിച്ച്, ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥതലത്തിൽ ചർച്ചചെയ്ത് കോവിഡ് നിയന്ത്രണങ്ങളിൽ അൽപ്പം ഇളവ് നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ കടകളുടെ മുന്നിൽക്കൂടി പോകുമ്പോൾ എനിക്ക് വലിയ ആശ്വാസമുണ്ട്. എല്ലായിടത്തും നല്ല തിരക്കാണ്; ആളുകൾ ധാരാളം സാധനങ്ങൾ വാങ്ങുന്നുണ്ട്; അതിനുവേണ്ട പണം അവരുടെ കൈകളിൽ എത്തുന്നുണ്ട്; അത് ഇക്കണോമിക് ആക്ടിവിറ്റിയെ വർദ്ധിപ്പിക്കും. നമ്മുടെ നാടിന് കുറച്ച് ഗുണമുണ്ടാകുമെന്ന നിലയിൽത്തന്നെയാണ് ഇതിനെ കാണുന്നത്. എന്നാൽ കോവിഡിന്റെ കാര്യത്തിൽ വലിയ നിയന്ത്രണവുമുണ്ടാകണം. നമ്മുടെ നാട്, ഈ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിൽ എന്നല്ല ലോകത്തുതന്നെ മാതൃകാപരമായ കാര്യങ്ങളാണ് ചെയ്യുന്നത്. ഇപ്പോഴുള്ള ഡിജിറ്റൽ എഡ്യൂക്കേഷൻ അതിനുദാഹരണമാണ്. അങ്ങനെ മാതൃകാപരമായി ചെയ്യുന്ന എല്ലാവരെയും ചേർത്തുനിർത്താൻ ശ്രമിക്കുന്നുണ്ട്. ദേശീയതലത്തിൽ ചില ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തിയ ഗവേഷണത്തിൽ 77 ശതമാനം ആളുകൾക്കാവശ്യത്തിന് ഭക്ഷണവസ്തുക്കൾ കിട്ടുന്നില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അത് എല്ലാവർക്കും എത്തിച്ചുകൊടുക്കുന്നതിനുവേണ്ട ഭക്ഷ്യനയമുൾപ്പെടെ നടപ്പിലാക്കുന്നൊരു സംസ്ഥാനമെന്ന നിലയിൽ നമ്മളിവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കാൻ എല്ലാ പിന്തുണയും എല്ലാവരുടെയും ഭാഗത്തുനിന്നുമുണ്ടാകണം. ഇവിടെ അവതരിപ്പിച്ച 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

(ii) 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മന്ത്രി സംസാരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ ബാലഗോപാൽ): സർ, ഇല്ല. കഴിഞ്ഞ ദിവസം ഉപധനാഭ്യർത്ഥനയെന്ന നിലയിൽ വിശദമായി സംസാരിച്ചിരുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സാക്കിയിരിക്കുന്നു.

## VI അവകാശലംഘന പ്രശ്നം

പരിഗണനയിലുള്ളവ

മി. സ്പീക്കർ: 2021 ജൂൺ 1-ാം തീയതി തന്റെ നിയോജക മണ്ഡലത്തിലെ കടമ്പ്രയാർ നദിയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് ചട്ടം 62 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സഭയിൽ നടത്തിയ പ്രസംഗത്തെ തനിക്ക് ഹാനികരമാംവിധം വസ്തുതാവിരുദ്ധമായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി അദ്ദേഹത്തിന്റെ യുട്യൂബ് ചാനൽ പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായെന്നും ഇങ്ങനെ ചെയ്തതുവഴി ശ്രീ. ബെന്നി ജോസഫ് ഭരണഘടനയിലെ അനുച്ഛേദം 194 പ്രകാരം നിയമസഭാ സാമാജികനെന്ന നിലയിലുള്ള തന്റെ അവകാശങ്ങളെ ഹനിച്ചിരിക്കുകയാണെന്നും ആയതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘനത്തിനുള്ള നടപടി സ്വീകരിക്കണമെന്നും കാണിച്ച് ശ്രീ. പി. ടി. തോമസ് എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് അന്വേഷണത്തിനും റിപ്പോർട്ടിനുമായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് 11-8-2021-ന് റഫർ ചെയ്തിരിക്കുന്നു.

## VII അറിയിപ്പ്

<u>അഡ്ഹോക് കമ്മിറ്റി രൂപീകരണം</u>

<u>മി. സ്പീക്കർ:</u> കേരള നിയമസഭയുടെ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട കാലോചിതമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന 15 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു.

1. ശ്രീ. കെ. രാധാകൃഷ്ണൻ - ബഹു. പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി
2. ശ്രീ. ചിറ്റയം ഗോപകുമാർ - ബഹു. ഡെപ്യൂട്ടി സ്പീക്കർ
3. ഡോ. എൻ. ജയരാജ് - ബഹു. ഗവണ്മെന്റ് ചീഫ് വിപ്പ്
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. മാത്യു ടി. തോമസ്
7. ശ്രീ. മോൻസ് ജോസഫ്
8. ശ്രീമതി യു. പ്രതിഭ
9. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
10. ശ്രീ. പി .ടി. എ. റഹീം
11. ശ്രീ. ടി. പി. രാമകൃഷ്ണൻ
12. ശ്രീ. എൻ. ഷംസുദ്ദീൻ
13. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
14. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
15. ശ്രീ. ഇ. കെ. വിജയൻ

പാർലമെന്ററികാര്യ വകുപ്പിന്റെകൂടി ചുമതലയുള്ള ബഹുമാനപ്പെട്ട പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ സമിതിയുടെ അദ്ധ്യക്ഷനായിരിക്കുന്നതാണ്.

## VIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## IX അവലോകനം

മി. സ്പീക്കർ: 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2021-22 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ വിശദമായ പരിഗണനയ്ക്കും മറ്റനുബന്ധ ധനകാര്യ ബിസിനസ്സുകൾക്കുമായി ആകെ 17 ദിവസങ്ങളാണ് ഇപ്രാവശ്യം സഭ സമ്മേളിച്ചത്. സഭയുടെ 12 ദിവസം നീണ്ടുനിന്ന ഒന്നാം സമ്മേളനം 2021 ജൂൺ 10-ാം തീയതി അവസാനിച്ചതിനുശേഷം ജൂൺ 24, 25, 26 എന്നീ തീയതികളിലായി അംഗങ്ങൾക്കായി നടത്തിയ പരിശീലന പരിപാടി ഉള്ളടക്കവും പങ്കാളിത്തവും കൊണ്ട് സാമാന്യം ഭേദപ്പെട്ട നിലയിൽ സംഘടിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. രണ്ടാം സമ്മേളന കാലയളവിൽ 14 അടിയന്തരപ്രമേയ നോട്ടീസുകൾ സഭയുടെ പരിഗണനയ്ക്കായി വരികയുണ്ടായി. അതോടൊപ്പം 29 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളും 157 സബ്മിഷനുകളും സഭാതലത്തിൽ പരിഗണനാ വിഷയമായി തീരുകയുണ്ടായി. ഈ സമ്മേളനകാലത്ത് ആകെ 295 രേഖകൾ വിവിധ മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. അതുപോലെ വിവിധ സമിതികളുടെ 58 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ മേഖലയിൽ വരുത്തിയ ഇളവുകൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ഇടപെടലുകൾ എന്നിവ സംബന്ധിച്ച് ചട്ടം 300 പ്രകാരം യഥാക്രമം ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും സഭയിൽ പ്രസ്താവനകൾ നടത്തുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നിയമം സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ അത് പിൻവലിക്കണ

മെന്നാവശ്യപ്പെടുന്ന ചട്ടം 118 പ്രകാരമുള്ള ഒരു പ്രമേയം ആഗസ്റ്റ് 5-ാം തീയതി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. സഭയുടെ മേശപ്പുറത്തുവച്ച 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട ഏതാനും ഭേദഗതികളും ഈ സമ്മേളന കാലയളവിൽ സഭയുടെ പരിഗണനയ്ക്ക് വിധേയമായിട്ടുണ്ട്.

രണ്ടാം സമ്മേളനകാലത്ത് 2021 ജൂലൈ 22 മുതൽ ആഗസ്റ്റ് 13 വരെ 17 ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായ ആകെ 6408 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ 81 നോട്ടീസുകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 63 എണ്ണം പിൻവലിക്കുകയും ശേഷിച്ചവയിൽ 510 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 5754 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലുമുൾപ്പെടുത്തി ആകെ 6264 ചോദ്യങ്ങൾ അച്ചടിക്കുകയുണ്ടായി. ഇതിൽ ഇന്നുവരെ നക്ഷത്രചിഹ്നമിട്ട 510 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5172 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 582 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്. ചോദ്യോത്തര വേളയിൽ 67 ചോദ്യങ്ങൾ വാക്കാൽ മറുപടി നല്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 441 അവസരങ്ങളിലായി 486 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഈ സമ്മേളന കാലയളവിൽ അടിയന്തര ചോദ്യത്തിനുള്ള രണ്ട് നോട്ടീസുകൾ ലഭിച്ചെങ്കിലും ചട്ടപ്രകാരമുള്ള കാരണങ്ങളാൽ അവ അനുവദിക്കപ്പെട്ടില്ല. പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെയും പതിനാലാം കേരള നിയമസഭയുടെ ഒന്ന് മുതൽ ഇരുപത്തിരണ്ട് വരെയുള്ള വിവിധ സമ്മേളനങ്ങളിലെയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെയും മറുപടിയോ, അന്തിമ മറുപടിയോ ലഭ്യമാക്കാത്ത ചോദ്യങ്ങളിൽ 79 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസ പത്രിക സഹിതം ഈ സമ്മേളന കാലത്തുതന്നെ സഭയിൽ സമർപ്പിക്കുകയുണ്ടായി.

നക്ഷത്രചിഹ്നമിടാത്ത നാല് ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന സഭയിൽ സമർപ്പിക്കുകയുണ്ടായി. പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ഇ-നിയമസഭാ പോർട്ടൽ വഴിയാണ് ചോദ്യോത്തരങ്ങളുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിച്ചത്. കടലാസ് രഹിത നിയമസഭ ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ മാറ്റം വഴി അംഗങ്ങൾക്ക് ഓൺലൈൻ വഴി ചോദ്യങ്ങൾ ചോദിക്കാനും അതിവേഗം ഉത്തരങ്ങൾ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്.

ബഹുമാന്യരായ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, വനം-വന്യജീവി വകുപ്പുമന്ത്രി, പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി, മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമം വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നീ 17 മന്ത്രിമാർ ഈ സമ്മേളന കാലയളവിൽത്തന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണെന്നും ഇനിയും മറുപടി നല്കാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു.

നിയമനിർമ്മാണത്തിൽ 2021-ലെ കേരള ശാസ്ത്ര സാങ്കേതികവിദ്യ സർവ്വകലാശാലാ ബിൽ സഭയിൽ അവതരിപ്പിക്കുകയും വിശദമായ ചർച്ചയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. കൂടാതെ, 2021-ലെ കേരള ധനകാര്യ ബില്ലും 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സഭ പാസ്സാക്കുകയും ചെയ്തു. അതോടൊപ്പം 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും സഭ ഇന്ന് പാസ്സാക്കുകയുണ്ടായി. അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായുള്ള 3 വെള്ളിയാഴ്ചകളിൽ 2 ദിവസം ബില്ലുകളും ഒരു ദിവസം പ്രമേയങ്ങളും പരിഗണിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി മൊത്തം 9 അനൗദ്യോഗിക ബില്ലുകളും 2 അനൗദ്യോഗിക പ്രമേയങ്ങളും സഭ പരിഗണിക്കുകയുണ്ടായി.

64 വർഷം പൂർത്തീകരിക്കുന്ന കേരള നിയമസഭയുടെ ചട്ടങ്ങൾക്കും നടപടിക്രമത്തിനും 'കടലാസ് രഹിത നിയമസഭ' എന്ന ആശയത്തിന്റെ പശ്ചാത്തലത്തിൽ, ആവശ്യമായ പരിഷ്കാരങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി പാർലമെന്ററികാര്യത്തിന്റെ കൂടി ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ- പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി അദ്ധ്യക്ഷനായ ഒരു സമിതിക്ക് രൂപം നല്കുവാനും രണ്ടാം സമ്മേളനകാലയളവിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

സഭയുടെ രണ്ടാം സമ്മേളന കാലയളവിനിടയിൽ നടന്ന ടോക്കിയോ ഒളിമ്പിക്സിൽ മെഡലുകൾ കരസ്ഥമാക്കുകയും നല്ല പ്രകടനം കാഴ്ച വയ്ക്കുകയും ചെയ്ത വിവിധ കായികതാരങ്ങളെ സഭ ഒന്നടങ്കം അനുമോദിക്കുകയും കൂടുതൽ മികച്ച പ്രകടനം ഭാവിയിലുണ്ടാകട്ടെയെന്ന് ആശംസിക്കുകയും ചെയ്തു. ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ പൂർത്തീകരിക്കുന്നത് സംബന്ധിച്ച ആഘോഷ പരിപാടിയായ 'ആസാദി കാ അമൃത് മഹോത്സവ് ' എന്ന ദേശീയ പരിപാടിയുടെ ഭാഗമായി കേരള നിയമസഭ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഘാടനവും അനുബന്ധ പരിപാടികളും ഈ സമ്മേളന കാലത്തുതന്നെ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിയമനിർമ്മാണത്തിൽ ഇപ്പോൾ നിലനിൽക്കുന്ന 44 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളും മറ്റ് അടിയന്തര സ്വഭാവമുള്ള ബില്ലുകളും പരിഗണിക്കുന്നതിലേയ്ക്കായി സഭയുടെ ഒരു സമ്മേളനം ഉടൻതന്നെ ചേരേണ്ടി വരുമെന്നാണ് കാണുന്നത്. അതിനായുള്ള ആലോചനകൾകൂടി ഉണ്ടാകുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

രണ്ടാം സമ്മേളന നടപടികൾ ഭംഗിയായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ ക്രിയാത്മകമായി സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട ഗവണ്മെന്റ് ചീഫ് വിപ്പ്, കക്ഷിനേതാക്കൾ, മറ്റംഗങ്ങൾ എന്നിവരോട് ചെയറിനുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികൾ റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകർ, വിവിധ ജോലികൾ കൃത്യതയോടെയും സമയക്രമം പാലിച്ചും നിർവ്വഹിച്ച ചീഫ് സെക്രട്ടറിയുൾപ്പെടെയുള്ള ഗവൺമെന്റ് സെക്രട്ടറിമാർ, നിയമസഭയിലേയും വിവിധ സർക്കാർ വകുപ്പുകളിലേയും ഉദ്യോഗസ്ഥർ, വിവിധ സേനകളിലെ ഉദ്യോഗസ്ഥർ എന്നിവരോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. എല്ലാവർക്കും ഊഷ്മളവും ഹൃദ്യവുമായൊരു ഓണം ആശംസിക്കുന്നു.

ഓർഡർ.....ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2021 ആഗസ്റ്റ് 13-ാം തീയതി ഉച്ചയ്ക്ക് 12.21-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

## അനുബന്ധം - I

(നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3 (*484) -ന്റെ 'എ' പിരിവിന്
ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി
നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

ഈ സർക്കാരിന്റെ ആദ്യവർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പദ്ധതി | ഭരണാനുമതി തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | നീണ്ടകര ഫിഷറി ഹാർബറിന്റെ നവീകരണം - (ടോയ്‌ലെറ്റ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ, കിയോസ്ക്, ഷോപ്പ്സ്, ക്യാന്റീൻ) | നബാർഡ് RIDF XXVI | 03.50 കോടി |
| 2 | നീണ്ടകര ഫിഷറി ഹാർബറിന്റെ നവീകരണം - കല്ലുംപുറം ഭാഗം - ബോട്ട് ബിൽഡിംഗ് യാർഡിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ബോട്ടുകളുടെയും മറ്റ് അനുബന്ധ വസ്തുക്കളുടെയും സർവ്വീസിംഗിനും ഐസ്, ഇന്ധനം എന്നിവ നിറയ്ക്കുന്നതിനുമായി രണ്ട് ഫിംഗർ ജെട്ടികളുടെ നിർമ്മാണം. | നബാർഡ് RIDF XXVI | 03.00 കോടി |
| 3 | തങ്കശ്ശേരി ഫിഷറി ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവൃത്തി | നബാർഡ് RIDF XXVI | 05.14 കോടി |
| 4 | കായംകുളം ഫിഷറീസ് ഹാർബറിന്റെ രണ്ടാം ഘട്ട വികസന പ്രവൃത്തി | നബാർഡ് RIDF XXVI | 07.80 കോടി |
| 5 | പുതിയാപ്പ ഫിഷിംഗ് ഹാർബർ ചുറ്റുമതിലിന്റെയും ലോക്കർ മുറികളുടെയും നിർമ്മാണം | നബാർഡ് RIDF XXIII | 02.25 കോടി |
| 6 | പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിന്റെ ബെർത്തിംഗ് ജെട്ടി | ആർ.കെ.വി.വൈ | 11.01 കോടി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | കൊല്ലം - താന്നി തീരസംരക്ഷണ പ്രവൃത്തി | കിഫ്ബി | 35.08 കോടി |
| 8 | മഞ്ചേശ്വരംമത്സ്യബന്ധന തുറമുഖം - തീരസംരക്ഷണ പ്രവൃത്തി | കിഫ്ബി | 13.47 കോടി |
| 9 | ചേറ്റുവ ഫിഷറി ഹാർബർ - ഗ്രോയിൻ നിർമ്മാണം | കിഫ്ബി | 06.86 കോടി |
| 10 | നീണ്ടകര ഫിഷറി ഹാർബറിന്റെ വികസന പ്രവൃത്തികൾ | ഓഖി | 05.11 കോടി |
| 11 | കായംകുളം ഫിഷറി ഹാർബറിന്റെ വികസന പ്രവൃത്തികൾ | ഓഖി | 08.44 കോടി |
| 12 | തോട്ടപ്പള്ളി ഫിഷറി ഹാർബറിന്റെ വികസന പ്രവൃത്തികൾ | ഓഖി | 13.38 കോടി |
| 13 | മുനമ്പം ഫിഷറി ഹാർബറിന്റെ വികസന പ്രവൃത്തികൾ | ഓഖ | 10.57 കോടി |
| 14 | കാസർഗോഡ് ഫിഷറി ഹാർബറിന്റെ വികസന പ്രവൃത്തികൾ | ഓഖി | 17.20 കോടി |
| 15 | എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിംഗ് ഹാർബറിൽ പാർക്കിംഗ് ഏരിയയുടെ നിർമ്മാണം, ചുറ്റമതിൽ നിർമ്മാണം, ടോയ്‌ലെറ്റ് ബ്ലോക്ക് | സ്റ്റേറ്റ് പ്ലാൻ | 02.35 കോടി |
| 16 | അന്ധകാരനഴി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം | സ്റ്റേറ്റ് പ്ലാൻ | 01.11 കോടി |
| 17 | 450 തീരദേശറോഡുകളുടെ പ്രവൃത്തി | സ്റ്റേറ്റ് പ്ലാൻ | 200.00 കോടി |
| 18 | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൽ കായൽത്തീരം സംരക്ഷിക്കുന്ന പ്രവൃത്തി | സ്റ്റേറ്റ് പ്ലാൻ | 0.656 കോടി |

| ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ | | | |
|---|---|---|---|
| (1) | (2) | (3) | (4) |
| 19 | തങ്കശ്ശേരിയിലെ ബ്രേക്ക് വാട്ടറിനടുത്ത് ടൂറിസം വികസന പ്രവൃത്തി | ഡെപ്പോസിറ്റ് | 04.63 കോടി |
| 20 | കണ്ണൂർ അഴീക്കൽ ഹാർബറിന്റെ പുലിമുട്ടുകളുടെ പുനരുദ്ധാരണ പ്രവൃത്തി | ഡെപ്പോസിറ്റ് | 05.42 കോടി |
| 21 | മലപ്പുറം ജില്ലയിലെ ഉണ്ണിയാലിൽ സ്പോർട്സ് ഗ്രൗണ്ട് സ്റ്റേഡിയം | ഡെപ്പോസിറ്റ് | 04.95 കോടി |
| 22 | കൊല്ലം ജില്ലയിലെ കണത്താർക്കുന്നം ഫിഷ് സീഡ് പ്രൊഡക്ഷൻ സെന്ററിന്റെ സെക്കൻഡ് സ്റ്റേജ് പ്രവൃത്തി | ഡെപ്പോസിറ്റ് | 04.50 കോടി |
| 23 | വിഴിഞ്ഞം ലീവേർഡ് ബ്രേക്ക് വാട്ടറിന്റെ റെക്ടിഫിക്കേഷൻ പ്രവൃത്തി | ഡെപ്പോസിറ്റ് | 08.37 കോടി |
| 24 | വിഴിഞ്ഞം സീവേർഡ് ബ്രേക്ക് വാട്ടറിന്റെ റെക്ടിഫിക്കേഷൻ പ്രവൃത്തി | ഡെപ്പോസിറ്റ് | 04.74 കോടി |
| 25 | വിഴിഞ്ഞം CHC-യിലെ ഓപ്പറേഷൻ തീയേറ്റർ ഉൾപ്പെടെയുള്ള IP ബ്ലോക്കിന്റെ നിർമ്മാണം | ഡെപ്പോസിറ്റ് | 04.55 കോടി |
| 26 | പൊന്നാനിയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള 128 ഫ്ലാറ്റ് യൂണിറ്റുകളുടെ നിർമ്മാണം | പുനർഗേഹം | 12.80 കോടി |
| 27 | ബീമാപള്ളിയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള 20 ഫ്ലാറ്റ് യൂണിറ്റുകളുടെ നിർമ്മാണം | പുനർഗേഹം | 02.00 കോടി |

# അനുബന്ധം - II

1. (15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 11-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4747-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രിക്കുവേണ്ടി ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചത്)

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്യുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പരിഗണനയിലില്ല.

2. (15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 26-7-2021-ലെ നക്ഷത്രചിഹ്നമിടാത്ത 760-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചത്.)

## വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ താമരക്കുളം വയ്യാങ്കര ചിറ ടൂറിസം പദ്ധതി വിപുലപ്പെടുത്തുന്നതിനും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വികസന പദ്ധതിയിലുൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2021-22-ലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികളിൽ, ക്രമനമ്പർ 2939-ൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി അടങ്കൽ 2 കോടി രൂപയാണ്. ആയതിന്റെ 20% തുകയായ 40 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി&സി) നടപടി സ്വീകരിക്കാവുന്നതാണ്.

3 . (15-ാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ 4-8-2021-ലെ നക്ഷത്രചിഹ്നമിടാത്ത 3217-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ബഹു. ആരോഗ്യ-വനിതാ-ശിശു വികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചത്.)

**ഡോക്ടർമാർക്കെതിരെയുള്ള അക്രമങ്ങൾ**

ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർക്കെതിരെ രോഗികളിൽനിന്നും രോഗികളുടെ ബന്ധുക്കളിൽനിന്നുമുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോ എന്നുള്ളത് പരിശോധിക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെങ്കിൽ ഇത്തരത്തിലുള്ള അക്രമങ്ങളിൽനിന്നും ഭീഷണികളിൽനിന്നും സംരക്ഷണം നൽകുന്നതിനായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്കുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിന് പൊതുജനാവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) അക്രമങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരള നിയമസഭ 2012-ൽ പാസ്സാക്കിയ " കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട്, 2012 (2012-ലെ ആക്ട് 14)" പ്രകാരം ഡോക്ടർമാർ, മെഡിക്കൽ-നഴ്സിംഗ് വിദ്യാർത്ഥികൾ, പാരാ മെഡിക്കൽ ജീവനക്കാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവർക്കെതിരായി ഒറ്റയ്ക്കോ ഒരു സംഘം ആളുകളോ, സംഘടനകളുടെ നേതാവോ അക്രമം ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ, പ്രചോദനം നൽകുകയോ, ആരോഗ്യ രക്ഷാപ്രവർത്തകർക്ക് എന്തെങ്കിലും ഹാനിയോ, പരിക്കോ വരുത്തുകയോ, ജീവൻ അപായപ്പെടുത്തുകയോ, ഭീഷണിപ്പെടുത്തുകയോ, ജോലി തടസ്സമുണ്ടാക്കുകയോ ചെയ്താൽ ഏതൊരു കുറ്റക്കാരനും 3 വർഷം തടവും 50,000 (അമ്പതിനായിരം) രൂപ പിഴയും നൽകി ശിക്ഷിക്കാവുന്നതാണ്.

(ഡി) കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട്, 2012 സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേന ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

# അനുബന്ധം - III

1. (പി.എസ്.സി. റാങ്ക് ലിസ്റ്റ് സംബന്ധിച്ച് ശ്രീ. എച്ച്. സലാം എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

നിലവിലുള്ള വ്യവസ്ഥപ്രകാരം പ്രതീക്ഷിത ഒഴിവുകളേക്കാൾ മൂന്ന് മുതൽ അഞ്ച് ഇരട്ടിവരെ ഉദ്യോഗാർത്ഥികളെയുൾപ്പെടുത്തിയാണ് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നത്. നിയമനാധികാരികൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് സംവരണ തത്വങ്ങൾ പാലിച്ചാണ് റാങ്ക് ലിസ്റ്റുകളിൽ നിന്നും പി.എസ്.സി. നിയമന ശിപാർശകൾ നൽകിവരുന്നത്. ഈ സാഹചര്യത്തിൽ റാങ്ക് ലിസ്റ്റിലുൾപ്പെടുന്നവർക്കെല്ലാം നിയമനം ലഭ്യമാവുകയില്ല. അതേസമയം, റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനായി ഒഴിവുകൾ യഥാസമയം കൃത്യതയോടെ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. പി.എസ്.സി. നിയമനം സംബന്ധിച്ച വിവരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വകുപ്പുകളിലും സ്ഥാപനങ്ങളിലുമുള്ള തസ്തികകൾ, അതിൽ ഇപ്പോൾ ജോലി ചെയ്യുന്നവർ, അവരുടെ വിരമിക്കൽ തീയതി, ദീർഘകാല അവധി, നിയമനം നടത്തുന്നതിന് അനുവദനീയമായ തസ്തികകൾ തുടങ്ങിയ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

2. (പാലം നിർമ്മാണം സംബന്ധിച്ച് ശ്രീമതി സി. കെ. ആശ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

ബഹുമാനപ്പെട്ട വൈക്കം നിയോജകമണ്ഡലം എം.എൽ.എ. ശ്രീമതി സി. കെ. ആശയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മുണ്ടാർ നടപ്പാലം നിർമ്മാണം എന്ന പ്രവൃത്തിക്ക് 24-7-2017-ലെ G.O.(RT) No.2557/17/Lsgd പ്രകാരം 38 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും 20-10-2017-ന് സാങ്കേതികാനുമതി നൽകിയിട്ടുള്ളതും തുടർന്ന് ടെണ്ടർ ക്ഷണിച്ച് 30-12-2017-ന് എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്. ജലസേചന വകുപ്പിന്റെ 4-2-2019-ലെ D4-125/2019/IDK കത്തുപ്രകാരം എൻ.ഒ.സി. ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. തുടർന്ന് പ്രദേശവാസികൾ ഉന്നയിച്ച

ആവശ്യകതയനുസരിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം നടപ്പാലം എന്നത് മാറ്റി വാഹന ഗതാഗതത്തിനുതകുന്ന രീതിയിലാണ് പാലംനിർമ്മാണം നടത്തിയത്. തൂണുകളുടെ നിർമ്മാണം അവസാനഘട്ടം എത്തിനിൽക്കെ ചീഫ് എഞ്ചിനീയർ സൈറ്റ് സന്ദർശിക്കുകയും തുടർന്ന് സർക്കാർ നിർദ്ദേശപ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതും പണി നിർത്തി വച്ചിട്ടുള്ളതുമാണ്. ജലസേചന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 25-10-2019-ന് വിളിച്ച് ചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരമാണ് സ്റ്റോപ്പ് മെമ്മോ കൊടുക്കുവാനും അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പാലം പുനർരൂപകൽപ്പന ചെയ്യുവാനും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയത്. തൂണുകൾ തമ്മിൽ 4 മീറ്റർ മാത്രമേ വീതിയുള്ളൂ എന്നത് കരിയാർ പുഴയിലൂടെയുള്ള ജലഗതാഗതത്തെ ബാധിക്കുമെന്ന കാരണത്താലാണ് സ്റ്റോപ്പ് മെമ്മോ കൊടുക്കുവാൻ വകുപ്പ് ശിപാർശ ചെയ്തത്. ബഹുമാനപ്പെട്ട വൈക്കം എം.എൽ.എ. ശ്രീമതി സി. കെ. ആശയുടെ സാന്നിദ്ധ്യത്തിൽ 30-1-2021-ന് പഞ്ചായത്ത് ഡയറക്ടറുടെ നേതൃത്വത്തിൽ കൂടിയ യോഗതീരുമാനമനുസരിച്ച് ചീഫ് എഞ്ചിനീയർ ഉടൻ സ്ഥലപരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നെങ്കിലും തുടർനിർദ്ദേശം ആ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

3. (ചെക്ക് ഡാം-കം-ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) അവതരിപ്പിച്ച സബ്മിഷന് ബഹു. ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ചിറക്കടവ്, കാഞ്ഞിരപ്പള്ളി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കോടങ്കയത്ത് മണിമലയാറിന് കുറുകെ ചെക്ക്ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന് ആവശ്യപ്പെടുന്ന സ്ഥലത്ത് 2-8-2021-ൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശനം നടത്തുകയുണ്ടായി. മണിമലയാറിന്റെ കൈവഴിയായ ചിറ്റാർപുഴയ്ക്ക് കുറുകെയാണ് പ്രസ്തുത ചെക്ക്-ഡാം-കം-ബ്രിഡ്ജ് നിർമ്മിക്കേണ്ടത്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിലൂടെ നിലവിലുള്ള കോടങ്കയം കുടിവെള്ള പദ്ധതി പ്രദേശത്തുള്ള ജലക്ഷാമം പരിഹരിക്കാൻ സാധിക്കുന്നതാണ്. ഇതിന് മണ്ണ് പരിശോധനയുൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തുകയും സ്ഥലലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുശേഷം മാത്രമേ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

4. (കുടിവെള്ളപാക്കേജ് സംബന്ധിച്ച് ശ്രീ. തോമസ് കെ. തോമസ്, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 2 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഒന്നാം ഘട്ടത്തിൽ 13-ാം ധനകാര്യ കമ്മീഷനിലുൾപ്പെടുത്തി 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതിയും 1-1-2014-ൽ 48.96 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിന് കിഫ്ബിയുടെ ധനസഹായത്തോടുകൂടി 25-6-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല.

<u>കുട്ടനാട് കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം (13-ാം ധനകാര്യ കമ്മീഷൻ)</u>:- 13-ാം ധനകാര്യകമ്മീഷനിൽനിന്നും 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകിയ കുട്ടനാട് കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പമ്പാനദി സ്രോതസ്സായി നീരേറ്റുപുറത്തെ 14 MLD (Millions of liter per day) ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ (2013-14 കാലയളവിൽ ടെക്നോളജി മിഷൻ കമ്മിഷനിൽ പൂർത്തീകരിച്ചത്) നിന്നും മാമ്പുഴക്കരി വരെ 12328 മീറ്റർ നീളത്തിൽ 800 എം.എം. HDPE (High Density Polyethylene) പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലെ 2000 കുടുംബങ്ങൾക്ക് ആഗസ്റ്റ് 2019 മുതൽ ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ചമ്പക്കുളം, രാമങ്കരി, പുളിങ്കുന്ന് (ഭാഗികം) എന്നീ പഞ്ചായത്തുകളിലേയ്ക്ക് ജലവിതരണത്തിനായി പള്ളിക്കൂട്ടുമ്മ മുതൽ കാവാലം വരെ 5580 മീറ്റർ നീളത്തിൽ 355 എം.എം, 225 എം.എം പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

തകഴി പഞ്ചായത്തിൽ 4.5 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി നിർമ്മിക്കുകയും തകഴി 62 എം.എൽ.ഡി. ശുദ്ധീകരണ ശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച്, പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി 2020 നവംബറിൽ കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തകഴി, എടത്വ, വെളിയനാട്, തലവടി, മുട്ടാർ, നീലംപേരൂർ എന്നീ പഞ്ചായത്തുകളിലായി 46 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 36 കിലോ മീറ്റർ 2021 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിൽനിന്ന് റോഡ് മുറിക്കുന്നതിനുള്ള അനുമതി വൈകിയതും ഉന്നത ജലസംഭരണി നിർമ്മാണത്തിനുള്ള സ്ഥലം റെയിൽവേ ട്രാക്കിന് സമീപത്തുള്ള തകഴി സ്മാരകത്തിനടുത്തുനിന്നും കരുമാടി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് കോമ്പൗണ്ടിലേയ്ക്ക് മാറ്റിയതും വിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു. ബാക്കിയുള്ള വിതരണ ശൃംഖല 2021 നവംബറിൽ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ) ആലപ്പുഴയുടെ കീഴിലുള്ള 4.032 കിലോ മീറ്റർ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് 14-11-2020-ന് online അപേക്ഷ സമർപ്പിക്കുകയും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട 68,15,186 രൂപ 5-3-2021-ൽ അടച്ചുവെങ്കിലും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽനിന്നും മൺസൂൺ ബാനിന് ശേഷം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>കുട്ടനാട് കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം</u>:- കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം പഞ്ചായത്തുകൾക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25.06.2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയാകാത്തതിനാൽ ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടില്ല. പമ്പാനദി സ്രോതസ്സായുള്ള ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉല്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ്. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണ ശാല സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോടുചേർന്ന് 125 സെന്റ് സ്ഥലം ആവശ്യമായിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൈനകരി, നെടുമുടി, വീയപുരം എന്നീ പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ അധീനതയിലുള്ള 20 സെന്റ് വീതം സ്ഥലവും ചമ്പക്കുളം പഞ്ചായത്തിൽ ഉന്നതതല

ജലസംഭരണി നിർമ്മിക്കുന്നതിനായിട്ടുള്ള ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള 20 സെന്റ് സ്ഥലവും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനായുള്ള കത്തുകളും നൽകിയിട്ടുണ്ടെങ്കിലും സ്ഥലമേറ്റെടുക്കൽ നടപടിക്ക് താമസം നേരിടുന്നതിനാൽ സ്ഥലമുടമകളുമായി എഗ്രിമെന്റ് വച്ച് അഡ്വാൻസ് പൊസിഷനിൽ സ്ഥലം ലഭ്യമാക്കി ടെണ്ടർ നടപടികൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.കുട്ടനാട് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം 6 പാക്കേജുകളിലായി സ്പ്ളിറ്റ് ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ശുദ്ധീകരണശാലയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായാലുടൻ തന്നെ ആ പാക്കേജിന്റെ ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്. മറ്റു ഘടകങ്ങൾക്കുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. അവ കിട്ടുന്ന മുറയ്ക്കും റോഡ് കട്ടിംഗിനുള്ള അനുമതി വിവിധ ഏജൻസികളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കും ബാക്കി പാക്കേജുകൾ ക്രമീകരിച്ച് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെട്ടിട്ടുള്ള കാവാലത്തെ ഉന്നതതല ജല സംഭരണി (8 ലക്ഷം ലിറ്റർ) 2023 ഡിസംബറിൽ പൂർത്തിയാക്കുന്നതോടെ ഈ മൂന്ന് പഞ്ചായത്തുകളിലും പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നീരേറ്റുപുറത്ത് 30 MLD ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധ ട്രാൻസ്മിഷൻ ലൈനുകളും സ്ഥാപിക്കുന്നതോടെ തലവടി, മുട്ടാർ, നീലംപേരൂർ പഞ്ചായത്തുകളിൽ സ്ഥാപിച്ച ലൈനുകൾ ചാർജ്ജ് ചെയ്യാനാവശ്യമായ ശുദ്ധജലം ലഭിക്കുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കുട്ടനാട് താലൂക്കിലെ 10 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, കൈനകരി, വെളിയനാട്, വീയപുരം പഞ്ചായത്തുകളിൽ 2450 കണക്ഷനുകൾ അനുവദിച്ചിരുന്നു. 2471 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. കൂടാതെ എടത്വാ, തകഴി, വീയപുരം, ചമ്പക്കുളം, കൈനകരി, കാവാലം, പുളിങ്കുന്ന് എന്നീ ഏഴ് പഞ്ചായത്തുകൾക്കായി 26582 കണക്ഷനുകൾ നൽകുന്നതിന് 39.64 കോടി രൂപയുടെ പ്രൊപ്പോസൽ 22.07.2021-ൽ കൂടിയ S.L.S.S.C. (State Level Scheme Sanctioning Committee) യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ജൽജീവൻ മിഷനിലുൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള ഡി.പി.ആർ. അംഗീകരിച്ച് ആറ് പഞ്ചായത്തുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ആയത് ജില്ലാ ജല ശുചിത്വ മിഷന്റെ അംഗീകാരത്തോടെ നാലാമത് State Level Scheme Sanctioning Committee-ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

5. (കുടിവെള്ളം ലഭ്യമാക്കൽ സംബന്ധിച്ച് ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

നിലയ്ക്കലിൽ 65.75 ലക്ഷം ലിറ്റർ ജലം സംഭരിക്കുന്നതിനാവശ്യമായിട്ടുള്ള ജലസംഭരണിയുണ്ട്. ഇതിലേയ്ക്ക് പമ്പയിൽനിന്നും സീതത്തോടുനിന്നും ടാങ്കർ ലോറി (10000 മുതൽ 30000 ലിറ്റർ വരെ ശേഷിയുള്ള) വഴിയാണ് ജലം എത്തിക്കുന്നത്. ഇതുകൂടാതെ മണിക്കൂറിൽ 28000 ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള R.O. പ്ലാന്റുകൾ സ്ഥാപിച്ച് നിലവിലുള്ള ജലവിതരണ ശൃംഖല വഴി 150-ഓളം കിയോസ്കുകൾ നിലയ്ക്കലിൽ സ്ഥാപിച്ച് നിലയ്ക്കലിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്ക് ആവശ്യത്തിന് വെള്ളം നൽകുന്നതിനുള്ള നടപടി മണ്ഡലകാലം (നവംബർ 10-ാം തീയതി) ആരംഭിക്കുന്നതിന് മുമ്പ് സ്ഥാപിക്കുന്നതാണ്. ഇവിടെ ദേവസ്വം ബോർഡ് സ്ഥാപിക്കുന്ന ടോയ്‌ലറ്റുകളിലും കംഫർട്ട് സ്റ്റേഷനുകളിലും ആവശ്യത്തിനുള്ള ജലവിതരണ സംവിധാനം ഒരുക്കുന്നതാണ്. മേൽപ്പറഞ്ഞ 65.75 ലക്ഷം ലിറ്റർ ശേഷിയുള്ള ടാങ്കുകളിലേയ്ക്ക് പമ്പയിൽനിന്നും സീതത്തോടിൽനിന്നുമാണ് ജലം എത്തിക്കുന്നത്. ജലം ഉപയോഗിക്കുന്നതിനനുസൃതമായി പ്രസ്തുത ടാങ്കുകളിൽ നിരന്തരം ജലം നിറയ്ക്കുന്നതാണ്. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ മേൽനോട്ടത്തിലുള്ള ലാബ് സജ്ജമാക്കുന്നതാണ്. ഇതുകൂടാതെ പമ്പയിലും സന്നിധാനത്തിലും എത്തിച്ചേരുന്ന തീർത്ഥാടകർക്ക് പമ്പ ത്രിവേണിയിൽ സ്ഥാപിച്ചിട്ടുള്ള 13 MLD ഉൽപ്പാദന ശേഷിയുള്ള ശുദ്ധീകരണ ശാലയിൽനിന്ന് ജലവിതരണം നടത്തുന്നുണ്ട്. ശുദ്ധജലം ശേഖരിക്കുന്നതിനായി പമ്പയിൽ 6.80 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണി നിലവിലുണ്ട്. ഇതുകൂടാതെ കാനന പാതയിൽ നീലിമല ബോട്ടത്തിൽ 2 ലക്ഷം ലിറ്റർ, അപ്പാച്ചിമേട് 2 ലക്ഷം ലിറ്റർ, ശരംകുത്തിയിൽ 56 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ജലസംഭരണികളും നിലവിലുണ്ട്. പ്രസ്തുത ടാങ്കുകളിൽനിന്നും പമ്പ മുതൽ സന്നിധാനം വരെ സ്ഥാപിച്ചിട്ടുള്ള ജലവിതരണ കുഴലുകളിൽനിന്നും ടാപ്പുകൾ (200 എണ്ണം) വഴി ജലവിതരണം നടത്തുന്നതാണ്. ഇതിനുപുറമേ ദേവസ്വം ബോർഡ് സ്ഥാപിക്കുന്ന വിവിധ കംഫർട്ട് സ്റ്റേഷനുകളിലും ശൗചാലയങ്ങളിലും തീർത്ഥാടകരുടെ എണ്ണത്തിനും ആവശ്യകതയ്ക്കുമനുസരിച്ച് ജലം എത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കുന്നതാണ്. കൂടാതെ പമ്പ മുതൽ സന്നിധാനം വരെ മണിക്കൂറിൽ 22000 ലിറ്റർ ശുദ്ധീകരണ ശേഷിയുള്ള R.O. പ്ലാന്റുകൾ സ്ഥാപിച്ച് കാനന പാതയിലും സന്നിധാനത്തും സ്വാമി അയ്യപ്പൻ റോഡിലും 60 കിയോസ്കുകളിൽ 3 ടാപ്പുകൾ വീതം സ്ഥാപിച്ച് മണ്ഡല, മകരവിളക്ക് സീസണിൽ ഭക്തജനങ്ങൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിനുപുറമെ പത്തോളം വാട്ടർ ഡിസ്പെൻസറുകൾ (Hot/Cold/Normal) പമ്പ മുതൽ

സന്നിധാന പാതയിൽ സ്ഥാപിച്ച് അയ്യപ്പഭക്തർക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഒരുക്കുന്നതാണ്. ശബരിമല തീർത്ഥാടകർക്ക് കുടിവെള്ളമെത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കേരള വാട്ടർ അതോറിറ്റി പത്തനംതിട്ട പി.എച്ച്. ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. റ്റി. തുളസീധരനെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. (സാമുദായിക സംവരണം സംബന്ധിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കളിമൺപാത്ര നിർമ്മാണ വിപണന വികസന കേർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കോർപ്പറേഷന് ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കേർപ്പറേഷനെ ചാനലൈസിംഗ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻ മുഖേന ചുവടെ ചേർക്കുന്ന വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1) കളിമൺപാത്ര നിർമ്മാണ യൂണിറ്റ് ആധുനികവൽക്കരണ വായ്പാ പദ്ധതി.

2) കളിമൺപാത്ര നിർമ്മാണ-വിപണന പ്രവർത്തനമൂലധന വായ്പാ പദ്ധതി.

കളിമൺപാത്ര നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ജനവിഭാഗത്തെ സംബന്ധിക്കുന്ന സമഗ്രമായ സർവ്വേ നടത്തുന്നതിന് M/s COSTFORD-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ശുചിത്വ മിഷന്റെ സർവ്വീസ് പ്രൊവൈഡർ ആയി കോർപ്പറേഷനെ നിശ്ചയിച്ചിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കളിമൺ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും നടത്തുന്നതിനുള്ള അനുമതിക്കായി ടൂറിസം വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾക്കും ടി തൊഴിലാളികളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കും ഓരോ കലണ്ടർ വർഷംതോറും 50 ടൺ കളിമണ്ണ് കുഴിച്ചെടുക്കുന്നതിന് നിലവിലുള്ള നിയമങ്ങളൊന്നുംതന്നെ തടസ്സമല്ല. ഇത്തരം തൊഴിലാളികൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട 50 ടൺ കളിമണ്ണിന്റെ റോയൽറ്റി അടയ്ക്കേണ്ടതില്ലെന്നും അപേക്ഷ സമർപ്പിക്കുന്നപക്ഷം പ്രസ്തുത ധാതു ഗതാഗതം ചെയ്യുന്നതിന് സ്പെഷ്യൽ മിനറൽ ട്രാൻസിറ്റ് പാസ് അനുവദിച്ച് ചട്ടം 106(5) വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 15.01.2016-ലെ Environment Impact Assessment Notification-ൽ വന്ന ഭേദഗതി പ്രകാരം പരമ്പരാഗത രീതിയിൽ കളിമൺ ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി ഒഴിവാക്കുകയും ചെയ്യുന്നു. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ

നിയമപ്രകാരം നെൽവയലുകളിൽനിന്നും നീർത്തടങ്ങളിൽനിന്നുമുള്ള ഖനനം നിരോധിച്ച സാഹചര്യത്തിൽ ഡാറ്റാ ബാങ്കിലുൾപ്പെടാത്ത ഭൂമിയിൽ മാത്രമേ ഖനനാനുമതി നൽകാൻ നിലവിലെ നിയമം അനുവദിക്കുന്നുള്ളൂ. കളിമൺപാത്രങ്ങളുടെ വിപണി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി മൺപാത്ര ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കാൻ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്.

7. (ട്രൈബൽ ആശുപത്രി സംബന്ധിച്ച് ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കേരളത്തിൽ വയനാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യയുള്ള ജില്ലയാണ് കാസർഗോഡ്. കാസർഗോഡ്, മഞ്ചേശ്വരം, ഹോസ്ദുർഗ്ഗ് താലൂക്കുകളുൾപ്പെടുന്ന പട്ടികവർഗ്ഗ പ്രദേശങ്ങൾ കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിലും വെള്ളരിക്കുണ്ട് താലൂക്ക് പരിധിയിൽ വരുന്ന പട്ടികവർഗ്ഗ കേന്ദ്രങ്ങൾ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ അധികാര പരിധിയിലുമാണ്. ഇതിൽ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന 40,000-ത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പൂടംകല്ല് സാമൂഹ്യാരോഗ്യ കേന്ദ്രം, കാത്തന്നാട് പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ആശുപത്രി, വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ കിടത്തി ചികിത്സയുൾപ്പെടെയുള്ള സൗകര്യം ലഭ്യമാണ്. കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ കാറടുക്ക ബ്ലോക്ക് പരിധിയിലെ കുറ്റിക്കോൽ, ബേഡഡുക്ക പഞ്ചായത്തുകളിലെ മാവിലൻ, മലവേട്ടവൻ, മറാഠി വിഭാഗക്കാർ നിലവിൽ ചികിത്സയ്ക്കായി കാസർഗോഡ് താലൂക്ക് ആശുപത്രിയെയും പരിയാരം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിനെയുമാണ് ആശ്രയിക്കുന്നത്. നിലവിൽ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പെൻസറി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ചികിത്സാവശ്യത്തിനായി പൊതുവേ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഇവർ പ്രധാനമായും ആശ്രയിക്കുന്നത്. ബേഡഡുക്ക പഞ്ചായത്തിലെ വലിയപാറയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. നിലവിൽ കാസർഗോഡ് മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. എന്നിരുന്നാലും ഈ വിഭാഗക്കാർക്കായി കാസർഗോഡ് ഒരു ട്രൈബൽ ആശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിക്കുന്നതാണ്.

8. (ഗ്ലോബൽ ആയുർവേദ വില്ലേജ് സംബന്ധിച്ച് ശ്രീ. വി. ജോയി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഒന്നാംഘട്ട വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ തോന്നക്കലിൽ 7.4527 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമി സമാനാ ഗ്ലോബൽ ആയുർവേദ വില്ലേജ് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറിയിട്ടുള്ളതും പ്രസ്തുത കമ്പനി ഇ.എം.ഡി. ഇനത്തിൽ 10%-ഉം ലീസ് പ്രീമിയം ഇനത്തിൽ 50%-ഉംഅടച്ച് കിൻഫ്രയുമായി ലൈസൻസ് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 30.93 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. ടി സ്ഥലത്ത് ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സംയുക്ത സംരംഭമായി തുടങ്ങുന്നതിലേയ്ക്കായി ഒരു സംയുക്ത പങ്കാളിയെത്തേടി താല്പര്യപത്രം ക്ഷണിക്കുകയും സമാനാ ഗ്ലോബൽ ബിസിനസ്സ് സൊല്യൂഷൻസ് ലിമിറ്റഡിനെ സംയുക്ത സംരംഭക പങ്കാളിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. സംയുക്ത സംരംഭക പങ്കാളിയായി സമാനാ ഗ്ലോബൽ ബിസിനസ്സ് സൊല്യൂഷൻസ് ലിമിറ്റഡിനെ തെരഞ്ഞെടുത്ത വിവരം പ്രസ്തുത കമ്പനിയെ അറിയിച്ചിട്ടുണ്ട്. സംയുക്ത സംരംഭമായി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

9. (ഖാദി മേഖലയിലെ ഉത്സവബത്തയും കുടിശ്ശിക വിതരണവും സംബന്ധിച്ച് ശ്രീ. ടി. ഐ. മധുസൂദനൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കൈ കൊണ്ട് ചർക്കയിൽ നൂൽ നൂറ്റ് കൈത്തറിയിൽ നെയ്തെടുക്കുന്ന വസ്ത്രമാണ് ഖാദി. മറ്റ് വസ്ത്രോത്പാദന മേഖലകളെപ്പോലെ വൻതോതിൽ ഉൽപ്പാദനം നടത്താനോ തൊഴിലാളികൾക്ക് ഉയർന്ന വേതനം ലഭ്യമാക്കാനോ സാധിക്കുന്നില്ല. ഖാദി മേഖല നേരിടുന്ന പ്രധാന പ്രശ്നം ആവശ്യത്തിന് ഖാദിയുത്പാദനം നടത്താൻ കഴിയാത്തതും തൊഴിലാളികൾക്ക് മികച്ച വേതനം ലഭ്യമാക്കാൻ കഴിയാത്തതുമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വരുമാന പൂരക പദ്ധതിപ്രകാരം തുക ഉപയോഗപ്പെടുത്തി ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കി വരുന്നു. ഖാദി നെയ്ത്തുപകരണങ്ങൾ നവീകരിക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കുന്നതാണ്. ഇതോടൊപ്പം ഡിസൈനർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഖാദിയിൽ വൈവിദ്ധ്യ വത്കരണം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഖാദി ഗ്രാമ വ്യവസായ മേഖലയെ

പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതിവിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതിവിഹിതവും ഉപയോഗപ്പെടുത്തി ഖാദി ഉൽപ്പാദനകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും പഴയ ചർക്കകൾക്കും തറികൾക്കുംപകരം നവീകരിച്ച സംവിധാനങ്ങൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം മുതലായവ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. പരമ്പരാഗത ചർക്കകളുടെയും തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രത്യേകം ഗവേഷണങ്ങൾ നടത്തുന്നതോടൊപ്പം ചെന്നൈ IIT-യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റൂട്ടാഗ് എന്ന സ്ഥാപനവുമായും ചേർന്ന് ഗവേഷണ പദ്ധതികൾ നടത്തിവരുന്നുണ്ട്. ഉൽപ്പാദനക്ഷമത കൂടിയ ചർക്കകളും തറികളും സ്ഥാപിച്ചുവരുന്നു. ഖാദി ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗിന് ധാരാളം പരിമിതികൾ ഇപ്പോൾ നിലവിലുണ്ട്. ഷോറൂമുകളുടെ നവീകരണം ഉൾപ്പെടെ ആവശ്യമാണ്. അന്താരാഷ്ട്ര വിപണിയിൽ ഖാദിയുടെ മേന്മ പ്രചരിപ്പിച്ച് അതുവഴി കൂടുതൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിനുവേണ്ടി ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനത്തിന്റെ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്തി വരുന്നു.

ഖാദി മേഖലയിൽ റിബേറ്റ് ഇനത്തിൽ 10 കോടി രൂപ ഓണത്തിന് വിതരണം ചെയ്യുന്നതാണ്. ഇതോടൊപ്പം ഫെസ്റ്റിവൽ അലവൻസും കഴിഞ്ഞ കൊല്ലത്തെ പോലെതന്നെ കൊടുക്കുന്നതാണ്. Income Support Scheme-ൽ ഇതിനകം 8 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക വിതരണം ചെയ്യുന്നതിനും നടപടി ക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

10. (ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ വിതുര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 1396 ഏക്കർ വിസ്തീർണ്ണമുള്ള തോട്ടമാണ് മഹാവീർ പ്ലാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് (ബോണക്കാട് എസ്റ്റേറ്റ്). ബോണക്കാട് എസ്റ്റേറ്റിൽ ആകെ മൂന്ന് ഡിവിഷനുകളാണുള്ളത്. വിവിധ പ്രശ്നങ്ങൾ കാരണം നിരവധി തവണ പൂട്ടുകയും തുറക്കുകയും ചെയ്ത തോട്ടം അവസാനമായി 5-3-2015-ൽ അടച്ചുപൂട്ടിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി മുൻ സർക്കാരിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2018-ൽ തോട്ടം തുറക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തിയെങ്കിലും മഹാവീർ പ്ലാന്റേഷൻസ് ആസ്തി ബാധ്യതകൾ സംബന്ധിച്ച വിവരങ്ങൾ സർക്കാരിലേയ്ക്ക്

സമർപ്പിച്ചിട്ടില്ലാത്തതിനാൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് കോവിഡ്കാല ധനസഹായമായി 2020-21 വർഷങ്ങളിൽ 1000 രൂപ വീതം നൽകുകയുണ്ടായി. കൂടാതെ പ്രസ്തുത എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് മുൻവർഷം ഓണത്തോടനുബന്ധിച്ച് സൗജന്യ ഭക്ഷ്യകിറ്റ് നൽകുകയുമുണ്ടായി. ഈ വർഷവും ഭക്ഷ്യകിറ്റ് നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ബോണക്കാട് എസ്റ്റേറ്റിൽ പ്ലാന്റേഷൻ റിലീഫ് കമ്മിറ്റി ഫണ്ട് ഉപയോഗിച്ച് വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് കുടിശ്ശിക 1,12,47,100 രൂപ ഉള്ളതായി പൂട്ടിയ തോട്ടങ്ങളിലെ വേതന കുടിശ്ശിക വിതരണ പുരോഗതി വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച ഏകാംഗ കമ്മീഷൻ റിട്ട. ജസ്റ്റിസ് അഭയ് മനോഹർ സപറേ മുമ്പാകെ അസിസ്റ്റന്റ് പ്രോവിഡന്റ് കമ്മീഷണർ, തിരുവനന്തപുരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള റവന്യൂ റിക്കവറി നടപടികളൊന്നും നടന്നുവരുന്നില്ല. ഗ്രാറ്റുവിറ്റി അതോറിറ്റിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ, തിരുവനന്തപുരം മുമ്പാകെ 3,44,47,039 രൂപയുടെ ഗ്രാറ്റുവിറ്റി ക്ലെയിം നിലവിൽ പെൻഡിംഗിലാണ്. സ്ഥിരം തൊഴിലാളികളുടേയും കാഷ്വൽ തൊഴിലാളികളുടേതുമായി ആകെ 558 തൊഴിലാളികളുടെ 1,36,03,950 രൂപയുടെ വേതനക്കുടിശ്ശിക സംബന്ധിച്ച ക്ലെയിം തിരുവനന്തപുരം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ നിലവിലുണ്ട്. പൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, വേതനക്കുടിശ്ശിക എന്നിവ സംബന്ധിച്ച് അതോറിറ്റി മുമ്പാകെ കേസ്സുകൾ നടന്നുവരുന്നുണ്ടെങ്കിലും ആനുകൂല്യങ്ങൾ വേഗം നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതി നിയോഗിച്ച കമ്മീഷണർ 1-3-2020, 19-2-2021, 19-4-2021, 4-8-2021 എന്നീ തീയതികളിൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. കമ്മീഷന്റെ അടുത്ത സിറ്റിംഗ് 8-9-2021-ൽ നിശ്ചയിച്ചിട്ടുണ്ട്.

11. (വിള ഇൻഷ്വറൻസ് സംബന്ധിച്ച് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

1. കേന്ദ്രാവിഷ്കൃത പദ്ധതിയായ പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് 2016 മുതൽ നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ Agriculture Insurance Company of India Limited (AICIL)-ആണ് ടെണ്ടർ മുഖേന പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ

താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, ശക്തമായ കാറ്റ്, വരൾച്ച, പ്രളയം തുടങ്ങി വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഇതിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ (ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ഒഴികെ) കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

2. 2019-20 റാബി സീസണിലെ പ്രീമിയം സബ്സിഡിയായി സംസ്ഥാന സർക്കാർ 1548.01062 ലക്ഷം രൂപ (ഒന്നാം ഗഡു-400.14137 ലക്ഷം രൂപ+രണ്ടാം ഗഡു-1147.86925 ലക്ഷം രൂപ) അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇതിന് ആനുപാതികമായി കേന്ദ്ര സർക്കാരും വിഹിതം കമ്പനിക്ക് നൽകിയിട്ടുണ്ട്.

3. 2019-20 റാബി സീസണിലെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ നഷ്ടപരിഹാരം നിർണ്ണയിച്ച് പദ്ധതി നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് 3250 ലക്ഷം രൂപ കൃത്യമായി തന്നെ വരവ് വച്ചിരുന്നു. എന്നാൽ കേരള ബാങ്കുകളിൽ IFSC കോഡ്- കർഷക അക്കൗണ്ട് നമ്പർ ചേർച്ചയില്ലായ്മ കാരണം 10293 കർഷകരുടെ നഷ്ടപരിഹാര തുകയായ 2080.73435 ലക്ഷം രൂപ തിരിച്ചുവരികയുണ്ടായി എന്നാണ് ഇൻഷ്വറൻസ് കമ്പനി അറിയിച്ചത്.

4. Restructured Weather Based Crop Insurance Scheme (RWBCIS) -ന്റെ മാനദണ്ഡങ്ങൾപ്രകാരം ഇൻഷ്വറൻസ് തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ (Direct Benefit Transfer).

5. 5-8-2021-ലെ പദ്ധതി അവലോകന മീറ്റിംഗിൽ സംസ്ഥാന കൃഷി വകുപ്പ് കേന്ദ്ര കൃഷി മന്ത്രാലയത്തെ ടി പ്രശ്നം അറിയിക്കുകയും തുടർന്ന് ബന്ധപ്പെട്ടവരുടെ (സഹകരണ ബാങ്കുകളിലേയും സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റിയുടേയും കേന്ദ്ര കൃഷിമന്ത്രാലയത്തിലെ പ്രതിനിധിയുടേയും) ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടി പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിയോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 10-8-2021-ന് ഇൻഷ്വറൻസ് കമ്പനി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയുണ്ടായി. കേരള ബാങ്കുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതുവരെ ബാങ്കിന് ഇൻഷ്വറൻസ് തുക കൈമാറാനും അവർ അത് അതാതു പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ ബാങ്കുകൾക്ക് നൽകി

കർഷകർക്ക് തുക നേരിട്ട് ലഭ്യമാക്കുന്നതിന് പ്രത്യേക അനുമതിക്കായി കേന്ദ്ര കൃഷി മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിക്കുവാനും യോഗം തീരുമാനിച്ചു. ഇക്കാര്യം 12-8-2021-ന് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാനം രേഖാമൂലം ആവശ്യം ഉന്നയിച്ചാൽ അനുകൂലമായ നിലപാട് ഒരു തവണ എടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം കൃഷി ഡയറക്ടർ കേന്ദ്രത്തിന് രേഖാമൂലം ഇക്കാര്യം അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിന് കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻതന്നെ നഷ്ടപരിഹാരം നൽകുന്നതിന് സാധിക്കുമെന്നാണ് കരുതുന്നത്.

12. (തൊഴിൽ പ്രതിസന്ധി സംബന്ധിച്ച് ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കൊച്ചി തുറമുഖ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി കൊച്ചിൻ പോർട്ട് ട്രസ്റ്റ് (CoPT) മുഖേനയാണ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 25 മത്സ്യബന്ധന തുറമുഖങ്ങൾ പുനരുദ്ധാരണത്തിന് മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (MPEDA) 2019 ജൂലൈയിൽ നടപടി കൈക്കൊണ്ടിട്ടുള്ളതിൽ കൊച്ചി തുറമുഖവും ഉൾപ്പെട്ടിട്ടുണ്ടെന്നും തോപ്പുംപടിയിലുള്ള കൊച്ചിൻ ഫിഷറീസ് ഹാർബറിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ആധുനികവൽക്കരണത്തിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള താപനില നിയന്ത്രിത ലേല കേന്ദ്രങ്ങൾ, പായ്ക്കിംഗ് യൂണിറ്റ്സ്, ഫിഷ് വെസലിൽനിന്നും യന്ത്രസഹായത്തോടെയുള്ള മത്സ്യത്തിന്റെ വേർതിരിക്കൽ, സ്റ്റോറേജിനായുള്ള ചിൽഡ് മുറികൾ, ഐസ് പ്ലാന്റ്, വാട്ടർ സപ്ലൈ, ഫ്യുവൽ ഔട്ട്ലെറ്റ്, നെറ്റ് മെൻഡിംഗ് യാർഡുകൾ, ബോട്ടുകൾക്കായുള്ള മൂറിംഗ് സൗകര്യങ്ങൾ, വാഹന പാർക്കിംഗ് സ്റ്റേഷനുകൾ, ക്യാന്റീൻ സൗകര്യങ്ങൾ എന്നിവ പദ്ധതിയിലുൾപ്പെടുത്തി 140.81 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായും ആധുനികവൽക്കരിച്ച ഹാർബറിന്റെ മാനേജ്മെന്റിനായും കൊച്ചിൻ പോർട്ട് ട്രസ്റ്റും മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുമായും ചേർന്ന് ജോയിന്റ് വെൻച്വർ കമ്പനി (JV) മാതൃകയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിന് കേന്ദ്ര തുറമുഖ, കപ്പൽ, ഗതാഗത മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊച്ചി തുറമുഖത്തിന്റെ സ്വകാര്യവൽക്കരണത്തിന് കൊച്ചിൻ പോർട്ട്

ട്രസ്റ്റിന് നിലവിൽ പദ്ധതിയില്ലെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ സ്വകാര്യവൽക്കരണം സംബന്ധിച്ച നടപടിയെന്തെങ്കിലും കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്വീകരിക്കുകയാണെങ്കിൽ ആ സമയത്ത് കൊച്ചി ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾ തൊഴിൽ വകുപ്പുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

13. (മത്സ്യകൃഷി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

പരിമിതമായ സ്ഥലത്തുനിന്നും കൂടുതൽ മത്സ്യോല്പാദനം സാധ്യമാക്കാൻ കഴിയുന്നതും അതിസാന്ദ്രതയിൽ മത്സ്യകൃഷി സാധ്യമാക്കുന്നതുമായ ഒരു നൂതന കൃഷിരീതിയാണ് 'ബയോഫ്ലോക് 'മത്സ്യകൃഷി. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പാക്കിയ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് ആദ്യമായി ബയോഫ്ലോക് മത്സ്യകൃഷി ആരംഭിച്ചത്. 2020-21 വർഷം 2457 ബയോഫ്ളോക് യൂണിറ്റുകളാണ് സംസ്ഥാനത്തൊട്ടാകെ ആരംഭിച്ചത്. ഉയർന്ന വളർച്ചാനിരക്കും നല്ല വിപണി സാദ്ധ്യതയുമുള്ള തിലാപ്പിയ മത്സ്യ ഇനങ്ങളായ ഗിഫ്റ്റ്, ചിത്രലാഡ എന്നിവയെയാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. കേരള സർക്കാരിന്റെയോ, സ്വകാര്യ സംരംഭങ്ങളുടെയോ ഭാഗമായി കേരളത്തിൽ ഇത്തരം മത്സ്യത്തെ ഉല്പാദിപ്പിക്കുന്നതിനുള്ള ഹാച്ചറികൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ (ആർ.ജി.സി.എ.)-ൽ നിന്നും 20 ദിവസത്തിൽ താഴെ വളർച്ചയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കി കേരളത്തിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഹാച്ചറികളിൽ പരിപാലിച്ച് ഫിംഗർ ലിംഗ്സ് വലിപ്പമെത്തുമ്പോൾ അവയും വല്ലാർപാടത്തെ ആർ.ജി.സി.എ. ഹാച്ചറിയിൽനിന്നും ലഭ്യമായവയേയും അയൽ സംസ്ഥാനങ്ങളിലെ ഹാച്ചറികളിൽനിന്നും ശേഖരിച്ചുമാണ് അഡാക്ക് കർഷകർക്ക് തിലാപ്പിയ കുഞ്ഞുങ്ങളെ കൃഷിക്ക് ലഭ്യമാക്കിയിരുന്നത്. എന്നാൽ അഡാക്കിന്റെ ആഭിമുഖ്യത്തിൽ ഇത്തരത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ടെണ്ടർ എടുത്തിരുന്ന ചില സ്വകാര്യ സ്ഥാപനങ്ങൾ ഗുണനിലവാരമില്ലാത്ത മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈസൻസ് ഇല്ലാതെ ഇറക്കുമതി അനുവദിക്കരുതെന്ന് കാണിച്ച് എയർപോർട്ട്,

ട്രാൻസ്പോർട്ട് അധികൃതരെ അറിയിക്കുകയും ആയത് കർശനമായി നടപ്പാക്കുകയും ചെയ്തുവരുന്നു. ഗുണനിലവാരമുള്ള തിലാപ്പിയ കുഞ്ഞുങ്ങൾ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനായി കേരളത്തിൽ സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് നെയ്യാറിലും പത്തനംതിട്ടയിൽ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉല്പാദനശേഷിയുള്ള ഹാച്ചറികളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. കൂടാതെ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ ഒരു കോടിയും പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 50 ലക്ഷവും ഉല്പാദനശേഷിയുള്ള തിലാപ്പിയ ഹാച്ചറികൾക്ക് ഭരണാനുമതി നൽകി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒരു കോടി ഉല്പാദന ശേഷിയുള്ള നൈൽ തിലാപ്പിയ ഹാച്ചറി കോഴിക്കോട് ജില്ലയിലെ കല്ലാനോട് ആരംഭിക്കുന്നതിന് ഡി.പി.ആർ. തയ്യാറായിക്കഴിഞ്ഞു. മത്സ്യക്കുഞ്ഞുങ്ങളുടെ ഗുണനിലവാരം അഡാക്ക് പി.സി.ആർ. ലാബുകളിൽ പരിശോധിച്ച ശേഷമാണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. ഇതിനായി കൂടുതൽ അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററുകൾ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെ വിവിധ തരം മത്സ്യകൃഷികൾക്കായി നിലവിൽ 325 ലക്ഷം തിലാപ്പിയ കുഞ്ഞുങ്ങളുടെ ആവശ്യകത നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്ത് യഥാസമയം കർഷകർക്ക് ഗുണനിലവാരമുള്ള തിലാപ്പിയ കുഞ്ഞുങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ സംവിധാനങ്ങൾ ഒരുക്കുന്നതിനൊപ്പം കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഗിഫ്റ്റ് ഹാച്ചറി ആരംഭിക്കാൻ തല്പരരായി സ്വകാര്യ സംരംഭകർ മുന്നോട്ടുവരുന്നപക്ഷം ആയത് പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. ഫിഷറീസ് വകുപ്പിന് സ്വന്തമായി മത്സ്യക്കുഞ്ഞ് ഉല്പാദന കേന്ദ്രങ്ങൾ ഇല്ലാത്ത കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അഡാക്ക് ടെണ്ടർ വഴി ഏർപ്പെടുത്തുന്ന വിതരണക്കാരാണ് മത്സ്യക്കുഞ്ഞുവിതരണം നടത്തിയിട്ടുള്ളത്. ഇങ്ങനെ നൽകപ്പെട്ടതിൽ കണ്ണൂർ ജില്ലയിലെ 15-ഉം കാസർഗോഡ് ജില്ലയിലെ 7-ഉം യൂണിറ്റുകളിൽ മത്സ്യക്കുഞ്ഞുങ്ങൾ നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പകരം കർഷകർക്ക് മത്സ്യക്കുഞ്ഞ് നൽകുന്നതിന് അഡാക്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഓഫ് സീസൺ ആയതിനാൽ വിജയവാഡയിലെ ആർ.ജി.സി.എ. ഹാച്ചറിയിൽനിന്നുള്ള മത്സ്യക്കുഞ്ഞുങ്ങളെ കിട്ടുന്നില്ല. ആയതിനാൽ ഗുണമേന്മയുള്ള നൈൽ തിലാപ്പിയ കുഞ്ഞുങ്ങളുടെ ലഭ്യത കുറവ് കാരണം ടാങ്കുകൾ സ്ഥാപിച്ച 24 കർഷകർക്ക് യഥാസമയം കുഞ്ഞുങ്ങളെ

ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. സെപ്റ്റംബർ മാസത്തോടെ വിജയവാഡയിൽനിന്നും മത്സ്യക്കുഞ്ഞുങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ 22 കർഷകർക്കും പുതുതായി നൽകേണ്ട 24 കർഷകർക്കും മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കാൻ കഴിയുന്നതാണ്. സംസ്ഥാനത്ത് മത്സ്യോല്പാദനം, വിതരണം, ഇറക്കുമതി, കയറ്റുമതി എന്നിവ നടത്തുന്നവർക്ക് 2014-ലെ കേരള മത്സ്യവിത്ത് നിയമവും തുടർന്നുള്ള ചട്ടവുംപ്രകാരം രജിസ്ട്രേഷനും ലൈസൻസും ഉറപ്പാക്കുകയും മത്സ്യക്കുഞ്ഞിന്റെ ഗുണനിലവാര പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ മത്സ്യകൃഷി മാർഗ്ഗങ്ങളിലൂടെ ഉല്പാദിപ്പിക്കപ്പെട്ട മത്സ്യത്തിന് വിപണി ഉറപ്പാക്കുന്നതിന് ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതോടൊപ്പം ഇവിടെ ജീവനുള്ള മത്സ്യങ്ങളെ വിപണനം നടത്തുന്നതിനും സൗകര്യമൊരുക്കുന്നതാണ്. കൂടാതെ ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന 47 ഫിഷ്മാർട്ടുകളുടെയും സർവ്വീസ് സഹകരണ ബാങ്കുകളുമായി ചേർന്ന് 53 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

14. (തെയ്യം കലാ അക്കാഡമി സംബന്ധിച്ച് ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

തെയ്യം കലാരൂപത്തെ ദൈവവിശ്വാസത്തിന്റെ ഭാഗമായ അനുഷ്ഠാനമായാണ് മലബാറിലെ ജനത നെഞ്ചിലേറ്റിയിട്ടുള്ളത്. തെയ്യം ഒരു കലാരൂപം അല്ല, മറിച്ചൊരു ജനതയുടെ അനുഷ്ഠാന ആരാധനയാണ്. ആകയാൽ തെയ്യത്തെ സംബന്ധിച്ച പഠന, പ്രദർശന, പരിശീലനങ്ങൾ അതിസൂക്ഷ്മതയോടെ വിശ്വാസി സമൂഹത്തിന്റെ അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ടുവേണം നടപ്പിലാക്കേണ്ടത്. 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ തെയ്യം കലാ അക്കാഡമി സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ വകയിരുത്തുകയും ചൊക്ലി ഗ്രാമപഞ്ചായത്തിനെ പദ്ധതിയുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. 20-2-21-ലെ സ.ഉ.(സാധാ) നം.129/2021/ സാം.കാ.വ. പ്രകാരം തെയ്യം കലാ അക്കാഡമി സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകി ഉത്തരവ് നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള ഈ തെയ്യം കലാ അക്കാഡമി തലശ്ശേരി ചൊക്ലി നിടുമ്പ്രം മുത്തപ്പൻ മാപ്പുരയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ദേശത്ത് ചന്തപ്പുരയിൽ

മ്യൂസിയം വകുപ്പിന്റെ നേതൃത്വത്തിൽ ഒരു തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിച്ചിട്ടുണ്ട്. പ്രസ്തുത മ്യൂസിയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ഈ പദ്ധതി വിഭാവന ചെയ്ത സമയത്തും പ്രദേശത്തെ ജനതയിൽനിന്നും എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. അവരുടെ സംശയങ്ങൾ ദൂരീകരിച്ചുകൊണ്ടാണ് മ്യൂസിയം സ്ഥാപിക്കുന്ന നടപടിയുമായി മുന്നോട്ടുപോകുന്നത്. തെയ്യം, തിറ അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട ഇതര കലകളുടെ സംരക്ഷണം, കലാകാരന്മാരുടെ ക്ഷേമം, അനുഷ്ഠാന കലകളുടെ മ്യൂസിയം, ആർട്ട് ഗ്യാലറി തുടങ്ങിയ പ്രവർത്തനങ്ങൾ സാംസ്കാരികകാര്യ വകുപ്പിനുവേണ്ടി വളരെ മുമ്പ് മുതൽതന്നെ കേരള ഫോക്ക്‌ലോർ അക്കാദമിയാണ് നടത്തിവരുന്നത്. ലോകശ്രദ്ധയാകർഷിക്കുംവിധമുള്ള ഒരു തെയ്യം മ്യൂസിയം അക്കാദമി ആസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മുടിയേറ്റ്, പടയണി, പൂതനും തിറയും എന്നീ ഇതര അനുഷ്ഠാന കലകളും അക്കാദമി സംരക്ഷിച്ചുവരുന്നുണ്ട്.

ദൈവവിശ്വാസത്തിന്റെ ഭാഗമായ അനുഷ്ഠാനകലയാണ് തെയ്യമെന്നതിനാൽ ഇതിനെയൊരു കലാരൂപം എന്നനിലയിൽ പരിശീലിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ വിശ്വാസികൾ ഉൾപ്പെടെയുള്ളവരുടെ വികാരങ്ങളും അഭിപ്രായങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ചൊക്ലി ഗ്രാമപഞ്ചായത്ത് മുൻകയ്യെടുത്ത് സ്ഥാപിച്ചിട്ടുള്ള തെയ്യം കലാ അക്കാദമിയുടെ പ്രവർത്തനത്തിൽ സാംസ്കാരികകാര്യ വകുപ്പിന്റെ പങ്കാളിത്തവും സഹകരണവും സംബന്ധിച്ച് കേരള ഫോക്ക്‌ലോർ അക്കാദമിയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കൂടുതൽ ചർച്ചകളും പരിശോധനകളും നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്.

15. (സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

16-4-2001-ലെ സ.ഉ. (എം.എസ്.) നമ്പർ 144/2001/പൊ.വി.വ. പ്രകാരം രൂപീകരിച്ച സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 2:1 എന്ന അനുപാതത്തിൽ യോഗ്യരായ എച്ച്.എസ്.എസ്.ടി.-മാരിൽനിന്നും എച്ച്.എം.-മാരിൽനിന്നുമാണ് നിയമിക്കുന്നത്. ഇവർക്ക് മിനിമം 12 വർഷത്തെ അദ്ധ്യാപനപരിചയം യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. എച്ച്.എസ്.എസ്.ടി. തസ്തികയിലെ സീനിയോരിറ്റിയുടെയും അദ്ധ്യാപന പരിചയത്തിന്റെയും അടിസ്ഥാനത്തിലാണ് മേൽനിയമനം നടത്തുന്നത്. എച്ച്.എസ്.എസ്.ടി. ജൂനിയർ

തസ്തികയുടെ പ്രൊമോഷൻ തസ്തികയാണ് എച്ച്.എസ്.എസ്.ടി. സീനിയർ തസ്തിക. സീനിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ മതിയായ ജൂനിയർ അദ്ധ്യാപകർ ഇല്ലാതാകുമ്പോൾ മാത്രമാണ് 3:1 അനുപാതത്തിൽ, അത് പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനത്തിനും എച്ച്.എസ്.എ./യു.പി.എസ്.എ./ എൽ.പി.എസ്.എ.-യിൽ നിന്നുമുള്ള ബൈടാൻസ്ഫർ നിയമനത്തിനും നൽകുന്നത്. എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയുടെ പ്രൊമോഷൻ തസ്തികയായ എച്ച്.എസ്.എസ്.ടി. സീനിയർ തസ്തികയിൽ നിന്നും അടുത്തതായി പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കാണ് പ്രൊമോഷൻ നൽകുന്നത്. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ തസ്തികയിൽനിന്നും നേരിട്ട് പ്രിൻസിപ്പാൾ തസ്തികയിലേയ്ക്കുള്ള നിയമനം നൽകാൻ കഴിയില്ല.

2-3-2019-ലെ സ.ഉ.(സാധാ)നം. 838/2019/പൊ.വി.വ. പ്രകാരം ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റവും നിയമനങ്ങളും സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിന് ജൂനിയർ സർവ്വീസ് കാലയളവ്, ജൂനിയർ അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനും സീനിയർ സർവ്വീസ് കാലയളവ്, സീനിയർ അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനും മാത്രമായിട്ടാണ് പരിഗണിക്കുന്നത്. ജൂനിയർ സർവ്വീസ് കാലയളവും സീനിയർ സർവ്വീസ് കാലയളവും ഒന്നിച്ച് കണക്കാക്കി പരിഗണിക്കാൻ നിലവിലെ നിയമപ്രകാരം സാധിക്കില്ല. ഇപ്പോൾ ജൂനിയർ കാറ്റഗറിയിലാണ് പരീക്ഷയും തെരഞ്ഞെടുപ്പും നടത്തുന്നതും ലിസ്റ്റ് തയ്യാറാക്കപ്പെടുന്നതും. ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിലാണ് ജൂനിയർ, സീനിയർ കാറ്റഗറി കണക്കാക്കപ്പെടുന്നത്. ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ പരമാവധി 14 പീരിഡുകൾ കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ സീനിയർ അദ്ധ്യാപകന് 25 പിരീഡുകളിൽ അദ്ധ്യാപനം നടത്തേണ്ടതുണ്ട്. അതുകൊണ്ട് ജൂനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിലിനേക്കാൾ (45,600-95,600) കൂടുതലായിരിക്കും സീനിയർ അദ്ധ്യാപകന്റെ ശമ്പള സ്കെയിൽ (55,200-1,15,300). എന്നിരുന്നാലും ജൂനിയർ അദ്ധ്യാപകന്റെ സേവനകാലയളവ് പരിഗണിച്ച് എട്ട് വർഷമാകുമ്പോൾ ഹയർ ഗ്രേഡും (55,200-1,15,300)15 വർഷമാകുമ്പോൾ സെലക്ഷൻ ഗ്രേഡും (56,500-1,18,100) അനുവദിച്ച് നൽകുന്നു.

16 .(ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച് ശ്രീ. എം. വിജിൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

അക്കാദമി ഓഫ് മെഡിക്കൽ സയൻസിന്റെ കീഴിലായിരുന്ന അൺഎയ്ഡഡ് വിഭാഗത്തിൽപ്പെട്ട പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിനെ 18-3-2019-ലെ G.O.(MS)No.43/2019/H&FWD പ്രകാരം പൊതു

വിദ്യാഭ്യാസ മേഖലയിൽ നടത്തിക്കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെങ്കിലും ജീവനക്കാരെ നിയമിക്കുന്നതുസംബന്ധിച്ച് അന്തിമതീരുമാനം ആകാത്തതിനാലും നിലവിലുണ്ടായിരുന്ന ജീവനക്കാർക്ക് ഏറ്റെടുക്കലിനുശേഷം ആനുകൂല്യങ്ങളൊന്നും ലഭിക്കാത്ത സാഹചര്യത്തിലും പ്രസ്തുത ജീവനക്കാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ വേതനം അനുവദിച്ചുകൊണ്ടും സ്കൂൾ നടത്തിപ്പുമായി ബന്ധപ്പെട്ട താല്ക്കാലിക ചുമതല കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിക്കൊണ്ടും 16-10-2020-ലെ G.O.(Rt)No.2804/2020/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 2019-20-ലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ളതും കെ.ഇ.ആർ. പ്രകാരം അനുവദനീയമായതുമായ തസ്തികകളിൽ ജോലി ചെയ്തുവരുന്ന 19 ജീവനക്കാർക്ക് അതുപ്രകാരമുള്ള നിശ്ചിത യോഗ്യതയുണ്ടെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ വേതനം അനുവദിക്കുന്നതിനും കെ.ഇ.ആർ.-ൽ പരാമർശിച്ചിട്ടില്ലാത്ത തസ്തികകളിൽ ജോലി ചെയ്യുന്ന ശേഷിക്കുന്ന മൂന്ന് ജീവനക്കാർക്ക് സ്പെഷ്യൽ കേസ്സായി പരിഗണിച്ച് ദിവസ വേതനാടിസ്ഥാനത്തിൽ വേതനം അനുവദിക്കുന്നതിന് 26-2-2021-ലെ G.O.(Rt)No.2011/2021/GEDN പ്രകാരം കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ടി ഉത്തരവിൽ, കെ.ഇ.ആർ. വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് ഫിക്സേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും തസ്തിക സൃഷ്ടിച്ചതിനുശേഷം പ്രസ്തുത തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ടതും പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്നവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് നിലവിലുള്ള ദിവസവേതനക്കാരെ പിരിച്ച് വിടേണ്ടതുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഈ ഉത്തരവിനെ ചോദ്യം ചെയ്ത് പരിയാരം മെഡിക്കൽ കോളേജ് പബ്ലിക് സ്കൂളിലെ ചില ജീവനക്കാർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA (EKM) No. 512/2021, OA (EKM) No. 573/2021 എന്നീ നമ്പരുകളിൽ കേസ് ഫയൽ ചെയ്യുകയും OA (EKM)No. 573/2021 നമ്പർ കേസ്സിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16-3-2021-ലെ ഇടക്കാല വിധിയിൽ 26-2-2021-ലെ G.O. (Rt) No. 2011/2021/GEDN സ്റ്റേ ചെയ്യുകയും ചെയ്തു. ഇതേ കേസ്സിൽ ബഹുമാനപ്പെട്ട ട്രൈബ്യൂണൽ പുറപ്പെടുവിച്ച 16-6-2021-ലെ ഇടക്കാല വിധിന്യായത്തിൽ മൂന്നാഴ്ച്ചയ്ക്കകം സർക്കാർ സ്കൂൾ ഏറ്റെടുക്കുന്നതിന് മുമ്പുള്ള നിരക്കിൽ ശമ്പളം നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നിലവിൽ

ജോലി നോക്കുന്ന അദ്ധ്യാപകർ, അനദ്ധ്യാപകർ, അതിൽ കെ.ഇ.ആർ. പ്രകാരം യോഗ്യതയുള്ളവർ, വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം എന്നിവ വിശദമായി പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി ചുരുങ്ങിയത് 4 മാസത്തെ സമയമെങ്കിലും ആവശ്യമാണ്. അതിനാൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനോട് നാല് മാസത്തെ സമയം നീട്ടി ചോദിക്കുവാൻ 23-7-2021-ലെ N3/37/2021/GEDN നമ്പർ കത്ത് പ്രകാരം അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലായതിനാൽ സബ്ജുഡീസ് ആണ്. ആയതിനാൽ ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം നൽകുവാൻ ഇപ്പോൾ സാധിക്കുകയില്ല.

17.(ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലുൾപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകി ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആരംഭിച്ചതാണ് മുണ്ടേരി ഇക്കോ ടൂറിസം പദ്ധതി. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി തന്നെ മുൻകയ്യെടുത്തുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മുണ്ടേരി ഗ്രാമപഞ്ചായത്ത് രൂപം നൽകിയ 73.5 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. അത് വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ദേശാടന പക്ഷികളുടെ പ്രധാന സങ്കേതമായ ഇവിടെ ആ ആവാസവ്യവസ്ഥ നിലനിർത്തിക്കൊണ്ടുള്ള പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്. പ്രകൃതിയെക്കുറിച്ച് പഠിക്കാനെത്തുന്നവർക്കും വിനോദസഞ്ചാരികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതിരിക്കാൻ വിനോദ സഞ്ചാര പാക്കേജുകൾ വഴി അനുവദിച്ചിരിക്കുന്ന സഞ്ചാരികളുടെ എണ്ണം നിജപ്പെടുത്തിയിട്ടുണ്ട്. തദ്ദേശീയരായ ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. അവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എന്ന ലക്ഷ്യവുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിന് മാതൃകയാക്കാവുന്ന ഒരു പദ്ധതിയായി മുണ്ടേരി ഇക്കോ ടൂറിസം പദ്ധതിയെ മാറ്റിത്തീർക്കാനുള്ള കൂട്ടായ പരിശ്രമമാണ് നടത്തുന്നത്.

18. (മുല്ലശ്ശേരി- കാഞ്ഞാണി റോഡുനിർമ്മാണം സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

ചാവക്കാട്-തൃപ്രയാർ റോഡിൽ മുല്ലശ്ശേരി മുതൽ കാഞ്ഞാണി വരെയുള്ള ഭാഗം B.M.&B.C (Bituminous Macadam and Bituminous Concrete) ആക്കുന്ന പ്രവൃത്തിക്ക് 16-3-2017-ന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ അമൃത് കുടിവെള്ള പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടതിനാൽ ബി.എം.& ബി.സി. പ്രവൃത്തി പൂർത്തിയാക്കാനായില്ല. ഇതിനിടെ, ബിറ്റുമിൻ നിരക്കിൽ വന്ന വ്യതിയാനത്തെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കേണ്ടതായും വന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതിക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തര നടപടി കൈക്കൊള്ളുന്നതോടൊപ്പം വേഗത്തിൽ തന്നെ പ്രവൃത്തി നടത്താനുള്ള ശ്രമവും വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

19. (റെയിൽവേ മേൽപ്പാല നിർമ്മാണം സംബന്ധിച്ച് ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

കൊല്ലം-പരവൂർ-ഒല്ലാൽ റെയിൽവേ ഗേറ്റിന് (LC No.554) പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിന് 2006-07-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala Ltd) പദ്ധതിക്കുവേണ്ട സർവ്വേ നടത്തി, ജനറൽ അലൈൻമെന്റ് ഡ്രോയിംഗിന് റെയിൽവേ അംഗീകാരം നൽകിയെങ്കിലും അന്ന് അത് യാഥാർത്ഥ്യമായില്ല. 27.04.2018-ൽ പ്രസ്തുത മേൽപ്പാലം നിർമ്മാണം കിഫ്ബിയിലുൾപ്പെടുത്തി, ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിച്ച്, 36.75 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ ആവശ്യപ്പെടുകയും ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (GAD) അംഗീകാരത്തിനായി ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ റെയിൽവേയുടെ വർക്ക് പ്ലാനിൽ പ്രസ്തുത പദ്ധതി ഒഴിവാക്കിയെന്നും ആയതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളൂവെന്നും ജൂൺ മാസം രണ്ടാം തീയതി റെയിൽവേ ആർ.ബി.ഡി.സി.കെ.-യെ അറിയിക്കുകയുണ്ടായി. അതിനാൽ പദ്ധതി 2021-22-ലെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്താൻ റെയിൽവേയോട് വീണ്ടും ആവശ്യപ്പെടുന്നതാണ്.

20. (റോഡുപുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

ആലുവയിൽനിന്ന് ആരംഭിച്ച് കോതമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ, പെരുമ്പൻകുത്ത് വരെ എത്തിച്ചേരുന്ന ആലുവ-മൂന്നാർ റോഡ് (പഴയ രാജപാത) ഇപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് വരുന്നത്. എന്നാൽ പെരുമ്പൻകുത്ത് മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതല്ല. തട്ടേക്കാട് മുതൽ കുട്ടമ്പുഴ വരെയുള്ള ഭാഗം കിഫ്ബിയിലുൾപ്പെടുത്തി നവീകരിച്ചുവരുന്നു. ആദ്യഭാഗത്ത് ബി.സി. ഓവർലേ ചെയ്യുന്നതിന് വർക്ക് അറേഞ്ച് ചെയ്തിരുന്നുവെങ്കിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനാൽ പ്രവൃത്തിയാരംഭിക്കാൻ കഴിഞ്ഞില്ല. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെ വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങളില്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരം കുറഞ്ഞ പാതയായിരുന്നു. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് സ്ഥാപിച്ച ഈ പാതയിൽ പെരുമ്പൻകുത്തിനും പൂയംകുട്ടിക്കുമിടയിൽ മലയിടിഞ്ഞതോടെ പൂയംകുട്ടി മുതലുള്ള റോഡ് വനം വകുപ്പ് അടച്ചിരിക്കുകയാണ്. ഈ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ, വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിലേയ്ക്ക് പലതവണ കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പുമായി കൂടി ചർച്ച ചെയ്ത് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

21. (റോഡുവികസനം സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

തൃശ്ശൂരിനെ വടക്കൻ കേരളത്തിലെ ജില്ലകളുമായി ബന്ധിപ്പിക്കുന്ന തൃശ്ശൂർ-കുറ്റിപ്പുറം റോഡ് നവീകരണത്തിന് ഉയർന്ന പരിഗണനയാണ് സർക്കാർ നൽകുന്നത്. റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി റോഡ് നവീകരണം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. റോഡിലെ ചില കയ്യേറ്റങ്ങളെ കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സേവ്യർ ചിറ്റിലപ്പിള്ളി ഉന്നയിച്ചിരിക്കുന്നത്. മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.8 കിലോമീറ്റർ റോഡിലെ കുപ്പിക്കഴുത്ത് സൃഷ്ടിക്കുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. ഈ റോഡിന്റെ പ്രവൃത്തി ആരംഭിക്കുമ്പോൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി അളക്കുകയും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. 1961-ലെ ലാൻഡ് അക്വിസിഷൻ പ്രകാരം അളന്ന് തിട്ടപ്പെടുത്തിയ ഭൂമിയിൽ കയ്യേറ്റമുണ്ടോ എന്ന് പരിശോധിച്ച്

സർക്കാർ ഭൂമി മുഴുവനായി വീണ്ടെടുക്കുന്ന കാര്യം റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിന്റെ ഗൗരവാവസ്ഥ കണക്കിലെടുത്ത് സ്ഥലം ഉടൻ തന്നെ സന്ദർശിക്കുന്നതാണ്.

22. (ഡയബറ്റിക് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

ഇന്ത്യാക്കാരിൽ പ്രത്യേകിച്ച് കേരളീയരിൽ പ്രമേഹ രോഗം ക്രമാതീതമായി വർദ്ധിക്കുകയും പ്രമേഹ രോഗികളുടെ എണ്ണത്തിൽ ഇന്ത്യ ആഗോളതലത്തിൽ ഒന്നാം സ്ഥാനത്താവുകയും ചെയ്ത സാഹചര്യത്തിൽ ഈ രോഗത്തെക്കുറിച്ചുള്ള പഠനത്തിനും ഗവേഷണത്തിനുമായി ഇന്ത്യൻ ജനതയെ സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുലയനാർകോട്ടയിലെ നെഞ്ചുരോഗാശുപത്രിക്കുസമീപം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനം ചെറിയ തോതിൽ പ്രവർത്തനം ആരംഭിച്ചത്. സംസ്ഥാന സർക്കാരിന്റെയും വേൾഡ് -ഇന്ത്യാ ഡയബറ്റിസ് ഫൗണ്ടേഷൻ (W-IDF) എന്ന സംഘടനയുടെയും സംയുക്ത സംരംഭമായിട്ടാണ് പ്രവർത്തനമാരംഭിച്ചതെങ്കിലും പിന്നീട് ഈ സ്ഥാപനം പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ആരംഭഘട്ടം മുതൽ സർക്കാരിൽനിന്ന് ഈ സ്ഥാപനത്തിനാവശ്യമായ സാമ്പത്തിക സഹകരണങ്ങൾ ലഭ്യമായിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡായി ലഭിച്ച 13.5 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിലൂടെ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച 2.6 കോടി രൂപയും ഉപയോഗിച്ചാണ് ഒ.പി. ബ്ലോക്കുകൾക്കായിട്ടുള്ള രണ്ട് കെട്ടിടങ്ങൾ നിർമ്മിച്ചതും ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതും. പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിലായി ഒരു നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി സംസ്ഥാന സർക്കാർ അനുവദിച്ച് നൽകി വരുന്നുണ്ട്. ഈ സാമ്പത്തിക വർഷം പ്ലാൻ ഇനത്തിൽ ഒരു കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 71.46 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇവിടെ ചികിത്സ തേടുന്ന രോഗികൾക്ക് അത്യന്താധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ചികിത്സ നൽകിവരുന്നുണ്ട്. ദൈനംദിനം ശരാശരി 250-ലധികം രോഗികൾ ഇവിടെ ചികിത്സ തേടി വരുന്നുണ്ട്. ഇത്തരത്തിൽ പ്രമേഹ രോഗ ചികിത്സാ രംഗത്ത് ഈ സ്ഥാപത്തിന് വളരെയേറെ മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പ്രമേഹ രോഗം സംബന്ധിച്ച പഠനത്തിനും ഗവേഷണത്തിനും സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പരിപൂർണ്ണമായി പ്രവർത്തിക്കാനുമായി ഈ സ്ഥാപനം ഇനിയും മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും പ്രമേഹ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സംസ്ഥാനത്ത് പ്രമേഹ രോഗത്തിന്റെ വ്യാപനം ആശങ്കയുളവാക്കുന്നതാണ്. ഏകദേശം 25 ശതമാനത്തിലധികം ജനങ്ങൾ ഈ രോഗത്തിന് അടിമപ്പെട്ട് കഴിയുന്നവരാണെന്ന് റിപ്പോർട്ടുകളുണ്ട്. നൂതന ചികിത്സാ മുറകളിലൂടെയും പുതിയ മരുന്നുകൾ ഉപയോഗിച്ചും അസുഖത്തിന്റെ തീവ്രത കുറയ്ക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ അസുഖത്തെ പൂർണ്ണമായും ഉന്മൂലം ചെയ്യുന്നതിനുള്ള കണ്ടുപിടിത്തങ്ങളൊന്നും ഇതുവരെ നിലവിൽ വന്നിട്ടില്ല. ഈ കോവിഡ് മഹാമാരിയുടെ കാലത്തുണ്ടായ മരണങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ ഈ അസുഖത്തിന് ഒരു പൂർണ്ണവിരാമമിടേണ്ടതിന്റെ ആവശ്യകതയേറുന്നു. കോവിഡിന്റെ ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലുമായി കുറേപേർ ഇതിനോടകം മരണത്തിന് കീഴടങ്ങിയിട്ടുണ്ട്. ഇവരിൽ കുറേപേർ പ്രമേഹമോ മറ്റ് മാരക അസുഖങ്ങളോ ഉള്ളതിനാലാണ് ചികിത്സ ഫലിക്കാതെ മരണത്തിന് കീഴടങ്ങേണ്ടി വന്നിട്ടുള്ളതെന്ന് കാണാവുന്നതാണ്. കോവിഡ് മഹാമാരിയുടെ കാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന ഈ ജീവനഷ്ടംകൂടി കണക്കിലെടുക്കുമ്പോൾ പ്രമേഹ രോഗത്തിന് അന്ത്യം കുറിക്കേണ്ടത് അനിവാര്യമാണ്. അതിനാൽ ചികിത്സ പ്രദാനം ചെയ്യുന്നതോടൊപ്പം പ്രമേഹമെന്ന മഹാമാരിയെ തുരത്തുന്ന വിധമുള്ള കണ്ടുപിടിത്തങ്ങൾ നടത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗകര്യങ്ങളും മനുഷ്യവിഭവവും ഉപയോഗിച്ച് വിദഗ്ധരെയുൾപ്പെടുത്തി ഗവേഷണത്തിനും പഠനത്തിനുമായുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാവശ്യമായ നടപടി ആവശ്യമാണ്. തിരുവനന്തപുരം എൻഡോക്രൈനോളജി വിഭാഗം മേധാവി ഈ സ്ഥാപനത്തിന്റെ ഡയറക്ടറുടെ ചുമതല വഹിക്കുന്നതിനൊപ്പം സേവനവും നൽകിവരുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ മെഡിക്കൽ കോളേജിലെയും ജനറൽ ആശുപത്രിയിലെയും ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൺസൾട്ടേഷൻ വ്യവസ്ഥയിൽ ഉപയോഗിച്ചുവരുന്നു. കൂടാതെ സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും കോൺട്രാക്ട് വ്യവസ്ഥയിൽ താത്കാലികമായി നിയമിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ നിലവിൽ ഡോക്ടർമാരുൾപ്പെടെ 76 ജീവനക്കാരാണ് ഈ സ്ഥാപനത്തിൽ താത്കാലികമായി തുടർന്നുവരുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജി കോഴ്സ് പൂർത്തീകരിച്ച ഡോക്ടർമാർ ആരോഗ്യ വിഭാഗത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. ഈ വിഭാഗത്തിലെ ഡോക്ടർമാരുടെ സേവനം ഈ സ്ഥാപനത്തിലും ലഭ്യമാണ്. ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നതിന് ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും നിയമനങ്ങളിൽ ഒരു സ്ഥിരം സംവിധാനം അനിവാര്യമാണ്.

ഇക്കാര്യം കണക്കിലെടുത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടന, പ്രവർത്തനം എന്നിവ മുന്നോട്ട് കൊണ്ടുപോകുന്നതിന് പഠനം നടത്തി ആവശ്യമായ ശിപാർശകൾ നൽകുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. അവർ നൽകിയ ശിപാർശ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭ്യമായിട്ടില്ല. നിലവിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം നൽകുന്നതിന് വാർഷിക ചെലവ് രണ്ട് കോടി അൻപത് ലക്ഷം രൂപയാണ്. സർക്കാർ ഗ്രാന്റിനത്തിൽ 71.46 ലക്ഷം രൂപയാണ് നൽകിവരുന്നത്. ബാക്കി തുക തനത് വരുമാനത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. കേരളത്തിന്റെ സവിശേഷ സാഹചര്യം ആവശ്യപ്പെടുന്ന ഒന്നാണ് പ്രമേഹ രോഗികളിൽ ആധുനിക ചികിത്സ ലഭ്യമാക്കേണ്ടതും കൂടുതൽ ഗവേഷണങ്ങൾ ഈ മേഖലയിൽ നടത്തേണ്ടതും. ഇത്തരം പ്രവർത്തനങ്ങൾക്ക് ഡോക്ടർമാരെയും ഗവേഷണത്തിൽ തൽപ്പരരായ മറ്റ് ജീവനക്കാരെയും ആകർഷിക്കേണ്ടതുമായ ഒരു ഘട്ടത്തിലൂടെയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനത്തെ രാജ്യാന്തര തലത്തിൽ ഉയർത്തേണ്ടതിന്റെ ആവശ്യകത മുൻനിർത്തി സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് തസ്തിക സൃഷ്ടിച്ച് നിയമനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കി ഇവിടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതുസംബന്ധിച്ച് പരിശോധിക്കുന്നതാണ്.

23. (സ്പെഷ്യാലിറ്റി ബ്ലോക്കുനിർമ്മാണം സംബന്ധിച്ച് ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് ബഹു.ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ)

മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പുതിയ ആശുപത്രി കെട്ടിടത്തിന്റെയും മെയിൽ, ഫീമെയിൽ വാർഡുകൾ ഒ.പി. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെയും നിർമ്മാണത്തിനായി 40.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി പൊതുമരാമത്ത് വകുപ്പാണ്. പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ഒന്നാംഘട്ടത്തിൽ ഫീമെയിൽ വാർഡിലെ 7 ബ്ലോക്കുകളുടെ 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ലോറിംഗ് വർക്കും 85% പൂർത്തീകരിച്ചിട്ടുണ്ട്. ജനൽ, വാതിൽ എന്നിവയുടെ ഫിറ്റിംഗ്സും പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ ഫിറ്റിംഗ്സുകൾ, കേബ്ലിംഗ് വർക്കുകൾ, പവർ സ്റ്റേഷൻ കെട്ടിടങ്ങൾ എന്നിവ പൂർത്തീകരിക്കാനുണ്ട്. മറ്റ് വർക്കുകൾ പൂർത്തീകരിച്ചു വരുന്നു. മെയിൽ വാർഡിന്റെ കെട്ടിടത്തിന്റെ 7 ബ്ലോക്കുകളിൽ മൂന്ന് എണ്ണത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത

കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും തയ്യാറാക്കി നൽകിയ പ്ലാനിൽ പൂർണ്ണതയില്ലാത്തതിനാൽ അതിൽ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

24. (നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനം സംബന്ധിച്ച്
ശ്രീ. കെ. ആൻസലൻ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന്
ബഹു. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ
വിശദാംശങ്ങൾ)

1976-ലാണ് നെയ്യാറ്റിൻകര സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. തുടർന്ന് 1997-ൽ താലൂക്ക് ആസ്ഥാന ആശുപത്രിയായും 2011 -ൽ ജില്ലാ ആശുപത്രിയായും ഉയർത്തപ്പെട്ടു. 2013 നവംബർ മാസത്തിലാണ് നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയത്. ആർദ്രം സ്റ്റാൻഡേർഡ് അനുസരിച്ച് ഈ ആശുപത്രി താലൂക്കുതല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

കോവിഡിനുമുമ്പ് ഈ ആശുപത്രിയിലെ ദിവസേനയുള്ള ശരാശരി ഒ.പി. 2500-ഉം ശരാശരി ഐ.പി. 320-ഉമായിരുന്നു. നിലവിലുള്ള ശരാശരി ഒ.പി. 1500-ഉം ഐ.പി. 200-ഉമാണ്.ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 436-ഉം കോവിഡ് ബെഡ്ഡുകളുടെ എണ്ണം 40-ഉമാണ് (ഇതിൽ 9 ഐ.സി.യു. ബെഡ്ഡുകളുൾപ്പെടെ 20 ഓക്സിജൻ ബെഡ്ഡുകൾ). ഈ ആശുപത്രിയിൽ കോവിഡ് ചികിത്സയ്ക്കായി മൂന്ന് വെന്റിലേറ്റർ ഐ.സി.യു. ബെഡ്ഡുകളുണ്ട്. സൂപ്രണ്ട്-1, ആർ.എം.ഒ.-1, കാഷ്വാലിറ്റി എം.ഒ.-6, അസിസ്റ്റന്റ് സർജൻ-4, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, അനസ്തേഷ്യ, പീഡിയാട്രിക്സ്, ഓഫ്താൽമോളജി, ഇ.എൻ.ടി., ഓർത്തോ, ഡെർമറ്റോളജി, ദന്തൽ, ബ്ലഡ് ബാങ്ക് എന്നീ വിഭാഗങ്ങളിലായി 22 സ്പെഷ്യാലിറ്റി ഡോക്ടർമാർ, നഴ്സുമാർ-92, ലാബ് ടെക്നീഷ്യൻ-6, ഫാർമസിസ്റ്റ്-5, നഴ്സിംഗ് അസിസ്റ്റന്റ്-47, ഹോസ്പിറ്റൽ അറ്റൻഡന്റ്-52 എന്നിവരുൾപ്പെടെ മൊത്തം 284 ജീവനക്കാരുടെ അംഗീകൃത തസ്തികകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ആറ് തസ്തികകളും ബ്ലഡ് ബാങ്കിനായി ഒരു ജൂനിയർ കൺസൾട്ടന്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട് (മൊത്തം ഏഴ് തസ്തികകൾ).

ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) - 1

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 2

ഇ.സി.ജി. ടെക്നീഷ്യൻ - 1

ഡയാലിസിസ് ടെക്നീഷ്യൻ - 2

ഇവിടെ N.H.M. (National Health Mission*)* മുഖാന്തരം നിയമിക്കപ്പെട്ട 14 ഡോക്ടർമാരുൾപ്പെടെ 112 പേരും (കോവിഡ് ബ്രിഗേഡ് ഉൾപ്പെടെ) H.M.C. (Hospital Management Committee) മുഖാന്തരം നിയമിക്കപ്പെട്ട 86 പേരും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) മുഖാന്തരം 25 പേരുമുൾപ്പെടെ 223 താൽക്കാലിക ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഒഫ്ത്താൽമോളജി, ഇ.എൻ.ടി., അനസ്തേഷ്യ, ഡെർമറ്റോളജി, ദന്തൽ എന്നീ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാണ്. ഒഫ്ത്താൽമോളജി വിഭാഗത്തിൽ കണ്ണിന്റെ വിവിധ രോഗങ്ങൾക്കുള്ള ലേസർ ചികിത്സാ സൗകര്യം, 24 മണിക്കൂർ പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ഇ.സി.ജി., ഫാർമസി, ലാബ്, ലേബർ റൂം, ആംബുലൻസ് എന്നീ സൗകര്യങ്ങളുണ്ട്. സൈക്യാട്രി ക്ലിനിക്, ജീവിതശൈലീ രോഗ ക്ലിനിക്, മന്തുരോഗ നിവാരണ ക്ലിനിക്, ക്ഷയരോഗ നിർണ്ണയ ക്ലിനിക്, കുഷ്ഠരോഗ നിർണ്ണയ ക്ലിനിക്, പോസ്റ്റ്മാർട്ടം, ഫ്രീസർ സൗകര്യം എന്നിവയും മെഡിക്കൽ ബോർഡ്, ജ്യോതിസ്, പുലരി തുടങ്ങിയ കൗൺസിലിംഗ് സെന്ററുകളും ഭ്രമിക ക്ലിനിക്കും പ്രവർത്തിക്കുന്നു. രാജീവ് ഗാന്ധി ബയോടെക്നോളജി ലാബിന്റെ സേവനവും ലഭ്യമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് വിവിധ വികസന പ്രവർത്തനങ്ങൾ ഈ ആശുപത്രിയിൽ നടത്തിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ചില പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- ലഹരി വിമുക്ത ചികിത്സാ കേന്ദ്രം - വിമുക്തി എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ നന്നായി പ്രവർത്തിച്ചുവരുന്നു.
- അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചു.
- ട്രോമാകെയർ യൂണിറ്റിന്റെ നിർമ്മാണം (കെ.എം.സി.എൽ.)
- മേജർ ഓപ്പറേഷൻ തീയേറ്റർ നിർമ്മാണം (ജില്ലാ പഞ്ചായത്ത് ഫണ്ട്)
- മെഡിക്കൽ, സർജിക്കൽ, ഓർത്തോ വാർഡുകൾ നവീകരിച്ചു.
- എം.എൽ.എ. ഫണ്ടിൽ നിന്നും 2.40 കോടി രൂപ ഉപയോഗപ്പെടുത്തി ഡയാലിസിസ് കേന്ദ്രത്തിൽ 20 ഡയാലിസിസ് ബെഡ്ഡുകൾ അധികമായി സ്ഥാപിച്ചു.

- എം.എൽ.എ. ഫണ്ടിൽ നിന്നും 1.5 കോടി രൂപ ഉപയോഗിച്ചുള്ള പേ-വാർഡ് നിർമ്മാണം.
- എൻ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ള ജെറിയാട്രിക് വാർഡിന്റെ പ്രവൃത്തികൾ (15 ലക്ഷം രൂപ)
- 35 ലക്ഷം രൂപ വിനിയോഗിച്ച് 250 കെ.വി. ഹൈടെൻഷൻ വൈദ്യുതി സബ്സ്റ്റേഷൻ സ്ഥാപിച്ചു.

25 മെഷീനുകളുള്ള ഡയാലിസിസ് യൂണിറ്റ് വഴി ദിവസവും 35-ഓളം രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു. കോവിഡ് രോഗികൾക്ക് രണ്ട് ഡയാലിസിസ് യൂണിറ്റുകൾ പ്രത്യേകം സജ്ജമാക്കി ഡയാലിസിസ് നൽകി വരുന്നുണ്ട്.

താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- എൻ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ള ലേബർ തീയേറ്റർ നിർമ്മാണം.
- ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ചുള്ള സോളാർ സിസ്റ്റം സ്ഥാപിക്കൽ.
- കെ.എം.സി.എൽ. ഫണ്ടുപയോഗിച്ചുള്ള ഓക്സിജൻ പ്ലാന്റ് നിർമ്മാണം.
- അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ സ്ഥാപിക്കൽ
- പവർ ലോൺട്രിക്കായി പുതിയ കെട്ടിടം നിർമ്മാണം (എൻ.എച്ച്.എം.-ആർ.ഒ.പി. 2021-22 - 62.5 ലക്ഷം രൂപ)
- എം.എൽ.എ. ഫണ്ടുപയോഗിച്ച് ഐ.സി.യു. ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ (8.8 ലക്ഷം രൂപ)

നിലവിൽ 5.5 ഏക്കർ സ്ഥലമുണ്ടെങ്കിൽ പല യൂണിറ്റുകളും പല സ്ഥലങ്ങളിൽ പ്രത്യേക കെട്ടിടങ്ങളിലായി വിന്യസിച്ചിരിക്കുന്നതിനാൽ സ്ഥലപരിമിതി അനുഭവപ്പെടുന്നുണ്ട്. എന്നാൽ സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളൊന്നും ആരംഭിച്ചിട്ടില്ല. ആയിരക്കണക്കിന് രോഗികൾക്ക് പ്രതിദിനം ചികിത്സ നൽകുന്ന ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രിയെന്ന നിലയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അധിക സേവനം ലഭ്യമാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്ത് പരിശോധിക്കുന്നതാണ്.